# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 29, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 29, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1751/2016.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 34

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 34
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 69

**II അറിയിപ്പ്** .. 282

ഒരേ വിഷയത്തിന്മേലുള്ള അടിയന്തരപ്രമേയാവതരണം

—മി. സ്പീക്കർ

**III അടിയന്തരപ്രമേയം** .. 283

സ്വാശ്രയ വിദ്യാഭ്യാസ കൊള്ള

(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധ ക്ഷണിക്കൽ** .. 300

വരൾച്ചയെ നേരിടുന്നതിനുള്ള മുന്നൊരുക്കം

—ശ്രീ. ജോർജ് എം. തോമസ്

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** .. 303

**VI റിപ്പോർട്ട് സമർപ്പണം** .. 304

1. സബ്ജക്ട് കമ്മിറ്റി V-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

2. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് .. 305

പേജ്

**VII ധനകാര്യം** .. 304

2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

**VIII അറിയിപ്പ്**

ധനകാര്യം (തുടർച്ച )

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 സെപ്റ്റംബർ 29, വ്യാഴം*


വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4


നിയമസഭ 2016 സെപ്റ്റംബർ മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യം നമ്പർ *91......... (ബഹളം) ........ പ്ലീസ്..... .പ്ലീസ്....... സീറ്റിൽ ഇരിക്കൂ........

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തെ തുടർന്ന് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഉപവിഷ്ടരായി)

91-ാം ചോദ്യത്തിനോടൊപ്പം 95-ാം നമ്പർ ചോദ്യവും ക്ലബ് ചെയ്യണമെന്ന ഒരു റിക്വസ്റ്റ് കിട്ടിയിട്ടുണ്ട്. അത് അംഗീകരിക്കുകയാണ്. അതിനുകൂടി മറുപടി പറയണം.

### മലയോര ഹൈവേ നിർമ്മാണം

1 (*91) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. എം. മണി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മിക്കുന്നതിനോടുള്ള നിലപാട് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മുൻസർക്കാർ ഈ പദ്ധതിക്കായി നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

(ഡി) പദ്ധതിക്കായി ഏതു മാർഗ്ഗത്തിലൂടെ ധനസമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ഇ) സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് ഈ ധനസമാഹരണ മാർഗ്ഗം ഏതു വിധത്തിൽ ഗുണം ചെയ്യുമെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) കേരളത്തിലെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹൈവേ നടപ്പാക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് ഉയർത്തുവാനാണ് മലയോര ഹൈവേ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി G.O. (Ms) No. 44/09/PWD. Dated 6-7-2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി യാത്ര കൂടുതൽ സുഗമമാക്കുന്നതിന് അനിവാര്യമായ മലയോര ഹൈവേ നിർമ്മിക്കുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിയുടെ രൂപരേഖ NATPAC ആണ് തയ്യാറാക്കിയിട്ടുള്ളത്. ഇതുപ്രകാരം പ്രസ്തുത പദ്ധതിയുടെ ഓരോ ജില്ലയിലേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കാസർഗോഡ് : നന്ദാരപ്പടവ്-പൂത്തിഗെ-പെർള-ബദിയഡുക്ക-മുള്ളേരിയ-അത്തിനടി-പാണ്ടി-പടിപ്പ്-ബന്ദഡുക്ക-ഇരഞ്ഞിലംകോട്-കോളിച്ചാൽ-പതിനെട്ടാം മൈൽ-വള്ളിക്കടവ് - ചിറ്റാരിക്കൽ-ചെറുപുഴ -110 കി.മീ.

കണ്ണൂർ : ചെറുപുഴ-മഞ്ഞക്കാട്-ആലക്കോട്-കരുവഞ്ചാൽ-താവുക്കുന്ന്-നടുവിൽ-ചെമ്പേരി പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട്-ആനപ്പന്തി-കരിക്കോട്ടക്കരി-ഏടൂർ-ആറളം-കാപ്പുകടവ്-പെരുമ്പുന്ന-മുടപുരച്ചാൽ-മണത്തണ-കൊട്ടിയൂർ-അമ്പായത്തോട്-ബോയ്സ്ടൗൺ.-109 കി.മീ.

വയനാട് : ബോയ്സ്ടൗൺ - മാനന്തവാടി - നാലാംമൈൽ - അഞ്ചുകുന്ന് - പനമരം-കൈനാട്ടി-കൽപ്പറ്റ-കാപ്പംകൊല്ലി-മേപ്പാടി-ചൂരൽമല-അരുണപ്പുഴ.-96 കി.മീ.

വയനാട് ജില്ലയിൽ ഈ ഹൈവേ അലൈൻമെന്റിൽ വരുന്ന ചൂരൽമല മുതൽ അരുണപ്പുഴ വരെയുള്ള ഭാഗം 2 കി.മീ. ദൂരം ഫോറസ്റ്റ് ഏരിയ വരുന്നുണ്ട്.

കോഴിക്കോട് (Loop road) : വിലങ്ങാട്-കല്ലാച്ചി-കടിയങ്ങാട്-തലയാട് -കോടഞ്ചേരി-തിരുവമ്പാടി കൂടരഞ്ഞി-കൂമ്പാറ-കക്കാടംപൊയിൽ-വെളിയാന്തോട് (Loop link)-110 കി.മീ.

മലപ്പുറം : അരുണപ്പുഴ-തമ്പുരാട്ടിക്കല്ല്-പാലുണ്ട-എടക്കര-കരുളായി-മൂത്തേടം-പൂക്കോട്ടു പാടം-കാളികാവ്-കേരളം-കിഴക്കേത്തല-(കരുവാരക്കുണ്ട്)-തരിശ്ശു-പുലവെറ്റ-കരിങ്കൽതോണി-പൊൻപാറ-വെളിയാന്തോട്-പൂക്കോട്ടുംപാടം (Loop link)-101 കി.മീ.

പാലക്കാട് : പൊൻപാറ-എടത്തിനാട്ടുകര-കാപ്പുപറമ്പ്-തിരുവിഴാംകുന്ന്-കോട്ടോപ്പാടം-കുമരംപുത്തൂർ-മണ്ണാർകാട്-പാലക്കാട്-പുതുനഗരം-കൊല്ലങ്കോട്-നെന്മാറ-വടക്കാഞ്ചേരി-പന്തലം പാടം-130 കി.മീ.

തൃശ്ശൂർ : പന്തലംപാടം-പട്ടിക്കാട്-വിലങ്ങന്നൂർ-മന്ദാരമംഗലം-പുലിക്കണ്ണി-പാലിപ്പിള്ളി-വെള്ളിക്കുളങ്ങര-വെറ്റിലപ്പാല-60 കി.മീ.

എറണാകുളം : വെറ്റിലപ്പാല-അടിവാരം-കടപ്പാറ-ഇല്ലിത്തോട്-ചെട്ടിനട-പയ്യാൽ-ചേലാട്-ഊഞ്ഞാപ്പാറ-നാടുകാണി-നേര്യമംഗലം-ആറാംമൈൽ-എളപ്ലാശ്ശേരി-104 കി.മീ.

ഇടുക്കി : എളപ്ലാശ്ശേരി-കുറത്തിക്കുടി-പെരുമ്പൻകുത്ത്-മാങ്കുളം-കല്ലാർ- ഇരുട്ടു കാനം-ആനച്ചാൽ-രാജാക്കാട്-തിങ്കൾകാട്-മയിലാടുംപാറ-നെടുങ്കണ്ടം-പുളിയൻമല-കട്ടപ്പന-ഏലപ്പാറ-കുട്ടിക്കാനം-മുണ്ടക്കയം166 കി.മീ.

കോട്ടയം : മുണ്ടക്കയം-എരുമേലി-പ്ലാച്ചേരി.-24 കി.മീ.

പത്തനംതിട്ട : പ്ലാച്ചേരി-റാന്നി-കുമ്പഴ-കോന്നി-പത്തനാപുരം.-46 കി.മീ.

കൊല്ലം : പ്ലാച്ചേരി-പത്തനാപുരം-അലിമുക്ക് -പുനലൂർ ടൗൺ-ആലഞ്ചേരി -കുളത്തൂപ്പുഴ-മടത്തറ-കൊല്ലായിൽ.-64 കി.മീ.

തിരുവനന്തപുരം : കൊല്ലായിൽ-പാലോട്-പെരിങ്ങമ്മല-വിതുര-ആര്യനാട്-കുറ്റിച്ചൽ-കള്ളിക്കാട്-വാഴിച്ചാൽ-അമ്പൂരി-കുടപ്പനമൂട്-ആനപ്പാറ-വെള്ളറട-കാരക്കോണം-പാറശ്ശാല (കടുക്കറ). - 75 കി.മീ.

ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മീ. റോഡിന്റെ രൂപരേഖ തയ്യാറാക്കുകയും ഇത് District Flagship Infrastructure Project-ൽ ഉൾപ്പെടുത്തി 135.70 കോടി രൂപയുടെ പ്രവൃത്തിക്കായി G.O.(Rt.) No. 7/2016/PWD. dated, 20-2-2016 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത് കൂടാതെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി വരുന്ന

കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള 59.415 കി.മീ. റോഡ് വികസിപ്പിക്കുന്നതിന് 237.20 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇപ്പോൾ പുരോഗതിയിലാണ്.

ഈ പദ്ധതിയുടെ അലൈൻമെന്റ് പ്രകാരം നിലവിലുള്ള റോഡുകൾ പരമാവധി സ്ഥലം ഏറ്റെടുത്തുകൊണ്ട് പുനരുദ്ധാരണം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കണ്ണൂർ ജില്ല : വള്ളിത്തോട് മുതൽ കരിക്കോട്ടക്കരി വരെ (കി. മീ. 64/780 മുതൽ 71/690 വരെ)-995 ലക്ഷം രൂപ

മനത്തനാട്ടുവയൽ മുതൽ അമ്പായത്തോട് വരെ (കി.മീ. 90/315 മുതൽ 108/550 വരെ)-815 ലക്ഷം രൂപ

കരിക്കോട്ടക്കരി മുതൽ മണത്തോട്ടുവയൽ വരെ (കി.മീ. 71/690 മുതൽ 90/315 വരെ)-2250 ലക്ഷം രൂപ

വയനാട് ജില്ല : മാനന്തവാടി മുതൽ കൽപ്പറ്റ വരെ (കി.മീ. 24/000 മുതൽ 30/800 വരെയും കി.മീ. 0/000 മുതൽ 3/700 വരെയും)-1400 ലക്ഷം രൂപ

നാലാംമൈൽ-വെള്ളമുണ്ട-നിരവിൽപുഴ-കുറ്റ്യാടി റോഡ് (കി.മീ. 6/470 മുതൽ 10/270 വരെ)-300 ലക്ഷം രൂപ

എറണാകുളം ജില്ല : ചേരങ്ങൽ മുതൽ നേര്യമംഗലം വരെ : 32 കി.മീ.-1685 ലക്ഷം രൂപ.

ആറാംമൈൽ മുതൽ എളപ്ലാശ്ശേരി വരെ: 8 കി.മീ.-106 ലക്ഷം രൂപ. (പ്രവൃത്തി പൂർത്തിയാക്കേണ്ടതുണ്ട്)

എളപ്ലാശ്ശേരി മുതൽ ഔർക്കുട്ടി വരെ (കി.മീ. 0/000 മുതൽ 9/880 വരെ)-373 ലക്ഷം രൂപ (പ്രവൃത്തി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.)

എന്നാൽ കാസർഗോഡ്, കണ്ണൂർ ജില്ലകളൊഴികെ Hill Highway-യുടെ alignment വരുന്ന മറ്റ് ജില്ലകളിലെ റോഡുകളുടെ മേജർ പദ്ധതികൾക്ക് DPR തയ്യാറാക്കേണ്ടതുണ്ട്.

നാറ്റ്പാക്കിന്റെ പഴയ എസ്റ്റിമേറ്റ് പ്രകാരം ഏകദേശം 5000 കോടി രൂപയാണ്. നാറ്റ്പാക് ഡയറക്ടറുമായി ഞാൻ ചർച്ച ചെയ്തിരുന്നു. ഇപ്പോൾ ഏകദേശം 7500 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കുന്നത്.

(സി) മുൻ സർക്കാർ ഈ പദ്ധതിക്കായി നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2012-2013 | ഇല്ല | ഇല്ല |
| 2013-2014 | 82.37 | 622.39 |
| 2014-2015 | 82.37 | 898.46 |
| 2015-2016 | 906.10 | 1091.57 |

(ഡി & ഇ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക മുറിയിൽ 29-8-2016-ന് 11.00 മണിക്ക് ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും പങ്കെടുത്ത യോഗത്തിലാണ് മലയോര-തീരദേശ ഹൈവേ തീരുമാനമായത്. 10000 കോടി രൂപ അനുവദിക്കാമെന്നും അത് KIIFB-ൽ പ്പെടുത്തി ചെയ്യാമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി യോഗത്തിൽ അറിയിച്ചു. അന്നുതന്നെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അത് പ്രഖ്യാപിച്ചു. തുടർന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ കത്തിൻപ്രകാരം 2017-2018 സാമ്പത്തിക വർഷം തന്നെ പണം അനുവദിച്ച് നിർമ്മാണം ആരംഭിക്കാമെന്നും മറ്റ് പൂർവ്വ പണികളൊക്കെ ചെയ്യണമെന്നും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ രൂപരേഖ തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നാഷണൽ ഹൈവേയുടെയും റോഡ്സ് ആന്റ് ബ്രിഡ്ജസിന്റെയും ചീഫ് എഞ്ചിനീയർമാരും നാറ്റ്പാക്കിന്റെ പ്രതിനിധികളും പി.ഡബ്ല്യു.ഡി. സൂപ്രണ്ടിംഗ് എഞ്ചിനീയറുമടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി ഇത് നടപ്പിലാക്കുന്നതിനുള്ള റിപ്പോർട്ട് 3 മാസത്തിനുള്ളിൽ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തീരദേശ ഹൈവേയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് നൽകാൻ നാറ്റ്പാക്കിന് കത്ത് നൽകിയിട്ടുണ്ട്. മലയോര ഹൈവേയുടെ റിപ്പോർട്ട് നേരത്തെ നാറ്റ്പാക് തന്നെ നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രത്തിൽ നിന്നുള്ള പ്രത്യേക സഹായവും പ്രതീക്ഷിക്കുന്നു.

ബഡ്ജറ്റിൽ വൻകിട പദ്ധതികൾക്ക് പണമില്ലാത്ത സാഹചര്യത്തിൽ KIIFB പ്രയോജനകരമാണ് എന്നാണ് മന്ത്രിസഭായോഗം തീരുമാനിച്ചത്.

വളരെ സുപ്രധാനമായ പദ്ധതിയായിട്ടാണ് ഗവൺമെന്റ് ഇതിനെ കണക്കിലെടുത്തിട്ടുള്ളത്.

## മലയോര-തീരദേശ ഹൈവേ പദ്ധതികൾ

2 (*95) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ; ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഹൈവേകൾ നിർമ്മിക്കുന്നത്; വിശദമാക്കുമോ;

(സി) മലയോര ഹൈവേയ്ക്കുവേണ്ടി നാറ്റ്പാക് നടത്തിയ വിശദമായ പഠന റിപ്പോർട്ട് പ്രകാരം പ്രസ്തുത ഹൈവേ ആകെ എത്ര കിലോമീറ്ററാണെന്നും ഇതിന്റെ മതിപ്പ് ചെലവ് എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) തീരദേശ ഹൈവേ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) കേരളത്തിലെ മലയോര പ്രദേശങ്ങൾ സിറ്റികളുമായി യോജിപ്പിക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് ഹൈവേ ആയി ഉയർത്തുവാനാണ് മലയോര ഹൈവേ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി G.O.(Ms) No.44/09/PWD, dated 6-7-2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള നാറ്റ്പാക് നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത പദ്ധതിയുടെ ഓരോ ജില്ലയിലൂടെയും കടന്നുപോകുന്ന പ്രദേശങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കാസർഗോഡ് : നന്ദാരപ്പടവ്-പുത്തിഗെ-പെർള-ബദിയഡുക്ക-മുള്ളേരിയ-അത്തിനടി-പാണ്ടി-പടിപ്പ്-ബന്ദഡുക്ക-ഇരഞ്ഞിലംകോട്-കോളിച്ചാൽ-പതിനെട്ടാം മൈൽ-വള്ളിക്കടവ്-ചിറ്റാരിക്കൽ-ചെറുപുഴ-110 കി.മീ.

കണ്ണൂർ : ചെറുപുഴ-മഞ്ഞക്കാട്-ആലക്കോട്-കരുവഞ്ചാൽ-താവുക്കുന്ന്-നടുവിൽ-ചെമ്പേരി പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട്-ആനപ്പന്തി-കരിക്കോട്ടക്കരി-ഏട്ടൂർ-ആറളം-കാപ്പുകടവ്-പെരുമ്പുന്ന-മുടപുരച്ചാൽ-മണത്തണ-കൊട്ടിയൂർ-അമ്പായത്തോട്-ബോയ്സ്ടൗൺ.-109 കി. മീ.

വയനാട് : ബോയ്സ്ടൗൺ-മാനന്തവാടി-നാലാംമൈൽ-അഞ്ചുകുന്ന്-പനമരം-കൈനാട്ടി-കൽപ്പറ്റ-കാപ്പംകൊല്ലി-മേപ്പാടി-ചൂരൽമല-അരുണപ്പുഴ.-96 കി.മീ.

വയനാട് ജില്ലയിൽ ഈ ഹൈവേ അലൈൻമെന്റിൽ വരുന്ന ചൂരൽമല മുതൽ അരുണപ്പുഴ വരെയുള്ള ഭാഗം 2 കി.മീ. ദൂരം ഫോറസ്റ്റ് ഏരിയ വരുന്നുണ്ട്.

കോഴിക്കോട് (Loop road) : വിലങ്ങാട്-കല്ലാച്ചി-കടിയങ്ങാട് -തലയാട് -കോടഞ്ചേരി-തിരുവമ്പാടി-കൂടരഞ്ഞി-കുമ്പാറ-കക്കാടംപൊയിൽ-വെളിയന്തോട് (Loop link) -110 കി.മീ.

മലപ്പുറം : അരുണപ്പുഴ-തമ്പുരാട്ടിക്കല്ല്-പാലുണ്ട-എടക്കര-കരുളായി-മൂത്തേടം-പൂക്കോട്ടുപാടം-കാളികാവ്-കേരളം-കിഴക്കേത്തല (കരുവാരക്കുണ്ട്)-തരിശ്ശു-പുൽവെറ്റ-കരിങ്കൽതോണി-പൊൻപാറ-വെളിയന്തോട്-പൂക്കോട്ടുംപാടം-(Loop link)-101 കി.മീ.

പാലക്കാട് : പൊൻപാറ-എടത്തിനാട്ടുകര-കാപ്പുപറമ്പ്-തിരുവിഴാംകുന്ന്-കോട്ടോപ്പാടം-കുമരംപുത്തൂർ-മണ്ണാർക്കാട്-പാലക്കാട്-പുതുനഗരം-കൊല്ലങ്കോട്-നെന്മാറ-വടക്കാഞ്ചേരി-പന്തലംപാടം-130 കി.മീ.

തൃശ്ശൂർ : പന്തലംപാടം-പട്ടിക്കാട്-വിലങ്ങന്നൂർ-മന്ദാരമംഗലം-പുലിക്കണ്ണി-പാലിപ്പിള്ളി-വെള്ളിക്കുളങ്ങര-വെറ്റിലപ്പാല.-60 കി.മീ.

എറണാകുളം : വെറ്റിലപ്പാല-അടിവാരം-കടപ്പാറ-ഇല്ലിത്തോട്-ചെട്ടിനട-പയ്യാൽ-ചേലാട്-ഊഞ്ഞാപ്പാറ-നാട്ടുകാണി-നേര്യമംഗലം-ആറാംമൈൽ- എളപ്ലാശ്ശേരി.-104 കി.മീ.

ഇടുക്കി : എളപ്ലാശ്ശേരി-കുറത്തിക്കുടി-പെരുമ്പൻകുത്ത്-മാങ്കുളം-കല്ലാർ-ഇരുട്ടുകാനം-ആനച്ചാൽ-രാജാക്കാട്-തിങ്കൾകാട്-മയിലാടുംപാറ-നെടുങ്കണ്ടം-പുളിയൻമല-കട്ടപ്പന-ഏലപ്പാറ-കുട്ടിക്കാനം-മുണ്ടക്കയം.-166 കി.മീ.

കോട്ടയം : മുണ്ടക്കയം-എരുമേലി-പ്ലാച്ചേരി.-24 കി.മീ.

പത്തനംതിട്ട : പ്ലാച്ചേരി-റാന്നി-കുമ്പഴ-കോന്നി-പത്തനാപുരം.-46 കി.മീ.

കൊല്ലം : പ്ലാച്ചേരി-പത്തനാപുരം-അലിമുക്ക്-പുനലൂർ ടൗൺ-ആലഞ്ചേരി-കുളത്തുപ്പുഴ-മടത്തറ-കൊല്ലായിൽ.-64 കി.മീ.

തിരുവനന്തപുരം : കൊല്ലായിൽ-പാലോട്-പെരിങ്ങമ്മല-വിതുര-ആര്യനാട്-കുറ്റിച്ചൽ-കള്ളിക്കാട്-വാഴിച്ചാൽ-അമ്പൂരി-കുടപ്പനമൂട്-ആനപ്പാറ-വെള്ളറട-കാരക്കോണം-പാറശ്ശാല (കടുക്കറ).-75 കി.മീ.

ഈ പദ്ധതി രണ്ടുഘട്ടങ്ങളിലായി ഏറ്റെടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഒന്നാം ഘട്ടം: കാസർഗോഡ്-നന്ദാരപ്പടവ് മുതൽ പാലക്കാട് ടൗൺ വരെയും രണ്ടാം ഘട്ടം: പാലക്കാട് ടൗൺ മുതൽ തിരുവനന്തപുരം കടുക്കറ വരെയും മലയോര ഹൈവേ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തീരദേശ ഹൈവേയുടെ ഭാഗമായി എറണാകുളം ജില്ലയിലെ വൈപ്പിൻ തുടങ്ങി കോഴിക്കോട് ജില്ലയിലെ വെങ്ങളം വരെ അവസാനിക്കുന്ന രീതിയിൽ ഏകദേശം 209 കി.മീ. വരെ ഹൈവേ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ ഭാരതമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) മലയോര ഹൈവേ പദ്ധതിക്കായി 2015-2016 ബഡ്ജറ്റിൽ 906.10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) മലയോര ഹൈവേയ്ക്കുവേണ്ടി നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം പ്രസ്തുത ഹൈവേയ്ക്ക് ആകെ 1195 കി.മീ ദൈർഘ്യം വരുന്നുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴവരെയുള്ള 33 കി.മീ. റോഡിന്റെ രൂപരേഖ തയ്യാറാക്കുകയും ഇത് District Flagship Infrastructure Project-ൽ ഉൾപ്പെടുത്തി 135.70 കോടി രൂപയുടെ പ്രവൃത്തിക്കായി G.O.(Rt.) No. 7/2016/PWD. Dated, 20-2-2016 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വഞ്ചിത്തോട് വരെയുള്ള 59.415 കി.മീ. റോഡ് വികസിപ്പിക്കുന്നതിന് 237.20 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി പുരോഗതിയിലാണ്. ഇതുകൂടാതെ ഹിൽ ഹൈവേയുടെ അലൈൻമെന്റ് പ്രധാനമായും നിലവിലുള്ള റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് പരമാവധി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇതിൻപ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്:

കണ്ണൂർ ജില്ല : വള്ളിത്തോട് മുതൽ കരിക്കോട്ടക്കരി വരെ (കി. മീ. 64/780 മുതൽ 71/690 വരെ) -995 ലക്ഷം രൂപ

മനത്തനാട്ടുവയൽ മുതൽ അമ്പായത്തോട് വരെ (കി. മീ. 90/315 മുതൽ 108/550 വരെ) - 815 ലക്ഷം രൂപ

കരിക്കോട്ടക്കരി മുതൽ മണത്തോട്ടുവയൽ വരെ (കി. മീ. 71/690 മുതൽ 90/315 വരെ)-2250 ലക്ഷം രൂപ

വയനാട് ജില്ല : മാനന്തവാടി മുതൽ കൽപ്പറ്റ വരെ (കി. മീ. 24/000 മുതൽ 30/800 വരെയും കി.മീ. 0/000 മുതൽ 3/700 വരെയും) - 1400 ലക്ഷം രൂപ

നാലാംമൈൽ-വെള്ളമുണ്ട നിരവിൽപുഴ-കുറ്റ്യാടി റോഡ് (കി. മീ. 6/470 മുതൽ 10/270 വരെ)-300 ലക്ഷം രൂപ

എറണാകുളം ജില്ല : ചേരങ്ങൽ മുതൽ നേര്യമംഗലം വരെ : 32 കി.മീ.- 1685 ലക്ഷം രൂപ.

ആറാംമൈൽ മുതൽ എളപ്ലാശ്ശേരി വരെ: 8 കി.മീ.-106 ലക്ഷം രൂപ.

എളപ്ലാശ്ശേരി മുതൽ ഔർക്കട്ടി വരെ (കി.മീ. 0/000 മുതൽ 9/880 വരെ)- 373 ലക്ഷം രൂപ

എന്നാൽ കാസർഗോഡ്, കണ്ണൂർ ജില്ലയൊഴികെ Hill Highway alignment വരുന്ന മറ്റ് ജില്ലകളിലെ റോഡുകളിലെ മേജർ പദ്ധതികളുടെ DPR തയ്യാറാക്കേണ്ടതുണ്ട്.

(ഡി) തീരദേശ ഹൈവേയെപ്പറ്റി വിശദമായ പഠനം നടത്തിയിട്ടില്ല. എന്നാൽ നാറ്റ്പാക്കിനോടുതന്നെ പഠനം നടത്താൻ രേഖാമൂലം ഉത്തരവ് നൽകിയിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു : സർ, സംസ്ഥാനത്തിന്റെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിൽ വളരെ നിർണ്ണായകമായ പങ്കുവഹിക്കാൻ ഇടയുള്ള ഒരു പ്രോജക്റ്റ് തന്നെയാണ് മലയോര ഹൈവേ. ഇതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2012 മുതൽ 2016 വരെ ചെലവഴിക്കപ്പെട്ട തുക അങ്ങയുടെ മറുപടിയിലൂടെ ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം നടപ്പു സാമ്പത്തിക വർഷത്തിൽ 234.6 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി ആരംഭിച്ചതായും അങ്ങയുടെ മറുപടിയിൽനിന്ന് വ്യക്തമാണ്. ഇതിനുതക്കവണ്ണം ഒരു തുക വകയിരുത്തൽ ആ ഗവൺമെന്റിന്റെ ബഡ്ജറ്റ് അവതരിപ്പിച്ച ഘട്ടത്തിലോ മറ്റേതെങ്കിലും സന്ദർഭത്തിലോ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ; അങ്ങനെ ആവശ്യമായ തുക വകയിരുത്താതെ ഭരണാനുമതി കൊടുക്കാനും പ്രവൃത്തി ടെണ്ടർ ചെയ്യാനും ആ പ്രവൃത്തി ആരംഭിക്കാനുമിടയായ സാഹചര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധമായ എന്തെങ്കിലും ഒരു വിശദീകരണം നൽകാമോ;

ശ്രീ. ജി. സുധാകരൻ: സർ, 2009-ലെ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്താണ് ഈ പ്രോജക്റ്റ് പ്രഖ്യാപിക്കുകയും നാറ്റ്പാക്കിന്റെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ ഇറക്കുകയും ചെയ്തിട്ടുള്ളത്. അതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാസർഗോഡും കണ്ണൂരുമായി പണി ആരംഭിക്കുകയുണ്ടായി. ആ പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് മുതൽ കളിയിക്കാവിള വരെ ആകെ 1200 കിലോമീറ്ററോളം വരുന്ന മലയോര ഹൈവേ സമ്പൂർണ്ണമായി കണ്ടുകൊണ്ട് പണി ചെയ്യാനുള്ള ഒരു

തീരുമാനം എടുത്തിരുന്നെങ്കിലും പ്രവർത്തനത്തിലേയ്ക്ക് വന്നിരുന്നില്ല. ഇപ്പോൾ അതിലേയ്ക്ക് വരികയാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവായിക്കിട്ടുക യാണെങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. പല സ്ഥലത്തും റോഡുണ്ട്. അത് കണക്ട് ചെയ്യുന്നതിനുവേണ്ടി കുറെയേറെ പണം ചെലവഴിക്കേണ്ടി വരും. ഞാൻ നാറ്റ്പാക് ഡയറക്ടറുമായി സംസാരിച്ചപ്പോൾ നേരത്തെ 5000 കോടി രൂപ പ്രതീക്ഷിച്ചിരുന്ന ചെലവിന് ഇപ്പോഴത്തെ കണക്കനുസരിച്ച് 7500 കോടി രൂപയാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. പണം ഒരു പ്രശ്നമല്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായുള്ള യോഗത്തിൽ പറഞ്ഞു. അപ്പോൾ പണമല്ല പ്രശ്നം. അതുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. ഈ ഗവൺമെന്റിന്റെ ഏറ്റവും മുൻഗണനയുള്ള വികസന പദ്ധതിയായാണ് മലയോര-തീരദേശ ഹൈവേ പദ്ധതികളെ കണക്കാക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ച പ്രശ്നം ഗൗരവമുള്ളതാണ്. ബഡ്ജറ്റിൽ പണമില്ലാതെ, പണം വരാനുള്ള സോഴ്സുകളൊന്നും തുറന്നിടാതെ കഴിഞ്ഞ സർക്കാർ അയ്യായിരം/ആറായിരം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചത് ശരിയല്ല. എല്ലാം ചെയ്യേണ്ട റോഡുകളാണ്. അതിലൊന്നും അഭിപ്രായ വ്യത്യാസമില്ല. ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് പദ്ധതിക്ക് മറ്റ് സ്പെഷ്യൽ സാങ്ഷനെല്ലാം കൊടുത്തിട്ടുണ്ട്. ഒരു പദ്ധതിയും ഈ ഗവൺമെന്റ് തടഞ്ഞിട്ടില്ല. തടഞ്ഞുവെന്ന് പറഞ്ഞ് തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നതാണ്. തുക ഇല്ലാത്തതുകൊണ്ട് ഇതെങ്ങനെ പണിയുമെന്ന പ്രശ്നം വന്നു. വഴിവിട്ട കാര്യങ്ങളൊന്നും ചെയ്യാൻ സർക്കാരിന് താത്പര്യമില്ല. ബഡ്ജറ്റിൽ പണമില്ലാത്തതിനാൽ 3 -4 ആഴ്ച വച്ചിരുന്നു. അത് പണം കണ്ടെത്താൻ വേണ്ടിയായിരുന്നു. എം.എൽ.എ.മാർ വന്നു സംസാരിച്ചപ്പോൾ ഈ പദ്ധതി ക്യാൻസൽ ചെയ്തിട്ടില്ലെന്ന് അവരോട് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും കൂടി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി തുടങ്ങട്ടെയെന്നും ബിൽ വരുന്ന മുറയ്ക്ക് പണവും സ്പെഷ്യൽ ഫൈനാൻഷ്യൽ സാംഗ്ഷനും അനുവദിക്കാമെന്നും തീരുമാനിച്ചത്. അങ്ങനെ പ്രവൃത്തി നടന്നുവരികയാണ്. യാതൊരു പ്രശ്നവുമില്ല. പക്ഷെ ബഡ്ജറ്റിൽ പണം വകയിരുത്താതെ കഴിഞ്ഞ സർക്കാർ അയ്യായിരം/ആറായിരം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ച രീതി ശരിയല്ലെന്ന് കണ്ടിട്ടുണ്ട്. ഈ ഗവൺമെന്റ് ബഡ്ജറ്റിൽ പണമില്ലാതെ ഒന്നും ചെയ്തില്ല. ബഡ്ജറ്റിൽ പണമില്ലാതെ വെറുതെ ചെയ്യുന്നതിന് പകരം പുറത്തുനിന്നും പണം കടമെടുത്ത് KIIFB വഴി നിയമപരമായി ചെയ്യുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന് ആ നിലപാട് എടുക്കാമായിരുന്നു. ആരെയും കുറ്റപ്പെടുത്തുകയല്ല. ഇപ്പോൾ

ചെയ്യുന്നതിന് ആക്ഷേപം പറയാനൊക്കുകയില്ല. കാരണം നിയമസഭയിൽ ബിൽ അവതരിപ്പിച്ച് ആക്ട് ആക്കാൻ ശ്രമിച്ചുകൊണ്ട് ബഡ്ജറ്റിൽ പ്രസംഗം ചെയ്യുകയാണ്. ചെയ്യുന്നത് നല്ല കാര്യത്തിനാണെങ്കിലും ചെയ്യുന്ന രീതി വരെ വ്യത്യാസമാണെന്നത് വളരെ പ്രധാനപ്പെട്ടതാണെന്ന് ഞാൻ ഊന്നിപ്പറയുകയാണ്. അങ്ങ് ചോദിച്ചതിന് എനിക്ക് ഇതുമാത്രമേ മറുപടി പറയാനുള്ളൂ.

ശ്രീ. ജെയിംസ് മാത്യു: സർ, ഏകദേശം 7500 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുള്ള പദ്ധതിക്കുവേണ്ടി മുൻകൂട്ടി 10000 കോടി രൂപവരെ നീക്കിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന് അഭിനന്ദനം അറിയിക്കുകയാണ്. എന്നാൽ അങ്ങ് പറഞ്ഞതുപോലെ ഇത്രയും പ്രധാനപ്പെട്ട ഒരു പദ്ധതി ഈ ഗവൺമെന്റിന്റെ പ്രവർത്തന കാലയളവിൽത്തന്നെ പൂർത്തിയാക്കുന്നതിനുവേണ്ടി, 8-9 ജില്ലകളിലായി വരുന്ന പ്രവൃത്തികളിൽ ഓരോ ജില്ലയിലും വരുന്ന പ്രവൃത്തി ഒരേ സമയത്ത് ആരംഭിക്കത്തക്ക വിധത്തിലുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും കാലതാമസമില്ലാതെ പ്രവൃത്തി പൂർത്തിയാക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് നാല് മാസമേ ആയിട്ടുള്ളൂ. ബൃഹത്തായ രണ്ട് പദ്ധതികളാണിത്. ദീർഘകാലമായി നമുക്കുള്ള ഒരു സ്വപ്നമാണിത്. ശ്രീ. പി. ജെ. ജോസഫ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന സമയത്ത് വളരെ ആവേശപൂർവ്വം ഇതുസംബന്ധിച്ച് നിയമസഭയിൽ പറഞ്ഞപ്പോൾ ഞാൻ ഭരണകക്ഷി ബെഞ്ചിലുണ്ടായിരുന്നു. അന്ന് ഇവിടെ ഉണ്ടായിരുന്ന എല്ലാവരും കേട്ടിരുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് കുറച്ച് കാര്യങ്ങൾ ചെയ്തു. ഇപ്പോൾ ഈ സർക്കാർ സമ്പൂർണ്ണമായി ചെയ്യുകയാണ്. അത് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർത്തിയാക്കണമെന്ന ആഗ്രഹം ഞാൻ ഗവൺമെന്റിനുവേണ്ടി പറഞ്ഞ സ്ഥിതിക്ക് എല്ലാ തരത്തിലും നടപടി വേഗത്തിലാക്കാനുള്ള നീക്കമുണ്ടാകും. 29-8-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനുമായുള്ള യോഗത്തിനുശേഷം പദ്ധതി പ്രഖ്യാപിച്ച അന്നുതന്നെ പി. ഡബ്ല്യു. ഡി. അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയർ, നാറ്റ്പാക് പ്രതിനിധി, ഈ രണ്ട് പാതകളും കടന്നുപോകുന്ന സ്ഥലത്തെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. അവർ മൂന്ന് മാസത്തിനുള്ളിൽ ഇതിന്റെ വ്യക്തമായ റിപ്പോർട്ട് തരും. നാറ്റ്പാക്കും തീരദേശ ഹൈവേയെക്കുറിച്ച് പഠനം ആരംഭിച്ചിട്ടുണ്ട്. അവരും റിപ്പോർട്ട് തരും. മലയോര ഹൈവേയുടെ ഡി.പി.ആർ. കിട്ടിക്കഴിഞ്ഞു. അന്ന് 5000 കോടി രൂപ തീരുമാനിച്ചിരുന്ന ചെലവിന്

ഇപ്പോൾ 7500 കോടി രൂപ വരെയാകാം. കണക്ഷൻ റോഡ് കുറച്ച് അധികമുണ്ടെങ്കിൽ 5000 കോടി രൂപ മതിയാകാം. മലയോര-തീരദേശ ഹൈവേയ്ക്കുവേണ്ടി 10000 കോടി രൂപ ചെലവഴിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. 2017-2018-ൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കും. അതിനുമുമ്പ് എല്ലാ തരത്തിലുമുള്ള സാങ്കേതിക കാര്യങ്ങളും പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു. അവിടെയുള്ള എല്ലാ എം. എൽ. എ. മാരുടെയും നമ്മുടെ നാടിന്റെ മുഴുവൻ പിന്തുണയുമാണ് ഇതിന് ആവശ്യം. ഇത് എല്ലാവരും പ്രതീക്ഷിക്കുന്ന കാര്യമാണ്. എല്ലാ ഗവൺമെന്റുകളും ആഗ്രഹിക്കുന്നതാണ്. അത് പൂർത്തിയാക്കാനുള്ള ഒരു സാഹചര്യം നമ്മളെല്ലാവരുമുള്ള ഈ സഭയ്ക്ക് കിട്ടുകയാണെങ്കിൽ കേരളത്തിന്റെയും നമ്മുടെയും ഭാഗ്യമായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. മലയോര-തീരദേശ ഹൈവേകൾ സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിൽ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. എന്നാൽ ഈ ഹൈവേകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നേരത്തെ ചിലയിടങ്ങളിൽ വനം വകുപ്പിന്റെ തടസ്സമുണ്ടായിരുന്നു. പ്രസ്തുത തടസ്സങ്ങൾ നീങ്ങിയോ എന്ന് വിശദീകരിക്കാമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, വനം വകുപ്പിന്റെ ചില പ്രശ്നങ്ങൾ വയനാട്ടിലും ഇടുക്കിയിലും ഉണ്ടായിരുന്നു. അത് തീർന്നിട്ടില്ല. അവരുമായി ചർച്ച നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഒട്ടും കൺസർവേറ്റീവല്ല. വളരെ പ്രായോഗികമായി ഫോറസ്റ്റും വേണം നാടും വേണം എന്നതാണ് നമ്മുടെ നയം. ഇക്കാര്യത്തിൽ ഏറ്റവും ശരിയായ നിലപാട് എടുത്തുകൊണ്ട് അദ്ദേഹം ഗവൺമെന്റിനുവേണ്ട സഹായം നൽകുമെന്ന് ഉറപ്പുണ്ട്. പ്രശ്നങ്ങൾ തീർക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, മലയോര ഹൈവേ നടപ്പിലാക്കുമെന്ന പ്രഖ്യാപനം വന്നതോടുകൂടി മലയോരത്തുള്ള ജനങ്ങളെല്ലാം വലിയ ആവേശത്തിലാണ്. തീർച്ചയായും സന്തോഷകരമായ കാര്യമാണ്. കോഴിക്കോട് ജില്ലയിൽ ഹൈവേയ്ക്ക് 110 കിലോമീറ്റർ ദൈർഘ്യമുണ്ട്. എന്നാൽ റോഡുകൾ പലതും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വികസിപ്പിക്കപ്പെട്ടവയാണ്. NATPAC-ന്റെ അംഗീകരിച്ച അലൈൻമെന്റിൽ ചെറിയ ഭേദഗതി വരുത്തിയാൽ അത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാവുകയും പത്തിരുപത് കിലോമീറ്ററെങ്കിലും നീളം കുറയുകവഴി ചെലവു കുറയ്ക്കാനും സാധിക്കും. എം.എൽ.എ.-മാരുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അലൈൻമെന്റിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ജി. സുധാകരൻ: സർ, ഗവൺമെന്റിന് അലൈൻമെന്റിന്റെ കാര്യത്തിൽ പിടിവാശിയൊന്നുമില്ല. ഏറ്റവും നല്ല രീതിയിൽ, ജനങ്ങൾക്ക് പ്രയോജനകരവും നിർമ്മിക്കാൻ സുഗമവുമായ തരത്തിലുള്ള അലൈൻമെന്റ് ഉണ്ടെങ്കിൽ അതുസംബന്ധിച്ച് NATPAC-മായി സംസാരിക്കുന്നതിന് യാതൊരു പ്രശ്നവുമില്ല. കാരണം റോഡിന്റെ നിർമ്മാണഘട്ടം ആരംഭിക്കുന്നതേയുള്ളൂ. അങ്ങ് എല്ലാ വിശദാംശങ്ങളും തന്നിരുന്നു. കോഴിക്കോട് 110 കിലോമീറ്റർ ലൈൻ വരുന്നത് വിലങ്ങാട്-കല്ലാച്ചി-കടിയങ്ങാട്-തലയാട്-കോടഞ്ചേരി-തിരുവമ്പാടി കൂടരഞ്ഞി-കൂമ്പാറ-കക്കാടംപൊയിൽ-വെളിയന്തോട് എന്നിങ്ങനെയാണ്. ഇതിൽ ഏത് ലൈൻ വേണമെങ്കിലും ആലോചിച്ച് വ്യത്യാസം വരുത്തുന്നതിന് യാതൊരു പ്രശ്നവുമില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 1954-ൽ മലയോര ഹൈവേ എന്ന ആശയത്തിന് കേന്ദ്ര ധനകാര്യ കമ്മിഷന്റെ അനുമതി ലഭിച്ചെങ്കിലും ഇതുവരെ അത് യാഥാർത്ഥ്യമാക്കാൻ സാധിച്ചില്ല. ഈ ഗവൺമെന്റ് അതിന് മുൻകൈ എടുക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. പല കാരണങ്ങളാലും പണി നീളുന്നത് മലയോര മേഖലയിലെ സമഗ്ര വികസനത്തിനുള്ള സാധ്യത നഷ്ടമാകുന്നു എന്നുമാത്രമല്ല വിനോദസഞ്ചാരം വഴി ലഭിക്കേണ്ട കോടികളുടെ നഷ്ടം കൂടിയാണ് സംഭവിക്കുന്നത്. കേരളത്തിലെ മലയോര മേഖലകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാനും കാർഷിക വിപണി മെച്ചപ്പെടുത്താനുമായി മലയോരങ്ങളെ റോഡുമാർഗ്ഗം ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ഇത്. കാസർഗോഡ് മുതൽ ആരംഭിക്കുന്ന ഈ മലയോര ഹൈവേ തെക്കേ അറ്റമായ പാറശ്ശാലയിൽ തീരദേശ ഹൈവേയുമായി ബന്ധിപ്പിക്കാനാകും. തിരുവനന്തപുരം - കന്യാകുമാരി നാഷണൽ ഹൈവേയിൽ രണ്ട് ഹൈവേകളേയും കൂടി ബന്ധിപ്പിച്ചാൽ മൂന്ന് ഹൈവേ സംഗമിക്കുന്ന ഒരു കേന്ദ്രമായി പാറശ്ശാല മാറുകയും ചരക്കു ഗതാഗതത്തിനും കാർഷിക വിപണനത്തിനും വമ്പിച്ച നേട്ടമുണ്ടാകുകയും ചെയ്യും. അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; കേരളത്തിന്റെ വികസന ചക്രവാളത്തിൽ അനന്ത സാധ്യത കാണുന്ന മലയോര ഹൈവേ യാഥാർത്ഥ്യമാകുമോ; കേന്ദ്ര ഗവൺമെന്റിന്റെ എന്തെങ്കിലും സഹായം ഇതുവഴി പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, അതിമനോഹരമായ അങ്ങയുടെ ഈ അവതരണം എന്നെയും സഭയേയും ആവേശം കൊള്ളിച്ചിരിക്കുകയാണ്. തീർച്ചയായും അത് അംഗീകരിക്കുകയാണ്. ഇപ്പോൾത്തന്നെ മലയോര ഹൈവേ സാക്ഷാത്കരിക്കുന്നു എന്ന് സങ്കൽപ്പിക്കുക. അത് സാധ്യമാകുമല്ലോ. തീരദേശ ഹൈവേ വരുന്നു. നാലു വരിയായി നാഷണൽ ഹൈവേ ഡെവലപ് ചെയ്യുന്നു. തിരുവനന്തപുരം-കന്യാകുമാരി റോഡ് ഇപ്പോൾ തന്നെയുണ്ട്. അത് വീണ്ടും മെച്ചപ്പെടുത്താം. എന്തായിരിക്കും കേരളത്തിന്റെ സ്ഥിതി? ഇതെല്ലാം ഈ

ഗവൺമെന്റിന്റെ കാലത്ത് സാധിക്കുമെന്ന് ഞാൻ പറയുന്നില്ല. ഈ രണ്ടെണ്ണം ഞങ്ങൾക്ക് പൂർത്തിയാക്കണമെന്നുണ്ട്. നാഷണൽ ഹൈവേയുടേതും ഞങ്ങൾ ആഗ്രഹിക്കുന്നുണ്ട്. തീർച്ചയായും കേരളമാകെ മാറണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. അങ്ങ് പറയുന്ന കാര്യങ്ങൾ നിയമാനുസരണം ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. കേരളത്തിലെ എല്ലാ ഹൈവേകളേയും തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നതിന് പ്രയാസമുള്ള നാടല്ല. അതെല്ലാം സ്വാഭാവികമായി സംഭവിക്കു മെന്നാണ് ഞാനും വിശ്വസിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, വൈകാരികമായി എനിക്ക് വളരെ പ്രിയപ്പെട്ട വിഷയമാണ് മലയോര ഹൈവേ. പക്ഷേ ഈ സഭയിലെ 5 അംഗങ്ങൾ സഭയ്ക്ക് പുറത്ത് നിരാഹാരം കിടക്കുമ്പോൾ, ഉപവാസമനുഷ്ഠിക്കുമ്പോൾ ആ വിഷയം ചർച്ച ചെയ്യാൻപോലും സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിൽ ഞാൻ ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ച അതേ കാരണത്താൽ ഞാനും ചോദ്യം ചോദിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങാണ് ഈ ചോദ്യം ക്ലബ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയത്.

ശ്രീ. സണ്ണി ജോസഫ്: സർ, അഞ്ച് അംഗങ്ങൾ സഭയ്ക്ക് പുറത്ത് നിരാഹാരമിരിക്കുന്ന വളരെ ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിൽ അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകാത്തതിനാൽ ഞാൻ ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇതേ കാരണത്താൽ ഞാനും ചോദ്യം ചോദിക്കുന്നില്ല. അഞ്ച് യുവ എം.എൽ.എ.മാർ കേരളത്തിലെ ഗുരുതരമായ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് നിരാഹാരം കിടക്കുമ്പോൾ ഗവൺമെന്റ് അതുസംബന്ധിച്ച് ചർച്ചയ്ക്കുപോലും വിളിക്കാതെ, കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തെ വഞ്ചിക്കുന്ന സ്വാശ്രയ നടപടിക്കെതിരെ പ്രതിഷേധിച്ചുകൊണ്ട് ഞാനും ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നേരത്തെ പറഞ്ഞ കാരണങ്ങളാൽ ഞാനും ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. കെ. വി. വിജയദാസ്: സർ, കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ ആഘാതത്തിൽ വീർപ്പുമുട്ടിക്കഴിയുന്ന മലയോര മേഖലയിലെ പാവപ്പെട്ട ജനങ്ങളിൽ വികസനത്തിന്റെ വെള്ളിവെളിച്ചം എത്തിക്കുന്നതിന് മലയോര ഹൈവേയ്ക്ക് സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പാലക്കാട് ജില്ലയിലെ ഏറ്റവും അവികസിത മേഖലകളായ അട്ടപ്പാടിയേയും മണ്ണാർക്കാടിനെയും തമ്മിൽ

ബന്ധിപ്പിക്കുന്ന കാഞ്ഞിരപ്പുഴ വഴി വരുന്ന ഹൈവേ യാഥാർത്ഥ്യമാക്കാൻ കഴിയുമോ; അങ്ങനെ പാലക്കാട് ജില്ലയിലെ അവികസിത മേഖലയിൽ വികസനത്തിന്റെ വെളിച്ചമെത്തിക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പാലക്കാട് ജില്ലയിൽ 130 കിലോമീറ്റർ ദൂരത്തിലാണ് ഹൈവേ വരുന്നത്. അങ്ങ് ചോദിച്ചതുകൊണ്ട് ഞാൻ എടുത്തു പറയുകയാണ്. പൊൻപാറ-എടത്തിനാട്ടുകര-കാപ്പുപറമ്പ്-തിരുവിഴാംകുന്ന്-കോട്ടോപ്പാടം-കുമരംപുത്തൂർ-മണ്ണാർക്കാട്-പാലക്കാട്-പുതുനഗരം-കൊല്ലങ്കോട്- നെന്മാറ-വടക്കാഞ്ചേരി-പന്തലംപാടം എന്നതാണ് റൂട്ട്. അതിൽ ഭേദഗതി നിർദ്ദേശിച്ചിട്ടില്ല. തീർച്ചയായും പാലക്കാടിന്റെ ഈ ഭാഗമില്ലാതെ ഇത് തീരുകയില്ല. സ്വാഭാവികമായും വലിയ പ്രയോറിറ്റിയിൽതന്നെ പാലക്കാട് അത് പണിയുന്നതാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.മാർ ചോദ്യം ചോദിച്ചപ്പോൾ വന്നതിൽ നന്ദിയുണ്ട്. പക്ഷേ ചോദ്യം ചോദിക്കുന്നതുകൊണ്ട് നിരാഹാരത്തിന് ഒരു കുറവും വരുമായിരുന്നില്ല എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. പി. വി. അൻവർ: സർ, മലയോര മേഖലയിൽ വയനാട് - മലപ്പുറം ജില്ലയെ ബന്ധിപ്പിക്കുന്നത് ചൂരൽമലയിൽനിന്നും നിലമ്പൂരിലെ പോത്തുകല്ലിലേയ്ക്കുള്ള റോഡാണ്. അതിന്റെ സർവ്വേ നടത്തുന്നതിനായി പി.ഡബ്ല്യൂ.ഡി. 8 ലക്ഷം രൂപ ഇപ്പോൾ വകയിരുത്തിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർ കഴിഞ്ഞയാഴ്ച സർവ്വേയ്ക്കുവേണ്ടി അവിടെ വന്നതാണ്. എന്നാൽ തുടക്കത്തിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ ഒബ്ജക്ഷനുണ്ടായതിനാൽ സർവ്വേ നടത്താൻ പറ്റിയില്ല. ആ വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വനം വകുപ്പുമന്ത്രിയേയും ഞങ്ങൾ അറിയിച്ചിട്ടുണ്ട്. സർവ്വേപോലും നടത്താൻ സാധ്യമല്ലാത്തൊരു അവസ്ഥയിൽ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമുണ്ടാകും. ആയതിനാൽ അടിയന്തരമായി മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരുമായി ചർച്ച നടത്തി സർവ്വേ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ: സർ, 98 കിലോമീറ്ററാണ് വയനാട്ടിൽ ആകെ ഉള്ളത്. അതിൽ 2 കിലോമീറ്റർ ഫോറസ്റ്റാണ്. ബോയ്സ്ടൗൺ-മാനന്തവാടി-നാലാംമൈൽ - അഞ്ചുകുന്ന്-പനമരം - കൈനാട്ടി-കൽപ്പറ്റ-കാപ്പംകൊല്ലി - മേപ്പാടി - ചൂരൽമല -അരുണപ്പുഴവരെയുള്ളതാണ്. ഇതിൽ ചൂരൽമല മുതൽ അരുണപ്പുഴ വരെയുള്ള ഭാഗത്ത് 2 കിലോമീറ്ററാണ് ഫോറസ്റ്റുള്ളത്. മലപ്പുറം ജില്ലയിൽ 101 കിലോമീറ്ററാണുള്ളത്. അരുണപ്പുഴ-തമ്പുരാട്ടിക്കല്ല്-പാലുണ്ട-എടക്കര -കരുളായി-മൂത്തേടം-പൂക്കോട്ടുപാടം-കാളിക്കാവ്-കേരളം-കിഴക്കേത്തല (കരുവാരക്കുണ്ട്)-

തരിശ്ശു-പുലവെറ്റ-കരിങ്കൽതോണി-പൊൻപാറ-വെളിയാന്തോട്-പൂക്കോട്ടുംപാടം ഇവയാണ്. ഫോറസ്റ്റിനെ സംബന്ധിച്ചുള്ള കാര്യം ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, വനം വകുപ്പുമന്ത്രി എന്നിവരുമായി ഇക്കാര്യം ചർച്ച ചെയ്ത് പരിഹാരം കാണാം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, തീരദേശ ഹൈവേ ഏകദേശം ആറര കിലോമീറ്റർ പൂർത്തിയായിക്കിടക്കുകയാണ്. രാഷ്ട്രീയ സമ്മർദ്ദത്തിന്റെ ഫലമായി ഉദ്യോഗസ്ഥൻമാർ സമയത്ത് ജോലി പൂർത്തിയാക്കാത്തതാണ് പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്തുള്ള തീരദേശ ഹൈവേയ്ക്ക് ഇപ്പോൾ തടസ്സമായി നിൽക്കുന്നത്. ഈ റോഡും ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിനെയാണ് ആശ്രയിക്കാൻ പോകുന്നത് എന്നതാണ് മറ്റൊരു പ്രധാന കാര്യം. അതുകൊണ്ടുതന്നെ ആ ഭാഗങ്ങളിൽ ശക്തമായ ട്രാഫിക്കുണ്ടാകാനുള്ള സാധ്യതയുണ്ട്. പൊന്നാനി നഗരത്തിൽനിന്നും പുറത്തൂരിലേയ്ക്ക് ഒരു പാലം നിർമ്മിച്ചുകൊണ്ട് ഈ അലൈൻമെന്റ് മാറ്റിയാൽ മാത്രമേ ഇതിന്റെ പൂർണ്ണമായ ഉപകാരം ഈ റോഡ് ട്രാഫിക്കിന് ഉണ്ടാവുകയുള്ളൂ. അത്തരത്തിലുള്ള വല്ല തീരുമാനങ്ങളും അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, അതിന്റെ തീരുമാനങ്ങളൊന്നും ആയിട്ടില്ല, ആ സ്റ്റേജ് ആകുന്നതേയുള്ളൂ. തീരദേശ ഹൈവേയെ സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടില്ല. അവിടെയിപ്പോൾ പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള റോഡിൽ മലപ്പുറം ജില്ലയിൽ ആശാൻപടി മുതൽ പറവണ്ണ വരെ 4.5 കിലോമീറ്റർ ആണ് പൂർത്തീകരിച്ചത്. തീരദേശ ഹൈവേ മൊത്തം കേന്ദ്ര ഗവൺമെന്റിന്റെ 'ഭാരത് മാല' പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതിനായി നമ്മൾ ഇപ്പോൾ ആവശ്യപ്പെടുകയാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയിൽപ്പെടുത്താൻ കഴിയുമോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ആലോചിക്കണം. തീരദേശ ഹൈവേയ്ക്ക് 4000 കോടി രൂപ വേണം, അത് നിർമ്മിക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. വേറെയും ധാരാളം റോഡുകളുണ്ട്. ഉദാഹരണത്തിന് എറണാകുളത്തു നിന്നും ആലപ്പുഴ പോകണമെങ്കിൽ അന്ധകാരനഴിയിൽ രണ്ട് പാലം വേണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അവിടത്തെ എം.എൽ.എ.യായിരുന്ന ശ്രീ. എ. എം. ആരിഫ് ഒരു പാലം പണിതിട്ടുണ്ട്. രണ്ടാമത്തെ പാലം ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ കുറേകാര്യങ്ങൾ നടന്നിട്ടുണ്ട്. അതിനെ കണക്ക് ചെയ്യുക എന്നുള്ളതാണ് പ്രധാനം. തോട്ടപ്പള്ളിയിലുള്ളത് വീതിയുള്ള പാലമല്ല, അവിടെ ഒരു പുതിയ പാലം പണിയേണ്ടി വരും. നീണ്ടകരയിൽ നാഷണൽ ഹൈവേ പുതിയ പാലം നിർമ്മിക്കാൻ പോകുകയാണ്. അത് ഏകദേശം ധാരണയായിട്ടുണ്ട്. അലൈൻമെന്റിൽ സുഗമമായ

സഞ്ചാരത്തിനാണ് പ്രാധാന്യം നൽകുന്നത്. കാസർഗോഡു നിന്നും തിരുവനന്തപുരം വരെ ഏറ്റവും ലാഭകരമായും ആളുകളെ ഉപദ്രവിക്കാതെയും സുഗമമായി സഞ്ചരിക്കണം. ഇങ്ങനെ ഒരുപാട് ഘടകങ്ങളുണ്ട്. അങ്ങ് പറയുന്നത് ഏത് ഘടകത്തിൽപ്പെടും എന്നുള്ളത് നോക്കി അതനുസരിച്ച് മാറ്റം വരുത്താം. അതിൽ പ്രശ്നമൊന്നുമില്ല.

ശ്രീ. പി. സി. ജോർജ്: സർ, മലയോര ഹൈവേ എന്ന ആശയം നടപ്പാക്കാൻ തീരുമാനിച്ച ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. പക്ഷേ കോട്ടയം ജില്ലയിൽ 24 കിലോമീറ്റർ മാത്രമേയുള്ളൂ, അത് എന്തുപറ്റിയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്രത്യേകിച്ചും മലയോര മേഖലയായ പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ. 24 കിലോമീറ്റർ മാത്രമേ ഉള്ളൂ, അതുപോര. അതിന്റെ റൂട്ട് അങ്ങ് പറയണം. കാരണം, പൂഞ്ഞാർ-തെക്കേക്കര, പൂഞ്ഞാർ-മുണ്ടക്കയം, കോരുത്തോട്-എരുമേലി, അങ്ങനെ വന്നാൽ 24 കിലോമീറ്ററിന്റെ സ്ഥാനത്ത് 86 കിലോമീറ്റർ വരും. അതു കാണുന്നില്ല. ആ കാര്യം കൂടി പ്രത്യേകം പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതുപോലെ എം. എൽ. എ.-മാരുടെ നിരാഹാരത്തെക്കുറിച്ച് ഒരു വാക്ക് പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനുമായി ബഹുമാനപ്പെട്ട സ്പീക്കർ നേരിട്ട് സംസാരിച്ച്, പ്രതിപക്ഷനേതാവിനെക്കൂടി വിളിച്ച് ഇന്നുതന്നെ നിരാഹര സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ന്യായ-അന്യായങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സുപ്രീംകോടതി വിധി വന്നിരിക്കുകയാണ്. അത് തീർക്കാൻ ജനാധിപത്യപരമായി ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈയെടുക്കണം. ആ കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, കോട്ടയം ജില്ലയിൽ മുണ്ടക്കയം-എരുമേലി-പ്ലാച്ചേരി വരെയാണ് നിർദ്ദിഷ്ട മലയോര ഹൈവേയുടെ 24 കിലോമീറ്റർ റൂട്ട്. അങ്ങ് പറഞ്ഞ പ്രദേശങ്ങൾ പരിശോധിക്കാം. എനിക്ക് അതിനെപ്പറ്റി ഇപ്പോൾ പറയാൻ കഴിയില്ല. 104 കിലോമീറ്റർ ആയി വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന് തുറന്ന മനസ്സോടെ പരിശോധിക്കാം. നാറ്റ്പാക്കിലെ വിദഗ്ദ്ധരുമായി ആലോചിക്കാം. അതിന്റെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, 1999-ൽ നായനാർ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. ശിവദാസ മേനോൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ പ്രഖ്യാപിച്ച പദ്ധതിപ്രകാരം, 1999-ൽ ശ്രീ. പി. ജെ. ജോസഫ് വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിച്ച അലൈൻമെന്റും, 2003-ൽ ഡോ. എം. കെ. മുനീർ വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിച്ച അലൈൻമെന്റും അല്ല ഇപ്പോൾ

വന്നിരിക്കുന്നത്. ശ്രീ. ജോർജ്ജ് എം. തോമസിന്റെ ചോദ്യത്തിന് മറുപടിയായി അലൈൻമെന്റ് സംബന്ധിച്ച് പുന:പരിശോധന നടത്താം എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അത് ചെയ്യണം. അല്ലാതെ നിലവിലുള്ള സ്റ്റേറ്റ് ഹൈവേയെ തന്നെ എടുത്ത് പറിച്ചുവച്ചിട്ട് കാര്യമില്ല. എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള ഒരു നിർദ്ദേശം, ഇന്ന് നമ്മൾ വിഭാവനം ചെയ്യുന്നതെല്ലാം ടു ലൈൻ റോഡുകളാണ്. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള എം. സി. റോഡിൽ വാഹനത്തിരക്കാണ്. ഭാവി മുന്നിൽകണ്ടു കൊണ്ടുള്ള വികസനം ഇവിടെ ചിന്തിക്കുന്നില്ല. നമ്മൾ ഇനി ഫോർ ലൈൻ റോഡുകളെക്കുറിച്ചെങ്കിലും മിനിമം ചിന്തിക്കണം. Six line road-ഉം twelve line road-ഉം ലോകത്തുള്ളപ്പോൾ ഒരു ഫോർ ലൈൻ റോഡിനെപ്പറ്റിയെങ്കിലും ചിന്തിക്കണം. ആ രൂപത്തിൽ മലയോര ഹൈവേയും കെ.എസ്.ടി.പി. എടുത്തിരിക്കുന്ന റോഡുകളും ഫോർ ലൈനാക്കണം. അവ മുഴുവൻ പൂർത്തിയാക്കണമെന്നല്ല ഞാൻ പറയുന്നത്, പക്ഷെ ചെയ്യാവുന്നിടത്തോളം പൂർത്തിയാക്കണം. ആ നിലയിൽ ആലോചിക്കാൻ അങ്ങേയ്ക്ക് കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ജി. സുധാകരൻ: സർ, ഇവിടെ മലയോര പാതയുടെ അലൈൻമെന്റിനെക്കുറിച്ചാണ് പറഞ്ഞത്. മറ്റൊന്ന് പറഞ്ഞത് പൊതുവായിട്ടുള്ള നാലുവരി പാതയെക്കുറിച്ചാണ്. അതു നമുക്ക് ചർച്ചചെയ്യാം. പത്തനംതിട്ട ജില്ലയിലെ പ്ലാച്ചേരി-റാന്നി-കുമ്പഴ-കോന്നി-പത്തനാപുരം എന്നിവയെക്കുറിച്ചാണ് ഇതിൽ പറയുന്നത്. അലൈൻമെന്റൊന്നും യോഗത്തിൽ തീരുമാനിക്കാൻ കഴിയില്ല. മന്ത്രിമാർ എങ്ങനെയാണ് അലൈൻമെന്റ് തീരുമാനിക്കുന്നത്. അതൊക്കെ തെറ്റായി അന്നെടുത്ത തീരുമാനങ്ങളാണ്. അലൈൻമെന്റ് സംബന്ധിച്ച് ഇന്ത്യയിൽ നാറ്റ്പാക്കാണ് ആധികാരികമായി തീരുമാനിക്കുന്നത്. ആ അലൈൻമെന്റിൽ ഭേദഗതി വരുത്താം. നാലുവരിപ്പാതയെപ്പറ്റി ഇപ്പോൾ ദേശീയ പാതയാണ് തീരുമാനിച്ചിട്ടുള്ളത്. കാരണം നമ്മൾ ചിന്തിക്കുന്നതുപോലെ ജനങ്ങളും ചിന്തിക്കണമല്ലോ. നമ്മൾ മാത്രം ചിന്തിച്ചിട്ട് കാര്യമില്ല. അവരുടെ അധിവാസം, ഈ നാട്ടിലെ മുഴുവൻ ജനങ്ങളെയും പറഞ്ഞയച്ചശേഷം റോഡു പണിയാൻ പറ്റുമോ! അതെല്ലാം പരിശോധിക്കണം. സ്ഥലമുള്ളിടത്ത് നാലുവരിപ്പാത വേണം, ദേശീയപാത വേണം. ശ്രീ. രാജു എബ്രഹാം പറഞ്ഞ കാര്യം എവിടെയെല്ലാം സാധ്യമാണോ അത് ചർച്ച ചെയ്യാം. ഗവൺമെന്റ് അതിന് അനുകൂലമാണ്.

ശ്രീ. ബി. സത്യൻ: സർ, ദേശീയപാതാ വികസനത്തെക്കുറിച്ച് കുറേനാളായി ചർച്ച നടത്തുന്നു. ചേർത്തല-തിരുവനന്തപുരം പാത ഇരട്ടിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി പ്രാവശ്യം കേന്ദ്ര നാഷണൽ ഹൈവേ അതോറിറ്റി നോട്ടിഫിക്കേഷൻ റദ്ദ് ചെയ്തു. അവസാനം ഞാൻ മനസ്സിലാക്കിയത് മുഖ്യമന്ത്രിയും

മരാമത്തു വകുപ്പുമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയും പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുകയും ചേർത്തല-തിരുവനന്തപുരം പാത ഇരട്ടിപ്പിക്കൽ പദ്ധതിക്കായി കൺസൾട്ടൻസിയെ നിയമിക്കുകയും ചെയ്തു എന്നാണ്. അതുമായി ബന്ധപ്പെട്ട് സമരങ്ങളൊക്കെ നടന്നു. 40 മീറ്ററാണ് വീതി കൂട്ടേണ്ടത്. 40 മീറ്റർ വേണ്ട എന്നും 20 മീറ്റർ മതിയെന്നുമുള്ള വാദഗതികൾ പലയിടത്തും നടക്കുന്നുണ്ട്. കൺസൾട്ടൻസിയെ വച്ചുകഴിഞ്ഞുവെങ്കിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയന്ത്രണത്തിൽ തന്നെയാണോ ചേർത്തല-തിരുവനന്തപുരം പാത ഇരട്ടിപ്പിക്കൽ പൂർണ്ണമാകുന്നത്? സ്ഥലമെടുത്തു കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ രണ്ട് വർഷത്തെ സമയം പറഞ്ഞിരുന്നു. ആ രണ്ടു വർഷംകൊണ്ട് ഈ പാത ഇരട്ടിപ്പിക്കൽ നടത്താൻ കഴിയുമോ? അതിന്റെ ഭാഗമായ ആറ്റിങ്ങലിലുള്ള മാമത്തെ ബൈപ്പാസിനുള്ള സ്ഥലമേറ്റെടുത്തിട്ട് 10-12 വർഷം കഴിഞ്ഞു. പക്ഷേ ഒന്നും ചെയ്യാതെ കിടക്കുകയാണ്. ഇക്കാര്യങ്ങളെക്കുറിച്ച് അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, മുമ്പ് വി.എസ്. ഗവൺമെന്റിന്റെ കാലത്ത് തീരുമാനമെടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതുമായി മുന്നോട്ടുപോയി. 40 മീറ്ററിന്റെ കാര്യത്തിൽ ഉറച്ചുനിൽക്കുകയാണ്. ചില സ്ഥലങ്ങളിൽ കുറച്ചു പ്രയാസമാണ്. അതിനൊക്കെ നല്ല കോമ്പൻസേഷൻ കൊടുക്കാനാണ് തീരുമാനം. അതുപോലെ വളരെ നീതിപൂർവ്വം രണ്ടു വശത്തുനിന്നും സ്ഥലമെടുക്കണം. ചില ഉദ്യോഗസ്ഥർ കുഴപ്പം കാണിക്കുന്നുണ്ട്. അതിനൊക്കെ വളരെ വ്യക്തമായ റിപ്പോർട്ടുകളുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ സ്ഥലമേറ്റെടുത്തു കൊടുത്താൽ മൂന്ന് വർഷക്കാലം കൊണ്ട് പണി പൂർത്തീകരിച്ചു തരാമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. ഞാനും ആ യോഗത്തിൽ ഉണ്ടായിരുന്നു. കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നിവിടങ്ങളിൽ ധാരാളം സ്ഥലം എടുത്തിട്ടുണ്ട്. എറണാകുളം മുതൽ വടക്കോട്ട് നാലുവരിപ്പാതയാണ്. ചേർത്തല മുതൽ തിരുവനന്തപുരത്തുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ മണ്ഡലം വരെ കുറച്ച് സ്ഥലത്തിന് പ്രശ്നമൊന്നുമില്ല. മറ്റു ഭാഗങ്ങളിൽ പ്രശ്നങ്ങളുണ്ട്. അതൊക്കെ വിശദമായി ചർച്ച ചെയ്ത് പരിഹരിക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചില കളക്ടർമാർ സ്ലോ ആണ്. ശക്തമായ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഈ സ്ഥലമെടുത്ത് 50 വർഷക്കാലം വെറുതെ കിടന്നു. അതാണ് പ്രശ്നം. ആദ്യകാലത്തുണ്ടായ അനാസ്ഥയുടെ ഫലമായാണ് ഇപ്പോൾ നമുക്ക് കുറച്ചു കൂടുതൽ വില കൊടുക്കേണ്ടി വന്നത്. ഏതായാലും ശരി, തികച്ചും ന്യായമായ റീഹാബിലിറ്റേഷനും, കോമ്പൻസേഷനും ജനാധിപത്യപരമായി കൊടുക്കും. നമ്മളെല്ലാം അംഗീകരിച്ച റൂട്ടാണ്. അത് പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്ന് വർഷമാണ് എൻ.എച്ച്.എ.ഐ. പറയുന്നത്. അവർ തന്നെയാണ് അതോറിറ്റി. അവർ തന്നെയാണ് പണിയുന്നത് യാതൊരു സംശയവും വേണ്ട.

ശ്രീ. സി. കൃഷ്ണൻ: സർ, 1195 കി.മീ. ദൈർഘ്യമുള്ള മലയോര ഹൈവേയും അതോടൊപ്പം തീരദേശ ഹൈവേയും നിർമ്മിക്കാൻ ഗവൺമെന്റ് തീരുമാനിച്ചുവെന്നത് സന്തോഷകരമായ കാര്യമാണ്. മലയോര ഹൈവേയുടെ കണ്ണൂർ ജില്ലയിലെ പ്രവൃത്തി ആരംഭിച്ചത് എന്റെ മണ്ഡലമായ ചെറുപുഴ വച്ചാണ്. അതിന്റെ പ്രവൃത്തി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. അത് സമയബന്ധിതമായി പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പംതന്നെ എന്റെ മണ്ഡലമായ പയ്യന്നൂരിൽ നിന്നും ചെറുപുഴയ്ക്ക് എത്തിച്ചേരാനുള്ള റോഡ് ദീർഘകാലമായി പൊളിഞ്ഞു കിടക്കുകയാണ്. അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു. ടെണ്ടർ നടപടിയും ആരംഭിച്ചു. പക്ഷെ പ്രത്യേകാനുവാദം ലഭിച്ചില്ല എന്ന കാരണത്താൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ആ റോഡ് തികച്ചും ഗതാഗതയോഗ്യമല്ലാതെ യാത്ര ദുസ്സഹമായി മാറിക്കഴിഞ്ഞിരിക്കുകയാണ്, ജനങ്ങളാകെ പ്രക്ഷോഭത്തിലാണ്. ആ റോഡിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, നാഷണൽ ഹൈവേയും മലയോര ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡാണ് അത്. ഈ റോഡ് തകർന്ന് തരിപ്പണമായി കിടക്കുകയാണ്. ഒരു ദിവസം തന്നെ ഇതുസംബന്ധിച്ച് മുപ്പത് നാല്പത് നിവേദനവും റോഡിന്റെ മൂന്ന് നാലു ചിത്രങ്ങളും എനിക്ക് കിട്ടുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹം നിരാഹാരസമരം കിടന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് അത് ടെണ്ടർ ചെയ്തപ്പോൾ ഫൈനാൻസിന്റെ സാങ്ഷൻ ലഭിച്ചിരുന്നില്ല. ഇത് ബഡ്ജറ്റിൽ ഇല്ലാത്ത വർക്കാണ്. സ്വാഭാവികമായും ഗവൺമെന്റ് സെക്രട്ടറിക്ക് അത് അനുവദിക്കാൻ സാധിക്കുകയില്ല. ഇപ്പോൾ അതിന്റെ കുരുക്ക് അഴിച്ചു, ഫൈനാൻസിന്റെ സാങ്ഷൻ ലഭ്യമാക്കി, ചീഫ് സെക്രട്ടറിയോട് ടെണ്ടർ കമ്മിറ്റി കൂടണമെന്ന് പറഞ്ഞിട്ടുണ്ട്. അതുകഴിഞ്ഞാൽ നേരത്തെയുള്ള ടെണ്ടർ തുകയിൽ വ്യത്യാസം വരുത്താതെ നിലവിലുള്ള കരാറുകാരന് പ്രവൃത്തി കൊടുത്ത് എത്രയുംവേഗം പണി പൂർത്തീകരിച്ചു തരണമെന്നുള്ളത് ഗവൺമെന്റിന്റെയും കൂടി ആവശ്യമാണ്. എത്രയുംവേഗം അത് പൂർത്തീകരിക്കും.

**ഹോപ്പ് പ്ലാന്റേഷൻ**

3(*92) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ 724 ഏക്കർ ഹോപ്പ് പ്ലാന്റേഷൻസ് ഉൾപ്പെടെയുള്ളവർക്ക് പതിച്ച നൽകാൻ എടുത്ത തീരുമാനം അതേ സർക്കാർ തന്നെ റദ്ദാക്കാനിട യാക്കിയ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ത്വരിതാന്വേഷണം നടത്തണമെന്ന് വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോയെന്നും ആ കേസിലെ പ്രതികൾ ആരൊക്കെയാണെന്നും അറിയുമോ;

(സി) ത്വരിതാന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിവുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) ഹോപ്പ് പ്ലാന്റേഷന് ഭൂമി പതിച്ചുനൽകുവാൻ നടന്ന നീക്കത്തെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) മുൻ സർക്കാർ 724 ഏക്കർ ഭൂമി ഹോപ്പ് പ്ലാന്റേഷൻസ് ഉൾപ്പെടെയുള്ള വർക്ക് പതിച്ചുനൽകാൻ തീരുമാനം എടുത്തിട്ടില്ല. എന്നാൽ 151 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാൻ മുൻ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം 20-2-2016-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും 6-4-2016-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) ഉണ്ട്. മൂവാറ്റുപുഴ വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-II മുഖേന ഒരു ത്വരിതാന്വേഷണം നടന്നുവരുന്നു. പ്രതികളെ സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(സി) ത്വരിത അന്വേഷണം പുരോഗതിയിലാണ്.

(ഡി) ഇത് സംബന്ധിച്ച ഫയൽ മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുവരുന്നു.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി (ശ്രീ. എസ്. ശർമ്മ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടങ്ങളിൽ മെത്രാൻ കായൽ, കടമക്കുടി ഭൂമി, പുത്തൻവേലിക്കരയിലെ മിച്ചഭൂമി, ചെമ്പ് ഭൂമി ഇടപാട് എന്നിങ്ങനെയുള്ള ഭൂമി സംബന്ധമായ കുംഭകോണത്തെ സംബന്ധിച്ച് ക്യാബിനറ്റ് സബ്കമ്മിറ്റി പരിശോധിക്കുന്നതിനുവേണ്ടി

തീരുമാനിച്ചിരിക്കുന്നുവെന്ന് പത്രവാർത്ത കാണുകയുണ്ടായി. അപ്രകാരമൊരു പരിശോധന ഗവൺമെന്റ് നടത്തിവരുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഉണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, കുപ്രസിദ്ധനായ സന്തോഷ് മാധവന്റെ ബിനാമി കമ്പനിക്ക് 127 ഏക്കർ ഭൂമി നികത്തുന്നതിനുള്ള അനുവാദം നൽകിയതിനെത്തുടർന്ന് ഇതുസംബന്ധിച്ച് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ പരാതി ലഭിക്കുകയും അതന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അപ്രകാരം അന്വേഷണം നടന്നുവരുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രതികളെ മനസ്സിലാക്കുന്നതിന് സന്ദർഭം ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പ്രസ്തുത പരാതി സംബന്ധിച്ചുള്ള അന്വേഷണം നടന്നുവരുന്നുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് അതീവ ഗുരുതരമായ കാര്യങ്ങളാണ് കേരളത്തിൽ പൊതുവേ കാണാൻ സാധിക്കുന്നത്. അതിൽ ഹോപ്പ് പ്ലാന്റേഷൻ/ഹാരിസൺ പ്ലാന്റേഷൻ പോലുള്ള കമ്പനികൾ ഒട്ടനവധി സർക്കാർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നുണ്ട്. വയനാട്ടിൽ ഹാരിസൺ മലയാളം കമ്പനി കൈവശംവയ്ക്കുന്ന അനധികൃത ഭൂമിയുടെ അളവ് എത്രയാണ്; അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തിരിച്ചുപിടിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ടോ? കൂടാതെ ഈ കമ്പനികൾ ഇത്തരം സർക്കാർ ഭൂമി മറുപാട്ടം നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച് പരിശോധന നടത്തിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ നിയമപരമായ വശങ്ങൾ പരിശോധിക്കുന്നതിനായി നിയമ വകുപ്പിന് നൽകിയിരിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന ഘട്ടത്തിലാണ് വഴിവിട്ട രീതിയിൽ പല വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള തീരുമാനമെടുത്തത്. ആ തീരുമാനത്തിന്മേൽ ഇപ്പോൾ അധികാരത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് ത്വരിതാന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയും അന്വേഷണവുമായി മുന്നോട്ടുപോകുന്നു എന്നുമാണ് പറഞ്ഞത്. ആ അന്വേഷണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും; ഇത്തരത്തിൽ വഴിവിട്ട രീതിയിൽ ഭൂമി ദാനം ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ത്വരിതാന്വേഷണത്തിന്റെ സമയപരിധി കൃത്യമായി നിശ്ചയിക്കുന്നത് എളുപ്പമുള്ള കാര്യമല്ല. അന്വേഷണ റിപ്പോർട്ടിനെ ത്തുടർന്നാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്.

ശ്രീ. പി. വി. അൻവർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ ഹോപ്പ് ഗ്രൂപ്പിന്റെ 724 ഏക്കർ സ്ഥലത്തിന് നികുതിയടയ്ക്കാൻ അനുവാദം നൽകിയത്. പിന്നീട് ആ തീരുമാനം റദ്ദ് ചെയ്തുവെന്നും പറയുന്നുണ്ട്. യഥാർത്ഥത്തിൽ ഇതിന്റെ യാഥാർത്ഥ്യം ഇപ്പോഴും ആർക്കും അറിയില്ല. 724 ഏക്കർ സ്ഥലത്തിന് ഹോപ്പ് ഗ്രൂപ്പ് നികുതി അടയ്ക്കുന്നുണ്ടോ; അതോ പഴയ സ്റ്റാറ്റസ്കോ തന്നെയാണോ ഈ ഭൂമിക്ക് നിലനിൽക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 724 ഏക്കർ സ്ഥലം അനുവദിച്ചുകൊടുത്തിട്ടില്ലെന്ന് നേരത്തെ ഞാൻ സൂചിപ്പിക്കുകയുണ്ടായി. സ്വാഭാവികമായി കമ്പനിയുടെ കയ്യിലുണ്ടായിരുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് അവരുടെ ആക്ഷേപങ്ങൾ പരിശോധിച്ചുവന്ന സന്ദർഭത്തിൽ 151 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നതിനായി തീരുമാനിച്ചത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഒട്ടനവധി ഗൗരവതരമായ ചർച്ചകൾ നിയമസഭ നടത്തേണ്ടതുണ്ട്. ഇതിൽ പ്രധാനപ്പെട്ടത് രാജമാണിക്യം റിപ്പോർട്ടാണ്. 1947-ന് മുമ്പ് ബ്രിട്ടീഷ് കമ്പനികളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് ഇന്നും പല ഇന്ത്യൻ കമ്പനികളും പ്രവർത്തിക്കുന്നത്. 1947-ൽ ഇന്ത്യ സ്വതന്ത്ര്യയായതോടുകൂടി യഥാർത്ഥത്തിൽ ഇത്തരം കരാറുകളെല്ലാം റദ്ദുചെയ്യപ്പെടേണ്ടതാണ്. പക്ഷേ നിർഭാഗ്യവശാൽ 1947-ന് മുമ്പ് ബ്രിട്ടീഷ് കമ്പനികളുമായി തെറ്റായ രൂപത്തിൽ കൈമാറ്റം ചെയ്യപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽത്തന്നെ ഇന്നും ഇത്തരം കമ്പനികൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നു എന്നതാണ് രാജമാണിക്യം കമ്മിറ്റി റിപ്പോർട്ടിന്റെ കാതൽ. യഥാർത്ഥത്തിൽ ഭൂമി പരിധി ആക്ടിന്റെ പരിധിയിൽ നിന്ന് ഈ കമ്പനികൾ പുറത്ത് നിൽക്കുന്നത് തൊഴിലാളികൾക്ക് ജോലി നൽകുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇന്ന് ഈ കമ്പനികൾ പ്രസ്തുത ഉദ്ദേശ്യം നിർവ്വഹിക്കുന്നില്ല. ആയിരം തൊഴിലാളികൾ ജോലി ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് 100-ഉം 50-ഉം തൊഴിലാളികളായി കുറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ എന്ത് പർപ്പസിനുവേണ്ടിയാണോ ഭൂമി പരിധി സംബന്ധിച്ച ആക്ടിന്റെ പരിധിയിൽനിന്ന് ഈ കമ്പനികളെ പുറത്താക്കിയത്, ആ ഉദ്ദേശ്യം നിർവ്വഹിക്കുന്നില്ല. ഈ സഹചര്യത്തിൽ രാജമാണിക്യം കമ്മിറ്റി റിപ്പോർട്ടിന്റെ

ഗൗരവം വളരെ വിലപ്പെട്ടതാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, രാജമാണിക്യം സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരികയാണ്. പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ഭൂമി ഏറ്റെടുക്കുന്നതിന് പുതുതായി നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശം കൂടിയാണ് അദ്ദേഹം നൽകിയിരിക്കുന്നത്. ഈ ശിപാർശ സംബന്ധിച്ച് നിയമ വകുപ്പുമായി ആലോചിച്ചുവരികയാണ്. ഇതിന്റെ നിയമ സാധുതയെക്കുറിച്ച് തീരുമാനം എടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും. ശ്രീ. രാജമാണിക്യം സ്പെഷ്യൽ ഓഫീസർ എന്ന നിലയിൽ പരിശോധന നടത്തുകയും ചില ഭൂമികൾ ഏറ്റെടുക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ഇതിനെതിരെ കമ്പനികൾ കോടതിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത കേസ് ഇപ്പോൾ ഹൈക്കോടതിയിൽ നിലനിൽക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഹൈക്കോടതിയിൽ കേസ് പെന്റിംഗ് ആയിരുന്ന സാഹചര്യത്തിലാണ് ഹോപ്പ് പ്ലാന്റേഷൻസ് ഉൾപ്പെടെയുള്ളവർക്ക് ഭൂമി പതിച്ച് നൽകാൻ മന്ത്രിസഭ തീരുമാനമെടുത്തത്. അത് കേസിനെ ബാധിക്കില്ലായെന്നാണ് അന്ന് വിശദീകരിച്ചിരുന്നത്. പതിനായിരക്കണക്കിന് ആളുകൾക്ക് ഭൂമിയില്ലാത്ത സാഹചര്യത്തിൽ, ഈ രീതിയിൽ കോടതിയിൽ കേസ് പെന്റിംഗ് ആയിരിക്കുന്ന അവസരത്തിൽപ്പോലും എന്ത് സാഹചര്യത്തിലാണ് അന്നത്തെ മന്ത്രിസഭ ഈ രീതിയിലുള്ള തീരുമാനമെടുത്തത് എന്നത് സംബന്ധിച്ച് പറയാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേസ് കോടതിയിൽ പെന്റിംഗിലായിരുന്നില്ല. ഈ വിഷയം പരിഹരിച്ച് കോടതിയുടെ തീരുമാനം വന്നതിനുശേഷമാണ് അവസാനമായി 151 ഏക്കർ സ്ഥലം സർക്കാർ എറ്റെടുക്കാൻ തീരുമാനിച്ചത്. എന്നാൽ പിന്നീട് മന്ത്രിസഭായോഗം തന്നെ അത് റദ്ദ് ചെയ്തതായി കാണുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, നേരത്തെ ശ്രീമതി ബിജിമോൾ സൂചിപ്പിച്ചതുപോലെ വയനാട്ടിൽ ഹാരിസൺ മലയാളം കമ്പനിയുടെ ഭൂമി ഭൂ പരിഷ്കരണ നിയമം വരുന്ന സമയത്ത് ബ്രിട്ടീഷ് കമ്പനിയുടെ കൈവശമായിരുന്നു. ഭൂ പരിഷ്കരണ നിയമപ്രകാരം ഭൂമി കൈവശം വയ്ക്കുന്നതിനുള്ള അവകാശം അവർക്കില്ല. ഇത് പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയാണ്. വയനാട്ടും തൃശ്ശൂരും ഇതുസംബന്ധിച്ച അന്വേഷണത്തിന് കോടതിയിൽ സ്റ്റേ നിലനിൽക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടുമോ? ഇതിന്റെ അടിസ്ഥാനത്തിൽ നാമമാത്രമായി ഭൂമി കൈവശമുള്ള കർഷകരുടെ പോക്കുവരവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. അത് കർഷകർക്ക്

വലിയ ദ്രോഹം ചെയ്യും. ആയതിനാൽ സർക്കാർ ഇതിൽ അടിയന്തരമായി ഇടപെടണം. സ്റ്റേ ചെയ്തപ്പോൾ തൽസ്ഥിതി തുടരാനാണ് ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. എന്നാൽ ഹാരിസൺ മലയാളം കമ്പനി ലീസിന് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇത് തടയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഹാരിസൺ മലയാളം കമ്പനിയുടെ ഭൂമിയുമായി ബന്ധപ്പെട്ട വിഷയത്തിൽ രാജമാണിക്യം റിപ്പോർട്ടിനെത്തുടർന്നുള്ള കാര്യം നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ ധാരണയുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസിൽ തുടർ നടപടി സ്വീകരിക്കുന്നതിന് നിയമ വകുപ്പുമായി ബന്ധപ്പട്ട് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതായിരിക്കും. ലീസിന് കൊടുക്കുന്ന നടപടിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ചശേഷം എന്താണ് അതിൽ ചെയ്യാൻ സാധിക്കുന്നത് എന്നത് സംബന്ധിച്ച് ആലോചിക്കും.

**ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതി**

4 (*93) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതി (ഡി.എഫ്.ഐ.പി)കൾക്കായി പണം നീക്കി വച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ ഓരോ പദ്ധതിക്കും എത്ര തുക വീതം നീക്കി വെച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾക്ക് പൊതു വിപണിയിൽ നിന്നും പണം കണ്ടെത്തി 1400 കോടി രൂപ അനുവദിക്കുന്നതാണെന്ന പ്രഖ്യാപനത്തിന് അനുസൃതമായി മുൻ സർക്കാർ വിപണിയിൽ നിന്നും ഏതെല്ലാം മാർഗ്ഗത്തിൽ തുക സമാഹരിച്ചിരുന്നു; സമാഹരിച്ച തുകയുടെയും പ്രസ്തുത തുക അനുവദിച്ച പദ്ധതികളുടെയും വിശദവിവരം നൽകുമോ;

(സി) മുൻ സർക്കാർ ഇപ്രകാരം പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെങ്കിലും ഇപ്പോൾ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ & ബി) 2015-2016 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പൊതു വിപണിയിൽ നിന്നും പണം കണ്ടെത്തി 1400 കോടി രൂപ ജില്ലാതല ഫ്ളാഗ്ഷിപ്പ് പദ്ധതികൾക്ക് അനുവദിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. (ബഡ്ജറ്റ് പ്രസംഗം 17-ാം പേജ് 27-ാം ഖണ്ഡിക). എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ (District Flagship Infrastructure Project-DFIP) പദ്ധതികൾക്കായി പണമൊന്നും വകയിരുത്തിയിരുന്നില്ല. 10-6-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 801/15/പൊ.മ.വ പ്രകാരം ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (DFIP) എന്ന പേരിൽ ഏകദേശം 3771 കോടി രൂപയാണ് 21 പദ്ധതികൾക്കായി പ്രഖ്യാപിച്ചിരുന്നത്. ഇതിനായി പണമൊന്നുംതന്നെ വകയിരുത്തിയിരുന്നില്ല. ഒന്നാം ഘട്ടമായി 10 പ്രവൃത്തികൾക്ക് 1620.30 കോടി രൂപയുടെ മതിപ്പുചെലവിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും സ. ഉ. (കൈ)നം.7/2016/പൊ.മ.വ. തീയതി 20-2-2016 മുഖേന നൽകിയിരുന്നു. 20-2-2016-ലാണ് അത് നൽകിയത്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പെട്രോളിനും ഡീസലിനും ഒരു രൂപ ക്രമത്തിൽ ചുമത്തുന്ന അധിക വിൽപ്പന നികുതിയുടെ 50% വിഹിതമായി വർഷംതോറും ഏകദേശം 200 കോടി രൂപ ലഭിക്കുമെന്നാണ് കണക്കാക്കപ്പെട്ടത്. ഈ തുക ഉപയോഗിച്ച് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുമെന്ന് സർക്കാർ ഉത്തരവായിരുന്നു. 30-6-2015-ലെ ജി. ഒ. (കൈ)നം. 112/2015/റ്റി.ഡി. പ്രകാരം മേൽപ്പറഞ്ഞ അധിക വിൽപ്പന നികുതിയുടെ 50 ശതമാനത്തിന് തുല്യമായ തുക പദ്ധതി നിർവ്വഹണത്തിനായി കേരള റോഡ് ഫണ്ട് ബോർഡിന് നൽകുമെന്നാണ് ഉത്തരവിലുണ്ടായിരുന്നത്. എന്നാൽ റോഡ് ഫണ്ട് ബോർഡിന് ഒരു രൂപ പോലും നൽകുകയുണ്ടായില്ല.

(സി) റദ്ദാക്കാനുള്ള തീരുമാനമൊന്നും ഈ സർക്കാർ കൊണ്ടുവന്നിട്ടില്ല. തെറ്റായ തീരുമാനം എടുത്തതിനെ ന്യായീകരിക്കാൻ വേണ്ടി ചില ആളുകൾ ഇത്തരത്തിൽ വ്യാപകമായി പ്രചരിപ്പിച്ചതാണ്. അത് തെറ്റാണ്. റദ്ദാക്കിയിട്ടില്ല. കൃത്യമായി ഫണ്ട് വകയിരുത്താതെ ഏറ്റെടുത്ത് നടത്താൻ മുൻസർക്കാർ തീരുമാനിച്ച മേൽ പ്രവൃത്തികൾക്ക് ഫണ്ട് കണ്ടെത്താനുള്ള നടപടിയാണ് ഉത്തരവാദിത്വത്തോടെയും ഭരണഘടനാപരമായും എന്റെ വകുപ്പും ഈ ഗവൺമെന്റും ചെയ്തത്. ബഡ്ജറ്റിൽ ഫണ്ടില്ലാതെ 3771 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തത് തികച്ചും സാമ്പത്തിക അധികാര ദുർവിനിയോഗമാണ്. ചട്ട ലംഘനമാണ്. ജനപ്രതിനിധികൾ ഇതു മനസ്സിലാക്കണം. ജനങ്ങളെ സർക്കാർ കബളിപ്പിക്കരുത്. ജനപ്രതിനിധികൾക്ക് ഇത് ബോധ്യപ്പെടേണ്ടതായിട്ടുണ്ട്. വഴിവിട്ട വികസനമാണ് വലിയ അഴിമതിക്ക് വഴിവയ്ക്കുന്നത്. കഴിഞ്ഞ സർക്കാർ തീരുമാനം വലിയ അഴിമതിക്ക് വഴിവയ്ക്കുമായിരുന്നു. എന്നാൽ പഴയ സർക്കാരിന്റെ ഭാരവാഹികളെ കൂടി സംരക്ഷിച്ചുകൊണ്ട് പുതിയ സർക്കാർ ശരിയായ നിരീക്ഷണം നടത്തിയാണ് പ്രവൃത്തികൾ തുടരാൻ ഉത്തരവിട്ടിട്ടുള്ളത്. വഴിവിട്ട പ്രവർത്തനത്തിന്റെ പേരിൽ പരിശോധന വരുമ്പോൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള പ്രക്ഷോഭങ്ങളിൽ

നിന്നും പിന്തിരിയണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതിനെല്ലാം തന്നെ ബില്ല് വരുമ്പോൾ പണം കൊടുക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച DFIP പദ്ധതി ഓരോ ജില്ലയിലും തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യത്തിന് വേണ്ടി പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ച് തൃശ്ശൂർ ജില്ലയിൽ അത്തരം പദ്ധതികൾ തുടങ്ങിവച്ചിട്ടുണ്ടോ; തുടങ്ങിയിട്ടുണ്ടെങ്കിൽ അതിന് പണം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, സംസ്ഥാനത്ത് ആകെ 5 എണ്ണം തുടങ്ങിയിട്ടുണ്ട്. അതിനാണ് പണം നൽകുമെന്ന് പറഞ്ഞത്. തൃശ്ശൂർ ജില്ലയിൽ തുടങ്ങിയിട്ടില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, അങ്ങ് പറഞ്ഞ മറുപടിയിൽ ഫണ്ടിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല എന്നും ബഡ്ജറ്റിൽ തുക വകയിരുത്താതെ 3771 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തത് തികച്ചും സാമ്പത്തിക ചട്ടലംഘന മാണെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ സാമ്പത്തികമായി ചട്ടലംഘനം നടത്തിയിട്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരത്തിലുള്ള ചില പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ പുല്ലേപ്പടി-തമ്മനം-ചക്കരപ്പറമ്പ് റോഡും, വൈറ്റില ഫ്ലൈഓവറും കുണ്ടന്നൂർ ഫ്ലൈഓവറും മുനമ്പം കവല മുതൽ വരാപ്പുഴ വരെയുള്ള റോഡുവികസനവു മൊക്കെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ സ്ഥിതിയെന്താണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, സ്ഥിതി ഞാൻ പറഞ്ഞല്ലോ. 21 വർക്കുകളെപ്പറ്റി പറഞ്ഞു. അതിൽ 5 എണ്ണം ആരംഭിക്കുകയാണ്, അത് അഭംഗുരം തുടരാൻ തീരുമാനിച്ചിരിക്കുകയാണ്. ബാക്കിയൊന്നും മുൻ ഗവൺമെന്റ് തുടങ്ങിയിട്ടില്ല. ഈ പദ്ധതികളൊന്നും അനാവശ്യമാണെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല. പക്ഷെ ഗവൺമെന്റ് തുടർച്ചയാണ്. ഒരു പരിപാടിയും ക്യാൻസൽ ചെയ്യുന്നില്ല. അങ്ങ് പറഞ്ഞ റോഡ് സംബന്ധിച്ച വിഷയം നിയമാനുസരണം മുന്നോട്ടുവരികയാണെങ്കിൽ അത് ഗവൺമെന്റ് പരിഗണിക്കും.

ശ്രീ. പി. ഉണ്ണി: സർ, പ്രഖ്യാപിച്ച പദ്ധതികൾക്ക് ടെക്നിക്കൽ സാങ്ഷൻ നൽകിയിട്ടുണ്ടോ; അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്ന് പൂർത്തിയാക്കുമെന്ന് പറയാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, പണി നടക്കുന്ന 5 എണ്ണത്തിന് ടെക്നിക്കൽ സാങ്ഷനും ഫിനാൻഷ്യൽ സാങ്ഷനും കൊടുത്തു. ഒന്നും നിർത്തിവയ്ക്കുണ്ട. അത് പരിശോധിച്ചാൽ മാത്രം മതി. എല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതി

അനുമതി പോലും വാങ്ങാതെ പാലം പണിയുന്നുണ്ടെന്നാണ് ഇപ്പോൾ ലഭിച്ച വിവരം. അതും ഞങ്ങൾ തടഞ്ഞിട്ടില്ല. പാലം താഴെ വീണാൽ ഞാൻ ഉത്തരവാദിയല്ല. അത് ഞാൻ ഫയലിൽ എഴുതും. ഇതൊക്കെ നടന്നിരിക്കുകയാണ്. ഇതൊന്നും ഞാൻ എതിർക്കുന്നില്ല. നടപടിക്രമങ്ങളെല്ലാം പാലിക്കുന്നതിന് തടസ്സമില്ലാതിരുന്നിട്ടും എടുത്തുചാടി ചെയ്തിരിക്കുകയാണ്. പക്ഷെ ഇപ്പോൾ പേടിക്കേണ്ട കാര്യമില്ല. എല്ലാം കറക്ടാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, 2015 മാർച്ച് 13-നാണ് ശ്രീ. കെ. എം. മാണി ഫ്ളാഗ്ഷിപ്പ് പരിപാടി പ്രഖ്യാപിച്ചത്. ഈ പദ്ധതിക്കുള്ള സ്ഥലമെടുപ്പ് ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്ന് ആ ബഡ്ജറ്റ് പ്രഖ്യാപനത്തിലുണ്ടായിരുന്നു. ഏതെങ്കിലും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, പണി നടക്കുന്ന 5 എണ്ണത്തിന് ഭൂമി ഏറ്റെടുക്കുന്നുണ്ട്. ബാക്കിയുള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും പണി തുടങ്ങിയിട്ടില്ല. ടെണ്ടർ പോലും ചെയ്തിട്ടില്ല.

ശ്രീ. പി. ടി. എ. റഹീം: സർ, 5 എണ്ണം സ്ഥലമെടുപ്പ് ആവശ്യമുള്ളതാണോ അല്ലാത്തതാണോ?

ശ്രീ. ജി. സുധാകരൻ: സർ, ആവശ്യമുള്ളതുമുണ്ട്. ഫിനാൻഷ്യൽ സാങ്ഷൻ പുതിയ ധനകാര്യ വകുപ്പുമന്ത്രി നൽകി. അതിന് ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് പണം നൽകും. അഞ്ചെണ്ണത്തിന്റെ കാര്യത്തിൽ പ്രശ്നമില്ല. പുതുതായി തുടങ്ങാനുള്ളത് കിഫ്ബിയിൽ വരുമ്പോൾ നമുക്ക് ചെയ്യാൻ സാധിക്കും.

ശ്രീ. മുരളി പെരുനെല്ലി: സർ, തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിനെ ബന്ധപ്പെടുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചൂണ്ടൽ-ഗുരുവായൂർ-ചാവക്കാട് 4 ലൈൻ-ഏകദേശം പതിനൊന്നര കിലോമീറ്ററുള്ള ഈ പദ്ധതി നടപ്പാക്കാനാവശ്യമായ ഇടപെടൽ ഉണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, പരിഗണിക്കാം. അതിന്റെ നടപടിക്രമങ്ങൾ പാലിച്ച് ഫയലായിട്ട് വന്നാൽ തീർച്ചയായിട്ടും പരിശോധിക്കാം. അങ്ങ് മുൻകൈയെടുക്കണം. ഞാനും കൂടെയുണ്ടാകും.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി കുറ്റിപ്പുറം എൻജിനീയറിംഗ് കോളേജ് മുതൽ ഷൊർണ്ണൂർ വരെയുള്ള തീരദേശ റോഡ് രണ്ടാം ഘട്ടത്തിൽ പണിയുമെന്ന് പറഞ്ഞിരുന്നു. അതിന്റെ സ്ഥലമേറ്റെടുക്കൽ നടപടിയായിട്ടുണ്ടോ; പട്ടാമ്പി പാലവും കാരമണ്ണ പാലവും ഈ പ്രോഗ്രാമിന്റെ ഭാഗമായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന് ഈ ബഡ്ജറ്റിൽ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പട്ടാമ്പി പാലത്തിന്റെ അവസ്ഥ വളരെ

ശോചനീയമാണ്. അടിയന്തരമായി ആ പ്രവൃത്തികൾ നടത്താനുള്ള സാധ്യതയുണ്ടോ; കാരമണ്ണ പാലത്തിന്റെ ഭാഗത്ത് റെയിൽവേയും പുഴയും മറ്റൊരുഭാഗത്ത് ഫോറസ്റ്റിന്റെ സ്ഥലവുമാണുള്ളത്. അവിടെയുള്ള നൂറ് കണക്കിന് കുടുംബങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടാൻ കാരമണ്ണ പാലം മാത്രമാണ് ഒരാശ്രയം. അത് അടിയന്തരമായി തുടങ്ങാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഫ്ലാഗ്ഷിപ്പിൽ 5 പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. ബാക്കിയൊന്നും നടപടിക്രമങ്ങളിലേയ്ക്ക് വന്നിട്ടില്ല. വലിയഴീക്കൽ പാലം, നാട്ടുകാണി-വഴിക്കടവ്-നിലമ്പൂർ-എടവണ്ണ-മഞ്ചേരി-മലപ്പുറം-വേങ്ങര -തിരൂരങ്ങാടി-പരപ്പനങ്ങാടി റോഡ് (90 km), ഇതിൽ അങ്ങയുടെ മണ്ഡലവും വരുമെന്ന് പ്രതീക്ഷിക്കുന്നു. രാമനാട്ടുകര മേൽപ്പാലം, കോഴിക്കോട് തോണ്ടയാട് മേൽപ്പാലം, ഹിൽ ഹൈവേ, ചെറുപുഴ-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട് ഇത്രയുമാണ് ഈ പദ്ധതിയിലുള്ളത്. ബാക്കി കാര്യങ്ങൾ പുതുതായി കൊണ്ടുവന്നാൽ എടുക്കാവുന്നതേയുള്ളൂ. എല്ലാ വൻകിട പദ്ധതികളും എടുക്കാനാണ് കിഫ്ബി തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കോഴിക്കോട് നഗരപാതാ വികസന പദ്ധതി. മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് ഈ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അതിന് ആവശ്യമായ പണം വകയിരുത്തിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ആ പദ്ധതിക്കാവശ്യമായിട്ടുള്ള പണം വകയിരുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പുതുതായി അധികാരത്തിൽ വന്ന ഗവൺമെന്റ് അത് പരിഗണിക്കുമോ; കോഴിക്കോട് നഗരപാതാ വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുള്ള 6 റോഡുകളുൾപ്പെടെ റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ നടക്കേണ്ടതാണ്. അതുംകൂടി കിഫ്ബിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അംഗീകാരം തരുമോ എന്നാണ് അറിയേണ്ടത്?

ശ്രീ. ജി. സുധാകരൻ : സർ, കോഴിക്കോട്ട് വമ്പിച്ച വികസന പ്രവർത്തനങ്ങൾ നടക്കുകയാണ്. അവിടെ ഫ്ലൈ ഓവറുണ്ട്. റോഡ് ഫണ്ട് ബോർഡ് പദ്ധതിയിൽപ്പെടുത്തേണ്ടതൊക്കെ അതിൽതന്നെ ഉൾപ്പെടുത്താം. അത് അങ്ങുമായുള്ള ചർച്ചയിൽ വ്യക്തമാക്കിയതാണ്. പുതിയ വൻകിട നിർമ്മാണ പദ്ധതികൾ പുതിയ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ ഉൾപ്പെടുത്താം. എല്ലാവരും അതിന്റെ പ്രോജക്ട് തയ്യാറാക്കണം. കോഴിക്കോട് നഗരത്തെ സമ്പൂർണ്ണമായി ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ആലപ്പുഴ ബൈപ്പാസ് ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതിയിൽ ആണോ ഉൾപ്പെട്ടിട്ടുള്ളത്? സംസ്ഥാന

ഗവൺമെന്റിന്റെ എത്ര വിഹിതമാണ് ആലപ്പുഴ ബൈപ്പാസിന്റെ പണി തീർക്കുന്നതിനുവേണ്ടി ഇപ്പോൾ വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, അത് ഫ്ലാഗ്ഷിപ്പ് പദ്ധതിയല്ല. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ്. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമുണ്ട്. ഇടയ്ക്കുവച്ച് അതിന്റെ പ്രവർത്തനം മന്ദീഭവിച്ചു. ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി അതിന് ഗതിവേഗം വച്ചിട്ടുണ്ട്. അതും കൊല്ലവും ഒരു കോൺട്രാക്ട് വിഭാഗമാണ് പിടിച്ചിട്ടുള്ളത്. അവിടെ നമ്മുടെ വിഹിതം എന്നുപറയുന്നത് 40 ശതമാനമാണ്.

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

5 (*94) ശ്രീ. വി. ജോയി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനായി ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) കിലോയ്ക്ക് 142 രൂപ നിരക്കിൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുമ്പോഴും ഗുണനിലവാരം കൂടിയ തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന തോട്ടണ്ടിക്ക് കിലോയ്ക്ക് 100 രൂപയിൽ താഴെ മാത്രം ലഭിക്കുന്ന സാഹചര്യം ഒഴിവാക്കി ഗുണനിലവാരം കൂടിയ തദ്ദേശീയ തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കാൻ ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : സർ,

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള 30 ഫാക്ടറികൾ 2015 സെപ്റ്റംബർ മാസം മുതൽ പ്രവർത്തനരഹിതമായിരുന്നു. കശുവണ്ടി വാങ്ങുന്നതിന് 6 തവണ ടെൻഡർ വിളിച്ചുവെങ്കിലും അനുകൂലമായ ഒരു ടെൻഡറും ലഭിച്ചിരുന്നില്ല. കാപ്പെക്സിന്റെ കീഴിലുള്ള 10 ഫാക്ടറികളുടെ സ്ഥിതിയും അത്യന്തം പരിതാപകരമായിരുന്നു. തോട്ടണ്ടിയുടെ ദൗർലഭ്യമായിരുന്നു ഫാക്ടറികൾ പ്രവർത്തിക്കാതിരുന്നതിന് കാരണം. ഈ സാഹചര്യത്തിൽ KSCDC-യിലും

CAPEX-ലും തോട്ടണ്ടി ലഭ്യമാക്കുന്ന വിഷയം ഒരു ഉന്നതതല സമിതി ചർച്ച ചെയ്യുകയും പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പേരെ ടെൻഡർ പ്രക്രിയയിൽ പങ്കാളിയാക്കാൻ ടെൻഡർ വ്യവസ്ഥയിൽ ചില മാറ്റങ്ങൾ അനുവദിക്കുന്നതിന് ഗവൺമെന്റ് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ വീണ്ടും ടെൻഡർ വിളിച്ചെങ്കിലും സാധുവായ ഒരു ടെൻഡറും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ, ഫാക്ടറികൾ അടിയന്തരമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി നിശ്ചിത ഗുണനിലവാരവും വിലയും ഉറപ്പുവരുത്തി കശുവണ്ടി വാങ്ങുന്ന വിഷയത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിനായി ധനകാര്യ വകുപ്പുമന്ത്രി, കാഷ്യു വകുപ്പിന്റെ ചുമതലയുള്ള ഫിഷറീസ് വകുപ്പുമന്ത്രി, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (കാഷ്യൂ) എന്നിവർ ഉൾപ്പെടുന്ന ഉന്നതതല യോഗം ചേരുകയും ഗുണനിലവാരവും ന്യായവിലയും ഉറപ്പുവരുത്തി ലഘുദർഘാസിലൂടെ തോട്ടണ്ടി വാങ്ങുന്നതിനുള്ള അനുമതി KSCDC-ക്കും CAPEX-നും നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. മാത്രമല്ല ചെറുകിട വെണ്ടേഴ്സിനെ കൂടി ടെണ്ടറിൽ സുഗമമായി പങ്കെടുപ്പിക്കുന്നതിനും ടെൻഡർ നടപടികൾ ചിട്ടപ്പെടുത്തുന്നതിനുമായി സ. ഉ. (ആർ.റ്റി)717/16/വ്യവ. തീയതി 1-8-2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ഫാക്ടറികൾ തുറന്നു പ്രവർത്തിക്കേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വെണ്ടർമാർക്ക് പർച്ചേസ് ഓർഡർ നൽകുന്നതിന് KSCDC-ക്കും CAPEX-നും അനുവാദം നൽകുകയുണ്ടായി. സർക്കാർ നിർദ്ദേശിച്ച വ്യവസ്ഥകൾ അനുസരിച്ച് ലോക്കൽ പർച്ചേസ് വഴി തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17-8-2016 മുതലും കാപ്പെക്സിന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികൾ 22-9-2016 മുതലും തുറന്ന്പ്രവർത്തനം പുനരാരംഭിച്ചു.

(ബി) കശുവണ്ടി വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ആവശ്യത്തിന് തോട്ടണ്ടി ലഭ്യമല്ല എന്നുള്ളതാണ്. തോട്ടണ്ടി ലഭ്യമാക്കുന്നതിനായി രണ്ട് മാർഗ്ഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്.

1. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക,

2. ഇറക്കുമതി കൂട്ടുക.

ഇറക്കുമതി പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഒരു SPV രൂപീകരിക്കുന്ന വിഷയം ഗവൺമെന്റ് പരിഗണിച്ചുവരുന്നു.

സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി കൂടുതൽ ബാങ്ക് ഫിനാൻസ് ലഭ്യമാക്കുന്ന വിഷയം

റിസർവ് ബാങ്കുമായും മറ്റു ബാങ്കുകളുമായും ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഫാക്ടറികൾ സമയബന്ധിതമായി ആധുനികവൽക്കരിച്ചും അവർക്കുവേണ്ടി നാടൻ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തിയും ഈ രംഗത്തെ പ്രതിസന്ധി പരിഹരിക്കാവുന്നതാണ്. കുറഞ്ഞ വിലയ്ക്ക് മേന്മയേറിയ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കാപ്പെക്സ് മേധാവികളും സർക്കാർ ഉദ്യോഗസ്ഥരും അടങ്ങിയ ഒരു ടീമിനെ തോട്ടണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന, ഹാർബർ എഞ്ചിനീയറിംഗ്, കശുവണ്ടി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ എന്നിവർ അടങ്ങുന്ന ഒരു ടീമിനെ ടാൻസാനിയായിലേയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി ഫെബ്രുവരി മാസം മുതൽ മേയ് മാസം അവസാനം വരെ മാത്രമേ കേരളത്തിൽ ലഭ്യമാകുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴേയ്ക്കും സീസൺ കഴിഞ്ഞിരുന്നു. അടുത്ത വർഷം മുതൽ തദ്ദേശീയമായ തോട്ടണ്ടി സംഭരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന തോട്ടണ്ടി പൂർണ്ണമായും കാപ്പെക്സിനും കശുവണ്ടി വികസന കോർപ്പറേഷനും ലഭിച്ചാലും നാലുമാസം ഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ മാത്രമേ കഴിയുകയുള്ളൂ. ഇപ്പോഴത്തെ അവസ്ഥയിൽ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി തന്നെയാണ് ഫാക്ടറി നടത്തുവാനായി ആശ്രയിക്കേണ്ടി വരുന്നത്. ഈ അവസ്ഥ മാറ്റുന്നതിന് കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കാനും ആഭ്യന്തര കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കാനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള കശുമാവ് തോട്ടങ്ങളിലെ തോട്ടണ്ടി സംഭരിച്ച് കാഷ്യു കോർപ്പറേഷന്റെയും കാപ്പെക്സിന്റേയും ഫാക്ടറികളിൽ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ച് വരികയാണ്. ഇക്കാര്യം കൃഷി വകുപ്പുമായും തദ്ദേശ സ്വയംഭരണ വകുപ്പുമായും ആലോചിച്ച് സംയുക്തമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആന്ധ്രാ പ്രദേശിലെ ശ്രീകാകുളത്തും പരിസര പ്രദേശങ്ങളിലും കശുമാവ് കൃഷി നടത്തുന്ന കാര്യം ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രി തലത്തിൽ ആലോചിച്ചുവരികയാണ്.

ശ്രീ. വി. ജോയി: സർ, കഴിഞ്ഞ ഓണത്തിന് കശുവണ്ടി തൊഴിലാളികൾ ആശങ്കയിലും മറ്റെല്ലാ വിഭാഗം തൊഴിലാളികൾ വളരെ

സന്തോഷത്തിലുമായിരുന്നു. കാപ്പെക്സിന്റെയും കോർപ്പറേഷന്റെയും ഫാക്ടറികൾ തുറപ്പിച്ചുകൊണ്ട് കശുവണ്ടി തൊഴിലാളികളുടെ ആശങ്കയ്ക്ക് പരിഹാരം കാണുകയും അവർക്കാവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്ത ധീരയായ വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, കാപ്പെക്സിന്റെയും കോർപ്പറേഷന്റെയും കീഴിലുള്ള ഫാക്ടറികൾ തുറന്നെങ്കിലും സ്വകാര്യ മേഖലയിലെ ഫാക്ടറികൾ തുറന്നിട്ടില്ല. അത് തുറപ്പിക്കുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? കേന്ദ്രസർക്കാർ ഇടക്കാലത്തായി ഇറക്കുമതി നികുതി കുറച്ചതായി പറയുന്നു. ഇത് ശരിയാണോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കശുവണ്ടി വ്യവസായത്തിൽ പൊതുമേഖലയിൽ 40 ഫാക്ടറികൾ മാത്രമേയുള്ളൂ. ബഹുഭൂരിപക്ഷവും സ്വകാര്യ ഫാക്ടറികളാണ്. അതിൽ രണ്ടു തരത്തിലാണ് സ്വകാര്യ ഫാക്ടറികൾ വരുന്നത്. ഒന്ന്, വൻകിട മുതലാളിമാർ നടത്തുന്ന ഫാക്ടറികൾ. രണ്ട്, ചെറുകിട മുതലാളിമാർ നടത്തുന്ന ഫാക്ടറികൾ. വൻകിട മുതലാളിമാർ ബോധപൂർവ്വമാണ് ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതെന്ന് ഗവൺമെന്റിനറിയാം. ഇതിനെതിരെ ശക്തമായ നിലപാടാണ് സർക്കാർ തുടരുന്നത്. ചെറുകിട വ്യവസായികൾക്ക് ബാങ്കുമായി ബന്ധപ്പെട്ട് കുറെ ലയബിലിറ്റി പ്രശ്നങ്ങളുണ്ട്. അക്കാര്യം ചർച്ച ചെയ്യുന്നതിനുവേണ്ടി റിസർവ് ബാങ്കും സംസ്ഥാനത്തെ നാഷണലൈസ്ഡ് ബാങ്കുകളുമായി ചർച്ച ചെയ്തുകൊണ്ട് റിസർവ് ബാങ്കിന്റെ നിർദ്ദേശമനുസരിച്ച് ഒരു empowered committee സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തന്നെ ചെറുകിട വ്യവസായികളുമായി ചർച്ച നടത്തിയിരുന്നു. ബാങ്കുകൾ സഹകരണാത്മകമായ നിലപാടാണ് സ്വീകരിക്കുന്നതെങ്കിലും പ്രായോഗിക തലത്തിൽ കുറച്ചു വേഗത പോരാത്തതാണ് സ്ഥിതി. വീണ്ടും മുഖ്യമന്ത്രിയുമായി ആലോചിച്ച് ഒരു മീറ്റിംഗ് കൂടി വിളിക്കാനും ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുറക്കാനും ഗവൺമെന്റ് മുൻകൈ എടുക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതിനിടയ്ക്ക് ഇറക്കുമതി ചുങ്കം കുറയ്ക്കുന്നതിനുപകരം വർദ്ധിപ്പിച്ചത് വ്യവസായത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. അതിന് മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും കേന്ദ്ര ഗവൺമെന്റുമായി ഇടപെട്ടിരുന്നു. കേന്ദ്രം ആ നിലപാടിൽനിന്ന് പിന്മാറാത്ത സ്ഥിതി കുറച്ചുപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. എല്ലാ ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. ജോയി</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൂലി കൊടുക്കാതിരിക്കുന്നതിനുവേണ്ടിയാണ് സ്വകാര്യ മേഖലയിലെ ഫാക്ടറികൾ അടച്ചിട്ടതെന്ന ഒരു ആക്ഷേപം പരക്കെ നിലനിൽക്കുന്നുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ പി.എഫ്, ഗ്രാറ്റുവിറ്റി, മറ്റ് അലവൻസുകൾ, ശമ്പള കുടിശ്ശിക ഇവയൊന്നും നൽകുന്നില്ല. ഇതിലും അങ്ങ് ഇടപെടുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കശുവണ്ടി വ്യവസായത്തിൽ വർദ്ധിച്ച കൂലിയാണ് എന്ന ഒരു പ്രചാരവേല ബോധപൂർവ്വം നടത്തിയിരുന്നു. പൊതുമേഖല ഫലപ്രദമായി പ്രവർത്തിച്ചിരുന്നെങ്കിൽ ഈ പ്രചാരവേലയെ അതിജീവിക്കാൻ കഴിയുമായിരുന്നു. നിർഭാഗ്യവശാൽ കഴിഞ്ഞ കാലത്ത് പൊതുമേഖല അടഞ്ഞുകിടന്നത് സ്വകാര്യ മുതലാളിമാരുടെ ഈ വാദത്തിന് ശക്തിപകരുകയും തൊഴിലാളികളെ നഗ്നമായി ചൂഷണം ചെയ്യുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തു. ഇപ്പോൾ സീസൺ അല്ലാത്തതിനാൽ വർദ്ധിച്ച വില കൊടുത്താണ് തോട്ടണ്ടി വാങ്ങിയത്. പട്ടിണിയിലായ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി എങ്ങനെയും ഫാക്ടറികൾ തുറക്കുക എന്നത് ഗവൺമെന്റിന്റെ ബാധ്യതയായിരുന്നു. നേരായ രീതിയിൽ വ്യവസായം നടത്തിയാൽ കൂലിയും തൊഴിലും ഉറപ്പുവരുത്തി ഈ വ്യവസായം ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയും. മുതലാളിമാരുടെ ചൂഷണത്തിനു വേണ്ടിയാണ് കൂലി വർദ്ധിച്ചുവെന്ന് അവർ പറയുന്നത്. അക്കാര്യത്തിൽ ശക്തമായി ഇടപെടാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജലാശയങ്ങളിലെ കയ്യേറ്റം

6 (*96) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകൾ, തടാകങ്ങൾ, കുളങ്ങൾ, കനാലുകൾ എന്നിവയുടെ വിസ്തൃതി സംബന്ധിച്ച് ഏറ്റവും ഒടുവിൽ സർവ്വെ നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർവ്വെയ്ക്കുശേഷം ഇവയുടെ വിസ്തീർണ്ണത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനം സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കയ്യേറ്റങ്ങളുടെ വ്യാപ്തി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കയ്യേറ്റങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ കായലുകൾ, തടാകങ്ങൾ, കുളങ്ങൾ, കനാലുകൾ എന്നിവയുടെ വിസ്തൃതി സംബന്ധിച്ച് പ്രത്യേകമായി സർവ്വേ ചെയ്തിട്ടില്ല. 2014-ൽ തിരുവനന്തപുരം

ജില്ലയിലാണ് ഏറ്റവും ഒടുവിലായി സർവ്വേ നടന്നത്. കാസർഗോഡ് (1925-30), കോഴിക്കോട് (1930), കോട്ടയം (1910, 1970 മുതൽ 1980 വരെ, 1988 മുതൽ 1993 വരെ എന്നീ കാലഘട്ടങ്ങളിൽ), എറണാകുളം (1853-1911 വരെ, 1994-2006, 1977-1980 എന്നീ വിവിധ കാലഘട്ടങ്ങളിലായി), ആലപ്പുഴ (1992-1994 കാലയളവിൽ) എന്നീ ജില്ലകളിൽ വർഷങ്ങൾക്ക് മുമ്പാണ് സർവ്വേ നടന്നിട്ടുള്ളത്. കൊല്ലം (2006-07), പത്തനംതിട്ട (1993-1994, 1994-1995, 2001) സർവ്വേ നടന്നിട്ടുണ്ട്. ആലപ്പുഴ (2016-ൽ), കോട്ടയം (1984-1994), ഇടുക്കി, വയനാട് (റീ സർവ്വേ ഭാഗികമായി), എറണാകുളം (1993-2015) വരെ എന്നീ ജില്ലകളിൽ റീസർവ്വേ നടന്നുവരുന്നു.

(ബി) തിരുവനന്തപുരം, കോഴിക്കോട്, വയനാട്, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ വിസ്തീർണ്ണ വ്യതിയാനം തിട്ടപ്പെടുത്തി വരുന്നു. ടി ജില്ലകളിലെല്ലാം കയ്യേറ്റം മൂലമുള്ള വിസ്തീർണ്ണ വ്യതിയാനം ബോധ്യപ്പെട്ടിട്ടുള്ളതാണ്. വ്യാപ്തി തിട്ടപ്പെടുത്തി വരുന്നു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിസ്തീർണ്ണ വ്യതിയാനം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ കയ്യേറ്റത്തിന്റെ വ്യാപ്തി പൂർണ്ണമായി തിട്ടപ്പെടുത്തിയിട്ടില്ല. ശ്രദ്ധയിൽപ്പെട്ട കേസ്സുകളിൽ സർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിൽ കയ്യേറ്റം മൂലമുള്ള വിസ്തീർണ്ണ വ്യതിയാനം കണ്ടെത്തിയിട്ടുള്ളതും നടപടി സ്വീകരിച്ചുവരുന്നതുമാണ്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കയ്യേറ്റത്തിന്റെ വ്യാപ്തി ശേഖരിച്ചിട്ടില്ല.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

7 (*97) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് ഈ സർക്കാർ നിലവിൽ വന്ന ശേഷം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതെങ്കിലും സാമൂഹ്യ-സാംസ്കാരിക സംഘടനകളുടെ പിന്തുണയോടെയാണോ ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്;

(സി) ഈ വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ട്;

(ഡി) സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്ക് തുടങ്ങുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. പൊതുവിദ്യാലയങ്ങളിലെ മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടുകൂടി ആവിഷ്കരിച്ചുവരുന്നു. കൂടാതെ, വിദ്യാർത്ഥികൾക്ക് പ്രകൃതിയെക്കുറിച്ച് കൂടുതൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനായി “ജൈവ വൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ ” എന്ന മറ്റൊരു പദ്ധതിക്കും രൂപം നൽകിവരുന്നു. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കും, ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സ്കൂളിലും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) എം. എൽ. എ. മാരുടെ വികസന ഫണ്ട്, ആർ. എം. എസ്. എ./ എസ്. എസ്. എ. സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാവരുടെയും പിന്തുണയോടുകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ആഗ്രഹിക്കുന്നു.

(സി) 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതിരേഖയിൽ 'ആശ്വാസ്' എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ "ജൈവ വൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ" എന്ന പദ്ധതിക്കായി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 2016-17 അദ്ധ്യയന വർഷത്തിൽ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ സംസ്ഥാനത്തെ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50,000 രൂപ വീതം വിനിയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജൈവ വൈവിധ്യത്തിന്റെ സന്ദേശം കുട്ടികളിൽ മാത്രം ഒതുക്കാതെ സമൂഹത്തിൽ മുഴുവൻ വ്യാപിപ്പിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജൈവ വൈവിധ്യ ഉദ്യാനത്തിന് ആവശ്യമായ സ്ഥലമുള്ള വിദ്യാലയങ്ങളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്.

## മണ്ഡല-മകരവിളക്ക് ഉത്സവത്തിന് മുന്നോടിയായുള്ള റോഡുകളുടെ അറ്റകുറ്റപ്പണി

8 (*98) ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല-മകരവിളക്ക് തീർത്ഥാടകരുടെ യാത്ര സുഗമമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ;

(ബി) ഉത്സവകാലാരംഭത്തിന് മുൻപായി റോഡുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം അറ്റകുറ്റപ്പണികളിൽ പതിവായി ആരോപിക്കപ്പെടുന്ന അഴിമതി ഇല്ലാതാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ & ബി) 2016-2017-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28-7-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/ പൊ. മ. വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ടുവരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുടെ ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഗുണനിലവാരം മുൻ നിർത്തി, മാനദണ്ഡങ്ങൾക്കനുസൃതമായി മണ്ഡലകാലം തുടങ്ങുന്നതിനുമുമ്പ് തന്നെ ശബരിമല റോഡുകളുടെ പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനായി ഇ-ടെണ്ടർ മുഖേന മേൽ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിക്കുകയും പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ എല്ലാവിധ ഗുണനിലവാര പരിശോധനകളും നടത്തിയുമാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്.

(സി) പ്രവൃത്തികളിൽ അഴിമതി ആരോപണം ഒഴിവാക്കുന്നതിന്റെ ഭാഗമായി ജന പ്രതിനിധികളുടെയും, ജില്ലാ കളക്ടർമാരുടെയും, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും സംയുക്ത പരിശോധന നടത്തിയാണ് ടി പ്രവൃത്തികൾ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ സംയുക്ത പരിശോധനാ സംഘത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രവൃത്തികൾക്കുള്ള തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനും, പൊതുമരാമത്ത് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റിലെ കൃത്രിമത്വം, മേൽനോട്ടത്തിലെ തകരാറുകൾ, ഗുണമേന്മയില്ലാത്ത പണികൾ എന്നിവ ഒഴിവാക്കാൻ എടുത്ത പുതിയ നടപടികൾക്കെതിരെ ഒരുക്കൂട്ടം കോൺട്രാക്ടർമാരും, ഉദ്യോഗസ്ഥരും, അഴിമതി രാഷ്ട്രീയക്കാരും ചേർന്ന് കുപ്രചരണം നടത്തിയിരുന്നു. KIIFB-യിൽ ഉൾപ്പെടുത്തി ആലപ്പുഴ-പത്തനംതിട്ട

ജില്ലകളിൽ ചെയ്ത ജോലികൾക്കുള്ള തുക, ബഡ്ജറ്റ് വർക്കുകളാണെന്ന് കുപ്രചരണം നടത്തി. അയ്യപ്പന്മാരുടെ ഗതാഗത പാതയായ അമ്പലപ്പുഴ ക്ഷേത്രം-തിരുവല്ല റോഡ് തകർന്ന് തരിപ്പണമായി കിടന്നിട്ടും, അത് കഴിഞ്ഞ സർക്കാർ പണി ചെയ്തില്ല. വാട്ടർ അതോറിറ്റി വെട്ടിപ്പൊളിച്ച് നാശമാക്കിയതാണ് പ്രസ്തുത റോഡ്. അത് മാതൃകാ റോഡാക്കി മാറ്റാനാണ് പുതിയ സർക്കാർ ശ്രമിക്കുന്നത്. അതിനെതിരെ പത്തനംതിട്ട കേന്ദ്രീകരിച്ച് കുപ്രചരണം നടത്താൻ ശ്രമമുണ്ടായി. പക്ഷെ ഉപഭോക്താക്കളായ ജനങ്ങൾ കുപ്രചരണങ്ങളെ തള്ളിക്കളഞ്ഞ് അമ്പലപ്പുഴ-തിരുവല്ല റോഡിന് മുറവിളി കൂട്ടുകയാണ്.

**ദേശീയ ദുരന്ത നിവാരണ അതോറിറ്റി**

9 (*99) ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ദേശീയ ദുരന്ത നിവാരണ അതോറിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ:

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്തിന് മാത്രമായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര ദുരന്ത നിവാരണ നിയമം 2015 അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും പ്രാദേശികമായ ദുരന്ത സാധ്യത അപഗ്രഥനം നടത്തി സംസ്ഥാനത്തിന് തനതായതും ജില്ലകൾക്ക് തനതായതുമായ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കണമെന്ന കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത ജില്ലാതല പദ്ധതികളും സംസ്ഥാന പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന തലത്തിൽ ദുരന്ത ലഘൂകരണ പദ്ധതി നടപ്പിൽ വരുത്തുവാൻ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും, ജില്ലാ തലത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. തൃശ്ശൂർ കേന്ദ്രമായി കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ ഒരു ടീമിനെ നിലനിർത്തിവരുന്നു. കേന്ദ്ര ദുരന്ത പ്രതികരണ സേനയ്ക്ക് കൊച്ചി

കേന്ദ്രമായി പ്രാദേശിക പ്രതികരണ കേന്ദ്രം നിർമ്മിക്കുവാൻ 5 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തെക്കാൾ ഈ കാലഘട്ടത്തിൽ ആവശ്യമെന്ന് കണ്ട് ഇന്ത്യ ഉൾപ്പെടെയുള്ള ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേയ്ക്കായി അംഗീകരിച്ച രൂപരേഖയിൽ നിന്നും പാഠം ഉൾക്കൊണ്ട് സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്തലഘൂകരണ കേന്ദ്രം തൃശ്ശൂരിൽ പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതേ രൂപരേഖ പ്രകാരം, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആവശ്യമായ ദുരന്ത മുന്നറിവ് സാങ്കേതികവിദ്യ വികസനം കെൽട്രോൺ മുഖാന്തരം തയ്യാറായി വരുന്നു. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രവർത്തനം നടക്കുന്നത്. സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകളുള്ള ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. 2017 മഴക്കാലത്തിനുമുമ്പ് പൂർണ്ണ തോതിൽ പുതിയ കേന്ദ്രത്തിൽ നിന്നും പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കത്തക്ക തരത്തിലുള്ള പ്രവർത്തനമാണ് നടന്നുവരുന്നത്.

**റോഡുകളുടെ അറ്റകുറ്റപ്പണി**

10 (*100) <u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് റോഡുകളുടെ അറ്റകുറ്റപ്പണിയിൽ നിലവാരം പുലർത്താതിരുന്നതുകൊണ്ട് വളരെയധികം റോഡുകൾ തകർന്ന് ഉപയോഗ ശൂന്യമായിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന റോഡ് വികസന പദ്ധതികൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഈ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി) കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ് പ്രവർത്തനക്ഷമമായാൽ റോഡു നിർമ്മാണത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പങ്കെന്തായിരിക്കുമെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് അറ്റകുറ്റപ്പണിയിൽ നിലവാരം പുലർത്താത്തതുകൊണ്ട് ചില റോഡുകൾ തകർന്നിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. Defect Liability Period-ന് മുമ്പായി ചില പ്രവൃത്തികളിൽ കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ അതാത് കരാറുകാരുടെ സ്വന്തം ചെലവിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉദാഹരണത്തിന്, എൻ. എച്ച്.-ലെ ഓച്ചിറ-ചേർത്തല റോഡ് നിർമ്മാണം. കേരളത്തിൽ ആദ്യമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ആലപ്പുഴയിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് ലഭിച്ചു. വമ്പിച്ച സ്വീകാര്യതയാണ് അതിന് ലഭിച്ചത്.

ദേശീയപാത വിഭാഗത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികളും, ഉപരിതലം മെച്ചപ്പെടുത്തലും നടത്തുന്നത് പൂർണ്ണമായും ഐ.ആർ.സി. സ്പെസിഫിക്കേഷനും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശവും അനുസരിച്ചാണ്. ഇത്തരം പ്രവൃത്തികളുടെ നിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് എഞ്ചിനീയർമാരെ കൂടാതെ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിലെ എഞ്ചിനീയർമാരും പരിശോധിച്ച് ഉറപ്പുവരുത്തുന്നു. എന്നാൽ കേരളത്തിലെ ഗതാഗത സാന്ദ്രതയ്ക്കനുസരിച്ചുള്ള ദേശീയപാതാ വികസനം സ്ഥലമെടുപ്പിലുള്ള കാലതാമസം കാരണം മുടങ്ങിയതിനാൽ ദേശീയപാതകളുടെ പല ഭാഗങ്ങളും ഉപരിതലം മെച്ചപ്പെടുത്തൽ മാത്രം നടത്തി ഗതാഗത യോഗ്യമാക്കി നിലനിർത്തുന്നതിനുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ഇക്കാരണത്താലും കേരളത്തിലെ ശക്തമായ കാലവർഷത്തിന്റെയും അമിത ഭാരം കയറ്റിയ ട്രക്കുകളുടെ സഞ്ചാരം നിമിത്തവും നിർമ്മാണത്തിൽ കരാറുകാരിൽ നിന്നുള്ള ചില അപാകതകൾമൂലവും ചില എഞ്ചിനീയർമാരുടെ വീഴ്ചയും കാരണം ദേശീയപാതകൾ അതിവേഗത്തിൽ തകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തകരാറുകൾ ശ്രദ്ധയിൽപ്പെട്ട മുറയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തി നിലവിൽ ദേശീയപാത സഞ്ചാരയോഗ്യമാക്കി വരുന്നുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി 5 ലക്ഷം രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുക വരുന്ന എല്ലാ പ്രവൃത്തികളുടെയും ടെണ്ടറുകൾ ഇ-ടെണ്ടറിംഗ് മുഖേന ഓൺലൈൻ വഴിയാണ് സ്വീകരിച്ചുവരുന്നത്. ഇതുകാരണം ടെണ്ടർ നടപടികൾ സുതാര്യമാകുന്നതിനോടൊപ്പം ടെണ്ടർ നടപടികളുടെ അഴിമതി ഒഴിവാക്കുവാനും സാധിക്കുന്നുണ്ട്. മേജർ പദ്ധതികളുടെ വിവരങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതികൾ തുടങ്ങുമ്പോൾ തന്നെ പദ്ധതി സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ബോർഡുകൾ പ്രസ്തുത പദ്ധതി പ്രദേശങ്ങളിൽ സ്ഥാപിക്കാറുണ്ട്.

ദേശീയപാതയിൽ പല പ്രധാന പദ്ധതികളും ഇ.പി.സി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനാൽ ഗുണനിലവാരം ഉറപ്പാക്കുന്ന ഉത്തരവാദിത്വം കരാറുകാരിൽ നിക്ഷിപ്തമാണ്. അതിനാൽ കരാറുകാർ തന്നെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ

കൂടുതൽ ശ്രദ്ധചെലുത്തിവരുന്നു. ഇതുകൂടാതെ സോഷ്യൽ ഓഡിറ്റിംഗ് നടത്തി പദ്ധതികളുടെ പ്രവൃത്തികൾ വിലയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ റോഡ് പ്രവൃത്തികളിൽ വേസ്റ്റ് പ്ലാസ്റ്റിക്, പ്രകൃതിദത്ത റബ്ബർ, ജിയോ ടെക്സ്റ്റയിൽസ്, കോൺക്രീറ്റ് എന്നിവ ഉപയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) Kerala Infrastructure Investment Fund Board (KIIFB) പ്രവർത്തനക്ഷമമായാൽ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇൻവെസ്റ്റിഗേഷൻ ചെയ്ത് പൊതുമരാമത്ത് വകുപ്പുവഴി ഡി. പി. ആർ. തയ്യാറാക്കി Kerala Road Fund Board മുഖേന KIIFB-ൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കി, കർശന ഗുണനിലവാരത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നിർവ്വഹണ ചുമതല പൊതുമരാമത്ത് വകുപ്പിനുതന്നെയാണ്.

പൊതുമരാമത്ത് വകുപ്പ് ഒരു ദേശീയ സംസ്ഥാന വകുപ്പാണ്. രാജവാഴ്ചക്കാലം മുതലുള്ള വകുപ്പാണ്. അതിനെ ഒഴിവാക്കാൻ ആർക്കും സാധ്യമല്ല. അതിനെ ബഹുമാനിക്കാതെ എടുത്തു ചാടുന്ന ആരും രക്ഷപ്പെടുകയില്ല. കാരണം പൊതുമരാമത്ത് വകുപ്പിന് ഭരണഘടന പരിരക്ഷയുണ്ട്. ക്രമക്കേട് കണ്ടെത്തിയാൽ നിയമപ്രകാരം നടപടി സ്വീകരിക്കാം. KIIFB വന്നത് സാമ്പത്തിക കാരണത്താലാണ്. ധനകാര്യ വകുപ്പിന് വൻകിട പദ്ധതികൾക്ക് പണമില്ല. പണം ബഡ്ജറ്റിന് വെളിയിൽ കണ്ടെത്തണം. അതിനുള്ള സംവിധാനം മാത്രമാണ് KIIFB. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അതിന്റെ ചെയർമാൻ. ധനകാര്യ വകുപ്പിന് പുറമേ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും ഇതിൽ അംഗമാണ്. വമ്പിച്ച അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കാൻ ഇതുവഴി പൊതുമരാമത്ത് വകുപ്പിന് കഴിയും എന്ന മന്ത്രിസഭാ തീരുമാനമാണ് KIIFB-യെ പൊതുമരാമത്ത് വകുപ്പുമായി ബന്ധിപ്പിക്കുന്നത്.

## പാഠപുസ്തകങ്ങളുടെ അച്ചടി

11 (*101) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ നടപ്പു അദ്ധ്യയനവർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടി എത്ര ശതമാനം പൂർത്തിയായിരുന്നു;

(ബി) 9,10 എന്നീ ക്ലാസുകളിലെ ഐ.ടി. പുസ്തകങ്ങളും 8-ാം ക്ലാസിലേക്കുള്ള ബേസിക് സയൻസ് പുസ്തകങ്ങളും എന്നാണ് വിദ്യാർത്ഥികൾക്ക് വിതരണത്തിനായി എത്തിച്ചത്;

(സി) ഈ വർഷം വിദ്യാർത്ഥികൾ പുസ്തകം ലഭ്യമാകുന്നതിനു മുൻപ് ഓണപ്പരീക്ഷ എഴുതേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) 68.17 ശതമാനം പൂർത്തിയായിരുന്നു.

(ബി) 16-6-2016-ന് മുമ്പായി 9, 10 ക്ലാസ്സുകളിലെ പുസ്തകങ്ങൾ വിതരണത്തിനായി ഹബ്ബുകളിൽ എത്തിക്കുകയും കുറവായി കണ്ടെത്തിയ 8-ാം ക്ലാസ്സിലേതുൾപ്പെടെയുള്ള 94, 934 പുസ്തകങ്ങൾ റീ-പ്രിന്റ് ചെയ്ത് ഓണപ്പരീക്ഷയ്ക്ക് മുമ്പായി തന്നെ സ്കൂളുകളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) ഓണപരീക്ഷയ്ക്ക് മുമ്പ് തന്നെ മുഴുവൻ പുസ്തകങ്ങളും സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം**

12 (*102) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ബിരുദ വിദ്യാർത്ഥികൾക്കായി ഗവേഷണ സഹായ പദ്ധതി നടപ്പിലാക്കി യിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്കായി വിവര സാങ്കേതിക വിദ്യ എത്രമാത്രം പ്രയോജന പ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ആസ്പയർ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം,

ഫ്ലയർ,(ഫോസ്റ്ററിംഗ് ലിങ്കേജസ് ഇൻ അക്കാഡമിക് ഇന്നവേഷൻ ആന്റ് റിസർച്ച്) ഗവേഷണ സഹായ പദ്ധതി (SSP), പഠിതാവിനൊപ്പം (WWS) എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് സാങ്കേതിക വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു:

1 സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി.

2 തിരുവനന്തപുരം എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി (ടെസ്റ്റ്) റിസർച്ച് പാർക്ക്.

3 ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ (റ്റി. ആർ. സി.).

4 കോളേജുകളിലെ ക്യൂ. ഐ. പി. കേന്ദ്രങ്ങൾ.

5 എഞ്ചിനീയറിംഗ് കേളേജുകളിലെ വിദ്യാഭ്യാസ വിഭവകേന്ദ്രങ്ങൾ (എഡ്യൂക്കേഷണൽ റിസോഴ്സ് സെന്ററുകൾ).

6 പോളിടെക്നിക്ക് കോളേജുകളിൽ ഉൽപാദന-പരിശീലന കേന്ദ്രം സ്ഥാപിക്കൽ.

7 പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ.

8 ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ ബാംബൂ ടെക്നോളജി.

9 പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ.

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, മികവ്, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ സമിതി. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിന് ഈ സമിതി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജുകൾ, ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും ഗവേഷണ പദ്ധതികളും, മറ്റ് പ്രധാന പദ്ധതികളായ പാഠ്യപദ്ധതികളുടെ നവീകരണവും പരീക്ഷാ പരിഷ്കരണവും, മാനവികശേഷി വികസനവും കാര്യക്ഷമതാ

പരിപോഷണവും, അക്കാദമിക മേഖലയിലുള്ള അന്താരാഷ്ട്ര സഹകരണത്തിനുള്ള പദ്ധതികൾ, ഹ്രസ്വ-ദീർഘകാല ഗവേഷണ പദ്ധതികൾക്ക് സാമ്പത്തിക സഹായം, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ശിൽപശാല, IT@HigherEducation പദ്ധതി, അന്താരാഷ്ട്ര സമ്മേളനങ്ങളും കൂടിയാലോചനകളും തുടങ്ങിയവയാണ് കൗൺസിൽ നടപ്പിലാക്കി വരുന്നത്.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ ബിരുദ വിദ്യാർത്ഥികൾക്കായി ഗവേഷണ സഹായ പദ്ധതിയും, (SSP) പഠിതാവിനോടൊപ്പം (WWS) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(i) ഗവേഷണ സഹായ പദ്ധതി (SSP):

ബിരുദ തലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരായവരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായി പ്രത്യേകതരം ക്ലാസ്സുകൾ നൽകുക, സർവ്വകലാശാല പരീക്ഷാ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തര സൂചികകളോടൊപ്പം വിതരണം ചെയ്യുക, വ്യക്തിഗത പരിശീലനം, വിശേഷാലുള്ള അദ്ധ്യാപനം എന്നിവയാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്.

ഓരോ കോളേജുകളിലും 50 ആദ്യവർഷ വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയിൽ പ്രവേശനം നൽകുന്നത്. ഇവർക്ക് രണ്ടും മൂന്നും വർഷങ്ങളിലും പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഓരോ വർഷവും 100 മണിക്കൂർ പാഠവിഷയങ്ങളിൽ ക്ലാസ്സുകളും 5 മണിക്കൂർ പൊതുവായ ക്ലാസ്സുകളും സംഘടിപ്പിക്കുന്നു. സർവ്വകലാശാല പരീക്ഷകളിൽ മാർക്ക് കുറവായ വിഷയങ്ങളെക്കുറിച്ച് നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ തെരഞ്ഞെടുത്ത വിഷയങ്ങളിലാണ് കോളേജ് കൗൺസിലിന്റെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങളും പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്നു.

2012-2013 സാമ്പത്തിക വർഷം കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ആരംഭിച്ച ഈ പദ്ധതി 2013-2014-ൽ 27 എയ്ഡഡ് കോളേജുകളിലേയ്ക്ക് വ്യാപിപ്പിച്ചു. 2014-2015-ൽ എല്ലാ എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി തുടങ്ങി. കോളേജിലെ തന്നെ അദ്ധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതാണ് പ്രത്യേകത. കോളേജ് തലത്തിൽ ഒരു കോ-ഓർഡിനേറ്റർ പ്രവർത്തിക്കുന്നുണ്ട്. പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിനായി കോളേജ് കൗൺസിൽ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നു.

(ii) പഠിതാവിനോടൊപ്പം (Walk with a Scholar) :

ആർട്സ്-സയൻസ്-കോമേഴ്സ് ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി മാർഗ്ഗനിർദ്ദേശം എന്ന ആശയം അവതരിപ്പിക്കുന്നതോടൊപ്പം ഉപദേഷ്ടാവിനെ ഒരു മാർഗ്ഗദർശിയായും കൂട്ടുകാരനായും പരിഗണിക്കുന്നു. ഡിഗ്രി തലത്തിൽ ഒരു കോളേജിൽ ഒന്നാം വർഷം 30 കുട്ടികളെ കഴിവിന്റേയും താൽപ്പര്യത്തിന്റേയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുവാനും ഉയർന്ന തൊഴിൽ സാധ്യതകൾ സ്വായത്തമാക്കുവാനും ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും, പ്രോത്സാഹനവും, മാനസിക പിൻബലവും നൽകുന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. ഇതിനായി അതാത് സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുത്ത ആന്തരിക ഉപദേഷ്ടാക്കളും പ്രഗത്ഭരായ വിദ്യാഭ്യാസ വിദഗ്ദ്ധർ ഉൾപ്പെടുന്ന ബാഹ്യ ഉപദേഷ്ടാക്കളും പ്രവർത്തിക്കുന്നു.

(സി) സർക്കാർ/എയ്ഡഡ് കോളേജുകളിലെ ഉന്നതവിദ്യാഭ്യാസ പഠന നിലവാരം വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ IT@HigherEducation എന്ന പദ്ധതിക്കായി പഠനം നടത്തിവരുന്നു.

(ഡി) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ആസ്പയർ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. രാജ്യത്തെ മികച്ച ഫാക്കൽറ്റികളുടെയും സ്ഥാപനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും ഹ്രസ്വകാല പ്രോജക്ടുകൾ ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ പദ്ധതി.

### സ്കൂളുകൾ സുരക്ഷിതമാക്കുക എന്ന ലക്ഷ്യം

13 (*103) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'രാജ്യത്തെ സ്കൂളുകൾ സുരക്ഷിതമാക്കുക' എന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 2010 ൽ സുപ്രീംകോടതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) ഈ അദ്ധ്യയനവർഷം മുഖത്തല എം. ജി. ടി. എച്ച്. എസ്, പത്തനംതിട്ട മൗണ്ട് ബദനി ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ കെട്ടിടം തകർന്നുണ്ടായ അപകടങ്ങളുടെ വെളിച്ചത്തിൽ സുരക്ഷിത വിദ്യാഭ്യാസം സംബന്ധിച്ച നിർദ്ദേശങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ WP(C)483/2004 നമ്പർ കേസിന്മേലുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 13-04-2009-ലെ ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ് പ്രകാരം ഓരോ സ്കൂളും 2005-ലെ നാഷണൽ ബിൽഡിംഗ് കോഡ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതോടൊപ്പം മിനിമം സുരക്ഷാ ക്രമീകരണങ്ങൾ കൂടി പാലിക്കേണ്ടതാകുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി ബഹുമാനപ്പെട്ട സുപ്രീംകോടതി നൽകിയിട്ടുണ്ട്.

(i) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട സർക്കാരുകളും കേന്ദ്രഭരണപ്രദേശങ്ങളും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങൾ ഇന്ത്യയുടെ നാഷണൽ ബിൽഡിംഗ് കോഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമ്മിച്ചിട്ടുള്ളതെന്നും ഉറപ്പാക്കേണ്ടതാണ്.

(ii) നിലവിലുള്ള എല്ലാ സർക്കാർ/സ്വകാര്യ സ്കൂളുകളും ആറ് മാസത്തിനകം അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.

(iii) സ്കൂൾ കെട്ടിടങ്ങൾ പെട്ടെന്ന് തീപിടിക്കുവാൻ സാധ്യതയുള്ളതും വിഷലിപ്തവുമായ പദാർത്ഥങ്ങളിൽനിന്നും വിമുക്തമാക്കേണ്ടതാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ പ്രസ്തുത പദാർത്ഥങ്ങൾ അതീവ സുരക്ഷയോടെ സൂക്ഷിക്കേണ്ടതാകുന്നു.

(iv) നാഷണൽ ബിൽഡിംഗ് കോഡിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് ബന്ധപ്പെട്ട എഞ്ചിനീയർമാരും ഉദ്യോഗസ്ഥരും സ്കൂൾ കെട്ടിടത്തിന്റെ ഘടന കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതും കൃത്യമായ പരിശോധനയ്ക്ക് ശേഷം മാത്രം സുരക്ഷാപത്രം നൽകേണ്ടതുമാകുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉടനെതന്നെ അച്ചടക്ക നടപടിക്ക് വിധേയമാക്കാവുന്നതാണ്.

(v) അഗ്നിശമന ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനം സ്കൂളിലെ സ്റ്റാഫിനും ഇതര ഉദ്യോഗസ്ഥർക്കും നൽകേണ്ടതാണ്.

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്നുറപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന് നിർദ്ദേശിക്കുകയും അവ പരിശോധിച്ച് ഉറപ്പാക്കുകയും ചെയ്യാറുണ്ട്.

(സി) സുരക്ഷിത വിദ്യാഭ്യാസം സംബന്ധിച്ച എല്ലാ നിർദ്ദേശങ്ങളും ശരിയായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യമേഖലയുടെ വികസനം**

14 (*104) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളുടെ വികസനത്തിനാണ് പ്രസ്തുത പദ്ധതി ഊന്നൽ നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ):

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളായ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ, സാഫ്, അഡാക്ക് എന്നിവ മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പദ്ധതികൾ ഊന്നൽ നൽകുന്ന മേഖലകൾ ചുവടെ ചേർക്കുന്നു:

1. തീരദേശത്തെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ.

2. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പുനരുദ്ധാരണ പദ്ധതി.

3. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കായി ഭൂമി വാങ്ങുന്ന പദ്ധതി.

4. ഹാച്ചറികളുടെ നിർമ്മാണവും പുനരുദ്ധാരണവും.

5. മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ.

6. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി.

7. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ.

8. മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പരിപാലന പദ്ധതികൾ.

9. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ.

10. മത്സ്യത്തൊഴിലാളി സ്ത്രീ ശാക്തീകരണം പദ്ധതി.

(സി) 2016-2017 ബഡ്ജറ്റിൽ മത്സ്യമേഖലയിലെ പദ്ധതികൾക്കും ഫിഷറീസ് യൂണിവേഴ്സിറ്റിക്കുമായി 430.31 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് 12.5 കോടി എണ്ണം മത്സ്യവിത്ത് മത്സ്യകൃഷിക്ക് പ്രതിവർഷം ആവശ്യമായി വരും. എന്നാൽ നിലവിൽ പ്രതിവർഷം 2.5 കോടി മത്സ്യവിത്ത് മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ഫിഷറീസ് വകുപ്പിന്റെ ഹാച്ചറികളിലെ ഉൽപ്പാദനം അടുത്ത ഒരു വർഷത്തിനുള്ളിൽ 4 കോടിയായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**റീസർവ്വെ നടപടികൾ**

15 (*105) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി റീസർവ്വെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) റീസർവ്വെ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) റീസർവ്വെയിൽ വന്ന അപാകതകൾ പരിഹരിക്കാൻ നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പരിഹാര നടപടികൾ കുറ്റമറ്റ രീതിയിൽ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളിലെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 8 വില്ലേജുകളിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനവും 53 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനവും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 409/2012/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വെ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവ് (എം. എസ്.) 200/2010/റവന്യൂ തീയതി 31-5-2010 പ്രകാരം, റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെ ഭൂപരാതികളിന്മേൽ അതാത് താലൂക്ക് ഓഫീസുകൾ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) റീസർവ്വേയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ച് എത്രയും വേഗം തീർപ്പുകൽപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾക്കെതിരെ നടപടി

16 (*106) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മിതിയിൽ ഉണ്ടാകാവുന്ന ക്രമക്കേടുകൾ നിയന്ത്രിക്കാൻ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിശ്ചിതകാലയളവിനു മുമ്പ് റോഡിനോ, നടപ്പാതയ്ക്കോ നാശനഷ്ടമുണ്ടാവുകയോ നിർമ്മാണവൈകല്യം കണ്ടെത്തുകയോ ചെയ്താൽ കരാറുകാരനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പ് പണികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് നടപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ

ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും, മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. നിലവിലെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പേയ്മെന്റ് നടത്തി വരുന്നത്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും പൂർണ്ണമായും കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരെ കൂടാതെ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ എഞ്ചിനീയർമാരും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. പുതുക്കിയ പൊതുമരാമത്ത് മാന്വൽ ചട്ടം 2406 പ്രകാരം 5 കോടി രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന പ്രവൃത്തികൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനുമായി വകുപ്പിന് പുറമേയുള്ള ഒരു സ്വതന്ത്ര ഏജൻസിയെയോ വിദഗ്ദ്ധനെയോ ഉപയോഗിച്ച് പണി പൂർത്തിയാക്കുന്ന ഉടനെ തന്നെ ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും അതാത് പ്രദേശത്തെ ജനപ്രതിനിധികളെയും സാങ്കേതിക വിദഗ്ദ്ധരെയും ഉൾക്കൊള്ളിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റിംഗ് കമ്മിറ്റി രൂപീകരിച്ച് ഓരോ പ്രവൃത്തികൾക്കും സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

(ബി) നിശ്ചിതകാലയളവിന് മുമ്പ് റോഡിനോ, നടപ്പാതയ്ക്കോ കരാറുകാരന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾമൂലം തകരാറുകൾ സംഭവിക്കുകയാണെങ്കിൽ കരാറുകാരന്റെ ചെലവിൽ അത് പരിഹരിക്കുന്നതിന് കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാറുണ്ട്. അനർഹമായ ലാഭമുണ്ടാക്കുക എന്ന ഉദ്ദേശത്തോടെ പ്രവൃത്തികളിൽ ഗുരുതരമായ ഗുണനിലവാര തകർച്ച വരുത്തുന്നപക്ഷം പ്രസ്തുത കരാറുകാരനെ കരിമ്പട്ടികയിൽപ്പെടുത്തുകയും കൂടാതെ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥനെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്.

## പ്ലാസ്റ്റിക്-പോളിമർ മിശ്രിതം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

17 (*107) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക്ക്, പോളിമർ എന്നിവ ചേർന്ന മിശ്രിതം ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഇത്തരത്തിലുള്ള റോഡു നിർമ്മാണം പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ;

(സി) നിലവിലെ റോഡു നിർമ്മാണ രീതിയും പ്ലാസ്റ്റിക്ക്, പോളിമർ എന്നിവ കലർത്തിയുള്ള റോഡ് നിർമ്മാണ രീതിയും തമ്മിലുള്ള താരതമ്യ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) പുതിയ രീതിയിലുള്ള റോഡ് നിർമ്മാണത്തിന്റെ ചെലവും ഈടുനില്ക്കുന്നതിനുള്ള ശേഷിയും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) വേയ്സ്റ്റ് പ്ലാസ്റ്റിക് ഉപയോഗിക്കാൻ തീരുമാനമുണ്ട്.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ താൽപ്പര്യ പ്രകാരം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എങ്ങനെ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാം എന്നതിനെപ്പറ്റി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒരു പഠനം 2006-ൽ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി പ്ലാസ്റ്റിക് മെറ്റീരിയൽ ഉപയോഗിച്ചു കൊണ്ടുള്ള റോഡ് നിർമ്മാണം 2006-ൽ തിരുവനന്തപുരം ജില്ലയിൽ പുല്ലാനിവിള-നരിക്കൽ റോഡിൽ 500 മീറ്റർ ചെയ്യുകയുണ്ടായി. റോഡിന്റെ ബേസ് കോഴ്സിന് 8 ശതമാനം പ്ലാസ്റ്റിക്കും സീൻ കോട്ടിന് 3 ശതമാനം പ്ലാസ്റ്റിക്കും ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത റോഡിനെ 5 വർഷക്കാലം (6/2011) വരെ നിരീക്ഷിച്ചതിൽനിന്നും കാര്യമായ അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നിട്ടില്ല.

(ഡി) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനായി ഒരു കിലോമീറ്റർ ദൂരം 7.00 മീറ്റർ വീതിയിൽ 20 എം.എ. chipping carpet ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിന് 1.00 ടൺ (1000 കിലോ) ശുദ്ധീകരിച്ച പ്ലാസ്റ്റിക് (Shredded Plastic) വേണ്ടി വരും. പരമ്പരാഗത രീതിയിൽ 20 എം.എം. chipping carpet, 7.00 മീറ്റർ വീതിയിൽ ഒരു കിലോമീറ്റർ ദൂരം ചെയ്യുന്നതിന് 15.00 ലക്ഷം രൂപ വേണ്ടിവരും. ശുദ്ധീകരിച്ച പ്ലാസ്റ്റിക് കഷ്ണങ്ങളാക്കി 20 എം.എം. chipping carpet-നോടൊപ്പം ചേർത്ത് 7.00 മീറ്റർ വീതിയിൽ ഒരു കിലോമീറ്റർ ദൂരം ചെയ്യുന്നതിന് 15.25 ലക്ഷം രൂപ വേണ്ടിവരും. അതായത് ശുദ്ധീകരിച്ച പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിന് താരതമ്യേന 2 ശതമാനത്തിന് താഴെയുള്ള അധിക ചെലവാണ് വരുന്നത്. 2013-ൽ

ഇൻഡ്യൻ റോഡ് കോൺഗ്രസ് (IRC) SP 98 2013 പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇതുപ്രകാരം ചുവടെ ചേർക്കുന്ന മേന്മകൾ എടുത്ത് പറയുന്നുണ്ട്.

1. ഡീഫോർമേഷനെ ചെറുക്കുന്നതിനുള്ള ഉയർന്ന ശേഷി.
2. വെള്ളം ടാർ സർഫസിനുള്ളിൽ ഒലിച്ചിറങ്ങിയുണ്ടാകുന്ന കേടുപാടുകളെ ചെറുക്കുന്നതിനുള്ള ഉയർന്ന ശേഷി.
3. റോഡിന്റെ ഉപരിതലം കേടുപാടുകൾ കൂടാതെ ദീർഘകാലം നിലനിൽക്കുന്നു.
4. റോഡിന്റെ ഉപരിതലത്തിന് കൂടുതൽ ദൃഢതയും ഉറപ്പും ലഭിക്കുന്നു.
5. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തുവാൻ കഴിയുന്നു.
6. 5 ശതമാനത്തോളം ബിറ്റുമിൻ ലാഭിക്കുവാൻ കഴിയുന്നു.
7. കയർ, ജിയോ ടെക്സ്റ്റയിൽസ്, കോൺക്രീറ്റ്, റബ്ബർ എന്നിവ റോഡിനെ കൂടുതൽ സുരക്ഷിതമായി നിലനിർത്തുമെന്ന് കണ്ടെത്തിയിരിക്കുന്നു.

**പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ**

18 (*108) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളോടനുബന്ധിച്ചുള്ള നടപ്പാതകൾ കച്ചവട സ്ഥാപനങ്ങളുൾപ്പെടെയുള്ളവർ കയ്യേറി കച്ചവടം നടത്തിവരുന്നത് റോഡു സുരക്ഷയ്ക്ക് ഉയർത്തുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവോര കച്ചവടക്കാരെ സംരക്ഷിക്കുന്നതു സംബന്ധിച്ച നയം റോഡു സുരക്ഷയ്ക്ക് ഹാനികരമാവാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ കണ്ടെത്താനും അവ ഒഴിപ്പിക്കാനും ഉപയുക്തമായ വിധം എഞ്ചിനീയർമാരുടെ റോഡു പരിശോധന കൃത്യമായി നടത്താൻ നിർദ്ദേശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡുകളോടനുബന്ധിച്ചുള്ള നടപ്പാതകളിൽ കച്ചവട സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർ കയ്യേറി കച്ചവടം നടത്തുന്നത് റോഡ് സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും, സ്വമേധയാ ഒഴിയാൻ തയ്യാറാകാത്തവരെ റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡപ്രകാരം ദേശീയപാതകളുടെ റൈറ്റ് ഓഫ് വേ-യിൽ യാതൊരുവിധ കയ്യേറ്റങ്ങളോ തെരുവോര കച്ചവടങ്ങളോ അനുവദനീയമല്ല.

(സി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിന് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി ആദ്യമായി കേരളത്തിൽ കേരളാ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16/പൊ. മ. വ. തീയതി 3-9-2016 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മന്ത്രിസഭാ തീരുമാനപ്രകാരം വന്ന ടി ഉത്തരവുപ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിന് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും, പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ. എച്ച്.-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)-നെയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)-യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. നേരത്തെതന്നെ റോഡുകൾക്കും നടപ്പാതകൾക്കും നാശനഷ്ടം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി

സ്വീകരിക്കാവുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർമാരും, പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ എടുക്കുന്ന കേസുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ജില്ലാ കളക്ടർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പ്രതിമാസ അവലോകനം നടത്തേണ്ടതും അവലോകനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് യഥാസമയം ലഭ്യമാക്കേണ്ടതും ഇത്തരത്തിൽ എടുക്കുന്ന നടപടികളെ സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തേണ്ടതുമാണ്.

നടപടികൾ എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതിന്റെ ഫലമായി റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ അത്തരത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും. കൂടാതെ പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കാനുമുള്ള റോഡുപരിശോധന, എഞ്ചിനീയർമാർ നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് മണ്ണെണ്ണ സബ്സിഡി**

19 (*109) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് ആവശ്യത്തിനു വേണ്ട മണ്ണെണ്ണ സബ്സിഡി നിരക്കിൽ ലഭ്യമാകാത്തത്, മത്സ്യ ലഭ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഇവരെ പ്രതിസന്ധിയിലാക്കുന്നത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്കായി കേന്ദ്രസർക്കാർ സബ്സിഡി നിരക്കിൽ മണ്ണെണ്ണ അനുവദിക്കുന്നുണ്ടോ; എങ്കിൽ ആകെ എത്ര മണ്ണെണ്ണയുടെ ആവശ്യകതയുണ്ടെന്നും കേന്ദ്രം അനുവദിക്കുന്നത് എത്രയെന്നും അറിയിക്കാമോ;

(സി) മണ്ണെണ്ണ വില വർദ്ധിപ്പിക്കുവാനുള്ള തീരുമാനത്തിൽ നിന്ന് കേന്ദ്രത്തെ പിൻതിരിപ്പിയ്ക്കാനാവശ്യമായ നടപടി സ്വീകരിയ്ക്കുമോ;

(ഡി) അധിക സബ്സിഡി നൽകുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ എന്ന കാര്യം അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ പൊതുവിതരണ സമ്പ്രദായം വഴി എഞ്ചിനുകളുടെ കുതിര ശക്തിക്കനുസരിച്ച് നിശ്ചിത അളവിലാണ് മണ്ണെണ്ണ വിതരണം ചെയ്തുവരുന്നത്. ഈ മണ്ണെണ്ണ മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിന് അപര്യാപ്തമായ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോടുകൂടി വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നത്. കേന്ദ്ര പൊതുമേഖലാ എണ്ണക്കമ്പനികളുടെ സഹകരണത്തോടുകൂടി ലിറ്ററൊന്നിന് 25 രൂപ സബ്സിഡി നിരക്കിൽ എഞ്ചിന്റെ കുതിര ശക്തിക്കനുസരിച്ച് പ്രതിമാസം 140 ലിറ്റർ മുതൽ 190 ലിറ്റർ വരെ വെള്ള മണ്ണെണ്ണ പെർമിറ്റ് ഉടമകൾക്ക് മത്സ്യഫെഡ്ഡിന്റെ കീഴിലുള്ള 12 മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ മാർക്കറ്റ് നിരക്കിൽ അധിക മണ്ണെണ്ണയും നൽകിവരുന്നു. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും മണ്ണെണ്ണ ലഭ്യത ഉറപ്പാക്കാൻ പ്രാഥമിക സഹകരണ സംഘങ്ങൾ യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി മത്സ്യഫെഡ്ഡിന് നൽകാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യമേഖലയ്ക്ക് പ്രത്യേക മണ്ണെണ്ണ ക്വാട്ട അനുവദിച്ച് നൽകുന്നില്ല. എന്നാൽ ഗാർഹിക ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച് നൽകുന്ന മണ്ണെണ്ണയിൽ നിന്നും പ്രതിമാസം 2525 കിലോലിറ്റർ മണ്ണെണ്ണ മത്സ്യമേഖലയ്ക്കായി പൊതുവിതരണ സമ്പ്രദായത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. ശരാശരി പ്രതിമാസം എഞ്ചിനൊന്നിന് 750 ലിറ്റർ എന്ന നിരക്കിൽ ആകെ 20,000 എഞ്ചിനുകൾ പ്രവർത്തിപ്പിക്കാൻ 15,000 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(സി) കസ്റ്റംസ് ഡ്യൂട്ടിക്ക് തുല്യമായ തുക സബ്സിഡിയായി നൽകുന്നതിനുള്ള സാമ്പത്തിക സഹായത്തിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ലിറ്ററൊന്നിന് 25 രൂപ സബ്സിഡി നൽകിക്കൊണ്ടാണ് നിശ്ചിത അളവിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്തുവരുന്നത്. ഈ വർഷം വെള്ള മണ്ണെണ്ണയ്ക്ക് 3.5 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. 64.50 കോടി രൂപ കൂടി അധികമായി വകയിരുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## റെയിൽവേ ലൈനുകളുടെ മെയിന്റനൻസ്

20 (*110) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ ലൈനുകളുടെ മെയിന്റനൻസിലെ അപാകതകൾ അപകട സാധ്യതയുണ്ടാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെയിന്റനൻസിലെ അപാകതകൾ കാരണമുണ്ടായതായി സംശയിക്കപ്പെടുന്ന അപകടങ്ങൾമൂലം യാത്രക്കാർ നേരിടേണ്ടി വരുന്ന ദുരിതവും കഷ്ടനഷ്ടങ്ങളും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കൃത്യമായ മെയിന്റനൻസും സുരക്ഷാ പരിശോധനകളുമുണ്ടെങ്കിൽ ട്രെയിനുകളുടെ വേഗം വർദ്ധിപ്പിക്കാനും യാത്രാസമയം കുറയ്ക്കാനും സാധിക്കും എന്നത് പരിശോധിക്കുവാനും റെയിൽ അധികൃതരുടെ ഭാഗത്തുനിന്നും അനുകൂല തീരുമാനം നേടിയെടുക്കാനും ശ്രമിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി റെയിൽവേ ലൈനുകളുടെ മെയിന്റനൻസ് സംബന്ധിച്ച ജോലികൾക്ക് റെയിൽവേ ഉയർന്ന പരിഗണന നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ന്യായമായ നടപടി ഉണ്ടായിട്ടില്ല എന്ന പരാതി സർക്കാർ റെയിൽവേ അധികാരികളെ പലതവണ അറിയിച്ചിട്ടുണ്ട്.

(സി) ശ്രമിച്ചുവരുന്നു. പാത ഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചുകൊണ്ടും അറ്റകുറ്റപ്പണികൾ പൂർണ്ണമായി നടത്തിക്കൊണ്ടും പുതിയ ട്രെയിനുകൾ അനുവദിച്ചുകൊണ്ടും മാത്രമേ വേഗം വർദ്ധിപ്പിച്ച് യാത്രാസമയം കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ നടപടികൾ ത്വരിതഗതിയിൽ എടുത്തുവരുന്നു.

## മരാമത്ത് പണികളുടെ ഗുണനിലവാരം

21 (*111) ശ്രീ. കെ. ദാസൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങളെന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആധുനിക സാങ്കേതിക സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാനുവലിന്റെ ചട്ടം 2401.1 പ്രകാരം ദ്വിതല ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവൃത്തികളുടെ ഗുണമേന്മ ചുമതലയുള്ള ഫീൽഡ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും രണ്ടാംഘട്ടം ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി പരിശോധിക്കുകയും പരിശോധന റിപ്പോർട്ട് ചീഫ് എഞ്ചിനീയർമാർക്കും അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കേണ്ടതുമാണ്. ഇതുകൂടാതെ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന നിർമ്മാണ പ്രവൃത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ധൻമാരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനാ ഫലങ്ങൾ തുടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, തിരുവനന്തപുരത്തിന് അയച്ചുകൊടുക്കുകയും നടപടികളെടുക്കുകയും ചെയ്തുവരുന്നു. നിലവിൽ ഉണ്ടായിരുന്ന മരാമത്ത് വിജിലൻസിനെ ഫലപ്രദമാക്കാൻ അതിനെ പുനഃസംഘടിപ്പിച്ചു. 9 അംഗ ടീമിനെ നിയമിച്ചു പ്രവർത്തിച്ചുവരുന്നു. ദേശീയപാത ജോലികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ ആധുനിക സംവിധാനങ്ങളും കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. ടാറിംഗ് പ്രവർത്തികളുള്ള സ്ഥലങ്ങളിൽ പ്ലാന്റ് സൈറ്റിലും റോഡുകളിലും എത്തി ബിറ്റുമിൻ എക്സ്ട്രാക്ടർ, സീവ്സ്, തെർമോമീറ്റർ എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നതിലേയ്ക്കായി (നിരത്തുകളും പാലങ്ങളും) ചീഫ് എഞ്ചിനീയറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ക്വാളിറ്റി

കൺട്രോൾ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ സോഷ്യൽ ഓഡിറ്റിംഗ് കൂടി നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

(ബി) മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി താഴെപ്പറയുന്ന ആധുനിക ഉപകരണങ്ങളും അനുബന്ധ സംവിധാനങ്ങളും ഉപയോഗിക്കുന്നുണ്ട് :

1. ബിറ്റുമിൻ എക്സ്ട്രാക്റ്റർ.
2. കംപ്രഷൻ ടെസ്റ്റിംഗ് മെഷീൻ
3. ഇംപാക്ട് ടെസ്റ്റിംഗ് മെഷീൻ
4. അബ്രേഷൻ ടെസ്റ്റിംഗ് മെഷീൻ
5. സീവ് അനാലിസ്റ്റിക് ടെസ്റ്റ് ഉപകരണങ്ങൾ
6. കോർ കട്ടിംഗ് മെഷീൻ
7. കാലിഫോർണിയ ബെയറിംഗ് റേഡിയോടെസ്റ്റ് മെഷീൻ
8. യൂണിവേഴ്സൽ ടെസ്റ്റിംഗ് മെഷീൻ.

**കശുവണ്ടി ഫാക്ടറികൾ**

22 (*112) ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കാത്തത് തൊഴിലാളികളെ ദുരിതത്തിലാക്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻതോതിൽ തോട്ടണ്ടി കൈവശം വച്ചിട്ടും ഫാക്ടറി നടത്തില്ലെന്ന വൻകിട മുതലാളിമാരുടെ ധാർഷ്ട്യം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഫാക്ടറി മുതലാളിമാർ ഉന്നയിക്കുന്ന പ്രധാന ആവശ്യങ്ങളും അവയോടുള്ള സർക്കാരിന്റെ നിലപാടും എന്തെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹുമാനപ്പെട്ട ഫിഷറീസ് & ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽനിന്നും തന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ച് വരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

(സി) ഫാക്ടറി മുതലാളിമാർ ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ടി ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്:

1. ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം യഥാവിധി ലഭിക്കുന്നില്ല. ലോൺ കുടിശ്ശിക ഈടാക്കുന്നതിന് ബാങ്കുകൾ കടുത്ത നടപടികൾ സ്വീകരിക്കുന്നു. അതിനാൽ നിലവിലുള്ള ലോണിന് മൊറട്ടോറിയം ഏർപ്പെടുത്തി പുതിയ ലോൺ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മകമായി ഇടപെടണം.

3. ബാങ്ക് സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ സെയിൽസ് ടാക്സ് ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കണം.

4. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ യന്ത്രവൽക്കരണം നടത്തുന്നതിന് സർക്കാരിൽനിന്നും സാമ്പത്തിക സഹായം നൽകണം.

5. തോട്ടണ്ടി ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

6. കയർ മേഖലയ്ക്ക് നൽകുന്ന സഹായം കശുവണ്ടി മേഖലയ്ക്കും നൽകണം.

7. കശുവണ്ടി മേഖലയിൽ തൊഴിലും വ്യവസായവും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണം.

8. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളുമടങ്ങിയ എംപവേർഡ് കമ്മിറ്റി വിളിച്ചുചേർക്കണം.

9. തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ഒരു ദീർഘകാല പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ/ബാങ്ക്/വ്യവസായ പ്രതിനിധികളടങ്ങിയ കൺസോർഷ്യം രൂപീകരിക്കുന്ന കാര്യം പരിശോധിക്കണം.

വ്യവസായികൾ ഉന്നയിച്ച വിഷയങ്ങളിൽ ഗവൺമെന്റിന് തുറന്ന സമീപനമാണുള്ളത്. സംസ്ഥാനത്ത് വ്യവസായം നടത്തുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് ലോൺ റീ സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് 6 മാസത്തേയ്ക്ക് മൊറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടേയും സർക്കാർ പ്രതിനിധികളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കുന്നതിന് ഒരു ദീർഘകാല പദ്ധതിക്കായി ഒരു കൺസോർഷ്യം രൂപീകരിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ നടത്തി വരികയാണ്. കേരളത്തിന് പുറത്ത് ആന്ധ്രാപ്രദേശിൽ കശുമാവ് കൃഷി നടത്തുന്നതിനുവേണ്ടി ആന്ധ്രാ സർക്കാരുമായി ആലോചിച്ച് വരികയാണ്.

## സംസ്ഥാനത്തെ റെയിൽ പാതകൾ

23 (*113) ശ്രീ. പി. കെ. ശശി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. നൗഷാദ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽപാതകൾ പലയിടത്തും വിള്ളലുള്ളതും സുരക്ഷിതമല്ലാത്ത അവസ്ഥയിലും ഉള്ളതാണെന്ന് അടുത്ത കാലത്തുണ്ടായ ട്രെയിൻ അപകടം വെളിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നിരുത്തരവാദപരവും അനാസ്ഥയോടെയുമുള്ള റെയിൽവേയുടെ നിലപാട് തിരുത്തിക്കാൻ സമ്മർദ്ദം ചെലുത്തുമോ;

(സി) മതിയായ റെയിൽവേ ജീവനക്കാരുടെ അഭാവം യാത്രക്കാരുടെ സുരക്ഷിതത്വത്തിന് ഭീഷണിയുയർത്തുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്ന് അത് പരിഹരിക്കാൻ വേണ്ട നടപടി ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) ഉണ്ട്.

(ബി) കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷ സംബന്ധിച്ച് അടിക്കടിയുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ റെയിൽവേ ലൈനുകളുടെ സുരക്ഷിതത്വം സംബന്ധിച്ച കാര്യങ്ങളിൽ പുനഃപരിശോധന നടത്തുന്നതിനും കേരളത്തിൽ ഓടുന്ന ദീർഘദൂര ട്രെയിനുകളിലെ കോച്ചുകളുടെ കാലപ്പഴക്കം സംബന്ധിച്ചും നിലവിലെ സ്ഥിതിയിൽ പുരോഗതി ഉണ്ടാകുന്നതിന് വേണ്ടിയും യാത്രക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ടിയും ഈ വിഷയം അടിയന്തര പ്രാധാന്യം നൽകി വകുപ്പുമന്ത്രി 28-8-2016, 30-8-2016, 20-9-2016-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-9-2016-നും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്നും പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ സുരക്ഷിതത്വം റെയിൽവേയുടെ പ്രധാന ഉത്തരവാദിത്വമാണ്. തിരുവനന്തപുരം ഡിവിഷനിൽ റെയിൽവേ പാതയ്ക്ക് 1300 കി.മീ. ദൂരമാണുള്ളത്. പ്രസ്തുത പാതയിൽ 34 ഇടങ്ങളിലായി 5 കി. മീ. താഴെ വേഗ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. റെയിൽവേയുടെ അനാസ്ഥ തിരുത്താൻ വലിയ ബഹുജന പ്രക്ഷോഭം വേണ്ടിവരുന്ന സ്ഥിതിയാണുള്ളത്.

(സി)സുരക്ഷാ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ ഏതാണ്ട് 8 ശതമാനത്തോളമാണ്. അത് അനുവദനീയമായ പരിധിക്കുള്ളിലാണ് എന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**കലാ-കായിക അദ്ധ്യാപക നിയമനങ്ങൾ**

24 (*114) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ കലാ-കായിക അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനങ്ങൾ നടത്താത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കായികാദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഫണ്ട് നഷ്ടമാകാൻ ഇടയായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് കലാ-കായിക, പ്രവൃത്തി പരിചയ മേഖലകളിൽ ബോധനം നല്കാൻ യോഗ്യത നേടിയ അദ്ധ്യാപകരെ നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ സർക്കാർ സ്കൂളുകളിലും കലാ, കായിക, പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കാൻ കെ.ഇ.ആർ. പ്രകാരം കഴിയില്ല. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അഞ്ഞൂറോ അതിൽ കൂടുതലോ കുട്ടികൾ പഠിക്കുന്ന യു.പി. സ്കൂളുകളിൽ/യു. പി. വിഭാഗത്തിൽ, ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയും ഹൈസ്കൂൾ വിഭാഗത്തിൽ കലാ, കായിക, പ്രവൃത്തിപരിചയ വിഷയങ്ങൾക്ക് ആഴ്ചയിൽ 5 പീരിയഡുകളെങ്കിലും ലഭ്യമാണെങ്കിൽ പ്രസ്തുത വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നുണ്ട്. ഇപ്രകാരം തസ്തിക അനുവദിക്കുമ്പോൾ തയ്യൽ അദ്ധ്യാപക തസ്തിക അനുവദിക്കണമെങ്കിൽ 200 പെൺകുട്ടികൾ ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഈ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുന്ന തസ്തികകളാണ് സർക്കാർ സ്കൂളുകളിൽ നിയമനം നടത്തുന്നത്. ഇപ്രകാരം റെഗുലർ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ കുട്ടികളുടെ അഭാവം മൂലമാണ് ഭൂരിഭാഗം സർക്കാർ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കഴിയാത്തത്.

(ബി) ഉണ്ട്. വിദ്യാഭ്യാസ അവകാശ നിയമം 2009-ൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ ആകെ 100-ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ കലാ, കായിക, പ്രവൃത്തി പരിചയ വിഷയങ്ങളിൽ പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിൽ പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാതിരുന്നതിനാൽ അതിനായി അനുവദിച്ചിരുന്ന കേന്ദ്ര ഫണ്ട് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) വിദ്യാർത്ഥികൾക്ക് കലാ, കായിക മേഖലകളിൽ ബോധനം നൽകുന്നതിലേയ്ക്കായി 2016-2017 വർഷം സംസ്ഥാനത്തെ അർഹമായ എല്ലാ വിദ്യാലയങ്ങളിലും പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാഠപുസ്തക വിതരണം

25 (*115) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് അദ്ധ്യയന വർഷം പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിച്ചിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്റെ കാരണമെന്താണെന്നും ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ നേരിടുന്ന വൈഷമ്യം ഇല്ലാതാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കുമോ;

(ബി) അടുത്ത അദ്ധ്യയന വർഷം മുതൽ സ്കൂൾ തുറക്കുന്നതിന് മുൻപ് തന്നെ പാഠപുസ്തകങ്ങൾ ലഭിക്കുമെന്ന് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പാഠപുസ്തക അച്ചടി ഏത് ഏജൻസിയെ ആണ് ഏൽപ്പിച്ചിരിക്കുന്നതെന്നും അത് മോണിറ്റർ ചെയ്യാനാവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ഉണ്ട്. ചില സ്കൂളുകൾ യഥാസമയം ഇൻഡന്റ് ചെയ്യുതിരുന്നില്ലെന്നതും സൈറ്റിൽ അവ രേഖപ്പെടുത്തിയോ എന്ന കാര്യം പരിശോധിക്കാതിരുന്നതും പല സ്കൂളുകളും ഇൻഡന്റ് ചെയ്യതിലും കൂടുതൽ പുസ്തകങ്ങൾ ആവശ്യപ്പെട്ടതും 2016-17 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തെ പ്രതികൂലമായി ബാധിച്ചു. 26-7-2016, 27-7-2016 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന സംസ്ഥാനത്തെ എല്ലാ ഡി. ഡി. ഇ./ഡി. ഇ. ഒ.-മാരുടേയും ശിൽപ്പശാലയിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ കൈവശമുള്ള പുസ്തകങ്ങളുടെ കണക്ക് പരിശോധിച്ചപ്പോൾ ആവശ്യമില്ലാതെ പല കേന്ദ്രങ്ങളിലും പുസ്തകങ്ങൾ വിതരണം ചെയ്യതായും അവ അവിടെ സൂക്ഷിച്ചിരിക്കുന്നതായും ചില സ്ഥലങ്ങളിൽ കുറവുള്ളതായും കണ്ടെത്തിയതിൻ പ്രകാരം മുഴുവൻ ഡി.ഡി.ഇ.-മാരുടേയും കൈവശമുള്ള അധികമുള്ള പുസ്തകങ്ങൾ ജില്ലയിൽ ഒരിടത്ത് ശേഖരിച്ചുവയ്ക്കുവാനും അവർ നൽകിയ എക്സസ്/ഷോർട്ടേജ് ലിസ്റ്റ് പ്രകാരം പുസ്തകങ്ങൾ മറ്റ് ഡി.ഡി.ഇ.-മാർക്ക് റീ-അറേഞ്ചുമെന്റ് നടത്തി നൽകുന്നതിനായി 14 റവന്യൂ ജില്ലകളെ 3 മേഖലകളായി തിരിച്ച് അധികമുള്ളവ ശേഖരിച്ച് വയ്ക്കുകയും ആവശ്യമുള്ളവ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ഇൻഡന്റ് നൽകിയതിൽ 1,88,159 പുസ്തകങ്ങൾ കെ.ബി.പി.എസ്. വിതരണം

നടത്താതിരുന്നതും കുറവായി കണ്ടെത്തിയ 64,003 പുസ്തകങ്ങളും കഴിഞ്ഞ അദ്ധ്യയന വർഷം കെ. ബി. പി. എസ്. ബാലൻസ് സ്റ്റോക്കെടുക്കുന്നതിൽ പിഴവ് സംഭവിച്ചതുമൂലം കുറവായ എട്ടാം ക്ലാസ്സിലെ ബേസിക് സയൻസ് (ഇംഗ്ലീഷ് മീഡിയം) 13,868 മാത്തമാറ്റിക്സ് (ഇംഗ്ലീഷ്) 16,000 എന്നിവയടക്കം 94,934 എണ്ണം അടിയന്തരമായി റീപ്രിന്റ് ചെയ്ത് വിതരണം നടത്തുകയും ചെയ്തതോടുകൂടി പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുവാനും പാഠപുസ്തകങ്ങൾ ലഭിക്കാതെ വന്ന വൈഷമ്യം ഇല്ലാതാക്കുവാനും സാധിച്ചു.

(ബി) ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-2018 അദ്ധ്യയന വർഷത്തിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ 3 വാല്യങ്ങളാക്കി ആകെ 511 ടൈറ്റിലുകളാണുള്ളത്. 1 മുതൽ 7 വരെ ക്ലാസ്സുകളിലെ ടൈറ്റിൽ മൊഡ്യൂൾ വാല്യങ്ങളാക്കി തിരിച്ച് പ്രിന്റിംഗിനായി നൽകിക്കഴിഞ്ഞു. അതോടൊപ്പം 2016-17-ലെ 1 മുതൽ 9 വരെ ക്ലാസ്സുകളിലെ ആറാം സാദ്ധ്യായ ദിവസത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ 50 ശതമാനം എന്ന അടിസ്ഥാനത്തിൽ ആകെ 3,94,64,200 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുവേണ്ടി ടെൻടേറ്റീവ് പ്രിന്റ് ഓർഡർ നൽകുകയും അന്തിമ പ്രിന്റ് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എറണാകുളം കാക്കനാട് പ്രവർത്തിക്കുന്ന കെ. ബി. പി. എസ്. എന്ന സ്വയംഭരണ സ്ഥാപനത്തിനാണ് പാഠപുസ്തക അച്ചടിയുടെ അനുമതി നൽകിയിട്ടുള്ളത്. അച്ചടിയുടെ തുടർനടപടികൾ മോണിറ്റർ ചെയ്യുന്നതിന് പാഠപുസ്തക ഓഫീസർ/പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ അടക്കം 7 അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പുനർനിർമ്മിക്കപ്പെടുന്ന റോഡുകളുടെ പരിപാലനം**

26 (*116) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ .ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ പുനർനിർമ്മിക്കുന്നതിന് കരാർ നൽകുമ്പോൾ പ്രസ്തുത റോഡുകളുടെ ആയുസ്സിന് ഒരു ഗ്യാരൻറി പീരിയഡ് നിഷ്കർഷിക്കുന്നതിനോടൊപ്പം ആയതിൻെറ പരിപാലന ചുമതല കൂടി കരാറുകാരെ ഏല്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിഷ്കർഷിക്കുന്ന ഗ്യാരൻറി പീരിയഡ്, പരിപാലന ചുമതല എന്നിവയുടെ കാലപരിധി വ്യക്തമാക്കുമോ;

(സി) പരിപാലന ചുമതലയേൽക്കുന്ന കരാറുകാർ പ്രസ്തുത റോഡുകൾ വിവിധ കുത്തക കമ്പനികൾക്ക് വെട്ടി മുറിക്കുന്നതിനും, കേടുവരുത്തുന്നതിനും അനുവാദം നൽകുകയാണെങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ ഏജൻസികൾ തമ്മിൽ ഏകോപനമില്ലാത്തത് മൂലം റോഡുകൾ പല തവണ കുഴിക്കുന്നത് ഒഴിവാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 73/2013/പൊ.മ.വ. തീയതി 31-8-2013 പ്രകാരം Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരുടെ ചെലവിൽ തന്നെ പരിഹരിക്കുന്നതാണ്. ഇതുകൂടാതെ 5 വർഷത്തെ ഗ്യാരണ്ടിയോടു കൂടി ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ചില റോഡുകളുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ എല്ലാം തന്നെ നിലവിലെ മൂന്നുവർഷത്തെ ഗ്യാരണ്ടി പീരിയഡിന് പുറമെ പരിപാലന ഉറപ്പുകാലം കൂടി വയ്ക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) സർക്കാർ ഉത്തരവ് ജി.ഒ. (എം. എസ്.) നമ്പർ 73/2013/പൊ. മ. വ. തീയതി 31-8-2013 പ്രകാരം വിവിധ പ്രവൃത്തികൾക്കായി നിശ്ചയിച്ചിരിക്കുന്ന Defect Liability Period ചുവടെ ചേർക്കുന്നു:

1. New road construction including sub base and base and BM&BC Surfacing-36 months.

2. New road construction including surface and base and surfacing with specification other than BM & BC- 24 months.

3. Surfacing renewal with BM & BC-24 months

4. Surfacing renewal with minimum 30 mm BC/SDBC of specification of similar standards-18 months.

5. Surface renewal with 20 mm chipping carpet or specification of similar standards-12 months.

6. Ordinary repairs and maintenance of Road and Buildings-6 months.

7. Special repairs of roads-18 months.
8. Road marking using thermoplastic paint-12 months.
9. Retro reflective sign Boards/direction Boards-36 months.
10. Temporary works-Defect Liability period will be fixed based on use period and will be specified in each case by the Agreement Authority.

(സി) പൊതുമരാമത്ത് വകുപ്പിലെ റോഡുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുവാദത്തോടുകൂടി മാത്രമേ മറ്റ് ഏജൻസികൾക്ക് പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ. റോഡുകളുടെ പ്രവൃത്തികളുടെ Defect Liability Period-ൽ വരുന്ന കേടുപാടുകൾ പ്രസ്തുത വർക്കിന്റെ കരാറുകാർ സ്വന്തം ചെലവിൽ പരിഹരിക്കുന്നതാണ്. അവ നടപ്പാക്കാത്തപക്ഷം അതിനുവേണ്ടിവരുന്ന ചെലവ് കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണ്.

(ഡി) കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ദേശീയപാത പുനർനിർമ്മിക്കുമ്പോൾ കേബിൾ തുടങ്ങിയ യൂട്ടിലിറ്റി സർവ്വീസുകൾ കടത്തിവിടുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ദേശീയപാതകളുടെ വശങ്ങളിലൂടെയും കുറുകെയും നിർമ്മിക്കുന്നതായിരിക്കും. ആയതിനാൽ കൂടെക്കൂടെയുള്ള റോഡ് വെട്ടിമുറിക്കലുകൾ ഒഴിവാക്കാൻ കഴിയുന്നതാണ്. പ്രവൃത്തിയുടെ പ്രാരംഭദിശയിൽ തന്നെ അതുമായി ബന്ധപ്പെട്ട ഏജൻസികളുടെ ഏകോപനത്തോടുകൂടി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുദ്രപ്പത്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയുടെ വർദ്ധനവ്

27 (*117) ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരങ്ങൾക്ക് മുദ്രപ്പത്ര വില , രജിസ്ട്രേഷൻ ഫീസ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഈ വർദ്ധനവ് നടപ്പിലാക്കിയത്;

(ബി) പ്രസ്തുത വർദ്ധനവ് നടപ്പിലാക്കിയതിന് ശേഷം 2016 ആഗസ്റ്റ് 31 വരെ ഇതിൽനിന്നും ലഭിച്ച അധിക വരുമാനം എത്ര രൂപയാണ്;

(സി) വർദ്ധനവ് സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് പിൻവലിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരങ്ങൾക്ക് മുദ്രപ്പത്ര വില, രജിസ്ട്രേഷൻ ഫീസ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവ് 18-7-2016 മുതൽ നിലവിൽ വന്നു.

(ബി) പ്രസ്തുത വർദ്ധനവ് നടപ്പിലാക്കിയതിന് ശേഷം 2016 ആഗസ്റ്റ് 31 വരെ 98,76,308/- രൂപ അധിക വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) നിയമസഭയിലാണ് വർദ്ധനവ് വരുത്തിയത്. അതിനാൽ നിയമസഭയിലേ പുനഃപരിശോധിക്കാൻ കഴിയൂ എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

28 (*118) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതര സംസ്ഥാനങ്ങളിലെ പൊതുവിദ്യാലയങ്ങളിൽ ഇത്തരം ഒരു പദ്ധതി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. 10-1-2013-ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 8/2013/പൊ.വി.വ. പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവായെങ്കിലും തുടർനടപടികൾ ഉണ്ടായില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

29 (*119) ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിനായി എന്തു സാമ്പത്തിക സഹായമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകിക്കൊണ്ടിരുന്ന സാമ്പത്തിക സഹായത്തിൽ ഈ സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചത് ഐ.ഇ.ഡി. സെല്ലിന്റെ അനാസ്ഥമൂലമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) വെട്ടിക്കുറച്ച ആനുകൂല്യം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ബുക്ക് & സ്റ്റേഷനറി അലവൻസ് (പ്രതിവർഷം 400 രൂപ), എസ്കോർട്ട് അലവൻസ് (പ്രതിവർഷം 750 രൂപ), റീഡേഴ്സ് അലവൻസ് (പ്രതിവർഷം 500 രൂപ), യൂണിഫോം അലവൻസ് (പ്രതിവർഷം 500 രൂപ), ട്രാൻസ്പോർട്ട് അലവൻസ് (പ്രതിവർഷം 500 രൂപ) എന്നിവ നൽകി വരുന്നു. ഇവയ്ക്ക് പുറമെ ഒമ്പത് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് 1500 കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 3,000 രൂപ വീതവും, ഹോസ്റ്റൽ അലവൻസ് 36 കുട്ടികൾക്ക് 10,000 രൂപ വീതവും, ബുക്ക് & സ്റ്റേഷനറിയ്ക്കായി 23,952 പേർക്ക് 600 രൂപ വീതവും, യൂണിഫോം അലവൻസായി 630 രൂപ വീതവും, ട്രാൻസ്പോർട്ട് അലവൻസായി 600 രൂപ വീതവും, എസ്കോർട്ട് അലവൻസ് 17502 പേർക്ക് 850 രൂപ വീതവും, റീഡേഴ്സ് അലവൻസ് 1960 പേർക്ക് 750 രൂപ വീതവും, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് 10 മാസത്തേയ്ക്ക് 9726 പേർക്ക് 200 രൂപ വീതവും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുക പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന വിതരണം നടത്തി വരുന്നുണ്ട്.

(ബി) ഇല്ല.

(സി & ഡി) സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചിട്ടില്ല.

**കൊച്ചിൻ ഹാർബർ ടെർമിനസ്**

30 (*120) ശ്രീ. എസ്. ശർമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ഹാർബർ ടെർമിനസ് പ്രവർത്തനക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്; ആയത് പ്രവർത്തന ക്ഷമമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) റെയിൽവേ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഹാർബർ ടെർമിനസ് നവീകരണത്തിനായി കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടതായിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) പി. ഡബ്ല്യൂ. പി. 16-17 പ്രകാരം ട്രാക്കിന്റെയും സ്ലീപ്പറിന്റെയും നവീകരണവും, ലോബുക്ക് 16-17 പ്രകാരം സിഗ്നലുകളുടേയും ബ്ലോക്ക് ഇൻസ്ട്രുമെന്റുകളുടെയും പുതുക്കിപ്പണിയലും റെയിൽവേ അനുവദിച്ചിട്ടുണ്ട്. സ്റ്റേഷൻ ബിൽഡിംഗ് പ്ലാറ്റ്ഫോം ഷെൽറ്ററുകൾ, യാത്രക്കാരുടെ സൗകര്യങ്ങൾ എന്നിവയും പുതുക്കിപ്പണിയേണ്ടതുണ്ട്. ഈ പ്രവർത്തികൾക്കായുള്ള ടെന്ററിംഗ് വർക്ക് ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഫണ്ട് ഒരു തടസ്സമല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ടെണ്ടർ പൂർത്തിയാകുന്ന മുറയ്ക്ക് 2017 ജനുവരിയോടെ നിർമ്മാണ പ്രവർത്തനങ്ങൾ റെയിൽവേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആധാരം സ്വയം തയ്യാറാക്കാനുള്ള സൗകര്യം

1 (703) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം സ്വയം തയ്യാറാക്കാനുള്ള സൗകര്യം കഴിഞ്ഞ മൂന്ന് മാസത്തിനിടയ്ക്ക് എത്രപേർ പ്രയോജനപ്പെടുത്തി എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലയിൽ എത്രപേർ വീതം ആധാരം സ്വയം തയ്യാറാക്കി എന്ന് വ്യക്തമാക്കുമോ;

(സി) ഈ സൗകര്യം ഇതുവരെ പ്രയോജനപ്പെടുത്താത്ത ജില്ലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പുനഃപരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) സ്വയം തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കിയ ആധാരങ്ങളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 11 |
| കൊല്ലം | - | 17 |
| പത്തനംതിട്ട | - | 3 |
| ആലപ്പുഴ | - | 2 |
| കോട്ടയം | - | 7 |
| ഇടുക്കി | - | 0 |
| എറണാകുളം | - | 6 |
| തൃശ്ശൂർ | - | 19 |
| പാലക്കാട് | - | 2 |
| മലപ്പുറം | - | 0 |
| കോഴിക്കോട് | - | 1 |

| | | |
|---|---|---|
| വയനാട് | - | 0 |
| കണ്ണൂർ | - | 2 |
| കാസർഗോഡ് | - | 1 |
| ആകെ | - | 71 |

(സി) ഇടുക്കി, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ആധാരം സ്വയം തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ആലോചിച്ചിട്ടില്ല.

**നാഷണൽ ഹൈവേകളുടെ വീതി**

2 (704) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെ വീതി 45 മീറ്ററാക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോയെന്നും ആയത് സംബന്ധിച്ച മറുപടി കേന്ദ്രത്തിന് നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ. എച്ച്. 17-ഉം എൻ.എച്ച്. 47-ഉം സർവ്വീസ് റോഡുകളോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ഈ രീതിയിൽ റോഡ് വികസിപ്പിക്കാൻ 60 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലം ആവശ്യമാണ്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് റൈറ്റ് ഓഫ് വേ 45 മീറ്ററായി നിജപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ എൻ.എച്ച്.എ.ഐ.യ്ക്ക് നൽകിയിട്ടുണ്ട്.

(ബി & സി) സംസ്ഥാന സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 94/2014/പൊ. മ. വ. തീയതി 25-10-2014 പ്രകാരം ദേശീയപാത 45 മീറ്ററായി

വികസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലമെടുപ്പിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് പൂർണ്ണ സഹകരണം ഉറപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ആറങ്ങാലി കടവിൽ പാലം**

3 (705) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ ആറങ്ങാലി കടവിൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് മുഖേന സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ, ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും ഗതാഗത യോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറങ്ങാലി കടവ് പാലത്തിന്റെ നിർമ്മാണം, 2016-2017 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ ചെയ്തുകഴിഞ്ഞു. ഇതനുസരിച്ച് പ്രസ്തുത പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡി. പി. ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ചുമാത്രമേ ഭരണാനുമതി നൽകാനാവൂ.

(ബി) പൊതുമരാമത്ത് വകുപ്പ് മുഖേന സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് 2015-2016-ൽ 557.11 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി റോഡുകളുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**പിലാത്തറ-പാപ്പിനിശ്ശേരി റോഡ് പ്രവൃത്തി**

4 (706) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്ന പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെയും പാപ്പിനിശ്ശേരി, താവം റെയിൽവെ മേൽപ്പാലത്തിന്റെയും നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ നിർമ്മാണം 52 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ രണ്ട് സ്പാൻ നിർമ്മാണം കൂടി പൂർത്തീകരിക്കാനുണ്ട്. (മൊത്തം 22 സ്പാൻ ആണ് കെ. എസ്. ടി. പി. ചെയ്യുന്നത്). നടുവിലെ സ്പാനിന്റെ നിർമ്മാണം റെയിൽവേയാണ് നടത്തുന്നത്. താവം റെയിൽവേ മേൽപ്പാലത്തിന്റെ സ്പാനുകൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. 3 പിയർ ക്യാപ്പുകൾ പൂർത്തീകരിച്ചുകഴിഞ്ഞു. അഡീഷണൽ സ്പാൻ നിർമ്മാണം പുരോഗമിക്കുന്നു. അതിൽ ആകെയുള്ള 36 പൈലുകളിൽ 22 എണ്ണം പൂർത്തീകരിച്ചു.

(ബി) 2017 മാർച്ച് 31-നകം പ്രവൃത്തികൾ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷ.

**ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി**

5 (707) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2015-16 വർഷത്തിൽ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ & ബി) 2015-2016 വർഷത്തിലെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ വാമനപുരം നിയോജകമണ്ഡലത്തിലെ റോഡുകൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല. അന്നത്തെ സർക്കാർ വികസനത്തോട് നീതി കാട്ടിയിരുന്നില്ല.

**കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം**

6 (708) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നാറ്റ്പാക് എത്ര കിലോമീറ്റർ റോഡിന്റെ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര കിലോമീറ്റർ റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ ഇനിയും സർവ്വെ പൂർത്തീകരിക്കാനുള്ള എത്ര കിലോമീറ്റർ റോഡുണ്ടെന്നും ഈ സർവ്വെ എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ മൊത്തം വരുന്ന 110 കി.മീ. മലയോര ഹൈവേയിൽ 33 കി.മീ. റോഡിന്റെ സർവ്വേയാണ് നാറ്റ്പാക്ക് പൂർത്തീകരിച്ചിട്ടുള്ളത്.

ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിൽ ഉൾപ്പെടുത്തി 135.70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) ഇനി 77 കി.മീ. റോഡിനാണ് സർവ്വെ പൂർത്തീകരിക്കാനുള്ളത്. സമയക്രമം ഇപ്പോൾ നൽകാൻ കഴിയുന്നതല്ല.

**റാന്നിയിൽ നിർമ്മാണ തടസ്സം നേരിടുന്ന പ്രവൃത്തികൾ**

7(709) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളായ വെച്ചൂച്ചിറ പോളിടെക്നിക്, റാന്നി മിനി സിവിൽ സ്റ്റേഷൻ, അയിരൂർ ഐ. എച്ച്. ആർ. ഡി, റാന്നി വൈക്കം ഗവൺമെന്റ് യു. പി. സ്കൂൾ, റാന്നി ഇട്ടിയപ്പാറ ശബരിമല പിൽഗ്രിം സെന്റർ എന്നിവ ഓരോന്നിന്റേയും നിർമ്മാണ പുരോഗതി പ്രത്യേകം വിശദീകരിക്കാമോ;

(ബി) ഇവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക, നിർമ്മാണം എന്നു പൂർത്തീകരിക്കും എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണത്തിന് തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കെട്ടിടത്തിന്റേതെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ തടസ്സം നേരിടുന്ന പ്രവൃത്തികളുടെ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) റാന്നിയിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളായ വെച്ചൂച്ചിറ പോളിടെക്നിക്, റാന്നി മിനി സിവിൽ സ്റ്റേഷൻ, അയിരൂർ ഐ. എച്ച്. ആർ.ഡി., റാന്നി വൈക്കം ഗവൺമെന്റ് യു.പി. സ്കൂൾ, റാന്നി ഇട്ടിയപ്പാറ ശബരിമല പിൽഗ്രിം സെന്റർ എന്നിവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതിയും മറ്റു വിശദവിവരങ്ങളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബീമാപള്ളിയിലേയ്ക്ക് പാലം നിർമ്മിക്കാൻ നടപടി

8 (710) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം കോവളം ഹൈവേ ബൈപ്പാസ്സിൽനിന്ന് ബീമാപള്ളിയിലേക്ക് പാലം നിർമ്മിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പാലം പണി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നല്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബീമാപള്ളി പരുത്തിക്കുഴി പാലം നിർമ്മിക്കുന്നതിന് 28-11-2008-ൽ 100 ലക്ഷം രൂപയുടെ ഭരണാനുമതിയും ഭൂമി ഏറ്റെടുക്കുന്നതിന് 8-5-2008-ൽ 50 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചതിൻ പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനു വേണ്ടി സ്ഥലത്ത് എത്തിയപ്പോൾ നാട്ടുകാർ തടഞ്ഞതിനെത്തുടർന്ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. അതിനുശേഷം തിരുവനന്തപുരം ജില്ലാ കളക്ടേറ്റിൽ പല മീറ്റിംഗുകൾ കൂടിയെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. എങ്കിലും പാലം പണിയുന്നതിനുള്ള പുതുക്കിയ റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് തിരുവനന്തപുരം നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിനും അപ്രോച്ച് റോഡിനും ആവശ്യമായ ഭൂമി ലഭ്യമായാലേ പാലം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കാട്ടുകുളം-പരിയാനം പറ്റ-മംഗലാംകുന്ന് റോഡ്

9 (711) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൂക്കോട്ടുകാവ്, കരിമ്പുഴ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കാട്ടുകുളം-പരിയാനംപറ്റ-മംഗലാംകുന്ന് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല. പൊതുമരാമത്ത് വകുപ്പിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാലും ഏറ്റെടുത്ത റോഡുകൾക്കുകൂടി തുക വകയിരുത്താൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാലും കൂടുതൽ റോഡുകൾ ഏറ്റെടുക്കാൻ സാധിക്കുകയില്ല.

## ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണം

10 (712) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ 'ബാലുശ്ശേരി ബൈപ്പാസ്' നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) ബൈപ്പാസിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രാഥമിക പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. ബൈപ്പാസിന്റെ അലൈൻമെന്റും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ല.

## ടി. എസ്. കനാലിന് കുറുകെ പാലം

11 (713) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തുറയിൽകടവിൽ ആലപ്പാട്-കുലശേഖരപുരം പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ടി. എസ്. കനാലിന് കുറുകെ പാലം നിർമ്മിക്കുന്നതിനായുള്ള മണ്ണ് പരിശോധന ഉൾപ്പെടെയുള്ള നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) സുനാമി ദുരന്ത സാധ്യതയുള്ള ആലപ്പാട് പഞ്ചായത്തിനെ കുലശേഖരപുരം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്വേഷിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ഇത് ഇറിഗേഷൻ വകുപ്പിന് നൽകുന്നതാണ്.

## സി.ആർ.എഫ്. റോഡുകൾ

12 (714) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിനു കൂടി പ്രയോജനപ്രദമാകുന്ന തരത്തിൽ എത്ര സി. ആർ. എഫ്. റോഡുകളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ; വിശദ വിവരം നൽകുമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുവേണ്ടി 26 പദ്ധതികളുടെ പട്ടിക കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ട കോങ്ങാട്-മംഗലംകുന്ന് റോഡ് (15 കി.മീ. - 15 കോടി രൂപ) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

## കരമന-കളിയിക്കാവിള ദേശീയപാത വികസനം

13 (715) ശ്രീ.വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ടവികസനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രണ്ടാംഘട്ടത്തിൽ ഭൂമിയേറ്റെടുക്കുന്നതിനും റോഡ് നിർമ്മാണത്തിനുമായി എത്ര തുകയാണ് ഈ സർക്കാർ കൈമാറിയിട്ടുള്ളത്;

(സി) പ്രസ്തുത ദേശീയപാതയുടെ മൂന്നാംഘട്ട വികസനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കരമന-കളിയിക്കാവിള ദേശീയപാതയുടെ ഒന്നാംഘട്ടം- രണ്ടാം റീച്ചിന്റെ (പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെ) വികസനം സംബന്ധിച്ച് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പിന് 266 കോടി രൂപ വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലേയ്ക്കായി 150 കോടി രൂപ അനുവദിച്ചിരുന്നു. ശേഷിക്കുന്ന 116 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് നിർമ്മാണത്തിനായി 176 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിൽ അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ സംസ്ഥാന സർക്കാർ 2016-2017 റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിൽ 200 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലമെടുപ്പ് പൂർത്തിയാക്കി KIIFB വഴി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(സി) ഉണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ വികസനത്തിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് (കരട്) പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് (പി.പി.യു.) തയ്യാറാക്കിയിട്ടുണ്ട്.

**മംഗലം-മുരിക്കുംപറ്റ റോഡിന്റെ അറ്റകുറ്റപ്പണികൾ**

14 (716) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൽനടയ്ക്കുപോലും കഴിയാത്തവിധം തകർന്ന നിലയിലാണ് മംഗലം-മുരിക്കുംപറ്റ റോഡ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-2017 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രസ്തുത റോഡിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുക വിനിയോഗിച്ച് റോഡ് അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) മംഗലം-മുരിക്കുംപറ്റ റോഡ് ഗതാഗതയോഗ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുള്ള 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ

പ്രൊവിഷൻ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് പാലക്കാട് നിരത്ത് വിഭാഗം ഓഫീസിൽ തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

**റോഡ് നവീകരണം**

15 (717) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പി.ഡബ്ല്യൂ.ഡി. റോഡുകളിലാണ് നവീകരണ പ്രവൃത്തി നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി റോഡിലെ വീതികുറഞ്ഞ ഭാഗത്ത് (പ്രത്യേകിച്ച് അത്തോളി ഭാഗം) വീതി കൂട്ടാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. പുറക്കാട്ടിരി - അണ്ടിക്കോട് - ഉള്ള്യേരി റോഡ്

2. കല്ലാനോട് - വയലട-തലയാട് റോഡ്

(ബി) പാവങ്ങാട്-ഉള്ള്യേരി-കുറ്റ്യാടി റോഡിന്റെ സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ദേശീയ നിലവാരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം**

16 (718) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷ ഗ്യാരന്റിയോടെ ദേശീയ നിലവാരത്തിൽ പുനരുദ്ധരിച്ച റോഡുകൾ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം തന്നെ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം അന്വേഷിക്കുമോ;

(ബി) ഇത്തരത്തിൽ തകരുന്ന റോഡിന്റെ ഭാഗങ്ങൾ നിലവാരമില്ലാത്ത ടാർ ഉപയോഗിച്ച് കരാറുകാരൻ തന്നെ അറ്റകുറ്റപ്പണി നടത്തുന്നത് തടയാൻ എന്തെങ്കിലും മാർഗ്ഗം നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ദേശീയ നിലവാരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് പരിശോധന നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) റാന്നി നിയോജകമണ്ഡലത്തിലെ മണ്ണാറക്കുളഞ്ഞി-ചാലക്കയം ശബരിമല പാതയുടേയും റാന്നി-കോഴഞ്ചേരി റോഡിന്റെയും നിർമ്മാണത്തിൽ അപാകതയുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അഞ്ച് വർഷ ഗ്യാരന്റിയോടുകൂടി നിർമ്മാണം പൂർത്തിയാക്കിയ ചില റോഡുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണികൾ ശ്രദ്ധയിൽപ്പെട്ടവ ഗ്യാരന്റി പീരീഡിനുള്ളിൽ അതാത് കരാറുകാരെക്കൊണ്ടുതന്നെ തീർത്തുവരുന്നു.

റോഡ് നിർമ്മാണത്തിന് ശ്രദ്ധ കുറവായിരുന്നു.

(ബി) ബിറ്റുമിൻ എമൽഷൻ ഉപയോഗിച്ച് Tack Coat ചെയ്തതിനുശേഷം ടാർ മിക്സ് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. നിലവാരമില്ലാത്ത ടാർ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കരാറിലെ വ്യവസ്ഥകളനുസരിച്ച് കരാറുകാരനെതിരെ നടപടികൾ എടുക്കുന്നതായിരിക്കും. ടാർ ഉപയോഗിക്കുന്നതിൽ വലിയ ക്രമക്കേടുകൾ നടക്കുന്നതായി സർക്കാരിന് സംശയമുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ക്വാളിറ്റി മാന്വൽ അനുശാസിക്കുന്ന പ്രകാരം പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ വിഭാഗം ഇൻസ്പെക്ഷൻ നടത്തി അതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തുന്നത്. ദേശീയപാത ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ ആധുനിക സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധന വിംഗിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്.

(ഡി) ഉണ്ട്. റോഡുകളുടെ നിർമ്മാണത്തിൽ അപാകതകൾ ഉണ്ടോയെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധിച്ച് ക്രമക്കേടുകൾ ഇല്ലെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

**മലയോര ഹൈവേ**

17 (719) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലൂടെയുള്ള എത്ര കിലോമീറ്റർ റോഡാണ് പ്ലാൻ ചെയ്തിട്ടുള്ളത് ; വിശദവിവരം നൽകുമോ;

(സി) പാലക്കാട് ജില്ലയിലെ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിലൂടെയാണ് പ്രസ്തുത ഹൈവേ കടന്നു പോകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏറെക്കുറെ മലയോര മേഖലയായ കോങ്ങാട് അസംബ്ലി മണ്ഡലത്തിന്റെ സാദ്ധ്യത കൂടി പ്രസ്തുത ഹൈവേയ്ക്കായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 6-7-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 44/2009/പൊ. മ. വ. പ്രകാരം സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(ബി & സി) വിശദ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) വിശദമായ പഠനങ്ങൾക്കുശേഷമാണ് നാറ്റ്പാക്ക് മലയോര ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കിയത്. പ്രസ്തുത അലൈൻമെന്റ് ഭേദഗതി ചെയ്യാൻ ഇപ്പോൾ ഉദ്ദേശ്യമില്ല.

**ശബരിമല റോഡുകളുടെ പുനരുദ്ധാരണം**

18 (720) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് റോഡുകളുടെ പുനരുദ്ധാരണത്തിനായി ആകെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) തീർത്ഥാടകർ കൂടുതലായി കടന്നുപോകുന്ന കോട്ടയം, പത്തനംതിട്ട ജില്ലകൾക്കായി എത്ര തുക അനുവദിച്ചു;

(സി) കാലങ്ങളായി തീർത്ഥാടനകാലത്ത് അറ്റകുറ്റപ്പണികൾ നടത്തി വന്നിരുന്ന റോഡുകൾ ഇത്തവണ അറ്റകുറ്റപ്പണികൾ നടത്താതെ ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 2016-2017-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28-7-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/പൊ. മ. വ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരം വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പണികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ശബരിമലയുമായി ബന്ധപ്പെട്ട സുപ്രധാനമായ റോഡുകളുടെ അറ്റകുറ്റ പണികൾക്കായി നിരത്തു വിഭാഗത്തിന്റെ കീഴിൽ കോട്ടയം ജില്ലയ്ക്ക് 123 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയ്ക്ക് 1894.59 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് 342.95 ലക്ഷം രൂപയും കെ.എസ്.റ്റി.പി.-യുടെ കീഴിലുള്ള റോഡിന് 85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആദ്യമായി കരാറുകൾ ആഗസ്റ്റിൽ തന്നെ ഉറപ്പിച്ചു. പണികൾ നടന്നുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ അനുബന്ധ റോഡുകളാണ്. ഇത്തരം റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനായി 150 കോടി രൂപയുടെ പദ്ധതി ജൂലൈ മാസത്തിൽ ധനവകുപ്പിന് അനുമതിക്കായി നൽകിയിരുന്നു.

**ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി**

19 (721) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനവുമായി ബന്ധപ്പെട്ട റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളും നടപടികളുമാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി പൊതുമരാമത്ത് വകുപ്പ് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) 2016-2017-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28-7-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/പൊ. മ. വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ടുവരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള പത്തനംതിട്ട, കോട്ടയം, കൊല്ലം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ

ഉൾപ്പെട്ടുവരുന്ന പ്രധാന റോഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്ന പ്രവൃത്തികളെല്ലാം തന്നെ ആഗസ്റ്റ് 15-ന് മുമ്പായി ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ച് പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു. ഇത് രണ്ടു പതിറ്റാണ്ടിനുള്ളിൽ ആദ്യമായാണ്. കെ.എസ്.ടി.പി. പദ്ധതിയുടെ കീഴിലുള്ള എം.സി. റോഡിന്റെ വിവിധ റീച്ചുകളിൽ റോഡിന്റെ ഉപരിതലം നവീകരിച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നിർമ്മാണ പ്രവർത്തനങ്ങളുടെ കരാർ വിവിധ എജൻസികൾക്ക് നൽകിയിട്ടുള്ളതും, പ്രസ്തുത കമ്പനികൾ തന്നെ റോഡിലെ മഴക്കുഴികൾ അടയ്ക്കുകയും റോഡിന്റെ ഇരുവശങ്ങളിലുമുള്ള ഓടയും കാടും തെളിച്ച് മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. ഈ പ്രവൃത്തികളെല്ലാം മണ്ഡല-മകരവിളക്ക് ഉത്സവം തുടങ്ങുന്നതിനുമുമ്പുതന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അമ്പലപ്പുഴ-തിരുവല്ല റോഡിലെ അമ്പലപ്പുഴ 5 കി.മീ., കുട്ടനാട് 10 കി.മീ., തിരുവല്ല 10 കി.മീ., മൊത്തം 25 കി.മീ. റോഡ് ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും അത് പിൻവലിച്ച് ധനകാര്യ വകുപ്പ് KIIFB-യിൽ ആക്കിയിട്ടുണ്ട്. ഇതിന്റെ പണികൾ ഒന്നും ആരംഭിച്ചുകഴിഞ്ഞിട്ടില്ല. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ റോഡ് വെട്ടിപ്പൊളിച്ച് ഗതാഗതം ദുസ്സഹമാക്കിയിരിക്കുന്നു. KIIFB-യിൽ പണിയുന്നതിനാൽ അറ്റകുറ്റപ്പണിയും നടത്തുന്നില്ല. 89.43 കോടി രൂപയുടെ റോഡ് പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും മറ്റും ശബരിമല റോഡുകളിൽ നടത്തുന്നതാണ്. ശബരിമല പേട്ടതുള്ളൽ സംഘം അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ നിന്നാണ് പുറപ്പെടുന്നത്. വിവിധ ഭാഗങ്ങളിൽ നിന്നും NH വഴി വരുന്ന ഭക്തർ അമ്പലപ്പുഴ വന്ന് തൊഴുതിട്ടാണ് ശബരിമലയ്ക്ക് ഈ റോഡുവഴി പോകുന്നത്.

### ഓടകൾ വൃത്തിയാക്കുന്നതിന് നടപടി

20 (722) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിന്റെ വശങ്ങളിലും അല്ലാത്തിടങ്ങളിലുമുള്ള ഓടകൾ വൃത്തിയാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) യഥാസമയം വൃത്തിയാക്കാത്തതിനാൽ മാലിന്യം നിറഞ്ഞ് ജലമൊഴുക്ക് നിലച്ച് റോഡുകൾക്ക് നാശം വരുത്തുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഓട വൃത്തിയാക്കുന്നതിനായി സ്ലാബ് മാറ്റാൻ ജെ. സി. ബി. ഉപയോഗിക്കുന്നതുകൊണ്ട് നശിച്ചുപോകുന്ന സ്ലാബുകൾ പുനഃസ്ഥാപിക്കാത്തതിനാൽ

ഉണ്ടാകുന്ന അപകടങ്ങളും നാശനഷ്ടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിശ്ചയിച്ചിട്ടില്ല. മഴവെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സം നേരിടുന്ന ഭാഗങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മൺസൂൺ കാലത്തിന് മുമ്പായി നടത്തണമെന്നും വർഷം 3 തവണയെങ്കിലും നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ നീക്കം ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും ഭരണാനുമതി നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓട വൃത്തിയാക്കുന്നതിന്റെ ഭാഗമായി യന്ത്രങ്ങൾ ഉപയോഗിച്ച് സ്ലാബുകൾ മാറ്റം ചെയ്യുമ്പോൾ കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ പകരം സ്ലാബുകൾ ഇടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണം**

21 (723) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്തുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കാത്തതെന്നും വ്യക്തമാക്കുമോ;

(ബി) ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണം ഏകദേശം 20% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. കോടതി വ്യവഹാരങ്ങൾമൂലവും സർവ്വെ നമ്പറുകൾ വിട്ടുപോയതുമൂലവും നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ കഴിയുകയുള്ളൂ.

**ആലപ്പുഴ-കൊടൈക്കനാൽ ദേശീയപാത**

22 (724) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-കൊടൈക്കനാൽ (എ.സി. റോഡിന്റെ ഭാഗം) ദേശീയപാത നിർമ്മാണം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന് ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) ആലപ്പുഴ-കൊടൈക്കനാൽ ദേശീയപാത കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഈ പാതയുടെ ആലപ്പുഴ-ചങ്ങനാശ്ശേരി-വാഴൂർ-എൻ. എച്ച്. 220-ലെ 14-ാം മൈൽ വരെയുള്ള 50 കി.മീ. റോഡ് ദേശീയപാതയായി കേന്ദ്രം തത്വത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനവും വിശദമായ പദ്ധതി രൂപരേഖയും തയ്യാറാക്കുന്നതിന് ടെണ്ടർ നടപടി പൂർത്തീകരിച്ച് കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. രൂപരേഖ പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ.

**പൂനൂർ പാലം, ടൗൺ എന്നിവയുടെ നവീകരണം**

23 (725) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പൂനൂർ പാലം നവീകരണം, ടൗൺ നവീകരണം എന്നിവയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തൊക്കെ പ്രവർത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ-സി) പൂനൂർ പാലം, ടൗൺ നവീകരണം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നിർദ്ദേശം കോഴിക്കോട് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ്/വിശദമായ പദ്ധതിരേഖ തയ്യാറാക്കിയാൽ മാത്രമേ ഇതിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയാൻ കഴിയൂ. വിശദമായ എസ്റ്റിമേറ്റ്/വിശദമായ പദ്ധതിരേഖ ലഭിക്കുന്ന മുറയ്ക്ക് ഇതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ കഴിയും.

### ആര്യൻ തൊടിക പാലം

24 (726) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ആര്യൻ തൊടിക പാലത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവൃത്തിക്ക് പ്രത്യേകാനുമതിയും, സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവർത്തിയുടെ സാങ്കേതികാനുമതി വൈകുന്നത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറനാട് മണ്ഡലത്തിലെ ആര്യൻതൊടിക പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ല.

(ബി) സർക്കാർ ഉത്തരവ് നമ്പർ G.O. (Rt) No.571/2016/PWD തീയതി 4-3-2016 പ്രകാരം 17,42,89,321 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രത്യേകാനുമതിക്കായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിക്ക് സ്ഥലലഭ്യത ഉറപ്പുവരുത്തിയാൽ മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയായെങ്കിൽ മാത്രമേ സാങ്കേതിക അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

### മലബാർ പാക്കേജ്

25 (727) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. വി. അൻവർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഏതെങ്കിലും ആരംഭിക്കാത്തതായി ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാകാത്തതായി ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതുമൂലവും ഭരണാനുമതി നൽകിയ തുക അപര്യാപ്തമായതിനാലും മഞ്ചേരി നിരത്തുവിഭാഗത്തിനു കീഴിലുള്ള മൂന്നുപ്രവൃത്തികളും കാസർഗോഡ് നിരത്ത് വിഭാഗത്തിനുകീഴിൽ വരുന്ന രണ്ട് പ്രവൃത്തികളും ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(ബി) പൂർത്തിയാകാത്തതും എന്നാൽ ആരംഭിച്ചതുമായ പ്രവൃത്തികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) പുതുക്കിയ ഭരണാനുമതിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാനാകൂ.

**മങ്കാവ് കണ്ണിപറമ്പ റോഡുപണി പൂർത്തിയാക്കാൻ നടപടി**

26 (728) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കാവ് കണ്ണിപറമ്പ റോഡിന് എത്ര രൂപയുടെ ഭരണാനുമതിയാണ് 2011 വർഷത്തിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടർ വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി എന്നായിരുന്നു; എത്ര ശതമാനം അധിക നിരക്കിലാണ് പ്രവർത്തി നൽകിയത്;

(സി) എത്ര രൂപ ഇതിനകം കരാറുകാരന് നൽകിയിട്ടുണ്ട്; ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നത് എന്തുകൊണ്ടാണ്;

(ഡി) റോഡിന്റെ ഏതാനും ഭാഗം ജപ്പാൻ കുടിവെള്ള പദ്ധതി നടക്കുന്നതുമൂലം ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ നിലവിലുള്ള കരാറുകാരനെക്കൊണ്ട് തന്നെ ബാക്കി പ്രവർത്തികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മങ്കാവ്-കണ്ണിപറമ്പ റോഡിന് 14-8-2009-ലെ സ.ഉ. (സാധാ) നമ്പർ 1186/09/പൊ. മ. വ. പ്രകാരം 760 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ടെണ്ടർ വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 24-5-2013 ആയിരുന്നു. കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പ്രവൃത്തി പൂർത്തികരിക്കേണ്ട കാലാവധി 31-3-2014 വരെ ദീർഘിപ്പിച്ചു നൽകി. 26.4% അധിക നിരക്കിലാണ് പ്രവൃത്തി നൽകിയത്.

(സി) കരാറുകാരന് 4,47,80,863 രൂപ ഇതിനകം നൽകിയിട്ടുണ്ട്. കരാറുകാരന്റെ അനാസ്ഥയാലാണ് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നത്.

(ഡി) കോട്ടായിതോഴം മുതൽ പള്ളിത്താഴം വരെയുള്ള 2.5 കി.മീ. ഭാഗം ജപ്പാൻ കുടിവെള്ള പദ്ധതി പ്രവൃത്തി നടക്കുന്നതുമൂലം ബി. എം. & ബി. സി. പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

## കാഞ്ഞാണി-വാടാനപ്പള്ളി സ്റ്റേറ്റ് ഹൈവേ

27 (729) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കാഞ്ഞാണി വാടാനപ്പള്ളി സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി 17 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ 40 കോടി രൂപ നീക്കിവച്ച പ്രസ്തുത ഹൈവേയുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാന പാതയുടെ ഒന്നാംഘട്ടമായ പടിഞ്ഞാറേകോട്ട മുതൽ എറവ് TFM സ്കൂൾ വരെയുള്ള 9 കി. മീ. നിർമ്മാണത്തിന് 13-6-2016-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ടെണ്ടർ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 17 മീറ്റർ വീതിയിലുള്ള അലൈൻമെന്റ് പ്ലാനനുസരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ചു. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ലാന്റ് പ്ലാൻ അംഗീകരിച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) തൃശ്ശൂർ-വാടാനപ്പിള്ളി സംസ്ഥാന പാതയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു.

## മരാമത്ത് പണികളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

28 (730) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പുമന്ത്രിയും ധനകാര്യ മന്ത്രിയും ഇടപെട്ട് നടത്തിയിട്ടുള്ള മരാമത്ത് പണികളെ സംബന്ധിച്ച് വിജിലൻസ് ഡയറക്ടറായിരുന്ന വിൻസൺ. എം. പോൾ നടത്തിയ അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നടക്കുന്നതായി പറയുന്ന അഴിമതി സാമ്പിളായെടുത്ത് വിജിലൻസ് നടത്തിയ ഒരു പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ അഴിമതികൾ തടയുന്നതിനായി സമീപകാല, ഇടക്കാല, ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട നടപടികൾ സംബന്ധിച്ചുള്ളതാണ് പ്രസ്തുത റിപ്പോർട്ട്. ടി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. പുതിയ സർക്കാർ ഇത്തരം റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ശക്തമായ അഴിമതിവിരുദ്ധ നടപടികൾ സ്വീകരിച്ചുവരുന്നു.

## കോതമംഗലം തങ്കളം-കാക്കിനാട് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ

29 (731) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ലെ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുള്ള കോതമംഗലം തങ്കളം-കാക്കിനാട് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കൽ ത്വരിതഗതിയിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ ജോലി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) തങ്കളം-കാക്കനാട് റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 16-2-2016-ലെ സ.ഉ.(സാധാ)നമ്പർ 373/2016/പൊ.മ.വ. പ്രകാരം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോതമംഗലം സബ് ഡിവിഷന്റെ 20/000 മുതൽ 27/324 കി.മീ. വരെ (ചെറുവട്ടൂർ മുതൽ തങ്കളം വരെ) ഉദ്ദേശം 21.756 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ഇതിൽ 26/057 മുതൽ 27/324 വരെയുള്ള (ഇളമ്പ്ര മുതൽ തങ്കളം വരെ) ഭാഗത്ത് ഏകദേശം 4.152 ഹെക്ടർ സ്ഥലത്തിൽ 3.50 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. തങ്കളം-കാക്കനാട് റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് 8.58 കോടി രൂപ ചെലവഴിക്കുന്നതിനായി ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കു മാത്രമേ നിർമ്മാണ ജോലികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**ജില്ലാതല ഫ്ലാഗ്ഷിപ് പദ്ധതി**

30 (732) <u>ശ്രീ. കെ. സി. ജോസഫ്</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് ജില്ലാതല ഫ്ലാഗ്ഷിപ് പദ്ധതിയുടെ ആന്വിറ്റി സ്കീമിൽ ഏതെല്ലാം പ്രവർത്തികൾ ആണ് ആരംഭിച്ചത്; എസ്റ്റിമേറ്റ് പ്രകാരം ഇതിന്റെ മൊത്തം ചെലവ് എത്രയാണ്; വ്യക്തമാക്കുമോ;

(ബി) മലയോര ഹൈവേയുടെ ഭാഗമായി ഫ്ലാഗ്ഷിപ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള ഭാഗത്തിന്റെ പ്രവർത്തി ചെയ്യാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ടെണ്ടർ എസ്റ്റിമേറ്റ് പ്രകാരം എത്ര മാസത്തിനുള്ളിലാണ് പ്രവർത്തി പൂർത്തിയാക്കേണ്ടത്; ഇതിന്റെ പ്രവർത്തി മുടങ്ങാതെ നടക്കുവാൻ നിർദ്ദേശം നല്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാതല ഫ്ലാഗ്ഷിപ് പരിപാടിയിൽ (DFIP) ഉൾപ്പെട്ട താഴെപ്പറയുന്ന 5 പ്രവൃത്തികൾ ആരംഭിച്ചതായി നിരത്ത്, ദേശീയപാതാ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1. | കണ്ണൂർ ഹിൽ ഹൈവേ | - 237.20 കോടി രൂപ |
| 2. | രാമനാട്ടുകര ഫ്ലൈ ഓവർ | - 85.00 കോടി രൂപ |
| 3. | നാട്ടുകാണി - പരപ്പനങ്ങാടി റോഡ് | - 450.00 കോടി രൂപ |
| 4. | തൊണ്ടയാട് ഫ്ലൈ ഓവർ | - 59.00 കോടി രൂപ |
| 5. | വലിയഴീക്കൽ പാലം | - 146.50 കോടി രൂപ |

ഇവയുടെ മൊത്തം അടങ്കൽ തുക 977.70 കോടി രൂപയാണ്. എന്നാൽ ബഡ്ജറ്റ് വിഹിതം ഇല്ലാതെയാണ് പണികൾ തുടങ്ങിയത്.

(ബി) കോഴിക്കോട് ആസ്ഥാനമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഈ പ്രവൃത്തി ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) എഗ്രിമെന്റ് പ്രകാരം ചെറുപുഴ-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട് റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 30 മാസമാണ്.

**കേച്ചേരി സെന്ററിന്റെ വികസന പ്രവർത്തനങ്ങൾ**

31 (733) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഹനക്കുരുക്കും അപകടങ്ങളും തുടർച്ചയായുണ്ടാകുന്ന തൃശ്ശൂർ - കുറ്റിപ്പുറം ഹൈവേയിലെ കേച്ചേരി സെന്ററിന്റെ വികസന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

തൃശ്ശൂർ-കുറ്റിപ്പുറം ഹൈവേയിലെ കേച്ചേരി സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ആവശ്യമായി വരുന്ന തുകയുടെ 25 ശതമാനം ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് കെട്ടിവയ്ക്കേണ്ടതായുണ്ട്. ടി തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. ആയത് പരിഹരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ചടയമംഗലം നിയോജകമണ്ഡലത്തിലെ റോഡുകൾ**

32 (734) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത്

ടെൻഡർ നടപടി സ്വീകരിച്ച പൊതുമരാമത്ത് റോഡുകളുടെ തുടർ നടപടികൾ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 19-9-2016-ലെ PWD-ജി 3/37/2016-പൊ. മ. വ. നമ്പർ കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് 2015-2016 സാമ്പത്തിക വർഷത്തിൽ ടെണ്ടർ ചെയ്തതും കരാർ ഒപ്പുവച്ചതും പണി തുടങ്ങിയതുമായ പദ്ധതിയേതര SLTF പ്രവൃത്തികൾ തുടർന്ന് ചെയ്യാൻ വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചാലക്കുടി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിന്റെ ഗ്രേഡ് ഉയർത്താൻ നടപടി

33 (735) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിൽ ട്രഷറി നിക്ഷേപ ഫണ്ടുപയോഗിച്ച് അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുകയും അഡീഷണൽ ബ്ലോക്കിന്റെ രണ്ടാം നിലയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത റെസ്റ്റ് ഹൗസിന്റെ ഗ്രേഡ് ഉയർത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ ഗ്രേഡ് 17-3-2013-ലെ സ.ഉ. (അച്ചടി) നമ്പർ 58/2013/പൊ. മ. വ. പ്രകാരം ഉയർത്തിയിട്ടുണ്ട്. നിലവിൽ ഒഴിവുള്ള കുക്ക്-കം-വാച്ചർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറ്റത്തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

34 (736) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; റോഡുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 200 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി 2015-2016-ൽ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

അനുബന്ധത്തിലെ ക്രമ നമ്പർ 1 മുതൽ 11 വരെയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തികൾ 30-12-2016-ന് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിലവിലുള്ള പ്രവൃത്തി പൂർത്തീകരിക്കേണ്ടതിനാൽ ക്രമ നമ്പർ 12-ാ മത്തെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ക്രമ നമ്പർ 13 മുതൽ 16 വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**കുന്ദമംഗലം മിനി സിവിൽ സ്റ്റേഷൻ**

35 (737) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം നടന്നുവരുന്ന കുന്ദമംഗലം മിനി സിവിൽസ്റ്റേഷന്റെ മൊത്തം എസ്റ്റിമേറ്റ് തുക 7.15 കോടിയാണെന്നും അതിൽ 4 കോടി രൂപയ്ക്ക് മാത്രമാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശേഷിക്കുന്ന തുകയ്ക്കുകൂടി ഭരണാനുമതി നൽകി നിലവിലുള്ള കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ശേഷിക്കുന്ന തുകയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്. എന്നാൽ ശേഷിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പുതുക്കിയ ടെണ്ടർ നടപടികളിലൂടെ മാത്രമേ കരാറുകാരനെ കണ്ടെത്തുവാൻ വ്യവസ്ഥയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മഴവഞ്ചേരി-ചൂണ്ടൽ റോഡ് നിർമ്മാണം

36 (738) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-കുറ്റിപ്പുറം ഹൈവേയിൽ ചൂണ്ടൽ പഞ്ചായത്തിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള 5 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൃശ്ശൂർ-കുറ്റിപ്പുറം ഹൈവേയിൽ ചൂണ്ടൽ പഞ്ചായത്തിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള 5 കിലോ മീറ്റർ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പ്രാഥമിക ചെലവുകൾക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വിവരങ്ങൾ റവന്യൂ വകുപ്പിൽ പരിശോധനയിലാണ്. ആയത് പരിശോധിച്ച് ലഭിക്കുന്ന മുറയ്ക്ക് ഈ പ്രൊപ്പോസലിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കോരുത്തോട്-മൂക്കംപെട്ടി-കണമല റോഡ്

37 (739) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കോരുത്തോട് -മൂക്കംപെട്ടി-കണമല റോഡിന്റെ ബിഎം&ബിസി തരത്തിലുള്ള പണി അടുത്തകാലത്ത് നടത്തിയതിന് എത്ര കോടി രൂപ കരാർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്; ഇതിന്റെ കരാറുകാരൻ ആരാണ്;

(ബി) എന്നാണ് ഈ റോഡിന്റെ പണി തുടങ്ങിയതും പൂർത്തിയായതും എന്ന് വ്യക്തമാക്കാമോ;

(സി) പണി തീർന്ന ഉടനെ തന്നെ പ്രസ്തുത റോഡിന്റെ പല ഭാഗങ്ങളും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റോഡിന്റെ ജോലികൾക്ക് മേൽനോട്ടം വഹിച്ച പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ ആരൊക്കെയാണ്;

(ഇ) സത്യസന്ധനായ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ചുമതലയിൽ ഈ റോഡിന്റെ പണി പരിശോധിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(എഫ്) പരിശോധനയിൽ ഈ റോഡിന്റെ പണിയിൽ അഴിമതി നടന്നതായി കണ്ടെത്തിയാൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥർ, കോൺട്രാക്ടർ എന്നിവർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ജി) റോഡിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും എഗ്രിമെന്റ് തുക എത്രയെന്നും കരാറുകാരന് പി. ഡബ്ല്യ. ഡി. കരാർ തുക മുഴുവനും നൽകിയിട്ടുണ്ടോ എന്നും വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിന് 1,43,03,490 രൂപ പെന്റിംഗ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ. കുര്യാക്കോസ് സാബു, M/s. കാവുങ്കൽ റോഡ് ബിൽഡേഴ്സ് ആണ്.

(ബി) 27-11-2014-ൽ പണി തുടങ്ങി. പൂർത്തീകരിച്ചിട്ടില്ല.

(സി) പണി നടന്നുവരവെ റോഡിന്റെ ചില ഭാഗങ്ങളിൽ കേടുപാടുകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചുവരുന്നുണ്ട്.

(ഡി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. അലക്സ് തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി മീര, ശ്രീമതി പ്രസ്സി, ഓവർസിയർ ശ്രീ. ചാക്കോ ടി. എം. എന്നിവരാണ് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ചത്.

(ഇ) പരാതി പ്രത്യേകം തന്നാൽ അന്വേഷിക്കുന്നതാണ്. പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതയോ അഴിമതിയോ ശ്രദ്ധയിൽപ്പെടുന്നപക്ഷം അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) അഴിമതി നടന്നതായി തെളിഞ്ഞാൽ കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ജി) എസ്റ്റിമേറ്റ് തുക - 796 ലക്ഷം രൂപ

എഗ്രിമെന്റ് തുക - 949 ലക്ഷം രൂപ

കരാർ തുക ഒന്നും നൽകിയിട്ടില്ല.

**പേരുച്ചാൽ പാലം നിർമ്മാണം**

38 (740) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരുച്ചാൽ പാലംനിർമ്മാണം എന്നു പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാവുമെന്ന് അറിയിക്കാമോ; ഇപ്പോൾ പാലത്തിന്റെ എന്തൊക്കെ പ്രവൃത്തികളാണ് നടക്കുന്നത്; ഇനിയും എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) പേരുച്ചാൽ പാലം എന്നാണ് നിർമ്മാണം ആരംഭിച്ചത്; നിർമ്മാണം മുടങ്ങാനുണ്ടായ കാരണം എന്താണെന്നും ഇപ്പോൾ പാലം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ നിർമ്മാണച്ചെലവ് എത്ര രൂപയാണ്; അപ്രോച്ച് റോഡ് നിർമ്മാണം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പേരുച്ചാൽ പാലത്തിന്റെ പ്രവൃത്തി 8-1-2017-ന് പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 1st പിയർ ലൊക്കേഷൻ ഒഴികെയുള്ളതിന്റെ ഫൗണ്ടേഷനും സബ് സ്ട്രക്ചറും പൂർത്തിയായിട്ടുണ്ട്. സൂപ്പർ സ്ട്രക്ചറിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. 1st പിയർ ലൊക്കേഷന്റെ ഫൗണ്ടേഷൻ, സബ് സ്ട്രക്ചർ, സൂപ്പർ സ്ട്രക്ചർ എന്നീ പണികൾ പൂർത്തിയാക്കാനുണ്ട്.

(ബി) 7-8-2012-ലാണ് പണികൾ ആരംഭിച്ചത്. മോശമായ കാലാവസ്ഥ മൂലവും മണിയാർഡാം തുറക്കുമ്പോഴുള്ള വെള്ളപ്പൊക്കം കാരണവും നിർമ്മാണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ പണികൾ പുരോഗമിക്കുന്നു.

(സി) 6 കോടി രൂപയ്ക്കാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. ഫണ്ട് അപര്യാപ്തതമൂലം അപ്രോച്ച് റോഡ് നിർമ്മാണം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ട് വരുന്ന മുറയ്ക്ക് ഏറ്റെടുക്കുന്നതാണ്.

**ആറ്റിങ്ങൽ ബൈപ്പാസ് റോഡ്**

39 (741) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ബൈപ്പാസ് റോഡ് പദ്ധതി നടപ്പിൽ വരുത്തുന്നതിന് 2016 -2017-ലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും, പദ്ധതി ഏതു രീതിയിൽ നടപ്പിൽ വരുത്തുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണം കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ദേശീയപാതാ വികസന പദ്ധതിയായ എൻ. എച്ച്. ഡി. പി. ഘട്ടം III-ൽ

ഓച്ചിറതിരുവനന്തപുരം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ പദ്ധതിയുടെ ചെലവ് വഹിക്കുന്നത് കേന്ദ്ര മന്ത്രാലയമാണ്.

(ബി) ആറ്റിങ്ങൽ ബൈപ്പാസ് ഉൾപ്പെടെ ഓച്ചിറ-തിരുവനന്തപുരം പാതയുടെ പുതിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ.) തയ്യാറാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കൺസൾട്ടന്റിനെ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ.) അംഗീകരിച്ചതിനുശേഷമേ സ്ഥലമെടുപ്പ് ആരംഭിക്കാൻ കഴിയുകയുള്ളൂ.

## സർക്കാർ റോഡുകളിലെ കയ്യേറ്റം

40 (742) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയപാതയും സംസ്ഥാനപാതയുമുൾപ്പെടെയുള്ള സർക്കാർ റോഡുകൾ സ്വകാര്യവ്യക്തികൾ കയ്യേറി അവരുടെ സാധന സാമഗ്രികൾ സൂക്ഷിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ സാധനസാമഗ്രികൾ സൂക്ഷിച്ചിരിക്കുന്നത് കാരണം കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ ദേശീയ പാതകളുടെയും സംസ്ഥാന പാതകളുടെയും വിവിധ ഭാഗങ്ങളിൽ നടപ്പാതകളും റോഡിന്റെ വശങ്ങളും സ്വകാര്യ വ്യക്തികൾ കയ്യേറി അവരുടെ സാധന സാമഗ്രികൾ സൂക്ഷിക്കുന്നതായും ഇതുമൂലം കാൽനട യാത്രക്കാർക്ക് ഒരു പരിധിവരെ ബുദ്ധിമുട്ടുണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കുതന്നെ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകാനും സ്വമേധയാ ഒഴിയാൻ തയ്യാറാകാത്തവരെ റവന്യൂ, പോലീസ് അധികാരികൾ എന്നിവരുടെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരളാ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സർക്കാർ ഉത്തരവ്

(കൈ) നമ്പർ 63/16/പൊ. മ. വ. തീയതി 3-9-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇത് ആദ്യമായാണ് നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നത്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആക്കി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്.)-നേയും സ്റ്റേറ്റ് ഹൈവേയുടേയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ & ബി)-യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾതന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കാനും എഞ്ചിനീയർമാരുടെ റോഡുപരിശോധന കൃത്യമായി നടത്തുന്നതിനുമുള്ള നിർദ്ദേശവും സർക്കാർ നൽകിയിട്ടുണ്ട്.

### നെടുമങ്ങാട് മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ

41 (743) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് റോഡുകൾ പി. ഡബ്ല്യു. ഡി. മുഖേന ഒറ്റത്തവണ പണി നടത്തി ഗതാഗതയോഗ്യമാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) 2015-2016 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി പ്രകാരം പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം നടത്തുന്നതിനായി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 557.11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## ആറ്റിങ്ങൽ പട്ടണത്തിൽ നാഷണൽ ഹൈവേയുടെ വീതികൂട്ടൽ

42 (744) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിൽ നാഷണൽ ഹൈവേയുടെ വീതികൂട്ടുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയപാതയുടെ വീതി കൂട്ടുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകാരത്തിനായി ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച് കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കൂടാതെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്താൻവേണ്ട നടപടി ത്വരിതഗതിയിലാണ്.

(ബി) ടെണ്ടർ നടപടികൾ നടന്നുവരികയാണ്. ആയത് പൂർത്തിയായാൽ മാത്രമേ കരാറുകാരനെ തീരുമാനിക്കാൻ കഴിയൂ.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

43 (T* 745) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടം പഴകി താമസയോഗ്യമല്ലാത്ത അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെട്ടിടം പൊളിച്ചുമാറ്റി പുതിയ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജില്ലാ ആശുപത്രികൾ മുതൽ സബ് സെന്റർ വരെയുള്ള ആശുപത്രികളും, അതിനോടനുബന്ധിച്ച കെട്ടിടങ്ങളും പരിപാലിക്കുന്നത് ത്രിതല പഞ്ചായത്താണ്. പൊതുമരാമത്ത് വകുപ്പിനെ പ്രത്യേകമായി ഏല്പിക്കുന്ന

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രവൃത്തികൾ മാത്രമേ വകുപ്പ് ഏറ്റെടുത്ത് ചെയ്യാറുള്ളൂ.

## മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ

44 (746) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക വകകൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) 2016-2017 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ ദേശീയപാതാ വിഭാഗത്തിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ മൂവാറ്റുപുഴ ബൈപ്പാസിനായി 15 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിട വിഭാഗങ്ങളിലെ പ്രവൃത്തികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം പുനരാരംഭിക്കാൻ നടപടി

45 (747) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മിനി സിവിൽസ്റ്റേഷൻ നിർമ്മാണം തടസ്സപ്പെട്ടിട്ട് എത്രനാളായി;

(ബി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ഡി) മിനി സിവിൽസ്റ്റേഷൻ നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) 14-8-2014 മുതൽ കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുടങ്ങിക്കിടക്കുകയാണ്.

(ബി) കോൺട്രാക്ട് റദ്ദ് ചെയ്യുക, 6 മാസത്തോളം ജോലികൾ താമസം വരുത്തിയതിനുള്ള പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ.

(സി & ഡി) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കോൺട്രാക്ടർ WP(c)25957/16 പ്രകാരം റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ട്. സ്റ്റേ ഓർഡർ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് റദ്ദ് ചെയ്ത് കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മാളിയേക്കൽ ലെവൽ ക്രോസിൽ ഓവർബ്രിഡ്ജ് നിർമ്മാണം**

46 (748) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പടനായർകുളങ്ങര-ശാസ്താംകോട്ട റോഡിൽ മാളിയേക്കൽ ലെവൽ ക്രോസിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഡി.പി.ആർ. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പടനായർകുളങ്ങര-ശാസ്താംകോട്ട റോഡിൽ മാളിയേക്കൽ ലെവൽ ക്രോസിൽ മേല്പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (KIIFB) ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV). ഡി. പി. ആർ. സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള വിശദമായ പദ്ധതിരേഖ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (KIIFB) സമർപ്പിച്ച്,

അവിടെനിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസുകൾ നവീകരിക്കാൻ നടപടി**

47 (749) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) റസ്റ്റ്ഹൗസുകളിലെ മുറികളിലെ ശൗചാലയങ്ങളിലെ പഴകിയതും പ്രവർത്തിക്കാത്തതുമായ ടാപ്പുകൾ, ക്ലോസറ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും മുറികൾ വൃത്തിയായി സൂക്ഷിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് വേണ്ട എല്ലാ നടപടികളും സ്വീകരിക്കാൻ ബന്ധപ്പെട്ട കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ മെത്തകളും കട്ടിലുകളും കർട്ടനുകളും പ്രവർത്തിക്കാത്ത ടാപ്പുകളും ക്ലോസറ്റുകളും മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കഴിഞ്ഞ 5 വർഷമായി പൊതുമരാമത്ത് റസ്റ്റ്ഹൗസുകൾ അനാഥമായി കിടക്കുകയായിരുന്നു. അഴിമതിയും കെടുകാര്യസ്ഥതയും കൊടികുത്തിവാണിരുന്നു. പ്രശസ്തങ്ങളായ മൂന്നാർ, ആലുവ റസ്റ്റ് ഹൗസ് എന്നിവ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകി. റസ്റ്റ് ഹൗസുകളെപ്പറ്റി വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്, ആയത് ലഭിച്ചിട്ടില്ല. കെട്ടിട വിഭാഗത്തിൽ വലിയ ഭരണമാറ്റം ആവശ്യമാണെന്ന് കാണുന്നു. നടപടികൾ ഉദ്ദേശിക്കുന്നു.

**കോഴിക്കോട് മാവൂർ റോഡ്**

48 (750) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിൽ കുളിമാട് മുതൽ മാവൂർ വരെയുള്ള ഭാഗം വളരെ വീതി കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗം വീതി കൂട്ടുന്നതിന് സ്ഥലം പൊന്നും വിലക്കെടുക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(സി) കുളിമാട് പാലം നിർമ്മാണം 2016-2017-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാവൂർ മുതൽ കുളിമാട് വരെ റോഡ് വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പ്രസ്തുത ഭാഗം വീതി കൂട്ടുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും നിലവിൽ പരിഗണനയിലില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക**

49 (751) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നസമയത്ത് പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കുടിശ്ശികയായി എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ടായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) കരാറുകാരുടെ കുടിശ്ശിക തുക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൽ കരാറുകാർക്ക് പദ്ധതിയിനത്തിൽ 50,01,70,146 രൂപയും പദ്ധതിയിതര ഇനത്തിൽ 7,03,865 രൂപയും കുടിശ്ശിക നൽകാനുണ്ടായിരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 627.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 252.49 കോടി രൂപയുമാണ് കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടായിരുന്നത് (ആകെ 930.111 കോടി രൂപ).

(ബി) കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് സർക്കാർ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബില്ലുകളുടെ മുൻഗണനാക്രമത്തിൽ കഴിയുന്നത്ര വേഗത്തിൽ കുടിശ്ശിക കൊടുത്തു തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കഴിഞ്ഞ സർക്കാർ അനുമതി നൽകിയ എല്ലാ പണികളും ചെയ്തിരുന്നെങ്കിൽ കുടിശ്ശിക 5000 കോടിയോളം വരുമായിരുന്നു. പണി തുടങ്ങാൻ സാധിക്കാത്തതിനാൽ കുടിശ്ശിക കുറഞ്ഞു. ഈ സർക്കാർ കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവൽക്കരണം

50 (752) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിവരികയാണ്. അവ താഴെ പറയും പ്രകാരമാണ്:

1. പൊതുമരാമത്ത് വകുപ്പിന്റെ മാന്വൽ പരിഷ്കരിച്ചിട്ടുണ്ട്.

2. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC (National Informatics Center)യുമായി സഹകരിച്ച് PRICE (Project Information and Cost Estimation) സോഫ്റ്റ്വെയർ രൂപകല്പന ചെയ്ത് നടപ്പിലാക്കി. ഈ സോഫ്റ്റ്വെയർ ഉപയോഗിച്ച് കരാറുകാരുടെ രജിസ്ട്രേഷൻ, എഗ്രിമെന്റ് വയ്ക്കൽ, കമ്പ്യൂട്ടറൈസ്ഡ് മെഷർമെന്റ് ബുക്ക് തയ്യാറാക്കി വർക്ക് ബില്ലുകൾ തയ്യാറാക്കുക, വർക്കിന്റെ പുരോഗതി വിലയിരുത്തുക, ഗുണമേന്മ ഉറപ്പുവരുത്തുക, ഓൺലൈനായി കരാറുകാരുടെ പേയ്മെന്റ് നടത്തുക എന്നീ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. ഇ-ടെണ്ടറിംഗ് സിസ്റ്റം നിലവിൽ വരുത്തി.

4. ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുമരാമത്ത് വകുപ്പ്, ധനകാര്യവകുപ്പ്, ഐ. റ്റി. വകുപ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എൻ.ഐ.സി. എന്നീ സ്ഥാപനങ്ങൾ മേൽ പദ്ധതികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

5. പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേയ്ക്കായി റോഡുകളും പാലങ്ങളും വിഭാഗത്തിൽ MoRTH Specification-നും, Delhi Schedule of Rate-ഉം നടപ്പിലാക്കി.

6. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജില്ലാതലങ്ങളിൽ Quality Control ലാബുകൾ സ്ഥാപിച്ചു.

7. ആധുനിക സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രീകൃത പരിശീലനത്തിനു വേണ്ടി നേര്യമംഗലത്ത് ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുവേണ്ടി കെട്ടിട നിർമ്മാണം നടന്നുവരുന്നു.

8. ഇപ്പോൾ റോഡുകൾക്ക് നാച്ച്വറൽ റബ്ബറൈസ്ഡ് ബിറ്റുമിൻ, വേസ്റ്റ് പ്ലാസ്റ്റിക്, കയർ ജിയോടെക്സ്റ്റയിൽസ്എന്നിവ ഉപയോഗിച്ചുവരുന്നു.

ഡിസൈൻ വിഭാഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിനുവേണ്ടി കമ്പ്യൂട്ടർവത്കൃത ഡിസൈൻ നടപ്പാക്കിവരുന്നു. പുതിയ രീതികളും സാങ്കേതിക വിദ്യകളും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഉപകരണങ്ങളും സോഫ്റ്റ്‌വെയറും വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള നടപടികളും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ അധിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ ചീഫ് എഞ്ചിനീയർ (ഡിസൈൻ & അഡ്മിനിസ്ട്രേഷൻ)-ന്റെ കീഴിൽ ഒരു പി. പി. യു. യൂണിറ്റ്, (പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റ്) തിരുവനന്തപുരത്തും, രണ്ട് റിജിയണൽ യൂണിറ്റുകൾ കോഴിക്കോട്ടും എറണാകുളത്തും തുടങ്ങുവാൻ തീരുമാനിച്ചു. പ്രസ്തുത യൂണിറ്റിൽ ഇൻവെസ്റ്റിഗേഷൻ ഡിസൈൻ വിംഗുകൾ ഉണ്ടായിരിക്കും. ഈ യൂണിറ്റുകളാണ് ഡി.പി.ആർ.-കൾ തയ്യാറാക്കുന്നത്. അങ്ങനെ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയതിനുശേഷം പ്രവൃത്തി ടെണ്ടർ ചെയ്യുന്നു. രണ്ടാം ഘട്ടത്തിൽ വർക്ക് പ്രോഗ്രാമുമായി ലിങ്ക് ചെയ്യുവാനും എല്ലാ പ്രോജക്ടുകളും web based ആക്കുവാനുംകൂടി public grievance queries കൂടി ഉൾപ്പെടുത്തുവാനുമുള്ള നടപടികൾ എടുത്തുവരുന്നു. റോഡ്, പാലം എന്നിവയുടെ പരിപാലനം വളരെ പരിതാപകരമായാണ് കേരളത്തിൽ നടക്കുന്നത്. അത് നന്നായി നടത്താൻ പ്രത്യേക വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

**റോഡുകളുടെയും നടപ്പാതകളുടെയും സുരക്ഷിതത്വം**

51 (753) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾക്ക് ഇരുവശവും സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും, നിർമ്മാണ സാമഗ്രികളും തടികളും മറ്റും കൂട്ടിയിടുന്നതുമൂലം അപകടങ്ങളുണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അനധികൃതമായി നിർമ്മാണ സാമഗ്രികളും മറ്റും

റോഡിലും നടപ്പാതകളിലും കൂട്ടിയിടുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) റോഡുകളുടെ നിർമ്മാണത്തിനും മറ്റുമായി നിർമ്മാണ സാമഗ്രികളും യന്ത്രങ്ങളും നിർമ്മാണമാരംഭിക്കുന്നതിന് വളരെ മുൻപേ തന്നെ ഇത്തരത്തിൽ സൂക്ഷിക്കുന്നത് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതും അപകടങ്ങൾക്ക് ഇടയാക്കുന്നതുമാണെന്നുള്ള വസ്തുത ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എങ്കിൽ ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുംവിധം റോഡുകളെയും നടപ്പാതകളെയും സുരക്ഷിതമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 63/16/പൊ. മ. വ., തീയതി 3-9-2016 പ്രകാരം റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഹൈവേ അതോറിറ്റി ആയി നിയമിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡുകളും നടപ്പാതകളും കയ്യേറുകയും അവയ്ക്ക് നാശനഷ്ടം വരുത്തുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകുന്നതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകുന്നതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള പരാതിയിൻമേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കുന്നതാണ്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കുന്നതാണ്. യഥാസമയം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥന്മാരെയും കുറ്റക്കാരായി കണ്ട് നടപടി സ്വീകരിക്കുന്നതാണ്.

(സി &ഡി) ഗൗരവമായി കാണുന്നുണ്ട്. റോഡുകളുടെ നിർമ്മാണത്തിനും മറ്റുമായി യന്ത്രങ്ങളും നിർമ്മാണ സാമഗ്രികളും റോഡരികിലും മറ്റും സൂക്ഷിക്കുന്നത് മാർഗ്ഗതടസ്സം, അപകടങ്ങൾ മുതലായവയ്ക്ക് കാരണമാകുമെന്നതിനാൽ പ്രസ്തുത സാഹചര്യങ്ങൾ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഡിവിഷനുകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡുകളുടെ നിർമ്മാണത്തിനും മറ്റുമായി യന്ത്രങ്ങളും

നിർമ്മാണ സാമഗ്രികളും റോഡരികിലും മറ്റും സൂക്ഷിക്കുന്നത് പരമാവധി ഒഴിവാക്കിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജനപ്രതിനിധികളും പ്രാദേശിക സർക്കാരുകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പോലീസും റവന്യൂ ഉദ്യോഗസ്ഥരും ഗതാഗത വകുപ്പും ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി നിയമം നടപ്പിലാക്കാൻ സഹായിച്ചാലേ വിജയിക്കുകയുള്ളൂ.

**പൊതുമരാമത്ത് പ്രവൃത്തികൾക്ക് സ്റ്റീൽ വാങ്ങുന്നതിനുള്ള നടപടി**

52 (754) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സിൽ ഉല്പാദിപ്പിക്കുന്ന സ്റ്റീൽ മറ്റേതൊരു കമ്പനിയോടും കിടപിടിക്കുന്ന ഗുണനിലവാരം ഉള്ളതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സ്റ്റീൽ സർക്കാർ ഉടമസ്ഥതയിലുള്ള ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സിൽനിന്നും വാങ്ങി ഉപയോഗിക്കുന്നതിന് ആവശ്യമായ പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർക്ക് സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സ്റ്റീൽ ഏത് കമ്പനിയിൽനിന്നും വാങ്ങുന്നതിന് സ്വാതന്ത്ര്യമുണ്ട്. ഡിപ്പാർട്ടുമെന്റ് മുഖേന സ്റ്റീൽ വാങ്ങി നൽകുന്ന പതിവ് നിലവിലില്ല. കരാറുകാർ വാങ്ങിക്കൊണ്ടുവരുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരം പരിശോധിച്ചശേഷമാണ് പ്രവൃത്തികൾക്ക് ഉപയോഗിക്കാനുള്ള അനുവാദം നൽകിവരുന്നത്. എന്നാൽ ഒരു പ്രത്യേക സ്ഥലത്ത് നിന്ന് സ്റ്റീൽ വാങ്ങണമെന്ന് നിഷ്കർഷിക്കാൻ വ്യവസ്ഥയില്ല. എന്നാലും സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കണ്ണങ്ങാട്ട് - ഐലന്റ് പാലം**

53 (755) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട്-ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ തൽസ്ഥിതി വിശദമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഇ) പാലത്തിന്റെ അംഗീകാരം നൽകിയിട്ടുള്ള അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) ഈ പാലം എപ്പോൾ ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലത്തിന്റെ 17 സ്പാനുകളിൽ 14 എണ്ണവും പൂർത്തീകരിച്ചു. 51 ബീമുകളിൽ 50 എണ്ണം പൂർത്തീകരിച്ചു. കണ്ണങ്ങാട്ട് ഭാഗത്ത് ബോക്സ് കൾവർട്ടിന്റെ പണി പൂർത്തീകരിച്ചു. അപ്രോച്ച് റോഡിനുള്ള ഫൗണ്ടേഷൻ പണികൾ ആരംഭിച്ചു. പ്രവൃത്തികൾ പുരോഗതിയിലാണ്.

(ബി) 2016 നവംബർ മാസത്തോടെ പാലം പണി (അപ്രോച്ച് റോഡ് ഒഴികെ) പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്.

(ഡി) അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി സ്ഥലം ഉടമകൾക്ക് നൽകേണ്ട വിലയുടെ കാര്യത്തിൽ റവന്യൂ വകുപ്പിന്റെ തീരുമാനത്തിന് വിധേയമായി മാത്രമേ അപ്രോച്ച് റോഡ് പൂർത്തീകരിക്കുവാൻ കഴിയൂ. സ്ഥലമെടുപ്പ് പ്രക്രിയകൾ പൂർത്തീകരിച്ചാൽ മൂന്നുമാസത്തിനുള്ളിൽ പാലം പണി പൂർണ്ണമായും പൂർത്തീകരിക്കുവാൻ കഴിയും.

(ഇ) അലൈൻമെന്റിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(എഫ്) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചാൽ 3 മാസത്തിനകം അപ്രോച്ച് റോഡിന്റെ ജോലികൾ പൂർത്തീകരിച്ച് പാലം ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിയും.

## ഉപ്പക്കല്ല് - ഗോസാഡ റോഡിൽ പാലം

54 (756) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലെ കുംബടാജെ ഗ്രാമ പഞ്ചായത്തിൽ ഉപ്പക്കല്ല്-ഗോസാഡ റോഡിൽ പരപ്പപാലം പണിയുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പാലത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പാലത്തിനുള്ള ഭരണാനുമതി എപ്പോൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി & സി) ടി പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡിസൈൻ തയ്യാറാക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കുട്ടനാട്ടിലെ റോഡുകൾ**

55 (757) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം നിർമ്മാണം പൂർത്തിയായ റോഡുകളുടെ ഉപരിതലം പൊട്ടുകയും റോഡുകൾ ഭൂമിയിലേക്ക് താഴുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയ നിർമ്മാണ രീതികൾ അവലംബിക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ റോഡ് നിർമ്മാണം സംബന്ധിച്ച് നാറ്റ്പാക് മുഖേന പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ സംരക്ഷിക്കുന്നതിന് കയർ ഭൂവസ്ത്രം, റബ്ബറൈസ്ഡ് ബിറ്റുമിൻ, പ്ലാസ്റ്റിക്ക് മുതലായ ശാസ്ത്രീയ നിർമ്മാണരീതികൾ അവലംബിക്കുന്നത് ഗുണകരമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രദേശത്തെ റോഡ് നിർമ്മാണം സംബന്ധിച്ച് നാറ്റ്പാക് മുഖേന പഠനം നടത്തുന്ന കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല. പഠനം നടത്തുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ

56 (758) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പുതിയ പ്രവൃർത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിവരം അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

(ബി) ദേശീയപാത വിഭാഗത്തിൽ മൂരാട് പാലം പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കോഴിക്കോട് ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

## മുടപ്പല്ലൂർ - മംഗലം ഡാം റോഡ് നിർമ്മാണം

57 (759) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലംഡാം റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുടപ്പല്ലൂർ-മംഗലംഡാം റോഡ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയിക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/2009/ പൊ. മ. വ.-ൽ ഉൾപ്പെടുത്തി 525 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 532 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്ന M/s. ഏബിൾ ഗ്രൂപ്പ് ട്രേഡിംഗ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തെ രണ്ടു തവണ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ 24-1-2014-ന് നഷ്ടോത്തരവാദിത്വത്തിൽ കരാറിൽ നിന്ന് നീക്കം ചെയ്യുകയുണ്ടായി. ബാക്കി പ്രവൃത്തിക്ക് 3 തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും വളരെ കൂടിയ നിരക്കിലുള്ള ദർഘാസുകൾ മാത്രമാണ് ലഭ്യമായത്. 15-3-2016-ന് വീണ്ടും ടെണ്ടർ ക്ഷണിച്ചപ്പോൾ 3 ദർഘാസുകൾ ലഭിക്കുകയുണ്ടായി. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ 78.90% അധിക നിരക്കിലുള്ള ദർഘാസ്, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പരിശോധിച്ചുവരികയാണ്.

**എയിഞ്ചൽവാലി-മൂലക്കയം റോഡിന്റെ പണി**

58 (760) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏയിഞ്ചൽവാലി-മൂലക്കയം റോഡിന്റെ പണി അടുത്തകാലത്ത് നടത്തിയത് ഏത് കോൺട്രാക്ടറാണ്; പേരു വിവരം വെളിപ്പെടുത്താമോ;

(ബി) എന്ത് തുകയ്ക്കാണ് പ്രസ്തുത റോഡുപണി നടത്തിയത്; ഇതിന്റെ എസ്റ്റിമേറ്റ് തുക എത്ര; എഗ്രിമെന്റ് തുക എത്ര; വിശദമാക്കാമോ;

(സി) എന്നാണ് പ്രസ്തുത റോഡിന്റെ പണി തുടങ്ങിയതെന്നും പൂർത്തിയാക്കിയതെന്നും വെളിപ്പെടുത്താമോ; വിശദമാക്കാമോ;

(ഡി) റോഡിന്റെ പണി തീർന്ന ഉടൻ തന്നെ പ്രസ്തുത റോഡിന്റെ പല ഭാഗങ്ങളും പൊട്ടിപ്പൊളിഞ്ഞതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത റോഡിന്റെ പണിയ്ക്ക് മേൽനോട്ടം വഹിച്ച പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥർ ആരൊക്കെ; വിവരിക്കുമോ;

(എഫ്) റോഡു പണിയിൽ ക്രമക്കേട് ഉള്ളതായി ആക്ഷേപമുള്ളതിനാൽ സത്യസന്ധരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഈ റോഡിന്റെ പണി വിശദമായി

പരിശോധിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ജി) വിശദമായ പരിശോധനയുടെ വെളിച്ചത്തിൽ, ഈ റോഡു പണിയിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അതിന് കാരണക്കാരായ പി. ഡബ്ള്യൂ. ഡി. ഉദ്യോഗസ്ഥർക്കെതിരെയും കോൺട്രാക്ടർക്കെതിരെയും അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; കരാറുകാരന് പി. ഡബ്ള്യൂ. ഡി. യിൽ നിന്നും കരാർ തുക മുഴുവനും കൊടുത്തു കഴിഞ്ഞോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ പണി നടത്തിയത് ശ്രീ. ജോർജ്ജ് കുരുവിള എന്ന കോൺട്രാക്ടറാണ്.

(ബി) എസ്റ്റിമേറ്റ് തുക - ₹ 4,03,62,753

എഗ്രിമെന്റ് തുക - ₹ 4,22,73,306

(സി) 21-4-2015-ൽ പണി തുടങ്ങി, പണി പൂർത്തീകരിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉറവ ഉള്ളിടത്ത് പൊളിഞ്ഞുപോയ ഭാഗങ്ങൾ നന്നാക്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടില്ല.

(ഇ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. അലക്സ് തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി മീര, ശ്രീമതി പ്രസ്സി, ഓവർസിയർ ശ്രീ. സുരേഷ് എന്നിവരാണ് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ചത്.

(എഫ്) പ്രത്യേകം പരാതി തന്നാൽ വിശദമായി അന്വേഷിക്കും. പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതകളോ, അഴിമതിയോ ശ്രദ്ധയിൽപ്പെടുന്നപക്ഷം അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) അഴിമതി നടന്നിട്ടുണ്ടെന്ന് തെളിഞ്ഞാൽ കാരണക്കാരായവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതാണ്. കരാറുകാരന് തുക ഒന്നും നൽകിയിട്ടില്ല. 2,65,91,301 രൂപയുടെ പെന്റിംഗ് ബില്ല് നിലവിലുണ്ട്.

**ക്രമവിരുദ്ധമായ മരാമത്ത് പണികൾ**

59 (761) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ക്രമവിരുദ്ധമായ മരാമത്ത് പണികളെ സംബന്ധിച്ച് അന്നത്തെ വിജിലൻസ് ഡയറക്ടർ നടത്തിയ

അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ പ്രശ്നത്തിൽ ആരുടെയെല്ലാം ഇടപെടലുണ്ടെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നടക്കുന്നതായി പറയുന്ന അഴിമതി സാമ്പിളായെടുത്ത് വിജിലൻസ് നടത്തിയ ഒരു പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ അഴിമതികൾ തടയുന്നതിനായി സമീപകാല, ഇടക്കാല, ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട നടപടികൾ സംബന്ധിച്ചുള്ളതാണ് പ്രസ്തുത റിപ്പോർട്ട്.

(ബി) പ്രസ്തുത സിസ്റ്റം സ്റ്റഡി റിപ്പോർട്ടിൽ പ്രത്യേകിച്ച് ഒരു ഉദ്യോഗസ്ഥനെയും പേരെടുത്ത് പരാമർശിച്ചിട്ടില്ല. എന്നാൽ ഓവർസീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർമാർ, വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പുസെക്രട്ടറി, മരാമത്ത് വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി തുടങ്ങിയവർ അഴിമതിയിൽ കണ്ണികളാണെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു. റിപ്പോർട്ട് പഠിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. പുതിയ സർക്കാർ ഇത്തരം റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ശക്തമായ അഴിമതി വിരുദ്ധ നടപടികൾ എടുത്തുവരുന്നു.

**ഞാവളിൻകടവിൽ പാലം**

60 (762) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം, തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവിൽ പാലം നിർമ്മിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ , എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എത്ര തുകയ്ക്കാണ് ഉത്തരവ് നൽകിയത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉത്തരവിന്റെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ;

(ഡി) പാലത്തിന്റെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 13-9-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1454/10/പൊ. മ. വ. പ്രകാരം പ്രത്യേകാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ബി) 29 കോടി രൂപയ്ക്കാണ് ഉത്തരവ് നൽകിയത്.

(സി) ചെന്നൈ ആസ്ഥാനമായുള്ള സ്റ്റൂപ് കൺസൾട്ടൻസിയെ പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കുവാൻ 30 ലക്ഷം രൂപയുടെ ഭരണാനുമതിയോടുകൂടി ഏൽപ്പിക്കുകയും അവർ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ 29-12-2010 തീയതിയിൽ അംഗീകാരത്തിനായി റെയിൽവേ ചീഫ് ബ്രിഡ്ജ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

പദ്ധതിയുടെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള ഭൂമിയുടെ സർവ്വേ പൂർത്തിയാക്കുകയും ആയതിൻപ്രകാരം രണ്ടു പഞ്ചായത്തിലേതും കൂടി ആകെ 563.68 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 504.86 സെന്റ് ഭൂമി നെൽവയൽ ആയതുകൊണ്ട് ഭൂമി പരിവർത്തനത്തിനുള്ള അംഗീകാരം ആവശ്യമായിട്ടുണ്ട്. ഭൂമി പരിവർത്തനത്തിനുള്ള അപേക്ഷ പെരിങ്ങോട്ടുകുറിശ്ശി കൃഷി ഓഫീസർക്കും ലക്കിടിപേരൂർ പഞ്ചായത്ത് കൃഷി ഓഫീസർക്കും സമർപ്പിക്കുകയും, പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിന്റെ ഭാഗത്തേയ്ക്കായി നൽകിയ അപേക്ഷ പ്രാദേശിക സമിതി ശിപാർശ ചെയ്യാത്തതുമൂലം കാർഷികോൽപ്പാദന കമ്മീഷൻ തള്ളുകയും ചെയ്തു. ലക്കിടിപേരൂർ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും മറുപടിയൊന്നും ലഭിച്ചില്ല. അപേക്ഷ പുനഃപരിശോധിക്കുവാനുള്ള അപേക്ഷ രണ്ടു പഞ്ചായത്തിലേയും കൃഷി ഓഫീസർമാർക്കും 30-1-2014-ൽ നൽകിയിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനും റെയിൽവേ അധികൃതർക്ക് സെന്റേജ് നൽകുന്നതിനും കൂടിയുള്ള 435 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക ആകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. പാലം നിർമ്മാണത്തിനായുള്ള ഭൂമി വിട്ടുതരുവാൻ രണ്ടു പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുള്ള കുറച്ച് ഭൂവുടമകൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും നെൽവയൽ പരിവർത്തനത്തിനുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അംഗീകാരവും ലഭ്യമായതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

5-9-2016-ന് പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ ഞാവളിൻകടവിൽ പാലം സംബന്ധിച്ച് കർഷകപ്രതിനിധികളും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുമായി ബഹുമാനപ്പെട്ട പിന്നോക്കക്ഷേമ പട്ടികജാതി വികസന, നിയമ, സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കർഷകരുടെ എതിർപ്പ് കാരണം സ്ഥലമെടുപ്പിന് തീരുമാനമായിട്ടില്ല.

## ഫോർട്ട്കൊച്ചി വെളി സ്പോർട്സ് കോംപ്ലക്സ്

61 (763) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ എൽ. എ. സി.-എ. ഡി. എസ്.-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോർട്ട്കൊച്ചി വെളി സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനില്ക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) കൊച്ചി നിയോജകമണ്ഡലത്തിൽ എൽ. എ. സി.-എ. ഡി. എസ്-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോർട്ട്കൊച്ചി വെളി സ്പോർട്സ് കോംപ്ലക്സ് ഗ്രൗണ്ടിന്റെ ചുറ്റും മുള്ളുവേലി കെട്ടുന്ന പ്രവൃത്തിയിൽ ഫൗണ്ടേഷന്റെയും ബേസ്മെന്റിന്റേയും പണി പൂർത്തീകരിച്ചിട്ടുണ്ട്. മുള്ളുവേലി, കളിസ്ഥലം, കാന എന്നിവയുടെ നിർമ്മാണം ബാക്കിയുണ്ട്. നിലവിൽ ഗ്രൗണ്ട് ചുറ്റുമുള്ള റോഡിനേക്കാൾ താഴ്ന്ന നിലയിലാണ്. വെള്ളക്കെട്ട് ഒഴിവാക്കി അന്താരാഷ്ട്ര നിലവാരത്തിൽ കളിസ്ഥലം ശരിയാക്കുന്ന തിനാവശ്യമായ മണ്ണ് ലഭ്യമല്ലാത്തതാണ് ടി പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള പ്രധാന തടസ്സം. ഈ പ്രവൃത്തിക്കുമാത്രമായി നിലവിലുള്ള ചട്ടങ്ങളിൽ ആവശ്യമായ ഇളവു വരുത്തേണ്ടതായിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ, ഫിഫ അധികൃതർ എന്നിവരോട് പൊതുമരാമത്ത് അധികൃതർ അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## തൃക്കുറ്റിശ്ശേനി പാലം അറ്റകുറ്റപ്പണി

62 (764) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട്-ബാലുശ്ശേരി മേഖലയെ ബന്ധിപ്പിക്കുന്ന റോഡിലെ തൃക്കുറ്റിശ്ശേനി പാലം ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാലം പുതുക്കി പണിയാനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ആയതിന്റെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ) താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി തൃക്കുറ്റിശ്ശേനി പാലം നിലവിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

(ബി) പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**കാര്യങ്കോട് പാലം പുതുക്കി പണിയൽ**

63 (765) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാര്യങ്കോട് പുഴയിൽ (നാഷണൽ ഹൈവേയിൽ) നിലവിലുള്ള പാലം അപകടാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പാലം സമയബന്ധിതമായി പുതുക്കി പണിയാൻ തീരുമാനങ്ങൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കാര്യങ്കോട് പുഴയിൽ (നാഷണൽ ഹൈവേയിൽ) നിലവിലുള്ള പാലം അപകടാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാര്യങ്കോട് പാലം പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി പുതിയ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ ദേശീയപാത 4 വരിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി കൺസൾട്ടൻസി മുഖേന ധ്രുതഗതിയിൽ നടന്നുവരികയാണ്. കാര്യങ്കോട് പുതിയ പാലം നിർമ്മാണത്തിന്റെ പ്രാരംഭ സർവ്വേ ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

**കിഴക്കേക്കോട്ടയിലെ റോഡ് അപകടങ്ങൾ**

64 (766) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിഴക്കേക്കോട്ടയിൽ റോഡ് അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; ഇതൊഴിവാക്കാൻ എന്തെങ്കിലും കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കർമ്മ പദ്ധതി എപ്പോഴത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കിഴക്കേക്കോട്ടയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് മേൽപ്പാലം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കിഴക്കേക്കോട്ടയിലെ അപകടമരണങ്ങളുടെ കൃത്യമായ കണക്ക് പി. ഡബ്ല്യു. ഡി-യിൽ ലഭ്യമല്ല. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ് കിഴക്കേക്കോട്ടയിലെ റോഡ് വികസനം. പദ്ധതിയുടെ അംഗീകരിക്കപ്പെട്ട രൂപരേഖ (DPR) പ്രകാരം റോഡുകളുടെ വികസനം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കിഴക്കേക്കോട്ടയിലെ നിലവിലെ ബസ് ടെർമിനലിന് പിന്നിലുള്ള ഭൂമി ഏറ്റെടുത്ത് നൽകാത്തതിനാൽ അവിടെ ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി & സി) കിഴക്കേക്കോട്ട ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കാൻ മറ്റ് കർമ്മ പദ്ധതികളൊന്നും നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലില്ല. ഇത് റോഡ് സുരക്ഷാ അതോറിറ്റി മുഖേന ഗതാഗത വകുപ്പാണ് ഉറപ്പാക്കേണ്ടത്. അവരെ ഗൗരവപൂർവ്വം അറിയിക്കുന്നതാണ്.

**പെരുമൺ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം**

65 (767) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ ഭരണാനുമതി ലഭിച്ച കൊല്ലം-കുന്നത്തൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന, പെരുമണിൽനിന്നും പേഴംതുരുത്ത് വരെയുള്ള പെരുമൺ പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള പ്രൊപ്പോസൽ 2014-ൽ സർക്കാർ ഡെഫെർ ചെയ്തിരുന്നോ, വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇൻവെസ്റ്റിഗേഷൻ, സർവ്വേ, ഡിസൈൻ, മണ്ണ് പരിശോധന തുടങ്ങി

പ്രാഥമിക നടപടികൾ പൂർത്തിയാക്കിയ പാലത്തിന്റെ നിർമ്മാണം 2016-2017 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നടപടികൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) അപ്രോച്ച് റോഡിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 16-9-2016-ലെ സ.ഉ.(സാധാ) നമ്പർ 4426/14/റവ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിരുന്നെങ്കിലും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ നിലവിൽ വന്നതിനാൽ റിക്വസിഷൻ അതോറിറ്റി ഭൂമി ഏറ്റെടുക്കലിനായി വീണ്ടും അപേക്ഷ നൽകി അനുമതി ലഭ്യമാക്കേണ്ടതുണ്ടോ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾക്കായി നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) 10-12-2014-ലെ 10839/ഡി1/2014/പൊ.മ.വ. കത്തുപ്രകാരം ഡെഫെർ ചെയ്തിട്ടുണ്ട്.

(ബി) പെരുമൺ-മൺറോതുരുത്ത് പാലം ഉൾപ്പെടെയുള്ള കേരളത്തിലെ 79 പാലങ്ങൾ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റവന്യൂ വകുപ്പിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

(ഡി) പെരുമൺ - മൺറോതുരുത്ത് പാലം ഉൾപ്പെടെയുള്ള കേരളത്തിലെ 79 പാലങ്ങൾ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വസ്തു രജിസ്ട്രേഷൻ**

66 (768) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര വസ്തു രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്നും അതിൽ നിന്ന് എത്രകോടി രൂപ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 31-8-2016 വരെ എത്ര

വസ്തു രജിസ്ട്രേഷനുകൾ നടന്നുവെന്നും ഇതിൽനിന്ന് എത്ര കോടി രൂപ ലഭിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് 58,66,207 ആധാരങ്ങളുടെ രജിസ്ട്രേഷൻ നടന്നു. ആയതിലൂടെ 12995.56 കോടി രൂപയുടെ വരുമാനം ലഭിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം 2,41,716 ആധാരങ്ങളുടെ രജിസ്ട്രേഷൻ നടന്നു. ആയതിലൂടെ 695.97 കോടി രൂപയുടെ വരുമാനം ലഭിച്ചു.

**കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ**

67 (769) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആകെ എത്ര കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നുവെന്നും എത്ര രൂപയുടെ വരുമാനം സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആകെ എത്ര കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നുവെന്നും എത്ര രൂപ സർക്കാരിന് വരുമാനം ലഭിച്ചുവെന്നും വിശദമാക്കുമോ;

(സി) കുടുംബ ഭാഗപത്ര രജിസ്ട്രേഷന്റെ ഫീസ് വർദ്ധിപ്പിച്ചതിന് ശേഷം എത്ര കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നുവെന്നും ഇതിൽ നിന്ന് സർക്കാരിന് എത്ര വരുമാനം ലഭിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് ആകെ 190401 കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നു. ആയതിലൂടെ 778.9 കോടി രൂപയുടെ വരുമാനം സർക്കാരിന് ലഭിച്ചു.

(ബി) ഈ സർക്കാരിന്റെ കാലത്ത് ആകെ 6952 കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നു. ആയതിലൂടെ 9.02 കോടി രൂപയുടെ വരുമാനം സർക്കാരിന് ലഭിച്ചു.

(സി) കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചതിനുശേഷം

ആകെ 2376 കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നു. ആയതിലൂടെ 4.52 കോടി രൂപയുടെ വരുമാനം സർക്കാരിനു ലഭിച്ചു.

**സ്വന്തമായി ആധാരം തയ്യാറാക്കൽ**

68 (770) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്ഷികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കാൻ സഹായകരമായ എന്തെങ്കിലും സംവിധാനം രജിസ്ട്രേഷൻ വകുപ്പ് ഒരുക്കിയിട്ടുണ്ടോ;

(ബി) സാധാരണയായി വേണ്ടി വരുന്ന ആധാരങ്ങളുടെ മാതൃക രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണോ; എങ്കിൽ എത്ര മാതൃകകൾ ലഭ്യമാണെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി എഴുതുന്ന ആധാരങ്ങളിൽ ആധാരമെഴുത്തുകാർക്കുള്ള ക്ഷേമനിധി സ്റ്റാമ്പ് പതിക്കേണ്ടതുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) സ്വന്തമായി എഴുതുന്ന ആധാരങ്ങളുടെ കരട് പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ സബ് രജിസ്ട്രാർമാരോട് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) കക്ഷികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കുന്നതിനുവേണ്ടി, പ്രമാണങ്ങളുടെ മാതൃകകൾ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 16-7-2013 തീയതിയിലെ സ. ഉ. (സാധാ) നമ്പർ 545/13/നിവ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകാധാരങ്ങൾ അടിസ്ഥാനമാക്കി, ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 12-8-2016 തീയതിയിലെ ഐറ്റി3/30120/10 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ കോപ്പി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ലഭ്യമാണ്. 19 മാതൃകകൾ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പതിക്കേണ്ടതില്ല. പതിക്കുന്ന കാര്യം ചട്ട ഭേദഗതിയിലൂടെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ഉണ്ട്. ഇതുസംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 12-8-2016 തീയതിയിലെ ഐറ്റി3/30120/10 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ കോപ്പി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## രജിസ്ട്രേഷൻ വകുപ്പ് സുതാര്യമാക്കുന്നതിനുള്ള നടപടികൾ

69 (771) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ രജിസ്ട്രേഷൻ വകുപ്പ് സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധാരമെഴുത്തുകാരുടെ ഇടയിൽ ഉണ്ടായിരിക്കുന്ന ആശങ്കയും പ്രതിസന്ധിയും പരിഹരിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ രജിസ്ട്രേഷൻ വകുപ്പിൽ ഇന്റർനെറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കി. ഈ സംവിധാനത്തിലൂടെ ചുവടെ വിവരിക്കുന്ന സേവനങ്ങൾ ലഭ്യമാണ്:

1. ആധാര രജിസ്ട്രേഷൻ
2. ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി നൽകുന്നു.
3. സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ
4. പാർട്ട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ
5. സൊസൈറ്റി രജിസ്ട്രേഷൻ.

വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള തുക ഇന്റർനെറ്റ് മുഖാന്തരം ഒടുക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. സംസ്ഥാനത്തെ 313 സബ് രജിസ്ട്രാർ ഓഫീസിലും ഇന്റർനെറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ സംവിധാനം പ്രവർത്തന സജ്ജമാണ്.

(ബി) എല്ലാ ജില്ലകളിലും ആധാരം എഴുത്ത് കൈപ്പട ലൈസൻസികൾക്ക് അതാത് ജില്ലകളിൽവച്ച് online PEARL Software-ൽ പരിശീലനം നൽകിയിട്ടുണ്ട്. ആധാരം എഴുത്തുകാരെ ഓൺലൈൻ സമ്പ്രദായത്തെക്കുറിച്ച് ബോധവൽക്കരിക്കുവാൻ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 14 ജില്ലകളിലുമായി ആകെ 3480 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ഇനിയും പരിശീലനം ലഭിക്കാത്ത ആധാരം എഴുത്ത് കൈപ്പട ലൈസൻസികൾക്ക് അതത് സബ് രജിസ്ട്രാർ ഓഫീസുകളിൽ വച്ച് പരിശീലനം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നിലവിൽ ആധാരമെഴുത്തുകാർ തന്നെ പൊതുജനങ്ങൾക്കുവേണ്ടി ടോക്കൺ എടുക്കുകയും ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാനും വേണ്ടുന്ന സേവനവും ചെയ്തു വരുന്നു. ഈ സേവനങ്ങൾക്ക് അനുസൃതമായ സർവ്വീസ് ചാർജ്ജും ഈടാക്കി ക്കൊണ്ടാണ് ഇത്തരം സേവനങ്ങൾ നൽകി വരുന്നത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവത്കരണ നടപടികളിൽ ആധാരമെഴുത്തുകാർ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്.

(സി) 1908-ലെ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 71, 83 എന്നിവയിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് ആൾമാറാട്ടം നടത്തി വ്യാജപ്രമാണം രജിസ്റ്റർ ചെയ്തതായി ബോധ്യപ്പെടുന്ന കേസുകളിലും സർക്കാർ ഭൂമിയോ പൊതുമേഖലാ സ്ഥാപനത്തിന്റെ ഭൂമിയോ കയ്യേറിയിട്ടുള്ളതായി ജില്ലാ കളക്ടർ ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലും ആധാരങ്ങൾ റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അധികാരമുള്ളതിനാൽ അപ്രകാരമുള്ള ആധാരങ്ങളിൽ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്. 28-8-2013 തീയതിയിലാണ് ടി നിയമ ഭേദഗതി പ്രാബല്യത്തിൽ വന്നിട്ടുള്ളത് എന്നതിനാൽ ടി തീയതിക്കുശേഷമുള്ള ആധാരങ്ങളെ സംബന്ധിച്ച് മാത്രമാണ് മേൽപ്രകാരമുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നത്.

മറ്റ് കേസുകളിൽ ബഹുമാനപ്പെട്ട നീതിന്യായ കോടതികളെ സമീപിച്ചുകൊണ്ട് തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## റെയിൽ ഹൂൺസ്

70 (772) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തോടുന്ന ട്രെയിനുകൾ ചായം പൂശി വികൃതമാക്കുന്ന 'റെയിൽ ഹൂൺസ്' എന്ന സ്വയം പ്രഖ്യാപിത സംഘടനയെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഇതിന്മേൽ എന്തെല്ലാം നിയമനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 'റെയിൽ ഹ്ണ്ടൺസ്' എന്ന സംഘടന പൊതുസ്ഥലങ്ങളിൽ ചിത്രം വരച്ചും വാക്കുകൾ എഴുതിയും പൊതുജനശ്രദ്ധ പിടിച്ചുപറ്റുന്ന കലാകാരന്മാരുടെ കൂട്ടമാണ്. ഇവർ ബസ്, ട്രെയിൻ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്തുവരുന്നു. റെയിൽവേയുടെ സ്ഥാവരജംഗമ വസ്തുക്കൾ, ട്രെയിൻ എന്നിവകളെ വികൃതമാക്കുന്ന പ്രവൃത്തികളാണ് ഈ സംഘടനയുടെ അംഗങ്ങൾ ചെയ്തുവരുന്നത് എന്ന പരാതി ഉയർന്നിട്ടുണ്ട്.

(സി) ഇതിന്മേൽ ഷൊർണ്ണൂർ റെയിൽവേ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 319/16 യു. എസ്. 447/ഐ. പി. സി. & 151 (1) (2) (1) ഇന്ത്യൻ റെയിൽവേ ആക്ട് പ്രകാരം 16-8-2016 തീയതിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

**കൊച്ചിൻ ഹാർബർ ടെർമിനസ്**

71 (773) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ഹാർബർ ടെർമിനസ് പ്രവർത്തനക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്; ആയത് പ്രവർത്തന ക്ഷമമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഇതിനായി റെയിൽവേ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഹാർബർ ടെർമിനസ് നവീകരണത്തിനായി കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടതായിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(എഫ്) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പി.ഡബ്ല്യൂ പി 16-17 പ്രകാരം ട്രാക്കിന്റെയും സ്ലീപ്പറിന്റെയും നവീകരണവും, ലോബുക്ക് 16-17 പ്രകാരം സിഗ്നലുകളുടെയും ബ്ലോക്ക് ഇൻസ്ട്രുമെന്റുകളുടെയും പുതുക്കിപ്പണിയലും അനുവദിച്ചിട്ടുണ്ട്. സ്റ്റേഷൻ ബിൽഡിംഗ് പ്ലാറ്റ്ഫോം ഷെൽറ്ററുകൾ, യാത്രക്കാരുടെ സൗകര്യങ്ങൾ എന്നിവയും പുതുക്കിപ്പണിയേണ്ടതുണ്ട്. ഈ പ്രവൃത്തികൾക്കായുള്ള ടെന്ററിംഗ് വർക്ക് ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഫണ്ട് ഒരു തടസ്സമല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല

(എഫ്) ടെണ്ടർ പൂർത്തിയാകുന്ന മുറയ്ക്ക് 2017 ജനുവരിയോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡിജിറ്റൽ പാഠപുസ്തകങ്ങൾ**

72 (774) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ ഭാരമേറിയ പാഠപുസ്തകങ്ങൾ ദിനവും സ്കൂളിൽ കൊണ്ടുപോകുന്നതുമൂലം അവർക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രശ്നപരിഹാരമെന്ന നിലയിൽ 'ഡിജിറ്റൽ പാഠപുസ്തകം' എന്ന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത അദ്ധ്യയന വർഷം മുതൽ പാഠപുസ്തകങ്ങൾ മൂന്ന് വാല്യമായി പ്രിന്റ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. 60 പേജിൽ കൂടുതൽ ഒരു വാല്യത്തിൽ ഉണ്ടാകാത്തവിധമാണ് പ്രിന്റ് ചെയ്യുന്നത്.

(സി) ഡിജിറ്റൽ പാഠപുസ്തകം 'പൈലറ്റ് പ്രോജക്ട്' എന്ന രീതിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**ഹയർ സെക്കന്ററി കോഴ്സുകൾ**

73 (775) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നിലവിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഏതൊക്കെയാണെന്നും, പ്രസ്തുത സ്കൂളുകളിൽ ഓരോ കോഴ്സിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും, എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നിലവിലുള്ള സ്കൂളുകൾ ഏതൊക്കെയാണെന്നും, ഓരോ സ്കൂളിലും നിലവിലുള്ള കോഴ്സുകൾ, അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം, ഇപ്പോഴുള്ള കുട്ടികളുടെ എണ്ണം എന്നിവയും അറിയിക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധം - *ആയി ചേർക്കുന്നു.

**ഹൈടെക് ക്ലാസുകൾ**

74 (776) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ 90-ാം ഖണ്ഡികയിൽ 8 മുതൽ 12 വരെയുള്ള ക്ലാസുകൾ ഹൈടെക് ആക്കുമെന്ന് പ്രഖ്യാപിച്ചതിൻ പ്രകാരമുള്ള നടപടികൾ എന്ന് മുതൽ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ആദ്യ ഘട്ടത്തിൽ ഓരോ മണ്ഡലത്തിലേയും എത്ര വീതം സ്കൂളുകളെയാണ് തെരഞ്ഞെടുക്കുന്നത് ; ഇതിന്റെ മാനദണ്ഡം എന്താണ്; വിശദവിവരം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയായി നാല് മണ്ഡലങ്ങൾ തെരഞ്ഞെടുക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നു.

(ബി) ആദ്യഘട്ടത്തിൽ ഒരു നിയോജകമണ്ഡലത്തിൽനിന്നും ഒരു സ്കൂളും, തുടർന്നുള്ള വർഷങ്ങളിലായി മറ്റ് സർക്കാർ സ്കൂളുകളെയും പദ്ധതിയുടെ ഭാഗമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**പാഠപുസ്തക വിതരണത്തിലെ കാലതാമസം**

75 (777) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ സ്കൂളുകളിൽ പാഠപുസ്തക വിതരണം വൈകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാഠപുസ്തകം കൃത്യസമയത്ത് വിതരണം ചെയ്യാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) പാഠപുസ്തകം കൃത്യസമയത്തു വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ല എന്ന പരാതി ചില സ്കൂളുകളിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽനിന്നും ലഭിച്ചപ്പോൾ അവ പരിശോധിക്കുകയുണ്ടായി. ഇതിൽ ചില സ്കൂളുകൾ യഥാസമയം ഇൻഡന്റ് ചെയ്തിരുന്നില്ലായെന്നും, മറ്റ് ചില സ്കൂളുകൾ ഇൻഡന്റ് ചെയ്തതിലും കൂടുതൽ പുസ്തകങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇൻഡന്റ് പ്രകാരമാണ് പുസ്തകങ്ങൾ അച്ചടിച്ചത് എന്നതിനാൽ ഇൻഡന്റിൽ കൂടുതൽ പുസ്തകങ്ങൾ ആവശ്യമായി വന്നിട്ടുള്ളത് നൽകാൻ കഴിയുകയില്ല.

(സി) ഒന്നാം വാല്യം പുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടാം വാല്യം പുസ്തക വിതരണം കൃത്യസമയത്ത് തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-മോണിട്ടറിംഗ് സംവിധാനം പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാലയങ്ങളിൽ ഹൈ-ടെക് സൗകര്യങ്ങൾ

76 (778) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളെ ഹൈ-ടെക് ആക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെന്ന് വിശദമാക്കുമോ;

(ബി) ഹൈ-ടെക് ആക്കുന്നതിൻെറ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലം എം.എൽ.എ. തെരഞ്ഞെടുക്കുന്ന സ്കൂളിന്റെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വിശദമായ പരിശോധനയ്ക്ക് ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) എല്ലാ ക്ലാസ് മുറികളും കമ്പ്യൂട്ടർവൽക്കരിക്കുക, ഇന്റർനെറ്റ് സംവിധാനം ഒരുക്കുക, പ്രൊജക്റ്റർ തുടങ്ങി ഇതിനാവശ്യമായ എല്ലാ അനുബന്ധ സൗകര്യങ്ങളും ക്രമീകരിക്കുക തുടങ്ങിയവയാണ് ഉദ്ദേശിക്കുന്നത്.

## വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജീവനക്കാരന്റെ ശമ്പളപരിഷ്കരണം

77 (779) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയപ്പോൾ പാർടൈം ജീവനക്കാർക്കും ഇത് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പിൽ പാലാ ഡി.ഇ.ഒ.-യുടെ കീഴിലുള്ള ടെക്സ്റ്റ് ബുക്ക് ഡിപ്പോയിലെ പാർട്ട് ടൈം ജീവനക്കാരനായിരുന്ന കൃഷ്ണൻകുട്ടി നായർക്ക് പുതിയ ശമ്പള പരിഷ്കരണ അടിസ്ഥാനത്തിലുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ഉത്തരവിലെ പാർട്ട് ടൈം ജീവനക്കാർക്ക് ബാധകമായിട്ടുള്ള ഭാഗം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല. പെൻഷൻ പുതുക്കി നൽകാനുള്ള ശ്രീ. കൃഷ്ണൻകുട്ടി നായരുടെ അപേക്ഷ ബന്ധപ്പെട്ട രേഖകൾക്കൊപ്പം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയായ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നാളിതുവരെ ലഭിച്ചിട്ടില്ല.

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

78 (780) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "സമഗ്രവിദ്യാഭ്യാസ പദ്ധതി"-യുടെ നടത്തിപ്പിനായി എന്തെല്ലാം നൂതനമായ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ " സമഗ്രവിദ്യാഭ്യാസ പദ്ധതി" പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടപ്പിലാക്കി എന്ന് വിശദമാക്കാമോ;

(സി) "സമഗ്രവിദ്യാഭ്യാസ പദ്ധതി"-യുടെ സുഗമമായ നടത്തിപ്പിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് 57 നിയോജക മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സ്കൂളിലും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക സ്കീമുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളെ ആർട്സ്, സ്പോർട്സ്, പ്രവൃത്തി പരിചയം എന്നിവയുടെ ഹബ്ബാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ നടപ്പിലാക്കിക്കഴിഞ്ഞു.

(സി) എം. എൽ. എ.-മാരുടെ വികസന ഫണ്ട്, ആർ. എം. എസ്. എ./ എസ്. എസ്. എ. ഫണ്ട്/സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധന സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നത്.

### എ. എസ്. എം. എം. ഹയർ സെക്കന്ററി സ്കൂളിന്റെ മാനേജ്മെന്റ് തർക്കം

79 (781) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ എ. എസ്. എം. എം. ഹയർ സെക്കന്ററി സ്കൂളിന്റെ മാനേജ്മെൻറ് തർക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുത്ത് നടത്തണമെന്ന് പി. ടി. എ. സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മാനേജ്മെൻറ് തർക്കത്തെ തുടർന്ന് സ്തംഭനാവസ്ഥയിലായ സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പി.ടി.എ.യ്ക്ക് സർക്കാർ ധനസഹായം നൽകുന്നതിന് നിയമ തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ആലത്തൂർ എ.എസ്.എം.എം. ഹയർ സെക്കന്ററി സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് പി.ടി.എ. പ്രസിഡന്റ് സമർപ്പിച്ച നിവേദനം 12-8-2016-ൽ സർക്കാരിന് ലഭിക്കുകയും ആയതിന്മേൽ 9-9-2016 തീയതിയിൽ 797929/എഫ്2/16/പൊ. വി. വ. നമ്പർ കത്തുപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

### എൽ. പി. എസ്. എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

80 (782) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ പാലക്കാട് ജില്ലയിൽ നിലവിൽ വന്ന എൽ. പി. എസ്. എ. റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു എന്നറിയിക്കാമോ; ഇവരുടെ റൊട്ടേഷൻ തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) എത്ര എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്; ആയത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) 2016 മാർച്ച് 31 വരെയുള്ള വേക്കൻസികൾ എത്രയെന്ന് അറിയിക്കാമോ; ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 94 പേരെ നിയമിച്ചു.

| | | |
|---|---|---|
| ഒ. സി. ടേൺ | - | 47 |
| ബി. സി. ടേൺ | - | 45 |
| പി. എച്ച്. ടേൺ | - | 2 |

(ബി) 10 എൻ. ജെ. ഡി. ഒഴിവുകൾ. ആയത് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 86 ഒഴിവുകൾ. (എൻ. സി. എ., ഐ. ഡി. റ്റി., പി. എച്ച്. മുതലായവ ഉൾപ്പെടെ). അതിൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാവുന്ന ഒഴിവുകൾ 56 എണ്ണം പി. എസ് .സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കെ. എസ്. ടി. എ. യുടെ അവകാശ പത്രിക**

81 (783) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം കെ. എസ്. ടി. എ. എന്ന അധ്യാപക സംഘടന നടത്തിയ യാത്രയ്ക്കൊടുവിൽ അവരുടെ അവകാശ പത്രിക സർക്കാരിന് സമർപ്പിച്ചിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങളെന്തെല്ലാമായിരുന്നു വെന്നും പ്രസ്തുത ആവശ്യങ്ങൾ പരിശോധിച്ചിരുന്നോ എന്നും ആവശ്യത്തിലെ എത്ര കാര്യങ്ങളിൽ തീരുമാനം കൈക്കൊണ്ടുവെന്നും വിശദവിവരം നൽകുമോ;

(സി) സർക്കാരിതര സ്കൂളുകളെ സംബന്ധിച്ച ആവശ്യത്തിൻമേൽ ഉള്ള നിലപാട് എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് നൽകിയ നിവേദനത്തിൽ 5-8-2016-ലെ സ. ഉ. (പി) നമ്പർ 134/2016/പൊ. വി. വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണമാണ് സർക്കാർ നയം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒരു മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ

82 (784) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 'ഒരു മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ' എന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ആരാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിന്റെ ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നാലു നിയോജകമണ്ഡലങ്ങളിൽ ഇതുസംബന്ധിച്ച പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

(ബി) നിയോജകമണ്ഡലം എം.എൽ.എ. ആണ് സ്കൂളിനെ തീരുമാനിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥനെ സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ട്, കിഫ്ബി ധനസഹകരണം, സാമൂഹ്യസേവന സംഘടനകൾ, പൊതുജന പങ്കാളിത്തം, മാനേജ്മെന്റുകളുടെ സഹകരണം എന്നിവയിലൂടെ ആവശ്യമായ ഫണ്ട് സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

## എസ്.എസ്.എൽ.സി. ബുക്കുകളിലെ തെറ്റ്

83 (785) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ബുക്കുകളിലെ തെറ്റ് തിരുത്തുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചു വർഷം ഓരോ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) രണ്ടു വർഷം കഴിഞ്ഞിട്ടും തെറ്റുതിരുത്തി നൽകാത്ത എത്ര അപേക്ഷകളുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി *ചേർത്തിരിക്കുന്നു.

(ബി) രണ്ട് വർഷം കഴിഞ്ഞിട്ടും തീർപ്പാക്കാത്ത അപേക്ഷകളൊന്നും നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിലെ പരാതികൾ തീർപ്പാക്കുന്നത് സംബന്ധിച്ച്

84 (786) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ മേഖലയിലെ പ്രൈമറി,സെക്കണ്ടറി,ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽനിന്നു ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; സമയബന്ധിതമായി നടപടി തീർപ്പാക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ അച്ചടക്കനടപടി സ്വീകരിക്കുമോ;

(ബി) ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല, ഡി. പി. ഐ. ഓഫീസുകളിൽ ഇപ്പോൾ കെട്ടിക്കിടക്കുന്ന ഫയലുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കാത്ത ഓഫീസർമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിൽ വ്യക്തമായ വിവരങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കുമോ;

(ഡി) എം. എൽ. എ. മാർ നൽകുന്ന കത്തിന് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നും മറുപടി ലഭിക്കുന്നതു പോലെ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിൽ നിന്നും മറുപടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന് വിരുദ്ധമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള ചട്ടം അനുശാസിക്കും പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഫയലുകളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(ഡി) നിലവിൽ മറുപടി നൽകുന്നുണ്ട്.

## പ്ലസ് വൺ പ്രവേശനം

85 (787) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിന് ശേഷം സർക്കാർ മേഖലയിലും, എയിഡഡ് മേഖലയിലും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന ഏതെല്ലാം എയ്ഡഡ് സ്കൂളുകളിലാണ് മുൻസർക്കാരിന്റെ അവസാന കാലത്ത് അധ്യാപക നിയമനത്തിന് അനുമതി നൽകിയിട്ടുള്ളത്; പേര് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ വർഷത്തെ പ്ലസ് വൺ പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | സർക്കാർ | എയ്ഡഡ് |
|---|---|---|
| തിരുവനന്തപുരം | 300 | ഇല്ല. |
| കൊല്ലം | 651 | 131 |
| പത്തനംതിട്ട | 1321 | 1531 |
| ആലപ്പുഴ | 1098 | 553 |
| കോട്ടയം | 1083 | 1024 |
| ഇടുക്കി | 825 | 503 |
| എറണാകുളം | 1066 | 603 |
| തൃശ്ശൂർ | 727 | 610 |
| പാലക്കാട് | 539 | 148 |
| കോഴിക്കോട് | 431 | 24 |
| മലപ്പുറം | 616 | ഇല്ല. |
| വയനാട് | 247 | 159 |
| കണ്ണൂർ | 783 | 136 |
| കാസറഗോഡ് | 554 | 30 |
| ആകെ | 10241 | 5452 |

(ബി) ഇത്തരത്തിൽ അദ്ധ്യാപക നിയമനത്തിന് അനുമതി നൽകിയിട്ടില്ല.

**പ്ലസ് വൺ സീറ്റിന്റെ മാർജിനൽ ഇൻക്രീസ്**

86 (788) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പ്ലസ് വൺ സീറ്റിന്റെ മാർജിനൽ ഇൻക്രീസുമായി ബന്ധപ്പെട്ട ICT.Cell 33722/16-ഫയലിൽ ഏതെല്ലാം വിഷയങ്ങളാണ് കൈകാര്യം ചെയ്തു വരുന്നത്; പരാതിക്കാരന്റെ പേര്, വിലാസം, വിഷയം, തീർപ്പാക്കിയ തീയതി എന്നിവ വിശദമാക്കാമോ; ഇനിയും ഏതെല്ലാം വിഷയങ്ങൾ തീർപ്പാക്കാനുണ്ട്എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലിൽ മലപ്പുറം ജില്ലയിലെ തുറക്കൽ എച്ച്. എം. എസ് സ്കൂളിലെ വിഷയവുമായി ബന്ധപ്പെട്ട് കംപ്യൂട്ടർ വിദഗ്ധന്റെ റിപ്പോർട്ട് ശേഖരിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളിന്റെ വിഷയവുമായി ബന്ധപ്പെട്ട് നോട്ട് ഫയലിൽ എഴുതിയ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) എച്ച്. എം. എസ്. എച്ച്. എസ്. എസ്., തുറക്കൽ, മലപ്പുറം, ദാറുൽ നജാത്ത് എച്ച്. എസ്. എസ്., കരുവാരക്കുണ്ട്, മലപ്പുറം എന്നീ അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ അഡ്വ. എം. ഉമ്മർ എം. എൽ. എ. മുഖാന്തിരം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മുൻപാകെ സമർപ്പിച്ച നിവേദനങ്ങളാണ് പ്രസ്തുത ഫയലിൽ കൈകാര്യം ചെയ്യുന്നത്. ടി സ്കൂൾ പ്രിൻസിപ്പൽമാരാണ് പരാതിക്കാർ. അഡ്മിഷൻ വെബ്സൈറ്റായ hsCAP-ൽ വന്ന സീറ്റ് മെട്രിക്സ് അനുസരിച്ച് പ്രസ്തുത സ്കൂളുകളിൽ ഓരോ ബാച്ചിലും 60 കുട്ടികൾ വീതമായിരുന്നു എന്നും അത് പിന്നീട് 50 ആയി കുറച്ചതായും കാണിച്ചുകൊണ്ടുള്ള പരാതിയോടൊപ്പം ഓരോ ബാച്ചിലും സീറ്റുകളുടെ എണ്ണം 60 ആയി നിശ്ചയിച്ച് പ്രവേശനാനുമതി നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നതുമാണ് വിഷയം. ടി വിഷയത്തിൽ ഡയറക്ടറേറ്റിൽനിന്നും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ കുറിപ്പ് ഫയലിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ തലത്തിൽ കാർഷിക വിദ്യാഭ്യാസം

87 (789) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി. ബി. എസ്. ഇ. സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രൈമറി, അപ്പർ പ്രൈമറി തലത്തിൽ മാതൃഭാഷ പഠിപ്പിക്കുന്ന അതേ പ്രാധാന്യത്തോടെ കാർഷിക വിദ്യാഭ്യാസം നൽകുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

കൃഷി, കാർഷിക സംസ്കാരം എന്നിവ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പാഠ്യപദ്ധതിയിൽ വിവിധ കൃഷിയിനങ്ങൾ, കാർഷിക രംഗം, സസ്യസംരക്ഷണം, കാർഷിക സംസ്കാരം തുടങ്ങി വ്യത്യസ്ത വിഷയങ്ങൾ ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ സ്കൂൾ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## ഹയർ സെക്കന്ററി അധിക ബാച്ചുകൾ

88 (790) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കന്ററി തലത്തിൽ അനുവദിച്ച അഡീഷണൽ ബാച്ചുകൾ സംബന്ധിച്ച വിവരം കോഴ്സുകളുടെ (വിഷയങ്ങൾ) അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) അനുവദിച്ച അഡീഷണൽ ബാച്ചുകൾക്കായി സൃഷ്ടിക്കേണ്ട അദ്ധ്യാപക തസ്തികകളുടെ എണ്ണം കോഴ്സുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ; ഇതിൽ അനുവദിച്ച തസ്തികകൾ സംബന്ധിച്ച വിവരം വ്യക്തമാക്കാമോ ;

(സി) ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പുതിയതായി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തത് കാരണം കഴിഞ്ഞ രണ്ട് വർഷമായി അദ്ധ്യാപകർ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) അനുവദിച്ച അഡീഷണൽ ബാച്ചുകൾക്കായി സൃഷ്ടിക്കേണ്ട അദ്ധ്യാപക തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്. തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ അദ്ധ്യാപകരുടെ അംഗീകാരവും ശമ്പളവും സംബന്ധിച്ച കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ഒഴിവുകൾ**

89 (791) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഓരോ വിഷയത്തിലും അദ്ധ്യാപകരുടെ എത്ര വീതം ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ ;

(ബി) സ്ഥാനക്കയറ്റംവഴി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അതുവഴി എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും വിഷയം തിരിച്ച് വിശദമാക്കുമോ ;

(സി) കൊമേഴ്സ് അദ്ധ്യാപക റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി എന്നും അറിയിക്കാമോ;

(ഡി) ഇനി ഈ ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർ സെക്കന്ററി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ**

90 (792) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 വർഷം അനുവദിച്ച സർക്കാർ-എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2014-2015 വർഷം അനുവദിച്ച സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തസ്തിക നിർണ്ണയ നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/സേ പരീക്ഷകൾ**

91 (793) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി ഇംപ്രൂവ്മെൻറ്/സേ പരീക്ഷകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പരീക്ഷകൾക്ക് ഓരോ വിഷയത്തിനും എത്രയാണ് ഫീസ് ഈടാക്കുന്നത്;

(സി) പരീക്ഷകൾക്ക് അപേക്ഷിക്കാവുന്ന വിഷയങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എല്ലാ വിഷയത്തിനും അപേക്ഷിക്കാൻ അവസരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാർച്ചിലെ ഹയർ സെക്കന്ററി രണ്ടാം വർഷ പരീക്ഷ എഴുതിയ റെഗുലർ വിഭാഗം വിദ്യാർത്ഥികൾക്ക് വിജയിക്കാത്ത വിഷയങ്ങൾ വർഷം നഷ്ടപ്പെടാതെ എഴുതുന്നതിന് സേ പരീക്ഷയും എല്ലാ വിഷയങ്ങളും വിജയിച്ച വിദ്യാർത്ഥികൾക്ക് ഏതെങ്കിലും ഒരു വിഷയത്തിന്റെ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ഇംപ്രൂവ്മെന്റ് പരീക്ഷയും നടത്തുന്നു. ഒന്നാം വർഷ പരീക്ഷയെഴുതിയ വിദ്യാർത്ഥികൾക്ക് ഏതെങ്കിലും മൂന്ന് വിഷയങ്ങൾക്ക് വരെ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ആഗസ്റ്റ്/ സെപ്റ്റംബർ-ൽ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയും നടത്തിവരുന്നു.

(ബി)രണ്ടാം വർഷ ഇംപ്രൂവ്മെന്റ് (ഒരു പേപ്പർ മാത്രം)-500 രൂപ. സേ പരീക്ഷകൾ

(പ്രാക്ടിക്കൽ ഉള്ള വിഷയങ്ങൾക്ക് ഒരു പേപ്പറിന്)-175 രൂപ. സേ പരീക്ഷ

(പ്രാക്ടിക്കൽ ഇല്ലാത്ത വിഷയങ്ങൾക്ക് ഒരു പേപ്പറിന്) - 150 രൂപ

ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷ (ഒരു പേപ്പറിന്) - 175 രൂപ

(സി) രണ്ടാം വർഷ പരീക്ഷ വിജയിച്ച റെഗുലർ വിഭാഗം വിദ്യാർത്ഥികൾക്കായിട്ടുള്ള ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് ഒരു പേപ്പർ മാത്രമായി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സേ പരീക്ഷയ്ക്ക് റെഗുലർ വിഭാഗം വിദ്യാർത്ഥികൾക്ക് വിജയിക്കാത്ത/മാർച്ചിലെ പരീക്ഷയ്ക്ക് ഹാജരാകാത്ത എല്ലാ വിഷയങ്ങളും എഴുതാവുന്നതാണ്. കമ്പാർട്ടുമെന്റ് വിഭാഗം വിദ്യാർത്ഥികൾക്ക് 5 വിഷയങ്ങളും വിജയിച്ചിട്ടുണ്ടെങ്കിൽ മാത്രം ബാക്കിയുള്ള ഒരു വിഷയം എഴുതാം എന്ന നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

## എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് തസ്തികയിലെ ഒഴിവുകൾ

92 (794) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി കോമേഴ്സ് സീനിയർ/ജൂനിയർ-ന്റെ എത്ര ഒഴിവുകൾ വീതം നിലവിലുണ്ട്; ഇതിൽ എസ്. സി./എസ്. റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി മാറ്റിവെച്ച ഒഴിവുകൾ ഒഴികെ പി. എസ്. സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയെന്ന് വിശദീകരിക്കുമോ;

(ബി) എച്ച്. എസ്. എസ്. റ്റി കോമേഴ്സ് ജൂനിയറിന്റെ എത്ര ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനായി മാറ്റിവച്ചിട്ടുണ്ട്;

(സി) എച്ച്. എസ് . എസ്. റ്റി. കോമേഴ്സ് ജൂനിയറായി പ്രൊമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആ ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ ഒഴിവുകൾ പ്രൊമോഷന് വേണ്ടി മാറ്റിവച്ചിട്ടുണ്ടെങ്കിൽ ആയത് പി. എസ്. സി ക്ക് റിപ്പോർട്ട് ചെയ്യുമോ; ലിസ്റ്റ് നിലവിലില്ലെങ്കിൽ ഇതിനായി നീക്കിവച്ച ഒഴിവുകൾ പി.എസ്.സി.-ക്ക് നൽകുമോ;

(ഇ) എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് ജൂനിയറിന്റെ എത്ര എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബാക്കിയുണ്ട്;

(എഫ്) 1-3-2015-ന ശേഷം എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് ജൂനിയർ ആയി പി. എസ്. സി. യിൽനിന്നും അഡ്വൈസ് ലഭിച്ചവരിൽ എത്ര പേർ റിലീവ് ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തിട്ടുണ്ട്, വ്യക്തമാക്കുമോ; ഇതു വഴി ഉണ്ടായ ഒഴിവുകൾ പൂർണ്ണമായും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ജി) എച്ച്. എസ്. എസ്. റ്റി കോമേഴ്സ് ജൂനിയർ ആയി പി. എസ്. സി. വഴി നിയമനം ലഭിച്ചശേഷം ജോലിയിൽനിന്നും റിലീവ് ചെയ്യുകയോ രാജിവയ്ക്കുകയോ

ചെയ്യുന്നതു വഴി ഉണ്ടാകുന്ന ഒഴിവുകളുടെ 25% പ്രൊമോഷനു വേണ്ടി മാറ്റിവയ്ക്കുമോ; ഒരിക്കൽ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഇത്തരത്തിൽ പ്രൊമോഷനുവേണ്ടി മാറ്റിവയ്ക്കാൻ സാധിക്കുമോ; എങ്കിൽ ഏത് റൂൾ അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊമേഴ്സ് സീനിയർ തസ്തികയിൽ 7-ഉം ജൂനിയർ തസ്തികയിൽ 26-ഉം ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ ജൂനിയർ തസ്തികയിൽ 10 ഒഴിവുകളും സീനിയർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 16 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്.

(സി) എച്ച്. എസ്. എസ്. ടി. കൊമേഴ്സ് ജൂനിയറായി പ്രൊമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിലില്ല.

(ഡി) യോഗ്യരായ ജൂനിയർ അദ്ധ്യാപകർ തസ്തികമാറ്റ നിയമനത്തിനായി നിലവിലുള്ളപ്പോൾ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല.

(ഇ) എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബാക്കിയില്ല.

(എഫ്) 8 പേർ വിടുതൽ വാങ്ങിയിട്ടുണ്ട്. ഹയർ സെക്കന്ററി അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നത് നിയന്ത്രണാധികാരിയായ പ്രിൻസിപ്പാളാണ്. പ്രിൻസിപ്പാൾ വിടുതൽ ചെയ്ത വിവരം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് ചട്ടപ്രകാരം റിപ്പോർട്ട് ചെയ്യുന്നതാണ്.

(ജി) 16-4-2001-ലെ ജി. ഒ. (പി)144/2001/പൊ. വി. നമ്പർ സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്. എസ്. എസ്. റ്റി. കൊമേഴ്സ് ജൂനിയർ മൊത്തം തസ്തികകളുടെ 25% തസ്തികമാറ്റം വഴിയും 75% നേരിട്ടുള്ള നിയമനം വഴിയും നടത്തേണ്ടതാണ്. ഒരിക്കൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവയ്ക്കാൻ കഴിയില്ല.

**മുക്കം എ.ഇ.ഒ. ആഫീസിൽ സീനിയർ സൂപ്രണ്ട് തസ്തിക**

93 (795) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം എ.ഇ.ഒ. ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഗണനയിലാണ്.

**എയ്ഡഡ് കോളേജുകളും സ്കൂളുകളും**

94 (796) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2010 മുതൽ എത്ര എയ്ഡഡ് കോളേജുകളും സ്കൂളുകളും അനുവദിച്ചിട്ടുണ്ട്;

(ബി) അവയിൽ ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങൾ ഏതൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ആ കാലയളവിൽ ഏതൊക്കെ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; അതുമൂലം സർക്കാരിനുണ്ടായ പ്രതിവർഷ സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ 2010 മുതൽ 7 എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം* ആയി ചേർക്കുന്നു.

കേരളത്തിൽ 2010 മുതൽ അനുവദിച്ച എയ്ഡഡ് സ്കൂളുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ന്യൂനപക്ഷ പദവിയുള്ള സ്കൂളുകളുടെയും, കോളേജുകളുടെയും വിവരം ശേഖരിച്ചുവരുന്നു.

(സി) കോളേജുകളുടെ വിവരം അനുബന്ധം-* ആയി ചേർക്കുന്നു. സ്കൂളുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**ശ്രീമതി റഹീമ വി.പി.യുടെ നിയമനാംഗീകാരം**

95 (797) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ പാട്ടുപാറക്കുളമ്പ് എൽ. പി.സ്കൂളിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ടായി ജോലി ചെയ്തുവരുന്ന ശ്രീമതി റഹീമ വി. പി.(എൽ. പി.എസ്.എ. )

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നയാളുടെ നിയമനാംഗീകാരം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ പരിഗണനയിലുള്ള G2-43462/16 നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

(ബി) നടപടികൾ സ്വീകരിക്കാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) എപ്പോൾ നിയമനാംഗീകാരം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പാട്ടുപാറക്കുളമ്പ് എൽ.പി.സ്കൂളിൽ 17-7-2012 മുതൽ 16-7-2017 വരെ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച അറബിക് അദ്ധ്യാപിക ശ്രീമതി ഷാഹിന പി.എ.യുടെ ഒഴിവിൽ 3-6-2013 മുതൽ 16-7-2017 വരെ ലീവ് സബ്സ്റ്റിറ്റ്യൂട്ടായി നിയമിക്കപ്പെട്ടിട്ടുള്ള ശ്രീമതി റഹീമ വി. പി.-ക്ക് 29-1-2016-ലെ സ. ഉ. (പി) നമ്പർ 29/2016/പൊ. വി.-ന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## എരുമേലി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ തലവരിപ്പണം വാങ്ങിയ സംഭവം

96 (798) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ എരുമേലി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജ്മെന്റ് പ്ലസ് വൺ പ്രവേശനത്തിന് എസ്. എസ്. എൽ. സി.-ക്ക് 95% മാർക്ക് വാങ്ങിയ ഒരു കുട്ടിയുടെ രക്ഷിതാവിൽനിന്നും അൻപതിനായിരം രൂപ തലവരിപ്പണം വാങ്ങി പ്രവേശനം നൽകിയതിനാൽ പ്രസ്തുത തുക തിരികെ വാങ്ങിത്തരണമെന്ന് ആവശ്യപ്പെട്ട് മന്ത്രിക്ക് 5-8-2016-ൽ, No.MLA-PNJR/GP/33/2016-17/dated 5-8-2016/Tvm പ്രകാരം ഒരു എം.എൽ.എ.-യുടെ ശിപാർശക്കത്തോടുകൂടി പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുപ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ അടിയന്തര അന്വേഷണം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ;

(ഡി) പ്രവേശനത്തിന് തലവരിപ്പണം ചോദിച്ച് വാങ്ങുന്നതുമൂലം വളരെ നല്ല നിലയിൽ പഠിക്കുന്ന പല കുട്ടികളും ഈ തുക കൊടുത്ത് പഠിക്കുവാൻ മാർഗ്ഗമില്ലാത്തതിനാൽ പഠിത്തം മതിയാക്കി വീട്ടിൽ കഴിയുന്ന ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ഹയർ സെക്കന്ററി പ്രവേശനത്തിന് എരുമേലി സെന്റ് തോമസ് ഹൈസ്കൂൾ മാനേജ്മെന്റ് 50,000 രൂപ കോഴ വാങ്ങിയതായി ആരോപിച്ച് ശ്രീ. സലിം കണ്ണൻകര ശ്രീ. പി. സി. ജോർജ്, എം. എൽ. എ. മുഖാന്തിരം സമർപ്പിച്ച പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ; ഹയർ സെക്കന്ററി കോട്ടയം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**അപ്പർ പ്രൈമറി പഠന സൗകര്യമില്ലാത്ത സ്ഥലങ്ങൾ**

97 (799) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ അപ്പർ പ്രൈമറി പഠന സൗകര്യമില്ലാത്ത സ്ഥലങ്ങൾ നിർവ്വചിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സ്ഥലങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരത്തിൽ കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2 പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് 25-5-2016-ലെ അസാധാരണ ഗസറ്റ് നമ്പർ 985 പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ സ്കൂളുകൾ തുടങ്ങുന്നതിനും, നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) ഒട്ടുവലിതട്ട് (കണ്ണൂർ), നെടുംപാല (വയനാട്), പെരുവയൽ (കോഴിക്കോട്), പൊരൂർ (മലപ്പുറം), വട്ടപ്പാറ (ഇടുക്കി), വരിച്ചമുത്തൻ (ഇടുക്കി), പാലപ്ര (കോട്ടയം), പെരുനാട് (പത്തനംതിട്ട), അങ്ങാടിക്കൽ (പത്തനംതിട്ട), ചെറുകര (കൊല്ലം), പാലിയോട് (തിരുവനന്തപുരം), കുപ്പിയൻചാല (പാലക്കാട്).

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

98 (800) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കണ്ടിജൻറ് തുകയായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതോടൊപ്പം പാചകത്തൊഴിലാളികളുടെ വേതന കുടിശ്ശികയും നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്നും ഏതു മാസം വരെയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 69,79,57,800 രൂപ

(ബി) വേതന കുടിശ്ശികയില്ല.

**സ്കൂൾ തലത്തിൽ ജാഗ്രതാ സമിതികൾ**

99 (801) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പന നടക്കുന്നതായി നിരന്തരം വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾ മയക്കുമരുന്നു മാഫിയകളുടെ വലയിൽപ്പെടാതിരിക്കുന്നതിന് സ്കൂൾ തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതും " clean campus safe campus" പദ്ധതിയുടെ ഭാഗമായി സമിതികൾ പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുള്ളതുമാണ്. എക്സൈസ്, പോലീസ് വകുപ്പുകളുടെ സഹകരണത്തോടെയാണ് സമിതികൾ പ്രവർത്തിച്ചുവരുന്നത്.

## സ്കൂൾ കുട്ടികളുടെ യൂണിഫോം

100 (802) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ യൂണിഫോം അടുത്ത വർഷം മുതൽ കൈത്തറി തുണിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കൈത്തറി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന് എത്രമാത്രം തുണി ആവശ്യമായിവരുമെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി സമ്പൂർണ്ണ വിജയമാക്കി മാറ്റുന്നതിന് എന്തു മുന്നൊരുക്കമാണ് വിദ്യാഭ്യാസ വകുപ്പ് കൈത്തറി വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) ഈ വിഷയം സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. ചർച്ചകൾ നടന്നുവരികയാണ്.

## സ്കൂൾ കുട്ടികൾക്ക് അരി

101 (803) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സ്കൂൾ കുട്ടികൾക്ക് നൽകുന്ന 5 കിലോഗ്രാം അരി പൂർണ്ണമായും വിതരണം ചെയ്യാൻ കഴിഞ്ഞോ; ഇതിനായി എത്ര ചെലവ് വന്നു; വിശദാംശം നൽകുമോ;

(ബി) ഇതിനായി പൊതു വിപണിയിൽനിന്ന് അരി ശേഖരിക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 8 ജില്ലകളിൽ പൂർണ്ണമായും മറ്റ് ജില്ലകളിൽ ഭാഗികമായും വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 27.22 കോടി രൂപ ചെലവ് വരുമെന്നാണ് സപ്ലൈകോയിൽ നിന്നും അറിയിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. ഓണം പ്രമാണിച്ച് 5 കിലോഗ്രാം വീതം അരി നൽകുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റേതല്ലാത്തതിനാൽ അരി ലഭ്യമാക്കുവാൻ കഴിയുന്നതല്ലെന്ന് എഫ്.സി.ഐ. മാനേജരുടെ അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് 8504 മെട്രിക് ടൺ അരി പൊതു വിപണിയിൽനിന്നും ശേഖരിക്കുവാൻ സപ്ലൈകോ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂൾ കുട്ടികൾക്ക് നൽകുന്ന സൗജന്യ അരി

102 (804) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് സ്കൂൾ കുട്ടികൾക്ക് നൽകുന്ന സൗജന്യ അരി ഇപ്രാവശ്യം വിതരണം ചെയ്തത് എപ്പോഴാണ്; ഓണത്തിനു മുമ്പാണോ ശേഷമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) അധ്യയന വർഷം നേരത്തേ തന്നെ അരി വിതരണത്തിന് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടും വിതരണം അവതാളത്തിലാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) മുന്നൊരുക്കങ്ങൾ പാളിയതുമൂലമാണോ സർക്കാരിന്റെ ആദ്യ ഓണത്തിൽ തന്നെ അരി നൽകാനാകാതെ പോയത്; എങ്കിൽ കൃത്യവിലോപം കാട്ടിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ ഉപഡയറക്ടർമാർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടുകൾ അനുസരിച്ച് 70% അരി വിതരണം ഓണത്തിനുമുമ്പും ബാക്കി ഓണത്തിന് ശേഷവും നടത്തി.

(ബി) ഓണത്തിനുള്ള അരി വിതരണം ചെയ്യുവാൻ എഫ്.സി.ഐ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പൊതുമാർക്കറ്റിൽനിന്നും അരി ശേഖരിച്ച് വിതരണം നടത്തേണ്ടിവന്ന സാഹചര്യത്തിലാണ് ഓണത്തിനുമുമ്പായി തന്നെ വിതരണം പൂർത്തിയാക്കുവാൻ കഴിയാതിരുന്നത്. എങ്കിൽപോലും ഇത് അവതാളത്തിലായിട്ടില്ല.

(സി) ഓണം സ്പെഷ്യൽ അരി വിതരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ എന്തെങ്കിലും കൃത്യവിലോപമോ അനാസ്ഥയോ നടത്തിയിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

## സ്കൂൾ പാഠപുസ്തകങ്ങളുടെ പരിഷ്കരണം

103 (805) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ് .പി. :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെ നയം വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിൽ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചത് എന്നാണെന്നും അതിൽ അപാകതകളെന്തെങ്കിലും ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സമഗ്രമായ പാഠപുസ്തക പരിഷ്കരണം സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. പാഠ്യപദ്ധതിയിലെ ന്യൂനതകൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം പരിഷ്കരിച്ച 9, 10 ക്ലാസ്സുകളിലെ ചില പാഠപുസ്തകങ്ങൾ സംബന്ധിച്ച് ഉയർന്നുവന്ന പരാതികളുടെ അടിസ്ഥാനത്തിൽ അവയിലെ ഭാഷാപരവും ആശയപരവുമായ വൈകല്യങ്ങൾ പരിഹരിച്ചുവരുന്നു.

(ബി) 2013-14 വർഷം 1, 3, 5, 7, 11 ക്ലാസ്സുകളിലേയും 2014-15-ൽ 2, 4, 6, 8, 12 ക്ലാസ്സുകളിലെയും 2015-16-ൽ 9, 10 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിരുന്നു. മേൽപ്പറഞ്ഞ പാഠപുസ്തകങ്ങളെ സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഭാഷാപരമായും, ആശയപരമായും വിദ്യാഭ്യാസ ശാസ്ത്രപരവുമായുള്ള വൈകല്യങ്ങൾ അദ്ധ്യാപകരും, വിദ്യാഭ്യാസ വിദഗ്ദ്ധരും പല ഘട്ടങ്ങളിലായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ മലയാളം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം പാഠപുസ്തകങ്ങളെക്കുറിച്ചാണ് കൂടുതൽ പരാതികൾ ഉണ്ടായിട്ടുള്ളത്. അവ പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്.

## സ്കൂൾ വിദ്യാർത്ഥികളുടെ കലാ-കായിക പ്രവൃത്തി പരിചയം

104 (806) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കലാ-കായിക പ്രവൃത്തിപരിചയ പഠനത്തിന് ആവശ്യമായ പരിഗണന നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കലാ-കായിക പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ തസ്തിക നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിൽ ആകെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എന്തുകൊണ്ടാണ് ഈ ഒഴിവുകൾ യഥാസമയം നികത്താൻ നടപടി സ്വീകരിക്കാത്തതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് വിദ്യാർത്ഥികളുടെ കലാ-കായിക പ്രവൃത്തിപരിചയ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കലാ-കായിക പ്രവൃത്തി പരിചയ പഠനത്തിന് സർക്കാർ മുന്തിയ പരിഗണന തന്നെ നൽകുന്നുണ്ട്. ഈ വിഷയങ്ങൾക്ക് തസ്തിക അനുവദിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് മാനദണ്ഡങ്ങളും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) എല്ലാ സ്കൂളുകളിലും കലാ-കായിക പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ (സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ) തസ്തിക സൃഷ്ടിക്കാൻ കെ.ഇ.ആർ.-ലെ മാനദണ്ഡങ്ങൾ പ്രകാരം കഴിയില്ല. കെ.ഇ.ആർ.-ലെ മാനദണ്ഡങ്ങൾ പ്രകാരം അഞ്ഞൂറോ അതിൽ കൂടുതലോ കുട്ടികൾ പഠിക്കുന്ന യു.പി.സ്കൂളുകളിൽ/ യു.പി.വിഭാഗത്തിൽ ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയും, ഹൈസ്കൂൾ വിഭാഗത്തിൽ കലാ-കായിക, പ്രവൃത്തി പരിചയ വിഷയങ്ങൾക്ക് 5 പിരീഡുകൾ എങ്കിലും ലഭ്യമാകുന്നുവെങ്കിൽ പ്രസ്തുത വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നുണ്ട്. ഇപ്രകാരം തയ്യൽ അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് 200 പെൺകുട്ടികൾ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

(സി) കെ. ഇ. ആർ. പ്രകാരം സർക്കാർ സ്കൂളുകളിൽ അനുവദിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്കുതന്നെ പി. എസ്. സി. വഴി അവ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒഴിവ് വരുമ്പോൾ മാനേജർമാർ നിയമനം നടത്തുന്നുണ്ട്. അംഗീകൃത സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ ഇപ്രകാരം യഥാസമയം തന്നെ നികത്തുന്നുണ്ട്.

(ഡി) കെ. ഇ. ആർ.പ്രകാരം അനുവദനീയമായ തസ്തികകളിലെ ഒഴിവുകൾ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും യഥാസമയം തന്നെ നികത്തുന്നുണ്ട്. പി.എസ്.സി. വഴിയുള്ള നിയമനത്തിന് കാലതാമസം ഉണ്ടായാൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി പ്രസ്തുത ഒഴിവ് നികത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശനിയമം 2009-ൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ ആകെ 100-ൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ കലാ-കായിക, പ്രവൃത്തി

പരിചയ വിഷയങ്ങളിൽ പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2011-2012 മുതൽ 2015-2016 വരെ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരുടെ നിയമനം നടത്തിയിട്ടില്ല. എന്നാൽ 2016-2017-ൽ സംസ്ഥാനത്തെ അർഹമായ സ്കൂളുകളിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനുള്ള നടപടികൾ സ്വീകരിക്കാൻ സർവ്വശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്കൂൾ വിദ്യാർത്ഥികളുടെ കുറഞ്ഞുവരുന്ന കായികക്ഷമത

105 (807) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത കുറഞ്ഞുവരുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് സൗജന്യ സൈക്കിൾ വിതരണത്തിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ കായിക വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടത്തിയ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുമായി ബന്ധപ്പെട്ട് (Total Fitness Programme) നടത്തിയ പഠനങ്ങളിൽ സ്കൂൾ കുട്ടികളുടെ കായികക്ഷമത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) പരിഗണിക്കാവുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

## സമാശ്വാസ തൊഴിൽദാന പദ്ധതി

106 (808) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ കൊല്ലംജില്ലയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 2013 ജനുവരിക്കുശേഷം എത്ര പേർക്ക് എൽ.ഡി.ക്ലർക്കായി നിയമനം നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ; അവരുടെ വിശദാംശം നൽകുമോ;

(ബി) ആയതിൽ എത്ര പേർക്ക് നിയമനം നൽകിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും നിയമനം നൽകാനുള്ളവരുടെ വിവരം മുൻഗണന പ്രകാരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30, വിശദാംശങ്ങൾ അനുബന്ധം മായി ചേർത്തിട്ടുണ്ട്*.

(ബി) 4, വിശദാംശങ്ങൾ അനുബന്ധം മായി ചേർത്തിട്ടുണ്ട്*.

(സി) വിശദാംശങ്ങൾ അനുബന്ധം മായിചേർത്തിട്ടുണ്ട്*.

(ഡി) ഒഴിവുകൾ ഉണ്ടാവുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

**കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ**

107 (809) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ വൊക്കേഷണൽ എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് അധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതു വരെ എത്ര പേർ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നേടിയിട്ടുണ്ട്; ഇതിൽ എത്ര എൻ. ജെ. ഡി. ഒഴിവുകൾ വന്നിട്ടുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നോൺവൊക്കേഷണൽ കോമേഴ്സ് അധ്യാപകരുടെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണം എന്ന നിയമം നിലനിൽക്കെ ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ ഒഴിവുകളും അടിയന്തരമായി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായ സാഹചര്യത്തിൽ നിയമന നടപടി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് ജൂനിയർ, സീനിയർ, എൻ. വി . റ്റി. എന്നീ തസ്തികകൾക്ക് ഒരു ലിസ്റ്റീൽ നിന്നുമാണോ നിയമനം നടത്തുന്നത് ; എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് ജൂനിയർ ആയി നിയമനം ലഭിച്ച 17 അധ്യാപകർക്ക് എൻ. വി . റ്റി. യായി നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതുവഴി ഉണ്ടായ എച്ച്. എസ്.എസ്.റ്റി ജൂനിയറിന്റെ 17 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി-ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതാണ്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

**ചെറുവായി ഗവൺമെന്റ് ഹൈസ്കൂളിലെ അദ്ധ്യാപക തസ്തികകൾ**

108 (810) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ൽ ഹൈസ്കൂളായി ഉയർത്തിയ ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിൽ സ്ഥിരം അധ്യാപകർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംരക്ഷിത അധ്യാപകരെ മാത്രം നിയമിക്കണമെന്ന 2014-ലെ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ 2014-ലെ ഉത്തരവ് പരിഷ്കരിച്ച് സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) നല്ലളം, ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളുകളിൽ അധിക തസ്തികകൾ അനുവദിച്ചു നൽകിയ 23-8-2014-ലെ സ. ഉ. (എം. എസ്.) 164/2014/ പൊ. വി. വ. നമ്പർ ഉത്തരവ് പരിഷ്കരിച്ച് സ്ഥിരം അധ്യാപകരെ നിയമിക്കാമോയെന്നത് സംബന്ധിച്ച വിഷയം 52521/ആർ3/2015/പൊ. വി. വ. നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## വാമനപുരം മണ്ഡലത്തിലെ വിദ്യാലയങ്ങളിലെ ഒഴിവുകൾ

109 (811) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ പേരുകൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ വിവിധ കാറ്റഗറികളിലായി എത്ര തസ്തികകൾ നിലവിലുണ്ടെന്നും ഒഴിവുകൾ എത്രയുണ്ടെന്നും സ്കൂൾ തിരിച്ച് വിവരം നൽകാമോ?

ഉത്തരം

(എ) പത്താംതരം വരെയുള്ള വിദ്യാലയങ്ങളുടെ വിവരങ്ങളും ഹയർ സെക്കന്ററി തലത്തിലെ വിദ്യാലയങ്ങളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പത്താംതരം വരെയുള്ള വിദ്യാലയങ്ങളിലെ വിവരങ്ങൾ അനുബന്ധം I*-ലും വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിലെ വിദ്യാലയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## സംരക്ഷിത അദ്ധ്യാപകർ

110 (812) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂളുകളിൽഎത്രസംരക്ഷിത അദ്ധ്യാപകരുണ്ട്; ഇവരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

2015-2016 തസ്തിക നിർണ്ണയം പൂർത്തിയായതിനെ തുടർന്ന് സംസ്ഥാനത്തെ സ്കൂളുകളിൽ 3674 സംരക്ഷിത ജീവനക്കാരാണുള്ളത്. സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## റിസോഴ്സ് അദ്ധ്യാപകരുടെ സ്ഥിരനിയമനം

111 (813) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സപ്പോർട്ട് നൽകുന്നതിനായി എസ്. എസ്. എ., ആർ. എം. എസ്. എ. പദ്ധതിയിൻ കീഴിൽ കരാറടിസ്ഥാനത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയമിക്കപ്പെട്ടിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരിൽ പത്തു വർഷത്തിലധികം സർവ്വീസുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നിർദ്ദേശം നൽകികൊണ്ടുള്ള കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിനായി ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ഉത്തരവ് കോടതിയിൽനിന്നും നേരിട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) IEDC/IEDSS എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ ടി പദ്ധതി നിലവിൽ 60:40 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം എസ്. എസ്. എ./ആർ. എം. എസ്. എ. എന്നിവിടങ്ങളിൽ റിസോഴ്സ് സപ്പോർട്ടിനായി ടി അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമനം നൽകാൻ മാത്രമേ വ്യവസ്ഥയുള്ളൂ. താൽക്കാലിക നിയമനം നൽകിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തരുതെന്നുള്ള സുപ്രീംകോടതി ഉത്തരവും നിലവിലുണ്ട്.

**പാഠപുസ്തക വിതരണം**

112 (814) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ;

(ബി) പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്ന സംവിധാനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പാഠപുസ്തകങ്ങൾ പല സ്ഥലങ്ങളിലും കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ വകുപ്പുതല നടപടികൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ; പഴയ രീതിയിൽ ഡിപ്പോ സംവിധാനം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് പാഠപുസ്തകം സ്കൂളിലെത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-2017 അദ്ധ്യയന വർഷത്തിൽ ഒന്നാം വാല്യം പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടാം വാല്യ പാഠപുസ്തക വിതരണം നവംബർ ആദ്യവാരത്തിൽ പൂർത്തിയാകും. ബാലൻസ് സ്റ്റോക്കെടുക്കുന്നതിൽ പിഴവ് സംഭവിച്ചതുമൂലം ഷോർട്ടേജായ എട്ടാം ക്ലാസ്സിലെ ബേസിക് സയൻസ് (ഇംഗ്ലീഷ് മീഡിയം) 13,868 മാത്തമാറ്റിക്സ് (ഇംഗ്ലീഷ് മീഡിയം) 16,000 എന്നിവയടക്കം 94,934 എണ്ണം അടിയന്തരമായി റീ-പ്രിന്റ് 27-8-2016-നു മുമ്പായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) വിതരണത്തിനായി സംസ്ഥാനത്താകമാനമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളെ സൊസൈറ്റിയുള്ള സ്കൂളുമായി ബന്ധപ്പെടുത്തുകയും, ടി സൊസൈറ്റിയെ വിതരണ സെന്ററാക്കിക്കൊണ്ട് സ്കൂളുകൾക്കാവശ്യമായ ഇൻഡന്റ് പ്രകാരമുള്ള പുസ്തകങ്ങൾ സ്കൂൾ സൊസൈറ്റി സെക്രട്ടറിമാർ മുഖേന വിതരണം ചെയ്യുന്നതാണ് നിലവിലെ സംവിധാനം.

(സി) പാഠപുസ്തകങ്ങൾ ആവശ്യത്തിലധികം ചില സ്ഥലങ്ങളിൽ വിതരണം ചെയ്തതിനാൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ പുനഃക്രമീകരണം നടത്തിയതിനാൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ആവശ്യമായ ക്രമീകരണം ചെയ്തിട്ടുള്ളതിനാൽ ഡിപ്പോ സംവിധാനം കൊണ്ടുവരണമെന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**അദ്ധ്യാപക തസ്തിക നിർണ്ണയം**

113 (815) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള അദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; വിദ്യാഭ്യാസ ജില്ല, ഉപജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) വിദ്യാഭ്യാസ/ഉപജില്ലകളിൽ അധികമുള്ള അദ്ധ്യാപകരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവരുടെ പുനർവിന്യാസ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടർക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ; പരാതികളിൽ എടുത്ത നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) തെറ്റായ രീതിയിൽ പുനർവിന്യാസം നടത്തിയത് സംബന്ധിച്ച ലഭിച്ച പരാതികളിൽ നടപടികൾ എടുത്തിട്ടുണ്ടോ; ജൂനിയറായ ആളെ നിലനിർത്തി സീനിയറിനെ ദൂരെ സ്ഥലത്തേയ്ക്ക് മാറ്റിയതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിൽ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൂർത്തിയായിട്ടുണ്ട്. വിദ്യാഭ്യാസ ജില്ല, ഉപജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംരക്ഷിത ജീവനക്കാരുടെ നടപടികൾ അന്തിമഘട്ടത്തിലാണ്. ആകെയുള്ള 3674 സംരക്ഷിത അദ്ധ്യാപകരിൽ 2724 ജീവനക്കാരെ ഇതിനകം പുനർവിന്യസിച്ച് കഴിഞ്ഞു. ഇനി 950 ജീവനക്കാരെയാണ് പുനർവിന്യസിക്കാനുള്ളത്.

(ഡി) പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

**ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂൾ**

114 (816) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിലെ, പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ളതും ജീർണ്ണാവസ്ഥയിലായിട്ടുള്ളതുമായ ഹോസ്റ്റൽ പുതുക്കി പണിയുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ, വർഷങ്ങൾ പിന്നിട്ടിട്ടും വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹോസ്റ്റൽ കെട്ടിടം പുതുക്കി പണിയുന്നതിനുള്ള അനുമതിക്കാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 6-8-2016-ലെ സ. ഉ.(സാധാ) നമ്പർ 2559/2016/പൊ. വി. വ പ്രകാരം ചാലക്കുടി ഈസ്റ്റ് ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. ന്റെ കൈവശമുള്ള 8 സെന്റ് സ്ഥലത്തിൽ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ആർ. എം. എസ്. എ. ഫണ്ടുപയോഗിച്ച് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും പ്രസ്തുത ഹോസ്റ്റലിൽ നിലവിൽ ചാലക്കുടി പ്രീ-മെട്രിക്

ഹോസ്റ്റലിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കും താമസ സൗകര്യം നൽകേണ്ടതാണെന്നുള്ള വ്യവസ്ഥയിൽ, ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

**റിസോഴ്സ് അദ്ധ്യാപക തസ്തികകൾ**

115 (817) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ളാസ്സുകളിൽ ഭിന്നശേഷിയുള്ള എത്ര കുട്ടികളാണ് അധ്യയനം നടത്തിവരുന്നത്;

(ബി) ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സപ്പോർട്ട് നൽകുന്നതിനായി കരാർ നിയമനങ്ങളല്ലാതെ സ്ഥിരം റിസോഴ്സ് അധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ സ്ഥിരം റിസോഴ്സ് അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ ഭിന്നശേഷിയുള്ള എത്ര കുട്ടികളാണ് അദ്ധ്യയനം നടത്തിവരുന്നതെന്ന എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം പൊതു വിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള 49771 കുട്ടികൾക്കാണ് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 45 സ്പെഷ്യൽ സ്കൂളുകളിൽ (deaf, dumb & blind) 1 മുതൽ 10 വരെ ക്ലാസ്സുകളിലായി 3007 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി & സി) കേന്ദ്ര/സംസ്ഥാന സർക്കാരാണ് പ്രസ്തുത പദ്ധതിക്ക് തുക അനുവദിക്കുന്നത്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഇത്തരം തസ്തികകൾ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുവാൻ മാത്രമേ വ്യവസ്ഥയുള്ളൂ.

**അദ്ധ്യാപക നിയമനത്തിന് കോഴ**

116 (818) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് മാനേജ്മെന്റുകൾ വലിയ തുകകൾ ഉദ്യോഗാർത്ഥികളിൽ നിന്ന് കൈപ്പറ്റുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗാർത്ഥികൾ പണം കൊടുത്ത് ജോലി വാങ്ങുന്നതിനെ അനുകൂലിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ രേഖാമൂലമുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) മാനേജർ കോഴ വാങ്ങിയാണ് നിയമനം നടത്തുന്നതെന്ന് തെളിഞ്ഞാൽ ഗൗരവമുള്ള അഴിമതിയായിക്കണ്ട് അയാളെ മാനേജർ സ്ഥാനത്തുനിന്ന് അയോഗ്യനാക്കുന്നതുൾപ്പെടെയുള്ള കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**അദ്ധ്യാപക നിയമനാംഗീകാരം സംബന്ധിച്ച്**

117 (819) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നെല്ലിമൂട് ന്യൂ ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ.വി. എസ്. ഹരിയെ അതേ സ്കൂളിലെ റിട്ടയർമെന്റ് വേക്കൻസിയിൽ ഹയർസെക്കന്ററി (സംസ്കൃതം) അദ്ധ്യാപകനായി നിയമിച്ച വിവരം സ്കൂൾ മാനേജർ തിരുവനന്തപുരം റീജിനൽ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്നാണ് പ്രസ്തുത കത്ത് ലഭിച്ചത്;

(ബി) കത്ത് ലഭിച്ചശേഷം എന്നാണ് പ്രസ്തുത അദ്ധ്യാപകന്റെ നിയമനാംഗീകാരം നിരസിച്ചു കൊണ്ട് റീജിനൽ ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവിട്ടത്;നിരസിച്ചതിന് എന്തുകാരണമാണ് ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത്;

(സി) മേൽപ്പറഞ്ഞ പ്രകാരം നിമനാംഗീകാരം നിഷേധിച്ചതിനാൽ ശ്രീ. വി. എസ്. ഹരിക്ക് ഉണ്ടായിട്ടുള്ള സർവ്വീസ് ബ്രേക്കും ചെയ്ത ജോലിയ്ക്കുള്ള ശമ്പള ആനുകൂല്യ നഷ്ടവും എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ;

(ഡി) മേൽ അദ്ധ്യാപകനുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമനാധികാരിയായ മാനേജർ നേരിട്ട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അറിയിച്ചിട്ടില്ലായെന്നും, പകരം 11-6-2015-ലെ പ്രിൻസിപ്പാളിന്റെ 30/2015 എന്ന കത്ത് മുഖേന അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) 19-3-2016-നാണ് ഉത്തരവിട്ടത്. സ്പെഷ്യൽ റൂൾസ് പ്രകാരം സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയില്ലാതെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ കഴിയില്ല.

(സി & ഡി) സ്പെഷ്യൽ റൂൾസിലെ ചട്ടങ്ങൾക്ക് അനുസൃതമല്ലാതെ നടത്തിയ നിയമനങ്ങൾക്ക് നിയമനാധികാരിയായ മാനേജരാണ് ഉത്തരവാദി. ഇക്കാര്യം സമ്മതിച്ചുകൊണ്ട് മാനേജർ സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനാൽ അദ്ധ്യാപകന് ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾക്കുള്ള ഉത്തരവാദിത്വം മാനേജർക്കാണ്.

**അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ**

118 (820) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 വർഷം സർക്കാർ,എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-2015 വർഷം അനുവദിച്ച സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായശേഷം ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മലക്കപ്പാറ ജി.യു.പി.എസ്.-ന്റെ ശോചനീയാവസ്ഥ

119 (821) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലക്കപ്പാറ ജി. യു. പി. എസ്.-ന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മലക്കപ്പാറ ഗവൺമെന്റ് യു. പി. എസ്. ശോചനീയാവസ്ഥയിലാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച പരാതി ലഭിച്ചശേഷം മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കൽ

120 (822) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു നിയോജക മണ്ഡലത്തിലെ ഒരു സർക്കാർ ഹൈസ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലാക്കും' എന്ന ബജറ്റ് പ്രഖ്യാപനത്തിന് തുടർച്ചയായി ഈ വർഷം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സമാഹരണം നടപ്പാക്കാനുദ്ദേശിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലം എം. എൽ. എ. തെരഞ്ഞെടുത്ത് നൽകുന്ന സ്കൂളിന്റെ പ്രൊപ്പോസൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ട്, പ്രായോജക സഹകരണം, കിഫ്ബി ധനസഹായം, പൊതുജന പങ്കാളിത്തം എന്നിവ മുഖേന ആവശ്യമായ ധനസമാഹരണം നടത്താൻ കഴിയുമെന്ന് കരുതുന്നു.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

121 (823) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറോ അതിൽ കൂടുതലോ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എയ്ഡഡ് പദവി നൽകുന്നതിന് കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ കോഴിക്കോട് ജില്ലയിലെ റഹ്മാനിയ സ്കൂൾ ഫോർ മെന്റലി ഹാൻഡികാപ്പ്ഡ് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) നൂറിലധികം കുട്ടികൾ പഠിക്കുന്ന പ്രസ്തുത സ്കൂളിന് എയ്ഡഡ് പദവി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

**സ്കൂളുകൾ അടച്ചുപൂട്ടാനായി അപേക്ഷ നൽകിയ മാനേജ്മെന്റുകൾ**

122 (824) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മാനേജ്മെ ന്റ് സ്കൂളുകളാണ് അടച്ചുപൂട്ടാനായി അപേക്ഷ സമർപ്പിച്ചത് ; ഇവ ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഏറ്റെടുക്കലിലൂടെ വിദ്യാഭ്യാസ വകുപ്പിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം സ്കൂളുകളുടെ കാര്യത്തിൽ എന്തു തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 44 മാനേജ്മെന്റുകളാണ് സ്കൂൾ അടച്ചുപൂട്ടാനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളത്. ഇവയിൽ ബഹുമാനപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിൽ 4 സ്കൂളുകൾ, മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി.എം.എൽ.പി. സ്കൂൾ, തൃശ്ശൂർ എന്നിവ അടച്ചുപൂട്ടിയിട്ടുണ്ട്. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരം അടങ്ങുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി-ഡി) ബഹുമാനപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ 4 സ്കൂളുകൾ, സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 27-7-2016-ലെ 1332-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയും നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്ത് 5-8-2016-ലെ 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്മേൽ നടപടികൾ പുരോഗമിച്ചുവരുന്നു. എന്നാൽ എല്ലാ സ്കൂളുകളും സർക്കാർ ഏറ്റെടുക്കുന്നത് പ്രായോഗികമല്ല, ഇത്തരം സ്കൂളുകൾ നിലനിർത്തിക്കൊണ്ടുതന്നെ നേട്ടങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ജനകീയ പങ്കാളിത്തത്തോടെ സ്കൂളുകൾ നിലനിർത്തിക്കൊണ്ടുപോകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## മാമലക്കണ്ടം ഹൈസ്കൂളിൽ സോഷ്യൽ സയൻസ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി

123 (825) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മാമലക്കണ്ടം സ്കൂൾ ഹൈസ്കൂൾ ആക്കി ഉയർത്തിയപ്പോൾ സോഷ്യൽ സയൻസ് തസ്തിക സൃഷ്ടിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) സ്കൂളിൽ സോഷ്യൽ സയൻസ് അധ്യാപക തസ്തിക സൃഷ്ടിക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി -ഡി) വിവരം ശേഖരിച്ചുവരുന്നു.

## സ്മാർട്ട് ക്ലാസ്സ് മുറികൾ

124 (826) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് ക്ലാസ്സുകളുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ക്ലാസ്സ് മുറികൾ നിലവിൽ സാധാരണ ക്ലാസ്സ് മുറിയായി ഉപയോഗിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ പ്രവർത്തനക്ഷമതയെക്കുറിച്ച് പരിശോധന നടത്താനുണ്ട്. എന്തെങ്കിലും അപാകതകൾ കാണുന്നപക്ഷം ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. 14 ജില്ലകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഇതുപൂർത്തീകരിച്ചശേഷം പരാതിക്ക് ഇടയില്ലാത്തവിധം പ്രവർത്തന സജ്ജമാകുമെന്ന് കരുതുന്നു.

(സി) എല്ലാ വിഷയങ്ങളും ഇൻഫർമേഷൻ ടെക്നോളജി അടിസ്ഥാനപ്പെടുത്തിയുള്ളതായതിനാൽ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സ് റൂമായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ക്ലാസ്സ് മുറികളായി തന്നെ ഉപയോഗിക്കാറുണ്ട്.

**സ്കൂളുകളിലെ കുട്ടികളുടെ പരിശീലനം**

125 (827) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾമേളയിലും മറ്റും കേരളത്തിന്റെ യശ്ശസുയർത്തിയ സ്കൂളുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾ പലതും സർക്കാരിന്റെ സഹായം കൂടാതെയാണ് പരിശീലനം നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടി സ്കൂളുകളിലെ കുട്ടികളുടെ പരിശീലനത്തിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലോക സ്കൂൾ അതലറ്റിക് മീറ്റിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടി, കേരളത്തിന്റെ യശസ്സ് ഉയർത്തിയ കായിക പ്രതിഭകൾക്ക് പാരിതോഷികം നൽകുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ദേശീയ സ്കൂൾ മേളയിലും മറ്റും കേരളത്തിന്റെ

യശസ്സുയർത്തിയ സ്കൂളുകൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിഗണിക്കാവുന്നതാണ്.

**ഓണക്കാലത്ത് സ്കൂളുകളിൽ സൗജന്യ അരി വിതരണം**

126 (828) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സ്കൂളുകളിൽ സൗജന്യമായി അരി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കത്തുകൾ സപ്ലൈകോയിൽ നിന്നും ഡി.പി.ഐ.-ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കത്തുകൾക്ക് ഡി. പി. ഐ. കൃത്യമായ മറുപടികൾ നൽകിയിരുന്നോ എന്ന് വിശദമാക്കുമോ;

(സി) വിപണിയിൽനിന്നും അരി വാങ്ങാൻ ഡി.പി.ഐ. നൽകിയ ഉത്തരവ് വൈകി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓണത്തിന് സ്കൂൾകുട്ടികൾക്ക് സൗജന്യമായി അരി നൽകുന്നതിനുള്ള ചുമതല ഏതു വകുപ്പിന്റേതാണെന്ന് വ്യക്തമാക്കുമോ;

(ഇ) വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലമാണ് സ്കൂൾ കുട്ടികൾക്ക് ഓണക്കാലത്ത് കൃത്യമായി അരി ലഭിക്കാത്തത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(എഫ്) ഈ അവസ്ഥ ഉണ്ടാകാൻ കാരണം ആരുടെയെല്ലാം വീഴ്ചയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4 കത്തുകൾ.

(ബി) മറുപടി നൽകിയിട്ടുണ്ട്. ഓണം സ്പെഷ്യൽ അരി വിതരണവുമായി ബന്ധപ്പെട്ട് എത്ര മെട്രിക് ടൺ അരി ആവശ്യമായി വേണ്ടിവരുമെന്നാണ് സപ്ലൈകോ ചോദിച്ചിരുന്നത്. എന്നാൽ ഈ വിവരം ലഭ്യമാക്കണമെങ്കിൽ 31-8-2016-ൽ ഓരോ ജില്ലകളിലും നീക്കിയിരിപ്പുള്ള അരിയുടെ അളവ് കണ്ടെത്തേണ്ടിയിരുന്നു. ഓരോ മാസവും 10-ാം തീയതിക്കുശേഷമാണ് അതാത്

മാസത്തെ അരിയുടെ ഇൻഡന്റും നീക്കിയിരിപ്പും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ലഭ്യമാകുന്നത്. അതുപ്രകാരം സംസ്ഥാനത്തെ 163 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽനിന്നും ആഗസ്റ്റ് മാസത്തെ നീക്കിയിരിപ്പും 30-9-2016 വരെ ഉണ്ടാകാൻ സാധ്യതയുള്ള നീക്കിയിരിപ്പും സംബന്ധിച്ച വിവരങ്ങൾ ആഗസ്റ്റ് 18-ന് ലഭിച്ചതനുസരിച്ച് അധികമായി ഓണം സ്പെഷ്യൽ അരി വിതരണത്തിന് ആവശ്യമുള്ള അരിയുടെ അളവ് കണക്കാക്കി ഉച്ച ഭക്ഷണ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി സൗജന്യ അരി വിതരണം നടത്തുന്നതിനുള്ള ഉത്തരവിനായുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയും ചെയ്തു. 29-8-2016-ന് ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതനുസരിച്ച് ഓണം സൗജന്യ അരി വിതരണത്തിന് ആവശ്യമുള്ള അരിയുടെ അളവ് എത്രയെന്ന വിവരം സപ്ലൈകോയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഓണത്തിന് സ്കൂൾ കുട്ടികൾക്ക് സൗജന്യ അരി നൽകുന്നതിനുള്ള ചുമതല പൊതുവിദ്യാഭ്യാസ വകുപ്പ്/ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്നീ വകുപ്പുകൾക്കാണ്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

**സർക്കാർ സ്കൂളുകൾ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തൽ**

127 (829) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ തെരഞ്ഞെടുത്തവ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ഹൈടെക് ആക്കാൻ ഉദ്ദേശിക്കുന്ന സ്കൂളുകളുടെ എണ്ണമെത്രയാണെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) ഹൈടെക് ആക്കാനുള്ള സ്കൂളുകളെ തെരഞ്ഞെടുക്കുന്ന രീതി എങ്ങനെയാണെന്നറിയിക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡലം എം. എൽ. എ. തെരഞ്ഞെടുത്തു നൽകുന്ന സ്കൂളിന്റെ പ്രൊപ്പോസൽ വിശദമായ പരിശോധനയ്ക്ക് ശേഷം സ്കൂളുകളുടെ അന്തിമ പട്ടിക തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. പൈലറ്റ് പദ്ധതി എന്ന നിലയിൽ നാലുമണ്ഡലങ്ങളിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

(ബി) നിയോജകമണ്ഡലം എം.എൽ.എ.യാണ് ഹൈടെക് ആക്കാനുള്ള സ്കൂളിനെ തെരഞ്ഞെടുക്കുന്നത്.

**സർക്കാർ വിദ്യാലയങ്ങൾക്ക് അന്തർദ്ദേശീയ നിലവാരം**

128 (830) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അന്തർദ്ദേശീയ നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ഈ വർഷം എത്ര വിദ്യാലയങ്ങളാണ് ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൊയിലാണ്ടി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിനെ ദേശീയ നിലവാരത്തിലേക്ക് വികസിപ്പിക്കാൻ ഉദ്ദേശിച്ച് സമർപ്പിച്ച പദ്ധതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

ഉത്തരം

(എ & ബി) 2016-2017 പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ സ്കൂളുകളെ ഹൈടെക് ആക്കുന്നത് സംബന്ധിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. നാലു നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളെ ഉൾപ്പെടുത്തി പൈലറ്റ് പ്രോജക്ടും, എല്ലാ മണ്ഡലങ്ങളിലെയും ഓരോ സ്കൂളുകളെയും ഉൾപ്പെടുത്തി പദ്ധതി തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇക്കാര്യത്തിൽ ലഭിച്ച പി. ടി. എ.യുടെ അപേക്ഷ വിദ്യാഭ്യാസ ഉപ ഡയറക്ടർ കോഴിക്കോടിന് നൽകുകയും ടി അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയുമാണ്.

**സർക്കാർ-എയ്ഡഡ് ഹയർസെക്കന്ററി അദ്ധ്യാപക നിയമനാംഗീകാരം**

129 (831) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച സർക്കാർ-എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനം സംബന്ധിച്ച് തത്ത്വത്തിൽ അംഗീകാരം നൽകി ഉത്തരവിറക്കുകയും സമയ ബന്ധിതമായി വിശദമായ ഉത്തരവിറക്കുമെന്ന് പറയുകയും ചെയ്തിരുന്നുവെങ്കിലും വിശദ ഉത്തരവ് നാളിതുവരെയായി ഇറങ്ങിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി ഫയലിൽ ധനകാര്യ വകുപ്പിന്റെ ശിപാർശ എന്തായിരുന്നുഎന്ന് വ്യക്തമാക്കുമോ; അതിൻപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത വിഷയത്തിൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലെ അക്കാദമിക് എ-വിഭാഗത്തിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് സർക്കാരിൽ നിന്നും ഡയറക്ടറേറ്റിൽനിന്നും ബന്ധപ്പെട്ടവർക്ക് കത്തുകൾ അവസാനമായി നൽകിയത് എന്നാണ്എന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) എങ്കിൽ രണ്ട് വർഷത്തിലധികമായി, ശമ്പളവും അംഗീകാരവുമില്ലാതെ സർക്കാർ-എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന അധ്യാപക-അനധ്യാപകർക്ക് വിശദമായ ഉത്തരവിറക്കി അംഗീകാരവും ശമ്പളവും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) വിശദമായ ഉത്തരവിറക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വിശദമാക്കുമോ;

(എഫ്) ഇക്കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് കൂടി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലിഭാരം പുനരവലോകനം ചെയ്യാനും ഓരോ സ്കൂളിലും ചട്ടപ്രകാരമുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടെന്ന് വിലയിരുത്തിയശേഷം ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പിരീയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം, അംഗീകൃത തസ്തികകൾ എന്നിവയടങ്ങിയ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. ആയത് പ്രകാരം നിയമനാധികാരിയായ ഹയർ സെക്കന്ററി ഡയറക്ടർ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കി പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ അക്കാദമിക് എ-വിഭാഗത്തിലെ ഫയലിൽ തസ്തിക നിർണ്ണയ നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഈ വിഷയത്തിൽ 13-7-2016, 28-7-2016 തീയതികളിൽ സർക്കാർ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഡയറക്ടർ 17-9-2016-ൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറത്തിന് കത്ത് നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ അദ്ധ്യാപകരുടെ അംഗീകാരവും ശമ്പളവും സംബന്ധിച്ച കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(എഫ്) തസ്തികകൾ സൃഷ്ടിച്ച് നൽകണമെന്നതാണ് സർക്കാർ നയം.

## സർക്കാർ/എയ്ഡഡ് കോളേജുകളിലെ ബിരുദ പ്രവേശനം

130 (832) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദ വിഭാഗത്തിൽ പ്രവേശനം ലഭിക്കാതെ ഒട്ടേറെ വിദ്യാർത്ഥികൾ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളേജുകളിൽ പലതിലും അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സമീപനം സ്വീകരിച്ച കോളേജുകളിൽ അനുവദിക്കപ്പെട്ട മുഴുവൻ സീറ്റുകളിലും പ്രവേശനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി കർശന നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) സർക്കാർ/എയ്ഡഡ് കോളേജുകളുൾപ്പെടെയുള്ള എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും ബിരുദ വിഭാഗങ്ങളിലേയ്ക്ക് ഏകജാലക സംവിധാനത്തിലൂടെയാണ് പ്രവേശനം നടത്തുന്നത്. ഏകജാലകത്തിന്റെ പരിധിയിൽ വരുന്ന സീറ്റുകൾ ഒഴിവായി കിടക്കാതിരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒഴിവുവന്ന സീറ്റുകളിൽ പ്രവേശനം നൽകാൻ 30-9-2016 വരെ സമയപരിധി ദീർഘിപ്പിച്ചു നൽകാൻ എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപക നിയമനം

131 (833) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ അധ്യാപക ബാങ്കിൽ നിന്ന് നിയോഗിച്ചിരുന്ന അധ്യാപകരെ പിൻവലിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അധ്യാപകരെ പിൻവലിച്ചതിനു പകരമായി പി. എസ്. സി. വഴി നിയമനം നടത്തുന്നതിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ സ്കൂളിനുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത അധ്യാപകരെ അതേ സ്കൂളിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള സർക്കാർ ഉത്തരവിനുമുമ്പ് എയ്ഡഡ് സ്കൂളുകളിലെ അധിക അദ്ധ്യാപകരെ കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിയമിച്ചിരുന്നു. 29-1-2016-ലെ സ. ഉ. (പി) 29/2016-ന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കി സീനിയോറിറ്റി അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി ടി അദ്ധ്യാപകരെ ടി സ്കൂളിൽ നിന്നും മാറ്റി നിയമിച്ചിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകർക്ക് സ്ഥലമാറ്റം നൽകി പ്രസ്തുത സ്കൂളിലെ പരമാവധി ഒഴിവുകൾ നികത്തിയിട്ടുണ്ട്. തസ്തിക നഷ്ടം സംഭവിച്ച മറ്റ് ജില്ലകളിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ ഉൾപ്പെടുത്തി ടി സ്കൂളിലെ ബാക്കിയുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കൂളുകളിൽ സൗജന്യ യൂണിഫോം**

132 (834) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തുറക്കുന്നതിന് മുമ്പ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സൗജന്യ യൂണിഫോം എത്തിക്കുമെന്ന പ്രഖ്യാപനം ഈ വർഷം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര കുട്ടികൾക്കാണ് ഇനി സൗജന്യ യൂണിഫോം നൽകാനുള്ളത്;

(ബി) സൗജന്യ യൂണിഫോം പ്രഖ്യാപിത സമയത്ത് എത്തിക്കുവാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതു ഫണ്ടു ഉപയോഗിച്ചാണ് സൗജന്യ യൂണിഫോം നൽകുന്നത്; ഇതിന് ഈ വർഷം എത്ര കോടി രൂപ ചെലവായി ?

ഉത്തരം

(എ) 1 മുതൽ 8 വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിനായുള്ള തുക നൽകിയിട്ടുണ്ട്. കൂടാതെ 22-9-2016 സ. ഉ.

(കൈ) 160/16 പൊ.വി.വ. പ്രകാരം 2016-2017 സാമ്പത്തിക വർഷത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എ. പി. എൽ./ബി. പി. എൽ. വ്യത്യാസമില്ലാതെ 17.93 ലക്ഷം കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ അദ്ധ്യയന വർഷം തുടങ്ങിയതിനുശേഷം 22-9-2016-ലെ സ.ഉ. (കൈ) നമ്പർ 160/16 പൊ. വി. വ. പ്രകാരം എ. പി. എൽ./ബി. പി. എൽ. വ്യത്യാസമില്ലാതെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്താൻ അനുമതി നൽകിയിട്ടുണ്ട്.

(സി) എസ്. എസ്. എ. യുടെ കേന്ദ്ര ഫണ്ട് 60%-ഉം സംസ്ഥാന ഫണ്ട് 40%-ഉം ഉപയോഗിച്ച് സർക്കാർ സ്കൂളിലെ മുഴുവൻ പെൺകുട്ടികൾക്കും എ. പി. എൽ. വിഭാഗം ഒഴികെയുള്ള ആൺകുട്ടികൾക്കും യൂണിഫോമിന് കുട്ടി ഒന്നിന് 400 രൂപ പ്രകാരം നൽകുന്നു. ഈ വർഷം 27 കോടി 51 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

### പൂവാറൻതോട് സർക്കാർ എൽ.പി.സ്കൂൾ അപ്ഗ്രഡേഷൻ

133 (835) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരവധി ആദിവാസികളുൾപ്പെടെയുള്ളവർ തിങ്ങിപ്പാർക്കുന്നതും മലയോര പ്രദേശവുമായ തിരുവമ്പാടി മണ്ഡലത്തിലെ പൂവാറൻതോട് സർക്കാർ എൽ. പി. സ്കൂൾ, യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പൂവാറൻതോട് സർക്കാർ എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 18-6-2015-ൽ 3060/14 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജികളിന്മേലുള്ള വിധിന്യായത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി സ്കൂളുകൾ ആരംഭിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക വിജ്ഞാപനം 25-5-06-ലെ 985-ാം നമ്പർ അസാധാരണ ഗസറ്റായി വിജ്ഞാപനപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസ ആവശ്യകത ഉണ്ടെന്ന് കണ്ടെത്തുന്ന പ്രദേശത്ത് മാത്രമേ പുതിയ സ്കൂൾ ആരംഭിക്കുന്നതിനോ/നിലവിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ പരിഗണിക്കുകയുള്ളൂ.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2 എ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി മാത്രമേ അന്തിമ തീരുമാനം സാധ്യമാവൂ. ആയതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

### വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ദിവസ വേതനം

134 (836) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ദിവസ വേതനം എത്ര രൂപയാണെന്ന് ഉത്തരവ് സഹിതം വ്യക്തമാക്കുമോ?

ഉത്തരം

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ നിലവിലുള്ള ദിവസവേതനം 450/- രൂപയാണ്. ജി.ഒ.(ആർ.ടി.) നമ്പർ 1916/2012/ജന.എഡ്യൂ. തീയതി 25-04-2012 ഉത്തരവ് പ്രകാരമാണിത്.

### കോട്ടക്കപ്പുറം സ്കൂളിന്റെ വഴി

135 (837) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കോട്ടക്കപ്പുറം സ്കൂളിന്റെ വഴി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതു സംബന്ധിച്ച് സർക്കാർ ഫയൽ നമ്പർ 651536/16/ജി. ഇ. ഡി-എം പ്രകാരം സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഷയം സംബന്ധിച്ച് കോട്ടയം ഡി.ഡി. പുതിയ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കോട്ടക്കപ്പുറം സ്കൂളിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള വഴി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതു സംബന്ധിച്ച് സർക്കാരിലേയ്ക്ക് കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറിൽ നിന്നുമുള്ള കത്ത് 651536/16/ജി. ഇ. ഡി.എന്ന തപാൽ നമ്പരിൽ ലഭിക്കുകയും നിലവിൽ ടി വിഷയം കൈകാര്യം ചെയ്യുന്ന 68773/എം.1/2015/പൊ. വി. വ.

നമ്പർ ഫയലിൽ ചേർത്ത് നടപടി സ്വീകരിച്ചുവരികയുമാണ്. കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടക്കപ്പുറം സ്കൂളിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള വഴി കെട്ടിയടയ്ക്കുന്നത് ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാക്കുവാൻ സാധ്യതയുള്ളതിനാൽ ടി പ്രദേശവാസികളുടെ സഞ്ചാരത്തിനായി ഗതാഗത സൗകര്യമുള്ള മറ്റേതെങ്കിലും വഴി ഉണ്ടോയെന്ന് അന്വേഷിച്ച് പുതിയ റിപ്പോർട്ട് അടിയന്തരമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. ബാധകമല്ല.

**വിദ്യാലയങ്ങൾ ഏറ്റെടുക്കൽ**

136 (838) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർഥികളുടെ എണ്ണത്തിലുള്ള കുറവു കാരണം പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിൽ മാനേജർമാർ താല്പര്യം കാണിക്കാത്തതോ മാനേജർമാർ കയ്യൊഴിയുന്നതോ ആയ വിദ്യാലയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇവ സംബന്ധിച്ച വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഏതെങ്കിലും വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഉത്തരവുകളോ മാർഗ്ഗനിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(ബി & സി) ഇത്തരത്തിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ 4 സ്കൂളുകൾ (മലാപ്പറമ്പ് എ. യു. പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ. യു. പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ. എം. എൽ. പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി. എം. എൽ. പി. സ്കൂൾ, തൃശ്ശൂർ) സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 27-7-2016-ലെ 1332-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയും നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത

വിജ്ഞാപനം ഭേദഗതി ചെയ്ത് 5-8-16-ലെ 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

**ഹയർസെക്കന്ററി അദ്ധ്യാപക നിയമനം**

137 (839) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയതും ഈ സ്കൂൾ വർഷം നിയമനാംഗീകാരം നൽകുന്നതിന് വിശദമായ റിപ്പോർട്ട് ഡയറക്ടറേറ്റിൽനിന്നും ആവശ്യപ്പെട്ടതുമായ ഫയലിൽ (989/T2/16/GEDN) നിയമന അംഗീകാരം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുതുതായി അനുവദിച്ച സർക്കാർ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ജോലി ചെയ്തു വരുന്ന അധ്യാപകർക്ക് ശമ്പളം രണ്ട് മാസത്തിനകം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ആയതിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ ?

ഉത്തരം

(എ) വിശദമായ റിപ്പോർട്ട് ഹയർ സെക്കന്ററി ഡയറക്ടറിൽ നിന്നും ലഭ്യമായ ശേഷം ടി ഫയലിൽ നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 'ബി' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ഹയർസെക്കന്ററി ഡയറക്ടറുടെ ഓഫീസിൽ സന്ദർശകരുടെ നിയന്ത്രണം**

138 (840) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി ഡയറക്ടറുടെ ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ 3 മണി വരെ സന്ദർശകരെ നിയന്ത്രിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം വിശദമാക്കാമോ;

(സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇത്തരം നടപടി സഹായിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-8-2016 വരെയുള്ള എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി) അടിയന്തര പ്രാധാന്യമുള്ള കോടതി കേസുകളും, സമയബന്ധിതമായി തീർക്കേണ്ട നിരവധി തപാലുകളും കൈകാര്യം ചെയ്യേണ്ടതിനാൽ സെക്ഷനുകളിൽ സന്ദർശകരുടെ ബാഹുല്യം തടസ്സമായി തീർന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിനാൽ, ഓഫീസ് പ്രവർത്തനം സുഗമമായി നടക്കുന്നതിനാണ് സന്ദർശക സമയം നിയന്ത്രിച്ചുകൊണ്ട് ഉത്തരവിറക്കിയത്.

(സി) പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നത് 8-8-2016-ൽ മാത്രമാണ്. പുരോഗതി പരിശോധിച്ചുവരുന്നു.

**ഹയർസെക്കന്ററി സ്കൂളുകളിലെ ഒഴിവുകൾ**

139 (T 841) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 വരെ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര കൊമേഴ്സ് ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്നും, ഇവരുടെ ജില്ല തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം, സ്കൂളുകളുടെ പേര്, മേൽവിലാസം എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) 2014-2015, 2015-2016 എന്നീ അദ്ധ്യയന വർഷങ്ങളിലായി കേരളത്തിൽ അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിൽ 76/2016/G.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നിലവിൽ ഹയർസെക്കണ്ടറി വകുപ്പിൽ എത്ര കൊമേഴ്സ് (സീനിയർ/ജൂനിയർ) അദ്ധ്യാപക ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

"T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) 24-3-2015, 31-12-2015, 5-2-2016 എന്നീ തീയതികളിലായി പി.എസ്.സി അഡ്വൈസ് ചെയ്ത കൊമേഴ്സ് (സീനിയർ/ജൂനിയർ) അദ്ധ്യാപകരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിക്കാത്ത എത്ര പേർ ഉണ്ടെന്നും ഈ ഒഴിവുകൾ എല്ലാം പി. എസ്. സി.-ക്ക് വീണ്ടും റിപ്പോർട്ട് ചെയ്തോയെന്നും വെളിപ്പെടുത്താമോ; റിപ്പോർട്ട് ചെയ്തെങ്കിൽ തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ;

(എഫ്) അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിച്ചതിന് ശേഷം റിലീവ്/റിസൈൻ ചെയ്ത എത്ര പേർ ഉണ്ടെന്ന് വിശദമാക്കുമോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തോ; തീയതിയും ഫയൽനമ്പരും വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) 28-9-2015-ൽ പി. എസ്. സി. അഡ്വൈസ് ചെയ്ത 4 കൊമേഴ്സ് (സീനിയർ) എൻ. ജെ. ഡി. ഒഴിവുകൾ പ്രകാരം എത്ര അദ്ധ്യാപകർ നിലവിൽ ജൂനിയർ കൊമേഴ്സ് അദ്ധ്യാപകരായിരുന്നു എന്ന് വിശദമാക്കുമോ; ഇവർ ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും റിലീവ് ചെയ്തുവഴി ഉണ്ടായ ഒഴിവുകൾ പി. എസ്. സി. -ക്ക് റിപ്പോർട്ട് ചെയ്തോ; എങ്കിൽ തീയതി /ഫയൽ നമ്പർ എന്നിവ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല. ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലിഭാരം പുനരവലോകനം ചെയ്തശേഷം ആവശ്യമായ തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഹയർ സെക്കന്ററി ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) ജൂനിയർ തസ്തികയിൽ 26 ഒഴിവുകളും സീനിയർ തസ്തികയിൽ 7 ഒഴിവുകളും നിലവിലുണ്ട്. ജൂനിയർ തസ്തികയിൽ 16 ഒഴിവുകൾ തസ്തിക മാറ്റ നിയമനങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ട്. ബാക്കിയുള്ള 10 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 350 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഇ) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. 40 -NJD ഒഴിവുകൾ Ad.B3/608/HSE/09 dated 11-9-2013
2. 21-NJD ഒഴിവുകൾ Ad.B3/608/HSE/09 dated 18-10-2015
3. 3-NJD ഒഴിവുകൾ Ad.B3/608/HSE/09 dated 14-12-2015
4. 3-NJD ഒഴിവുകൾ Ad.B3/608/HSE/09 dated 31-12-2015
5. 6 -NJD ഒഴിവുകൾ Ad.B3/608/HSE/09 dated 4-6-2016
6. 1-NJD ഒഴിവുകൾ Ad.B3/31040/HSE/09 dated 3-8-2016
7. 2-NJD ഒഴിവുകൾ Ad.B3/31040/HSE/09 dated 29-8-2016
8. 2-NJD ഒഴിവുകൾ Ad.B3/31040/HSE/09 dated 7-9-2016.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) പി. എസ്. സി. അഡ്വൈസ് ചെയ്ത 4 കൊമേഴ്സ് സീനിയർ അദ്ധ്യാപകരിൽ 3 പേർ ജൂനിയർ കൊമേഴ്സ് അദ്ധ്യാപകരാണ്. അവരിൽ 2 പേരുടെ എൻ. ജെ. ഡി. പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരാളുടെ റിലീവിങ്ങിനെ സംബന്ധിച്ച് പ്രിൻസിപ്പാളിൽനിന്ന് റിപ്പോർട്ട് ലഭ്യമായാലുടൻ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

Ad.B3/608/HSE/09 dated 4-6-2016

Ad.B3/31040/HSE/09 dated 3-8-2016.

**ഹയർസെക്കന്ററി സ്കൂളുകളിലെ പോസ്റ്റ് ക്രിയേഷൻ**

140 (842) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് നമ്പർ 76/2016 പ്രകാരം പുതിയതായി അനുവദിച്ച ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളുടെ പോസ്റ്റ്ക്രിയേഷൻ എവിടം വരെ ആയി എന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള ഹയർസെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്പോഴുള്ള എച്ച്. എസ്. എസ്. ടി. (കൊമേഴ്സ്) ജൂനിയർ ലിസ്റ്റിൽനിന്നും നിലവിൽ എത്ര പേരെ നിയമിച്ചുവെന്നും പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2014-2015 വർഷം അനുവദിച്ച സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തസ്തിക നിർണ്ണയ നടപടികൾ അന്തിമ ഘട്ടത്തിലാണ്. തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായശേഷം മാത്രമേ പോസ്റ്റ് ക്രിയേഷൻ നടത്താൻ സാധിക്കുകയുള്ളൂ.

(ബി) ഉണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഫയൽ അന്വേഷണം**

141 (843) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ ഫയൽ അന്വേഷണവുമായി എത്തുന്ന ബഹു. നിയമസഭാ സാമാജികരുടെ പി. എ. മാരെ സെക്ഷനിലേക്ക് കടത്തിവിടാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ചീഫ് സെക്രട്ടറി പുറപ്പെടുവിച്ച സർക്കുലറിനും, ബഹു സാമാജികരുടെ അവകാശങ്ങൾക്കും എതിരാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള ഏത് ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് ബഹു. സാമാജികരുടെ പി. എ. മാരെ സെക്ഷനിലേക്ക് ഫയൽ അന്വേഷണത്തിന് കടത്തി വിടുന്നത് തടയുന്നതിന് ഡയറക്ടറെ അധികാരപ്പെടുത്തിയിരിക്കുന്നത്; ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ;

(ഡി) സാമാജികരുടെ മണ്ഡലത്തിലെ കാര്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിന് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിയന്ത്രണമേർപ്പെടുത്തിയ സർക്കുലർ ഭേദഗതി ചെയ്യുന്നതിനും നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. നിയമസഭാ സാമാജികരുടെ പി. എ. മാരെ സെക്ഷനുകളിലേയ്ക്ക് കടത്തി വിടുന്നതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

(ബി-ഇ) 'എ ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## അദ്ധ്യാപകദിനത്തിൽ ക്ലാസ്സെടുത്ത മന്ത്രിമാർ

142 (844) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക ദിനത്തിൽ വിദ്യാർത്ഥികൾക്ക് മന്ത്രിമാർ ക്ലാസ്സെടുക്കാൻ തീരുമാനിക്കുകയും പ്രസ്തുത വിവരം മാധ്യമങ്ങളിൽ റിപ്പോർട്ടു ചെയ്യുകയുമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ മന്ത്രിമാർ ഏതൊക്കെ സ്കൂളുകളിൽ ഇപ്രകാരം ക്ലാസ്സെടുത്തുവെന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) അദ്ധ്യാപക ദിനത്തിൽ മന്ത്രിമാർ ക്ലാസ്സെടുത്തിട്ടില്ല. വിദ്യാർത്ഥികൾക്ക് സന്ദേശം നൽകുക മാത്രമാണ് ചെയ്തത്.

## ആർ. എൽ. വി. കോളേജിലെ ജീവനക്കാരുടെ കുറവ്

143 (845) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ആർ.എൽ.വി. കോളേജിലെ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവർക്ക് സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ആനുകൂല്യം യഥാസമയം വിതരണം ചെയ്യുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ ആകെയുള്ള മിനിസ്റ്റീരിയൽ തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) കോളേജ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം 868. നിലവിൽ വിദ്യാർത്ഥികളുടെ എണ്ണം ആകെ 580.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 16.

(ഡി) കോളേജ് ഓഫീസിൽ ആവശ്യത്തിന് തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

## വിദ്യാർത്ഥിക്ക് ക്രമരഹിതമായി മാർക്ക് നൽകിയതിനെതിരെ അന്വേഷണം

144 (846) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2013 വർഷത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിച്ചിരുന്ന വിദ്യാർത്ഥിക്ക് ക്രമരഹിതമായി മാർക്ക് തിരുത്തിനൽകി ജയിപ്പിക്കാൻ പുതിയ സിൻഡിക്കേറ്റ് ഉപസമിതി ശിപാർശ ചെയ്ത കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കാഴ്ചയില്ലാത്ത പുതിയ വകുപ്പുമേധാവിയെ തെറ്റിദ്ധരിപ്പിച്ച് സെഷണൽ മാർക്ക് തിരുത്തിവാങ്ങിയാണ് പ്രസ്തുത ശിപാർശ നൽകിയതെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സമഗ്ര അന്വേഷണത്തിന് ഉത്തരവാകുമോ?

ഉത്തരം

(എ-സി) 2011-2013-ൽ യൂണിവേഴ്സിറ്റി കോളേജിൽ പഠിച്ചിരുന്ന വിദ്യാർത്ഥിയുടെ, കോളേജിൽനിന്നും നൽകിയ ഇന്റേണൽ മാർക്ക് സ്വീകരിക്കുവാൻ സിൻഡിക്കേറ്റിന്റെ ഉപസമിതി ശിപാർശ നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള അന്തിമ തീരുമാനം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

## കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി

145 (847) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതിക്കുള്ള അനുമതി യു. ജി. സി. പിൻവലിച്ചത് എന്നാണ്;

(ബി) സത്യവാങ്മൂലം സമയബന്ധിതമായി യു. ജി. സി. ക്ക് സമർപ്പിക്കാൻ കഴിയാഞ്ഞതുമൂലമാണ് അംഗീകാരം നഷ്ടപ്പെട്ടത് എന്നതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയോ; ഇക്കാര്യത്തിൽ പ്രസ്തുത സർവ്വകലാശാലയുടെ വിശദീകരണം എന്താണ് ; വിശദാംശങ്ങൾ നൽകുമോ;

(സി) യു. ജി. സി. നിർഷ്കർഷിച്ചിട്ടുള്ള നിബന്ധനകളിൽ കേരള സർവ്വകലാശാലയ്ക്ക് നയപരമായ തീരുമാനങ്ങൾ എടുത്ത് സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ടാണ് ഇക്കാര്യത്തിൽ വേണ്ടത്ര ഗൗരവം കൊടുക്കാതിരുന്നത്; ഇതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിദ്യാഭ്യാസ പദ്ധതി പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷയും നിബന്ധനകൾ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുള്ള സത്യവാങ്മൂലവും യു. ജി. സി.-ക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇത് സമർപ്പിച്ചത്; ഇക്കാര്യത്തിലുള്ള യു. ജി. സി. യുടെ പ്രതികരണം എപ്രകാരമായിരുന്നു; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സർവ്വകലാശാലയുടെ വിദൂരപഠന വിഭാഗത്തിന്റെ അംഗീകാരം 2015 ജൂലൈ 15-ലെ UGC/DEB/UK/THVPRM/KRL/2009 ഉത്തരവ് പ്രകാരമാണ് യു. ജി. സി. പിൻവലിച്ചത്.

(ബി) 2013-ൽ Distance Education Council SDE-യ്ക്ക് 2013-2014, 2014-2015, 2015-2016 വർഷങ്ങളിൽ Distance Education Course-കൾ നടത്താനുള്ള അംഗീകാരം നൽകിയിരുന്നു. അതിനുശേഷം യു. ജി. സി. നിഷ്കർഷിച്ച പ്രകാരമുള്ള അഫിഡവിറ്റിലെ വിവിധ നിബന്ധനകൾ അംഗീകരിക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ വിവിധ കമ്മിറ്റികളുടെ തീരുമാനങ്ങൾ ആവശ്യമായിരുന്നതിനാലാണ് അഫിഡവിറ്റ് സമർപ്പിക്കാൻ വൈകിയത്. എന്നാലിത് കാണിച്ച് അഫിഡവിറ്റ് സമർപ്പിക്കാൻ, സമയം നീട്ടിത്തരണമെന്നാവശ്യപ്പെട്ട് യൂണിവേഴ്സിറ്റി നൽകിയ കത്ത് പരിഗണിക്കാതെയാണ് യു. ജി. സി. എസ്. ഡി. ഇ .യുടെ 2015-2016-ലെ recognition പിൻവലിച്ചത്.

(സി) കേരള സർവ്വകലാശാലയുടെ വിദൂരപഠന വിഭാഗത്തിന്റെ പഠന പ്രവർത്തനങ്ങൾക്ക് F.No.DEB/KU/KER/2013 dated 19th August 2013-ലെ ഉത്തരവിൻപ്രകാരം 2013 മുതൽ 2016 വരെ 45 കോഴ്സുകൾക്കായി അനുമതി നൽകുകയും യു. ജി. സി. നിഷ്കർഷിക്കുന്ന നിബന്ധനകൾ സർവ്വകലാശാല പാലിക്കുന്നുണ്ടെന്ന് കാണിക്കുന്ന സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. വിദൂരപഠന വിഭാഗത്തിന് സർവ്വകലാശാല നേരിട്ടല്ലാതെ നടത്തുന്ന പഠനകേന്ദ്രങ്ങൾ (ലേണേഴ്സ് സപ്പോർട്ട് സെന്റർ) ഉണ്ടായിരുന്നതുകൊണ്ട് സത്യവാങ്മൂലത്തിന് (Affidavit) പകരം രേഖാമൂലമുള്ള ഉറപ്പ്(undertaking) സമർപ്പിക്കുകയാണ് ചെയ്തത്. എന്നാൽ പ്രസ്തുത രേഖാമൂലമുള്ള ഉറപ്പ് (undertaking) യു.ജി.സി നിരസിക്കുകയും സത്യവാങ്മൂലം (affidavit) തന്നെ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. രേഖാമൂലമുള്ള ഉറപ്പ് (undertaking) രണ്ട് തവണ സമർപ്പിച്ചിരുന്നുവെങ്കിലും യു.ജി.സി. പ്രസ്തുത രേഖാമൂലമുള്ള ഉറപ്പ് നിരസിക്കുകയാണ് ചെയ്തത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠനം നടത്തി വന്ന ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ നിർത്തലാക്കാനുള്ള നയപരമായ തീരുമാനം ധൃതിപിടിച്ച് സർവ്വകലാശാലയ്ക്ക് കൈക്കൊള്ളാൻ കഴിയുമായിരുന്നില്ല. ആയതിനാൽ 30-12-2014-ൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള സമയം നീട്ടിനൽകണമെന്ന് കാണിക്കുന്ന അപേക്ഷ

സർവ്വകലാശാല യു .ജി. സി. ക്ക് നൽകി. എന്നാൽ 15 ജൂലൈ 2015-ൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിനുള്ള അംഗീകാരം യു.ജി.സി. പിൻവലിക്കുകയാണ് ചെയ്തത്. തുടർന്ന് ലേണേഴ്സ് സപ്പോർട്ട് സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ വിദൂര പഠനകേന്ദ്രം ഏറ്റെടുക്കുകയും സർവ്വകലാശാല സിൻഡിക്കേറ്റ് ലേണേഴ്സ് സപ്പോർട്ട് സെന്ററുകളുടെ പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തു. തുടർന്ന് ബന്ധപ്പെട്ട സത്യവാങ്മൂലം സർവ്വകലാശാല സമർപ്പിക്കുകയും അതിനെത്തുടർന്ന് ബഹുമാനപ്പെട്ട സർവ്വകലാശാല വൈസ് ചാൻസലർ 3-10-2015-ൽ നേരിൽ യു.ജി.സി. അധികാരികളെ കണ്ട് വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു.

(ഡി) ഉണ്ട്. 26-3-2016-ന് സർവ്വകലാശാല യു. ജി. സി.-ക്ക് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 12-7-2016-ൽ യു.ജി.സി. സർവ്വകലാശാലയെ ഇന്റർഫേയ്സ് മീറ്റിംഗിന് ക്ഷണിക്കുകയും ചെയ്തു. ഇതിൻപ്രകാരം സർവ്വകലാശാലയെ പ്രതിനിധീകരിച്ച് 21-8-2016-ൽ രജിസ്ട്രാർ ഇന്റർഫേസ് മീറ്റിംഗിന് പങ്കെടുക്കുകയും നിബന്ധനകളെല്ലാം പാലിച്ചുകൊണ്ടുള്ള അഫിഡവിറ്റ് സമർപ്പിക്കുകയും വിദൂര പഠനകേന്ദ്രത്തിന്റെ അംഗീകാരത്തിനുള്ള അപേക്ഷ കാര്യകാരണസഹിതം അവതരിപ്പിക്കുകയും ചെയ്തു. യു. ജി. സി. യുടെ തുടർ നടപടികൾക്കായി കാത്തിരിക്കുകയാണ്.

**വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് സഹായം**

146 (848) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കാത്തതു മൂലം അവർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടക്കാൻ കഴിയാതെ നിരവധി കുടുംബങ്ങൾ കടക്കെണിയിൽപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുടുംബങ്ങളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഉണ്ട്. 2016-2017-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വിദ്യാഭ്യാസ ലോൺ എടുത്ത് തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, കുടിശ്ശികയായ വായ്പാത്തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ തയ്യാറായാൽ, കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ

സർക്കാർ സഹായിക്കുന്നതാണെന്നും ഇതിലേയ്ക്കായി 100 കോടി രൂപ വകയിരുത്തുന്നതായും പറഞ്ഞിട്ടുണ്ട്. ഇക്കാര്യം എല്ലാ ബാങ്കുകളുമായും ചർച്ച ചെയ്ത് പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി ഈ വിഷയം സംസ്ഥാനതല ബാങ്കിംഗ് സമിതി കൺവീനർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമായ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന് 2012-2013 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സ്കീം തയ്യാറാക്കുകയും വിവിധ ജില്ലാ കളക്ടർമാരിൽനിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കുന്നതിന്, ബാങ്കിന്റെ നിലവിലുള്ള നിയമം അനുസരിച്ച് വായ്പ കുടിശ്ശിക ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സാഹചര്യം ലഭ്യമാക്കി, പരമാവധി ഇളവ് അനുവദിച്ച് നൽകാൻ, സർക്കാരിൽ ലഭ്യമാകുന്ന പരാതികളിന്മേൽ സംസ്ഥാനതല ബാങ്കിംഗ് സമിതിക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും നിർദ്ദേശം നൽകിവരുന്നു.

**കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ**

147 (849) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എസ്. എ. ആർ. ബി. റ്റി. എം. ഗവൺമെൻറ് കോളേജിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ എന്തെല്ലാം; ഓരോ പദ്ധതിയും നടപ്പിലാക്കുന്നത് ഏത് സ്കീമുകളിലാണ് എന്ന് വിശദമാക്കാമോ;

(ബി) ഈ കോളേജിൽ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തി മാതൃകാ ഗവൺമെൻറ് കോളേജാക്കുക എന്ന ഉദ്ദേശ്യത്തോടെ മുന്നോട്ട് പോകുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി എസ്. എ. ആർ. ബി. റ്റി. എം. ഗവൺമെന്റ് കോളേജിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികളും ബന്ധപ്പെട്ട സ്കീമും ചുവടെ ചേർക്കുന്നു:

1. കോളേജ് ഗേറ്റ് നിർമ്മാണം-എം. എൽ. എ. ഫണ്ട്

2. ആംഫി തിയേറ്റർ-എം. എൽ. എ. ഫണ്ട്

3. ബ്യൂട്ടിഫിക്കേഷൻ-എം. എൽ. എ. ഫണ്ട്

4. മൾട്ടികോർട്ട് സ്പോർട്സ് ഫെസിലിറ്റി-എം. എൽ. എ. ഫണ്ട്

5. പാത്ത് വേ-എം. എൽ. എ. ഫണ്ട്

6. ലേഡീസ് ഹോസ്റ്റൽ-യു. ജി. സി. ഫണ്ട്

7. വാട്ടർ ടാങ്ക് -പ്ലാൻ ഫണ്ട്

8. ലേഡീസ് അമിനിറ്റി-പ്ലാൻ ഫണ്ട്.

(ബി) ഈ കോളേജിനെ മാതൃകാ ഗവൺമെന്റ് കോളേജാക്കുന്നതിന് പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ ഇപ്പോൾ നടപ്പിലാക്കുന്നില്ല.

**എഞ്ചിനീയറിംഗ് വിജയശതമാനം**

148 (850) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ മേഖല തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെയും കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 158 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഗവൺമെന്റ് - 9 എണ്ണം

എയ്ഡഡ് - 3 എണ്ണം

സ്വാശ്രയം - 141 എണ്ണം

വിവിധ യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിൽ 5 എണ്ണം:

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ 2011-2012 വർഷം മുതൽ 2014-2015 വർഷം വരെയുള്ള വിജയശതമാനം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. 2015-2016 വർഷത്തിലെ വിജയശതമാനം സംബന്ധിച്ച് എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല നൽകിയ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## യൂണിവേഴ്സിറ്റി കോളേജ്, ആർട്സ് കോളേജ് എന്നിവിടങ്ങളിലെ ബി. എസ് സി. ഫിസിക്സ് പ്രവേശനം

149 (851) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ യൂണിവേഴ്സിറ്റി കോളേജ്, ഗവൺമെന്റ് ആർട്സ് കോളേജ് എന്നിവിടങ്ങളിൽ ബി.എസ്.സി. ഫിസിക്സ് വിഭാഗത്തിൽ എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ അധ്യയന വർഷം എത്ര ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു എന്ന് അറിയിക്കുമോ;

(സി) നിലവിൽ ഇവിടെ എത്ര സീറ്റുകളിലാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടെന്ന കാരണം പറഞ്ഞ് നിലവിലുണ്ടായിരുന്ന സീറ്റുകളിലേക്കും വർദ്ധിപ്പിച്ച സീറ്റുകളിലേക്കും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ടി സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ബി. എസ്.സി. ഫിസിക്സ് കോഴ്സിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് 50 സീറ്റുകളും, തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിന് 24 സീറ്റുകളുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ പരമാവധി 20% സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിൽ തിരുവനന്തപുരം ആർട്സ് കോളേജിൽ 30 വിദ്യാർത്ഥികൾക്കും [24+5 (വർദ്ധിപ്പിച്ച സീറ്റ്)+ 1 സ്പോർട്സ് കൗൺസിൽ] തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 51 സീറ്റുകളിലും (50+1 സീറ്റ് ലക്ഷദ്വീപ് വിഭാഗത്തിലുള്ള സംവരണം) പ്രവേശനം നൽകിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിലവിലുണ്ടായിരുന്ന സീറ്റുകളിലേയ്ക്കും വർദ്ധിപ്പിച്ച സീറ്റുകളിലേയ്ക്കും പ്രവേശനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ കൗൺസിൽ

തീരുമാനപ്രകാരം സീറ്റ് വർദ്ധിപ്പിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.

(ഇ) തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിലവിലുള്ളതും വർദ്ധിപ്പിച്ചതുമായ സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സയൻസ് വിഭാഗത്തിൽ മാർജിനൽ ഇൻക്രീസിനുവേണ്ടി ആവശ്യപ്പെട്ടിട്ടില്ല. നിലവിലുണ്ടായിരുന്ന സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.

### സർക്കാർ കോളേജുകൾ ഡിജിറ്റലാക്കുന്നതിനുള്ള പദ്ധതി

150 (852) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകൾ ഡിജിറ്റലാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഏതെല്ലാം ഏജൻസികളെയാണ് നിയോഗിച്ചിരിക്കുന്നത്;

(ഡി) ഏജൻസികളുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഡി. ഡി. എഫ്. എസ്. (ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ഗവൺമെന്റ് ലോ കോളേജിൽ ലൈബ്രറി ഡിജിറ്റലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. തൃശ്ശൂർ ഗവൺമെന്റ് ലോ കോളേജിൽ ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലും തൃശ്ശൂർ ഗവൺമെന്റ് ലോകോളേജിലും കെൽട്രോണിനെയാണ് പദ്ധതി നടപ്പിലാക്കാൻ നിയോഗിച്ചിരിക്കുന്നത്. തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ 'ഇ-കാമ്പസ് അഡ്മിനിസ്ട്രേഷൻ സിഡ്കോ വഴി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ ഗവൺമെന്റ് ലോ കോളേജിൽ പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. 6,96,970 രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി വിനിയോഗിച്ചത്.

## അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനം

151 (853) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനത്തിന് കാറ്റഗറി നമ്പർ 193/2010 ആയി 15-7-2010-ൽ പി. എസ്. സി. അപേക്ഷ ക്ഷണിക്കുകയും, 30-7-2013 ൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് പി. എസ്. സി., സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനും, ഉന്നത വിദ്യാഭ്യാസ വകുപ്പിനും കത്തുകൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ കത്തുകൾക്ക് സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽനിന്നും ഉന്നതവിദ്യാഭ്യാസവകുപ്പിൽനിന്നും, പബ്ലിക് സർവ്വീസ് കമ്മീഷന് മറുപടി നൽകിയിട്ടുണ്ടോ;

(സി) ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തരനടപടികൾസ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കത്തുകൾ നൽകിയിട്ടുണ്ട്. അപേക്ഷ സ്വീകരിച്ചുകൊണ്ടുള്ള 15-7-2010-ലെ കാറ്റഗറി നമ്പർ 193/2010 നമ്പരിലുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരുന്ന യോഗ്യതയുടെ തുല്യ യോഗ്യതകൾ സംബന്ധിച്ചുള്ള വ്യക്തത ആവശ്യപ്പെട്ടുകൊണ്ടാണ് കത്ത് നൽകിയിരുന്നത്.

(ബി & സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽനിന്നും 7-1-2015-ന് മറുപടി നൽകിയിരുന്നു. എന്നാൽ ഈ മറുപടി തൃപ്തികരമല്ലാത്തതിനാൽ അതിനെ സംബന്ധിച്ചുള്ള സ്പഷ്ടീകരണമാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നത്. വിജ്ഞാപന പ്രകാരമുള്ള തസ്തികകൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതകൾക്ക് തുല്യമായി പരിഗണിക്കാവുന്ന യോഗ്യതകൾ ഏവ എന്ന് പരിശോധിക്കുകയും യോഗ്യതകളിൽ വ്യക്തതവരുത്തി തീരുമാനമെടുക്കുകയും ചെയ്തതിനുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നിയമന നടപടികൾ സ്വീകരിക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷനാണ്.

## അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് സ്ഥലം

152 (854) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ ഐ. എച്ച്. ആർ. ഡി. യുടെ ടെക്നിക്കൽ ഹൈസ്കൂൾ നിർത്തലാക്കിയതിന് പകരമായി ഐ. എച്ച്. ആർ. ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അനുവദിച്ചത് എന്നാണ്; എതൊക്കെ കോഴ്സുകളാണ് ഇവിടെയുള്ളത്;

(ബി) ടെക്നിക്കൽ ഹൈസ്കൂളിന് അനുവദിച്ചിരുന്നതിൽ എത്ര ഭൂമിയാണ് കോളേജിന് കെട്ടിടം പണിയാനായി ഉള്ളത്; ഇതു കൂടാതെ പി. ഐ. പി. യുടെ എത്ര ഭൂമി ഏറ്റെടുക്കുന്നതിനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്;

(സി) ഈ ഭൂമിക്ക് വിലയായി എത്ര രൂപ അടയ്ക്കണമെന്നാണ് റവന്യൂ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്; ഈ തുക ഐ.എച്ച്.ആർ.ഡി. അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) തുകയടയ്ക്കുന്നതിന് ഐ. എച്ച്. ആർ. ഡി., സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ എവിടെയാണുള്ളത്; ഇത് സംബന്ധിച്ച് എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്;

(ഇ) ഐ. എച്ച്. ആർ. ഡി.-ക്ക് പണമില്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ടെക്നിക്കൽ ഹൈസ്കൂൾ, അയിരൂരിനെ അപ്ലൈഡ് സയൻസ് കോളേജാക്കി അപ്ഗ്രേഡ് ചെയ്തത് 17-7-2013-ലെ G.O.(Ms)No.505/2013/H.Edn. പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പ്രകാരം താഴെപ്പറയുന്ന കോഴ്സുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്.

1. B.Sc Computer Science

2. B.A. English Language & Literature Model II (Vocational: Journalism)

3. B.C.A.

(ബി) ടെക്നിക്കൽ ഹൈസ്കൂളിന് 76 സെന്റ് ഭൂമി നിലവിലുണ്ട്. ഇതുകൂടാതെ 20.24 ആർസ് ഭൂമി PIP-യിൽനിന്നും ഏറ്റെടുക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഭൂമിയുടെ വിലയായി 4,04,800 രൂപ അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഐ. എച്ച്. ആർ. ഡി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രസ്തുത തുക അടയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

(ഡി & ഇ) തുക ലഭ്യമാക്കുന്നതിലേയ്ക്കായി ഐ. എച്ച്. ആർ. ഡി. നൽകിയ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

**സർക്കാരുമായി ധാരണയുണ്ടാക്കിയ കോളേജുകൾ**

153 (855) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ മെഡിക്കൽ-എഞ്ചിനീയറിങ്ങ് പ്രവേശനത്തിന് സർക്കാരുമായി ധാരണയുണ്ടാക്കിയതും, ധാരണയിൽ എത്താത്തതുമായ സ്വാശ്രയ കോളേജുകൾ ഏതെല്ലാമെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2016-2017 അദ്ധ്യയന വർഷം 114 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുമായും 25 സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളുമായും പ്രവേശനവും ഫീസും സംബന്ധിച്ച കരാറിൽ സർക്കാർ ഏർപ്പെട്ടിട്ടുണ്ട്. മെഡിക്കൽ വിഭാഗത്തിൽ 20 സ്വാശ്രയ മെഡിക്കൽ കോളേജുകളുമായും 21 ഡന്റൽ കോളേജുകളുമായും പ്രവേശനവും ഫീസും സംബന്ധിച്ച കരാറിൽ സർക്കാർ ഏർപ്പെട്ടിട്ടുണ്ട്. രണ്ട് സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

154 (856) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സാക്ഷരതാ കോർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ സാക്ഷരതാ മിഷൻ എങ്ങനെയെല്ലാമാണ് ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിയ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പൽ/ ഗ്രാമപഞ്ചായത്ത് തലത്തിലും അവലോകനം ചെയ്തുവരുന്നു.

(ബി) കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച് ജില്ലാ സാക്ഷരതാ മിഷന്റെ നേതൃത്വത്തിലാണ് ജില്ലകളിൽ സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ജില്ലാ തലങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ജില്ലാ സാക്ഷരതാ മിഷനിലെ ജില്ലാ കോ-ഓർഡിനേറ്റർ, അസി. കോ-ഓർഡിനേറ്റർ, മറ്റ് ഓഫീസ് ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിലാണ്. ഗ്രാമ/ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ നോഡൽ പ്രേരക്മാരുടെ സഹായത്താലാണ് വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

(സി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിയതും നടത്തുന്നതുമായ പ്രധാന തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>സാക്ഷരതാ പരിപാടി</u>

നേടിയെടുത്ത സാക്ഷരത നിലനിർത്തുന്നതിനും അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനും വേണ്ടിയുള്ള കർമ്മപദ്ധതിയാണ് സാക്ഷരതാ പരിപാടി.

2. <u>തുല്യതാ പരിപാടി</u>

നവസാക്ഷരർ, സ്കൂളിൽനിന്നും കൊഴിഞ്ഞുപോയവർ, തുടർപഠനം ആഗ്രഹിക്കുന്നവർ എന്നിവർക്ക് ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ യോഗ്യത നേടാൻ സഹായിക്കുന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടിയാണിത്. നാല്, ഏഴ്, പത്ത്, ഹയർ സെക്കണ്ടറി എന്നീ തുല്യതാ കോഴ്സുകളാണ് സാക്ഷരതാ മിഷൻ നടപ്പിലാക്കിവരുന്നത്. അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത കോഴ്സുകളിലൂടെ പഠിതാക്കളെ പ്രാപ്തരാക്കുകയാണ് തുല്യതാ പരിപാടിയിലൂടെ ചെയ്യുന്നത്.

3. <u>വരുമാനവർദ്ധക പരിപാടി</u>

പഠനത്തോടൊപ്പം തൊഴിൽ എന്ന ലക്ഷ്യം നേടിയെടുത്ത് വരുമാനമുണ്ടാക്കുവാനും ജീവിതം മെച്ചപ്പെടുത്തുവാനും അവസരമൊരുക്കുകയാണ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

4. <u>ജീവിതഗുണനിലവാരം മെച്ചപ്പെടുത്തൽ പരിപാടി</u>

ജീവിതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമൂഹിക ബോധവൽക്കരണ ക്ലാസ്സുകൾ, സാംസ്കാരികോത്സവങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

5. <u>വ്യക്തിഗത താല്പര്യപോഷണ പരിപാടി</u>

സമൂഹത്തിലെ ഓരോ വ്യക്തിയിലും അന്തർലീനമായിക്കിടക്കുന്ന കലാ-കായിക അഭിരുചികൾ കണ്ടെത്തി പരിപോഷിപ്പിക്കുവാൻ സഹായിക്കുന്ന പരിപാടിയാണിത്.

**സാക്ഷരതാ മിഷൻ**

155 (857) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2011 മുതൽ 31-3-2016 വരെ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചു എന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സാക്ഷരതാ കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ സംസ്ഥാന സാക്ഷരതാ മിഷൻ എങ്ങനെയാണ് നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതെന്ന് വിശദമാക്കാമോ;

(ഡി) 1-7-2016 മുതൽ 31-8-2016 വരെ സംസ്ഥാന സാക്ഷരതാ മിഷൻ എന്തെല്ലാം തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി)

<u>2011-12-8 കോടി രൂപ</u>

നാല്, ഏഴ് തുല്യതാ കോഴ്സിന്റെ നടത്തിപ്പ്, അതുല്യം രണ്ടാം ഘട്ടം, അക്ഷരപൂർണ്ണിമ തുടങ്ങിയ പരിപാടികൾക്കായി വിനിയോഗിച്ചു.

<u>2012-13-12 കോടി രൂപ</u>

സാക്ഷരതാപ്രവർത്തനങ്ങൾ, നാല്, ഏഴ് തുല്യത, വിഷൻ & മിഷൻ ശില്പശാല, പ്രേരക് ട്രെയിനിംഗ് തുടങ്ങിയ പരിപാടികൾക്കും ഓഫീസിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിനിയോഗിച്ചു.

2013-14-16 കോടി രൂപ

അക്ഷരലക്ഷം, നാല്, ഏഴ് തുല്യതാ കോഴ്സ് നടത്തിപ്പുകൾക്കായി വിനിയോഗിച്ചു.

2014-15-8 കോടി രൂപ

അക്ഷരലക്ഷം പദ്ധതി, അതുല്യം പദ്ധതി, നാല്, ഏഴ് തുല്യതാ പരിപാടികളുടെ നടത്തിപ്പുകൾക്കുമായി വിനിയോഗിച്ചു.

2015-16-10.5 കോടി രൂപ

നാല്, ഏഴ് തുല്യതാ പരിപാടികൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികളുടെ നടത്തിപ്പ്, അട്ടപ്പാടി സാക്ഷരതാ പദ്ധതികൾ എന്നിവയ്ക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

(സി) ജില്ലാ സാക്ഷരതാ മിഷനുകളിലെ ജില്ലാ കോ-ഓർഡിനേറ്റർമാർ സംസ്ഥാന ഓഫീസിൽനിന്നുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നത്. ഇവർ ജില്ലകളിൽ നടത്തിയ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രണ്ട് മാസത്തിലൊരിക്കൽ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ അവലോകന യോഗങ്ങൾ ചേരുകയും ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്. ജില്ലാ കോ-ഓർഡിനേറ്റർമാരാണ് ജില്ലകളിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതും നടപ്പിലാക്കുന്നതും. ഗ്രാമ/ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിച്ചുവരുന്ന വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാരുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ജില്ലാതലത്തിലെ മോണിറ്ററിംഗും ജില്ലാ കോ-ഓർഡിനേറ്റർമാർ വഴിയാണ് നിർവ്വഹിച്ചുവരുന്നത്.

(ഡി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) 2016 ജൂലൈ 20-ന് ജില്ലകളിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ യോഗം വിളിച്ചുചേർത്തിരുന്നു.

(2) സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന പത്താംതരം തുല്യതാ കോഴ്സിലെ 11-ാം ബാച്ചിലേയ്ക്കുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു.

(3) ഹയർസെക്കണ്ടറി തുല്യതാ കോഴ്സിലെ (ഒന്നാം ബാച്ച്) ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിലെ പൊതുപരീക്ഷ നടത്തി.

(4) രണ്ടാം വർഷ ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിലേയ്ക്കുള്ള ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിലെ സ്വയംപഠന സാമഗ്രികൾ എസ്. സി. ഇ. ആർ. ടി.-യുടെ സഹകരണത്തോടെ 2016 ജൂലൈ മാസത്തിൽ തയ്യാറാക്കുകയുണ്ടായി.

(5) 2016 ആഗസ്റ്റ് 31-ന് ജില്ലകളിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ യോഗം വിളിച്ചുചേർത്തു.

(6) നാലാംതരം തുല്യതയുടെ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു.

(7) അട്ടപ്പാടി മേഖലയിൽ 83 ഇൻസ്ട്രക്ടർമാരുടെ നേതൃത്വത്തിൽ ഊരുകളിൽനിന്നും 1232 നിരക്ഷരർ പഠിതാക്കളായ പദ്ധതി തുടർന്നുവരുന്നു.

(8) അക്ഷരലക്ഷം രണ്ടാംഘട്ട പദ്ധതിയിലൂടെ പാലക്കാട്, കൊല്ലം ജില്ലകളിലെ വിജയിച്ച പഠിതാക്കളുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

(9) കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഗുണഭോക്താക്കളായ നവസാക്ഷരർക്കും തുല്യതാപഠിതാക്കൾക്കും സ്ഥിരവരുമാനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന തൊഴിൽ നൈപുണ്യ വികസന പദ്ധതി തുടരുന്നു.

(10) സാക്ഷരതാ മിഷൻ സംസ്ഥാന-ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് ഓഫീസ് നടപടിക്രമങ്ങളെക്കുറിച്ചും സാക്ഷരതാമിഷൻ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറിനെ സംബന്ധിച്ചുമുള്ള പരിശീലനങ്ങൾ നൽകി.

(11) പ്രസിദ്ധീകരണമായ അക്ഷരകൈരളിയുടെ ജൂലൈ, ആഗസ്റ്റ് ലക്കങ്ങൾ പ്രസിദ്ധീകരിച്ചു.

## വട്ടവട ഗ്രാമപഞ്ചായത്തിലെ വില്ലേജ് ഓഫീസ്

156 (858) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം താലൂക്കിലെ വട്ടവട ഗ്രാമപഞ്ചായത്തിലെ വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും, വില്ലേജുമായി ബന്ധപ്പെട്ട യഥാർത്ഥ രേഖകൾ അവിടെ ലഭ്യമാണോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

ദേവികുളം താലൂക്കിലെ വട്ടവട ഗ്രാമപഞ്ചായത്തിൽ കൊട്ടാക്കമ്പൂർ, വട്ടവട എന്നീ രണ്ട് വില്ലേജാഫീസുകളാണ് പ്രവർത്തിക്കുന്നത്. ടി വില്ലേജാഫീസുകളിലെ ഭൂമി സംബന്ധമായ അസൽ രേഖകൾ നിലവിൽ ദേവികുളം സബ് കളക്ടറുടെ അധീനതയിൽ സൂക്ഷിച്ചുവരുന്നു.

## നിശ്ചിത ഫീസ് ഒടുക്കി നെൽവയൽ നികത്തിയ നടപടി

157 (859) ശ്രീ. പി. ഉണ്ണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഒരു നിശ്ചിത ഫീസ് ഒടുക്കി നെൽവയൽ നികത്തിയ നടപടി ക്രമവത്ക്കരിച്ചുകൊണ്ടുള്ള ചട്ടം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ചട്ടം ഇപ്പോൾ പ്രാബല്യത്തിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയത് പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരമുള്ള നടപടി നെൽവയലുകളുടെ വ്യാപ്തി കുറയ്ക്കുന്നതിന് എത്രമാത്രം കാരണമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചട്ടം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

## ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം

158 (T 860) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ചില പഞ്ചായത്തുകളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട ചിലർക്ക് പട്ടയം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**മിച്ചഭൂമി കയ്യേറ്റം തടയുന്നതിന് പ്രത്യേക സെൽ**

159 (861) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണം ചെയ്തിട്ടില്ലാത്ത എത്ര ഹെക്ടർ ഭൂമിയുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) മിച്ചഭൂമികളിലെ കയ്യേറ്റം തടയുന്നതിന് മിച്ചഭൂമിയുള്ള എല്ലാ ജില്ലകളിലും പ്രത്യേക സെൽ രൂപീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 731.52.41 ഹെക്ടർ ഭൂമി. (പ്രസ്തുത മിച്ചഭൂമിയിൽ വാസയോഗ്യമല്ലാത്ത വെള്ളക്കെട്ട്, ചതുപ്പുനിലം, പാറപ്രദേശം, പൊതുവഴിയില്ലാത്ത പ്രദേശം, കീഴ്ക്കാംതൂക്കായ കുന്നിൽ ചരിവുള്ള പ്രദേശം എന്നിവ ഉൾപ്പെട്ടുവരുന്നുണ്ട്.) താലൂക്ക് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കുന്ന മിച്ചഭൂമി, അന്യകയ്യേറ്റങ്ങളിൽനിന്നും സംരക്ഷിക്കേണ്ട ചുമതല സ്ഥലം തഹസിൽദാർക്കാണ്. മിച്ചഭൂമിയിൽ കയ്യേറ്റങ്ങൾ ഉണ്ടായാൽ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 86 (6) അനുശാസിക്കും പ്രകാരം കേരള ലാൻഡ് കൺസർവൻസി ആക്ട് 1957-ലെ വ്യവസ്ഥകൾ അനുസരിച്ച് ഒഴിപ്പിക്കാവുന്നതാണ്. മിച്ചഭൂമിയുള്ള എല്ലാ ജില്ലകളിലും പ്രത്യേക സെൽ രൂപീകരിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല.

**പാട്ടത്തിന് പതിച്ച് നൽകിയ സർക്കാർഭൂമി**

160 (862) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി സംഘടനകൾക്ക് പാട്ടത്തിനും, പതിച്ചും നല്കിയിട്ടുള്ളതുമൂലം പൊതു ആവശ്യത്തിന് ഭൂമി ലഭ്യമല്ലാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരമുള്ള ഭൂമി വ്യവസ്ഥകൾ ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി വരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പാട്ടക്കുടിശ്ശിക വരുത്തിയ ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ പത്തു വർഷത്തിനിടെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ചീമേനിയിൽ ബസ് സ്റ്റാന്റ് നിർമ്മാണം**

161 (863) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി പഞ്ചായത്തിലെ ചീമേനിയിൽ ബസ്സ്റ്റാന്റ് നിർമ്മാണത്തിന് സ്ഥലം പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ സ്ഥലം സൗജന്യമായി പഞ്ചായത്തിനു വിട്ടു നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ബസ്സ്റ്റാന്റ് നിർമ്മാണത്തിന് എം. എൽ. എ. ഫണ്ട് നീക്കിവച്ചിട്ടും ഈ പദ്ധതിക്ക് സ്ഥലം അനുവദിച്ചു നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിൽ ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന് സ്ഥലം അനുവദിക്കുന്നതിനായുള്ള ശിപാർശ പരിശോധിച്ചു വരുന്നു.

**ലൈഫ് പദ്ധതി**

162 (864) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി പാർപ്പിടം നൽകുന്നതിനുള്ള 'ലൈഫ്'പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഭവനരഹിതരായ കുടുംബങ്ങളുടെ വിവരശേഖരണം നടത്തുമോ;

(സി) ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. 'ലൈഫ് ' പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

163 (865) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' ഒരു പരാജയമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പദ്ധതിയിലെ പ്രശ്നങ്ങൾ പരിഹരിച്ച് നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഡി) മധ്യവർത്തികളുടെ ഇടപെടലുകളിലൂടെ വ്യാജരേഖകൾ ചമച്ച് ഭൂമി നേടിയെടുത്തവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നല്ല ഒരു ആശയമായിരുന്നു. എന്നാൽ അത് പൂർണ്ണമായി ലക്ഷ്യം കൈവരിച്ചു എന്ന് കരുതുന്നില്ല.

(ബി) പദ്ധതി പ്രകാരം അനുവദിച്ച ഭൂമിയെ സംബന്ധിച്ച് ചില ആക്ഷേപങ്ങളും അനുവദിച്ച ഭൂമി യഥാസമയം കൈമാറുന്നതിൽ കാലതാമസവും ഉണ്ടായിട്ടുണ്ട്. ഇവയ്ക്ക് പരിഹാരം കാണാനുള്ള നടപടികളാണ് പ്രാഥമികമായി സ്വീകരിച്ചു വരുന്നത്.

(സി) വീട് വയ്ക്കാൻ സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക കുടുംബ വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതും കേരളത്തിൽ ജനിച്ച് സ്ഥിര താമസമാക്കിയിട്ടുള്ളതും പദ്ധതി പ്രഖ്യാപിച്ച 9-3-2012-ന് ശേഷം സ്വന്തം ഭൂമി കൈമാറിയിട്ടില്ലാത്തതും ഭാവിയിൽ കുടുംബസ്വത്ത് പാരമ്പര്യമായി ലഭിക്കാൻ സാധ്യതയില്ലാത്തതുമായ കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി ലക്ഷ്യമാക്കിയിരുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

164 (866) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. ടി. തോമസ് :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം ഇതുവരെ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ ജില്ലകളെയാണ് 'ഭൂരഹിതരില്ലാത്ത ജില്ല'യായി പ്രഖ്യാപിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കിവരുന്നു. സ്വന്തമായി ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ച് നൽകി ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്നതാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്ന ഭൂരഹിത കുടുംബങ്ങളിൽ 58,398 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിരുന്നു. അനുവദിച്ച ഭൂമി ചട്ടപ്രകാരം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുന്ന നടപടി പുരോഗമിച്ച് വരുന്നു. 25-8-2016-ലെ കണക്കനുസരിച്ച് 30302 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്.

(സി) കണ്ണൂർ, കാസർഗോഡ്, ഇടുക്കി.

## ഐ. എച്ച്. ആർ. ഡി. കോളേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ്

165 (867) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഐ. എച്ച്. ആർ. ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏറനാട് താലൂക്ക് പരിധിയിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം സിവിൽ സ്റ്റേഷൻെറ പരിസരത്തുള്ള റവന്യൂ പുറമ്പോക്ക് ഭൂമി പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ പറ്റുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ താലൂക്കിൽ മങ്കട വില്ലേജിൽ മലപ്പുറം ഐ. എച്ച്. ആർ. ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് 3.82 ഏക്കർ സ്ഥലം കണ്ടെത്തിയിരുന്നെങ്കിലും സാമ്പത്തിക പരാധീനതമൂലം ടി നടപടി ഉപേക്ഷിച്ചിട്ടുള്ളതാണ്.

(ബി) ഏറനാട് താലൂക്ക് പരിധിയിൽ പ്രസ്തുത കെട്ടിടം നിർമ്മാണത്തിനനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ല.

(സി) മലപ്പുറം സിവിൽ സ്റ്റേഷന്റെ പരിസരത്തുള്ള പുറമ്പോക്ക് ഭൂമിയിൽ നിലവിൽ വിവിധ വകുപ്പുകളുടെ അനേകം കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. സ്ഥല ലഭ്യതക്കുറവ് കാരണം കഴിഞ്ഞ ഏതാനും വർഷമായി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ മറ്റ് വകുപ്പുകൾക്ക് ഭൂമി അനുവദിക്കാറില്ല. ഐ.എച്ച്.ആർ.ഡി. കോളേജ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.

**പ്രീ-ഫാബ് വീടുകൾ**

166 (T 868) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതർക്ക് പ്രീ-ഫാബ് വീടുകൾ നിർമ്മിച്ചു നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്കായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു. ദുർബല വിഭാഗത്തിൽപ്പെട്ട ഭൂഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന സാഫല്യം ഭവന പദ്ധതിയിലൂടെ എറണാകുളം ജില്ലയിൽ ചോറ്റാനിക്കരയിൽ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രീ-ഫാബ് സാങ്കേതികവിദ്യ അനുസരിച്ച് 24 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുള്ള ഭവനരഹിതർക്കുള്ള പദ്ധതിയിലും ഇപ്രകാരം പ്രീ-ഫാബ് സാങ്കേതികവിദ്യയിലുള്ള വീട് നിർമ്മാണം അവലംബിക്കാവുന്നതാണ്.

കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാവുന്ന പ്രീ-ഫാബ്രിക്കേറ്റഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വീടുകളുടെ നിർമ്മാണം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന നിർമ്മിതി കേന്ദ്രം ഒരു പുതിയ സംരംഭം ആരംഭിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഒരു മാതൃകാ വീട് പി. റ്റി. പി. നഗറിലുള്ള നിർമ്മിതി കാമ്പസിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കൺസൾട്ടൻസി സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല.

## സീറോ ലാന്റ് പദ്ധതി

167 (869) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച സീറോ ലാന്റ് പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്ര പേർക്ക് ഭൂമി അനുവദിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഭൂമി അനുവദിച്ച കിട്ടിയ പലർക്കും ഭൂമി ഇതേവരെ ലഭ്യമായിട്ടില്ല എന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഭൂമി ലഭിയ്ക്കാത്തതെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകാൻ സ്വീകരിച്ച മറ്റു നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇവയിൽനിന്ന് 2,43,928 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. പദ്ധതി പ്രകാരം 58,398 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 47,340 | 35851 | 3181 |
| കൊല്ലം | 29850 | 28591 | 1553 |
| പത്തനംതിട്ട | 7532 | 6807 | 883 |
| ആലപ്പുഴ | 17142 | 14163 | 256 |
| കോട്ടയം | 10742 | 10388 | 1309 |
| ഇടുക്കി | 10496 | 7970 | 8561 |
| എറണാകുളം | 43248 | 31379 | 1449 |
| തൃശ്ശൂർ | 30836 | 26776 | 1043 |
| പാലക്കാട് | 28524 | 23874 | 4329 |
| മലപ്പുറം | 25998 | 23962 | 1320 |
| കോഴിക്കോട് | 9070 | 8304 | 1550 |
| വയനാട് | 6611 | 4546 | 858 |
| കണ്ണൂർ | 12184 | 11099 | 15962 |
| കാസർഗോഡ് | 12184 | 10218 | 16144 |
| ആകെ | 2,91,757 | 2,43,928 | 58,398 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം അനുവദിച്ച ഭൂമി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല. കോടതി കേസ്സുകൾ, പ്രാദേശികമായ തർക്കങ്ങൾ എന്നിവയിൽ ഉൾപ്പെടാത്ത ഭൂമികൾ കൈമാറുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(സി) പദ്ധതിയിൽ അവശേഷിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് നൽകുന്നതിന് അനുയോജ്യമായ വിവിധതരം ഭൂമികൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## നിലം നികത്തി വീട് നിർമ്മിക്കൽ

168 (870) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ 10 സെന്റ്, മുനിസിപ്പാലിറ്റികളിൽ 5 സെന്റ്, കോർപ്പറേഷനുകളിൽ 3 സെന്റ് എന്നിങ്ങനെ നിലം നികത്തി വീടുവയ്ക്കുന്നതിന് ആവശ്യമായ അനുമതി നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഈ കാര്യത്തിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഈ തരത്തിൽ വീട് വയ്ക്കുവാൻ അനുമതിക്കായി അപേക്ഷ നൽകിയ എത്ര അപേക്ഷകരുണ്ടെന്ന് അറിയിക്കാമോ;

(സി) ഇത്തരം അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കാലതാമസം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റും നിലം വീട് വയ്ക്കുന്നതിനായി നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നികത്തുന്നതിന് അനുമതി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നിയമം

169 (871) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നിയമപ്രകാരം സാമൂഹികാഘാത പഠനം നടത്തണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) ഇതിന് എന്തു സംവിധാനമാണ് നിലവിലുള്ളത്; ഇതു സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) കാഞ്ഞിരപ്പള്ളി ബൈപാസിനുള്ള സാമൂഹികാഘാത പഠനം ഏതുഘട്ടത്തിലാണ്; ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വ്യവസ്ഥയുണ്ട്.

(ബി) സാമൂഹികാഘാതപഠനം നടത്തുന്നതിനുള്ള യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇതുസംബന്ധിച്ച് 29-6-2016-ലെ ജി. ഒ. (പി.) നമ്പർ 376/2016/ആർ. ഡി., ജി. ഒ. (പി) നമ്പർ 337/2016/ ആർ. ഡി. എന്നീ ഉത്തരവുകൾ പ്രകാരം 200 ആർ വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹിക ആഘാത പഠന യൂണിറ്റുകളും, എക്സ്പെർട്ട് ഗ്രൂപ്പും നിശ്ചയിക്കുന്നതിനായി ജില്ലാ കളക്ടർമാരെ പുതിയ പൊന്നുംവില നടപടി നിയമപ്രകാരം ചുമതല നൽകി ഉത്തരവായിട്ടുണ്ട്.

(സി) കാഞ്ഞിരപ്പള്ളി ബൈപ്പാസിനുള്ള സാമൂഹികാഘാത പഠനം ആരംഭിച്ചിട്ടില്ല. പ്രസ്തുത പഠനം നടത്തുന്നതിനുള്ള യൂണിറ്റുകൾ രൂപീകരിക്കുന്ന മുറയ്ക്ക് നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരത്തുകയിൽനിന്നും പിടിക്കുന്ന ഇൻകം ടാക്സ്

170 (872) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ട പരിഹാരത്തുകയിൽനിന്നും പിടിക്കുന്ന ഇൻകം ടാക്സ് (TDS) ടാക്സ് അക്കൗണ്ടിൽ ഓൺലൈനിൽ ഒടുക്കുന്ന ചുമതല ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഔട്ട് സോഴ്സിംഗ് ചുമതല ഏറ്റെടുത്തിട്ടുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, സ്ഥലമുടമകളിൽ നിന്നും അമിത ഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം അന്വേഷിക്കുമോ;

(ഡി) ഔട്ട് സോഴ്സിംഗ് ഫീസിനത്തിൽ 2015-2016-ൽ എന്തു തുക നൽകിയിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊന്നംവില ഓഫീസുകളിലെ സാങ്കേതിക സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും, ഇ-ഫയലിംഗ് ചെയ്യുന്ന ഫയൽ "TRACES" അപ്‌ലോഡ് ചെയ്യുന്നതിന് ഫെസിലിറ്റേഷൻ സെന്റർ വഴിയേ സാധിക്കുകയുള്ളൂ എന്നതിനാലും വിവരങ്ങൾ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുന്നതിന് പ്രത്യേക ലൈസൻസ് ആവശ്യമുള്ളതിനാലും, ആയതിന് വേണ്ട സാങ്കേതിക പരിശീലനം ജീവനക്കാർക്ക് ലഭിച്ചിട്ടില്ലാത്തതിനാലും, ഇൻകം ടാക്സ് അധികാരികളുടെ നിർദ്ദേശമനുസരിച്ച് പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാര തുകയിൽ നിന്നും പിടിക്കുന്ന ഇൻകം ടാക്സ് (റ്റി. ഡി. എസ്.) ടാക്സ് അക്കൗണ്ടിൽ ഓൺലൈനിൽ ഒടുക്കുന്ന ചുമതല ചില ജില്ലകളിൽ ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ വിഷയത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഔട്ട് സോഴ്സ് ഫീസിനത്തിൽ 2015-16 കാലയളവിൽ 84912 രൂപ നൽകിയിട്ടുണ്ട്.

**ആർ.എം.എഫ്. നിർമ്മാണ പ്രവൃത്തികൾ**

171 (873) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കൊയിലാണ്ടി മണ്ഡലത്തിൽ നിലവിൽ ഭരണാനുമതിയുള്ളതും നിർമ്മാണംനടന്നു വരുന്നതുമായ ആർ.എം.എഫ്. നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ആർ. എം. എഫ്.പ്രകാരം കോഴിക്കോട് ജില്ലയിൽ നിലവിൽ ലഭ്യമായ ഫണ്ട് എത്രയെന്ന് വിശദമാക്കാമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ നിന്ന് ആർ. എം. എഫ്.-ൽ ഉൾപ്പെടുത്തുന്നതിനായി മുൻസർക്കാർ കാലയളവിൽ സമർപ്പിക്കപ്പെട്ടതും എന്നാൽ പരിഗണിക്കാതെ പോയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ആർ.എം.എഫ്.-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടിപ്പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണം - നടപ്പാലത്തിന്റെ മുകൾഭാഗം | 44.50 ലക്ഷം | G.O.(MS)527/2014/ RD തീയതി 17-12-2014 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടിപ്പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ തെക്കുഭാഗം സംരക്ഷണം | 44.50 ലക്ഷം | G.O.(MS)533/2015/ RD തീയതി 1-10-2015 | പ്രവൃത്തി പൂർത്തീകരിച്ചു |

(ബി) ആർ.എം.എഫ്. പ്രകാരം കോഴിക്കോട് ജില്ലയിൽ നിലവിൽ ലഭ്യമായ ഫണ്ട് 14.69 കോടി രൂപയാണ്.

(സി)

| | | |
|---|---|---|
| 1 | പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടിപ്പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണം - കിഴക്കുഭാഗം | 45.00 ലക്ഷം |
| 2 | പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടിപ്പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണം - തെക്കുപടിഞ്ഞാറുഭാഗം | 45.00 ലക്ഷം |
| 3 | പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടിപ്പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണം -നടപ്പാലത്തിന്റെ താഴെഭാഗം - റീച്ച് I | 45.00 ലക്ഷം |
| 4 | പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടിപ്പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണം -നടപ്പാലത്തിന്റെ താഴെഭാഗം -റീച്ച് II | 45.00 ലക്ഷം |
| 5 | പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടിപ്പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണം - വടക്കുഭാഗം | 12.00 ലക്ഷം |

**സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറുന്ന നടപടി**

172 (874) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാടാമ്പുഴ പോലീസ് സ്റ്റേഷൻ, വളാഞ്ചേരി ഫയർ സ്റ്റേഷൻ എന്നിവയുടെ സ്ഥലം റവന്യൂവകുപ്പ് ആഭ്യന്തര വകുപ്പിന് കൈമാറുന്ന നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്ഥലം കൈമാറുന്നതിനുള്ള നിർദ്ദേശം അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കാടാമ്പുഴ പോലീസ് സ്റ്റേഷന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വളാഞ്ചേരി ഫയർ സ്റ്റേഷന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നു. പ്രൊപ്പോസലിൽ ചില ന്യൂനതകൾ കണ്ടതിനാൽ ആയത് പരിഹരിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിനെതിരെയുള്ള നടപടി**

173 (875) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനധികൃതമായി കുന്നുകൾ ഇടിച്ച് നിരത്തി നെൽ വയലുകളും, തണ്ണീർ തടങ്ങളും നികത്തുന്നതിനെതിരെ 15-6-2016-ലെ 29626/പി1/2016/റവന്യൂ നമ്പർ സർക്കുലർ പ്രകാരം കോഴിക്കോട് ജില്ലയിൽ സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട് ജില്ലയിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നടപ്പിൽ വരുത്തുന്നതിനായി 15-6-2016-ലെ 29626/പി1/2016 റവന്യൂ നമ്പർ സർക്കാർ സർക്കുലർ പ്രകാരം നിയമം ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും അതിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത് സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്യുന്നതിനായി ജില്ലയിലെ എല്ലാ കൃഷി ആഫീസർമാരും തഹസീൽദാർമാരും വില്ലേജ് ഓഫീസർമാരും അതീവ ശ്രദ്ധ ചെലുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 7(1) പ്രകാരം നെൽവയൽ തണ്ണീർത്തടങ്ങളുടെ അനധികൃത പരിവർത്തനം റിപ്പോർട്ട് ചെയ്യുന്നതിന് അധികാരപ്പെട്ട എല്ലാ കൃഷി ഫീൽഡ് ആഫീസർമാർക്കും പ്രിൻസിപ്പൽ കൃഷി ആഫീസർ നിർദ്ദേശം നൽകുന്നതിനും ഇത്തരത്തിൽ ലഭിക്കുന്ന റിപ്പോർട്ടുകളിൻമേലും വകുപ്പ് 12(1) പ്രകാരം അധികാരപ്പെട്ട വില്ലേജ് ഓഫീസർമാർ സ്വമേധയാ എടുക്കുന്ന കേസുകളിലും, വകുപ്പ് 19(1) പ്രകാരം വില്ലേജ് ഓഫീസർമാരും പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാരും കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങളുടെ കാര്യത്തിലും നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്ന വാഹനങ്ങൾ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ ആർ. ഡി. ഒ.-യുടെ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകി.

15-6-2016-ലെ 29626/പി1/2016 റവന്യൂ നമ്പർ സർക്കാർ സർക്കുലറിന്റെ പകർപ്പ് സബ് കളക്ടർ, കോഴിക്കോട് ജില്ലാ പോലീസ് ചീഫ്, തഹസിൽദാർ എന്നിവർക്ക് കർശന മേൽനടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

**വിവാദ ഉത്തരവുകൾ**

174 (876) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലാവധി തീരുന്ന കാലത്ത് റവന്യൂ വകുപ്പ് ഒട്ടനവധി ഉത്തരവുകൾ ഇറക്കി വിവാദമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിവാദ ഉത്തരവുകൾ ഏതൊക്കെയാണ്; ആയവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) നിയമപരമല്ലാത്ത തരത്തിൽ പല ആൾക്കാരേയും സംഘടനകളേയും സഹായിക്കാൻ ഇറക്കിയതെന്ന ആക്ഷേപമുള്ള ഉത്തരവുകൾ റദ്ദു ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഉണ്ട്. കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്ത് എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭാ യോഗതീരുമാനങ്ങളും അതാത് വകുപ്പ് സെക്രട്ടറിമാർ പരിശോധിച്ച് പുനഃപരിശോധന ആവശ്യമുള്ളവ ശ്രീ. എ. കെ. ബാലൻ കൺവീനറായ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത സമിതിയുടെ അന്തിമ തീരുമാനം ലഭ്യമായതിന് ശേഷം മാത്രമേ വിവാദ ഉത്തരവുകൾ ഏതൊക്കെയെന്ന് വ്യക്തമാകുകയുള്ളൂ.

**വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം**

175 (877) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ടൗണിൽ ഹൗസിംഗ് ബോർഡുവക സ്ഥലത്ത് അനുവദിച്ചിട്ടുള്ള വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത ഹോസ്റ്റലിൽ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ബി) നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കിഴക്കേ ചാലക്കുടി വില്ലേജിൽ ഭവനനിർമ്മാണ ബോർഡ് വക സ്ഥലത്ത് അനുവദിച്ചിട്ടുള്ള വനിതാ ഹോസ്റ്റലിന്റെ സിവിൽ വർക്കുകൾ 98 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്ന് നിലകളിലായി 1149.09 ച.മീറ്ററിൽ 77 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. താഴെപ്പറയുന്ന സൗകര്യങ്ങളാണ് പ്രസ്തുത ഹോസ്റ്റലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(എ) ഗ്രൗണ്ട് ഫ്ലോർ

(1) വികലാംഗർക്കുള്ള മൂന്ന് ബെഡ് കിടക്കമുറി - 1 എണ്ണം (with attached toilet)

(2) മൂന്ന് ബെഡ് കിടക്കമുറികൾ - 3 എണ്ണം

(3) ലോബി, ഓഫീസ് റൂം, മേട്രന്റെ മുറി, സർവന്റ്സ് റൂം, ഡേ കെയർ എന്നിവ

(4) ഡൈനിംഗ്, അടുക്കള, പാൻട്രി, സ്റ്റോർ (2 എണ്ണം) ,വർക്ക് ഏരിയ എന്നിവ

(5) കോമൺ ടോയ്ലറ്റുകൾ, ബാത്ത്റൂമുകൾ എന്നിവ

(ബി) ഒന്നാം നില

(1) മൂന്ന് ബെഡ് സിക്ക് റൂം (with attached bathroom) - 1 എണ്ണം

(2) മൂന്ന് ബെഡ് കിടക്കമുറികൾ - 7 എണ്ണം

(3) ആറ് ബെഡ് ഡോർമിറ്ററി - 1 എണ്ണം

(4)Recreation room/Reading room/common room

(5) കോമൺ ടോയ്ലറ്റുകൾ, ബാത്ത്റൂമുകൾ എന്നിവ

(സി) രണ്ടാം നില

(1) മൂന്ന് ബെഡ് ഗസ്റ്റ് റൂം (with attached bathroom) - 1 എണ്ണം

(2) മൂന്ന് ബെഡ് കിടക്കമുറികൾ - 7 എണ്ണം

(3) ആറ് ബെഡ് ഡോർമിറ്ററി (with attached toilet)- 1 എണ്ണം

(4) അഞ്ച് ബെഡ് ഡോർമിറ്ററി - 1 എണ്ണം

(5) കോമൺ ടോയ്ലറ്റുകൾ, ബാത്ത്റൂമുകൾ എന്നിവ

<u>കെട്ടിടത്തിന്റെ വിസ്തീർണ്ണം</u>

ഗ്രൗണ്ട് ഫ്ലോർ - 373.49 ച. മീ.

ഒന്നാം നില - 370.38 ച. മീ.

രണ്ടാം നില - 370.38 ച. മീ.

ടവർ റൂം - 34.80 ച. മീ.

ആകെ - 1149.05 ച. മീ.

(ബി) ഡിസംബർ 2016-ൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടയം**

176 (878) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിലെ കൈവശക്കാർക്ക് പട്ടയം ലഭിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും ഈ വില്ലേജിൽ നേരത്തെ അനുവദിക്കപ്പെട്ടവർക്ക് ലഭ്യമായ പട്ടയം ഇവർക്ക് കൂടി ലഭ്യമാക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിലെ റീസർവ്വെ നമ്പർ 260/1A1A, 260/1A1C, 118/1 എന്നിവയിൽപ്പെട്ട മിച്ചഭൂമി കൈവശം വച്ചുവരുന്ന 116 പേരെ/കുടുംബങ്ങളെ 4 വിഭാഗങ്ങളായി (എ, ബി, സി, ഡി) തിരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 28-1-2016-ലെ സ.ഉ.(കൈ) നമ്പർ 62/2016/റവന്യൂ പ്രകാരം ലാന്റ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇവരിൽ 'എ' വിഭാഗത്തിൽപ്പെടുന്നവരിൽനിന്ന് ഭൂനികുതി സ്വീകരിക്കുന്നതിനും 'ബി' വിഭാഗത്തിൽപ്പെട്ടവർക്ക് ലാന്റ് ട്രിബ്യൂണൽ വഴി പട്ടയം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 'സി', 'ഡി' വിഭാഗത്തിൽപ്പെട്ടവരുടെ കൈവശഭൂമി സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ (മാർക്കറ്റ് വില, സർവ്വെ ചെയ്ത് കൈവശങ്ങളുടെ സ്കെച്ച്) തുടങ്ങിയവ അടിയന്തരമായി ലഭ്യമാക്കുന്നതിന് ഹോസ്ദുർഗ്ഗ് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾ**

177 (879) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) ഇവരുടെ പുനരധിവാസത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുകൾ വഴി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂരഹിതരും ഭവന രഹിതരുമായ കുടുംബങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ചിരുന്ന അപേക്ഷകളിൽനിന്ന് വാമനപുരം നിയോജകമണ്ഡലത്തിൽ 1290 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. പഞ്ചായത്ത് തിരിച്ച് എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | നന്ദിയോട് | 336 |
| 2 | കല്ലറ | 60 |
| 3 | പാങ്ങോട് | 127 |
| 4 | വാമനപുരം | 134 |
| 5 | ആനാട് | 259 |
| 6 | പനവൂർ | 36 |
| 7 | പുല്ലമ്പാറ | 56 |
| 8 | പെരിങ്ങമ്മല | 149 |
| 9 | നെല്ലനാട് | 133 |

(ബി) ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ച് നൽകിവരുന്നു.

## റവന്യൂ ഭൂമിയും വനഭൂമിയും കൈവശം വച്ച് കൃഷി ചെയ്ത് ജീവിക്കുന്നവർക്ക് പട്ടയം

178 (880) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലുൾപ്പെടുന്നതും, 2001-ന് മുമ്പ് ഇടുക്കി ജില്ലയുടെ ഭാഗമായിരുന്നതുമായ കുട്ടമ്പുഴ പഞ്ചായത്തിൽ 1977-ന് മുമ്പ് വനഭൂമി കൈവശംവച്ച് അനുഭവിച്ചു വരുന്നവർക്കും, വർഷങ്ങളായി റവന്യൂ ഭൂമി കൈവശംവച്ചും കൃഷി ചെയ്തും ജീവിക്കുന്നവർക്കും പട്ടയം ലഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ലയിൽ പട്ടയം നൽകുന്നതിനുള്ള നടപടി ദ്രുതഗതിയിൽ ആരംഭിച്ചിട്ടുള്ളതിനാൽ ഇടുക്കി ജില്ലയുടെ ഭാഗമായിരുന്നതും അതിനു സമാനവുമായ എറണാകുളം ജില്ലയിൽപ്പെടുന്ന കുട്ടമ്പുഴ വില്ലേജിലെ പട്ടയ വിതരണവും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിന്റെ ഭാഗമായിരുന്ന കുട്ടമ്പുഴ പഞ്ചായത്ത് ഭരണ സൗകര്യാർത്ഥം 1-1-1997-ൽ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കൂട്ടിച്ചേർക്കുകയായിരുന്നു. ടി പഞ്ചായത്തിൽ 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരവും 1993-ലെ ഭൂമി പതിവ് പ്രത്യേക ചട്ട പ്രകാരവും പതിവ് നടപടികൾ നടന്നുവരുന്നു.

## തോട്ടം മേഖലയിലെ സർക്കാർ ഭൂമിയിൽ നടന്ന ക്രമക്കേടുകൾ

179 (881) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ സർക്കാർ ഭൂമിയിൽ നടന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും മുൻസർക്കാരിന്റെ കാലത്ത് നിയോഗിക്കപ്പെട്ടിരുന്ന ഐ. എ. എസ്., ഐ. പി. എസ് ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ;

(ബി) അവരിലാരെങ്കിലും സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിനുവിരുദ്ധമായി ആ വിഷയത്തിൽ പ്രവർത്തിച്ചതായ പരാതികളേതെങ്കിലും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം നല്കാമോ;

(സി) തോട്ടം ഉടമകളുടെ ക്രമവിരുദ്ധ താല്പര്യങ്ങൾക്കെതിരായി പ്രവർത്തിച്ച പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ തല്പരകക്ഷികളുടെ ഭാഗത്തുനിന്നും നിഗൂഢപ്രവർത്തനം

നടക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസിയിൽനിന്നും വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥരുടെ തുടർ സേവനം ആ വിഷയത്തിൽ ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും ഭൂമി വിലയ്ക്കു വാങ്ങിയവർ, മറ്റ് കയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും, സംസ്ഥാനത്ത് സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥത പരിശോധിക്കുന്നതിനും സർക്കാർ രേഖാമൂലം പതിച്ചു നൽകാത്ത സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും 1957-ലെ കേരള ഭൂസംരക്ഷണ നിയമം പ്രകാരം നടപടി സ്വീകരിക്കുന്നതിന് ശ്രീ. എം. ജി. രാജമാണിക്യം ഐ. എ. എസ്.-നെ നിയോഗിച്ചിരുന്നു. ഇതിനുപുറമേ ഇടുക്കി ജില്ലയിലെ ട്രാവൻകൂർ റബ്ബർ & ടീ കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ചുള്ള അന്വേഷണത്തിനായി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ശ്രീ. എസ്. ശ്രീജിത്ത്, ഐ. പി. എസ്. -നെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) അത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥന്റെ തുടർ സേവനം നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**തോട്ടം മേഖലയിൽ അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർഭൂമി**

180 (882) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ കമ്പനികൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി സംബന്ധിച്ച് രാജമാണിക്കം ഐ. എ. എസ്സ്-ന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) ഈ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ മുൻസർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ക്രിമിനൽ നടപടികൾ സ്വീകരിക്കാൻ മുൻസർക്കാർ എന്തൊക്കെ ക്രമീകരണങ്ങൾ നടത്തിയിരുന്നു; തോട്ടം ഉടമകൾക്കെതിരെ മുൻസർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ ഇക്കാര്യത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മേശപ്പുറത്ത് വയ്ക്കുന്നതാണ്.

(ബി) റിപ്പോർട്ട് 04.06.2016-നാണ് സമർപ്പിച്ചിട്ടുള്ളത്.

(സി) തോട്ടം ഉടമകൾക്കെതിരെ 47 കേസുകൾ രജിസ്റ്റർ ചെയ്ത് അവയിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെയും കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**റിവർ മാനേജ്മെന്റ് ഫണ്ട്**

181 (883) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഫണ്ട് ഉപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള പ്രൊട്ടക്ഷൻ ഓഫ് റിവർ ബാങ്ക്സ് ആന്റ് റെഗുലറൈസേഷൻ ഓഫ് സാൻഡ് ആക്ട് 2001 ചട്ടം 16, 17 എന്നിവയ്ക്ക് അനുസൃതമായും സംസ്ഥാന ഹൈലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായുമാണ് റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നത്.

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി വാമനപുരം മണ്ഡലത്തിൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പ്രവൃത്തി | തുക |
|---|---|---|
| 1 | നഗരൂർ പഞ്ചായത്തിൽ വാമനപുരം നദിയുടെ വലതുകരയിൽ മരുതറക്കടവിൽ തടസ്സഭിത്തി നിർമ്മാണവും വലതു കരയുടെ സംരക്ഷണവും | 13.60 ലക്ഷം രൂപ |
| 2 | നഗരൂർ പഞ്ചായത്തിൽ വാമനപുരം നദിയുടെ വലതുകരയിൽ കാച്ചാംകുഴികടവിൽ തടസ്സഭിത്തി നിർമ്മാണവും വലതു കരയുടെ സംരക്ഷണവും | 11.75 ലക്ഷം രൂപ |

| | | |
|---|---|---|
| 3 | നഗരൂർ പഞ്ചായത്തിൽ കാച്ചാംകുഴികടവിൽ വാമനപുരം നദിയുടെ വലതുകരയിൽ തടസ്സഭിത്തി നിർമ്മാണവും സംരക്ഷണവും | 18.5 ലക്ഷം രൂപ |
| 4 | നഗരൂർ പഞ്ചായത്തിൽ മരുതറക്കടവിൽ വാമനപുരം നദിയുടെ വലതുകരയിൽ തടസ്സഭിത്തി നിർമ്മാണവും സംരക്ഷണവും | 21.5 ലക്ഷം രൂപ |
| 5 | വാമനപുരം പഞ്ചായത്തിൽ പൂവത്തൂർ ക്ഷേത്രക്കടവിൽ വാമനപുരം നദിയുടെ വലതുകര സംരക്ഷണം | 26.5 ലക്ഷം രൂപ |

**ഏറനാട് മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൻ കീഴിലുള്ള പദ്ധതികൾ**

182 (884) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൻ കീഴിലുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിൽ പ്രസ്തുത ഫണ്ടിൻ കീഴിൽ 2011-2016 കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും 2016-2017 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളും എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) മണ്ഡലത്തിലെ മൊടവണ്ണക്കടവ് പാലം നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നും അറിയിക്കുമോ?

ഉത്തരം

(എ-സി) ഏറനാട് മണ്ഡലത്തിൽ 2011-2016 കാലയളവിൽ റിവർ മാനേജ്മെന്റ് ഫണ്ടിൻ കീഴിൽ ആകെ ഒരു പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അത് മൊടവണ്ണക്കടവ് പാലത്തിന്റെ നിർമ്മാണത്തിനാണ്. 19-11-2015-ലെ ജി. ഒ. (ആർ.റ്റി.) 6032/2015/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ നിർമ്മിതി കേന്ദ്രയെ നോഡൽ ഏജൻസിയായി തീരുമാനിച്ച് ഉത്തരവായിരുന്നു. എന്നാൽ പാലം നിർമ്മിക്കേണ്ട ഭൂമി വനം വകുപ്പിന്റെ അധീനതയിൽ ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ വനം വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു. 2016-2017 വർഷത്തിൽ ഭരണാനുമതിക്കായി പദ്ധതികൾ ഒന്നുംതന്നെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

## ചൊക്ലി വില്ലേജ് ഓഫീസ് നിർമ്മാണം

183 (885) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കിലെ ചൊക്ലി വില്ലേജ് ഓഫീസ് നിർമ്മാണത്തിന് വേണ്ടി റവന്യൂ വകുപ്പ് എവിടെയാണ് സ്ഥലം കണ്ടെത്തിയിരിക്കുന്നത്;

(ബി) കെട്ടിട നിർമ്മാണത്തിന് വേണ്ടി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(സി) കെട്ടിട നിർമ്മാണത്തിന് നീക്കിവച്ചിരിക്കുന്ന സ്ഥലം ലീസിന് നൽകിയത് ഒഴിപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തലശ്ശേരി താലൂക്കിലെ ചൊക്ലി വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ചൊക്ലി അംശം നെടുമ്പ്രം ദേശത്ത് റീ.സ. 71/1 സി-യിൽ 19 സെന്റ് റവന്യൂ ഭൂമി ലഭ്യമാണ്.

(ബി) 50 ലക്ഷം രൂപയുടെ സ്മാർട്ട് വില്ലേജ് മാതൃകയിലുള്ള പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലം ലീസിന് നൽകിയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചേലക്കര മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ വിഭജിക്കാൻ നടപടി

184 (886) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല - തലപ്പിള്ളി താലൂക്ക് ചേലക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര ഗ്രൂപ്പ് വില്ലേജാഫീസുകൾ ഉണ്ട്; അവയുടെ പേരു വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ഗ്രൂപ്പ് വില്ലേജുകളിലെ ആഫീസർമാർക്ക് കടുത്ത ജോലി ഭാരം അനുഭവപ്പെടുന്നതും, സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് കാലതാമസം വരുന്നതും കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജാഫീസുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 12 ഗ്രൂപ്പ് വില്ലേജുകൾ. ആയത് ചുവടെ പരാമർശിക്കുന്നു.

1. കണിയാർക്കോട് - പാമ്പാടി ഗ്രൂപ്പ് വില്ലേജ്

2. എളനാട് - വെണ്ണൂർ ഗ്രൂപ്പ്

3. കൊണ്ടാഴി - മായന്നൂർ ഗ്രൂപ്പ്

4. ചേലക്കര - പുലാക്കോട് - തോന്നൂർക്കര ഗ്രൂപ്പ്

5. കുറുമല - പങ്ങാരപ്പിള്ളി ഗ്രൂപ്പ്

6. ദേശമംഗലം - പല്ലൂർ ഗ്രൂപ്പ്

7. പാഞ്ഞാൾ - പൈങ്കുളം ഗ്രൂപ്പ്

8. വെങ്ങാനെല്ലൂർ - കിള്ളിമംഗലം ഗ്രൂപ്പ്

9. ചെറുതുരുത്തി - നെടുമ്പുര ഗ്രൂപ്പ്

10. വരവൂർ - പിലക്കാട് ഗ്രൂപ്പ്

11. മുള്ളൂർക്കര - ആറ്റൂർ ഗ്രൂപ്പ്

12. ആറങ്ങോട്ടുകര - തലശ്ശേരി - തിച്ചൂർ ഗ്രൂപ്പ്

(ബി & സി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലെ ബുദ്ധിമുട്ടുമൂലം റവന്യൂ വകുപ്പിൽ ഒരു മാൻപവർ അസസ്സ്മെന്റ് നടത്തി പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേവികുളം താലൂക്കിലെ പട്ടയ വിതരണം**

185 (887) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ പട്ടയം നൽകിയിട്ട് എത്ര വർഷമായെന്നും എത്ര പട്ടയം നൽകിയിട്ടുണ്ടെന്നും, പുതിയ പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) ഇടുക്കി ജില്ലയിൽ ഇതുവരെ നൽകിയിട്ടുള്ള പട്ടയങ്ങളുടെ എണ്ണം വ്യക്തമാക്കാമോ; 2011 മുതൽ 2016 വരെ എത്ര പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) പട്ടയങ്ങളിൽ നിലവിൽ സാധുവായതിന്റെയും നശിപ്പിക്കപ്പെട്ടതിന്റെയും എണ്ണം വ്യക്തമാക്കാമോ;

(ഡി) ദേവികുളം താലൂക്കിൽ എത്ര കോളനികളിൽ പട്ടയം നൽകിയിട്ടുണ്ട്;

(ഇ) ദേവികുളം താലൂക്കിലെ കോളനികളിൽ പട്ടയ നടപടി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോയെന്നും എത്ര കോളനികളിൽ പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 25-8-2015-ലാണ് അവസാനമായി പട്ടയം നൽകിയിട്ടുള്ളത്. ഇതുവരെ 16189 പട്ടയം നൽകിയിട്ടുണ്ട്. പുതിയ പട്ടയം നൽകുന്നതിനുള്ള നടപടികളിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) ഇടുക്കി ജില്ലയിൽ ഇതുവരെ 54302 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. 2011 മുതൽ 2016 വരെ 36840 പട്ടയം നൽകിയിട്ടുണ്ട്.

(സി) 246 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുള്ളതാണ്. സാധൂകരണം ആർ.ഡി.ഒ. മുഖാന്തരം നടന്നുവരുന്നു.

(ഡി) 27 കോളനികളിൽ പട്ടയം നൽകിയിട്ടുണ്ട്.

(ഇ) നടപടി പൂർത്തീകരിക്കപ്പെട്ടിട്ടില്ല. 15 കോളനികളിൽ പൂർണ്ണമായും 27 കോളനികളിൽ ഭാഗികമായും പട്ടയം നൽകുവാനുണ്ട്.

**വില്ലേജ് ആഫീസുകളിൽ നിന്നുള്ള ഓൺലൈൻ സർട്ടിഫിക്കറ്റുകൾ**

186 (888) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അനിൽ അക്കര :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസുകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ ആധികാരികത എങ്ങനെയാണ് ഉറപ്പുവരുത്തുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് റവന്യൂ സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി നൽകിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി നൽകിവരുന്നു:

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്

18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്

20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്യുവേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോറിറ്റി സർട്ടിഫിക്കറ്റ്.

(സി) സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് നിയമസാധുത നൽകിയിട്ടുണ്ട്. കൂടാതെ http://edistrict.kerala.gov.in എന്ന വെബ്സൈറ്റിൽ സർട്ടിഫിക്കറ്റ് നമ്പർ നൽകി ഇ-ഡിസ്ട്രിക്റ്റ് മുഖേന നൽകിയിട്ടുള്ള ഓൺലൈൻ സർട്ടിഫിക്കറ്റിന്റെ ആധികാരികത (authenticity) ഉറപ്പുവരുത്താവുന്നതുമാണ്.

**ഭൂമിയുടെ രജിസ്ട്രേഷന് ന്യായവില നിശ്ചയിച്ചത് സംബന്ധിച്ച്**

187 (889) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ രജിസ്ട്രേഷന് ന്യായ വില നിശ്ചയിച്ച് അത് പ്രസിദ്ധപ്പെടുത്തും മുൻപ് ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം ഭൂഉടമകൾക്കുള്ള നഷ്ടപരിഹാര തുക നിശ്ചയിച്ചിരുന്നത് ഏതു മാനദണ്ഡമനുസരിച്ചായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ന്യായവില നിലവിൽ വരും മുൻപ് രജിസ്ട്രേഷൻ ഫീസ് ലാഭിക്കാൻ ഭൂമി കൈമാറ്റ ആധാരങ്ങളിൽ ഭൂമിവില വളരെ കുറച്ചാണ് കാണിച്ചിരുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ന്യായവില നിശ്ചയിച്ച ശേഷം വസ്തു വിലയിൽ രണ്ടും മൂന്നും ഇരട്ടിയുടെ വർദ്ധന വന്ന കാര്യം അറിവുണ്ടോ;

(ഡി) 2010-ന് മുൻപ് റവന്യൂ വകുപ്പ് മുഖേന ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ഉയർത്തിക്കിട്ടാനായി ഭൂഉടമകളും, കുറയ്ക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട വകുപ്പുകളും ഫയൽ ചെയ്ത എത്ര കേസുകൾ തീർപ്പാക്കാതെയുണ്ടെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭൂമിയുടെ രജിസ്ട്രേഷന് ന്യായവില നിശ്ചയിച്ച് അത് പ്രസിദ്ധപ്പെടുത്തുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഭൂവുടമകൾക്കുള്ള

നഷ്ടപരിഹാരത്തുക 1-1-2014-ൽ നിലവിൽ വന്ന പുതിയ സ്ഥലമെട്ടപ്പ് നിയമമായ എൽ. എ. ആർ. ആർ. ആക്ട് 2013 പ്രകാരമാണ് നിർണ്ണയിക്കുന്നത്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തുടനീളം നഷ്ടപരിഹാരം കൂട്ടി കിട്ടുന്നതിനുവേണ്ടി ഭൂവുടമകൾ ഫയൽ ചെയ്ത 30209 എൽ. എ. ആർ. കേസുകൾ നിലവിലുണ്ട്. വകുപ്പുകൾ ഫയൽ ചെയ്ത കേസുകളുടെ എണ്ണം ക്രോഡീകരിച്ച് ലഭ്യമല്ല.

**പുനരധിവാസ നടപടി**

188 (890) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ വെള്ളപ്പൊക്കത്തിൽ, വീടും സ്ഥലവും നഷ്ടപ്പെട്ട് കോതമംഗലം ഭൂതത്താൻകെട്ട് പി. വി. ഐ. പി കനാൽ പുറമ്പോക്കിൽ കുടിൽ കെട്ടി താമസിക്കുന്ന 15 കുടുംബങ്ങളുടെ പുനരധിവാസ നടപടിയുടെ നിലവിലെ സ്ഥിതിയെന്താണ്;

(ബി) ഇവരുടെ പുനരധിവാസ നടപടി അടിയന്തരമായി പൂർത്തീകരിക്കാനാകുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 15 കുടുംബങ്ങൾ നിലവിൽ പിണ്ടിമന വില്ലേജിലെ വെള്ളം കെട്ടിച്ചാൽ പ്രദേശത്ത് തന്നെ തുടരുന്നു. ഇവരെ ഒരുമിച്ച് പുനരധിവസിപ്പിക്കുന്നതിന് PVIP വക സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ബി & സി) കീരമ്പാറ വില്ലേജിലെ PVIP അക്വയർ ചെയ്ത സ്ഥലമാണ് പുനരധിവാസത്തിന് കണ്ടെത്തിയിട്ടുള്ളത്. ടി സ്ഥലം PVIP സറണ്ടർ ചെയ്ത് റവന്യൂ പുറമ്പോക്കായി മാറ്റുന്ന മുറയ്ക്ക് പട്ടയ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**മിച്ചഭൂമി പതിച്ചു നൽകിയ നടപടി**

189 (891) <u>ശ്രീ. എം. എം. മണി</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ തീക്കോയി വില്ലേജിൽ മുതുകൻമല ക്ഷേത്രത്തോട് ചേർന്നു കിടക്കുന്ന മിച്ചഭൂമിയിൽ നിന്ന് എസ്.എൻ. ട്രസ്റ്റിന് മുൻസർക്കാർ ഭൂമി പതിച്ചുകൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതീവ പാരിസ്ഥിതിക ദുർബല പ്രദേശമായ വാഗമണ്ണിനോട് ചേർന്നുള്ള പത്തേക്കർ ഭൂമിയാണ് പതിച്ചുകൊടുത്തതെന്നത് ഗൗരവമായി കാണുന്നുണ്ടോ ;

(സി) വസ്തു പതിച്ചുകൊടുക്കാനിടയായ സാഹചര്യവും അതിലെ നിയമവിരുദ്ധമായ ഇടപെടലും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പതിച്ചു കൊടുത്ത ഭൂമി അതീവ പാരിസ്ഥിതിക ദുർബല പ്രദേശത്തിൽ ചേർന്നുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 10-6-2008, 26-4-2012 തീയതികളിലെ എസ്. എൻ. ഡി. പി. യോഗം മീനച്ചിൽ യൂണിയൻ, ശ്രീനാരായണ ട്രസ്റ്റ് സെക്രട്ടറി എന്നിവരുടെ അപേക്ഷകളും തുടർന്നുള്ള ലാന്റ് ബോർഡ് സെക്രട്ടറി, കോട്ടയം ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11-9-2012 തീയതിയിലെ മന്ത്രിസഭാ യോഗതീരുമാന പ്രകാരവുമാണ് എസ്. എൻ. ട്രസ്റ്റിന് 10 ഏക്കർ ഭൂമി സാംസ്കാരിക കേന്ദ്രം പണിയുന്നതിന് പതിച്ചുനൽകിയത്.

**നെല്ലനാട് വില്ലേജ് ആഫീസ് കെട്ടിടം**

190 (892) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് വില്ലേജ് ആഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ലേജ് ആഫീസ് കെട്ടിടം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കടമ്പാർ വില്ലേജ് ഓഫീസർ**

191 (893) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ മഞ്ചേശ്വരം കടമ്പാർ വില്ലേജ് ഓഫീസർ പോൾ തോമസ് എപ്പോഴാണ് പ്രസ്തുത തസ്തികയിൽ നിയമിതനായതെന്ന് വ്യക്തമാക്കാമോ;

(ബി) മഞ്ചേശ്വരം കടമ്പാറിൽ നിയമിക്കപ്പെടുന്നതിന് മുൻപ് പോൾ തോമസ് എവിടെ ഏത് തസ്തികയിലായിരുന്ന ജോലി ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മഞ്ചേശ്വരത്തേക്ക് മാറ്റിയതിൽ പോൾ തോമസിന് അതൃപ്തി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൊല്ലം ജില്ലയിലെ ഏറ്റവും സീനിയറായതിനാൽ തൃശ്ശൂർ ജില്ലയിലെങ്കിലും നിയമനം കിട്ടുമെന്നായിരുന്ന പ്രതീക്ഷിച്ചതെന്നും വിരമിക്കാൻ ഒരു കൊല്ലവും പതിനൊന്നുമാസവും മാത്രമാണെന്നത് കണക്കിലെടുക്കണമെന്നും സൂചിപ്പിച്ച് പോൾ തോമസ് ലാൻഡ് റവന്യൂ കമ്മീഷണർക്ക് അപേക്ഷ നൽകിയിരുന്നോ; എങ്കിൽ ഈ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) എൽ. പി. സി. (ലാസ്റ്റ് പേ സർട്ടിഫിക്കറ്റ്) കാസർഗോഡ് എത്താതിരുന്നതിനെ തുടർന്ന് ആഗസ്റ്റിലെ ശമ്പളം പോൾ തോമസിന് കിട്ടിയിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പോൾ തോമസിനെ 2016 സെപ്റ്റംബർ 10 ന് തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; മാനദണ്ഡങ്ങൾ മറികടന്ന് ജീവനക്കാരെ സ്ഥലംമാറ്റുന്ന സർക്കാർ നയത്തിൻെറ ഇരയാണ് പോൾ തോമസെന്ന ആക്ഷേപം വന്ന സാഹചര്യത്തിൽ അന്വേഷണം അഭികാമ്യമെന്ന് കരുതുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ 28-7-2016-ലെ ഇ(7)-3201/2016 നമ്പർ നടപടി ക്രമപ്രകാരമുള്ള പ്രൊമോഷൻ ഉത്തരവനുസരിച്ച് 17-8-2016 പൂർവ്വാഹ്നം മഞ്ചേശ്വരം തഹസിൽദാർ മുമ്പാകെ ജോലിയിൽ പ്രവേശിച്ചു.

(ബി) കണ്ണൂർ ജില്ലയിലാണ് ശ്രീ. പോൾ തോമസ് ജോലിയിൽ പ്രവേശിച്ചത്. പിന്നീട് സീനിയർ ക്ലാർക്കായി 2005 ജനുവരിയിൽ കാസർഗോഡ് ജില്ലയിലേയ്ക്ക് മാറ്റുകയും ഒക്ടോബറിൽ കണ്ണൂരിലേയ്ക്ക് തിരികെ വരികയും ചെയ്തു. 2007 മാർച്ചിൽ തിരുവനന്തപുരത്തേയ്ക്ക് സർവ്വെ ഡയറക്ടറേറ്റിൽ നിയമിച്ചു. ആ വർഷം തന്നെ നവംബറിൽ കൊല്ലത്തേയ്ക്ക് സ്ഥലം മാറ്റി നൽകി. കാസർഗോഡ് ജില്ലയിലേയ്ക്ക് വില്ലേജ് ഓഫീസറായി നിയമിക്കപ്പെടുമ്പോൾ കൊല്ലം കളക്ടറേറ്റിൽ സീനിയർ ക്ലാർക്കായിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൊല്ലം, കാസർഗോഡ് എന്നീ ജില്ലാ കളക്ടർമാർ മുഖേനയോ, നേരിട്ടോ ലാന്റ് റവന്യൂ കമ്മീഷണർക്ക് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കൊല്ലം, കാസർഗോഡ് ജില്ലാ കളക്ടർമാരുടെ വകുപ്പുതല റിപ്പോർട്ട് പ്രകാരം പോൾ തോമസ് 2016 സെപ്റ്റംബർ 9-ന് ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിൽ അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടില്ല. സർക്കാർ നയത്തിന്റെ ഇരയാണെന്ന ആക്ഷേപത്തിന് അടിസ്ഥാനമില്ല.

**ആലത്തൂരിലെ താലൂക്ക് ഓഫീസ്**

192 (894) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിലെ താലൂക്ക്ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇക്കാര്യത്തിലെ സാങ്കേതിക തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക-സാങ്കേതിക തടസ്സങ്ങൾ നീക്കി എത്ര മാസത്തിനകം താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. നിലവിൽ താലൂക്ക് ഓഫീസിന് മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലം അപര്യാപ്തമായ സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനം സുഗമമാവില്ല എന്ന് കണ്ടതിനാൽ സ്ഥലപരിമിതി സംബന്ധിച്ചും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ചും പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ച് ടി വിഷയത്തിൽ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചു വരികയാണ്.

**ഓപ്പറേഷൻ അനന്ത**

193 (895) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാനായി നടപ്പാക്കിയ ഓപ്പറേഷൻ അനന്ത പദ്ധതി പ്രകാരം ഉദ്ദേശിക്കപ്പെട്ട ജോലികൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം ജോലികൾ പൂർത്തിയായി;

(സി) ഇനിയും ഏതെല്ലാം ജോലി പൂർത്തിയാക്കാനുണ്ട്;

(ഡി) പൂർത്തിയായി കഴിഞ്ഞ ജോലികളുടെ ഫലമായി എന്തൊക്കെ പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓപ്പറേഷൻ അനന്ത പ്രകാരം തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് നിലവിലെ ഓടകളിലെ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള തടസ്സങ്ങൾ മാറ്റുക, വെള്ളക്കെട്ടുണ്ടാകുന്ന തരത്തിലുള്ള കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ഒഴിപ്പിക്കുക, ടി ഓടകളിൽ വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് ആവശ്യമായ തരത്തിൽ വീതി കൂട്ടുക, പുതുതായി ഓടകൾ നിർമ്മിച്ച് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുക എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വിവിധ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതുമുൾപ്പെടെയുള്ള 226 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വിവിധ വകുപ്പുകളുടെ 9 നിർമ്മാണ പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുണ്ട്.

(ഡി) പൂർത്തിയായിക്കഴിഞ്ഞ ജോലികളുടെ ഫലമായി തമ്പാനൂർ, കിഴക്കേക്കോട്ട എന്നീ ഭാഗങ്ങളിൽ കാലാകാലമായി അനുഭവപ്പെട്ടിരുന്ന വെള്ളപ്പൊക്കം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്.

**ആലത്തൂരിലെ താലൂക്ക് ഓഫീസ്**

194 (896) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽപ്പെടുന്ന മണക്കുന്നം വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടും ഒരു ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടത്തിനകത്ത് ഓഫീസ് സൗകര്യമൊരുക്കുന്നതിനും പൊതുജനങ്ങൾക്ക് ഇരിക്കുന്നതിലേക്കായി പുറത്ത് സൗകര്യം ഒരുക്കുന്നതിനും കോമ്പൗണ്ട് ടൈലുകൾ പതിച്ച് വൃത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ നവീകരണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ മണക്കുന്നം വില്ലേജ് ഓഫീസ് പ്രാഥമികമായ അടിസ്ഥാന സൗകര്യങ്ങളോടെ പ്രവർത്തിച്ചുവരുന്നതാണ്.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

**കോഴിക്കോട് ജില്ലയിലെ നിലം നികത്തലിനെതിരെ നടപടി**

195 (897) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നെൽവയലുകളും, തണ്ണീർതടങ്ങളും മണ്ണിട്ടു നികത്തുന്നതിനെതിരായി ഏതെല്ലാം എം.എൽ.എ. മാരിൽ നിന്നാണ് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ജില്ലാകളക്ടർക്ക് പരാതി ലഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പരാതികളിന്മേലും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഫയൽ നമ്പർ, തീയതി എന്നിവ സഹിതം വിശദമാക്കുമോ;

(സി) നെൽവയൽ, തണ്ണീർതട സംരക്ഷണ നിയമപ്രകാരം ബന്ധപ്പെട്ട ജീവനക്കാർ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ജീവനക്കാരിൽനിന്നും വിശദീകരണം ചോദിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം കോഴിക്കോട് താലൂക്ക് കോട്ടൂളി വില്ലേജിൽ റീസർവ്വെ 72/10 എ, 72/1 ബി, 72/9 എന്നിവയിൽപ്പെട്ട പീവീസ് പ്രോപ്പർട്ടീസ് ഡെവലപ്പേഴ്സ് ഡയറക്ടർ ശ്രീ. അലി മുബാറക് എന്നിവരുടെ കൈവശത്തിലുള്ള ഭൂമി മണ്ണിട്ട് നികത്തുന്നതിനെതിരെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. പ്രദീപ് കുമാറിൽനിന്നും 23.03.2016-ന് ജില്ലാ കളക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിൽ കോഴിക്കോട് തഹസിൽദാർ മുഖാന്തരം സബ് കളക്ടർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പരാതിയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് തഹസിൽദാർക്ക് സബ് കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ സ്ഥലം പരിശോധിച്ച് ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതല്ലെന്നും എന്നാൽ കണ്ടൽ ചെടി നിറഞ്ഞ ടി ഭൂമി

തണ്ണീർത്തടത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12-8-2016-ന് കോട്ടൂളി വില്ലേജ് ഓഫീസർ സ്ഥലമുടമയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് G1/9575/16-ാം നമ്പർ ഫയലിൽ കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസർ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

**കോഴിക്കോട് ജില്ലയിലെ ദുരന്തനിവാരണ നടപടികൾ**

196 (898) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

കേന്ദ്ര ദുരന്ത നിവാരണ നിയമം 2015 അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും പ്രാദേശികമായ ദുരന്ത സാധ്യതാ അപഗ്രഥനം നടത്തി സംസ്ഥാനത്തിന് തനതായതും ജില്ലകൾക്ക് തനതായതുമായ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത പദ്ധതി അംഗീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി നിശ്ചിത ഇടവേളകളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മീറ്റിംഗുകൾ, മോക്ക്ഡ്രിൽ എന്നിവ സംഘടിപ്പിക്കുകയും കുടുംബശ്രീ അംഗങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും മറ്റുമായി കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാം നടത്തുകയുമുണ്ടായി. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനായി ഫയർ ആന്റ് റസ്ക്യൂ, ഏയ്ഞ്ചൽസ് തുടങ്ങിയവയുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മുങ്ങിമരണ നിയന്ത്രണ ബോധവൽക്കരണ പരിശീലന പരിപാടികൾ, ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ചർച്ചാ ക്ലാസ്സുകൾ, ലഘുലേഖ വിതരണം തുടങ്ങിയവ ആസൂത്രണം ചെയ്തിട്ടുണ്ട്.

ജില്ലയിലെ പ്രധാന പുഴകളും, വിനോദ സഞ്ചാരികൾ എത്തിച്ചേരാൻ സാധ്യതയുള്ളതും, അപകട സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ അപായസൂചനാ

ബോർഡുകൾ സ്ഥാപിക്കാനും, തീരദേശ സംരക്ഷണത്തിന് ആവശ്യമായ കടൽ ഭിത്തികൾ നിർമ്മിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താനും, കോർപ്പറേഷൻ പരിധിയിൽപ്പെട്ട പൊതുകെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിനായി റാപ്പിഡ് വിഷ്വൽ സ്ക്രീനിംഗ് നടപ്പിലാക്കാനും, അനധികൃത കുന്നിടിക്കൽ, വയൽ നികത്തൽ, ഖനനം തുടങ്ങിയവ തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനും, ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എൻ. സി. സി., എൻ. എസ്. എസ്., എസ്. പി. സി. മാതൃകയിൽ കോളേജുകളെയും സ്കൂളുകളെയും സന്നദ്ധ ഗ്രൂപ്പുകളെയും സഹകരിപ്പിച്ച് ദുരന്ത നിവാരണ യൂണിറ്റുകൾ സ്ഥാപിക്കാനും പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർഭൂമി കയ്യേറ്റത്തിനെതിരെ നടപടി**

197 (899) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, സർക്കാർ ഭൂമി കയ്യേറ്റത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെടുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ പുറമ്പോക്ക് ഭൂമി**

198 (900) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ പെട്ടതും റീസർവ്വേ 116/9-ൽ വരുന്നതുമായ സർക്കാർ പുറമ്പോക്ക് ഭൂമി അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭൂമി പഞ്ചായത്തിനോ സാമൂഹ്യനീതി വകുപ്പിനോ കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഭൂമിയിൽ സ്വകാര്യ വ്യക്തി അവകാശവാദം ഉന്നയിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഒറ്റൂർ അംഗൻവാടി നിർമ്മാണത്തിനായി ഭൂമി കൈമാറ്റം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയതും ആയത് 29-12-2014 തീയതിയിൽ ഒഴിപ്പിച്ചിട്ടുള്ളതുമാണ്. ഒഴിപ്പിച്ചതിനെതിരെ ബഹുമാനപ്പെട്ട വർക്കല മുൻസിഫ് കോടതിയിൽ ഒ. എസ്.451/11 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും അന്തിമ വിധിയായിട്ടില്ലാത്തതുമാണ്.

**പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമി**

199 (901) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥലം പാട്ടത്തിനായിട്ടോ മറ്റേതെങ്കിലും വ്യവസ്ഥയിലോ കൈവശമുള്ള ക്ലബ്ബുകളുടെ പേരും അവരുടെ കൈവശമുള്ള ഭൂമിയുടെ അളവ്, പ്രദേശം എന്നിവയും വിശദമാക്കാമോ;

(ബി) സർക്കാർ വിവിധ പദ്ധതികൾക്ക് പൊന്നും വില കൊടുത്ത് സ്ഥലം ഏറ്റെടുക്കുന്ന സാഹചര്യത്തിൽ പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമി ഏറ്റെടുത്ത് പൊതു ആവശ്യത്തിന് ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

**പട്ടയങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്**

200 (902) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്രപേർക്ക് തരിശ്, പുറമ്പോക്ക് പട്ടയങ്ങൾ അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര പേർക്ക് തരിശ്. പുറമ്പോക്ക് പട്ടയങ്ങൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്രപേർക്ക് തീരദേശ പട്ടയം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## പ്രകൃതിക്ഷോഭം

201 (903) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിക്ഷോഭത്തിൽ വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രകൃതിക്ഷോഭത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

### ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലം വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്ന സ. ഉ. (കൈ) നമ്പർ 194/2015/ഡി. എം. ഡി. തീയതി 20-5-2015, സ. ഉ. (കൈ) നമ്പർ 343/15/ ഡി. എം. ഡി. തീയതി 20-7-2015 നമ്പർ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നാശനഷ്ടത്തിന്റെ തോത് വിലയിരുത്തിയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും മുൻഗണനാ ക്രമത്തിൽ ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ജില്ലാ കളക്ടർമാർ ഫണ്ട് ആവശ്യപ്പെട്ട പ്രകാരവും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ആനുപാതികമായി എല്ലാ ജില്ലാ കളക്ടർമാർക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പ്രകൃതിക്ഷോഭത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ട 40 പേരുടെ ആശ്രിതർക്ക് ആകെ 28,10,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

## സർക്കാർ വക ഭൂമി പിടിച്ചെടുക്കുവാൻ നടപടി

202 (904) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ വക ഭൂമി ഏതെങ്കിലും സ്വകാര്യ വ്യക്തികൾ/ഭൂവുടമകൾ കൈവശപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഭൂമി കയ്യടക്കിവച്ചിരിക്കുന്ന സ്വകാര്യ വ്യക്തികളിൽനിന്ന് സർക്കാർവക ഭൂമി പിടിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള ഭൂസംരക്ഷണ ചട്ടങ്ങൾക്കനുസൃതമായി കയ്യേറ്റക്കാരിൽനിന്ന് സർക്കാർ വക ഭൂമി തിരിച്ച് പിടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം കിഴക്കേക്കോട്ടയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ**

203 (905) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത സ്മാരകമായ തിരുവനന്തപുരം കിഴക്കേക്കോട്ടയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ആവശ്യമായ എല്ലാവിധ അനുമതികളോടുകൂടിയാണോ നിർമ്മിച്ചിട്ടുള്ളതെന്നും പ്രവർത്തിക്കുന്നതെന്നും പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതിയോടുകൂടിയും അല്ലാതെയും നിർമ്മിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളും കെട്ടിടങ്ങളും ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) പരിശോധിച്ചിട്ടില്ലെങ്കിൽ ആയതിനായി ഒരു പ്രത്യേക ടീമിനെ അടിയന്തരമായി നിയമിക്കുമോ?

ഉത്തരം

(എ & ബി) റവന്യൂ വകുപ്പിൽ ഇതു സംബന്ധിച്ച പരിശോധന നടത്തിയിട്ടില്ല.

(സി) ഇതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

**പട്ടയം ഇല്ലാത്ത കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

204 (T* 906) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വനഭൂമിയിലും വനാതിർത്തിയിലും കൃഷിചെയ്യുന്ന കർഷകർക്ക് പട്ടയമില്ലാത്തതിനാൽ വായ്പകൾ ലഭ്യമാകാതിരിക്കുന്നതിനു ശാശ്വത പരിഹാരമായി പട്ടയവും വായ്പയും ലഭ്യമാക്കുവാൻ നടപടിയുണ്ടാകുമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതു സംബന്ധിച്ച പ്രായോഗികമായ നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടപ്രകാരം കേന്ദ്ര വന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന കഴിഞ്ഞതും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി കാത്തിരിക്കുന്നതുമായ കേസുകളിൽ കൈവശരേഖ നൽകിവരുന്നുണ്ട്. വനാവകാശ നിയമം 2006 പ്രകാരം ആദിവാസികൾക്ക് കൈവശരേഖ നൽകി വരുന്നു. പ്രസ്തുത കൈവശരേഖ ബാങ്ക് സംബന്ധിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോ എന്ന വിഷയത്തിൽ ബാങ്ക് അധികൃതരുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്**

205 (907) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി ആളുകൾ പുറമ്പോക്കിൽ വീട് വച്ച് താമസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്, വൈദ്യുത കണക്ഷൻ മുതലായവ ലഭിക്കുന്നതിന് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശം കൃത്യമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുറമ്പോക്കിൽ താമസിക്കുന്നവരിൽ പട്ടയം നൽകുവാൻ നിർവ്വാഹമില്ലാത്ത

കേസുകളിൽ ബന്ധപ്പെട്ട തഹസിൽദാർമാർ കൈവശരേഖ നൽകിവരുന്നു. കൈവശരേഖയുടെ അടിസ്ഥാനത്തിൽ റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നൽകിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർഭൂമി കയ്യേറുന്നത് തടയാൻ നടപടി**

206 (908) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർഭൂമി കയ്യേറുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻകാലങ്ങളിൽ നടത്തിയ ഭൂമികയ്യേറ്റങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പരിശോധിച്ച് കണ്ടെത്തിയിട്ടുണ്ടെങ്കിൽ കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഭൂമി കയ്യേറുന്നത് തടയുന്നതിന് ജില്ലാ താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയിലുള്ള കയ്യേറ്റങ്ങൾ തടയുന്നതിന് എല്ലാ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും റോഡ് പുറമ്പോക്ക് ഇറിഗേഷൻ വകുപ്പ് ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശനനിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) മുൻകാലങ്ങളിലെ കയ്യേറ്റങ്ങൾ പരിശോധിച്ച് വരുന്നതും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ നിയമാനുസരണമുള്ള ഒഴിപ്പിക്കൽ/ശിക്ഷണ നടപടികൾ സ്വീകരിച്ചും വരുന്നതാണ്.

(സി) പരിശോധിച്ച് കണ്ടെത്തിയ കേസുകളിൽ കക്ഷികളെ വിചാരണയ്ക്ക് വിധേയമാക്കി മതിയായ തെളിവ് ഹാജരാക്കാത്ത കേസുകളിൽ കയ്യേറ്റം ഒഴിപ്പിച്ച്

സർക്കാർ ഭൂമി എന്ന ബോർഡ് സ്ഥാപിച്ച് സംരക്ഷിക്കുകയും അല്ലാത്തവയിൽ നിയമാനുസരണമുള്ള മറ്റ് നടപടികളും സ്വീകരിച്ചുവരുന്നു.

**ഭൂരഹിതരില്ലാത്ത കേരളം**

207 (909) ശ്രീ.കെ.കുഞ്ഞിരാമൻ :
ശ്രീ.സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ.വി.വിജയദാസ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) സർക്കാരിന്റെ കൈവശം മിച്ചഭൂമി ഇല്ലാത്ത ജില്ലകളിൽ അർഹതയുള്ള ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി എങ്ങനെ നൽകാനാണ് ഉദ്ദേശിക്കുന്നത്;

(സി) മുൻസർക്കാരിന്റെ കാലത്ത് പദ്ധതി പ്രകാരം നൽകിയ സ്ഥലങ്ങൾ ഏറെയും വാസയോഗ്യമല്ലായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രശ്നം പരിഹരിച്ച് ഭൂമി നൽകുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പദ്ധതിക്ക് അനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. സർക്കാർ ഭൂമികളുടെ ലഭ്യത അന്തിമമായി തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആക്ഷേപം ഉന്നയിച്ചിട്ടുള്ള കേസുകളിൽ സ്ഥലപരിശോധന നടത്തി തികച്ചും വാസയോഗ്യമല്ലാത്ത പ്ലോട്ടുകൾ മാറ്റി നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കുന്ദമംഗലത്തിന് പൂർണ്ണ താലൂക്ക് പദവി**

208 (T* 910) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സബ്താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്തിന് പൂർണ്ണതാലൂക്ക് പദവി നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

താലൂക്ക് രൂപീകരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സർക്കാർഭൂമി ക്രമരഹിതമായി കൈവശംവച്ചതുമായി ബന്ധപ്പെട്ട കേസുകൾ**

209 (911) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർഭൂമി ക്രമരഹിതമായി കൈവശം വച്ചിട്ടുള്ളതു സംബന്ധിച്ച് മുൻസർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നു എന്നതിന്റെ വിശദവിവരം നൽകാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്നും കേസുകൾ കൈകാര്യം ചെയ്യാൻ തുടക്കംമുതൽ നിയോഗിക്കപ്പെട്ടിരുന്ന ഗവൺമെന്റ് വക്കീൽ ആരായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പൊതു താല്പര്യത്തിനു വിരുദ്ധമായ എന്തെങ്കിലും നടപടികൾ പ്രസ്തുത ഗവൺമെന്റ് വക്കീലിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തീരപ്രദേശങ്ങളിലെ മണൽ വാരൽ നിരോധനം**

210 (912) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാറിന്റെ തീരപ്രദേശങ്ങളിൽ മണൽ വാരുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മണൽ വാരൽ നിരോധിച്ചതു കാരണം ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ കുടുംബങ്ങൾ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരിസ്ഥിതിക്ക് ദോഷകരമാവാത്ത വിധത്തിൽ മണൽ വാരുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ചാലിയാറിന്റെ മലപ്പുറം ജില്ലയിലെ കടവുകളിൽ മണൽ വാരുകയും കോഴിക്കോട് ജില്ലയിലെ കടവുകളിൽ മണൽ വാരുന്നത് നിരോധിക്കുകയും ചെയ്തതിലെ വൈരുദ്ധ്യം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ പതിനൊന്ന് എം. എൽ. എ. മാർ ഒപ്പിട്ട നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ചാലിയാർ പുഴയിൽ നടത്തിയിട്ടുള്ള സാന്റ് ആഡിറ്റിംഗ് റിപ്പോർട്ട് പ്രകാരം മണൽ ലഭ്യമല്ലാത്ത കടവുകളിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിശദമായ ശാസ്ത്രീയ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയിട്ടുള്ള സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ മണൽ വാരുന്നതിനുള്ള അനുമതി നൽകിവരുന്നത്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. പ്രസ്തുത നിവേദനത്തിലെ പ്രധാന പരാതി ചാലിയാർ പുഴയിലെ മണൽ ലഭ്യത സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിലെ അപാകത പരിഹരിച്ച് മണൽ വാരലിന് നിയന്ത്രണം ഏർപ്പെടുത്തണം എന്നുള്ളതായിരുന്നു. ഈ വിഷയം നിലവിലുള്ള ഉത്തരവുകളുടെയും ശാസ്ത്രീയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചാലിയാർ പുഴയിലെ മണൽ ലഭ്യത സംബന്ധിച്ച് പുറപ്പെടുവിച്ച ആദ്യ സർക്കാർ ഉത്തരവിലെ ചില പിശകുകളാണ് ഇത്തരത്തിൽ ഒരു പരാതിക്ക് കാരണമായത്. ആ പിശകുകൾ പരിഹരിച്ചുകൊണ്ട് സർക്കാർ തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭാവിയിൽ ഭരണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സർക്കാർ ഉത്തരവുകളിൽ കൂടുതൽ ജാഗ്രത പുലർത്തുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുകയും കാര്യകാരണ സഹിതം ബഹു. നിയമസഭാ സാമാജികർക്ക് മറുപടി നൽകുന്നതുമാണ്.

**പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾ**

211 (913) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുറമ്പോക്കുകളിൽ വീട് കെട്ടി താമസിക്കുന്ന എത്ര കുടുംബങ്ങൾ ഉണ്ട്;

(ബി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡും വൈദ്യുതി കണക്ഷനും ലഭിക്കുന്നതിന് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശം ഉണ്ടായിട്ടും അത് കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**റീസർവ്വേ നടപടി**

212 (914) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 50 വർഷത്തിലേറെയായി നടന്നുവരുന്ന റീ-സർവ്വേ നടപടി സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ ;

(ബി) ഈ നടപടി ഇച്ഛാശക്തിയോടെ പൂർത്തീകരിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തുമോ ?

<u>ഉത്തരം</u>

(എ &ബി) സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 409/2012/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വേ നടപടികൾ പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**റീസർവ്വേ നടപടികൾ**

213 (915) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ നടപടികൾ ആരംഭിച്ചതെന്നാണ്; നാളിതുവരെ എത്ര വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയായിട്ടുണ്ട്; എത്ര വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാകാനുണ്ട്;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയാകാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ ഗൗരവമായി കാണുന്നുണ്ടോ;

(സി) റീ-സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിനായി നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 6-10-1965-ലെ ജി. ഒ. (എം. എസ്.) 781/65/ ആർ. ഡി. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളുടെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിനായി കൈമാറിയിട്ടുണ്ട്. 783 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കാനുണ്ട്.

(ബി) ഉണ്ട്.

(സി &ഡി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 409/2012/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വേ നടപടികൾ പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## റവന്യൂ മിച്ചഭൂമി

214 (916) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിൽ നടത്തിവരുന്ന ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും വിശദമാക്കുമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ നിലവിലുള്ള റവന്യൂ മിച്ചഭൂമികളുടെ പ്രദേശം വിസ്തൃതി, സർവ്വേ നമ്പർ തുടങ്ങിയ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ടൂറിസത്തിനു വളരെയധികം സാദ്ധ്യതകളുള്ള രാമഗിരിക്കോട്ടയുടെ വിസ്തൃതി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ; ഇതിനോടു ചേർന്നുകിടക്കുന്ന

ഏതെങ്കിലും പ്രദേശങ്ങൾ സ്വകാര്യ വ്യക്തികൾക്ക്/ട്രസ്റ്റിന് പതിച്ചുകൊടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; നിലവിൽ ഈ പ്രദേശം ഏതു വകുപ്പിന്റെ കീഴിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) (1) റവന്യൂ വകുപ്പിന് കീഴിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ, അപകട മരണം തുടങ്ങിയവയ്ക്ക് ധനസഹായം നൽകിവരുന്നു. ധനസഹായമായി ജില്ലാ കളക്ടർമാർ 10,000 രൂപ വരെയും, റവന്യൂ വകുപ്പുമന്ത്രി 25,000 രൂപ വരെയും മുഖ്യമന്ത്രി 3,00,000 രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭാ യോഗതീരുമാനത്തിന് വിധേയമായി മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

(2) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.

(3) ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുകയുള്ളൂ.

(4) ക്യാൻസർ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

(5) ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000 രൂപ വരെ അനുവദിക്കുന്നു.

(6) അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

(7) തീപിടുത്തംമൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10,000 രൂപ വരെയും അനുവദിക്കുന്നു.

(8) വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(9) സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടങ്ങളിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി ആറു മാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് (അപകട മരണം നടന്ന കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, എഫ്. ഐ. ആർ., വാർഷിക വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ പകർപ്പുകൾ) ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസ്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുന്ന കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായം നൽകുന്നുണ്ട്. 2 ഏക്കർ വരെ കൈവശമുള്ള കർഷകർക്ക് പ്രകൃതിക്ഷോഭംമൂലം ഭൂമിനാശമുണ്ടായതിന് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് പരമാവധി 12,200 രൂപ വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പുറപ്പെടുവിച്ചിട്ടുള്ള 20-5-2015-ലെ സ. ഉ. (കൈ) 194/2015/ഡി.എം.ഡി., 23-7-2015 -ലെ സ. ഉ. (കൈ) 343/2015/ഡി.എം.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ ആനുസരിച്ചാണ് പ്രസ്തുത ആശ്വാസ ധനസഹായം അനുവദിക്കാറുള്ളത്.

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുമൂലം വരുമാന മാർഗ്ഗം നഷ്ടപ്പെട്ട് അവശത അനുഭവിക്കുന്നതും വാർഷിക വരുമാനം 50,000 രൂപയിൽ താഴെയുള്ളതുമായ മുൻ ജന്മിമാരായ 174 പേർക്ക് സർക്കാർ പ്രതിമാസം 3,000 രൂപ വീതം പെൻഷൻ അനുവദിച്ച നൽകുന്നുണ്ട്. ഇതിനുള്ള അപേക്ഷ ബന്ധപ്പെട്ട തഹസിൽദാർമാർക്കാണ് നൽകേണ്ടത്:

(ബി) (1) ഓങ്ങല്ലൂർ വില്ലേജിൽ (1) സർവ്വേ 316 -ൽ 0.6530 ഹെക്ടർ

(2) ഓങ്ങല്ലൂർ വില്ലേജിൽ (1) സർവ്വേ 317 -ൽ 0.6740 ഹെക്ടർ

(3) തൃത്താല വില്ലേജിൽ (1) സർവ്വേ 186/1- ൽ 0.1498 ഹെക്ടർ

ആകെ 1.4768 ഹെക്ടർ

(സി) പട്ടാമ്പി താലൂക്കിൽ ഓങ്ങല്ലൂർ (1) വില്ലേജിൽ ബ്ലോക്ക് 30 റീസർവ്വേ 130-ൽപ്പെട്ട രാമഗിരിക്കോട്ടയുടെ ഏകദേശ വിസ്തൃതി 44.8500 ഹെക്ടർ ആണ്. ഇതിനോട് ചേർന്ന് കിടക്കുന്ന ഭൂമി പതിച്ചു നൽകിയിട്ടില്ല. നിലവിൽ ഈ പ്രദേശം വനം വകുപ്പിന്റെ കീഴിലാണ്.

## റവന്യൂ പുറമ്പോക്ക് ഭൂമി

215 (917) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിലെ പൂക്കോട്ടൂർ പഞ്ചായത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ പക്കലുണ്ടോ;

(ബി) എങ്കിൽ അവയുടെ ലൊക്കേഷൻ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെങ്കിലും പ്രോജക്ടുകൾക്ക് സർക്കാരോ പഞ്ചായത്തോ പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ-ഡി) മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിലെ പൂക്കോട്ടൂർ പഞ്ചായത്തിലെ വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് നമ്പർ 55 -ൽ റീ. സ. 361/1-ൽ 0.0626 ഹെക്ടർ സ്ഥലം മാത്രമേ ടി പഞ്ചായത്തിൽ റവന്യൂ പുറമ്പോക്ക് ഭൂമിയായിട്ടുള്ളൂ.

## ഇടുക്കി ജില്ലയിലെ റീസർവ്വേ നടപടികൾ

216 (918) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ റീസർവ്വേ നടപടികൾ ആരംഭിച്ചത് എന്നാണ്;

(ബി) എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കാനുണ്ട്; അവയുടെ പേരുവിവരം വിശദമാക്കാമോ;

(സി) റീസർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും;

(ഡി) റീസർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) 1971 കാലയളവിലാണ് ഇടുക്കി ജില്ലയിൽ റീസർവ്വേ നടപടികൾ ആരംഭിച്ചത്.

(ബി) 29 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കാനുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 409/2012/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വേ നടപടികൾ പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഉടുമ്പൻചോല താലൂക്കിലെ റീസർവ്വേ നടപടികൾ**

217 (919) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിലെ റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതു സംബന്ധിച്ച വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) റീസർവ്വേ നടപടികൾ സംബന്ധിച്ച പരാതികൾ യഥാസമയം പരിഹരിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പരാതികൾ പരിഹരിക്കുന്നതിന് വില്ലേജ് അടിസ്ഥാനത്തിൽ അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉടുമ്പൻചോല താലൂക്കിലെ റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട് 18859 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 17512 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 1347 പരാതികൾ ശേഷിക്കുന്നു. വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല. ജി. ഒ. (എം. എസ്.) 200/2010/ റവന്യൂ തീയതി 31-5-2010 പ്രകാരം റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെ ഭൂപരാതികളിന്മേൽ അതാത് താലൂക്ക് ഓഫീസുകൾ മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഭവന നിർമ്മാണ ബോർഡ് വക സ്ഥലത്തിന്റെ ഫലപ്രദമായ വിനിയോഗം**

218 (920) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിനു സ്വന്തമായി എത്ര ഹെക്ടർ ഭൂമിയുണ്ടെന്ന് അറിയിക്കുമോ;

(ബി) ബോർഡിന് ഏറ്റവും കൂടുതൽ ഭൂമിയുള്ളത് ഏത് ജില്ലയിലാണ്; വ്യക്തമാക്കുമോ;

(സി) ഹൗസിംഗ് ബോർഡിനു സ്വന്തമായിട്ടുള്ളതും വെറുതെ കിടക്കുന്നതുമായ ഭൂമി എപ്രകാരം ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പദ്ധതികൾ ഏതെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡിന് 58.6310 ഹെക്ടർ ഭൂമിയുണ്ട്.

(ബി) എറണാകുളം ജില്ലയിൽ 11.5451 ഹെക്ടർ.

(സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നവ ഭവന പദ്ധതി**

219 (921) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ ഭവന പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വീടുകളുടെ നവീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള വീടുകൾ കൈമാറ്റം ചെയ്യുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയമപരമായ നടപടികളും എന്തൊക്കെയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വി.റ്റി. സെബാസ്റ്റ്യൻ മെമ്മോറിയൽ പാർക്ക് നിർമ്മാണം

220 (922) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ, കട്ടപ്പനയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വി.റ്റി. സെബാസ്റ്റ്യൻ മെമ്മോറിയൽ പാർക്കിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ആയതിന്റെ തുടർനടപടികൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃർത്തികൾ എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വി.റ്റി. സെബാസ്റ്റ്യൻ മെമ്മോറിയൽ പാർക്കിന്റെ നിർമ്മാണത്തിന് 4-3-2016-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. ടി ഭരണാനുമതി പ്രകാരം പാർക്ക് മെയിന്റനൻസ്/നടത്തിപ്പിന് ബോർഡ്/തദ്ദേശ സ്വയംഭരണ സ്ഥാപനം ഉചിതമായ സാമ്പത്തിക മാർഗ്ഗം ഉറപ്പാക്കിയതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ. അതിൻ പ്രകാരം കട്ടപ്പന മുനിസിപ്പാലിറ്റി അധികാരികളുമായി ചർച്ച നടത്തിയെങ്കിലും അന്തിമ അഭിപ്രായം മുനിസിപ്പൽ അധികാരികളിൽനിന്നും ലഭിച്ചിട്ടില്ല. മുനിസിപ്പൽ അധികാരികളുമായി ധാരണയിലെത്തുന്നതിനുള്ള തുടർനടപടികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്നും സ്വീകരിച്ചുവരുന്നു.

(ബി) മുനിസിപ്പൽ അധികാരികളുമായി മേൽ വിഷയം സംബന്ധിച്ച് അന്തിമ തീരുമാനത്തിൽ എത്തിയതിനുശേഷം കരാറിലേർപ്പെട്ട് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

221 (923) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ബി. പി. എൽ. കുടുംബങ്ങൾക്ക് അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെയും ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത കുടുംബങ്ങളുടെയും കണക്ക് വ്യക്തമാക്കുമോ;

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; മുൻസർക്കാരിന്റെ കാലത്ത് എത്രപേർക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ ബി. പി. എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി. പി. എൽ./താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള "എല്ലാവർക്കും വീട്" എന്ന പദ്ധതിക്ക് 1-2-2016-ലെ സ. ഉ. (എം.എസ്.) നമ്പർ 6.2016/ഭവനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് 25-2-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 15/2016/ഭവനം-ലൂടെ ഉത്തരവായിട്ടുണ്ട്.

(ബി) സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെയും ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത കുടുംബങ്ങളുടെയും കണക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ശേഖരിച്ചിട്ടില്ല. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽനിന്ന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

(സി) ഭൂമി ലഭിക്കുന്നതിനുവേണ്ടി 2,91,757 അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു. അതിൽ നിന്നും 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ഇതിൽ 58,398 പേർക്ക് ഭൂമി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അനുവദിച്ച ഭൂമി കൈമാറുന്നതിനുള്ള നടപടികൾ പൂർണ്ണമായിട്ടില്ല.

1-2-2014 മുതൽ 31-3-2014 വരെ വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ പൊതു ജനസമ്പർക്ക പരിപാടിയിലും റവന്യൂ സർവ്വേ അദാലത്തിലും പദ്ധതിയിലേയ്ക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിച്ച ഭൂമി പൂർണ്ണമായും കൈമാറുന്നതിനും അനുവദിച്ച ഭൂമിയിന്മേൽ ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾക്ക് പരിഹാരം കാണുന്നതിനുമാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നത്.

**ഭവനരഹിതർക്കുള്ള പദ്ധതി**

222 (924) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഭവനരഹിതരെ സഹായിക്കുന്നതിന് പുതിയപദ്ധതി ആവിഷ്കരിക്കുന്നുണ്ടോ ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഉണ്ട്.

വരുന്ന അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കുവാനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം**

223 (925) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടൽ മത്സ്യ സമ്പത്ത് കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിലെ ഏറ്റവും താഴ്ന്ന നിലവാരത്തിലേയ്ക്കെത്തിയെന്ന കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിൻെറ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മത്സ്യ സമ്പത്തിൻെറ സംരക്ഷണത്തിനായി എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) കാലാവസ്ഥാ വ്യതിയാനം മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള നിയമങ്ങൾ കർശനമാക്കി മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സി. എം. എഫ്. ആർ. ഐ. യുടെ കണക്കനുസരിച്ച് 2012-ന ശേഷം കേരള തീരത്ത് മത്സ്യലഭ്യതയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. 2014-നെ അപേക്ഷിച്ച് 2015-ൽ മത്സ്യ ലഭ്യതയിൽ 0.94 ലക്ഷം ടൺ കുറവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനായി എല്ലാ വർഷവും 47 ദിവസം മൺസൂൺകാല ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നുണ്ട്. മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും അനധികൃത മത്സ്യബന്ധനം തടയുന്നതിനുമായി മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടൽ പട്രോളിംഗ് നടത്തി വരുന്നു. കൂടാതെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി അനധികൃത മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പൊതു ജലാശയങ്ങളിൽ മത്സ്യ/കൊഞ്ച് വിത്ത് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുക എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. 14 ഇനം ചെറു മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സി. എം. എഫ്. ആർ. ഐ. യുടെ പഠനത്തിൽ കാലാവസ്ഥ വ്യതിയാനവും മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണമാണെന്ന് അനുമാനിക്കപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നതോടൊപ്പം പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവകൾക്കുമുള്ള പ്രതിമാസ പെൻഷൻ

224 (926) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവകൾക്കും ലഭിച്ചുകൊണ്ടിരുന്ന പ്രതിമാസ പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഈ മേഖലയിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 3-9-2016 -ലെ സ. ഉ. (സാധാ) 569/2016/ മ. തു. വ. നമ്പർ ഉത്തരവ് പ്രകാരം മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളി വിധവ പെൻഷൻ 2016 ജൂൺ മാസം മുതൽ പ്രതിമാസം 1,000 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന നിരക്കിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്.

**ശുചിത്വ തീരം പദ്ധതി**

225 (927) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്ത് മാലിന്യങ്ങൾ കൊണ്ടുവന്ന് തള്ളുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശമേഖലയെ മാലിന്യ മുക്തമാക്കുന്നതിനുള്ള 'ശുചിത്വതീരം' പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(സി) പദ്ധതി വഴി ശേഖരിക്കുന്ന മാലിന്യത്തിന്റെ നിർമ്മാർജ്ജനവും, കാര്യകർതൃത്വവും എപ്രകാരമാണ് നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പ് ഏതൊക്കെ ഏജൻസികളെയാണ് ഏല്പിച്ചിട്ടുള്ളത്?

ഉത്തരം

(എ) കടൽത്തീരത്ത് മാലിന്യങ്ങൾ കൊണ്ടുവന്ന് തള്ളുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 'ശുചിത്വതീരം പദ്ധതി' ആരംഭിച്ചിട്ടുണ്ട്. കേരളതീരത്തെ മുഴവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ

ടോയ്‌ലറ്റുകളും തീരത്തിലാകെ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനങ്ങളും മികച്ച ശുചിത്വബോധവും ശീലങ്ങളും പ്രദാനം ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ശുചിത്വതീരം പദ്ധതിയുടെ ഭാഗമായി എല്ലാ തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർത്ത് തീരദേശത്തും കായലോരത്തും മാലിന്യം തള്ളുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വ മിഷന്റെയും സഹകരണത്തോടും പങ്കാളിത്തത്തോടെയുമാണ് പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി വൃത്തിയുള്ളതും ഉപയോഗക്ഷമവുമായ ശൗചാലയങ്ങൾ തീരപ്രദേശത്ത് ഒരുക്കുന്നതിനും തീരം വൃത്തിയായി നിലനിർത്തുന്നതിനും വേണ്ടി ആവശ്യമായ ഡെസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് അതിലൂടെ ശേഖരിക്കുന്ന ഖരമാലിന്യങ്ങളെ ജൈവ-അജൈവങ്ങളായി തരംതിരിക്കുകയും അജൈവ മാലിന്യങ്ങളിൽ വിശിഷ്യാ പ്ലാസ്റ്റിക്കിനെ തരംതിരിച്ച് റോഡു നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികളും പ്രചരണ പരിപാടികളും നടത്തി വരുന്നു. ശുചിത്വ മിഷനും തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളും കണ്ടെത്തിയിട്ടുള്ള ഏജൻസികൾ മുഖാന്തിരമാണ് പദ്ധതിയിലൂടെ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നത്. പദ്ധതിക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, വനിതാ സ്വയം സഹായ സംഘങ്ങൾ, എൻ.ജി.ഒ.കൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷനുകൾ, ബാങ്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ പൂർണ്ണ സഹായ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയ്ക്ക് ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. സ്വയം സഹായ സംഘങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും പങ്കാളിത്തത്തോടെ തീരപ്രദേശത്ത് സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ടി. എസ്. കനാലിൽ സ്ഥാപിച്ചിരുന്ന ചീനവലകൾ**

226 (928) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ ടി. എസ്. കനാലിൽ സ്ഥാപിച്ചിരുന്നചീനവലകൾ ദേശീയ ജലപാതയുടെ നവീകരണത്തോടനുബന്ധിച്ച് നീക്കം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽഎത്ര തൊഴിലാളികൾക്ക് ജീവനോപാധിയായ ചീനവലകൾ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(സി) ചീനവലകൾ നഷ്ടപ്പെട്ട മത്സ്യതൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽനഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21 തൊഴിലാളികൾക്ക്.

(സി) ചീനവലകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

**കടൽഭിത്തി നിർമ്മാണം**

227 (929) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ അറക്കൽ ക്ഷേത്രത്തിനു മുമ്പിൽ കടൽ ഭിത്തി നിർമ്മിക്കാൻ എത്ര ലക്ഷം രൂപയുടെ പ്രവൃത്തിയാണ് ഹാർബർ എഞ്ചിനീയറിംഗിന്റെ മേൽനോട്ടത്തിൽ നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മഴക്കാലത്ത് പ്രദേശത്തെ കടൽഭിത്തി തകർന്നപ്പോൾ പുനർ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ അറക്കൽ ക്ഷേത്രത്തിനു മുമ്പിൽ കടൽഭിത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ചിട്ടില്ല. എന്നാൽ ഒഞ്ചിയം പഞ്ചായത്തിൽ സായിമഠം അറയ്ക്കൽ ടെമ്പിൾ കുറുകച്ചാൽ ബീച്ച് റോഡിന് തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ടി പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തി 73 മീറ്റർ നീളത്തിൽ റോഡുമായുള്ള സംരക്ഷണ ഭിത്തി കോൺക്രീറ്റ് ബ്ലോക്കുകൾ ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. ടി സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി 25.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) കഴിഞ്ഞ മഴക്കാലത്ത് ഇളകി വീണ കോൺക്രീറ്റ് ബ്ലോക്കുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## തീരദേശ വികസന കോർപ്പറേഷൻ

228 (930) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യ ബന്ധന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ചതും ഭരണാനുമതിയുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാം;

(ബി) തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടന്നു വരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ മത്സ്യബന്ധന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ചതും ഭരണാനുമതിയുള്ളതുമായ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

(1) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

കുടിവെള്ള വിതരണം - 120.00 ലക്ഷം രൂപ (പദ്ധതി പൂർത്തീകരിച്ചു)

വ്യക്തിഗത ടോയ്ലെറ്റ് ( 144 എണ്ണം)-28.80 ലക്ഷം രൂപ (പദ്ധതി പുരോഗമിക്കുന്നു)

വൈദ്യുതീകരണം-24.26 ലക്ഷം രൂപ (പദ്ധതി പൂർത്തീകരിച്ചു)

ഹൈമാസ്റ്റ് ലൈറ്റ് (4 എണ്ണം)-24.00 ലക്ഷം രൂപ (പദ്ധതി പൂർത്തീകരിച്ചു)

(2) 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 135.00 ലക്ഷം രൂപയുടെ കൊയിലാണ്ടി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

(3) തീരദേശ സാമൂഹ്യ അടിസ്ഥാന വികസന പദ്ധതിയിലുൾപ്പെടുത്തി 20.52 ലക്ഷം രൂപയുടെ കൊയിലാണ്ടി പ്രൈമറി ഹെൽത്ത് സെന്ററിന് ഒരു പുതിയ കെട്ടിടം നിർമ്മിച്ചു നൽകി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(4) സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 37.00 ലക്ഷം രൂപയുടെ ചേമഞ്ചേരി കുടിവെള്ള പദ്ധതി 95% പൂർത്തീകരിച്ചു.

(5) ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി 115.63 ലക്ഷം രൂപയുടെ പയ്യോളി മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു.

(6) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം - 17.00 ലക്ഷം രൂപ

(പദ്ധതി പൂർത്തീകരിച്ചു)

പയ്യോളി-ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ

(പദ്ധതി പൂർത്തീകരിച്ചു)

ഹൈമാസ്റ്റ് ലൈറ്റ് - ഇരിങ്ങൽ (3 എണ്ണം) 21.00 ലക്ഷം രൂപ

(പദ്ധതി പൂർത്തീകരിച്ചു)

(7) മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി ഗവ. മാപ്പിള ഹയർ സെക്കന്ററി സ്കൂളിന് 375 ലക്ഷം രൂപയുടെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**തീരദേശ വികസന കോർപ്പറേഷന്റെ ശാക്തീകരണം**

229 (931) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച കർമ്മപരിപാടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) കടൽക്ഷോഭത്തിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്കും മത്സ്യബന്ധനത്തിനിടയിൽ ജീവഹാനി സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും ജീവിതസുരക്ഷ ഉറപ്പാക്കുന്നതിന് പര്യാപ്തമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് നിലവിൽ ഉണ്ടായിരുന്ന തീരദേശ വികസന ഏജൻസിയെ പുനഃസംഘടിപ്പിച്ചുകൊണ്ടാണ് 1956-ലെ കമ്പനീസ് ആക്ട് അനുസരിച്ച് ഒരു കമ്പനിയായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ രൂപീകൃതമായത്. സംസ്ഥാന ബഡ്ജറ്റ്, കേന്ദ്ര സർക്കാർ, എൻ.എഫ്.ഡി.ബി., നബാർഡ്, മറ്റ് ദേശീയ ധനസഹായ സ്ഥാപനങ്ങൾ എന്നീ സാമ്പത്തിക സ്രോതസ്സുകളിൽനിന്നും ഫണ്ട് സ്വരൂപിച്ചാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണന രംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മാണം, കടൽ സുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് നിർമ്മാണം, കോൾഡ് ചെയിൻ സംവിധാനം, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം, ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് ഫിഷർഫോക്ക് തുടങ്ങിയവയാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രധാന പദ്ധതികൾ. ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി അതാത് സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ അവ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തുവരുന്നു. പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ ആവശ്യമായ തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) മത്സ്യബന്ധനത്തിനിടെ ജീവഹാനി സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കായി കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസായി 5 ലക്ഷം രൂപ നൽകിവരുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് മുഖേനയും നടപ്പിലാക്കുന്നുണ്ട്. മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ മത്സ്യഫെഡ് നൽകുന്നുണ്ട്. കടൽക്ഷോഭത്തിൽ കിടപ്പാടം നഷ്ടപ്പെട്ടവരെ

പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി അവർക്ക് മൂന്ന് സെന്റ് വരെ ഭൂമി വാങ്ങി വീടു നിർമ്മിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## തീരദേശ നിയന്ത്രണ വിജ്ഞാപനം

230 (932) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ സംസ്ഥാനത്തിന് ഇളവുകൾ അനുവദിക്കുന്നതിന് കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ;

(ബി) ഇളവുകൾ നേടിയെടുക്കുന്നതിന് ഏതെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട്;

(സി) കേന്ദ്രത്തിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരദേശ വിജ്ഞാപനത്തിൽ ഇളവുകൾ നൽകാൻ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടതിന്റെ ഫലമായി കേന്ദ്ര സർക്കാർ ഡോ. ഷൈലേഷ് നായക് കമ്മിറ്റിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത സമിതി 2014-ൽ കേരളത്തിൽ വരികയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14-6-2016-ന് കേന്ദ്ര പരിസ്ഥിതി മന്ത്രിയെ നേരിൽ കണ്ട് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് ഇളവുകൾ അനുവദിക്കുവാൻ ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം പ്രാബല്യത്തിൽ വന്ന് ഒരു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി അനുമതി നേടേണ്ടതായിരുന്നെങ്കിലും കേരളത്തിന്റെ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിന് ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാന് പുറമേ നമ്മുടെ തീരദേശത്തിന്റെ സവിശേഷതകളും CRZ നിയമം മൂലം മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള തീരദേശ ജനത നേരിടുന്ന പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്നതിന് ഓരോ തീരപ്രദേശത്തിന്റെയും സൂക്ഷ്മതല

സവിശേഷതകൾ ഉൾപ്പെടുത്തി ഒരു സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ (Integrated Coastal Zone Management Plan) തയ്യാറാക്കി കേന്ദ്ര അനുമതി നേടേണ്ടിയിരുന്നെന്നും അതിൽ കേരളത്തിന് അനുയോജ്യമായ ഇളവുകൾ ഉൾപ്പെടുത്തി അനുമതി നൽകാനാവുമെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രി ചർച്ചാവേളയിൽ അറിയിക്കുകയുണ്ടായി. മുൻ സർക്കാരിന്റെ കാലത്ത് സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുവാൻ ഒരു സൊസൈറ്റി രൂപീകരിച്ചിരുന്നതല്ലാതെ യാതൊരുവിധ പ്രവർത്തനങ്ങളും നടത്താതിരുന്നതിനാൽ കേരളത്തിന്റെ തീരത്തിന്റെ സവിശേഷതകളും മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്ന തരത്തിൽ സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുന്നതിന് ഒരു സമീപനരേഖ തയ്യാറാക്കുവാൻ ഫിഷറീസ് വകുപ്പ് മുൻകൈയെടുത്ത് 10-8-2016, 11-8-2016 തീയതികളിൽ ഒരു ദേശീയ ശില്പശാല നടത്തുകയുണ്ടായി. ടി ശില്പശാലയുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമീപന രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയം പ്രസ്തുത ഡോ. ഷൈലേഷ് നായക് സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പുതിയ ഇളവുകൾ ഒന്നും ഇതുവരെയായി പ്രഖ്യാപിച്ചിട്ടില്ല.

**കടലോര മത്സ്യബന്ധനത്തിന് അടിസ്ഥാന സൗകര്യങ്ങൾ**

231 (933) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലോര മത്സ്യബന്ധനത്തിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഈ സർക്കാരിന്റെകാലത്ത് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മദ്ധ്യവർത്തികളുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥരാക്കുന്നതിനും ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(സി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ വിലയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കടലോര മത്സ്യബന്ധനത്തിനുള്ള മത്സ്യബന്ധന ഉപകരണങ്ങളുടെ വായ്പ വിതരണം, ഉപകരണ വിതരണത്തിനുള്ള വ്യാസാ സ്റ്റോറുകൾ, മത്സ്യ

വിപണനത്തിന് സഹകരണ സംഘങ്ങൾ വഴി മൂലധനം, വായ്പ വിതരണം എന്നിവയും മണ്ണെണ്ണ വിതരണത്തിനായി 12 മണ്ണെണ്ണ ബങ്കുകൾ, 8 ഡീസൽ ബങ്കുകൾ എന്നിവയും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ ബേപ്പൂർ മത്സ്യബന്ധന തുറമുഖത്ത് ഒരു ഡീസൽ ബങ്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിലെ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്ത് മറ്റൊരു മണ്ണെണ്ണ ബങ്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചു കഴിഞ്ഞു. എക്സ്പ്ലോസീവ് ലൈസൻസ് ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഹാർബറുകളുടേയും കേരള തീരദേശവികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ലാന്റിംഗ് സെന്ററുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) മദ്ധ്യവർത്തികളുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിന് suitable component for fishing gear subsidy, നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം എന്നീ പദ്ധതികൾ ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കിവരുന്നു. കൂടാതെ മത്സ്യഫെഡ് വഴി എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിക്ക് 08-06-2016-ലെ ജി.ഒ. (ആർ.ടി.) 350/16/മ.തു.വ. നമ്പർ പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ഈ പദ്ധതി വഴി മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 3333.33 ലക്ഷം രൂപ വകയിരുത്തുകയും സംഘങ്ങളിൽ മത്സ്യലേലത്തിനും വിപണന പ്രവർത്തനം വിപുലീകരിക്കുന്നതിനും പ്രവർത്തന മൂലധനമായി 1040 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) 50 ലക്ഷം രൂപ suitable component for fishing gear subsidy എന്ന പദ്ധതിക്കും 20 ലക്ഷം രൂപ നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം എന്ന പദ്ധതിക്കും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യഫെഡ് വഴിയുള്ള സംയോജിത മത്സ്യവികസനം പദ്ധതിക്ക് 2016-17-ലെ ബഡ്ജറ്റിൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ വായ്പ 1650 ലക്ഷം രൂപയും (ശീർഷകം 6405-00-195-99), ഓഹരി മൂലധനം 100 ലക്ഷം രൂപയും (ശീർഷകം 4405-00-103-98), സബ്സിഡി 200 ലക്ഷം രൂപയുമാണ് (ശീർഷകം 2405-00-800-76).

**മത്സ്യ ടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും**

232 (934) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യ ടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും ലക്ഷ്യമിട്ട് പുതുവൈപ്പിൻ ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം പൂർത്തിയായിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കായി ബഡ്ജറ്റിൽ എത്ര തുക വകയിരിത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പാരിസ്ഥിതിക പഠനം ഹൈദരാബാദിലെ വിഷൻ ലാബ്സ് വഴി നട<u>ത്തു</u>കയും പാരിസ്ഥിതിക അനുമതിക്കായും തീരദേശ നിയന്ത്രണ മേഖല അനുമതിക്കായും അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പ്രസ്തുത അപേക്ഷ പരിഗണിക്കുകയും കേന്ദ്രത്തിൽ നിന്നുള്ള അനുമതിക്കായി ഉപാധികളോടെ ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. പദ്ധതി പ്രദേശം CRZ I മേഖലയിൽ ഉൾപ്പെടുന്നതിനാൽ കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്തേണ്ടതുണ്ട്.

കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നട<u>ത്തു</u>ന്നതിനായി എറണാകുളം കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഏകദേശം 40 ഏക്കർ സ്ഥലം കണ്ടെത്തി. പ്രസ്തുത സ്ഥലം നൽകുന്നതിന് സർക്കാരിൽ നിന്ന് തത്വത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. ഇതിനാവശ്യമായ റിപ്പോർട്ടുകൾ എറണാകുളം ജില്ലാ കളക്ടർ ലാന്റ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. 15 ഏക്കറോളം സ്ഥലത്ത് കണ്ടൽക്കാടുകൾ വെച്ചുപ്പിടിപ്പിക്കുന്നതിന് അനുവാദം നൽകാൻ റവന്യൂ വകുപ്പ് ലാന്റ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും അനുമതി ലഭിച്ചു. പരിസ്ഥിതി ആഘാതപഠനം പൂർത്തിയായിട്ടുണ്ട്.

(സി) 2016-2017 സാമ്പത്തിക വർഷ ബഡ്ജറ്റിൽ ടി പദ്ധതിക്ക് 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ടി പദ്ധതിയുടെ തുടർ നടപടികൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## സംയോജിത മത്സ്യബന്ധന വികസന പദ്ധതി

233 (935) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യതൊഴിലാളികൾക്ക് മൽസ്യ വിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ നൽകുന്ന സംയോജിത മത്സ്യബന്ധന വികസന പദ്ധതി പ്രകാരം എത്ര മത്സ്യതൊഴിലാളികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു എന്ന് വിശദമാക്കാമോ; ഇതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് സംയോജിത മത്സ്യബന്ധന പദ്ധതി പ്രകാരം 2008 ജനുവരി മുതൽ ഇതുവരെ 20882 മത്സ്യത്തൊഴിലാളികൾക്ക് 4388.92 ലക്ഷം രൂപ പ്രവർത്തന മൂലധനമായും വിപണനത്തിനുമായും ചെലവാക്കിയിട്ടുണ്ട്.

## തീരസുരക്ഷ

234 (936) ശ്രീ. ബി. സത്യൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്ന് തീരസുരക്ഷയുടെ ഭാഗമായി സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകൾക്ക് പ്രത്യേക നിറം മാറ്റം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ഫിഷിങ് ബോട്ടുകളുടെ എണ്ണം എത്രയാണെന്നും അതിൽ എത്ര എണ്ണം ഇതിനകം നിറം മാറ്റിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ബോട്ടുകളുടെ നിറം മാറ്റുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോസ്റ്റ് ഗാർഡിന്റെ അഭ്യർത്ഥന പ്രകാരം തീരസുരക്ഷയുമായി ബന്ധപ്പെട്ട് 16-2-2015-ലെ സർക്കാർ ഉത്തരവ് (സാധാ) 107/15/മ.തു.വ. നം. ഉത്തരവ് പ്രകാരം കേരള തീരത്ത് പ്രവർത്തിക്കുന്നതും ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ മത്സ്യബന്ധന ബോട്ടുകൾക്ക് വീൽഹൗസിന് ഓറഞ്ച് നിറവും, ഹള്ളിന് ഡാർക്ക് ബ്ലൂ നിറവും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷനുള്ള 3994 മത്സ്യബന്ധന ബോട്ടുകളിൽ 2134 ബോട്ടുകൾക്ക് കളർ കോഡിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ബോട്ടുകളിലെ നിറം മാറ്റുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ധനസഹായം ഒന്നുംതന്നെ നൽകിയിട്ടില്ല.

**പെലാജിൽ നെറ്റുകൾ**

235 (937) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൻെറ മത്സ്യ സമ്പത്ത് ഓരോ വർഷവും കുറഞ്ഞുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലാവസ്ഥാ വ്യതിയാനത്തിനുപരി അശാസ്ത്രീയമായ മത്സ്യബന്ധനമാണ് പ്രസ്തുത കുറവിന് പ്രധാന കാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പെലാജിൽ നെറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയമംമൂലം നിരോധിച്ചിട്ടുള്ളതാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പെലാജിൽ നെറ്റുകൾ ഉപയോഗിച്ച് ചെറുമത്സ്യങ്ങൾ ഉൾപ്പെടെ പിടിച്ചെടുക്കുന്നതാണ് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതെന്ന കാര്യംപരിശോധിച്ചിട്ടുണ്ടോ;

(ഇ) കേരളത്തിൽ മൂവായിരത്തോളം ബോട്ടുകൾ പെലാജിൽ നെറ്റുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത്തരം അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെറു മത്സ്യങ്ങളുടെ അമിത ചൂഷണം, അശാസ്ത്രീയ മത്സ്യബന്ധന രീതികൾ എന്നീ കാരണങ്ങളാൽ മത്സ്യലഭ്യത കുറയുന്നു എന്നാണ് പ്രാഥമിക നിഗമനം. ഫിഷറീസ് വകുപ്പ് ഇക്കാര്യത്തിൽ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(സി) പെലാജിക് ട്രോൾ നെറ്റുകൾ ഉപയോഗിച്ചുള്ള പെലാജിക് ട്രോളിംഗും പഴ്സ് സീൻ, പെലാജിക് & മിഡ്-വാട്ടർ ട്രോൾ നെറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്.

(ഡി) ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) മത്സ്യബന്ധന യാനങ്ങൾ, നിരോധിത വലകൾ, മത്സ്യബന്ധന രീതികൾ എന്നിവ പ്രകാരം മത്സ്യബന്ധനം നടത്തുന്നതു ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് KMFR Act പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) അശാസ്ത്രീയമായി മത്സ്യബന്ധന നടത്തുന്നവർക്കെതിരെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോട്ട് ഇമ്പൗണ്ട് ചെയ്ത് പിഴ ഈടാക്കാറുണ്ട്. കൂടാതെ 14 ഇനം ചെറു മത്സ്യങ്ങളെ പിടിക്കുന്നതു തടയാൻ ഗവൺമെന്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

## തീരമൈത്രി സൂപ്പർമാർക്കറ്റുകൾ

236 (938) <u>ശ്രീ. കെ. വി.അബ്ദുൾ ഖാദർ</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ 'തീരമൈത്രി' സൂപ്പർമാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സൂപ്പർമാർക്കറ്റുകളിൽ സാധന സാമഗ്രികളുടെ വിലനിരക്ക് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) 'തീരമൈത്രി' സൂപ്പർമാർക്കറ്റുകളിൽ സാധനങ്ങൾ സബ്സിഡി നിരക്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിലുള്ള മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ വിലനിരക്ക് നിർണ്ണയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചുവരുന്ന "തീരമൈത്രി" സൂപ്പർ മാർക്കറ്റുകൾക്ക് സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ വഴി ലഭ്യമാക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ**

237 (939) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര പൊതുമേഖലാ ഓയിൽ കമ്പനികളിൽനിന്നും മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി താഴെ പറയും പ്രകാരം സബ്സിഡി മണ്ണെണ്ണ നൽകുന്നുണ്ട്.

| പി.ഡി.എസ്സ് നിരക്കിൽ നൽകുന്ന മണ്ണെണ്ണ | എഞ്ചിന്റെ കുതിര ശക്തി | പ്രതിമാസം സബ്സിഡി നിരക്കിൽ മത്സ്യഫെഡ് വഴി ലഭ്യമാക്കുന്ന മണ്ണെണ്ണയുടെ അളവ് |
|---|---|---|
| 129 ലിറ്റർ | 10 എച്ച്. പി. വരെ | 140 ലിറ്റർ |
| 136 ലിറ്റർ | 10 എച്ച്. പി. മുതൽ 15 എച്ച്. പി. വരെ | 150 ലിറ്റർ |
| 180 ലിറ്റർ | 15 എച്ച്. പി.ക്ക് മുകളിൽ | 190 ലിറ്റർ |

(ബി & സി) കേന്ദ്ര പൊതുമേഖലാ ഓയിൽ കമ്പനികളിൽനിന്നും മത്സ്യഫെഡ് വഴി വിപണന വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാകുന്നുണ്ട്.

| എഞ്ചിന്റെ കുതിര ശക്തി | പ്രതിമാസം വിപണന വിലയ്ക്ക് ലഭ്യമാക്കുന്ന മണ്ണെണ്ണയുടെ അളവ് |
|---|---|
| 10 എച്ച്. പി. വരെ | 231 ലിറ്റർ |
| 10 എച്ച്. പി. മുതൽ 15 എച്ച്. പി. വരെ | 464 ലിറ്റർ |
| 15 എച്ച്. പി. ക്ക് മുകളിൽ | 630 ലിറ്റർ |

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വെള്ള മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നതിന് ഈ വർഷം 68 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കാൻ നടപടി**

238 (940) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് മത്സ്യഫെഡ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) മണ്ഡലത്തിലെ കുളങ്ങളിലും വെള്ളക്കെട്ടുകളിലും മത്സ്യകൃഷി ചെയ്യുന്നതിന് വേണ്ട വിദഗ്ധ ഉപദേശങ്ങളും സഹായങ്ങളും കർഷകർക്ക് ലഭ്യമാകാൻ സമീപിയ്ക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും ലഭ്യമാക്കാമോ;

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് മത്സ്യഫെഡ് മുഖേന നൽകി വരുന്നത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള മത്സ്യസമൃദ്ധി പദ്ധതി ഫിഷറീസ് വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി മത്സ്യഫെഡിന് പ്രത്യേക പദ്ധതികളൊന്നും നിലവിൽ ഇല്ല. എന്നാൽ ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതിയിലൂടെ ടി നിയോജകമണ്ഡലത്തിലെ 9 ഗ്രാമപഞ്ചായത്തുകളിൽ 123.4 ഹെക്ടർ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി 364 മത്സ്യകർഷകർക്ക് 10 ലക്ഷത്തിൽ പരം മത്സ്യവിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്.

(ബി) കുളങ്ങളിലും വെള്ളക്കെട്ടുകളിലും മത്സ്യകൃഷി ചെയ്യുന്നതിന് വേണ്ട വിദഗ്ധ ഉപദേശങ്ങളും സഹായങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതിന് ശ്രീമതി ലിസി പി.ഡി., അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യവികസന കർഷക ഏജൻസി, തൃശ്ശൂർ, പാട്ടുരയ്ക്കൽ, തിരുവമ്പാടി, പി.ഒ.-680022, ഫോൺ നമ്പർ: 0487 2331132 എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ മത്സ്യസമൃദ്ധി പദ്ധതി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയിൽ മത്സ്യകർഷകർക്ക് ഗുണനിലവാരമുള്ള ചെമ്മീൻ വിത്തുകൾ മത്സ്യഫെഡിന്റെ ഹാച്ചറികളിലൂടെ വിതരണം നടത്തിവരുന്നു.

**ഉൾനാടൻ മത്സ്യബന്ധനം**

239 (941) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഏകദേശ കണക്ക് നൽകുമോ;

(ബി) ഉൾനാടൻ മത്സ്യസമ്പത്തിലുണ്ടായിട്ടുള്ള കുറവ് ഇവരുടെ ഉപജീവനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പൊതുജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും മത്സ്യകൃഷി നടത്തുന്നവരെയും പ്രത്യേകമായി സഹായിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഏകദേശ കണക്ക് 46,272 ആണ്.

(ബി) ഫിഷറീസ് വകുപ്പ് ഇതിനായി പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എങ്കിലും ഉൾനാടൻ ജലാശയങ്ങൾ വിസ്തൃതിയിലും ആഴത്തിലും ഗണ്യമായി ചുരുങ്ങുകയും നഗര-വ്യാവസായിക മാലിന്യ കൂമ്പാരങ്ങളായി മാറുകയും ചെയ്തുമൂലം ഉൾനാടൻ മത്സ്യസമ്പത്തിൽ വലിയ ശോഷണം സംഭവിച്ചിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. അത് ഉൾനാടൻ മത്സ്യത്തൊളിലാളികളുടെ ഉപജീവന സാധ്യതകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യ ഉത്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് 10-ാം സ്ഥാനമാണിന്നുള്ളത്. അടുത്ത 5 വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യ ഉത്പാദനം നിലവിലുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ജലകൃഷി വ്യാപിപ്പിക്കുന്നതിനും ഒരു ദീർഘകാല വികസന കാഴ്ചപ്പാട് രൂപപ്പെടുത്തി അടുത്ത 10 വർഷത്തേയ്ക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഒരു ദേശീയ ശില്പശാലയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംഘടിപ്പിച്ചിട്ടുണ്ട്. ടി ശില്പശാല നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു ദീർഘകാല വികസന കാഴ്ചപ്പാട് ഉൾനാടൻ മത്സ്യ ഉത്പാദനത്തിൽ ആവിഷ്കരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് നേരിട്ടും മത്സ്യസമൃദ്ധി പദ്ധതി വഴിയും ഏജൻസികളായ അഡാക്ക്, ഫിർമ മുഖേനയും പൊതുജലാശയങ്ങളിൽ മത്സ്യ/കൊഞ്ച് വിത്തുകൾ നിക്ഷേപിച്ച് വരുന്നു. മത്സ്യകൃഷി നടപ്പിലാക്കുന്നതിനായി നൂതനമത്സ്യകൃഷികളായ സമ്മിശ്ര മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, പെൻ കൾച്ചർ മുതലായ പദ്ധതികളും മോഡൽ ഫിഷ് ഫാമുകളും തയ്യാറാക്കിയിട്ടുണ്ട്.

(ഡി) മത്സ്യസമൃദ്ധി II-ന്റെ ഭാഗമായി ഉൾനാടൻ മത്സ്യത്തൊഴിലാളികളേയും മത്സ്യകൃഷി നടത്തുന്നവരേയും പ്രത്യേകമായി സഹായിക്കുന്ന തരത്തിലുള്ള ഘടക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2015-2018 വർഷത്തിൽ നടപ്പിലാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും വർഷം 5 ലക്ഷം രൂപ വീതം മൂന്ന് വർഷക്കാലയളവിലേയ്ക്ക് ആകെ 210 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഇത് മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുന്നു.

ഉൾനാടൻ മത്സ്യകൃഷി നടത്തുന്നവരെ സഹായിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II. ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ഘടകപദ്ധതിയും ധനസഹായ നിരക്കും അനുബന്ധമായി ചേർക്കുന്നു.*

അഡാക്ക് മുഖാന്തിരം ഉൾനാടൻ മത്സ്യകർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനുകീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയിഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശ്ശൂർ (100 ഹെക്ടർ), കണ്ണൂർ (300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

**പുതിയങ്ങാടി ഫിഷിംഗ് ഹാർബർ**

240 (942) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സി. ഡബ്ല്യ. പി. ആർ. എസ്.-നെ ചുമതലപ്പെടുത്തിയ മാതൃകാപഠന റിപ്പോർട്ട് എപ്പോഴേക്ക് ലഭ്യമാക്കാൻ കഴിയും;

(സി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോഴേക്ക് ആരംഭിക്കാൻ കഴിയും; ഇതിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തോടനുബന്ധിച്ചുള്ള അന്വേഷണ ഗവേഷണങ്ങൾക്ക് 65 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായ ടോപ്പോഗ്രാഫിക്കൽ സർവ്വേ, പെർമനന്റ് പോയിന്റ് സ്ഥാപിക്കൽ, സി. ഡി. വാല്യൂ സ്ഥാപിക്കൽ, ടൈഡൽ ഒബ്സർവേഷൻ, കറന്റ് മീറ്റർ ഒബ്സർവേഷൻ, ഷോർലൈൻ സർവ്വേ, ബാത്തിമെട്രിക് സർവ്വേ, ബെഡ് സാമ്പിൾ ശേഖരിക്കൽ, വാട്ടർ സാമ്പിൾ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തികൾ ചെയ്തിട്ടുണ്ട്. തുടർന്ന് മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ പൂനെയിലെ CWPRS-നെ ചുമതലപ്പെടുത്തുകയും ആയത് പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) CWPRS-ന് നൽകിയിട്ടുള്ള മാതൃകാ പഠനം പുരോഗമിച്ചുവരുന്നു. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) CWPRS-ന്റെ മാതൃകാ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം കടലിലെ ബോറിംഗ്, അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പരിസ്ഥിതി പഠനം എന്നിവ നടത്തേണ്ടതുണ്ട്. പത്ത് മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനത്തിനുശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്നതും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഭരണാനുമതി നല്കുന്നതോടെ തുകയും വകയിരുത്തുന്നതാണ്.

**മത്സ്യബന്ധന മേഖലയുടെ ആധുനികവൽക്കരണം**

241 (943) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയുടെ ആധുനികവൽക്കരണത്തിന്റെ ആവശ്യകത ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം, നാടൻ മത്സ്യബന്ധന വള്ളങ്ങളുടെ ആധുനികവൽക്കരണം എന്നിവയ്ക്കായി വാർഷിക പദ്ധതിയിൽ തുക നീക്കിവച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായി 2016-2017-ലെ ബഡ്ജറ്റിൽ 2405-00-110-98 (പി) എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

**മത്സ്യബന്ധന തുറമുഖങ്ങളുടെ വികസന പ്രവൃത്തികൾ**

242 (944) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങളിൽ നടക്കുന്ന വികസന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പതിമൂന്ന് മത്സ്യബന്ധന തുറമുഖങ്ങളുടെയും, മൂന്ന് ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും പര്യവേഷണ വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1991-ലെ CRZ വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ശേഷം എല്ലാ മത്സ്യബന്ധന തുറമുഖങ്ങൾക്കും പര്യവേഷണവും പരിസ്ഥിതി ആഘാത പഠനവും നടത്തിയാണ് അനുമതി നേടിയിട്ടുള്ളത്. മത്സ്യബന്ധന തുറമുഖങ്ങളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണത്തിന് മുന്നോടിയായി നടത്തുന്ന പര്യവേഷണ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്തശേഷം ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം, പാരിസ്ഥിതിക പഠനം എന്നിവ നടത്തി കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുമതി എന്നിവ ലഭ്യമാക്കിയ ശേഷം വിശദമായ ലേഔട്ടും പ്രോജക്ട് പ്രൊപ്പോസലും തയ്യാറാക്കി അംഗീകാരം നൽകിയാണ് പ്രവൃത്തി ആരംഭിക്കുന്നത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലെ 1991-ലെ കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ വന്നതിനുശേഷം നടപ്പിലാക്കിയ എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കിയ ശേഷമാണ് നടപ്പിലാക്കി വരുന്നത്. 1991-ന് മുമ്പ് നിർമ്മാണം ആരംഭിച്ച മത്സ്യബന്ധന തുറമുഖങ്ങൾക്ക് പരിസ്ഥിതി പഠനം ആവശ്യമില്ലായിരുന്നു.

കായംകുളം നിയോജകമണ്ഡലത്തിൽ ഒരു മത്സ്യബന്ധന തുറമുഖവും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രവുമാണ് നിലവിലുള്ളത്. ഇതിൽ കായംകുളം മത്സ്യബന്ധന തുറമുഖം മേൽ പഠനങ്ങൾക്കും അനുമതിക്കും വിധേയമായി മേയ് 2008-ൽ പൂർത്തീകരിച്ചിട്ടുണ്ട്. മുട്ടത്ത് മണ്ണേൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നിർമ്മാണ ത്തിനായി 76.05 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയതനുസരിച്ച് ജൂലൈ 2015 -ൽ പൂർത്തീകരിച്ചിട്ടുണ്ട്.

**മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ**

243 (945) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തൊഴിലാളികൾക്കുനേരെ കോസ്റ്റ്ഗാർഡ് വെടിവെച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12-1-2015-ന് 4.00 മണിയോടെ ചെറിയതുറ ബീമാപള്ളി ഭാഗത്ത് വച്ച് രാജ്യസുരക്ഷയുടെ ഭാഗമായുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ പരിശോധനയ്ക്ക് വിധേയരാകാതെ മുന്നോട്ടുപോയ "ഋഷിക" എന്ന മത്സ്യബന്ധന ബോട്ടിന് നേരേ കോസ്റ്റ് ഗാർഡ് അഡ്വാൻസ് ഫയറിംഗ് നടത്തുകയുണ്ടായി. ബോട്ടിലുണ്ടായിരുന്ന 9 പേരിൽ 2 പേർക്ക് വെടിയേൽക്കുകയും ഇവരെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും മറ്റ് 7 പേരെ കോസ്റ്റ് ഗാർഡ് ചോദ്യം ചെയ്തശേഷം വിഴിഞ്ഞം തീരദേശ പോലീസിന് കൈമാറുകയും ചെയ്തു. 13-1-2015-ന് ഉച്ചയ്ക്കുശേഷം 2.45-ന് ബോട്ടിലെ രേഖകൾ പരിശോധിക്കുന്നതിനും ബോട്ടിലെ മത്സ്യത്തിന്റെ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനുമായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ വിഴിഞ്ഞത്തിന് കൈമാറി പരസ്യലേലം നടത്തി തുക (40,100 രൂപ) ട്രഷറിയിൽ അടയ്ക്കുകയും രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്തിതിനാൽ KMFR ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച്, 50,000 രൂപ പിഴ ഈടാക്കി, ബോട്ട് വിട്ടുനൽകുകയും ചെയ്തു.

(സി) കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി യന്ത്രവത്കൃത ബോട്ടുകൾ വാടകയ്ക്കെടുത്ത് 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്തിവരുന്നു. രക്ഷാപ്രവർത്തനങ്ങൾക്കായി റസ്ക്യൂ ഗാർഡുമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പോലീസ് സൂപ്രണ്ടും 60 പോലീസുകാരും ഉൾപ്പെട്ട മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം 5 ഫിഷറീസ് സ്റ്റേഷനുകളിലും പ്രവർത്തിച്ചുവരുന്നു. ലൈഫ് ബോയ്, ബീക്കൺ ഉൾപ്പടെയുള്ള സുരക്ഷാ കിറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു. തീരപ്രദേശങ്ങളിൽ രാജ്യസുരക്ഷയുടെയും കടൽ സുരക്ഷയുടെയും ഭാഗമായി മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും മത്സ്യബന്ധനത്തിനു പോകുമ്പോൾ കൈയിൽ സൂക്ഷിക്കേണ്ട രേഖകളെക്കുറിച്ചും ജീവൻരക്ഷാ ഉപകരണങ്ങൾ യാനങ്ങളിൽ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ചും മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

## പാണ്ഡ്യാലക്കടവ് പാലം

244 (946) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിനെ കണ്ണൂർ ജില്ലയിലെ രാമന്തളിയുമായി ബന്ധിപ്പിച്ച് പാണ്ഡ്യാലക്കടവിൽ പാലം നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാർ കാലത്ത്, നബാർഡ് മുഖേന എ.എസ്. ലഭിച്ച ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി നടപ്പിൽ വന്നാൽ ദ്വീപ് പഞ്ചായത്തായ വലിയ പറമ്പിലെ ജനങ്ങളുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കപ്പെടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ & ബി) കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF-XVI-ൽ ഉൾപ്പെടുത്തി നൽകിയിരുന്നു.

അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലം എം.എൽ.എ., പഞ്ചായത്ത് അധികൃതർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിനു പകരം ഒരു സിംഗിൾ

ലെയിൻ ബ്രിഡ്ജ് ആണ് ആവശ്യമെന്ന് അറിയിക്കുകയുണ്ടായി. അതനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ പുതുക്കിയ എസ്റ്റിമേറ്റ് നബാർഡിന് സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ലഭ്യമായിട്ടില്ല. തുടർന്ന് ടി പദ്ധതിയുടെ രൂപരേഖ RIDF XIX, XX, XXI-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി നബാർഡിന് സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ല. ടി പദ്ധതിക്ക് നബാർഡിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

(സി) ഉണ്ട്.

**തീരദേശനിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ**

245 (947) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ നിയന്ത്രണ നിയമത്തിലെ ചില വ്യവസ്ഥകൾമൂലം തീരപ്രദേശത്തുള്ളവർക്ക് ഭവന നിർമ്മാണത്തിനും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. തീരദേശ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ ഫലമായി കേന്ദ്ര സർക്കാർ ഡോ. ഷൈലേഷ് നായക് സമിതിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത സമിതി 2014-ൽ കേരളത്തിൽ വരികയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. സമിതി റിപ്പോർട്ട് പൂർത്തിയാക്കി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി അതിന്മേൽ തീരുമാനമായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14-6-2016-ന് കേന്ദ്ര പരിസ്ഥിതി മന്ത്രിയെ നേരിൽ കണ്ട് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് ഇളവുകൾ അനുവദിക്കുവാൻ ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം പ്രാബല്യത്തിൽ വന്ന് ഒരു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതായിരുന്നെങ്കിലും കേരളത്തിന്റെ കോസ്റ്റൽ

സോൺ മാനേജ്മെന്റ് പ്ലാനിന് ഇതുവരെയും അനുമതി ലഭിച്ചില്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിന് പുറമേ നമ്മുടെ തീരദേശത്തിന്റെ സവിശേഷതകളും CRZ നിയമം മൂലം മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള തീരദേശ ജനത നേരിടുന്ന പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്നതിന് ഓരോ തീരപ്രദേശത്തിനും അനുയോജ്യമായ ഒരു സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ (Integrated Coastal Zone Management Plan) കൂടി തയ്യാറാക്കി കേന്ദ്ര അനുമതി തേടേണ്ടതുണ്ടെന്നും അതിൽ സംസ്ഥാനത്തിന് ആവശ്യമായ ഇളവുകൾ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കാനാകുമെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രി ചർച്ചാവേളയിൽ അറിയിക്കുകയുണ്ടായി. സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ഒരു സൊസൈറ്റി രൂപീകരിച്ചെങ്കിലും മറ്റ് യാതൊരു വിധ നടപടികളും പ്ലാൻ തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടില്ലായെന്ന് മനസ്സിലാക്കി, കേരളത്തിന്റെ തീരപ്രദേശത്തിന്റെ സൂക്ഷ്മതല സവിശേഷതകൾ ഉൾക്കൊണ്ടു കൊണ്ടും മത്സ്യത്തൊഴിലാളികളും മറ്റ് തീരദേശ ജനവിഭാഗങ്ങളും നേരിടുന്ന പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്ന തരത്തിൽ സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ ആവിഷ്ക്കരിക്കുന്നതിന് ഒരു സമീപനരേഖ തയ്യാറാക്കുവാൻ ഫിഷറീസ് വകുപ്പ് മുൻകൈയെടുത്ത് ഒരു ദേശീയ ശില്പശാല 10-8-2016, 11-8-2016 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. ടി ശില്പശാലയുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമീപനരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## മത്സ്യത്തൊഴിലാളി ക്ഷേമം

246 (948) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്രവിഹിതം കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ രണ്ടുവർഷം സംസ്ഥാനം ആവശ്യപ്പെട്ട തുകയിൽ എത്ര രൂപയാണ് കേന്ദ്രവിഹിതമായി ലഭിച്ചത്;

(സി) സംസ്ഥാനത്തെ മത്സ്യമേഖലയെ കേന്ദ്രം അവഗണിക്കുന്നതായ പരാതി പരിഹരിക്കുവാൻ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ സമ്പാദ്യ സമാശ്വാസ പദ്ധതി, ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി, ഭവന നിർമ്മാണ പദ്ധതി എന്നിവയ്ക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കഴിഞ്ഞ രണ്ട് വർഷം ലഭ്യമായ കേന്ദ്രവിഹിതം സംബന്ധിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) മത്സ്യമേഖലയിലെ കേന്ദ്രസർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു നിവേദനം ബഹുമാനപ്പെട്ട കേന്ദ്ര കൃഷിമന്ത്രിക്ക് 14-6-2016-ലും 2-9-2016-ലും സമർപ്പിക്കുകയുണ്ടായി. ഇതിൽ ആഴക്കടൽ മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് 50% സബ്സിഡിയോടു കൂടി ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്നതിനും സംസ്ഥാനത്തിന്റെ അധികാര പരിധി 36 നോട്ടിക്കൽ മൈൽ ആക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ആവശ്യമായ മണ്ണെണ്ണ വിഹിതം നൽകുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതികളായ ഭവന നിർമ്മാണ പദ്ധതിയുടേയും സമ്പാദ്യ സമാശ്വാസ പദ്ധതിയുടേയും ധനസഹായ തുക വർദ്ധിപ്പിക്കുന്നതിനും തീരദേശ റോഡുകളുടെ നിർമ്മാണത്തിനുള്ള ധനസഹായത്തിനും കടലാക്രമണത്തെ പ്രകൃതി ദുരന്തത്തിൽ ഉൾപ്പെടുത്തുന്നതിനും സംസ്ഥാനത്ത് ഡ്രഡ്ജറുകൾ വാങ്ങുന്നതിന് ധനസഹായത്തിനും മത്സ്യകർഷകർക്ക് കൃഷിക്കും നൽകുന്ന പോലെ കുറഞ്ഞ പലിശ നിരക്കിൽ ബാങ്കുകളിൽനിന്നും ലോൺ ലഭ്യമാക്കുന്നതിനും ഉൾനാടൻ മേഖലയിലെ പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടാണ് ടി നിവേദനങ്ങൾ നൽകിയത്. ഇതിനെതുടർന്ന് സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ധനസഹായ തുക 2700-ൽനിന്ന് 4500 രൂപയായും ഭവന നിർമ്മാണ യൂണിറ്റ് കോസ്റ്റ് 75,000 രൂപയിൽനിന്ന് 1,20,000 രൂപയായും വർദ്ധിപ്പിച്ച് ലഭിച്ചിട്ടുണ്ട്. കൂടാതെ ഉൾനാടൻ മേഖലയിലെ പദ്ധതികളായ മത്സ്യക്കുളം നിർമ്മാണം/പുനരുദ്ധാരണം, നൂതന മത്സ്യകൃഷി രീതികൾ എന്നിവയുടെ യൂണിറ്റ് കോസ്റ്റും വർദ്ധിപ്പിച്ച് 2016-2017-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചെങ്കിലും മൊത്തം അനുവദിച്ച യൂണിറ്റുകളുടെ എണ്ണത്തിൽ കേന്ദ്ര സർക്കാർ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. ഈ പ്രശ്നവും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ്

247 (949) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസിനായി എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസിനായി എത്ര തുകയാണ് വേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-2015 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിക്കായി 2405-00-800-82 (പ്ലാൻ) ശീർഷകത്തിൽ 690 ലക്ഷം രൂപയും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിക്കായി 2405-00-800-50 (പ്ലാൻ) ശീർഷകത്തിൽ 100 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,33,121 മത്സ്യത്തൊഴിലാളികളെയും 77,694 അനുബന്ധ മത്സ്യത്തൊഴിലാളികളെയും ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനായി ആളൊന്നിന് 145+14.50% സർവ്വീസ് ടാക്സും ചേർത്ത് ആകെ 5,16,03,139 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിലുള്ള ഇൻഷ്വറൻസിന്റെ കാലാവധി 16-12-2016-നാണ് അവസാനിക്കുന്നത്. ഓരോ വർഷവും ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗുണഭോക്താക്കളിൽ നിന്നും പ്രീമിയം തുക ഒന്നും ഈടാക്കുന്നതല്ല.

## പ്രകൃതിക്ഷോഭത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം

248 (950) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രകൃതിക്ഷോഭത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭത്തിൽപ്പെട്ട് മത്സ്യബന്ധന ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളികൾക്ക് ചുവടെപ്പറയും പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ 11 മത്സ്യത്തൊഴിലാളികൾക്ക് 87,500 രൂപയും കൊല്ലം ജില്ലയിൽ 10 മത്സ്യത്തൊഴിലാളികൾക്ക് 81,500 രൂപയും ജില്ലാ കളക്ടറുടെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിക്ഷോഭംമൂലം വള്ളവും വലയും നഷ്ടപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കും ഗ്രൂപ്പ് ഒന്നിന് പരമാവധി ഒരു ലക്ഷം രൂപ വീതം നൽകാൻ കാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്. ടി ധനസഹായം നൽകാനുള്ള നടപടികൾ തുടർന്നുവരുന്നു. കൂടാതെ വള്ളവും വലയും നഷ്ടപ്പെട്ട ഗ്രൂപ്പുകൾക്ക് മത്സ്യഫെഡ് വഴി വള്ളവും വലയും നൽകുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഭാവിയിൽ ദുരന്തത്തിനിരയായി മത്സ്യബന്ധനോപാധികളും യാനങ്ങളും നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുവാൻ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുവാൻ ആലോചിച്ചുവരുന്നു.

**പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾ**

249 (951) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എത്ര രൂപ വരെയാണ് ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം നൽകുന്ന പദ്ധതിക്ക് ഫിഷറീസ് വകുപ്പ് രൂപം നൽകിയിട്ടില്ല. നിലവിൽ പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും എൻജിനും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നത് ജില്ലാ കളക്ടർ മുഖേനയാണ്. കൂടാതെ പ്രകൃതിക്ഷോഭംമൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബോർഡ് മുഖേന ചെയർമാൻസ് റിലീഫ് സ്കീം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്പോൾ മഴക്കാല കെടുതികളിൽപ്പെട്ട് മത്സ്യബന്ധന യാനങ്ങളും മത്സ്യബന്ധനോപാധികളും നഷ്ടപ്പെട്ട എല്ലാ മത്സ്യബന്ധന ഗ്രൂപ്പുകൾക്കും ഗ്രൂപ്പ് ഒന്നിന് പരമാവധി 1,00,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. അപ്രകാരം ധനസഹായം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എല്ലാവിധ ദുരന്തങ്ങളിലുംപെട്ട് മത്സ്യബന്ധന യാനങ്ങളും മത്സ്യബന്ധനോപാധികളും നഷ്ടപ്പെടുന്നതിന് നഷ്ടപരിഹാരം അനുവദിക്കുവാൻ പര്യാപ്തമായ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുക്കുന്നതിനും സർക്കാർ ആലോചിച്ചുവരികയാണ്.

(ബി) പ്രകൃതിദുരന്തത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് State Disaster Response Fund പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ താഴെപ്പറയും പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

1. ഭാഗികമായി നശിക്കുന്ന ബോട്ടുകൾക്ക് 4,100 രൂപ

2. ഭാഗികമായി നശിക്കുന്ന വലകൾക്ക് 2,100 രൂപ

3. പൂർണ്ണമായും നശിച്ച ബോട്ടുകൾക്ക് 9,600 രൂപ

4. പൂർണ്ണമായും നശിച്ച വലകൾക്ക് 2,600 രൂപ

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം 500 രൂപ മുതൽ 5,000 രൂപ വരെ, അപകടത്തിന്റെ/ദുരിതത്തിന്റെ തീവ്രത അനുസരിച്ച് അനുവദിക്കുന്നുണ്ട്.

(സി) പ്രകൃതി ദുരന്തത്തിൽ ഉണ്ടായ നഷ്ടം കണക്കാക്കി ജില്ലാ ഫിഷറീസ് ഓഫീസർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ തുക അനുവദിക്കുന്നത്. അപകടങ്ങളെപ്പറ്റിയും നാശനഷ്ടങ്ങളെ പ്പറ്റിയുമുള്ള വിവരങ്ങൾ ലഭിച്ചാലുടനെ തന്നെ ബന്ധപ്പെട്ട കേരള

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിച്ച് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായത്തുക അടിയന്തര സന്ദർഭങ്ങളോടനുബന്ധിച്ച് ഉടനടി വിതരണം ചെയ്യാൻ പറ്റാതെ വരുന്ന സന്ദർഭങ്ങളിൽ നിശ്ചിത ഫോറത്തിൽ അപേക്ഷ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നുണ്ട്.

**നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ**

250 (952) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം മിനി ഫിഷിങ് ഹാർബറിലേക്കുള്ള റോഡിന്റെയും അനുബന്ധഘടകങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലമെടുപ്പ് സംബന്ധിച്ച വിജ്ഞാപനത്തിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ബി) പ്രസ്തുത കാലാവധിക്കുള്ളിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുമോ;

(സി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) വിജ്ഞാപനം എന്നാണ് പുറപ്പെടുവിച്ചിരുന്നത്;

(ഇ) വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ പുനർ വിജ്ഞാപനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 1894-ലെ സ്ഥലമെടുപ്പ് ആക്ട് 4-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി 30-11-2013-ലാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ടി നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ തയ്യാറാക്കേണ്ടതാണ്.

(ബി) സാധിച്ചില്ല.

(സി) റവന്യൂ വകുപ്പിൽനിന്നും സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന നടപടി താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ ആരംഭിച്ചപ്പോൾ സ്ഥലവാസികൾ ജോലി തടസ്സപ്പെടുത്തുകയും അവിടെനിന്ന് ഒഴിഞ്ഞുപോകാൻ സമ്മതമല്ലെന്ന് വാക്കാൽ

അറിയിക്കുകയും ചെയ്യുകയുണ്ടായി. 5-2-2013-ന് മുൻ ഫിഷറീസ് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന മീറ്റിംഗിൽ ആദ്യഘട്ടമായി അഡ്വാൻസ് പൊസഷനിൽ സ്ഥലം വിട്ടുനൽകാൻ തയ്യാറായിട്ടുള്ള വസ്തു ഉടമകളിൽ നിന്നും സ്ഥലം ഏറ്റെടുക്കാനും നിലവിലുള്ള റോഡ് വികസിപ്പിക്കുന്നതിന് രണ്ടാം ഘട്ടമായി വീട് നിൽക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തുവാനും തീരുമാനിച്ചു. 17-5-2013-ൽ ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗ തീരുമാനപ്രകാരം 4-9-2013-ലെ ജി. ഒ. (ആർ. റ്റി.) 537/2013/ആർ.ഡി. പ്രകാരം നെഗോഷ്യബിൾ പർച്ചേസ് മുഖേന 130.6 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് 11-9-2015-ലെ ജി. ഒ.(ആർ. റ്റി.) 750/15/ മ. ു. വ. പ്രകാരം ടി ഭൂമി അക്വയർ ചെയ്യുന്നതിന് 10 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിക്കേണ്ടതുണ്ട്.

(ഡി) 30-11-2013-ലാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) ഇല്ല. പുനർവിജ്ഞാപനം ആവശ്യമായി വരികയാണെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വടകര സാന്റ് ബാഗ്സ്

251 (953) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര സാന്റ് ബാഗ്സിൽ ഹാർബർ എബിനീയറിംഗിങ്ങിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ പ്രവൃത്തിയാണ് അവിടെ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഏകദേശം 79 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് വടകര സാന്റ് ബാഗ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ളത്. ഇതിന്റെ ഫൈനൽ ബിൽ തയ്യാറാക്കിയാൽ മാത്രമേ കൃത്യമായ തുക അറിയുവാൻ സാധിക്കുകയുള്ളൂ.

## തീരദേശ റോഡ് നവീകരണ പദ്ധതി

252 (954) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇപ്പോൾ തീരദേശ റോഡ് നവീകരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വക്കം, ചെറുന്നിയൂർ, മണമ്പൂർ ഗ്രാമപഞ്ചായത്തുകളിലായി വരുന്ന ഏതെല്ലാം റോഡുകൾ പ്രസ്തുത റോഡ് നവീകരണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ 2016-17 വർഷത്തിൽ തീരദേശ റോഡ് നവീകരണ പദ്ധതിയിൽ വക്കം, ചെറുന്നിയൂർ, മണമ്പൂർ ഗ്രാമപഞ്ചായത്തുകളിലായി താഴെപ്പറയുന്ന റോഡുകൾ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള റോഡുകളുടെ ലിസ്റ്റ് സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്:

1. വക്കം പഞ്ചായത്തിലെ ഗാന്ധിമുക്ക് കോടമ്പള്ളി റോഡ്

2. ചെറുന്നിയൂർ പഞ്ചായത്തിലെ ചെറുന്നിയൂർ-അയന്തിയിൽ-വള്ളൂർ റോഡ്

3. മണമ്പൂർ പഞ്ചായത്തിലെ നാട്ടന്നൂർ ജംഗ്ഷൻ - മാമണ്ണൂർക്കം റോഡ്

(ബി) മേൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും അതിനെ തുടർന്ന് ടെണ്ടർ നടപടികൾ പാലിച്ച് കഴിയുംവേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതുമാണ്.

## ഹാർബർ എഞ്ചിനീയറിംഗിനു കീഴിൽ അനുവദിച്ച റോഡുകൾ

253 (955) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഹാർബർ എഞ്ചിനീയറിംഗിനു കീഴിൽ അനുവദിച്ച പുതിയ റോഡുകളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗിനു കീഴിൽ പുതിയ റോഡുകൾ നിർമ്മിക്കാൻ പ്രൊപ്പോസൽ കിട്ടിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റോഡുകളാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഭരണാനുമതി എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗിന്റെ കീഴിൽ 113 റോഡുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാനുള്ള ലിസ്റ്റ് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഇല്ല.

(സി) ബാധകമല്ല.

**മറ്റ് സംസ്ഥാനങ്ങളിൽ കശുമാവിൻ കൃഷി നടത്താൻ നടപടി**

254 (956) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടി ലഭ്യത ഉറപ്പാക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ കശുമാവിൻ കൃഷി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും സംസ്ഥാനവുമായി ഇതിനകം ധാരണയായിട്ടുണ്ടോ; എങ്കിൽ ഏതു സംസ്ഥാനവുമായി;

(സി) എത്ര ഹെക്ടർ സ്ഥലത്താണ് ഈ വിധം കൃഷി ഇറക്കാൻ ഉദ്ദേശിക്കുന്നത്; എന്തുകൊണ്ടാണ് സംസ്ഥാനത്തിനുപുറത്ത് ഈ കൃഷി ഇറക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി എത്ര തുക വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ പദ്ധതികൊണ്ട് പ്രധാനമായും ലക്ഷ്യംവെക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ധാരണയായിട്ടില്ല. ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള ഒരു പദ്ധതി നിർദ്ദേശം അവിടത്തെ കൃഷി മന്ത്രിയുമായും മുഖ്യമന്ത്രിയുമായും ചർച്ച ചെയ്തുവരുന്നു.

(സി) 50,000 ഹെക്ടർ സ്ഥലമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ സ്ഥല ദൗർലഭ്യമാണ് കാരണം.

(ഡി & ഇ) സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനായി ഒരു വർഷം 6 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ആവശ്യമാണ്. എന്നാൽ ലഭിക്കുന്നത് വെറും 80,000 മെട്രിക് ടൺ മാത്രവും. ഈ അന്തരം കശുവണ്ടി മേഖലയെ വൻ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയെന്നത് ഈ വ്യവസായത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. കേരളത്തിൽ കശുമാവ് കൃഷിക്ക് അനുയോജ്യമായ സ്ഥലം വലിയ അളവിൽ ലഭ്യമാകാത്തത് ഇതര സംസ്ഥാനങ്ങളിൽ ടി കൃഷിക്ക് സ്ഥലം അന്വേഷിക്കുന്നതിന് കാരണമായിട്ടുണ്ട്. ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ അക്കാര്യത്തിന് ഊന്നൽ നൽകുകയും ചെയ്തു. ഇതിനുവേണ്ടി വിനിയോഗിക്കാനുദ്ദേശിക്കുന്ന തുക സംബന്ധിച്ച് സ്ഥലം ലഭ്യമായതിനുശേഷം തീരുമാനിക്കുന്നതാണ്.

## കശുമാവ് കൃഷി

255 (957) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ കശുമാവ് കൃഷിചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു വർഷം എത്ര ടൺ കശുവണ്ടിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്;

(സി) കശുവണ്ടിവികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ഫാക്ടറികൾ ഒരു വർഷം പ്രവർത്തിക്കുവാൻ എത്ര ടൺ കശുവണ്ടി ആവശ്യമുണ്ട്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന് പുറത്ത് കശുമാവ് കൃഷിക്കായി സ്ഥലം പാട്ടത്തിന് എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-2016-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 84530 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തു വരുന്നുണ്ട്.

(ബി) ഏകദേശം 80,000 മെട്രിക് ടൺ

(സി) ഏകദേശം 55,000 മെട്രിക് ടൺ

(ഡി) ഉണ്ട്. ആന്ധ്രാപ്രദേശ് സർക്കാരിനോട് കശുമാവ് കൃഷി ചെയ്യുന്നതിനായി സ്ഥലം പാട്ടത്തിന് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ചർച്ച തുടർന്നുവരുന്നു.

**കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

256 (958) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ തുറന്നതുമൂലം എത്ര തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമായി എന്ന് വ്യക്തമാക്കാമോ;

(ബി) കശുവണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കശുമാവു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമേ?

ഉത്തരം

(എ) കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുറന്നതുമൂലം 18000 തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമായി.

(ബി) കശുവണ്ടിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സമയബന്ധിതമായി കശുവണ്ടി സീസണുകളിൽ ആയത് സംഭരിക്കേണ്ടതുണ്ട്. നിലവിലുള്ള ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് ചില തടസ്സങ്ങൾ നേരിട്ട സാഹചര്യത്തിൽ സുതാര്യമായി മത്സരാധിഷ്ഠിതമായ മാർഗ്ഗത്തിലൂടെ ചെറുകിട ഉല്പാദകരെയും ഉൾപ്പെടുത്തി ഒരു വാങ്ങൽ നയം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കശുവണ്ടിയുടെ സിംഹഭാഗവും

ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ സീസൺ അനുസരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികൾ ഏകജാലകാടിസ്ഥാനത്തിൽ നടത്താൻ ഒരു എസ്.പി.വി. രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. ബാങ്കുകളിൽ നിന്ന് യഥാസമയം വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ ലഭ്യമാക്കുന്നതിലേയ്ക്ക് നിലവിലുള്ള ലോണുകൾ ഒ. റ്റി. എസ്. ആയി തിരിച്ചടച്ച് പുതിയ ബാങ്ക് ഫിനാൻസിംഗ് ഫെസിലിറ്റി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. കൂടാതെ കുറഞ്ഞ വിലയ്ക്ക് ടാൻസാനിയയിൽ നിന്നും തോട്ടണ്ടി നേരിട്ട് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, മുറ്റത്തൊരു കശുമാവ് എന്ന പദ്ധതിയിൽ കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതി, സ്കൂളുകൾ, കോളേജുകൾ മുതലായവരെ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തു വരുന്നു. കേരളത്തിലെ സ്ഥലദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## കശുവണ്ടി ഫാക്ടറികൾ

257 (959) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) തോട്ടണ്ടിയുടെ സമാഹരണത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള 40 ഫാക്ടറികൾ ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഇതിനകം തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു

പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു. ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രിയും ബഹു. മുഖ്യമന്ത്രിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചുചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽനിന്നും തന്നെ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയാണ്. ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

(ബി) കശുവണ്ടി വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ആവശ്യത്തിന് തോട്ടണ്ടി ലഭ്യമല്ല എന്നുള്ളതാണ്. തോട്ടണ്ടി ലഭ്യമാക്കുന്നതിനായി രണ്ട് മാർഗ്ഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്.

1. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക.

2. ഇറക്കുമതി കൂട്ടുക.

ഇറക്കുമതി പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഒരു SPV രൂപീകരിക്കുന്ന വിഷയം ഗവൺമെന്റ് പരിഗണിച്ചുവരുന്നു.

കുറഞ്ഞ വിലയ്ക്ക് മേന്മയേറിയ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി കോർപ്പറേഷൻ മേധാവികളും സർക്കാർ ഉദ്യോഗസ്ഥരും അടങ്ങിയ ഒരു ടീമിനെ തോട്ടണ്ടി ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന ഹാർബർ എഞ്ചിനീയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, കാപ്പക്സ് മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു ടീമിനെ താമസിയാതെ ടാൻസാനിയയിലേക്ക് അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി)ചെറുകിട/വൻകിട വ്യവസായികളുമായി വകുപ്പുമന്ത്രിയും ബഹു. മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ രംഗത്തെ പ്രതിസന്ധി ചർച്ച ചെയ്തു. സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടിയ ഫാക്ടറി ഉടമകളുടെ ലോണുകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ചും നിലവിലുള്ള വായ്പകൾ റീ-ഷെഡ്യൂൾ ചെയ്യുന്നതിനേക്കുറിച്ചും പുതിയ വായ്പകൾ അനുവദിക്കുന്നതിനെക്കുറിച്ചും ആലോചിച്ചുവരുന്നു. ഇതിനായി രൂപീകരിക്കപ്പെട്ട സർക്കാർ പ്രതിനിധികളും ബാങ്ക് പ്രതിനിധികളുമടങ്ങിയ എംപവേർഡ് കമ്മിറ്റി സജീവമായി ഇക്കാര്യം പരിഗണിച്ചുവരികയാണ്. തോട്ടണ്ടി ലഭ്യമാക്കുന്നതിന് ഒരു ദീർഘകാല

പദ്ധതിയായി ഒരു കൺസോർഷ്യം രൂപീകരിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്.

**കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി**

258 (960) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതിതോട്ടണ്ടിക്കുമേൽ കേന്ദ്ര ഗവൺമെന്റ് ചുമത്തിയിട്ടുള്ള ഇറക്കുമതി ചുങ്കം എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ ഇറക്കുമതി ചുങ്കം കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇറക്കുമതി ചുങ്കത്തിലുണ്ടായ വർദ്ധനവ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തിലെ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് അനുയോജ്യ കാലാവസ്ഥയുള്ള ഇതര സംസ്ഥാനങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) ഇറക്കുമതി ചുങ്കം 9.36 ശതമാനമാണ്. അധികരിച്ച ഈ ചുങ്കം കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കസ്റ്റംസ് ഡ്യൂട്ടി-5 ശതമാനം, സ്പെഷ്യൽ അഡീഷണൽ ഡ്യൂട്ടി-4 ശതമാനം, സെസ് 0.36 ശതമാനം എന്നീ രീതിയിലാണ് തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ തോട്ടണ്ടിയുടെ വില വർദ്ധിപ്പിച്ചതോടൊപ്പം ഇറക്കുമതി ചുങ്കത്തിലുണ്ടായ വർദ്ധനവും കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതി ചുങ്കം കുറയ്ക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(സി) തയ്യാറാക്കിയിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ 50,000 ഹെക്ടർ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള പദ്ധതി ആന്ധ്രാപ്രദേശ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**തോട്ടണ്ടിയുടെ ദൗർലഭ്യം**

259 (961) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്നത് തിരിച്ചറിഞ്ഞ് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുമോ; വിശദമാക്കുമോ;

(ബി) തോട്ടണ്ടിയുടെ വില വർദ്ധനവിന് ആധാരമായ കാരണങ്ങൾ വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതിച്ചുങ്കംമൂലം തോട്ടണ്ടിയുടെ വില വൻതോതിൽ വർദ്ധിക്കാനിടയായിട്ടുണ്ടോയെന്നും എങ്കിൽ ഇതിന്റെ പ്രത്യാഘാതങ്ങളും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. സംസ്ഥാനത്തെ ഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ തോട്ടണ്ടിയുടെ 15 ശതമാനമേ ആഭ്യന്തര ഉല്പാദനത്തിൽനിന്നും ലഭിക്കുന്നുള്ളൂ എന്നതാണ് ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം. കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദന വർദ്ധനവ് എന്ന ലക്ഷ്യം മുൻനിർത്തി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി എന്ന പേരിൽ സർക്കാർ ഒരു ഏജൻസി 2007-ൽ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം 1.5 ലക്ഷം മെട്രിക് ടണ്ണിൽ എത്തിക്കുക എന്നതാണ് ഈ ഏജൻസിയുടെ ലക്ഷ്യം. അതിനായി കർഷകർക്ക് സൗജന്യ നിരക്കിൽ കശുമാവ് തൈ വിതരണവും സബ്സിഡിയും നൽകിവരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വകാര്യ മേഖലയിലുള്ള തരിശുഭൂമിയിലും ഇതര സംസ്ഥാനങ്ങളിലും കശുമാവ് കൃഷി ചെയ്യാനുള്ള നടപടികളും നടന്നുവരുന്നുണ്ട്.

(ബി) തോട്ടണ്ടിയുടെ വില വർദ്ധനവിന് പ്രധാന കാരണം കശുവണ്ടി ലഭ്യതക്കുറവാണ്. വിദേശ വ്യാപാര നയങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യവസായികൾ അല്ലാത്ത ചില ഇടനിലക്കാർ തോട്ടണ്ടി ഇറക്കുമതിയിൽ ഉൾപ്പെടുന്നുവെന്നതും വില വർദ്ധനയ്ക്ക് കാരണമാണ്. വളരെയധികം വ്യവസായികൾ ഈ മേഖലയിലേയ്ക്ക് കടന്നുവന്നതുമൂലം കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടിക്ക് ദൗർലഭ്യം നേരിടുന്നുണ്ട്. മാത്രമല്ല കശുവണ്ടി ഉല്പാദക രാജ്യങ്ങളിൽ കൂടുതലായി ഫാക്ടറികൾ സ്ഥാപിച്ചതുമൂലം ഇറക്കുമതി ചെയ്യാവുന്ന കശുവണ്ടിയിൽ കുറവ് വന്നിരിക്കുകയാണ്. ഇത് വില വർദ്ധനവിന് കാരണമായി. ഇപ്പോൾ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കവും വില വർദ്ധനവിന് കാരണമാണ്.

(സി) 9.36% ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്. തോട്ടണ്ടിയുടെ വില വർദ്ധിക്കുന്നതിന് ആനുപാതികമായി പരിപ്പിന് വില ലഭ്യമാകാത്തത് കശുവണ്ടി വ്യവസായത്തെ നഷ്ടത്തിലേയ്ക്ക് നയിക്കുന്നതും പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള കശുവണ്ടി വ്യവസായം തകരുന്നതിനും ഇടയാകും. കൂടാതെ 98% സ്ത്രീകൾ ജോലി ചെയ്യുന്ന 3 ലക്ഷം തൊഴിലവസരങ്ങൾ ഇല്ലാതാകും.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

# II അറിയിപ്പ്

## ഒരേ വിഷയത്തിന്മേലുള്ള അടിയന്തരപ്രമേയാവതരണം

<u>മി. സ്പീക്കർ</u>: റൂൾ 50 പ്രകാരമുള്ള നോട്ടീസ് എടുക്കുന്നതിനുമുമ്പ് ചെയറിന് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ചട്ടം 52- പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേൽ നിയന്ത്രണങ്ങൾ.-

പൊതുപ്രാധാന്യമർഹിക്കുന്നതും നിയതവും ആയ അടിയന്തര സംഗതിയുടെ ചർച്ചയ്ക്ക് സഭ നിറുത്തിവയ്ക്കുന്നതിന് പ്രമേയം അവതരിപ്പിക്കുവാനുള്ള അവകാശം ഇനിപ്പറയുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.

അതായത്:-

(i) ഒരേ യോഗത്തിൽ അങ്ങനെയുള്ള ഒന്നിലധികം പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ പാടില്ല;

(iv) ഒരേ സമ്മേളനത്തിൽ ചർച്ച ചെയ്ത ഒരേ സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയം വഴി പുനരാരംഭിക്കാൻ പാടില്ല ;

ചട്ടപ്രകാരം മാത്രമേ ചെയറിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ എന്ന് അംഗങ്ങൾ ഓർമ്മിക്കുന്നത് നന്നായിരിക്കും.

ഈ സഭാസമ്മേളനം ആരംഭിച്ചതുമുതൽ ഒരേ വിഷയത്തിന്മേൽ ...... (ബഹളം)..... ചെയറിന്റെ നിലപാടാണ് പറയുന്നത്. ഞാൻ പറഞ്ഞുവരുന്നത് പൂർത്തീകരിക്കാൻ അനുവദിക്കു. ചട്ടമാണ് ഞാൻ ഉദ്ധരിക്കുന്നത്, ചട്ടം ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. ...........(ബഹളം)..... ഒരേ വിഷയത്തിന്മേൽ നാലാമത്തെ തവണയാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്. അത് ആശാസ്യകരമായ കാര്യമല്ല എന്ന് സഭയെ അറിയിക്കുന്നു. എങ്കിലും ചെയർ അടിയന്തരപ്രമേയത്തിന് അനുമതി നൽകുകയാണ്.

റൂൾ 50..............(ബഹളം)...........ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. സഭാ നടപടിക്രമങ്ങളുടെ ചട്ടങ്ങൾ ഓർമ്മപ്പെടുത്തുകയാണ് ചെയ്തത്. ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. നടപടിക്രമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയ

മായിട്ടാണ് സഭയുടെ നടത്തിപ്പ് എന്ന് എല്ലാവരും ഓർമ്മിക്കുന്നത് നല്ലതാണ്. ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. ............(ബഹളം)........... പ്ലീസ്....... പ്ലീസ്........... ഈ ചട്ടം ഓർമ്മപ്പെടുത്തിക്കൊണ്ട് അടിയന്തരപ്രമേയത്തിന് അനുമതി നൽകുകയാണ്. പ്ലീസ്.......പ്ലീസ്............

# III അടിയന്തരപ്രമേയം

## സ്വാശ്രയ വിദ്യാഭ്യാസ കൊള്ള

മി. സ്പീക്കർ: സ്വാശ്രയ വിദ്യാഭ്യാസ കൊള്ളയ്ക്കെതിരെ നിയമസഭാ കവാടത്തിൽ എം. എൽ. എ. മാർ ആരംഭിച്ച നിരാഹാരസമരം രണ്ടാം ദിവസത്തിലേയ്ക്ക് കടക്കുകയാണ്. സംയുക്ത കൗൺസിലിംഗ് അനുവദിച്ച ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകാതെയും കേസ് സുപ്രീം കോടതി പരിഗണിച്ചപ്പോൾ കക്ഷി ചേരാതെയും സ്വകാര്യ മാനേജ്മെന്റിന്റെ വാദഗതിയെ പിന്തുണയ്ക്കാനും ഈ വർഷം സംസ്ഥാന സർക്കാർ അനുവദിച്ച അന്യായമായ ഫീസ് വർദ്ധനവിനെതിരെ വ്യാപകമായ പരാതി ഉണ്ടായിട്ടും ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, വി. കെ. ഇബ്രാഹിം കുഞ്ഞ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ഈ വിഷയം നേരത്തെ സഭ ചർച്ച ചെയ്തതാണ്. എങ്കിലും അടിയന്തരപ്രമേയം അവതരിപ്പിച്ച സ്ഥിതിക്ക് ഞാൻ അതിന്റെ വസ്തുതകൾ വ്യക്തമാക്കുകയാണ്. സർക്കാർ ഈ കേസ്സിൽ സുപ്രീം കോടതിയിൽ കക്ഷി ചേർന്നില്ല എന്നാണ് ഇവിടെ പറഞ്ഞത്. സർക്കാർ സുപ്രീം കോടതിയിൽ കക്ഷി ചേർന്നു. ഏകീകൃത കൗൺസിലിംഗിനുവേണ്ടി രാജ്യത്ത് ആദ്യമായി ആവശ്യപ്പെട്ടത് കേരളമാണ്. അതിനാവശ്യമായ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ തയ്യാറായപ്പോഴാണ് മാനേജ്മെന്റുകൾ ഫീസ് സംബന്ധിച്ച് സർക്കാരുമായുള്ള ചർച്ച അവസാനിപ്പിച്ചുകൊണ്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തത്. മുഴുവൻ സീറ്റിലും മാനേജ്മെന്റിന് കൗൺസിലിംഗ് നടത്താവുന്നതാണെന്ന് ഹൈക്കോടതി അനുകൂലവിധി പ്രസ്താവിച്ചു. ഇതുസംബന്ധിച്ച് എന്തുകൊണ്ട് സുപ്രീം കോടതിയിൽ അപ്പീൽ നൽകിയില്ല എന്നുള്ളത് സംബന്ധിച്ച് കഴിഞ്ഞ ദിവസം ഞാൻ സഭയിൽ വ്യക്തമാക്കിയതാണ്. നവംബർ 30-നുള്ളിൽ അലോട്ട്മെന്റ് പൂർത്തിയാക്കണം. അലോട്ട്മെന്റ് അലങ്കോലപ്പെടുന്നത്

കുട്ടികൾക്കും രക്ഷിതാക്കൾക്കും വലിയ മാനസിക സമ്മർദ്ദവും മറ്റ് നഷ്ടവുമുണ്ടാകും. അതിനാൽ മാനേജ്മെന്റുകളുമായി ചർച്ച നടത്തി ഫീസ് സംബന്ധിച്ച് ധാരണയാവുകയും അതിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പൂർത്തിയാക്കുകയും ചെയ്യുക എന്ന നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മദ്ധ്യപ്രദേശ്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ അലോട്ട്മെന്റ് പൂർത്തിയായിട്ടില്ല; മാനേജ്മെന്റുകളുമായി സാധാരണക്കാർക്ക് അനുകൂലമായൊരു കരാറുണ്ടാക്കാൻ അവിടത്തെ സർക്കാരിന് സാധിച്ചിട്ടില്ല. അവിടെ മാനേജ്മെന്റുകൾ തങ്ങൾക്ക് ഇഷ്ടമുള്ള ഫീസ് ഈടാക്കുകയാണ്. കേരളത്തിലേതുപോലെ 25,000 രൂപയും 2,50,000 രൂപയുമുള്ള ഫീസ് നിരക്കിൽ സാധാരണക്കാരായ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യം മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഇടപെടുകയും ഏകീകൃത കൗൺസിലിംഗാണ് നയമെന്ന് വ്യക്തമാക്കുകയും ചെയ്തത്. അതനുസരിച്ച് സുപ്രീം കോടതിയിൽ കേസ് വന്നപ്പോൾ ഉടൻതന്നെ നിയമവിദഗ്ദ്ധരുമായി ബന്ധപ്പെടുകയും സംസ്ഥാന സർക്കാരിന്റെ കാര്യങ്ങൾ വ്യക്തമാക്കാൻ സീനിയർ അഡ്വക്കേറ്റായ ജയ്ദീപ് ഗുപ്തയേയും സ്റ്റാന്റിംഗ് കൗൺസിൽ അഡ്വക്കേറ്റ് പ്രകാശിനെയും ഹാജരാക്കിയത്. അവർ സർക്കാരിന്റെ കാര്യങ്ങൾ സുപ്രീം കോടതിയിൽ വ്യക്തമാക്കുകയുണ്ടായി. സഭയെയും നാട്ടുകാരെയും തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങളാണ് അടിയന്തരപ്രമേയത്തിൽ പറയുന്നത്. ഇതിന്റെ ഒപ്പത്തിനൊപ്പമായിരുന്നു അമൃത ഡീംഡ് യൂണിവേഴ്സിറ്റി. നീറ്റ്-മെരിറ്റ് അടിസ്ഥാനത്തിൽ അവരുടെ അലോട്ട്മെന്റ് വരാതിരുന്നപ്പോൾ അവർക്കെതിരായി ഗവൺമെന്റ് സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയുണ്ടായി. അമൃത ഡീംഡ് യൂണിവേഴ്സിറ്റിക്കെതിരെയുള്ള സർക്കാരിന്റെ എസ്. എൽ. പി.യും ഏകീകൃത കൗൺസിലിംഗ് നീറ്റിൽനിന്നും വേണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഹർജിയുമെല്ലാം ഒരുമിച്ചാണ് സുപ്രീം കോടതി പരിഗണിച്ചത്. ആ ഘട്ടത്തിൽ അമൃത ഡീംഡ് യൂണിവേഴ്സിറ്റിക്കെതിരായി ഫയൽ ചെയ്ത എസ്.എൽ.പി.യുടെ ഭാഗമായി ഗവൺമെന്റിന്റെ നയം വ്യക്തമാക്കുന്ന വിശദമായ സ്റ്റേറ്റ്മെന്റും കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഏകീകൃത കൗൺസിലിംഗിനുവേണ്ടി സമീപിച്ചപ്പോൾ ഹൈക്കോടതി അത് റദ്ദ് ചെയ്തുവെന്നും സർക്കാർ ഇപ്പോഴും ഏകീകൃത കൗൺസിലിംഗിനുവേണ്ടിയാണ് നിലകൊള്ളുന്നതെന്നും സുപ്രീം കോടതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീം കോടതിയിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന കേസ് ഏകീകൃത കൗൺസിലിംഗുമായി ബന്ധപ്പെട്ടതാണ്. സർക്കാർ മാനേജ്മെന്റുകളുമായി ചർച്ച നടത്തി ജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ടെന്നും ആ എഗ്രിമെന്റിൽ 20 കോളേജുകൾ ഒപ്പുവച്ചിട്ടുണ്ടെന്നും, അതിൽ കഴിഞ്ഞ തവണത്തേക്കാൾ 350 മെരിറ്റ് സീറ്റുകൾ കൂടുതൽ കിട്ടിയിട്ടുണ്ടെന്നും, പ്രസ്തുത മെരിറ്റ് സീറ്റിൽ 25,000 രൂപയും 2,50,000

രൂപയും പഠിക്കാൻ കഴിയുന്ന കുട്ടികളുടെ എണ്ണം ഇത്രയാണെന്നുമൊക്കെ സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ വർഷം സംസ്ഥാന സർക്കാർ മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ എഗ്രിമെന്റും അതനുസരിച്ച് നടത്തിയ അലോട്ട്മെന്റും സാധുവാണെന്ന് സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുള്ളത്. പിന്നെ എന്തിനാണ് നിരാഹാരസമരം തുടരുന്നതെന്ന് മനസ്സിലാകുന്നില്ല. ഇതാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് വളരെ വ്യക്തമായിട്ടുള്ള ഒരു നയമാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഇത്തവണ അലോട്ടുമെന്റുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളത്. ഏകീകൃത കൗൺസിലിംഗ് സർക്കാർ അംഗീകരിക്കുന്നുവെന്നും അടുത്ത വർഷം മുതൽ ഏകീകൃത കൗൺസിലിംഗാണ് കേരളത്തിൽ നടത്തുക എന്നും സുപ്രീം കോടതി മുമ്പാകെ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിനപ്പുറം വേറെ എന്താണ് പറയേണ്ടത് എന്നെനിക്കറിയില്ല. സഭയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി സുപ്രീം കോടതിയിൽ ഇടപെട്ടില്ല എന്നു പറയുന്നത് ഞാൻ നിഷേധിക്കുകയാണ്.അഡ്വക്കേറ്റ് ജയ്ദീപ് ഗുപ്ത ഹാജരായി സർക്കാരിന് പറയാനുള്ള കാര്യങ്ങൾ വളരെ കൃത്യമായി സുപ്രീം കോടതിയെ ബോധിപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി കണ്ണടച്ച് ഇരുട്ടാക്കാനാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ കണ്ണടച്ചാൽ ഇരുട്ടാവില്ല. കാര്യങ്ങൾ വളരെ സുവ്യക്തമാണെന്ന് എല്ലാവർക്കുമറിയാം. എന്തുകൊണ്ടാണ് ഗവൺമെന്റ് അപ്പീൽ പോകാത്തത്; കേരള ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ പോകേണ്ടത് ഗവൺമെന്റായിരുന്നു. ഇവിടെ മാനേജ്മെന്റുകൾ അനുകൂലമായി വിധി സമ്പാദിച്ചപ്പോൾ പടക്കം പൊട്ടിച്ചത് മന്ത്രിയുടെ ഓഫീസിലാണ്. സ്വകാര്യ മാനേജുമെന്റുകൾക്കൊപ്പംനിന്ന് മാർക്സിസ്റ്റ് പാർട്ടി നേതാക്കന്മാരാണ് ഇവിടെ ലഡു വിതരണം ചെയ്തത്. ജനങ്ങൾക്കനുകൂലമായ ഒരു ഫീസ് സ്ട്രക്ചർ.......(ബഹളം).......

<u>മി. സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്.......അദ്ദേഹം സംസാരിക്കട്ടെ....അദ്ദേഹം സംസാരിക്കട്ടെ...അങ്ങ് സംസാരിക്കൂ...ദയവായി സംസാരിക്കൂ.....

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഉള്ളതുപറയുമ്പോൾ തുള്ളൽ വരും. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറുണ്ടോ; ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുന്നു. ഇവിടെ മുഖ്യമന്ത്രി ഉൾപ്പെടെ സഭയിൽ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറുണ്ടോ; അങ്ങ് റൂളിംഗ് നൽകണം. സർക്കാർ ജനങ്ങൾക്കനുകൂലമായ തീരുമാനമാണ് ഉണ്ടാക്കിയിട്ടുള്ളതെങ്കിൽ എന്തുകൊണ്ട് ചർച്ചയെ ഭയപ്പെടുന്നു. ഇത് ഞങ്ങൾ മാത്രം ഉന്നയിക്കുന്ന വിഷയമാണോ; എ. ഐ. എസ്. എഫ്. ഇവിടത്തെ പ്രബല

ഭരണകക്ഷി അനുകൂല വിദ്യാർത്ഥി സംഘടനയാണ്. ഇന്നലെ ചാനൽ ചർച്ചകളിൽ എ. ഐ. എസ്. എഫ്.- ന്റെ സംസ്ഥാന പ്രസിഡന്റ് ഷഹീർ എന്താണ് സംസാരിച്ചത്; എ. ഐ. എസ്. എഫ്. സമരത്തിലാണ്. ഞാനും....(ബഹളം)......ഈ സഭയിലെ ഒരു സി. പി. ഐ. (എം) അംഗവും കൂടി പങ്കെടുത്ത ഒരു ചാനൽ ചർച്ചയിൽ എ. ഐ. എസ്. എഫ്.-ന്റെ പ്രസിഡന്റാണ് സംസ്ഥാന സർക്കാരിന്റെ വിദ്യാർത്ഥി വിരുദ്ധ, ജനവിരുദ്ധ നയങ്ങൾക്കെതിരെ ആഞ്ഞടിച്ചത്. എനിക്ക് സംസാരിക്കേണ്ടി വന്നില്ല, വാദിക്കേണ്ടി വന്നില്ല. എ. ഐ. എസ്. എഫ്.-ന്റെ പ്രസിഡന്റാണ് ജനപക്ഷത്തുനിന്നുകൊണ്ട്, വിദ്യാർത്ഥിപക്ഷത്തുനിന്നുകൊണ്ട് ഇക്കാര്യങ്ങൾ ഉന്നയിച്ചത്. എസ്. എഫ്. ഐ. ഈ പ്രശ്നത്തിന്റെ ആരംഭത്തിൽ പുറപ്പെടുവിച്ച ഒരു പത്രക്കുറിപ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം സഭയിൽ ഉയർത്തിക്കാണിച്ചിരുന്നു. അപ്പോഴാണ് ഞങ്ങൾ അത് വായിച്ചത്. എസ്. എഫ്. ഐ. പുറപ്പെടുവിച്ച പത്രക്കുറിപ്പിന്റെ ആകെ തുക-മെരിറ്റും സാമൂഹ്യ നീതിയും അട്ടിമറിച്ച് മാനേജ്മെന്റുകൾ പ്രവേശനവുമായി മുന്നോട്ടുപോകുന്നു. ഹൈക്കോടതി വിധിയുടെ മറവിൽ വൻ കോഴയിടപാടുകളാണ് ഇക്കൂട്ടർ നടത്തുന്നത്. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന നടപടിയിൽ വെള്ളം ചേർക്കുന്നു. അർഹരായ വിദ്യാർത്ഥികളെ തഴഞ്ഞും അപേക്ഷാ തീയതി മുൻകൂട്ടി പ്രഖ്യാപിക്കാതെയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും വഞ്ചിക്കുകയാണ്. മെഡിക്കൽ പ്രവേശനത്തിന് കോടികളുടെ കോഴയിടപാടാണ് നടന്നുകൊണ്ടിരിക്കുന്നത്. നിരവധി പരാതികളാണ് ഇതു സംബന്ധിച്ച് ജെയിംസ് കമ്മിറ്റിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഞങ്ങളാരും എഴുതിക്കൊടുത്തതല്ല. ഡി. റ്റി. പി. എടുത്തതുമല്ല, എസ്. എഫ്. ഐ. നേതാക്കാൻമാർ മഷി കൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതിയതാണ്. ഈ സഭയിൽ എസ്. എഫ്. ഐ. യുടെയും ഡി. വൈ. എഫ്. ഐ. യുടെയും പേരിൽ വോട്ടുപിടിച്ച് ജനപ്രതിനിധികളായി അധികാരത്തിൽ വന്നവർക്ക് എസ്. എഫ്. ഐ. യുടെയും എ. ഐ. എസ്. എഫ്. ന്റെയും നിലപാടിനെ നിഷേധിക്കാൻ സാധിക്കുമോ? ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരുവിധ ചർച്ചയ്ക്കും തയ്യാറല്ല. ചർച്ചയെ ഗവൺമെന്റ് ഭയപ്പെടുന്നു. ഇന്ന് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് മുതലാളിത്തത്തിന്റെ നേതൃത്വം സി.പി.ഐ. (എം) ഏറ്റെടുത്തിരിക്കുകയാണ്. എന്താണ് കാരണം? മുൻ മുഖ്യമന്ത്രി കരുണാകരനും അന്നത്തെ സഹകരണ വകുപ്പുമന്ത്രി എം. വി. രാഘവനും ആരംഭിച്ച പരിയാരം മെഡിക്കൽ കോളേജിനെ എതിർത്തവരാണവർ. ആശുപത്രിയുടെ ആരംഭത്തിൽ തന്നെ അതിനെ ചോരയിൽ മുക്കിക്കൊല്ലാൻ ഉദ്ഘാടന സമ്മേളനം അലങ്കോലപ്പെടുത്തിയവരാണ് സി. പി. ഐ. (എം). എന്തുകൊണ്ടാണ് കൂത്തുപറമ്പിൽ വെടിവയ്പുണ്ടായത്? സ്വാശ്രയത്തിനെതിരെ സമരം ചെയ്യുകയും എം. വി. രാഘവനെ തടഞ്ഞ് കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത് കൂത്തുപറമ്പിൽ വെടിവയ്പുണ്ടാക്കി അഞ്ച് രക്തസാക്ഷികളെ സൃഷ്ടിച്ച് സ്വാശ്രയത്തെ എതിർത്ത ആളുകൾ ഇന്ന്

പരിയാരം മെഡിക്കൽ കോളേജിന്റെ ഭരണസമിതി പിടിച്ചെടുത്തു. ഞാൻ അവിടത്തെ വോട്ടറായിരുന്നു. എനിക്ക് വോട്ട് ചെയ്യാൻ സാധിച്ചില്ല. കഴിഞ്ഞ ദിവസം വരെ സി. പി. ഐ. (എം) സംസ്ഥാന കമ്മിറ്റി അംഗം ശ്രീ. എം. വി. ജയരാജൻ അതിന്റെ ചെയർമാനായിരുന്നു. ഗവൺമെന്റും സ്വാശ്രയ മാനേജ്മെന്റും തമ്മിലുള്ള കരാറിൽ ഒന്നാമത്തെ ബെനിഫിഷ്യറി പരിയാരം മെഡിക്കൽ കോളേജാണ്. അവിടത്തെ മെരിറ്റ് സീറ്റിന്റെ ഫീസ് ഒന്നര ലക്ഷം രൂപയായിരുന്നത് രണ്ടരലക്ഷം രൂപയായും മാനേജ്മെന്റ് സീറ്റിൽ 6 ലക്ഷം രൂപയായിരുന്നത് 10 ലക്ഷം രൂപയായും എൻ. ആർ. ഐ. സീറ്റിൽ 10 ലക്ഷം രൂപയായിരുന്നത് 14 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. മറ്റ് മാനേജ്മെന്റുകൾക്ക് മെരിറ്റ് സീറ്റിൽ 65000 രൂപയും മാനേജ്മെന്റ് ക്വാട്ടയിലും എൻ. ആർ. ഐ. ക്വാട്ടയിലും രണ്ടര ലക്ഷം രൂപ വീതവുമാണ് വർദ്ധിപ്പിച്ചുകിട്ടിയതെങ്കിൽ പരിയാരമാണ് ഇതിന്റെ ഒന്നാമത്തെ ബെനിഫിഷ്യറി. പരിയാരം മെഡിക്കൽ കോളേജ് കഴിഞ്ഞ ഗവൺമെന്റ് ഏറ്റെടുക്കാൻ ആലോചിച്ചതാണ്, അതുകൊണ്ട് ഞങ്ങൾ ഏറ്റെടുക്കാൻ ആലോചിക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. അപ്പോൾ പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് വർദ്ധിപ്പിക്കുകയല്ല ചെയ്യേണ്ടത്. സ്വാശ്രയ മേഖലയിൽ സാമൂഹ്യ നീതി നടപ്പിലാക്കി സാധാരണക്കാരന്റെ മക്കൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നതെങ്കിൽ പരിയാരത്തെ ഈ കൊള്ള അവസാനിപ്പിച്ചുകൊണ്ട് ഗവൺമെന്റ് മാതൃക കാണിക്കാനും സ്വാശ്രയ മാനേജ്മെന്റുകളുമായി ഈ വിഷയം ചർച്ച ചെയ്യാനും തയ്യാറാകണം. ഇവിടെ മാനേജ്മെന്റുകൾക്ക് ഹൈക്കോടതിയിൽ കേസ് ജയിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഒത്താശയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചെയ്തുകൊടുത്തു. ഹൈക്കോടതിയിൽ മാനേജ്മെന്റുകൾ അനായസേന ജയിച്ചു. അപ്പീൽ പോകുന്ന കാര്യം നിയമവിദഗ്ദ്ധരുമായി ചർച്ച ചെയ്യും എന്നുപറഞ്ഞ് മാനേജ്മെന്റുകൾക്ക് മൂക്കുകയറിടാൻ പരിശ്രമിക്കേണ്ടതിനുപകരം ഞങ്ങൾ അപ്പീൽ പോകുന്നതേയില്ല എന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. മാനേജ്മെന്റുകൾക്ക് തുറന്ന അവസരം ആരോഗ്യ വകുപ്പുമന്ത്രി വളരെ ബോധപൂർവ്വം അനുവദിച്ചുകൊടുക്കുകയായിരുന്നു. മഹാരാഷ്ട്ര ഗവൺമെന്റ് സുപ്രീം കോടതിയെ സമീപിച്ചു. അവർക്കിപ്പോൾ കൗൺസിലിംഗിന് സമയം ദീർഘിപ്പിച്ചുകിട്ടി. കേരള സർക്കാർ ഇക്കാര്യത്തിൽ അപ്പീൽ പോയിട്ടില്ല. കേരള സർക്കാരിന്റെ ഒരു തീരുമാനം ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദുചെയ്താൽ അപ്പലന്റാകേണ്ടത് കേരള സർക്കാരാണ്. കേരള സർക്കാർ മാനേജ്മെന്റുകളുമായി ഒത്തുകളിച്ച് വിദ്യാർത്ഥി വിരുദ്ധ നിലപാടാണ് സ്വീകരിച്ചത്. അതിനെതിരെയാണ് പ്രതിപക്ഷത്തെ അഞ്ച് എം. എൽ. എ.മാർ നിയമസഭാ ഹാളിന്റെ പ്രവേശന കവാടത്തിൽ നിരാഹാരമുൾപ്പെടെയുള്ള സമരം നടത്തുന്നത്. യൂത്ത് കോൺഗ്രസും

എ. ഐ. എസ്. എഫ്. -ഉം നടത്തിയ സമരത്തിലും എസ്. എഫ്. ഐ. പ്രഖ്യാപിച്ച സമരത്തിലും ഉന്നയിച്ചിരുന്ന ന്യായയുക്തമായ മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രതിപക്ഷത്തെ അഞ്ച് യുവജന എം.എൽ.എ.മാർ നിരാഹാരമുൾപ്പെടെയുള്ള സമരം നടത്തുമ്പോൾ ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് മടിക്കുന്നത് എന്തുകൊണ്ടാണ്? ചർച്ച ചെയ്താൽ സ്വകാര്യ മാനേജ്മെന്റുകളുമായി മാർക്സിസ്റ്റ് പാർട്ടി നടത്തിയ കള്ളക്കളികൾ വെളിച്ചത്തുവരും എന്നതിനാലാണ് അവർ ചർച്ചയെ ഭയപ്പെടുന്നത്. ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകണം. മുഖ്യമന്ത്രി യൂത്ത് കോൺഗ്രസിന്റെ സമരത്തെ തള്ളിപ്പറഞ്ഞു. ചാനലുകാർ വാടകയ്ക്കെടുത്ത രണ്ടു പേരാണ് കരിങ്കൊടി കാണിച്ചത് എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. പത്ര പ്രവർത്തക സംഘടന ഇക്കാര്യത്തിൽ പ്രതിഷേധിച്ചു. അവരുടെ പ്രതിഷേധം ശക്തമല്ല, അവർ ഭയപ്പെടുന്നു എങ്കിൽപ്പോലും അവരും പ്രതിഷേധിക്കാൻ നിർബന്ധിതരായി. മുഖ്യമന്ത്രി ഇന്നലെ തിരുത്തിപ്പറഞ്ഞു, കരിങ്കൊടി കാണിച്ചത് ചാനലുകാർ വാടകയ്ക്കെടുത്ത ആളുകളായിരുന്നു എന്നത് എന്റെ തോന്നലാണ് എന്ന്. അങ്ങനെയെങ്കിൽ തന്റെ തോന്നൽ ശരിയാണോ അല്ലയോ എന്ന് പരിശോധിച്ച്, സഭയിൽ പറഞ്ഞത് വാസ്തവ വിരുദ്ധമായ കാര്യമാണെങ്കിൽ, തിരുത്തിപ്പറയാൻ കേരളത്തിലെ മുഖ്യമന്ത്രി ബാധ്യസ്ഥനല്ലേ? അദ്ദേഹത്തെ കരിങ്കൊടി കാണിച്ചവർക്കെതിരെ കേരള പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ അഞ്ച് പേർ പ്രതികളാണ്. ചാനലുകാർ വാടകയ്ക്കെടുത്ത രണ്ട് പേരാണ് എന്നാണ് മുഖ്യമന്ത്രി പറയുന്നത്. കേരള പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന സെക്രട്ടറിയും കെ. എസ്. യു. വിന്റെ യൂണിറ്റ് പ്രസിഡന്റും മുൻപ്രസിഡന്റുമുൾപ്പെടെ അഞ്ച് പേർ പ്രതികളാണെന്നു പറയുമ്പോൾ മുഖ്യമന്ത്രി പറഞ്ഞത് പച്ചക്കള്ളമാണെന്ന് അദ്ദേഹത്തിന്റെ പോലീസ് തെളിയിച്ചിരിക്കുന്നു. ചാനലുകാർ വാടകയ്ക്കെടുത്ത രണ്ടുപേരാണ് കരിങ്കൊടി കാണിച്ചതെന്നാണ് അദ്ദേഹത്തിന്റെ ധാരണയെങ്കിൽ അത് തിരുത്താൻ സമയമായില്ലേ? അത് തെറ്റായ ധാരണയായിരുന്നു എന്ന് പറയാനുള്ള സാമാന്യ മര്യാദയെങ്കിലും അദ്ദേഹം കാണിക്കേണ്ടതല്ലേ? എന്നാൽ സമരത്തെ ചോരയിൽ മുക്കിക്കൊല്ലാൻ, അക്രമത്തിന്റെ ഭാഷയിൽ നേരിടാൻ, സമരപ്പന്തലിലേയ്ക്ക് പോലീസ് കണ്ണീർ വാതകം പ്രയോഗിച്ചു. സാധാരണഗതിയിൽ ഒരു സമരത്തെ നേരിടുന്ന രീതി അതല്ല. ................മഷിയുടെ കഥയൊക്കെ എല്ലാവരും കാണുകയും കേൾക്കുകയും ചെയ്തു. അതിന് വളരെ വ്യക്തമായി മറുപടി പറഞ്ഞു. .......(ബഹളം).......xxx *

* സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം സഭാ രേഖകളിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ്, 10 മിനിട്ടായി, പ്ലീസ് കൺക്ലൂഡ്.

ശ്രീ. സണ്ണി ജോസഫ്: xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx അവർക്ക് ആ പാരമ്പര്യമുണ്ട്. ......(ബഹളം)..........

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ് ......

ശ്രീ. സണ്ണി ജോസഫ്: xxx

മി. സ്പീക്കർ: അതെല്ലാം പറഞ്ഞുകഴിഞ്ഞു. രണ്ടുമൂന്ന ദിവസമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: ....... ഞാനും നിങ്ങളും കണ്ടതല്ലേ. അതുകൊണ്ട് കള്ളത്തരം പറയാൻ നിങ്ങൾക്കാണ് സാധിക്കുന്നത്. അതുകൊണ്ട് ഈ വിഷയത്തിൽനിന്ന് ഒളിച്ചോടാൻ എസ്.എഫ്.ഐ. നേതാക്കളായി ഈ സഭയിൽ വന്നവർ ആഗ്രഹിക്കുന്നു. ഈ വിഷയം ചർച്ച ചെയ്താൽ അവരുടെ കള്ളി വെളിച്ചത്താകും. സ്വാശ്രയ വിഷയത്തിൽ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ മെരിറ്റടിസ്ഥാനത്തിൽ കൗൺസിലിംഗ് നടത്തി അവശേഷിക്കുന്ന സീറ്റുകളിലെങ്കിലും പ്രവേശനം നടത്തണമെന്നുപറഞ്ഞ് ഗവൺമെന്റ് നോട്ടീസ് കൊടുത്തപ്പോൾ ഞങ്ങൾ ആ നോട്ടീസിന് മറുപടിപോലും നൽകുന്നില്ലെന്ന് മാനേജ്മെന്റുകൾ പ്രഖ്യാപിച്ചിരിക്കുന്നു. അതുകൊണ്ട് മാനേജ്മെന്റുകളുമായുള്ള ഈ ഒത്തുകളി കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലുണ്ടാക്കിയിരിക്കുന്ന പ്രതിസന്ധിയും പ്രതിപക്ഷത്തെ അഞ്ച് എം. എൽ. എ. മാർ നടത്തിക്കൊണ്ടിരിക്കുന്ന ഉപവാസ മുൾപ്പെടെയുള്ള വിഷയങ്ങളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, സഭയിൽ ഇല്ലാത്ത രണ്ട് വ്യക്തികളായ ശ്രീ. ടി. ശിവദാസ മേനോൻ, ശ്രീ. എൻ. എൻ. കൃഷ്ണദാസ് എന്നിവരെക്കുറിച്ച് നടത്തിയ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിച്ച് വേണ്ടത് ചെയ്യാം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ......(ബഹളം).....എന്റെ സുഹൃത്തുകൂടിയായ അഡ്വക്കേറ്റ് സണ്ണി ജോസഫ് നല്ലൊരു വക്കീലാണെന്നാണ് ഞാനിതുവരെ കരുതിയിരുന്നത്. അദ്ദേഹം സീനിയർ മാർക്സിസ്റ്റാണെന്നാണ് ഇവിടെ പലരും പറയുന്നത്. അത് എന്തെങ്കിലുമാകട്ടെ, പക്ഷേ അദ്ദേഹം സഭയിലുയർത്തിയ വാദഗതികൾ വളരെ ദുർബലമായിപ്പോയെന്ന് പറയാതിരിക്കാൻ വയ്യ. മന്ത്രിയുടെ ഓഫീസിൽ പടക്കം

പൊട്ടിച്ചുവെന്നും ലഡു വിതരണം നടത്തിയെന്നുമൊക്കെ ശ്രീ. സണ്ണി ജോസഫിനെപ്പോലെ ഒരാൾ പറയുമെന്ന് ഞാൻ കരുതിയില്ല. പ്രസംഗം കൊഴുപ്പിക്കാൻ അദ്ദേഹത്തിനത് പറയാനുള്ള സ്വാതന്ത്ര്യമുണ്ട്; നമ്മളൊക്കെ പലപ്പോഴും പറഞ്ഞുപോകുന്നതാണ്. പക്ഷേ ഇതൊരു പ്രധാനപ്പെട്ട വിഷയമായി നമ്മൾ കാണണം. ഏകീകൃത കൗൺസിലിംഗ് വേണോ, വേണ്ടയോ എന്നുള്ളതാണ് സുപ്രീം കോടതിയുടെ മുമ്പാകെ വന്ന പ്രശ്നം. ഏകീകൃത കൗൺസിലിംഗ് വേണമെന്നുള്ളത് കേരള ഗവൺമെന്റ് വ്യക്തമാക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ആ നിലപാടിനെ തള്ളുകയും ചെയ്തുവെന്നുള്ളതാണ് വസ്തുത. ഹൈക്കോടതി അത് തള്ളിയപ്പോൾ നൂറുശതമാനം സീറ്റിലും കൗൺസിലിംഗ് നടത്താനുള്ള ഉത്തരവാദിത്വവും അനുവാദവും മാനേജ്മെന്റിന് ലഭിച്ചു. മാനേജ്മെന്റിന് മൂക്കുകയറിട്ടില്ലെന്ന് ബഹുമാനപ്പെട്ട വക്കീൽ പറയുകയുണ്ടായി. ഈ ഗവൺമെന്റാണ് മാനേജ്മെന്റിന് മൂക്കുകയറിട്ടത്. അപ്പീൽ പോയോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. സെപ്റ്റംബർ 30-നുള്ളിൽ കൗൺസിലിംഗ് നടത്തണമെന്ന് സുപ്രീം കോടതി വിധി നിൽക്കെ, അതിന്റെ സമയം കാൽക്കുലേറ്റ് ചെയ്താൽ നമുക്കെടുക്കാവുന്ന ഏറ്റവും ഉചിതമായ തീരുമാനം, മാനേജ്മെന്റിന് മൂക്കുകയറിട്ടുകൊണ്ട് തന്നെ കൗൺസിലിംഗിലേയ്ക്കും അലോട്ട്മെന്റിലേയ്ക്കും കടക്കുകയെന്നുള്ളതാണ്. മാനേജ്മെന്റുകളെ വിളിച്ചുവരുത്തി അമ്പത് ശതമാനം സീറ്റ് സറണ്ടർ ചെയ്യിപ്പിച്ചു. മഹാരാഷ്ട്ര, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും ഇത്തരത്തിലുള്ള എഗ്രിമെന്റുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതൊരു പുതിയ കാര്യമൊന്നുമല്ല. കഴിഞ്ഞ തവണയും അമ്പത് ശതമാനം മെരിറ്റ് സീറ്റും അമ്പത് ശതമാനം മാനേജ്മെന്റ് സീറ്റും തന്നെയായിരുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിന്റെ ഉള്ളടക്കം വിശദീകരിക്കാതെ അത് ശരിയെന്ന് ഞാൻ പറഞ്ഞാൽ ഇത്തവണയും അത് ശരിയാണല്ലോ. മാനേജ്മെന്റുകളുമായുള്ള എഗ്രിമെന്റ് തെറ്റാണെന്ന് പറയാൻ പറ്റില്ല. പ്രതിപക്ഷ നേതാവ് പറഞ്ഞതിന്റെ ഉള്ളടക്കം വ്യാഖ്യാനിച്ചാൽ എനിക്ക് വേറെ പറയേണ്ടി വരും. അങ്ങ് പറഞ്ഞ സെന്റൻസിന്റെ അർത്ഥത്തിലെടുത്താൽ അത് ശരിയാണല്ലോ. പിന്നെ ഈ തർക്കത്തിന്റെ ആവശ്യമില്ലല്ലോ. മാനേജ്മെന്റിന് മൂക്കുകയറിട്ട് ഫീസ് സ്ട്രക്ചർ നിശ്ചയിച്ചു. എസ്. എഫ്. ഐ., എ. ഐ. എസ്. എഫ്. സമരം ചെയ്ത കാര്യം ഇവിടെ പറയുകയുണ്ടായി. അവരുടെ പ്രമേയത്തിൽ എന്താണ് തെറ്റ്? സാധാരണ ഫീസ് വർദ്ധിക്കുന്ന കാറ്റഗറിക്കാണ് ഇത്തവണയും ഫീസ് വർദ്ധനവുണ്ടായത്. ഇത്തവണത്തെ പ്രത്യേക സാഹചര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്,

നൂറുശതമാനം സീറ്റിലും അലോട്ട്മെന്റ് നടത്താനുള്ള അധികാരം മാനേജ്മെന്റിന് നൽകിക്കൊണ്ടുള്ള ഹൈക്കോടതി വിധിയാണ്. രണ്ടാമത്തേത്, നീറ്റ് മെരിറ്റടിസ്ഥാനത്തിലാണ് എല്ലാ സീറ്റിലും കൗൺസിലിംഗ് നടത്തേണ്ടതെന്നുള്ളതാണ്. സ്വകാര്യ മാനേജ്മെന്റ് സ്ഥാപനങ്ങൾ 50 ശതമാനം സീറ്റുകൾ ഗവൺമെന്റിന് വിട്ടുനൽകി മെരിറ്റിൽ സബ്സിഡിയോടുകൂടി പഠിപ്പിക്കണമെന്നുള്ളതാണ് സർക്കാർ എക്കാലവുമെടുക്കുന്ന നിലപാട്. മാനേജ്മെന്റ് കോളേജുകൾ സർക്കാരിന്റേ തല്ലെങ്കിലും അത് ഇവിടെ നടത്തണമെങ്കിൽ അവരോട് വയ്ക്കുന്ന കർശനമായ നിബന്ധന 50 ശതമാനം സീറ്റ് ഗവൺമെന്റിന് വിട്ടുതരണമെന്നുള്ളതാണ്. അതിൽ 20 ശതമാനം സീറ്റുകൾ ബി. പി. എൽ./എസ്. ഇ. ബി. സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ളതാണ്. ആ പാവപ്പെട്ട കുട്ടികൾക്ക് ഒരു രൂപപോലും ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. ബാക്കിവരുന്ന 30 ശതമാനത്തിൽ 5 ശതമാനം എസ്. സി./എസ്. ടി. വിഭാഗത്തിലെ കുട്ടികളുടേതാണ്. അതിലിപ്പോൾ ഗവൺമെന്റ് നിശ്ചയിച്ച 2.5 ലക്ഷം രൂപയുടെ ഫീസ് ചെലവ് വഹിക്കുന്നത് ഗവൺമെന്റാണ്. ബാക്കിവരുന്ന 25 ശതമാനത്തിൽ ഓരോ വർഷവും 10 ശതമാനം ഫീസ് വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്ന സീറ്റുകളാണ്. ഹൈക്കോടതി വിധിയുടെയും നീറ്റ്-മെരിറ്റടിസ്ഥാനത്തിൽ മാത്രമേ അലോട്ട്മെന്റ് നടത്താവൂവെന്ന സാഹചര്യത്തിലും ഉയർന്ന ഇടത്തരക്കാർ അടങ്ങിയ വിഭാഗത്തിലാണ് വർദ്ധനവുണ്ടായിട്ടുള്ളത്. ഇന്ന് ജെയിംസ് കമ്മിറ്റിയുടെ മുമ്പിലുള്ള പരാതികളിൽ ഒരെണ്ണംപോലും സർക്കാർ ഉണ്ടാക്കിയ ഫീസ് സ്ട്രക്ചറുമായോ കരാറുമായോ ബന്ധപ്പെട്ടതല്ല. സർക്കാർ ഉണ്ടാക്കിയ കരാർ പൂർണ്ണമായും അനുസരിക്കാതെ ചില മാനേജ്മെന്റുകൾ നീറ്റ്-മെരിറ്റ് അട്ടിമറിക്കുകയും കൂടുതൽ ഫീസ് വാങ്ങാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നുള്ളതാണ് പരാതി. 2.5 ലക്ഷം രൂപ വാങ്ങുന്നു വെന്നുള്ളതല്ല, 2.5 ലക്ഷം രൂപയെക്കാൾ കൂടുതൽ തുക മെരിറ്റ് സീറ്റിൽ ചോദിക്കുന്നുവെന്ന പരാതിയുണ്ടായാൽ ആ പരാതി ജെയിംസ് കമ്മിറ്റി മുമ്പാകെ പരിശോധിക്കും. സർക്കാരിന്റെ കരാറും നീറ്റ്-മെരിറ്റും അട്ടിമറിച്ചാൽ കർശനമായ നടപടിയുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഫീസ് 5 രൂപ വർദ്ധിപ്പിച്ചാലും വിദ്യാർത്ഥി സംഘടനകൾ ഫീസ് വർദ്ധിപ്പിച്ചുവെന്ന് പറയില്ലേ? അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. ഇങ്ങനെയുള്ള ഒരു കരാർ മാത്രമേ ഒപ്പിടാൻ കഴിയുകയുള്ളൂ. ഒപ്പിട്ടത് ഏറ്റവും നല്ല കരാർ തന്നെയാണ്. അതനുസരിച്ചാണ് 350 സീറ്റുകൾ കൂടുതൽ കിട്ടിയതും സബ്സിഡിയോടുകൂടി പഠിക്കാൻ സാധിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചതും 1650 മെരിറ്റ് സീറ്റുകൾ കിട്ടിയതും 20 കോളേജുകൾ കരാറിൽ ഒപ്പിട്ടതും. അത്രയും നല്ല കരാറാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി അംഗീകരിച്ചിരിക്കുന്നു. അല്ലെങ്കിൽ കേരള ഗവൺമെന്റ് ഉണ്ടാക്കിയ കരാറിനെ ചോദ്യം

ചെയ്യാൻ സുപ്രീം കോടതി തയ്യാറാകുമായിരുന്നു. കരാറുമായി ബന്ധപ്പെട്ടതല്ല കോടതിയിലെത്തിയ കേസ്സെങ്കിലും സുപ്രീംകോടതി പറഞ്ഞത് മാനേജ്മെന്റുമായി ധാരണയുണ്ടാക്കി കേരള ഗവൺമെന്റ് കരാറിൽ ഒപ്പിടുകയും അലോട്ട്മെന്റ് കൃത്യസമയത്ത് പൂർത്തിയാക്കുകയും ചെയ്യണമെന്നാണ്. യു.ഡി.എഫ്.-ന്റെ ആവശ്യമെന്താണ്? ഏകീകൃത കൗൺസിലിംഗ് നടത്തിയാൽ ഫീസ് ഘടനയ്ക്ക് പരിഹാരമാകുമോ? ഏകീകൃത കൗൺസിലിംഗ് നടത്തണം, പക്ഷേ മാനേജ്മെന്റിൽനിന്നും ഫീസ് കുറഞ്ഞ സീറ്റുകൾ പിടിച്ചുവാങ്ങാൻ കഴിയുമോ എന്നുള്ളതാണ് പ്രശ്നം. മഹാരാഷ്ട്ര, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ഏകീകൃത കൗൺസിലിംഗ് ഉള്ളതുകൊണ്ട് 25,000 രൂപയ്ക്ക് പഠിക്കുന്ന കുട്ടികൾ ഉണ്ടെന്നാണോ കരുതുന്നത്? 9 ലക്ഷം രൂപ ഫീസ് നൽകാതെ പഠിപ്പിക്കാൻ കഴിയില്ലെന്നാണ് അവർ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നത്. ഇവിടെ സർക്കാരുമായി കരാർ ഒപ്പിടാത്ത രണ്ടുമൂന്ന് കോളേജുകളുണ്ട്. അവർ ചെയ്യുന്ന കുറ്റകൃത്യം കണ്ടുപിടിക്കാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. ഹൈക്കോടതിയിൽ നിന്നും എന്തുവിധിയാണ് അവർ സമ്പാദിച്ചത്? 10 ലക്ഷം രൂപ ഈടാക്കാനാണ് കരുണയോട് പറഞ്ഞിരിക്കുന്നത്. കുട്ടികൾ കോളേജിൽ ചേരുമ്പോൾ 10 ലക്ഷം രൂപ കൊടുക്കണമെന്നും പിന്നീട് ഫീ റെഗുലേറ്ററി കമ്മിറ്റി പരിശോധിച്ച് തീരുമാനിക്കാമെന്നുമാണ് കോടതി പറഞ്ഞിരിക്കുന്നത്. അവർക്കെതിരെ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഒരുങ്ങുകയാണ്. ഇന്നലെ കെ. എം. സി. റ്റി . വിധി സമ്പാദിച്ചിരിക്കുകയാണ്. സുപ്രീം കോടതി വിധി വന്നതിനുശേഷമുള്ള എല്ലാ അലോട്ട്മെന്റുകളും നീറ്റ്-മെരിറ്റിൽനിന്നും ഏകീകൃത കൗൺസിംലിംഗ് വഴി നടത്തണമെന്നാണ് നിർദ്ദേശം. ഞങ്ങൾ ആരെയും വിടാനുദ്ദേശിക്കുന്നില്ല. സ്വമേധയാ കൗൺസിംലിംഗ് നടത്താൻ കെ. എം. സി. റ്റി. ഒരുങ്ങുകയാണ്. അതിനെതിരെ ഗവൺമെന്റ് നിയമനടപടി സ്വീകരിക്കാൻ തുടങ്ങുകയാണ്. ഒരു മാനേജ്മെന്റിനെയും കരാറിൽനിന്ന് മാറാനോ അല്ലെങ്കിൽ നീറ്റ്-മെരിറ്റ് അട്ടിമറിക്കാനോ അനുവദിക്കുന്ന പ്രശ്നമില്ല. ഉത്തരം വളരെ വ്യക്തമാണെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നാലാം കേരള നിയമസഭയിൽ 25-2-1975-ൽ 'Order.....Order.. Question and Answers....'

എന്നുപറഞ്ഞുകൊണ്ടാണ് ബഹുമാന്യനായ സ്പീക്കർ സഭാനടപടികൾ ആരംഭിച്ചത്. അന്നത്തെ പ്രതിപക്ഷ നേതാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് എഴുന്നേറ്റുനിന്ന് അഞ്ച് എം.എൽ.എ.മാർ നിരാഹാരം അനുഷ്ഠിക്കുന്നുവെന്നുപറഞ്ഞ് വിശദമായ പ്രസംഗമാണ് നടത്തിയത്. അതുമാത്രമല്ല, അന്ന് കെ.എം. ജോർജ്, ശിവരാമ ഭാരതി, ജോൺ മാഞ്ഞൂരാൻ എന്നിവർ പ്രസംഗിക്കുകയും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോൻ മറുപടിയും പറഞ്ഞതിനുശേഷമാണ് ചോദ്യോത്തര വേള ആരംഭിക്കുന്നത്. അന്ന് സ്പീക്കർ റൂൾ പറഞ്ഞില്ല. " ഓർഡർ.... ഓർഡർ.... ചോദ്യോത്തര സമയം കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട പാർട്ടി നേതാക്കന്മാരെ ഒന്നുകൂടി വിളിച്ച് സംസാരിക്കാൻ പരിശ്രമം നടത്താമെന്ന് വിചാരിക്കുകയാണ്. അതിനുശേഷം ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിച്ച് സഭയെ അറിയാക്കാം. ഓർഡർ....ഓർഡർ....ചോദ്യോത്തര സമയം തുടങ്ങുന്നു." എന്നാണ് സ്പീക്കർ പറഞ്ഞത്. ഇ. എം. എസ്. പ്രതിപക്ഷ നേതാവായിരുന്നപ്പോൾ ഇതേ സീറ്റിലിരുന്ന് പറഞ്ഞ കാര്യങ്ങൾ റൂളിൽ ഉണ്ടായിരുന്നില്ല എന്നുള്ളത് അങ്ങ് പരിശോധിക്കണം. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഈ കസേരയിൽ ഇരുന്നപ്പോൾ രണ്ടുതവണ ഒഴികെ അദ്ദേഹത്തിന്റെ മൈക്ക് ഓഫ് ചെയ്തിരുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ വ്യക്തിപരമായി ആക്ഷേപം ഉന്നയിച്ചപ്പോൾ മാത്രമാണ് രണ്ടുതവണ മൈക്ക് ഓഫ് ചെയ്തത്. എനിക്ക് ഇതിൽ പ്രയാസമുണ്ട്. അങ്ങയെപ്പോലൊരാൾ സ്പീക്കറായിരിക്കുമ്പോൾ പ്രതിപക്ഷ നേതാവെന്ന നിലയിൽ എന്റെ അവകാശത്തെ സംരക്ഷിക്കേണ്ട ബാധ്യത അങ്ങേയ്ക്കുണ്ട്. മഹാനായ ഇ.എം.എസ്.നോട് അന്നത്തെ സ്പീക്കർ കാണിച്ച മാതൃക അങ്ങ് കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അന്ന് സ്പീക്കറായിരുന്ന മൊയ്തീൻ കുട്ടി ഹാജി സ്വീകരിച്ച നിലപാടാണ് അങ്ങും സ്വീകരിക്കേണ്ടത്. ഞാൻ ഈ വിഷയം അവസാനിപ്പിക്കുന്നു; അങ്ങ് ഇന്നലെ പത്രക്കുറിപ്പ് ഇറക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്രയും കാര്യങ്ങൾ പറഞ്ഞത്.

[10.00 AM]

സ്വാശ്രയ പ്രശ്നം ഇത്രയും വഷളാക്കിയതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണ്. 100 ശതമാനം സീറ്റും ഏറ്റെടുക്കുന്നുവെന്നാണ് ഗവൺമെന്റ് ആദ്യം പറഞ്ഞത്. അത് വിപ്ലവകരമായ നടപടിയായിട്ടാണ് ഞങ്ങളും ആദ്യം കരുതിയത്. അപ്പോഴാണ് സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ പോയത്. ഹൈക്കോടതിയിൽ ഗവൺമെന്റ് വാദം ദുർബല മായിരുന്നു. ഗവൺമെന്റ് അഭിഭാഷകർ വാദിച്ചില്ല. കൂട്ടുകച്ചവടം നടത്തി വാദമുഖങ്ങൾ ഉന്നയിക്കാതെ വന്നപ്പോൾ മാനേജ്മെന്റുകൾക്ക് അനുകൂലമായി ഹൈക്കോടതി വിധിയുണ്ടായി. ആ വിധിയിൽ ഏറ്റവും കൂടുതൽ സന്തോഷിച്ചത് ശ്രീമതി കെ.കെ.

ശൈലജ ടീച്ചറായിരുന്നു. കാരണം എടുത്ത നടപടിയിൽനിന്ന് തലയൂരാൻ കിട്ടിയ അവസരമായി കരുതിയാണ് ബഹുമാനപ്പെട്ട മന്ത്രി സന്തോഷിച്ചത്. എന്തുകൊണ്ട് അപ്പീൽ കൊടുത്തില്ല; മാനേജ്മെന്റിന് അനുകൂലമായി ഹൈക്കോടതി വിധിയുണ്ടായപ്പോൾ ഗവൺമെന്റ് എന്തുകൊണ്ട് അപ്പീൽ കൊടുത്തില്ല? വിദ്യാർത്ഥികളുടെ ഭാവിയെ കരുതിയാണ് എന്നൊന്നും പറയരുത്. കാരണം, മഹാരാഷ്ട്രയിലും മദ്ധ്യപ്രദേശിലും ഗവൺമെന്റിന് കൗൺസിലിംഗിനുള്ള സമയം നീട്ടിക്കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് മാനേജ്മെന്റ് പക്ഷത്തായിരുന്നില്ലായെങ്കിൽ ഗവൺമെന്റ് ചെയ്യേണ്ടതെന്താണ്; സുപ്രീം കോടതിയിൽ അപ്പീൽ പോയി പ്രഗൽഭരായ വക്കീലന്മാരെവച്ച് വാദിച്ച് ഹൈക്കോടതി വിധി തെറ്റാണെന്ന് സമർത്ഥിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. സുപ്രീം കോടതി വിധി നമുക്കെതിരായി വന്നാൽ മനസ്സിലാക്കാം. ഗവൺമെന്റിന്റെ മുമ്പിലുണ്ടായിരുന്ന ഒരു ലീഗൽ ഓപ്ഷൻ എന്തുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ വേണ്ടായെന്ന് വച്ചു? ഒരു പ്രധാനപ്പെട്ട കാര്യമല്ലേ ഇത്. കേരളത്തിലെ ജനങ്ങൾക്ക് അറിയാനുള്ള അവകാശമില്ലേ? വിദ്യാർത്ഥികളുടെ ഭാവിയെക്കരുതിയാണെന്ന് പറയരുത്, കാരണം മദ്ധ്യപ്രദേശിലും മഹാരാഷ്ട്രയിലും സുപ്രീം കോടതി ഇടപെട്ട് കൗൺസിലിംഗിനുള്ള സമയം നീട്ടിക്കൊടുത്തിരിക്കുകയാണ്. നമുക്കും സമയം കിട്ടുമായിരുന്നു. നിങ്ങൾ അത് ചെയ്തില്ലെന്ന് മാത്രമല്ല, മാനേജ്മെന്റുകൾക്ക് കൊള്ളയടിക്കാനുള്ള അവസരമാണ് ഈ ഗവൺമെന്റ് ഒരുക്കിക്കൊടുത്തത്. മാനേജ്മെന്റുകളുടെ ഇഷ്ടംപോലെ ചെയ്തുകൊടുത്തു. ഇന്നെന്താണ് സ്ഥിതി? ഒഴിവുള്ള സീറ്റുകളെ സംബന്ധിച്ച് അറിയിക്കാൻ പറ്റില്ലെന്ന് മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി. കൃഷ്ണദാസ് പറയുന്നു. ഈ ധൈര്യം കിട്ടിയത് എവിടെ നിന്നാണ്? ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, നിങ്ങളുടെ ഗവൺമെന്റിന്റെ തെറ്റായ നടപടികൊണ്ടാണ് മാനേജ്മെന്റ് ഗവൺമെന്റിനെ വെല്ലുവിളിക്കുന്നത്. പ്രവേശന കമ്മീഷണർ ബി. എസ്. മാവോജി എന്താണ് പറയുന്നത്; ഇന്നലെ സുപ്രീം കോടതിയുടെ വിധിയുണ്ടായി. നിങ്ങൾ വിജയിച്ചതൊന്നുമല്ല, "വിദ്യാർത്ഥി താൽപ്പര്യം മുൻനിർത്തി അഡ്മിഷൻ നടന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ഭാവിയെക്കരുതിമാത്രം ഈ പ്രവേശന നടപടികൾ അംഗീകരിക്കുന്നു" എന്നാണ് സുപ്രീം കോടതി പറഞ്ഞത്. "ഇനി ഞങ്ങളിടപെടുന്നില്ല. ഇനിമുതൽ കൗൺസിലിംഗിനുള്ള അധികാരം സംസ്ഥാന സർക്കാരിനാണ്" എന്നാണ് സുപ്രീം കോടതിയുടെ നിലപാട്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൊണ്ടാണ് ഇങ്ങനെയൊരു നടപടിയുണ്ടായത്. സംസ്ഥാന ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല. അപ്പീൽ കൊടുത്തില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയണം, കേരള ഗവൺമെന്റ് നിയോഗിച്ച അഭിഭാഷകൻ എഴുന്നേറ്റുനിന്ന് ഒരു വാചകം പറയാൻപോലും തയ്യാറായില്ല. ഒരക്ഷരം മിണ്ടിയില്ല. ഇപ്പോഴെന്താണ് സ്ഥിതി? ഇന്നലെ ...

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ....

മി. സ്പീക്കർ: മന്ത്രി സംസാരിക്കട്ടെ.

ശ്രീ. രമേശ് ചെന്നിത്തല: സർ, മന്ത്രിയല്ല ഞാനാണ് സംസാരിക്കുന്നത്. ഞാൻ വഴങ്ങിയാൽ മാത്രമേ മന്ത്രിക്ക് സംസാരിക്കാൻ കഴിയുകയുള്ളൂ.... (ബഹളം)

മി. സ്പീക്കർ: നിങ്ങളെന്തിനാണ് ബഹളമുണ്ടാക്കുന്നത്. അദ്ദേഹത്തിന് പറയാനുള്ളത് പറയട്ടെ.... (ബഹളം) അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ വേണ്ട. ഞാൻ വഴങ്ങുന്നുണ്ടോ എന്ന് അന്വേഷിച്ചതല്ലേയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വഴങ്ങിയാൽ മാത്രമേ മന്ത്രിക്ക് സംസാരിക്കാൻ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നില്ലെങ്കിൽ അങ്ങയുടെ സംസാരത്തിനുശേഷം മന്ത്രി സംസാരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, ഏതൊരു അംഗം പ്രസംഗിക്കുമ്പോഴും ആ അംഗം വഴങ്ങിയാൽ മാത്രമേ മറ്റൊരംഗത്തിന് പ്രസംഗിക്കാൻ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ: വഴങ്ങുന്നില്ലെങ്കിൽ വേണ്ട. അങ്ങ് സംസാരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വഴങ്ങുന്നില്ല. സുപ്രീം കോടതിയിൽ നമ്മുടെ അഭിഭാഷകർ വേണ്ടപോലെ കാര്യങ്ങൾ അവതരിപ്പിച്ചില്ല. ഇവിടെ എന്താണ് സംഭവിച്ചിരിക്കുന്നത്; ഇന്നുമുതൽ സെൻട്രലൈസ്ഡ് കൗൺസിലിംഗ് നടത്താൻ സംസ്ഥാനത്തിനവകാശമുണ്ട്. മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി. കൃഷ്ണദാസ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ മനസ്സില്ലായെന്നാണ് എൻട്രൻസ് കമ്മീഷണർ ശ്രീ. ബി. എസ്. മാവോജിയെ അറിയിച്ചിരിക്കുന്നത്. ഈ ധൈര്യം കിട്ടിയത് ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടും തെറ്റായ നയം കൊണ്ടുമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ എന്താണ് സ്ഥിതി? പ്രവേശനം പൂർത്തിയായി എന്നാണ് സംസ്ഥാന ഗവൺമെന്റ് പറഞ്ഞത്. അതുകൊണ്ടാണ് സുപ്രീം കോടതി ഈ നിലപാടെടുത്തത്. 25,000 രൂപയ്ക്ക് പഠിക്കാനുള്ള അവസരം കുട്ടികൾക്കുണ്ടെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുന്നു. കേരളത്തിൽ അതിനവസരമുണ്ടാക്കിക്കൊടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഇവിടത്തെ പ്രശ്നമെന്താണ്; നിങ്ങൾ മാനേജ്മെന്റുമായി ഒത്തുകളിച്ചുകൊണ്ട് ഒരുഭാഗത്ത് വൻതോതിൽ ഫീസുയർത്തികൊടുത്തു. മറുഭാഗത്ത് തലവരിപ്പണം

വാങ്ങുന്നു. ഗവൺമെന്റിന് ഇക്കാര്യം അന്വേഷിക്കാമോ? കേരളത്തിലെ സ്വാശ്രയ മെഡിക്കൽ, ദന്തൽ കോളേജുകളിൽ അഡ്മിഷന് ലേലംവിളി നടക്കുന്നു. ക്യാപിറ്റേഷൻ ഫീ, റീഫണ്ടബിൾ ഡെപ്പോസിറ്റ്, ബാങ്ക് ഗ്യാരന്റി എന്നിവ മാത്രമല്ല അനിയന്ത്രിതമായി ഹോസ്റ്റൽ ഫീസും വാങ്ങുന്നു. എല്ലാം കൂടി ഒരു കുട്ടിക്ക് ഒരു കോടി അഞ്ച് ലക്ഷം രൂപ മുതൽ ഒരു കോടി പത്ത് ലക്ഷം രൂപ വരെ പണം കൊടുക്കേണ്ട അവസ്ഥ ഇന്ന് കേരളത്തിൽ നിലനിൽക്കുന്നു. ഞാൻ ഇപ്പോൾ പറഞ്ഞതിൽ ഉറച്ചുനിൽക്കുന്നു. കേരളത്തിൽ ക്യാപിറ്റേഷൻ ഫീസില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു. അദ്ദേഹത്തിന്റെ വാദം എനിക്ക് വളരെ കൗതുകകരമായി തോന്നി.

ശ്രീ. റ്റി. വി. രാജേഷ്: ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്ന ഏതെങ്കിലും ഒരു കോളേജിന്റെ പേര് അങ്ങേയ്ക്ക് പറയാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. റ്റി. വി. രാജേഷ്, മാനേജ്മെന്റുകൾക്കു വേണ്ടി വാദിക്കരുത്. താങ്കളെപ്പോലെ ഒരാൾ മാനേജ്മെന്റുകൾക്കുവേണ്ടി വാദിക്കുന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഡി. വൈ. എഫ്. ഐ. യുടെ പ്രസിഡന്റായിരുന്ന അങ്ങ് ഇത് ചെയ്യരുത്. ഇവിടെ വൻതോതിലാണ് ലേലം വിളിക്കുന്നത്. നീറ്റ് മെരിറ്റ് അട്ടിമറിക്കുന്നു. ഇതൊന്നും തങ്ങളുടെ എഗ്രിമെന്റിലില്ലായെന്നും അതുകൊണ്ട് ഞങ്ങൾക്ക് നോക്കേണ്ട കാര്യമില്ലായെന്നുമാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുന്നത്. ഈ നിലപാട് ശരിയല്ല. ഇതെല്ലാം നോക്കാനാണ് ഗവൺമെന്റുള്ളത്. ഇവിടെ തലവരിപ്പണം, റീഫണ്ടബിൾ ഡെപ്പോസിറ്റ്, ബാങ്ക് ഗ്യാരന്റി, ഉയർന്ന ഹോസ്റ്റൽ ഫീസ് എന്നിവ വാങ്ങുന്നു. ഇതൊന്നും കാണാൻ കേരളത്തിലെ ഗവൺമെന്റിന് കണ്ണില്ലേ? ജെയിംസ് കമ്മിറ്റി നോക്കുകുത്തിയാകുന്നു. ശ്രീ. ജെയിംസിനെത്തന്നെ മാറ്റാൻ പോകുകയാണ്. അതുകൊണ്ട് അദ്ദേഹം ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കുന്നില്ല. 1300 പരാതികൾ ലഭിച്ചിട്ടും അതൊന്നും ഇവിടെ പരിഹരിക്കുന്നില്ല. കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിന്റെയും പൊതുജനങ്ങളുടെയും രക്ഷകർത്താക്കളുടെയും വികാരം ഉയർത്തിപ്പിടിച്ചുകൊണ്ടാണ്

ഞങ്ങൾ സമരം ചെയ്യുന്നത്. എത്രയാളുകളും കുട്ടികളുമാണ് ഓരോ ദിവസവും ഇതുമായി ബന്ധപ്പെട്ട് വിളിക്കുന്നത്? ഇത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ്, മാനേജ്മെന്റുകൾക്കുവേണ്ടി എന്തും ചെയ്തുകൊടുക്കുന്ന ഒരു സർക്കാരിവിടെ ഉണ്ടെങ്കിൽ ആ സർക്കാർ ആ നയം തിരുത്തണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഞാൻ ശ്രീമതി കെ. കെ. ശൈലജ ടീച്ചറോട് ചോദിക്കട്ടെ, ജെയിംസ് കമ്മിറ്റിക്ക് ഏതെങ്കിലും ഒരു നിർദ്ദേശം നിങ്ങൾ കൊടുത്തോ, ജെയിംസ് കമ്മിറ്റിയുടെ യോഗം മന്ത്രിക്ക് വിളിച്ചുചേർത്തുകൂടേ;

അതിനുള്ള അധികാരമില്ലേ? യു. ഡി. എഫ്. ഗവൺമെന്റ് അഞ്ചുവർഷം കൊണ്ടാണ് 45,000 രൂപ ഫീസ് വർദ്ധിപ്പിച്ചത്. അന്ന് 25,000 രൂപ ഫീസിൽ കുട്ടികൾക്ക് പഠിക്കാമായിരുന്നു. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചുവെന്നാണ് ഇവിടെ ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്. സീറ്റുകളുടെ എണ്ണം എങ്ങനെയാണ് വർദ്ധിച്ചത്; ഇടതുമുന്നണിയുടെ നേട്ടമാണോ സീറ്റ് വർദ്ധിച്ചത്? ഈ സംസ്ഥാനത്ത് പുതിയതായി മൂന്ന് കോളേജുകൾ ഉണ്ടായി. ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്; എസ്. ആർ. മെഡിക്കൽ കോളേജ്, വർക്കല; കേരള മെഡിക്കൽ കോളേജ്, പാലക്കാട് എന്നീ മൂന്ന് കോളേജുകൾ പുതിയതായി വന്നപ്പോഴാണ് സീറ്റ് വർദ്ധിച്ചത്. അതുപോലെ തന്നെ ചില കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചപ്പോൾ സീറ്റുകളുടെ എണ്ണം 100-ൽ നിന്ന് 150 ആയി വർദ്ധിച്ചു. ഇവിടെ നിങ്ങൾ നഷ്ടപ്പെടുത്തിയത് 250 സീറ്റുകളാണ്. കുട്ടികൾക്ക് 25,000 രൂപയ്ക്ക് സർക്കാർ ഫീസിൽ പഠിക്കാനുള്ള അവസരം നിങ്ങൾ നഷ്ടപ്പെടുത്തി. തിരുവനന്തപുരം ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ്, പാരിപ്പള്ളി മെഡിക്കൽ കോളേജ്, ഇടുക്കി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ സീറ്റുകൾ നിങ്ങളാണ് നഷ്ടപ്പെടുത്തിയത്. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നൽകിയ അവസരംപോലും നിങ്ങൾ നഷ്ടപ്പെടുത്തിയതുകൊണ്ട് 250 കുട്ടികൾക്ക് 25,000 രൂപയ്ക്ക് പഠിക്കാനുള്ള അവസരം നഷ്ടപ്പെട്ടു. ഇവിടെ സീറ്റ് വർദ്ധിപ്പിച്ചതിൽ ഗവൺമെന്റിന് ഒരു ക്രെഡിറ്റുമില്ല. കാരണം എന്താണ്; ഒന്നാമതായി പുതിയ കോളേജുകൾ വന്നു. രണ്ടാമതായി, കൂടുതൽ ഫീസ് നിശ്ചയിച്ചുകൊടുത്താൽ മാനേജ്മെന്റുകൾ കൂടുതലായി എഗ്രിമെന്റിൽ ഒപ്പിടാൻ വരും. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി യായിരുന്നപ്പോൾ 14 കോളേജുകൾ വന്നു. ഇപ്പോൾ 21 കോളേജുകൾ വന്നു. അന്ന് 65,000 രൂപ ഫീസ് അധികം നിശ്ചയിച്ചിരുന്നുവെങ്കിൽ കുറേ മാനേജ്മെന്റുകൾകൂടി എഗ്രിമെന്റിൽ ഒപ്പിടുമായിരുന്നു. അങ്ങനെ കുട്ടികളെ ദ്രോഹിക്കുന്ന നടപടി വേണ്ടായെന്ന് ഞങ്ങൾ തീരുമാനിച്ചതുകൊണ്ടാണ് അന്ന് പല മാനേജ്മെന്റുകളും ഒപ്പിടാത്തത്. ഇന്ന് മാനേജുമെന്റുകൾ എഗ്രിമെന്റ് ഒപ്പിടാൻ വന്നത് അവർക്ക് കൊള്ളയടിക്കാനുള്ള എല്ലാ സൗകര്യവും നിങ്ങൾ ചെയ്തുകൊടുത്തതുകൊണ്ടാണ്. ഉയർന്ന ഫീസ് നിശ്ചയിച്ചുകൊടുക്കുന്നു, ജെയിംസ് കമ്മിറ്റിയെ നോക്കുകുത്തിയാക്കുന്നു. ഇതിന്റെ ഫലമായി മാനേജുമെന്റുകൾ എഗ്രിമെന്റിൽ ഒപ്പിടാൻ മുന്നോട്ടുവരും. അത് നിങ്ങളുടെ നേട്ടമല്ല. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, നീറ്റ് മെരിറ്റ് വന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടമാണെന്ന്. നീറ്റ് മെരിറ്റ് വന്നത് സുപ്രീം കോടതിയുടെ വിധിപ്രകാരമാണ്. കേന്ദ്ര ഗവൺമെന്റ് നടപടിയാണ്. ഇന്ന് മുതൽ നിങ്ങൾ സുപ്രീം കോടതിയുടെ വിധി അംഗീകരിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുമോ? ആരോഗ്യ വകുപ്പുമന്ത്രി പറയുന്നില്ലല്ലോ. മാനേജുമെന്റുകൾ വെല്ലുവിളിക്കുകയാണിവിടെ.

ഇവിടെ അസ്വസ്ഥത ആർക്കാണ്? ഗവൺമെന്റിനാണ് അസ്വസ്ഥത. കാരണം ഗവൺമെന്റും മാനേജ്മെന്റും തമ്മിലുള്ള കൂട്ടുകച്ചവടവും കള്ളക്കളികളും പുറത്തുവന്നിരിക്കുന്നു. വൻതോതിലുള്ള അഴിമതിയും കോഴയും നടക്കുന്നു. ഈ കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ഞങ്ങൾ മാനേജ്മെന്റിനുവേണ്ടി നിലകൊള്ളുന്നു എന്ന വാദം പൊതുജനങ്ങൾ അംഗീകരിക്കില്ല. കേരളത്തിലെ ജനങ്ങളുടെ വികാരത്തെ കണക്കിലെടുത്തുകൊണ്ടും വിശ്വാസത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടുമാണ് ഞങ്ങൾ സമരം ചെയ്യുന്നത്. കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷക്കാലം സ്വാശ്രയ മേഖലയ്ക്കെതിരെ സമരം ചെയ്ത ഒരു സംഘടനയുടെ നേതാക്കൻമാർ കേരളം ഭരിക്കുമ്പോൾ അവർക്ക് തോന്ന്യാസം നടത്താനുള്ള അധികാരം കൊടുത്തതിനെതിരെയുള്ള കേരള ജനതയുടെ പ്രതിഷേധമാണ് ഞങ്ങൾ ഇവിടെ ഉയർത്തിപ്പിടിക്കുന്നത്. ആ സമരങ്ങളെ അടിച്ചമർത്താനും ഇല്ലായ്മ ചെയ്യാനുമുള്ള ഒരു നീക്കത്തേയും ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. ഇവിടെ ഗവൺമെന്റ് തെറ്റ് തിരുത്താൻ തയ്യാറാകണം. ഗവൺമെന്റ് എന്തുകൊണ്ട് സ്വകാര്യ മാനേജ്മെന്റുകൾക്ക് ഇത്തരമൊരു അവസരമുണ്ടാക്കിക്കൊടുത്തു. അതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. സ്വാശ്രയ മേഖലയിൽ ഒരു കാലത്തുമില്ലാത്ത രീതിയിലുള്ള കൊള്ളയും അഴിമതിയും നടക്കുന്നു, കോഴയുണ്ടാകുന്നു. അതിനെതിരെ ഫലപ്രദമായ നടപടിയെടുക്കാൻ ഗവൺമെന്റ് മുന്നോട്ടുവരുന്നില്ല എന്നതാണ് ഞങ്ങളുടെ പരാതി. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രി എന്ന നിലയിൽ പറയാൻ പാടില്ലാത്ത കാര്യമാണ് ഈ സഭയിൽ പറഞ്ഞത്. അത് പരിശോധിക്കുന്നതിനുവേണ്ടി ഞാൻ അങ്ങേയ്ക്ക് വിടുകയാണ്. ചാനലുകൾ വാടകയ്ക്കെടുത്തവരാണ് സമരം ചെയ്തതെന്ന് അദ്ദേഹം ചാനലുകളോട് പറയുന്നു. എല്ലാ ദിവസവും രാവിലെ സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് കിട്ടുന്ന കാര്യം മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. കെ. എസ്. യു. പ്രവർത്തകരെ അറസ്റ്റു ചെയ്ത് അവരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടെന്നുള്ള കാര്യം മുഖ്യമന്ത്രിക്ക് കിട്ടുന്ന റിപ്പോർട്ടിലുണ്ട്. അതൊന്ന് വായിച്ചാൽ മതി. അദ്ദേഹം അത് മറച്ചുവച്ചുകൊണ്ടാണ് ഇവിടെ സംസാരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം കന്റോൺമെന്റ് ഗേറ്റ് ഒരിക്കലും അടയ്ക്കാറില്ല എന്നതാണ്. കന്റോൺമെന്റ് ഗേറ്റ് നിരോധന മേഖലയാണ്. അവിടെ അഞ്ചു പേരിൽ കൂടുതൽ പേർ ചേരാൻ പാടില്ല. അങ്ങനെ കൂടിയാൽ അറസ്റ്റ് ചെയ്യും. അതുകൊണ്ട് വിദ്യാർത്ഥികളെ വാടകയ്ക്കെടുക്കുന്ന ആളുകളായി ചിത്രീകരിച്ചതുൾപ്പെടെയുള്ള നടപടികൾ ഖേദകരമാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സമരങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകും. അഞ്ച് എം. എൽ. എ. മാർ സഭാകവാടത്തിൽ നിരാഹാരം കിടക്കുമ്പോൾ അങ്ങേയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഇവിടെ ബഹളമുണ്ടാക്കുന്ന ശ്രീ. എ. കെ. ബാലൻ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയല്ലേ? അദ്ദേഹത്തിന് ഉത്തരവാദിത്വമില്ലേ? മുഖ്യമന്ത്രിക്ക്

ഉത്തരവാദിത്വമില്ലേ? ഞങ്ങൾ ന്യായമായ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം ചെയ്യുമ്പോൾ ആ സമരത്തെ അടിച്ചമർത്തിക്കൊണ്ട് മുന്നോട്ടുപോകാമെന്ന് സർക്കാർ കരുതിയാൽ അതിശക്തമായിത്തന്നെ അതിനെ നേരിടുമെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ തെറ്റായ നടപടി സർക്കാർ അവസാനിപ്പിക്കണം. കഴിഞ്ഞ പത്തു പന്ത്രണ്ട് വർഷക്കാലം സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ സമരം നടത്തിയ ആളുകൾ ഇന്ന് അവരുടെ സംരക്ഷകരായി മാറിയത് കേരളം കാണുന്നു എന്ന കാര്യം മനസ്സിലാക്കണം. ഇതിനൊരു പരിഹാരമുണ്ടാകുന്നതുവരെ സഭാനടപടികളിൽ സഹകരിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ശക്തമായ സമരങ്ങളുമായി ഞങ്ങൾ മുന്നോട്ടു പോകുമെന്ന് സഭയേയും അങ്ങയേയും അങ്ങയിലൂടെ ജനങ്ങളേയും അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ദീർഘകാലത്തെ പാർലമെന്ററി അനുഭവമുള്ള ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സ്ഥിരമായി ചെയറിന്റെ വിമർശകനായി സഭയ്ക്കകത്തും പുറത്തും മാറുന്നത് ഖേദകരമായ കാര്യമാണ് എന്ന് അങ്ങയെ ഞാൻ അറിയിക്കുകയാണ്. പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും ചട്ടത്തിന് വിധേയമായി സംരക്ഷിക്കുവാനുള്ള ബാധ്യത ചെയറിനുണ്ട്. അത് കൃത്യമായി നിർവ്വഹിക്കും, നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. കീഴ്‌വഴക്കങ്ങൾ യാന്ത്രികമായി നടപ്പിലാക്കേണ്ടതല്ല. കീഴ്‌വഴക്കങ്ങൾ സാഹചര്യങ്ങളുമായിക്കൂടി ബന്ധപ്പെട്ടതാണ്. ഇന്നലെ ചോദ്യോത്തരവേള ആരംഭിക്കുന്നതിനുമുമ്പ്, ചോദ്യോത്തരവേളയ്ക്ക് ഇടയിൽത്തന്നെ അങ്ങേയ്ക്ക് പ്രസംഗിക്കണമെന്നുള്ള അടിയന്തര പ്രാധാന്യം ചെയറിന് ബോദ്ധ്യമായിട്ടില്ല. ആ സാഹചര്യത്തിലാണ് ചെയർ അത്തരമൊരു നിലപാട് സ്വീകരിച്ചത്. പ്രതിപക്ഷ നേതാവിനും പ്രതിപക്ഷത്തിനും അവസരങ്ങൾ നൽകുന്നതിൽ ഒരിക്കലും പിശുക്ക് കാണിക്കാറില്ല. അവകാശങ്ങളെല്ലാം സംരക്ഷിക്കപ്പെടുകതന്നെ ചെയ്യും. പക്ഷെ ചെയറിന്റെ റൂളിംഗിനെ നിരന്തരമായി സഭയ്ക്കകത്തും പുറത്തും ചോദ്യം ചെയ്യുന്നതും വിമർശിക്കുന്നതും ആശാസ്യകരമല്ലായെന്നുകൂടി ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെ ഞാൻ അറിയിക്കുന്നു.

ശ്രീ. കെ. എം. മാണി: .....(മൈക്ക് ഓഫ്)...

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെവരികയും ചെയ്തു)

# IV ശ്രദ്ധ ക്ഷണിക്കൽ

## വരൾച്ചയെ നേരിടുന്നതിനുള്ള മുന്നൊരുക്കം

ശ്രീ. ജോർജ് എം. തോമസ്: സർ, കേരളത്തിന്റെ സമീപകാല കാലാവസ്ഥയിൽ സാരമായ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്. സാധാരണഗതിയിൽ ജൂൺ മാസം 1-ാം തീയതി ആരംഭിക്കേണ്ട മൺസൂൺ ഇത്തവണ 9-ാം തീയതിയാണ് ആരംഭിച്ചത്. ഈ വർഷം നമുക്ക് ലഭിച്ചത് ശരാശരി മഴയേക്കാൾ ഏകദേശം 34 ശതമാനം കുറവാണ്. ഈ വർഷം ആകെ ലഭിക്കേണ്ടിയിരുന്നത് 2005.8 മി. മീറ്റർ മഴയാണ്. എന്നാൽ 1343.5 മി. മീറ്റർ മഴയാണ് ലഭിച്ചത്. ഇനി തുലാവർഷമാണ് അവശേഷിക്കുന്നത്. തുലാവർഷത്തിൽ യഥാർത്ഥത്തിൽ പരമാവധി ലഭിക്കുന്ന മഴ 500 മി.മീറ്ററാണ്. തുലാവർഷം പൂർണ്ണതോതിൽ കിട്ടിയാൽപോലും കഴിഞ്ഞ കാലവർഷത്തിൽ ലഭിച്ച മഴയുടെ അത്രയും അളവ് ലഭിക്കാതിരുന്നാൽ ഗുരുതരമായ വരൾച്ചയാണ് കേരളം അഭിമുഖീകരിക്കാൻ പോകുന്നത്. ....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്......(ബഹളം).....

ശ്രീ. ജോർജ് എം. തോമസ്: സർ, വരൾച്ച അനുഭവപ്പെട്ട കഴിഞ്ഞ വർഷം നമ്മൾ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കിയില്ല. ജൂൺ മാസം ഒന്നാം തീയതിയോടുകൂടി സാമ്പത്തിക പ്രതിസന്ധിയുൾപ്പെടെയുള്ള കാരണങ്ങളാൽ കുടിവെള്ള വിതരണം നിർത്തലാക്കേണ്ടിവന്നു. അതുകൊണ്ട് കുടിവെള്ള വിതരണ പദ്ധതി ഉൾപ്പെടെ കൃഷിക്കും കുടിവെള്ളത്തിനും ആവശ്യമായ ജലസംഭരണ ശേഷി വികസിപ്പിക്കേണ്ടതുണ്ട്. അതുപോലെ നീർക്കുഴി നിർമ്മാണ പദ്ധതികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്... എല്ലാവരും അവരവരുടെ സീറ്റിലേയ്ക്ക് പോകണം. സഭാ നടപടികൾ ഇങ്ങനെ തുടർച്ചയായി തടസ്സപ്പെടുത്തുന്നത് ശരിയല്ല. ലോകം മുഴുവൻ ഇത് കാണുന്നുണ്ട്. ഇത്രയും നിരുത്തരവാദപരമായ സമീപനം സ്വീകരിക്കരുത്.

ശ്രീ. ജോർജ് എം. തോമസ്: സർ, തിരുവമ്പാടിയിൽ പണ്ടുകാലത്ത് നെൽപ്പാടങ്ങളിൽ കൃഷി ചെയ്തിട്ടുള്ള കമുക് കൃഷി നശിച്ചതോടുകൂടി കമുകുമില്ല, നെൽപ്പാടവുമില്ലാത്ത സ്ഥിതിയാണ്. സമീപകാലത്ത് അവിടെ നാലേക്കറോളം സ്ഥലത്ത് ഇതിനോടകം കമുക് മുറിച്ചുമാറ്റി നെൽപ്പാടങ്ങൾ വീണ്ടെടുക്കുകയുണ്ടായി.ഇതുപോലെയുള്ള പരിപാടി സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയാൽ നെൽപ്പാടങ്ങളുടെ വിസ്തൃതി, നെല്ല് ഉൽപ്പാദനം, ജലസംഭരണ ശേഷി

എന്നിവ വർദ്ധിപ്പിക്കാൻ കഴിയും. അതുപോലെ ബോർവെൽ കുഴിക്കുന്ന പ്രവണത കൃഷിക്കാരുടെയിടയിൽ വൻതോതിൽ വ്യാപിച്ചിരിക്കുകയാണ്. ഇങ്ങനെ ബോർവെൽ കുഴിച്ചാൽ സ്വാഭാവികമായും ഭൂഗർഭ ജലത്തിന്റെ ലഭ്യത കുറയും. ഇതിനുവേണ്ടി സമഗ്രമായ ഒരു പദ്ധതി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് മുൻകയെടുക്കണമെന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് പറയാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാന വരൾച്ചാ നിരീക്ഷണ കേന്ദ്രം വരൾച്ചാ സാധ്യതകൾ സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. തെക്ക പടിഞ്ഞാറൻ കാലവർഷം നിലവിൽ ഏകദേശം 32 ശതമാനം മഴക്കുറവാണ് രേഖപ്പെടുത്തിയത്. എന്നാൽ ഇതുമാത്രംകൊണ്ട് വരൾച്ച ഉണ്ടാകും എന്ന് കരുതാൻ സാധിക്കില്ല. കേരളത്തിൽ വടക്ക് കിഴക്കൻ കാലവർഷത്തിലും മഴലഭ്യതയ്ക്ക് സാധ്യതയുണ്ട്. സെപ്റ്റംബർ 21-ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനമനുസരിച്ച് കേരളത്തിൽ ഒക്ടോബർ മുതൽ ഡിസംബർ വരെ ലഭിക്കേണ്ട മഴയുടെ 90% മുതൽ 100% വരെ മഴ ലഭിക്കും എന്ന് കരുതുന്നു. എന്നാൽ ഈ മഴയുടെ പ്രാദേശിക ലഭ്യത ഏതുതരത്തിൽ ആയിരിക്കും എന്ന് പ്രവചിക്കുക നിലവിൽ സാധ്യമല്ല. ദൈനംദിന സാഹചര്യങ്ങളും രണ്ടാഴ്ചയിലേയ്ക്കുള്ള പ്രവചനങ്ങളും നിരന്തരം പരിശോധിച്ചുവരുന്നു. വേനൽ എന്നത് വാർഷിക കാലാവസ്ഥാ പ്രതിഭാസമാണ്. കേരളത്തിലെ കാർഷിക കലണ്ടർ 6 മാസം മഴ, 6 മാസം വേനൽ എന്ന രീതിയിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. വേനൽ ഒരു ദുരന്ത കാലഘട്ടമായി നിർവ്വചിച്ചിട്ടില്ല. എന്നാൽ വരൾച്ച ഒരു പ്രകൃതിജന്യ ദുരന്തമാണ്. വരൾച്ച മഴക്കുറവുകൊണ്ടുമാത്രം നിർവചിക്കാവുന്നതല്ല. വളരെ പതുക്കെ മാത്രം ജനജീവിതത്തെ ബാധിക്കുന്ന ദുരന്തമാണ് വരൾച്ച എന്നതിനാൽ വരൾച്ചാ നിരീക്ഷണം നിരവധി സൂചികകൾ അടിസ്ഥാനപ്പെടുത്തിയാണ്. സംസ്ഥാനത്തിന് വരൾച്ചാ അടിയന്തരഘട്ട കാര്യ നിർവ്വഹണ പദ്ധതി ഉണ്ട്. നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 175 കോടി രൂപ ഉള്ളതിൽ 57 കോടി രൂപ വരൾച്ചയ്ക്ക് മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. വടക്കേ ഇന്ത്യയെ അപേക്ഷിച്ച് താരതമ്യേന തീവ്രത കുറഞ്ഞ വേനൽക്കാലമുള്ള കേരളത്തിൽ കുടിവെള്ള ക്ഷാമവും ശക്തമായ ചൂടും അനുഭവപ്പെടുന്നതിൽ കേരള സമൂഹത്തിന്റെ ജീവിതചര്യയിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള നഗരവത്കരണ സംബന്ധിയായ മാറ്റങ്ങളും സുസ്ഥിരമല്ലാത്ത ഭൂവിനിയോഗവുമാണ് നിർണ്ണായകമായ പങ്കുവഹിക്കുന്നതെന്ന് പല പഠനങ്ങളിൽനിന്നും വെളിവാകുന്നു. പ്രകൃതി ചൂഷണം തീവ്രമായ രീതിയിൽ

കേരളസമൂഹം നടത്തിവരുന്നതായി കാണുന്നു. വേനൽക്കാലത്തെ കുടിവെള്ള ക്ഷാമവും ശക്തമായ ചൂടും നിയന്ത്രിക്കണമെങ്കിൽ ഭൂവിനിയോഗത്തിലും പ്രകൃതി ചൂഷണത്തിലും സുസ്ഥിര വികസനം ലക്ഷ്യമാക്കി ദീർഘകാല അടിസ്ഥാനത്തിൽ സാമൂഹികമായ ബോധത്തിൽ മാറ്റങ്ങൾ ആവശ്യമാണ്. ഇതുകൂടി പരിഗണിച്ചുകൊണ്ടാണ് ഹരിത കേരളം പദ്ധതി ഈ സർക്കാർ പ്രഖ്യാപിച്ചതും നടപ്പാക്കുന്നതും. ജലസ്രോതസ്സുകൾ പരിപോഷിപ്പിക്കുവാൻ ജലവർഷിണി, മഴപ്പൊലിമ എന്നീ പദ്ധതികൾ ദുരന്തനിവാരണ അതോറിറ്റി നടത്തിവരുന്നു. മറ്റു വകുപ്പുകൾക്കും വിവിധ ജല പരിപോഷണ, കൃഷി സംരക്ഷണ പദ്ധതികളുണ്ട്.

ശ്രീ. ജോർജ് എം. തോമസ്: സർ, നെൽപ്പാടങ്ങൾ വീണ്ടെടുക്കുന്നതിന് വേണ്ടിവരുന്ന ചെലവ് കൃഷിക്കാർ ഏറ്റെടുത്താൽ ആ ചെലവ് പിന്നീട് ഗവൺമെന്റ് വഹിക്കാൻ തയ്യാറാകുമോ? അങ്ങനെ വന്നാൽ ജലസംഭരണ ശേഷി വൻതോതിൽ വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. അതിനുള്ള ഇൻസെന്റീവ് ഗവൺമെന്റ് പ്രഖ്യാപിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അക്കാര്യം പരിശോധിക്കാവുന്നതാണ്. ഇതുസംബന്ധിച്ച് വ്യക്തമായ ഒരു മറുപടി ഇപ്പോൾ നൽകാൻ സാധ്യമല്ല.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാനുള്ള അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ദയവായി നിങ്ങൾ സീറ്റിലേയ്ക്ക് പോകണം. പ്ലീസ്.. സഭാ നടപടികളോട് ഇങ്ങനെയൊരു സമീപനം കാണിക്കുന്നത് ശരിയല്ല. നിരന്തരമായി സഭ തടസ്സപ്പെടുത്തരുത്. ഈ സഭാസമ്മേളനം ആരംഭിച്ച് ദിവസങ്ങളാകുന്നതിനുമുമ്പ് ഈ സമീപനം ശരിയല്ല.........(ബഹളം) .......... സഭാനടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ രാവിലെ 10.23-ന് താൽക്കാലികമായി നിർത്തിവയ്ക്കുകയും 11.53-ന് പുനരാരംഭിക്കുകയുംചെയ്തു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ...., സഭാനടപടികൾ തടസ്സപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും നിയമസഭാ സാമാജികരിൽ അഞ്ച് പേർ നടത്തുന്ന നിരാഹാര സമരവുമായി ബന്ധപ്പെട്ടും ഭരണ-പ്രതിപക്ഷാംഗങ്ങളുമായി ചെയർ ചർച്ച നടത്തിയെങ്കിലും ഒരു പൊതുസമവായത്തിലെത്താൻ സാധിച്ചിട്ടില്ല എന്നത് സഭയെ അറിയിക്കുന്നു. സഭ തുടർ നടപടികളിലേയ്ക്ക് പ്രവേശിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അഞ്ച് എം. എൽ. എ.മാർ നിരാഹാരം കിടക്കുന്ന സാഹചര്യത്തിൽ സ്പീക്കർ എന്നുള്ള നിലയിൽ അങ്ങ് ഞങ്ങളെ ചർച്ചയ്ക്ക് വിളിച്ചതിൽ തീർച്ചയായും സന്തോഷമുണ്ട്, അത് എന്തുകൊണ്ടും ഉചിതമായ നടപടിയാണ്. പക്ഷേ ചർച്ചയിൽ കാര്യമായ പുരോഗതി കാണാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കേരളത്തിലെ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും പൊതുസമൂഹത്തിനും വേണ്ടി ഞങ്ങൾ ഉയർത്തിപ്പിടിക്കുന്ന ആവശ്യങ്ങളോട് ഗവൺമെന്റ് ഒരു തരത്തിലും വിട്ടുവീഴ്ചയോടു കൂടിയുള്ള സമീപനം സ്വീകരിക്കാത്തതിന്റെ വെളിച്ചത്തിൽ സഭാനടപടികളുമായി യോജിച്ച് മുന്നോട്ടു പോകാൻ പ്രയാസമുണ്ട്. അതിനാൽ പ്രതിപക്ഷം ഒന്നാകെ സഭ ബഹിഷ്കരിക്കുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ച് പുറത്തുപോയി)

മി. സ്പീക്കർ: ഓർഡർ, ഓർഡർ...., സബ്മിഷനുകൾ റദ്ദ് ചെയ്യുകയാണ്. സബ്മിഷനുകളുമായി ബന്ധപ്പെട്ട ഉത്തരങ്ങൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതോടൊപ്പം അവ മെമ്പർമാർക്ക് ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

### ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

1. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2049, പതിനഞ്ചാം സമ്മേളനത്തിലെ 1436 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2124, ഒമ്പതാം സമ്മേളനത്തിലെ 2655, 4245, പത്താം സമ്മേളനത്തിലെ 2919, 2939, പന്ത്രണ്ടാം സമ്മേളനത്തിലെ 2893, പതിനാലാം സമ്മേളനത്തിലെ 2489, 3799 പതിനാറാം സമ്മേളനത്തിലെ 1056, 1109, 2595, 2599, 2604, 2612, 2616, 2617, 2636, 2639, 2642, 2643, 2649 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4729, 4784, പതിനാലാം സമ്മേളനത്തിലെ 5201, പതിനാറാം സമ്മേളനത്തിലെ 2696 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VI റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി V-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

2. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17 | | | | | | | | |
|---|---|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 24-2-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-7-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | മൂലധനം (രൂപ) | റവന്യൂ (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7)) | (8) | (9) |
| XII | പോലീസ് | 1107,02, 31,000 | 16,66,68, 000 | 830,58, 48,000 | 12,50,0 2,000 | 1384,73, 13,000 | 20,83,3 7,000 | 1105, 56,50 ,000 |
| X XIII | ജയിലുകൾ | 39,00, 24,00 0 | .. | 29,25, 18,000 | - --- | 48,75, 30, 000 | - - | 4 48,75 , 30, 000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 140,52,41 ,000 | 66,66, 000 | 105,39,31, 000 | 50,00, 000 | 175,65,50, 000 | 83,34, 000 | 176,48, 84,000 |

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി XII, XIII, XIV എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

( ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ചർച്ച ആരംഭിക്കുന്നതാണ്.

[12.00 PM]

ശ്രീ. എം. എം. മണി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാലു മാസവും നാല് ദിവസവും മാത്രമേ ആയിട്ടുള്ളൂവെങ്കിലും ചുരുങ്ങിയ നാളുകൾ കൊണ്ടുള്ള ഗവൺമെന്റിന്റെ പ്രവർത്തനം ബഹുജനങ്ങൾക്കിടയിൽ വലിയ മതിപ്പുണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ടെന്നാണ് നാട്ടിൽ നടക്കുന്ന പൊതുചർച്ചയും അത് സംബന്ധിച്ചുള്ള അഭിപ്രായ രൂപീകരണവുമെല്ലാം വ്യക്തമാക്കുന്നത്. ഇവിടെ 36 ലക്ഷത്തോളം വരുന്ന പാവപ്പെട്ട ജനങ്ങൾക്ക് ഏതാണ്ട് നാലായിരം കോടി രൂപയുടെ ക്ഷേമ പെൻഷനുകൾ ഗവൺമെന്റ് വിതരണം ചെയ്തു. അത് വലിയൊരു ചലനമുണ്ടാക്കുന്നുണ്ട്, പ്രത്യേകിച്ച് ഓണക്കാലത്ത് ഗവൺമെന്റ് സ്വീകരിച്ച നടപടിയെ അവർ ആവേശപൂർവ്വം പിന്താങ്ങുന്നതും സന്തോഷാശ്രുക്കൾ പൊഴിക്കുന്നതും കാണാൻ ഇടയായെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അത് വലിയൊരു മുന്നേറ്റമാണ്. ഓണക്കാലത്ത് നാലായിരം കോടി രൂപ കയ്യിൽ കിട്ടിയത് അവർ പലിശയ്ക്കു കൊടുക്കുകയോ ബാങ്കിൽ നിക്ഷേപിക്കുകയോ അല്ല ചെയ്തത്, മറിച്ച് അത്യാവശ്യം നിത്യോപയോഗ സാധനങ്ങളെല്ലാം ക്രയവിക്രയം ചെയ്യുകയാണ്, കമ്പോളത്തിൽ ഇടപെടുകയാണ്, കമ്പോളത്തിൽ ജനങ്ങളുടെ ക്രയശക്തി വർദ്ധിച്ചിരിക്കുകയാണെന്ന് നമുക്ക് കാണാൻ കഴിയും. അത് വലിയ ബഹുജനാഭിപ്രായം ഉണ്ടാക്കിയിട്ടുണ്ട്. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പ്രഖ്യാപിച്ചതായ വാർത്ത പത്രത്തിൽ വന്നിട്ടുണ്ട്. 35 ലക്ഷം വിദ്യാർത്ഥികൾക്കാണ് ഇതിന്റെ ഗുണം

ലഭ്യമാകുന്നത്. അത് വിദ്യാഭ്യാസ രംഗത്ത് പുതിയ കാൽവയ്പ്പും ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ആശ്വാസം പകരുന്നതും സാധാരണക്കാരന് ഗുണം ചെയ്യുന്ന നടപടിയുമാണ്. ഇവിടെ മെഡിക്കൽ കോളേജ് അഡ്മിഷന്റെ പേരിൽ ഇല്ലാത്ത ആക്ഷേപങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്നും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എതിരായിരുന്നു. ഒരിക്കലും നമ്മൾ അത് കൊണ്ടുവന്നതല്ല. യു.ഡി.എഫ്.ന്റെ ഗവൺമെന്റ് കേരളീയരുടെ തലയിൽ ഒരു പാര പോലെ കൊണ്ടുവന്ന് അടിച്ചേൽപ്പിച്ചതാണ് ഇതെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. വിദ്യാഭ്യാസ രംഗം, പ്രത്യേകിച്ച് സ്വാശ്രയ വിദ്യാഭ്യാസ രംഗം ഏറ്റവും വലിയ പ്രതിസന്ധിയിലാണ് ചെന്നുപെട്ടിരിക്കുന്നതെന്ന് നമുക്ക് കാണാവുന്നതാണ്. എഞ്ചിനീയറിംഗിനും മറ്റ് കോഴ്സുകൾക്കും മിനിമം 40,000 സീറ്റുകളെങ്കിലും ഒഴിഞ്ഞുകിടക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായുള്ള ആശയവിനിമയത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഒരു കച്ചവട സ്ഥാപനമായി തുടങ്ങിയതാണ്. കഴിഞ്ഞ ഒരു വർഷം മാത്രം 1250 കോടി രൂപയുടെ തട്ടിപ്പാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്നതെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് സ്വീകരിച്ച നടപടിയെ സുപ്രീം കോടതി വളരെ മാന്യമായി അംഗീകരിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ സുപ്രീം കോടതിയുടെ ഇടപെടൽ ആവശ്യമില്ല എന്നാണ് സുപ്രീം കോടതി വിധിച്ചത്. അതിനെതിരെയാണ് നിരാഹാര സത്യാഗ്രഹവും അപവാദപ്രചാരവേലയും നിയമസഭാ നടപടികളെ തന്നെ തടസ്സപ്പെടുത്തുകയുമെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. ഫലത്തിൽ ഈ ബാധ്യത കേരള സമൂഹത്തിന്റെമേൽ കെട്ടിവച്ചത് എന്നും ശ്രീ. ഉമ്മൻ ചാണ്ടിയടക്കമുള്ള യു. ഡി. എഫ്. നേതൃത്വമാണെന്ന് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രവും ഭരണ ചരിത്രവും പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. ഇപ്പോൾ ഏകപക്ഷീയമായി സത്യാഗ്രഹം തുടങ്ങി. എന്തെല്ലാം നിയമവിരുദ്ധമായ നടപടികളാണ് സ്വീകരിച്ചത്. നിയമം കയ്യിൽ എടുത്തുകൊണ്ടാണ് അക്രമം നടത്തുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി നിരവധി സമരങ്ങൾ സംസ്ഥാനത്ത് നടത്തിയിട്ടുണ്ട്. ഈ തരത്തിലല്ല സമരം നടത്തുന്നതെന്ന് നമുക്ക് മുൻകാല അനുഭവമുള്ളവരാണ്. എങ്ങനെയെങ്കിലും എഴുന്നേറ്റ് പോകണ മെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. കുറച്ചുനാൾ ഇങ്ങനെ ഇരിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എങ്ങനെ നിരാഹാര സത്യാഗ്രഹം നടത്തിയാലും സമരം പരാജയപ്പെടുമെന്നുള്ളത് ഉറപ്പാണ്. മറ്റ് സമര മാർഗ്ഗമാണെങ്കിൽ പിന്നെയും കുറച്ചു ദിവസം പിടിച്ചുനിൽക്കാം. ഇത് സത്യാഗ്രഹി

അവശതയാകുമ്പോൾ ജീവൻ രക്ഷിക്കാൻ അറസ്റ്റ് ചെയ്ത് നീക്കുകയല്ലാതെ എന്ത് ചെയ്യാൻ സാധിക്കും? അതുകൊണ്ട് യാതൊരു തത്വദീക്ഷയുമില്ലാതെ സമരം പ്രഖ്യാപിക്കുകയും നിയമം കയ്യിലെടുത്തുകൊണ്ട് പോലീസുകാരുടെ മെക്കിട്ട് കയറുക, ആക്രമിക്കുക, സർക്കാർ വാഹനങ്ങൾ തകർക്കുക തുടങ്ങിയ കാര്യങ്ങളാണ് കഴിഞ്ഞ ഏതാനും ദിവസമായി കേരളത്തിലുടനീളം യു.ഡി.എഫ്. നേതൃത്വം നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ അവർക്കൊരു പ്രചോദനമുണ്ട്. കാരണം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നിന്ന് യു.ഡി.എഫ്. തകർന്നു കൊണ്ടിരിക്കുകയാണ്. ശ്രീ. കെ. എം. മാണി ഇപ്പോൾ വിട്ടു നിൽക്കുകയാണ്. എന്നാലും പൂർണ്ണ മനസ്സോടുമില്ല. അദ്ദേഹവും ഇതിന്റെയെല്ലാം കൂടെ കൂടുന്നുണ്ടെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. അവരെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്. തകർച്ച നേരിടുകയാണ്, ആ തകർച്ചയെ നേരിടുമ്പോൾ കേരള സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റേണ്ട ബാധ്യതയുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും തമ്മിലുള്ള മത്സരവും ശ്രീ. വി. എം. സുധീരനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നേതൃത്വ പ്രശ്നവുമെല്ലാം ഈ സമരത്തിന്റെ പിന്നിലുണ്ടെന്ന് പരിശോധിച്ചാൽ കാണാൻ കഴിയും. ഈ നിലയിൽ ഏറ്റവും വലിയ പ്രതിസന്ധിയാണ് പ്രതിപക്ഷം ഇവിടെ സൃഷ്ടിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം നിയമസമാധാന പ്രശ്നത്തെപ്പറ്റി ചർച്ച ചെയ്തു. നാദാപുരത്തെ സംഭവം ചർച്ച ചെയ്തു. അവരുടെ കാലത്ത് 19 വയസ്സായ ഒരു കുട്ടിയെ നിഷ്ഠുരമായി മഴു ഉപയോഗിച്ച് വെട്ടിക്കൊന്നതാണ് കേസ്. അഞ്ചുപേരെ വെട്ടിക്കൊല്ലാൻ നോക്കി. അതിൽ 19 വയസ്സായ ചെറുപ്പക്കാരൻ മരിച്ചു. അന്ന് കിടപ്പിലായതാണ് ആ കുട്ടിയുടെ അമ്മ. അടുത്ത നാളിൽ ഞാൻ അവിടെ പോയപ്പോൾ അവരെയെല്ലാം കണ്ടതാണ്. ആ കേസിൽ ഏകദേശം 1500-ഓളം പോലീസിനെ അവിടെ വിന്യസിച്ചിട്ട് എല്ലാ വൃത്തികേടിനും കൂട്ടുനിൽക്കുകയാണ് ഗവൺമെന്റ് ചെയ്തത്. ആ കേസ് ശരിയായ നിലയിൽ എടുത്തില്ല. കേസ് വിട്ടുപോയി. എന്നിട്ട് നിയമസമാധാന നിലയുടെ പേരുപറഞ്ഞ് ഇവിടെ പ്രകോപനമുണ്ടാക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെപ്പറ്റി വലിയ തോതിലുള്ള ബഹുജനാഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. അതെല്ലാം ഇല്ലായെന്ന് വരുത്താൻ, ജനങ്ങളുടെ ഇടയിൽ അവമതിപ്പ് ഉണ്ടാക്കാനുള്ള ശ്രമമാണ് ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമ്മളെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തെ പ്രതിരോധിക്കുകയെന്നത് അനിവാര്യമാണ്. കയ്യുംകെട്ടി നോക്കിയിരുന്നിട്ട് കാര്യമില്ല. നിയമസമാധാന നിലയുടെ പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഇവിടെ നടത്തിയ

നിയമസമാധാന സംരക്ഷണം എങ്ങനെയാണെന്ന് ഏറെ അനുഭവിച്ചവരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകർ. ലക്ഷക്കണക്കിന് ആളുകളെ കള്ളക്കേസിൽ കുടുക്കി പീഡിപ്പിച്ചത് നമ്മൾ കണ്ടതാണ്. എന്നെ ഒരു പ്രസംഗത്തിന്റെ പേരിൽ നാല് കൊലക്കേസിൽപ്പെടുത്താനാണ് ശ്രമിച്ചത്. ഒരു കേസിൽ അറസ്റ്റ് ചെയ്തു. 36 ദിവസം ജയിൽ, 9 മാസം ജില്ല വിട്ട് കോട്ടയത്ത്, അവസാനം വീണ്ടും മൂന്ന് കേസുകളിൽ കൂടി ഉൾപ്പെടുത്താൻ നോക്കി. പണ്ടെങ്ങോ നടന്ന സംഭവത്തെ തുടർന്ന് ആ കേസെല്ലാം കോടതിയിൽ വിട്ടുപോയതാണ്. 32, 35 വർഷമായ കേസാണ്. അവസാനം വീണ്ടും കൊലക്കേസിൽപ്പെടുത്താൻ ശ്രമിച്ച സാഹചര്യത്തിൽ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഇടപെടുകയും എന്റെ പ്രസംഗം മുഴുവൻ ശ്രദ്ധിച്ചുകൊണ്ട് അയാൾ ആരെയും കൊന്നുവെന്ന് പറഞ്ഞിട്ടില്ലായെന്നും അതുകൊണ്ട് കൊലക്കേസ് എടുക്കാൻ കഴിയില്ലെന്നും വിധിച്ചു. അങ്ങനെയാണ് ഞാൻ രക്ഷപ്പെട്ടത്. കണ്ണൂരിൽ സഖാവ് പി. ജയരാജൻ, ശ്രീ. എം.വി. ജയരാജൻ തുടങ്ങിയ ലക്ഷക്കണക്കിന് ആളുകളാണ് ഇതേ തുടർന്ന് പീഡനം ഏറ്റുവാങ്ങിയതെന്ന് പറഞ്ഞാൽ ആർക്കും നിഷേധിക്കാൻ കഴിയില്ല. ഇങ്ങനെയൊരു നിയമ പ്രയോഗം കണ്ടിട്ടുണ്ടോ? ഇടുക്കി ജില്ലയിൽ അനീഷ് രാജിനെ കൊന്നു. ആ കേസ്സുപോലും തേയ്ച്ചുമാച്ചു കളഞ്ഞിരിക്കുകയാണ്. വേണ്ട രീതിയിൽ കേസുപോലും എടുക്കാതെയാണ് അത് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് നമുക്ക് കാണാവുന്നതാണ്. ലക്ഷക്കണക്കിന് ആളുകളുടെ പേരിൽ കള്ളക്കേസ് എടുക്കുകയും അവർ കോടതി വരാന്ത കയറിയിറങ്ങുകയും ചെയ്തു. ഇപ്പോഴും ആ കേസുകളെല്ലാം നിലനിൽക്കുകയാണ്. എന്നിട്ടാണ് ഇവിടെ നിയമസമാധാന നിലയെപ്പറ്റി വലിയ പ്രസംഗം നടത്തുന്നത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയും രമേശ് ചെന്നിത്തലയും യു.ഡി.എഫ്.ന്റെ നേതൃത്വവും ഗ്വാ..ഗ്വാ വിളിക്കുന്നത് തികഞ്ഞ അപഹാസ്യമാണെന്നാണ് എന്റെ അഭിപ്രായം. ഈ സാഹചര്യങ്ങളെ ശക്തമായി നേരിടേണ്ടതുണ്ട്. ഇവിടെ ആഭ്യന്തര വകുപ്പിന്റെ ധനാഭ്യർത്ഥനയെപ്പറ്റിയാണ് ചർച്ച ചെയ്യുന്നത്. ഇക്കഴിഞ്ഞ നാല് മാസവും നാല് ദിവസവുംകൊണ്ട് സാമാന്യം തൃപ്തികരമായ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നയങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ നയ സമീപനം നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇനിയും അവശേഷിക്കുന്ന മറ്റ് കാര്യങ്ങളും തുടർന്നുള്ള നടപടികളിലൂടെ ശരിയാക്കാൻ സാധിക്കും.

അതുപോലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളുണ്ട്. നാളികേരത്തിന്റെ വില തകർച്ചയ്ക്ക് എങ്ങനെ പരിഹാരം കാണാമെന്നുള്ളത് പരിശോധിക്കേണ്ടതാണ്. കൃഷിക്കാരൻ നാളികേരം പറിച്ച് കൂട്ടിയിട്ടാൽ മുളച്ചുകൊണ്ടിരിക്കുന്നു എന്നതാണ് ഇന്നത്തെ സ്ഥിതി. അതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സംസ്ഥാന

സമിതി ചർച്ച ചെയ്ത് പരിഹാര മുണ്ടാക്കേണ്ടതുണ്ട്. റബ്ബർ കൃഷിക്കാരുടെ പ്രശ്നവും ആ നിലയിൽ നമ്മൾ കൈകാര്യം ചെയ്യണം.

ഇടുക്കിയെ സംബന്ധിച്ചിടത്തോളം ദേവികുളം മണ്ഡലത്തിലും മറ്റും ഏതാണ്ട് അടിയന്തരാവസ്ഥയുടെ പ്രതീതിയാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ സൃഷ്ടിച്ചിരിക്കുന്നത്. അതിനെല്ലാം വളരെ ഗൗരവമായി പരിഹാരമുണ്ടാക്കേണ്ടതുണ്ട്.

നമ്മളെ നേരിടുന്നതിന് ബി.ജെ.പി. സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയം നമ്മൾ കണ്ടതാണ്. അഖിലേന്ത്യാതലത്തിൽ അവരുടെ നേതൃത്വം വന്നു. നമ്മൾ അക്രമകാരികളാണെന്ന് വരുത്താനുള്ള നയമാണ്, നിലപാടാണ്, പ്രചാരവേലയാണ് ഡൽഹിയിലെ സി. പി. എം.-ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിന്റെ പടിക്കൽപ്പോലും അവർ നടത്തിയിരിക്കുന്നതെന്ന് കാണാവുന്നതാണ്. കോഴിക്കോട് നടന്ന ബി.ജെ.പി.യുടെ നാഷണൽ കൗൺസിൽ യോഗവുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ പ്രത്യേകിച്ചും സി.പി.ഐ.(എം)-നെ എങ്ങനെ തകർക്കാമെന്നാണ് അവർ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ആ വഴിക്കാണ് ഇപ്പോൾ കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ശ്രീ. രമേശ് ചെന്നിത്തലയും യു.ഡി.എഫ്.-ഉം അതിനൊപ്പമാണ്. മുസ്ലീം ലീഗിനും ആ നിലപാട് തന്നെയാണ്. മുസ്ലീം ലീഗ് വേറിട്ടൊരു നിലപാട് എടുക്കുന്നതായിട്ടൊന്നും തോന്നിയിട്ടില്ല. ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും സംഘർഷവും വർഗ്ഗീയതയ്ക്കെതിരെ പൊരുതാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ലാതെ മറ്റാരാണ് ഇവിടെ ശബ്ദമുയർത്തിയിരിക്കുന്നത്. ഒരിക്കലും മറ്റാരും ശബ്ദമുയർത്തിയിട്ടില്ല. ആ നമ്മളെ ശരിയാക്കാനാണ് നിലപാടെടുത്തുകൊണ്ടിരിക്കുന്നത്. ഒരു കാര്യം വളരെ വ്യക്തമാണ്. വർഗ്ഗീയ പ്രീണനമാണ് കോൺഗ്രസ് സ്വീകരിക്കുന്നത്. നെഹ്റുവിന്റെയും ഗാന്ധിജിയുടെയും നാട്ടിലും ഉത്തരേന്ത്യയിലുമെല്ലാം കോൺഗ്രസിൽ നിന്നും കൂട്ടവിട്ട് കൂടുമാറിക്കൊണ്ടാണ് ബി. ജെ. പി. വളർന്നിരിക്കുന്നത്. കോൺഗ്രസിന്റെ നേതാക്കന്മാരാണ് ഇപ്പോൾ ബി. ജെ. പി.യുടെ നേതാക്കന്മാരും കേന്ദ്രമന്ത്രിമാരും എം. പി.മാരുമെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. എന്നാൽ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും ഇതൊന്നും തിരിച്ചറിയുന്നില്ല. നമ്മളെ ഒറ്റപ്പെടുത്തുന്നതിനു വേണ്ടിയാണ് യു. ഡി. എഫ്. ശ്രമിക്കുന്നത്. ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണെന്നാണ് ഈ അവസരത്തിൽ എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ആ നിലയിൽ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

## VIII അറിയിപ്പ്

<u>മി. സ്പീക്കർ</u>: ചരക്ക് സേവന നികുതി നിയമത്തെ സംബന്ധിച്ച് സി.പി.എസ്.ടി.യുടെ ആഭിമുഖ്യത്തിൽ ഇന്ന് സഭാസമ്മേളനത്തിനുശേഷം

നടത്തുവാൻ തീരുമാനിച്ചിരുന്ന സെമിനാർ മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവച്ച വിവരം അംഗങ്ങളെ അറിയിക്കുന്നു.

## ധനകാര്യം (തുടർച്ച)

ശ്രീ. സി. ദിവാകരൻ: സർ, പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. പ്രതിപക്ഷത്തെ സുഹൃത്തുക്കൾകൂടി സഭയിൽ ഉണ്ടായിരുന്നെങ്കിലെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് ഒരപേക്ഷയുണ്ട്. എന്തായാലും പ്രതിപക്ഷ അംഗങ്ങളില്ല. അതുകൊണ്ട് അവരുടെ സമയം കൂടി ഞങ്ങൾക്ക് അനുവദിച്ചുതരണം. ഞങ്ങൾ നന്നായി പ്രസംഗിക്കാൻ വേണ്ടിയാണ് അവർ മാറിത്തന്നത്. അതുകൊണ്ട് കുറച്ച് സമയം കൂടി ഞങ്ങൾക്ക് അനുവദിച്ചുതരണം.

മി. സ്പീക്കർ: അവരവർക്കുള്ള സമയംകൊണ്ട് ഭംഗിയായി പറഞ്ഞ് തീർത്താൽ മതി.

ശ്രീ. സി. ദിവാകരൻ: സർ, നമ്മുടെ സമൂഹത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന രണ്ട് വകുപ്പുകളാണ് ആഭ്യന്തരവും ജയിലും. നമ്മുടെ ജീവിതത്തിൽ ഈ രണ്ട് വകുപ്പുകളിൽനിന്നും നമുക്ക് ഏതെങ്കിലും തരത്തിൽ രക്ഷപ്പെടാൻ കഴിയില്ല. പ്രത്യേകിച്ച് രാഷ്ട്രീയക്കാരായ നമുക്ക് എപ്പോഴെങ്കിലും ജയിലിലും പോലീസ് സ്റ്റേഷനിലും പോകേണ്ടി വരും, പോലീസുമായി ഇടപെടേണ്ടിവരും. ഈ രണ്ട് വകുപ്പുകളെയും ശക്തമായ അടിത്തറയിൽ കൂടുതൽ സാമ്പത്തിക സഹായങ്ങൾ നൽകി പുനരാവിഷ്കരിക്കേണ്ടതാണ്. ഇതിന് ഒട്ടേറെ പരിമിതികളുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഈ വകുപ്പ് നാഥനില്ലാ കളരിയായിരുന്നു; കുത്തഴിഞ്ഞ പുസ്തകമായിരുന്നു. ഈ പറയുന്നതൊക്കെ കേൾക്കാൻ മടിച്ചാണ് പ്രതിപക്ഷത്തുള്ളവർ ഇരിക്കാത്തത്. ആഭ്യന്തര വകുപ്പ് അനാഥമായിരുന്നു, കള്ളന്മാരുടെയും കൊള്ളക്കാരുടെയും കൂടാരമായിരുന്നു. കടകംപള്ളി മുതൽ കളമശ്ശേരി വരെയുള്ള ഭൂമി തട്ടിപ്പിൽ അന്നത്തെ മുഖ്യമന്ത്രിയുടെ അംഗരക്ഷകനായ പോലീസുദ്യോഗസ്ഥൻ പ്രതിയായി കോടതിയിൽ നിൽക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ ഞെട്ടിപ്പിക്കുന്ന അഴിമതികൾ കോടതി പരിശോധിക്കുന്നതിൽ മിക്കവാറും പെൺ വാണിഭം മുതൽ കള്ളക്കടത്തുവരെയും, മനുഷ്യക്കടത്ത് ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും പോലീസിന്റെ ഇടപെടലുണ്ടായിരുന്നു, പോലീസ് ഇതിന്റെയൊക്കെ ഏജന്റായിരുന്നു. യഥാർത്ഥത്തിൽ പോലീസ് എന്താണോ ചെയ്യാൻ പാടില്ലാത്തത്

അതാണ് പോലീസ് ഇവിടെ ചെയ്തിട്ടുള്ളത്. ഞങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ അതിനെതിരെയാണ് ഇവിടെ സമരവും വാക്കൗട്ടും ഒക്കെ നടത്തിയത്. ആ കാര്യങ്ങളെല്ലാം സഭയുടെ മുമ്പിൽ ഒന്നൊന്നായി വ്യക്തമാക്കുമെന്നുള്ളതുകൊണ്ടും അത് കേട്ടാൽ സഹികെടുമെന്നുള്ളതുകൊണ്ടുമാണ് പ്രതിപക്ഷം സഭ ബഹിഷ്കരിച്ച് പോയിരിക്കുന്നത്. ആഭ്യന്തര വകുപ്പിന്റെ ചർച്ച കഴിഞ്ഞാൽ അവർ തിരിച്ചുവരും. കഴിഞ്ഞ അഞ്ച് വർഷം ഏറ്റവും കൂടുതൽ അഴിമതിയും കൊള്ളയും എല്ലാ തട്ടിപ്പുകളും നടന്നിട്ടുള്ളത് ഈ വകുപ്പിലായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചിട്ടയെല്ലാം അടിമുടി മാറ്റണം. കേരളത്തിലെ പോലീസിന് ധാരാളം കുഴപ്പങ്ങളും അതുപോലെ ഗുണങ്ങളുമുണ്ട്. അതാത് ഭരണകാലത്ത് വരുന്ന കക്ഷികളുമായി ചാഞ്ഞ് നിൽക്കും. സാധാരണ ജനങ്ങൾക്ക് നീതി കിട്ടുകയില്ല. കക്ഷി രാഷ്ട്രീയ പോലീസ് ആഭ്യന്തര വകുപ്പിനകത്ത് വന്നാൽ ഒരു കാലത്തും ജനങ്ങൾക്ക് നീതി കിട്ടുകയില്ല. അതുണ്ടാകാൻ പാടില്ല.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉയർന്നുവന്നതാണ് സോളാർ കേസ്. അതിന്റെ അന്വേഷണങ്ങളിൽ പോലീസാണ് പ്രതികളായി നിൽക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഏതെങ്കിലുമൊരു പോലീസുദ്യോഗസ്ഥൻ കേസ് ഡയറി വരുത്തി തിരുത്തിയിട്ടുണ്ടോ? അതാണ് ഇവിടെ നടന്നിട്ടുള്ള ഏറ്റവും വലിയ സംഭവം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്നത് ജനങ്ങൾ അറിഞ്ഞു കൊണ്ടിരിക്കുകയാണ്. നിഷ്പക്ഷമായി, നീതികിട്ടുന്ന തരത്തിൽ പോലീസിനെ പ്രവർത്തിക്കാൻ സമ്മതിക്കാതെ, ഭരണകക്ഷിയുടെയും മന്ത്രിയുടെയും കോൺഗ്രസ് പാർട്ടിയുടെയും കൂട്ടിലടച്ച തത്തയായിരുന്നു കേരളത്തിലെ പോലീസ്. അതിനെ തുറന്നുവിടണം. നിഷ്പക്ഷമായി പ്രവർത്തിക്കാനുള്ള എല്ലാ സൗകര്യങ്ങളും പോലീസിന് ചെയ്തുകൊടുക്കണം. രസകരമായ ധാരാളം സംഭവങ്ങളുണ്ട്. എല്ലാത്തിലേയ്ക്കും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു കേസിലെ പ്രതി കഴക്കൂട്ടത്തെ സർക്കിൾ ഇൻസ്പെക്ടറായിരുന്നു. വിജിലൻസ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തി മൊഴിയെടുക്കാനാണ് കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ ചെന്നത്. ഇവർ ചെല്ലുന്നത് കണ്ടുകൊണ്ട് അവിടത്തെ സർക്കിൾ ഇൻസ്പെക്ടർ പുറകുവശത്തുള്ള മതിൽ ചാടി ഓടി, പോലീസ് പുറകെ ഓടി. യൂണിഫോം ഇട്ടുകൊണ്ടാണ് അദ്ദേഹം ഓടിയത്. എത്ര അപഹാസ്യമായിരുന്നു ആഭ്യന്തര വകുപ്പിന്റെ മുഖം. അവസാനം അദ്ദേഹത്തെ അറസ്റ്റ് ചെയ്തു.

പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് കൊല്ലത്ത് നടന്ന ഒരു യോഗത്തിൽ കോംപയറിംഗ് ചെയ്യാൻ നിന്ന ഒരു സ്ത്രീയെ ഡി വൈ. എസ്.പി. കൈകാര്യം ചെയ്തിരിക്കുന്നു. സ്വഭാവ ദൂഷ്യങ്ങൾ ഡി വൈ.എസ്.പി.ക്കോ പോലീസുദ്യോഗസ്ഥർക്കോ

വന്നാൽ എങ്ങനെയാണ് സ്ത്രീകളുടെ മാനം കാക്കുന്നത്? സ്ത്രീകളുടെയും കുട്ടികളുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ആ ജോലി ചെയ്യാതെ ഭൂമി അപഹരിക്കുക, പണം തട്ടുക, ചീറ്റിംഗ് നടത്തുക, കബളിപ്പിക്കുക, മനുഷ്യക്കടത്ത് നടത്തുക ഇതൊക്കെയാണ് ഇപ്പോൾ ചെയ്യുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒട്ടേറെ മാറ്റങ്ങൾ ഈ വകുപ്പിൽ വരുത്തേണ്ടതുണ്ട്. ഈ ഗവൺമെന്റിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നതും അതാണ്.

പോലീസ് വകുപ്പിൽ ക്രിമിനലൈസേഷൻ നടന്നുകൊണ്ടിരിക്കുന്നു എന്നതാണ് മറ്റൊരു കാര്യം. കഴിഞ്ഞ കാലത്ത് മണൽ മാഫിയ, അബ്കാരി മാഫിയ, വനം മാഫിയ, ക്വാറി മാഫിയ, പെൺ മാഫിയ തുടങ്ങി എല്ലാ മാഫിയകളുമായിട്ടും കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ബന്ധമുണ്ടായിരുന്നു. അത് അവസാനിപ്പിക്കണം. പോലീസ് ഡിപ്പാർട്ടുമെന്റിൽ തന്നെ കുറ്റവാളികളായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുണ്ട്. അവരുടെ പേരിൽ ശക്തമായ നടപടിയെടുക്കണം. കുറ്റവാളികളായ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ട് എന്നതിന്റെ കണക്കുകൾ ഔദ്യോഗികമായി തന്നെ ഇവരുടെ വെബ്സൈറ്റിൽ പറഞ്ഞിട്ടുണ്ട്. 1248 പോലീസ് ഉദ്യോഗസ്ഥന്മാർ ക്രിമിനൽ സ്വഭാവമുള്ളവരും കേസുകളിൽപ്പെട്ടവരുമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടെങ്കിൽ രാഷ്ട്രീയ ഇച്ഛാശക്തിയുള്ള ജനങ്ങൾ പ്രതീക്ഷിക്കുന്ന, നട്ടെല്ലുള്ള ആരോടും പ്രത്യേക പരിഗണനയില്ലാത്ത സമീപനമുള്ള ഒരു പോലീസ് നയത്തെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ചർച്ച അവസാനിക്കുമ്പോൾ 'ഇതാണ് ഞങ്ങളുടെ പോലീസ് നയം' എന്ന് പറയണം. 1957-ൽ അധികാരത്തിൽ വന്ന മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് 'ഇന്നുമുതൽ കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ല; 'ഇന്നുമുതൽ തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ല' എന്നുപറഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാർ ഭരിക്കുമ്പോഴാണ് ജനങ്ങൾക്ക് നീതി കിട്ടുന്നത്. അത് 1957-ലെ ഗവൺമെന്റ് തെളിയിച്ചതാണ്. അത് ഇനിയും ആവർത്തിക്കണം; നമ്മുടെ നയം അതാണ്. ഇപ്പോൾ ഡി.ജി.പി.മാർ വിചാരിച്ചാലും പോലീസിനെ നിയന്ത്രിക്കാൻ കഴിയുന്നില്ല. പ്രതിപക്ഷത്തിന്റെ പ്രത്യേക താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഉദ്യോഗസ്ഥർ ആഭ്യന്തര വകുപ്പിൽ ഉണ്ടെങ്കിൽ അവരെ കണ്ടെത്തണം. അതുപോലെ പോലീസിന്റെ ഒരു കമ്മീഷൻ ഉണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഏഴാം ദേശീയ പോലീസ് കമ്മീഷന്റെ റിപ്പോർട്ട് എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കണമെന്ന് സുപ്രീം കോടതിയുടെ വിധി വന്നു. അത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കിയാൽ പോലീസ് സ്റ്റേഷന്റെ സ്റ്റാറ്റസ് മാറും; അംഗസംഖ്യ മാറും. പോലീസ് സൈന്യത്തിലേയ്ക്ക് ആവശ്യമായ ആളുകളെ എടുക്കണം. പത്തോ ഇരുപത്തി അയ്യായിരമോ

ചെറുപ്പക്കാരെ പോലീസിലേയ്ക്ക് റിക്രൂട്ട് ചെയ്യണം. ഇവിടെ പോലീസ് ഇല്ല. മൂന്നേകാൽ കോടി ജനങ്ങൾക്ക് നാൽപ്പതിനായിരമോ അൻപതിനായിരമോ പോലീസാണ് ഇവിടെയുള്ളത്. ഒരു ഡ്യൂട്ടിക്ക് പോലീസിനെ ഇടുമ്പോൾ വേറൊരു ഡ്യൂട്ടിക്ക് നിയമിക്കാൻ അതിൽ ആളില്ല. ഞങ്ങൾ വിളിച്ച് ചോദിക്കാറുണ്ട്. അവിടെ ഒരു വെടിവയ്പ് നടന്നു അതുകൊണ്ട് അങ്ങോട്ടു പോയിരിക്കുകയാണ്; അതുകഴിഞ്ഞിട്ട് വരാമെന്ന് പറയും. അപ്പോൾ പിന്നെ ഇതിന്റെ ആവശ്യവുമില്ല. അൾട്ടിമേറ്റായിട്ട് അവർ ഞങ്ങൾക്ക് ആളില്ല ഇത്രയേയുള്ളൂവെന്നാണ് പറയുന്നത്. വാഹനമില്ലാത്ത, ആൾബലമില്ലാത്ത ഒരു സൈന്യത്തെ വച്ചുകൊണ്ട് രാജ്യത്തെ സമ്പത്തും ജനങ്ങളുടെ ജീവനും സ്വത്തും എങ്ങനെ സംരക്ഷിക്കും? അതുകൊണ്ട് പോലീസ് കമ്മീഷന്റെ റിപ്പോർട്ട് കാര്യക്ഷമമായി നടപ്പിലാക്കണം. തിരുവനന്തപുരം നഗരത്തിൽ, മന്ത്രിമാരെല്ലാം ഇരിക്കുന്ന ഈ നഗരത്തിൽ 150 ഗുണ്ടകളുണ്ട്. അവരെ ഇതുവരെ പിടിച്ചില്ല. പലപ്പോഴും ഗുണ്ടാ ഭരണമാണ് നഗരത്തിൽ നടക്കുന്നത്. കൊലപാതകങ്ങൾ നടക്കുന്നു. കർക്കശമായ നടപടികളെടുക്കണം. രാഷ്ട്രീയപരമായോ എം.എൽ.എ.മാരുമായോ ആര് വിചാരിച്ചാലും ഒരു സ്വാധീനത്തിനും വഴങ്ങാൻ പാടില്ലാത്ത ഒരു പോലീസ് സേനയുണ്ടാകണം. എങ്കിൽ മാത്രമേ രാജ്യത്ത് നീതി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

അതുപോലെ പോലീസിന്റെ മുഖവും ശബ്ദവും മാറണം. പോലീസ് ജനസൗഹൃദ പോലീസായിരിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്റ്റുഡന്റ്സ് പോലീസ്, ജനമൈത്രി പോലീസ് എന്നിവ ഉണ്ടായിരുന്നു. ഇപ്പോൾ അതിന് ചെറിയ മങ്ങലേൽക്കുന്നുണ്ട്. പല പോലീസ് സ്റ്റേഷനുകളിലും ആളുകൾക്ക് നിർഭയമായി പോകാൻ സാധിക്കുന്നില്ല. പോലീസ് ആളുകളോട് മാന്യമായി പെരുമാറണമെന്ന് മുഖ്യമന്ത്രി കർശനമായി പറയണം. ഞങ്ങൾ ചെല്ലുമ്പോൾ ഇരിക്കണമെന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല. പാവപ്പെട്ടവർ പോലീസ് സ്റ്റേഷനിൽ ചെന്നാൽ എന്താണ് സ്ഥിതി? അതിന് ഇപ്പോഴും വലിയ മാറ്റമൊന്നുമില്ല. അതിന് മാറ്റമുണ്ടാകണം.

മി. സ്പീക്കർ: ...യെസ്..... യെസ്.....അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇല്ലാത്തതുകൊണ്ട് എന്റെ സംസാരത്തിനുതന്നെ ഒരു ഗുണമില്ല. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും കണ്ടുകൊണ്ടിരുന്നിട്ട് എന്തെങ്കിലും ഫലമുണ്ടോ?

മി. സ്പീക്കർ: അതൊക്കെ അറിയും. പുറത്തറിയും.

ശ്രീ. സി. ദിവാകരൻ: സർ, അവരെ കൊണ്ടുവരാനുള്ള ശ്രമങ്ങളെന്തെങ്കിലും നടത്തണം. പ്രതിപക്ഷത്തിന്റെ ആക്ഷേപങ്ങൾക്കാണ് ഞങ്ങൾ മറുപടി

പറയുന്നത്. ഇൻഡ്യയിലെ കോൺഗ്രസ്സിന്റെ ഗതിയെന്താണ്? ഒരു സംസ്ഥാനത്ത് 42 എം.എൽ.എ.മാർ ഉണ്ടായിരുന്നതിൽ 41 പേരും പോയി. ഇപ്പോൾ ഒരാൾ ഉണ്ട്. ഈ കോൺഗ്രസ്സുകാർക്ക് നാണമുണ്ടോ? ഇവർ പോയി വേറെ വല്ല പണിയും ചെയ്യണം. ജനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ്സിലെ 41 എം.എൽ.എ.മാരും കാലുവാരി പോയിട്ട് ആർക്കും ഒരക്ഷരം മിണ്ടാനില്ലേ; ശ്രീ. രമേശ് ചെന്നിത്തലയ്ക്കും ശ്രീ. ഉമ്മൻ ചാണ്ടിക്കും നാക്കില്ലേ? ഇവിടെ എന്തൊരു ശൗര്യമാണ്. ഗുജറാത്തിൽ പോയി ശൗര്യം കാണിക്കണം. തകർന്നു തരിപ്പണമായ ഇൻഡ്യയിലെ ജവഹർലാൽ നെഹ്റുവിന്റെ കോൺഗ്രസ്സിനെ മ്യൂസിയത്ത് വയ്ക്കാറായി. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിലുള്ള ഞങ്ങൾ കുറച്ചുപേർ ഇൻഡ്യയിൽ ആപത്തു വരാതിരിക്കാൻ നോക്കുന്നു. ഫീസ് വർദ്ധനവെന്നും പറഞ്ഞ് അതിനെ തല്ലിപ്പൊളിക്കാൻ നോക്കുന്നു; ഇത് എന്തു ന്യായമാണ്? മാനേജ്മെന്റുകളുടെ ഫീസ് വർദ്ധനവ് ഇരിക്കട്ടെ. പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് വർദ്ധനവ് കുറച്ചാൽ ഞങ്ങൾ ഈ സമരം പിൻവലിക്കാമെന്നാണ് അവർ അവസാനം പറഞ്ഞത്. അതൊന്നും വിട്ടുകൊടുക്കരുത്; കാരണം അത് പൊളിഞ്ഞെന്ന് ജനങ്ങൾക്കറിയാം. അപ്പോൾ പരിയാരത്ത് ഫീസ് കുറച്ചാൽ മതി; മറ്റു മാനേജ്മെന്റുകൾക്കെല്ലാം ഇഷ്ടം പോലെ ഫീസ് വർദ്ധിപ്പിക്കാമെന്നാണ്. ആ കച്ചവടമാണ് അവർ ഉദ്ദേശിക്കുന്നത്. നന്നായിട്ട് സമരം ചെയ്യട്ടെ. ഞങ്ങളുമൊക്കെ സമരം ചെയ്തിട്ടുണ്ട്. ഗ്രനേഡ് എന്നുപറഞ്ഞാൽ ഇത്ര ആവലാതി എന്താണ്? ഞങ്ങൾക്കുനേരെ എന്ത് മൃഗീയമായിട്ടാണ് ഗ്രനേഡ് എറിഞ്ഞത്; സ്പീക്കർ ഇവിടെ ഉണ്ടായിരുന്നല്ലോ. അന്ന് ഇവർ ചെറിയ ആളുകളായിരുന്നോ; വഴി നടക്കാൻ സമ്മതിച്ചോ; ജാഥ നടത്താൻ സമ്മതിച്ചോ; അടിച്ചുനിരത്തി; അഞ്ചുകൊല്ലം സമരത്തിന് പോയ വിദ്യാർത്ഥികളുടെ നിലവിളിയായിരുന്നു. ഇപ്പോൾ വലിയ ധർമ്മരോഷം കൊള്ളുന്നു. മൂന്നുനാല് ആളുകൾ കിടക്കുന്നു. കിടക്കട്ടെ; മഹാത്മാഗാന്ധി കുറെ നാൾ നിരാഹാരം കിടന്നു. അതിന് വലിയ കുഴപ്പമൊന്നുമില്ല.

മി. സ്പീക്കർ: ......പ്ലീസ് കൺക്ലൂഡ്...... പ്ലീസ് കൺക്ലൂഡ്...

ശ്രീ. സി. ദിവാകരൻ: സർ, അവരെ നിയമസഭയിലേയ്ക്ക് അങ്ങ് പ്രത്യേകമായി ക്ഷണിച്ചുകൊണ്ടുവരണം. ജനാധിപത്യത്തിൽ പ്രതിപക്ഷം വേണം. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. കെ. ശശി: സർ, ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി

പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങൾ വളരെ അഭിമാനത്തോടുകൂടി കണ്ട ഈ ഗവൺമെന്റ് നാല് മാസം പിന്നിട്ടിരിക്കുകയാണ്. സാമൂഹ്യജീവിതത്തിന്റെ എല്ലാ മേഖലയിലും വലിയ നേട്ടങ്ങളുണ്ടാക്കിയ ഈ ഗവൺമെന്റിന്റെ കഴിഞ്ഞ കാലത്തെ ഏതു വകുപ്പെടുത്തു പരിശോധിച്ചാലും അഭിമാനകരമായ, മാതൃകാപര മായിട്ടുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. എന്നാലും ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതിന്റെ മുഖമെന്ന് പറയുന്നത് പോലീസ് തന്നെയാണ്. ആ പോലീസിന്റെ പ്രവർത്തനത്തിൽ കഴിഞ്ഞ കാലത്തിൽ നിന്ന് വ്യത്യസ്തമായി ജനകീയമായ ഒരു മുഖം കേരളത്തിലെ പോലീസിനുണ്ടാക്കാൻ നേതൃത്വം കൊടുക്കുന്നു എന്നുള്ളതുതന്നെയാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്നു പറയുന്നത്. ഒരു സാധാരണക്കാരന്റെ ജീവിതവ്യഥയുടെ ചൂട്/ഊഷ്മാവ് അറിയുന്ന ഒരു ശക്തമായ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിൽ കേരളത്തിന്റെ നിയമ സമാധാനം കഴിഞ്ഞ കാലത്തിൽ നിന്ന് വ്യത്യസ്തമായി ഏറെ ഭദ്രമായിരിക്കുന്നു. ഇവിടെ നേരത്തെ ദിവാകരൻ സാർ സംസാരിച്ചതുപോലെയുള്ള ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായിരിക്കാം. എന്നാൽ പൊതുവെ, കേരളത്തിലെ പോലീസിന്റെ സ്വഭാവം മാറിയിട്ടുണ്ട്. ജനകീയമായ ഒരു മുഖം കേരളത്തിലെ പോലീസിനുണ്ടായിട്ടുണ്ട്. ആര് ഭരിച്ചാലും സാധാരണ ക്കാരായ ജനങ്ങൾ ആഗ്രഹിക്കുന്നത് സമാധാനപരമായ ജീവിതമാണ്. ആരെയും പേടിക്കാതെ വഴി നടക്കാനും വീട്ടിൽ കിടന്നുറങ്ങാനും ജോലി ചെയ്യാനും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പോലീസ് സ്റ്റേഷനിൽ കയറിച്ചെന്ന് നിർഭയമായി പറയാനുമൊക്കെയുള്ള സ്വാതന്ത്ര്യമാണ്, അവകാശമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതുകൊണ്ടുതന്നെ ഈ ആഭ്യന്തര വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് നിയമവാഴ്ച ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കഴിയുന്നതുകൊണ്ട് അവ ഗണ്യമായി കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് കൊല്ലത്തിൽ നാല് കൊല്ലവും തുടർച്ചയായി ഒരു പ്രദേശത്തെ സർക്കിൾ ഇൻസ്പെക്ടറായിരുന്ന ഉദ്യോഗസ്ഥൻ, യു.ഡി.എഫ്-നും കോൺഗ്രസ്സിനും വേണ്ടി ഏത് വിടുവേലയും ചെയ്യാൻ മടിയില്ലാത്ത ആളായിരുന്നു. അദ്ദേഹം ഞാൻ ഉൾപ്പെടെയുള്ള നിരവധി പ്രവർത്തകർക്കെതിരെ നിരവധി തവണ കള്ളക്കേസ് എടുക്കുകയും അകാരണമായി സ്റ്റേഷനിൽ വിളിപ്പിക്കുകയും എങ്ങനെയൊക്കെ ദ്രോഹിക്കാമോ അങ്ങനെയൊക്കെ ദ്രോഹിക്കുകയും യുവജന പ്രവർത്തകരെ കള്ളക്കേസിൽപ്പെടുത്തി ഒന്നരമാസത്തോളം ജയിലിൽ അടയ്ക്കുകയും ചെയ്ത അനുഭവം എനിക്കുണ്ട്. ആ ഉദ്യോഗസ്ഥൻ ഒരാഴ്ച മുമ്പ് എന്നെ വിളിച്ച് എങ്ങനെയെങ്കിലും ഒറ്റപ്പാലം സർക്കിൾ ഇൻസ്പെക്ടറായി പോസ്റ്റിംഗ് വാങ്ങിത്തരാൻ

പറ്റുമോയെന്ന് ചോദിച്ചു. കഴിഞ്ഞ കാലത്ത് കോൺഗ്രസ്സുകാരാണ് എന്നെക്കൊണ്ട് ഇതൊക്കെ ചെയ്യിപ്പിച്ചതെന്നും ഇനി മുതൽ നിങ്ങൾ പറയുന്നത് മാത്രം ചെയ്യാമെന്നും പറഞ്ഞു. സി.പി.ഐ.(എം)-കാർ മാത്രം പറഞ്ഞാൽ അനുസരിക്കുന്ന, ഏതെങ്കിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകർ മാത്രം പറഞ്ഞാൽ കേൾക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനെയല്ല, നീതി നടപ്പിലാക്കുന്ന ഒരു ഉദ്യോഗസ്ഥനെയാണ് ഞങ്ങൾക്ക് വേണ്ടതെന്ന് ഞാൻ മറുപടിയും പറഞ്ഞു. അയാൾ തിരുവനന്തപുരത്തുകാരനാണ്. ഇപ്പോൾ ഇവിടെയുണ്ട്. അയാൾക്ക് ഇവിടെയല്ല, ഒറ്റപ്പാലത്ത് പോസ്റ്റിംഗ് കിട്ടണം. ഇക്കാര്യത്തിലെല്ലാം ശരിയായ നിലപാട് സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ട്. ആരെയും പേടിക്കാതെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ കയറി ചെല്ലാൻ ഇന്ന് ആളുകൾക്ക് സാധിക്കുന്നു. മാത്രമല്ല പരാതി കൊടുക്കാൻ പോയാൽ പരാതിക്കാരൻ ശിക്ഷിക്കപ്പെടുന്ന ഒരു അവസ്ഥ ഇന്നില്ല. വാദിയെ പ്രതിയാക്കുന്ന ഒരു ഉദ്യോഗസ്ഥനും ഇന്ന് കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ അടക്കി ഭരിക്കുന്നില്ലായെന്നതാണ് ഈ ഭരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം. ഇതിന് വ്യക്തമായ കണക്കുണ്ട്. നിയമസഭയിൽ എന്റെ ചോദ്യത്തിന് ബഹുമാന്യനായ മുഖ്യമന്ത്രി നൽകിയ മറുപടിയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ നടന്ന ക്രൂരമായ കൊലപാതകങ്ങളുടെയും ബലാൽസംഗങ്ങളുടെയും തട്ടിപ്പുകളുടെയും വെട്ടിപ്പുകളുടെയും എല്ലാം കണക്കുകളുണ്ട്. സമയക്കുറവുക്കൊണ്ട് ഞാൻ അത് വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. കുറ്റകൃത്യങ്ങൾ ഏറ്റവും വർദ്ധിച്ച കാലമായിരുന്നു കഴിഞ്ഞ 5 കൊല്ലത്തെ യു. ഡി. എഫ്. ഭരണകാലം. കുറ്റകൃത്യങ്ങൾ പെരുകുമ്പോൾ നമ്മുടെ പോലീസ് സംവിധാനം നോക്കി നിൽക്കുകയായിരുന്നില്ലേ? സ്ത്രീകൾക്ക് പുറത്തിറങ്ങി നടക്കാൻ കഴിയില്ലെന്ന് മാത്രമല്ല വീടിനകത്ത് സ്വൈര്യമായി, ധൈര്യത്തോടുകൂടി ഇരിക്കാൻ കഴിയുമായിരുന്നോ? അതിന്റെ ഏറ്റവും വലിയ ഉദാഹരണമല്ലേ ജിഷയുടെ കൊലപാതകം. യു. ഡി. എഫ്. ന്റെ ഭരണകാലത്ത് ആ പ്രതികളെ പിടിക്കാനല്ലല്ലോ രക്ഷിക്കാനല്ലേ ശ്രമം നടന്നത്. 2016 ഏപ്രിൽ 28-ാം തീയതിയാണ് ജിഷ കൊല ചെയ്യപ്പെട്ടത്. അഞ്ച് ദിവസം കഴിഞ്ഞാണ് ഈ കൊലപാതകത്തിന്റെ വാർത്ത പുറംലോകം അറിഞ്ഞത്. അത് മൂടിവച്ചത് പ്രതികളെ രക്ഷിക്കാൻ വേണ്ടിയായിരുന്നില്ലേ? സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് നാളുകൾക്കുള്ളിൽ തന്നെ പ്രതിയെ പിടിക്കാൻ സാധിച്ചു. എന്റെ നിയോജക മണ്ഡലത്തിലെ സൗമ്യയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒരു സബ്മിഷൻ കൊടുത്തിരുന്നു. സൗമ്യയുടെ മരണവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം സബ്മിഷൻ കൊടുത്തത്. പക്ഷെ ബഹളത്തിനിടയിൽ അദ്ദേഹത്തിന് അത്

സഭയിൽ അവതരിപ്പിക്കാൻ സാധിച്ചില്ല. സൗമ്യയെ കൊലപ്പെടുത്തിയ ഗോവിന്ദച്ചാമിയുടെ വധശിക്ഷ ഇളവുചെയ്ത് ജീവപര്യന്തമാക്കി മാറ്റിയതായി സുപ്രീംകോടതിയുടെ വിധി വന്നു. അതുപോലും ഈ ഗവൺമെന്റിനെതിരായ ഒരു ആരോപണമായി കൊണ്ടുവന്ന് ഗവൺമെന്റിനെ മുൾമുനയിൽ നിർത്താനുള്ള പരിശ്രമമുണ്ടായില്ലേ? കാകനും കഴുകനും വട്ടമിട്ട് പറക്കുന്നതുപോലെ കോൺഗ്രസ് നേതാക്കന്മാരെല്ലാം സൗമ്യയുടെ വീട്ടിൽ നിരന്തരം കയറിയിറങ്ങുകയാണ്. സൗമ്യയുടെ അമ്മയെക്കൊണ്ട് ഈ ഗവൺമെന്റിനെതിരായി പറയിപ്പിക്കാൻ ശ്രമിച്ചു. അവർക്ക് അതിന് ഒരിക്കലും കഴിയില്ല. ഞാനൊരു കാര്യം അറിയിക്കാൻ ആഗ്രഹിക്കുന്നു. പ്രതിപക്ഷം ഇവിടെ ഇല്ലെങ്കിലും പുറത്തുണ്ടാകുമല്ലോ, ഇത് കേൾക്കുന്നുണ്ടാകുമല്ലോ? ഈ ഗവൺമെന്റിൽ എനിക്ക് വിശ്വാസമുണ്ട്, മുഖ്യമന്ത്രിയിൽ എനിക്ക് വിശ്വാസമുണ്ടെന്ന് സൗമ്യയുടെ അമ്മ കരതീർത്തു പറഞ്ഞു. അതുകൊണ്ട് പ്രതിപക്ഷത്തിന്റെ ആഗ്രഹമൊന്നും നടക്കാൻ പോകുന്നില്ല. കഴിഞ്ഞ കാലത്തെ അനുഭവങ്ങളൊക്കെ പ്രതിപക്ഷം മറന്ന് പോകുകയാണ്. ഞങ്ങൾക്ക് മറക്കാൻ സാധിക്കില്ല. ശ്രീ. ഉമ്മൻ ചാണ്ടി ഭരിക്കുമ്പോൾ പോലീസിന്റെയും വിജിലൻസിന്റെയുമെല്ലാം കൈയ്യും കാലിനും ചങ്ങലയിട്ട് നിർത്തിയില്ലേ; എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? ജയിലിനകത്ത് കഴിയേണ്ട ആളുകൾ നാട് ഭരിച്ചാൽ ഒരു നാടിന് എന്തെല്ലാം ദുരന്തമുണ്ടാകുമോ ആ ദുരന്തമാണ് കഴിഞ്ഞ അഞ്ചു കൊല്ലക്കാലം കേരളം കണ്ടത്. ഒന്നിനു പിറകേ മറ്റൊന്നായി ഗുരുതരമായ അഴിമതി ആരോപണങ്ങൾ, അസാന്മാർഗ്ഗിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ, കൊള്ളകൾ, കൊലപാതകങ്ങൾ, ഭവന ഭേദനങ്ങൾ ഇവയെല്ലാം തിമിർത്ത് നടക്കുമ്പോഴും വ്യക്തമായ തെളിവുണ്ടായിട്ടും, എവിടെ തെളിവ്, എന്താണ് തെളിവ്, എന്ത് കേസ് എന്ന് ചോദിച്ച ആളുകളാണ് ഇവിടെ ഇരിക്കാൻ സാധിക്കാതെ ഈ ചർച്ച കേൾക്കാൻ പോലും മനസ്സില്ലാതെ പുറത്തുപോയത്. ഞാൻ ചോദിക്കട്ടെ, ഇവർക്ക് എന്തെങ്കിലും പറയാൻ സാധിക്കുമോ? അഴിമതിയിൽ മുങ്ങിക്കുളിച്ച ആളുകളാണ് സഭയ്ക്കകത്തിരുന്ന് കുഴപ്പമുണ്ടാക്കി പുറത്തുപോയി സമരം നടത്തിക്കൊണ്ടിരിക്കുന്നത്. നിരാഹാരം ദുർമേദസ് പോകാൻ നല്ലതാണ്. വേറെയൊന്നിനും പറ്റില്ല. ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തെ കേരളത്തിന്റെ പൊതുസമൂഹം അംഗീകരിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പോലീസിന്റെ നയം വ്യക്തമാക്കിക്കൊണ്ട് ഒരു പ്രതികാര നടപടിയും എടുക്കില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ 5 കൊല്ലക്കാലം യു. ഡി. എഫ്. മന്ത്രിമാർ നടത്തിയ കൊള്ളരുതായ്മകൾ പുറത്തുകൊണ്ടുവരാൻ ഒരു പ്രതികാര നടപടിയും ആവശ്യമില്ല. നടന്നിട്ടുള്ള എല്ലാ അഴിമതിയിലും കെടുകാര്യസ്ഥതയിലും കൊള്ളയിലുമെല്ലാം പ്രകടമായ തെളിവുകളുണ്ട്. നിയമം നിയമത്തിന്റെ വഴിക്കുപോകുമെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. പണ്ടത്തെപ്പോലെ

ജോപ്പനൊന്നുമില്ലല്ലോ അതുകൊണ്ട് തികച്ചും ട്രാൻസ്പാരന്റാണ് കാര്യങ്ങൾ. മാത്രമല്ല കേരള പോലീസിന് ഒരു പുതിയ മുഖം കൊടുക്കാൻ സാധിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കേരള പോലീസിനെ നിയോഗിച്ചു. അതാണ് ' SOFT ' (Save Our Fellow Traveller) പോലുള്ള പദ്ധതികൾ. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. കേരളത്തിലെ ഒരു പൊതുപ്രവർത്തകനെയും കരിനിയമത്തിൽപ്പെടുത്തി ഇറുങ്കിലടയ്ക്കുന്ന ഒരു നെറികേടും നീതികേടും സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ ജനകീയ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. തെരഞ്ഞെടുപ്പിൽ തോറ്റാലും അധികാരം നഷ്ടപ്പെട്ടാലും ദു:ഖമുണ്ടാകുമെന്ന് യു.ഡി.എഫ്.കാർ വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സഭയ്ക്കകത്തിരിക്കാൻ സാധിക്കാതെ അവർ ഇറങ്ങിപ്പോകുകയാണ്. ഒരു കാര്യം ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്, കേരളത്തിലെ ലക്ഷക്കണക്കിന് മനുഷ്യരുടെ വികാരമായ, പ്രതീക്ഷകളുടെ പ്രകാശഗോപുരമായ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനും അതിനു നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രി സഖാവ് പിണറായി വിജയനുമെതിരായി, അദ്ദേഹത്തിന്റെ പ്രസംഗം നിയമസഭയ്ക്കകത്ത് തുടർച്ചയായി തടസ്സപ്പെടുത്തിയിട്ടും അദ്ദേഹത്തിനെ രണ്ടുപേർ കരിങ്കൊടി കാണിക്കാൻ ചാടി വീണിട്ടും ഈ നിയമസഭയ്ക്കകത്ത് ഞങ്ങൾ അതിരുവിടാത്തത് ഈ സഭയോടുള്ള ആദരവുകൊണ്ട് മാത്രമാണ്, ജനാധിപത്യ മൂല്യങ്ങളോടുള്ള ഞങ്ങളുടെ പ്രതിപത്തികൊണ്ടു മാത്രമാണെന്ന് അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട പിണറായി സഖാവിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്ന് മാസം കഴിഞ്ഞതേയുള്ളൂ. അതുകൊണ്ട് ഒരു വിലയിരുത്തലിന് സമയമായെന്ന് ഞാൻ കരുതുന്നില്ല. ഈ ഗവൺമെന്റിന് 40 ശതമാനം മാർക്ക് കൊടുക്കാൻ ഒരു മടിയുമില്ലെന്ന് ഞാൻ പരസ്യമായി പറഞ്ഞതാണ്. തുടക്കം എല്ലാ കാര്യങ്ങളിലും വളരെ നന്നായിട്ടുണ്ടെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഒരു കാര്യം ഞാൻ ആദ്യം സൂചിപ്പിക്കുകയാണ്, ബഹുമാനപ്പെട്ട പിണറായി സഖാവ് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. മൂന്നരക്കോടി ജനങ്ങളുടെ മുഖ്യമന്ത്രിയാണ്. അതല്ലാതെ ശ്രീ. പി. കെ ശശി സംസാരിച്ചതുപോലെ ശശിയുടെ മാത്രം മുഖ്യമന്ത്രിയല്ല. ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടുന്ന മൂന്നരക്കോടി ജനങ്ങളുടെ മുഖ്യമന്ത്രിയാണ്. ഞാനും അതിൽ ഒരാളാണ്. അങ്ങനെ കണക്കാക്കിയാൽ മതി. നിങ്ങളെ എല്ലാവരെയും തോൽപ്പിച്ചുകൊണ്ടാണല്ലോ ഞാൻ ഇവിടെ വന്നത്. മുഖ്യമന്ത്രി എന്ന നിലയിൽ അദ്ദേഹം സംസാരിക്കുന്ന കാര്യങ്ങൾക്ക് പ്രത്യേക

ഭവ്യതയും ആദരവും കൽപ്പിക്കപ്പെടേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ വിനയത്തോടുകൂടി, അങ്ങയുടെ നന്മ മാത്രം ആഗ്രഹിച്ചുകൊണ്ട്, കേരളത്തെ ശക്തമായി നയിക്കാൻ കഴിയുന്ന ഒരു നേതാവാണ് എന്നുള്ള വിശ്വാസത്തോടുകൂടി തന്നെ പറയുന്നു, അങ്ങ് കേരളത്തിലെ മുഖ്യമന്ത്രിയായി മാത്രമേ വരുന്ന അഞ്ചുകൊല്ലവും സംസാരിക്കാവൂ. എ.കെ.ജി. സെന്ററിൽ പോകുമ്പോൾ അങ്ങ് പാർട്ടിയുടെ ലോക്കൽ സെക്രട്ടറിവരെ ആയിക്കോളൂ, എനിക്കൊരു വിരോധവുമില്ല. അത് അങ്ങയുടെ സ്വാതന്ത്ര്യമാണ്. മുഖ്യമന്ത്രി പാർട്ടിയിലെ പോളിറ്റ്ബ്യൂറോ മെമ്പറാണ്. ആ നിലയ്ക്ക് അവിടെ സംസാരിക്കാം. പക്ഷേ കേരളത്തിന്റെ മുഖ്യമന്ത്രി എന്ന നിലയിലുള്ള മാറ്റം അങ്ങയിൽനിന്ന് നിർബന്ധമായും ഉണ്ടാകണം. അങ്ങ് അഞ്ചുവർഷം കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കട്ടെ എന്ന കാഴ്ചപ്പാടോടു കൂടിത്തന്നെയാണ് ഞാൻ പറയുന്നത്. വേറൊരു പ്രധാനപ്പെട്ട കാര്യം, പോലീസ് ഡിപ്പാർട്ട്മെന്റിന് ഇങ്ങനെ പോകാൻ കഴിയുമോ? ഡി. ജി. പി. മാർ എത്രയായി, എ.ഡി.ജി.പി.മാർ എത്രയായി, ഐ.ജി.മാർ എത്രയായി? എന്തു ഗുണം? ഗുണമില്ലാതെ എണ്ണം കൂട്ടിയതുകൊണ്ട് എന്തെങ്കിലും ലാഭമുണ്ടോ? മുഖ്യമന്ത്രിയെയും മറ്റുമന്ത്രിമാരെയുമൊന്നും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. പണ്ടുകാലത്ത് ഒരൊറ്റ ഐ.ജി. മാത്രമായിരുന്നപ്പോഴുള്ള ക്രമസമാധാന രംഗത്തെ പോലീസിന്റെ പ്രവർത്തനങ്ങളും ഇപ്പോഴത്തെ പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ആ നിലയിലേയ്ക്ക് പോകാൻ പോലീസിന് കഴിയുന്നില്ല. അത് എന്തുകൊണ്ടാണ്? പോലീസിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കണം. എൻക്വയറി, ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് എന്നിവയിൽ മാറ്റം വരുത്തണം. ക്രൈം ബ്രാഞ്ചിന്റെ ഉത്തരവാദിത്തമെന്താണ്? ഇതെല്ലാം ഇയർമാർക്ക് ചെയ്ത് കൊടുക്കാൻ മുഖ്യമന്ത്രിക്ക് കഴിയണം. കള്ളൻമാരെ പിടിക്കാൻ വിജിലൻസ് എന്തിനാണ് പേടിക്കുന്നത്. വിജിലൻസ് എന്നുപറയുമ്പോൾ ഇവിടെയുള്ള ഒരു കക്ഷിക്ക് എന്തു ബഹളമാണ്. മുഖ്യമന്ത്രിയുടെ പുറകെ നടക്കുകയാണ്. വലിയ കള്ളന്മാരൊക്കെ മുഖ്യമന്ത്രിയുടെ കാല് തിരുമ്മിത്തിരുമ്മി, ഇപ്പോൾ കാലിൽ രോമമില്ലെന്നാണ് ഞാൻ കേട്ടത്. ശരിയാണോയെന്ന് എനിക്കറിയില്ല. കള്ളന്മാരൊക്കെ കാലുതിരുമ്മാൻ വരും. അത് ആരാണെന്നുള്ളത് നിങ്ങൾക്കും എനിക്കും അറിയാം. ആര് കാല് തിരുമ്മിയാലും ഈ രാജ്യത്തിന്റെ പൊതുസ്വത്ത് കട്ടവനെ വെറുതെ വിടാൻ പാടില്ല. അവന് കൽത്തുറുങ്ക് കാണിച്ചുകൊടുക്കണം. അത് കാണിച്ചുകൊടുക്കുമ്പോൾ മാത്രമേ സഖാവ് പിണറായി വിജയൻ, മുഖ്യമന്ത്രി പിണറായി വിജയനാകുകയുള്ളൂ. അതിലൊരു വിട്ടുവീഴ്ചയും കാണിക്കരുത്. ഞാനൊരു ചെറിയ ഉദാഹരണം ചൂണ്ടിക്കാണിക്കാം. ഒരു എം. എൽ. എ. യും ഇത് പറയാൻ ധൈര്യപ്പെടില്ല. കേരളത്തിലെ വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കുമെന്ന്

പറയുന്നു. എരുമേലി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ എം.എൽ.എ. ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ മുടക്കി ഓട നിർമ്മിച്ചുകൊടുക്കുകയും 6 കമ്പ്യൂട്ടർ വാങ്ങി കൊടുക്കുകയും പെൺകുട്ടികൾക്ക് മൂത്രപ്പുര പണിയുന്നതിന് 8 ലക്ഷം രൂപ കൊടുക്കുകയും ചെയ്തു. പിന്നെയും തലവരിപ്പണം അവിടെ പിരിക്കണോ? കഴിഞ്ഞ വർഷം ഞാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു അഡ്മിഷൻ കൊടുത്തപ്പോൾ അവരിൽ നിന്നും 25,000 രൂപ വാങ്ങിച്ചു. അത് ബലമായി തിരിച്ചുകൊടുപ്പിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്......... രണ്ട് മിനിറ്റ് അധികമായി.

ശ്രീ. പി. സി. ജോർജ്: ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇത്തരം വിഷയങ്ങൾ ജനങ്ങളറിയട്ടെ. ഈ വർഷം സലീം കണ്ണങ്കര എന്നൊരു കോൺഗ്രസ് നേതാവ് പത്തനംതിട്ട ജില്ലയിൽ, അഡ്മിഷൻ സ്റ്റക്കായിപ്പോയ 93 ശതമാനം മാർക്കുള്ള ഒരു കുട്ടിയുടെ അഡ്മിഷനുവേണ്ടി ആപ്ലിക്കേഷനുമായി പോയപ്പോൾ മാനേജ്മെന്റ് 50,000 രൂപ ചോദിച്ചു. ആദ്യം 40,000 രൂപയുമായി കരഞ്ഞുകൊണ്ട് പോയി. അവസാനം 50,000 രൂപ കടം വാങ്ങിച്ചുകൊടുത്തു. 10,000 രൂപ പി.റ്റി.എ. ഫണ്ട് കൊടുത്തു. ആകെ 60,000 രൂപ. കൈക്കൂലി വാങ്ങിയ ആ മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്ത് കൊടുത്തിട്ട് ഒന്നര മാസമായി. ഇങ്ങനെയാണോ വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കുന്നത്? ആ മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കാൻ എന്തുകൊണ്ട് തയ്യാറാകുന്നില്ല. ഞാൻ വിദ്യാഭ്യാസ വകുപ്പിൽ അന്വേഷിച്ചപ്പോൾ മുഖ്യമന്ത്രിക്ക് അയച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. മുഖ്യമന്ത്രിക്ക് അയച്ചുവെങ്കിലും ഇപ്പോൾ മാസം എത്രയായി? ആകെ ഒരു എൻക്വയറി വന്നു. പി. സി. ജോർജ് തന്ന പരാതി കറക്ടാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ എഴുതിതന്നിട്ടുണ്ടെന്ന് മനസ്സിലായി. എന്നാൽ ഇതുവരെയും നടപടിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്......... കൺക്ലൂഡ്....... മൂന്ന് മിനിറ്റ് അധികമെടുത്തു.

ശ്രീ. പി.സി. ജോർജ്: നിങ്ങളുടെ കൂടി നന്മയ്ക്കുവേണ്ടിയാണ് ഞാൻ ഇതൊക്കെ പറയുന്നത്. ഞാൻ തന്ന പരാതിയെപ്പറ്റി തീരുമാനമുണ്ടാക്കാനുള്ള മര്യാദകൂടി ഗവൺമെന്റ് കാണിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട്, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇത്രയും സമയമേ എനിക്ക് തന്നുള്ളൂ. അതുകൊണ്ട് നിവൃത്തിയില്ലാതെ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളും വളരെയേറെ പ്രതീക്ഷയോടുകൂടി കാണുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റ്. ഗവൺമെന്റിന്റെ തുടക്കം എല്ലാവരാലും അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. കഴിഞ്ഞ അഞ്ചുവർഷമായി ലോകത്തിന് മുന്നിൽ ഇന്ത്യയുടെ അഭിമാനമായിരുന്ന കേരളത്തെ തകർത്ത് തരിപ്പണമാക്കിയ ഒരു ഭരണ സംവിധാനത്തിൽ നിന്നാണ് ജനങ്ങൾ ഈ ഗവൺമെന്റിനെ തെരഞ്ഞെടുത്തത്. ആ പ്രതീക്ഷ നിറവേറ്റിക്കൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും, നാടിന് വികസനവും ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസവും നൽകി, അത് രണ്ടും ഒരുമിച്ച് കൊണ്ടുപോകുന്ന സമീപനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. അലങ്കോലപ്പെട്ടു കിടന്ന ഒരു വീടിനെ ചിട്ടയായി പ്രവർത്തിപ്പിക്കുന്ന തരത്തിലേയ്ക്കാണ് ഈ ഗവൺമെന്റ് ആദ്യഘട്ടങ്ങളിൽ പ്രവർത്തിച്ചുവരുന്നത്. അഞ്ചുവർഷമായി കുറ്റവാളികളുടെ പറുദീസയായിരുന്ന കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടായി നിലനിർത്താൻ വേണ്ടിയുള്ള പോരാട്ടമാണ് ഇപ്പോൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് നിങ്ങൾക്കെല്ലാവർക്കുമറിയാം, ഞാൻ വിശദീകരിക്കേണ്ടതില്ല, ഇതെല്ലാം ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളാണ്. കേരളത്തിന്റെ ആഭ്യന്തര വകുപ്പിന്റെ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നതിൽ എനിക്ക് അഭിമാനമുണ്ട്. അഴിമതി വിമുക്ത കേരളം പ്രഥമ മുദ്രാവാക്യമായി ഉയർത്തിക്കൊണ്ടാണ് ഗവൺമെന്റ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾ ആശങ്കയോടെ കണ്ടുകൊണ്ടിരുന്ന, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെടുത്തിട്ടുള്ള വിവാദ ഉത്തരവുകളെല്ലാം പുനഃപരിശോധിക്കാനും അന്വേഷിക്കാനും ഇച്ഛാശക്തിയോടെ, ആദ്യ മന്ത്രിസഭായോഗത്തിൽ തന്നെ തീരുമാനമെടുത്ത ഗവൺമെന്റിനെ കേരളത്തിലെ മുഴുവൻ ജനങ്ങളും മുക്തകണ്ഠം പ്രശംസിക്കുകയാണ്. ഈ നാട്ടിലെ പാവപ്പെട്ടവൻ നികുതി കൊടുക്കുന്ന പണത്തിൽനിന്നും ഒരു നയാപൈസപോലും നഷ്ടപ്പെടാൻ പാടില്ല. കേരളത്തിലെ വിജിലൻസ് സംവിധാനമുൾപ്പെടെ നടത്തുന്ന ഗവൺമെന്റിന്റെ നടപടികൾ വളരെ മാതൃകാപരമാണ്. ആഭ്യന്തര വകുപ്പ് ജനങ്ങൾക്ക് സ്വൈര്യജീവിതം പ്രദാനം ചെയ്യുന്നതിനും സംസ്ഥാനത്ത് നിയമവാഴ്ച ഉറപ്പാക്കുന്നതിനുമുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നു. കാക്കിയിട്ടവരെ കണ്ടാൽ ജനം ഭയക്കുന്ന കാലം കഴിഞ്ഞു. ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്ന പോലീസ് സംവിധാനമായി കേരളത്തിലെ പോലീസിനെ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ സാഹചര്യത്തിലും ലോക്കൽ മർദ്ദനങ്ങൾ പോലുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങളുണ്ട്. ജനവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർ ഇപ്പോഴും പോലീസിലുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിക്കപ്പെടുമ്പോൾ പോലീസ് പരിഷ്കരണവുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും ഗവൺമെന്റ് ഗൗരവമായി ചർച്ച ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ചില സമയങ്ങളിൽ മാനസിക സമ്മർദ്ദത്തിന്റെയും ജോലിഭാരത്തിന്റെയും പേരിൽ

നല്ലതുപോലെ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ ജനങ്ങളോട് മോശമായി പെരുമാറുന്നത് സംബന്ധിച്ച് ചർച്ചകളും വിലയിരുത്തലുകളും ഉണ്ടാകുന്ന സാഹചര്യത്തിൽ, ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ള മേലുദ്യോഗസ്ഥരുൾപ്പെടെ 1200-ലധികം ആളുകൾ നമ്മുടെ പോലീസിലുണ്ട് എന്നുള്ള വസ്തുതയും പരിശോധിക്കപ്പെടേണ്ടതാണ്. പാലിൽ ഒരു തുള്ളി വിഷം കലർന്നാൽ അത് അരിച്ച് ഉപയോഗിക്കാൻ സാധിക്കില്ലെന്നു പറയുന്നതുപോലെ, കുറ്റമറ്റ പോലീസ് സംവിധാനം രൂപീകരിക്കേണ്ടതുണ്ട് എന്നുള്ള നിർദ്ദേശം ഞാൻ വയ്ക്കുകയാണ്.

ഏഴാം ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചു. ഏതാണ്ട് 250 പേർക്ക് ഒരു പോലീസ് എന്നുള്ള അന്താരാഷ്ട്ര മാനദണ്ഡവും 500 പേർക്ക് ഒരു പോലീസ് എന്ന ദേശീയ മാനദണ്ഡവും നിലനിൽക്കെ കേരളത്തിൽ ഇപ്പോൾ 680 പേർക്ക് ഒരു പോലീസ് എന്ന രീതിയാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കേരളത്തിലെ ലോക്കൽ പോലീസുമായി ബന്ധപ്പെട്ട് പ്രായോഗികമായി പരിശോധിക്കുമ്പോൾ അത്തരം വിഷയങ്ങളിൽ വലിയ അന്തരമുണ്ട്. കേരളത്തിലെ കേസ്സുകളുടെ എണ്ണം വച്ചുനോക്കുമ്പോൾ 300 പേർക്ക് ഒരു പോലീസ് ഉദ്യോഗസ്ഥൻ വേണമെന്ന് കണക്കാക്കപ്പെടുന്നു. അതുപോലെ ദേശീയ പോലീസ് കമ്മീഷന്റെ റിപ്പോർട്ടിൽ വളരെ മെച്ചപ്പെട്ട നിർദ്ദേശങ്ങളാണുള്ളത്. ഒരു പോലീസ് സ്റ്റേഷനിൽ സി. ഐ. റാങ്കിലുള്ള ഉദ്യോഗസ്ഥൻ, കുറ്റാന്വേഷണത്തിനും ക്രമസമാധാനത്തിനും രണ്ട് എസ്. ഐ. മാർ ഇതെല്ലാം നല്ല നിർദ്ദേശങ്ങളാണ്. അതോടൊപ്പംതന്നെ പോലീസിന്റെ സ്ട്രെങ്ത്തിന്റെ കാര്യവും വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. 680 പേർക്ക് ഒരു പോലീസ് എന്ന സ്ഥിതി കേരളത്തിലുണ്ടെന്ന് നമ്മൾ അവകാശപ്പെടുമ്പോഴും രണ്ടേകാൽ ലക്ഷം ആളുകളുള്ള എന്റെ മണ്ഡലത്തിലെ ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ 140 പോലീസുകാരാണുള്ളത്. വർക്കിംഗ് അറേഞ്ച്മെന്റും മറ്റ് കാര്യങ്ങളുമായി ബന്ധപ്പെട്ട് ഡ്യൂട്ടിക്ക് പോയിക്കഴിഞ്ഞാൽ 2000 പേർക്ക് ഒരു പോലീസ് എന്ന തരത്തിലാണ് പോലീസിന്റെ ലഭ്യത എന്നൊരു നിഗമനത്തിലാണ് എനിക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിലെമ്പാടും അങ്ങനെയാണ്. ഞാൻ പറഞ്ഞുവന്നത് പോലീസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ രൂപീകരിക്കുമ്പോൾ ഗ്രാസ് റൂട്ടിലുള്ള ഇത്തരം പ്രവർത്തനങ്ങൾ പരിശോധിക്കപ്പെടണം. അതുപോലെ ടോട്ടൽ സ്ട്രെങ്ത്തിൽ എത്ര ശതമാനം ലോക്കൽ പോലീസ് സ്റ്റേഷനിലുണ്ടെന്ന് പരിശോധിക്കുമ്പോൾ പരിമിതികൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പോലീസിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യമായി മാറേണ്ടത് കുറ്റകൃത്യങ്ങൾ നടന്നതിനുശേഷം പ്രതിയെ കണ്ടുപിടിക്കുക, അറസ്റ്റ് ചെയ്യുക, അതിൽ അഭിമാനം

കൊള്ളുക എന്നത് മാത്രമാകരുത്. കുറ്റകൃത്യങ്ങൾ നടക്കാതിരിക്കാൻ എന്താണ് മാർഗ്ഗമെന്നത് മുൻകൂട്ടി കണ്ട് തിരിച്ചറിഞ്ഞ് അത് തടയാൻ ശ്രമിക്കുന്നതിലാണ് പോലീസിന്റെ വിജയം എന്ന രീതിയിലേയ്ക്ക് അവരുടെ പ്രവർത്തനം കൊണ്ടുപോകുന്നതിന് സ്ട്രെങ്ത് അത്യാവശ്യമാണ്.

ജയിലുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ പല വിദേശരാജ്യങ്ങളിലും ജയിൽ ലീസിന് കൊടുക്കാൻ ഇട്ടിരിക്കുകയാണ്. എനിക്ക് തോന്നുന്നത് നോർവ്വെ, സ്വീഡൻ പോലുള്ള രാജ്യങ്ങളിൽ ജയിൽ ലീസിന് കൊടുക്കാൻ ഇട്ടിരിക്കുകയാണെന്നാണ്. കാരണം അവിടെ കുറ്റവാളികളില്ല. അത്തരത്തിലുള്ള ഒരു അവസ്ഥയിലേയ്ക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളുടെ ജീവൻ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഇച്ഛാശക്തിയോടുകൂടി കൊണ്ടുപോകേണ്ടത്. സാമ്പത്തിക ബാധ്യത വരാതെ നടത്താൻ കഴിയുന്ന ധാരാളം നിർദ്ദേശങ്ങൾ നാട്ടിൽ ഉയർന്നുവന്നിട്ടുണ്ട്. സി.ഐ.മാരെ എസ്.എച്ച്.ഒ.മാരായി നിയമിക്കുന്നതിനെ ചില തൽപ്പരകക്ഷികൾ ബോധപൂർവ്വം തടസ്സപ്പെടുത്തുന്നത് കഴിഞ്ഞ 5 വർഷം നമ്മൾ കണ്ടിട്ടുണ്ട്. സി.ഐ.മാരുടെ ശമ്പളം വാങ്ങുന്ന 11 വർഷം കഴിഞ്ഞ എസ്.ഐ.മാർ ഏതാണ്ട് ആയിരത്തിലധികമുള്ള സംസ്ഥാനമാണ് കേരളം. 490 പോലീസ് സ്റ്റേഷനുകൾ മാത്രമേ നമുക്കുള്ളൂ. സുപ്രീം കോടതി നിർദ്ദേശങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. എത്രയും പെട്ടെന്ന് ശാസ്ത്രീയമായ പഠനങ്ങൾ നടത്തി ജനങ്ങളുടെ ജീവൻ സംരക്ഷിക്കാനുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തണം. നമുക്ക് ജനങ്ങളുടെ ജീവനാണ് ഏറ്റവും പ്രധാനം. അതുപോലെ പോലീസിന്റെ ആധുനികവൽക്കരണം, സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം എന്നിവ പലപ്പോഴും പോലീസ് സ്റ്റേഷനുകളിൽ നമുക്ക് ബോദ്ധ്യപ്പെടുന്നുണ്ട്. അവിടെയൊക്കെ മിനിമം ക്വാളിഫിക്കേഷനിൽ മാറ്റം വരുത്താൻ കഴിയുന്ന തരത്തിലുള്ള നല്ല നിർദ്ദേശങ്ങൾ രൂപീകരിച്ച് പോലീസിനെ കുറ്റമറ്റതാക്കി മാറ്റിയെടുക്കുന്നതിന് കഴിയേണ്ടതുണ്ട്. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ നല്ല പിന്തുണയുണ്ടെന്ന് പ്രതിപക്ഷത്തിനുകൂടി അംഗീകരിക്കേണ്ടിവരികയാണ്. ഇല്ലാത്ത വിഷയങ്ങളുണ്ടാക്കി സമരം ചെയ്യേണ്ടിവരുന്നത് അതുകൊണ്ടാണ്. ഇവിടെ ജിഷ, സൗമ്യ വധക്കേസ്സുകളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തല്ലോ; ഗവൺമെന്റിന്റെ നല്ലൊരു ഇടപെടൽ അതിനകത്ത് ഉണ്ടായിട്ടുണ്ടെന്നുള്ളത് കേരള സമൂഹം അംഗീകരിച്ചിട്ടുണ്ട്. സൗമ്യ വധക്കേസ്സിൽ അപ്പീൽ കൊടുക്കുന്നതുമായി ബന്ധപ്പെട്ട ഗവൺമെന്റ് നിലപാടുകൾ, തീർച്ചയായും വളരെ ജാഗ്രതയോടുകൂടി അത്തരം പ്രവർത്തനങ്ങൾ നിലനിർത്തിക്കൊണ്ടുപോകുമെന്ന് ജനങ്ങൾക്കും ഞങ്ങൾക്കും പ്രതീക്ഷയുണ്ട്. ഈ ഗവൺമെന്റ് ഇപ്പോൾ കേരളത്തിലെ ജനങ്ങളുടെ

ജീവനും സ്വത്തിനും സംരക്ഷണം നൽകാനും കേരളത്തെ അഴിമതിയില്ലാത്ത ഒരു സംസ്ഥാനമാക്കാനും നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടങ്ങൾക്ക് കേരള ജനതയുടെ മുഴുവൻ പിന്തുണയും ഉണ്ടാകുമെന്ന് ഉറപ്പാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, പോലീസ്, ജയിൽ, സ്റ്റേഷനറി, അച്ചടി തുടങ്ങിയ വകുപ്പുകളിലേയ്ക്ക് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

അച്ചടിയെ സംബന്ധിച്ച ധനാഭ്യർത്ഥന അംഗീകരിക്കുന്ന കൂട്ടത്തിൽ തന്നെ അതിലെ ഒരു പോരായ്മ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അച്ചടി സംവിധാനത്തിൽ മാറ്റം വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചെറിയ ഒരു കാര്യത്തിനുവേണ്ടി എത്രയോ കടലാസ്സുകൾ അച്ചടിക്കുന്ന സംവിധാനമുണ്ട്. എം.എൽ.എ.മാർക്ക് ഒരു ദിവസം അച്ചടിച്ച് നൽകുന്ന കടലാസുകളും ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിച്ചാൽ അത് സൂക്ഷിച്ചുവയ്ക്കാൻ വേറെ മുറി നിർമ്മിക്കേണ്ടിവരും. അത്രയ്ക്ക് കടലാസ്സുകളാണ് വരുന്നത്. അത് പരിഷ്കരിച്ച് എങ്ങനെ അച്ചടി കുറച്ചുകൊണ്ടുവരാം എന്നതിനെക്കുറിച്ച് ഗൗരവമായി ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ വച്ച് പരിശോധിക്കാനും മറുപടി പറയാനും കഴിയില്ല എന്നെനിക്കറിയാം. പക്ഷേ അതിനൊരു വിദഗ്ദ്ധ സമിതിയെ നിയമിച്ച് അച്ചടിയും അതിന്റെ ഫലമായി വരുന്ന ചെലവുകളും എങ്ങനെ കുറച്ചുകൊണ്ടുവരാമെന്ന കാര്യം വളരെ ഗൗരവമായി ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ കഴിഞ്ഞ നിയമസഭയിൽ ഇക്കാര്യം ഉന്നയിച്ചിരുന്നു. ഗൗരവമായി പരിശോധിക്കാമെന്ന് അന്ന് മറുപടിയും പറഞ്ഞു. പക്ഷേ ഒരു പരിശോധനയും നടന്നില്ല എന്നതാണ് വസ്തുത. അതെങ്ങനെയാണ് കുറയ്ക്കുന്നത് എന്നതിനെക്കുറിച്ച് എനിക്കൊരു നിർദ്ദേശം വയ്ക്കാനില്ലെങ്കിലും ഒരു വിദഗ്ദ്ധ സമിതി ചർച്ച ചെയ്യുകയാണെങ്കിൽ ഞാൻ അതിനുമുമ്പിൽ എന്റെ അഭിപ്രായം വയ്ക്കാമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ പഴയകാലം മുതലുള്ള മെഷീനുകളും മറ്റ് സംവിധാനങ്ങളും പഴകി ദ്രവിച്ച് നശിച്ചവയാണ്. അതിലാണ് വീണ്ടും അച്ചടിക്കുന്നത്. എത്ര ലക്ഷം രൂപയാണ് അതിനുവേണ്ടി ദിവസേന ചെലവഴിക്കുന്നത്. അത് വേസ്റ്റായി കിടക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

രണ്ടാമതായി ജയിലിന്റെ കാര്യമാണ്. ജയിൽ പരിഷ്കരണത്തെക്കുറിച്ച് ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഞാൻ കഴിഞ്ഞ ജനുവരി മാസത്തിൽ ഈ സഭയിൽ ചോദിച്ച ചോദ്യത്തിന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി എഴുതിത്തന്ന

മറുപടിയിൽ പറയുന്നത് 206 പേർ ജയിലിൽ വച്ച് മരിച്ചുവെന്നാണ്. ഇത് വളരെ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. 206 പേർ ജയിലിൽ വച്ച് പോലീസ് മർദ്ദനം കൊണ്ട് മാത്രമല്ല ജയിലിലെ അസൗകര്യം കൊണ്ടാണ് മരിച്ചത്. അവിടെ ചികിത്സയും ഭക്ഷണവും ലഭിക്കാത്തതിന്റെ ഫലമായി മരിച്ചതാണ്. ഒരു ജീവപര്യന്തം തടവുകാരനെ ജയിലിൽ എത്ര വർഷം ഇടാം എന്നത് സംബന്ധിച്ച് നിയമമുണ്ടോ; ഉണ്ടെങ്കിൽ അത് എങ്ങനെ പരിഷ്കരിക്കാം എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. തീർച്ചയായും എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് ഒരു പരിധി കഴിഞ്ഞാൽ ആളുകളെ, പ്രത്യേകിച്ച് പ്രായമായവരെ ജയിലിൽ നിന്നും മോചിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ്. 60, 70, 80 വയസ്സിനുമേലുള്ളവർ ജയിലിൽ കിടക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഒരു കാരണവശാലും അത് അംഗീകരിക്കാൻ കഴിയില്ല. അങ്ങനെയുള്ള ആളുകളുടെ കുറ്റകൃത്യങ്ങൾ മനസ്സിലാക്കി അവരുടെ ജയിലിനകത്തുള്ള നടപടി പരിശോധിച്ച് അവരെ ജയിലിൽ നിന്നൊഴിവാക്കാനുള്ള നടപടി സ്വീകരിച്ചാൽ മാത്രമേ നമുക്ക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാനും ജയിലിനകത്തുള്ള മരണം കുറയ്ക്കാനും കഴിയുകയുള്ളൂ. 60 വയസ്സിന് മുകളിലുള്ളവർ ജയിലിനകത്ത് കിടക്കുമ്പോൾ അവർക്കുണ്ടാകുന്ന അസ്വസ്ഥതയെക്കുറിച്ചും മാനസികാവസ്ഥയെക്കുറിച്ചും നമുക്ക് നന്നായി അറിയാവുന്നതാണ്. അവരെ കൃത്യമായി ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സിപ്പിക്കാനും വിട്ടയയ്ക്കാനും വേണ്ട നടപടി സ്വീകരിക്കണം. പണ്ട് ഏതോ ബ്രിട്ടീഷുകാരൻ ഉണ്ടാക്കിയ നിയമ വ്യവസ്ഥ ഇന്നും ജയിലുകളിൽ തുടരുകയാണ്. അത് മാറ്റിക്കൊണ്ടുവരാൻ ശ്രമിച്ചുവെങ്കിലും പരിപൂർണ്ണമായി മാറ്റാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നത് പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. ഈ ഗവൺമെന്റെങ്കിലും വളരെ ഗൗരവമായി പരിശോധിച്ച് അതിലൊരു മാറ്റം വരുത്തണം. തുടർച്ചയായി ജീവപര്യന്തം എന്നത് എങ്ങനെ കുറച്ചുകൊണ്ടുവരാം എന്നതിനെക്കുറിച്ച് ആലോചിച്ച് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്ന, നല്ല സ്വഭാവമുള്ള ആളുകളെ ജയിലിൽ നിന്നും വിട്ടയച്ച് നല്ല ശീലമുള്ളവരാക്കി മാറ്റാൻ ശ്രമിക്കണമെന്നാണ് ജയിലുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. ഞാൻ പണ്ട് കണ്ണൂർ സെൻട്രൽ ജയിലിൽ കിടന്ന 12-ാം നമ്പർ മുറിയുണ്ട്. ഞാൻ എം.എൽ.എ. ആയിക്കഴിഞ്ഞ് ഒരു തടവുകാരനെ കാണാൻ ചെന്നപ്പോൾ ആ മുറിയും കാണാൻ പോയിരുന്നു. ഞാൻ 20 കൊല്ലങ്ങൾക്കുമുമ്പ് കിടന്നിരുന്ന ആ മുറിക്ക് ഒരു മാറ്റവുമില്ല. അതിൽത്തന്നെ ഇപ്പോഴും ആളുകളെ കിടത്തുകയാണ്. ധാരാളം മാറ്റങ്ങൾ ജയിലിനകത്ത് വരേണ്ടതുണ്ട്. ഇക്കാര്യം പരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മൂന്നാമതായി, പോലീസിന്റെ കാര്യമാണ്. പോലീസ് വകുപ്പിന് ധനാഭ്യർത്ഥനയിൽ അനുവദിച്ച സംഖ്യ കുറഞ്ഞുപോയി എന്നാണ് എന്റെ

അഭിപ്രായം. കുറച്ചു തുക കൂടി അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പോലീസ് വകുപ്പിൽ കുറച്ചുകൂടി പരിഷ്കാരം വരുത്തേണ്ടതുണ്ട്. ഇന്നത്തെ പോലീസിന്റെ എണ്ണവും ഗുണവും പോരാ എന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതിൽ മാറ്റം വന്നാൽ മാത്രമേ നാട്ടിലെ ജനങ്ങൾക്ക് പോലീസിനോടും ഗവൺമെന്റിനോടും നല്ല സിമ്പതി ഉണ്ടാക്കാൻ കഴിയൂ. പ്രത്യേകിച്ച് പോലീസ് ഇന്ന് എടുക്കുന്ന നടപടികളുടെ ഫലമായി ഗവൺമെന്റിനെതിരായി ആളുകൾ ചിന്തിക്കുന്ന സ്ഥിതി വരികയാണ്. പ്രധാനമായും നാട്ടിൽ വളർന്നുവരുന്ന മണ്ണ് മാഫിയ, മദ്യമാഫിയ തുടങ്ങിയ മാഫിയകളാണ് പോലീസിനെ ഭരിക്കുന്നത്. അതായിരുന്നു കഴിഞ്ഞ അഞ്ചുകൊല്ലവും നമ്മുടെ നാട്ടിലുണ്ടായത്. ഇപ്പോൾ അതുപോലെ കഴിയുന്നില്ല എന്ന് വന്നപ്പോൾ അവർ ഗവൺമെന്റിനെതിരായി വലിയ ആക്ഷേപം ഉന്നയിക്കുകയാണ്. പോലീസിന്റെ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചു മാത്രമേ മാഫിയകളെ നിലയ്ക്കുനിർത്താൻ കഴിയുകയുള്ളൂ. അത് എങ്ങനെ കൊണ്ടുവരാം എന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച ചെയ്ത് സാമ്പത്തികം നോക്കാതെ പോലീസിന്റെ ഭരണം, നയം, നടപടി എന്നിവ കൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നല്ല ഇടപെടൽ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[1.00 PM]

നമ്മുടെ ഗവൺമെന്റിനെക്കുറിച്ചും മന്ത്രിയെക്കുറിച്ചും പോലീസ് വകുപ്പിനെക്കുറിച്ചും പ്രതിപക്ഷാംഗങ്ങൾ വളരെയേറെ പരാതി പറഞ്ഞുനടക്കുകയാണ്. പോലീസ് സമര പന്തലിലേയ്ക്ക് ഗ്രനേഡ് ഉപയോഗിക്കുന്നുവെന്നൊക്കെയാണ് അവരുടെ പരാതി. ഞാൻ ഒരു കാര്യം പറയട്ടെ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ഉൾപ്പെടെയുള്ള എൽ. ഡി. എഫ്. എം.എൽ.എ.മാരെല്ലാംകൂടി സെക്രട്ടേറിയറ്റിന്റെ മുമ്പിൽ റോഡിൽ ഇരിക്കുന്ന അവസരത്തിലാണ് ആ സ്ഥലത്തേയ്ക്ക് ഗ്രനേഡ് എറിഞ്ഞത്. ഞങ്ങൾ റോഡിലിരിക്കുന്ന അവസരത്തിൽ യൂണിവേഴ്സിറ്റി കോളേജിലെ കുറെ വിദ്യാർത്ഥികളും അവിടെ വന്നുനിന്നിരുന്നു. അവരെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തു. ആ കുട്ടികൾ മുഴുവൻ വന്ന് വീണത് ഞങ്ങളുടെ ദേഹത്തേയ്ക്കാണ്. ഒരു കാര്യവുമില്ലാതെ വെറുതെ നോക്കി നിന്നിരുന്ന കുട്ടികളായിരുന്നു അവർ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു. ആ കുട്ടികൾ ഞങ്ങളുടെ മേലേയ്ക്ക് വന്നു വീണതിന്റെ ഫലമായി എന്റെ കാൽ ഒടിഞ്ഞു. ഇതുവരെ ഞാൻ ഇക്കാര്യം ആരോടും പറഞ്ഞില്ല. മെഡിക്കൽ കോളേജിൽ പോയി എക്സ്-റേ എടുത്തപ്പോൾ എന്റെ ഇടത് കാലിന്റെ മുട്ടിന്റെ എല്ല് പൊട്ടിപ്പോയെന്നാണ്

പറഞ്ഞത്. എത്രയോ മാസമായി ഞാൻ ചികിത്സയിലാണ്. അതിനുശേഷം ഇന്നുവരെ എനിക്ക് മുട്ടുമടക്കി ഇരിക്കാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ ആർക്കും ഒരു ദ്രോഹവും ചെയ്യാതെ സമാധാനമായി റോഡിൽ ഇരിക്കുകയായിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പടെയുള്ളവർ ഞങ്ങളുടെ അടുത്ത് ഇരിപ്പുണ്ടായിരുന്നു. അപ്പോഴാണ് ശ്രീ. വി. എസ്. അച്യുതാനന്ദനെയും ശ്രീ. സി. ദിവകാരനെയും ആശുപത്രിയിൽ കൊണ്ടുപോയത്. അങ്ങനെ ചെയ്തവരാണ് ഇപ്പോൾ ഗ്രനേഡ് വീണ് പൊട്ടുന്നുവെന്ന് പറയുന്നത്. എല്ലാക്കാലത്തും അവരുടെ ഭരണം ഉണ്ടാകുമെന്നാണ് ധരിച്ചിരുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും എല്ലാക്കാലവും പോലീസ് ഭരണം കൊണ്ടുപോകുമെന്നാണ് ധരിച്ചിരുന്നത്. അങ്ങനെ കഴിയുന്നില്ലെന്ന് വന്നപ്പോഴാണ് ഈ ആക്ഷേപവുമായി വന്നിരിക്കുന്നത്. പഴയ പോലീസ് ഭരണമല്ല ഇന്നത്തേതെന്ന് ഗൗരവമായി അവർ മനസ്സിലാക്കണമായിരുന്നു. പഴയ പോലീസ് ഭരണത്തിന്റെ സ്ഥിതി നിങ്ങൾക്ക് അറിയാമല്ലോ; സ്ത്രീകൾക്കെതിരെയും ജനങ്ങൾക്കെതിരെയും നടത്തിയ നടപടിയെക്കുറിച്ച് നാം ഇപ്പോൾ ഒന്നും പറയേണ്ട ആവശ്യമില്ലല്ലോ; മുൻമുഖ്യമന്ത്രിയുടെ പി.എ. പോലും നമ്മുടെ നാട്ടിൽ നടത്തിയ പേക്കൂത്തുകളെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണല്ലോ; മുൻമുഖ്യമന്ത്രിയുടെ പി.എ.യെ വാടക ഗുണ്ടയായി കോഴിക്കോട് വച്ച് പിടിച്ചത് പത്രക്കാരെല്ലാം എഴുതി. നമ്മളെല്ലാം അത് വായിച്ചതാണ്. അന്ന് അതിനെക്കുറിച്ച് ശ്രീ. രമേശ് ചെന്നിത്തലയ്ക്കും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഒരു പരാതിയും ഉണ്ടായില്ലല്ലോ; ഇപ്പോൾ അവർ പോലീസിനെ ആക്ഷേപിക്കുകയാണ്. സമരക്കാരെ പോലീസ് എതിർക്കുന്നു വെന്നാണ് അവർ പറയുന്നത്. സമരക്കാരെ പോലീസ് അടിക്കണമെന്ന് നമ്മൾ പറയുന്നില്ല. പക്ഷെ ആ പോലീസിനെ നയപരമായി കൊണ്ടുവരുന്നതിനുവേണ്ടി, നല്ല ഭരണം കാഴ്ചവയ്ക്കുന്ന പോലീസാക്കുന്നതിനുവേണ്ടി ഈ ധനാഭ്യർത്ഥനയെ നന്നായി ശക്തിപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ അഞ്ച് വർഷക്കാലം എത്ര പേരെയാണ് രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ ഗവൺമെന്റ് സ്വാധീനത്തോടെ കൊലചെയ്തതെന്ന കാര്യം ഓർക്കണം. എന്റെ മണ്ഡലത്തിൽ രണ്ടുപേരെ കൊന്നു. 2013 സെപ്തംബർ മാസത്തിലെ തിരുവോണ ദിവസം ഉദുമയിലെ മാങ്ങാട്ട് ബാലകൃഷ്ണനെ കോൺഗ്രസ്സുകാർ കൊല ചെയ്തു. അതേ വർഷം ജൂലൈ മാസത്തിൽ സി.പി.ഐ.(എം.) കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. പി. ജയരാജനെ അറസ്റ്റ് ചെയ്തപ്പോൾ അതിൽ പ്രതിഷേധിച്ച് നടത്തിയ പ്രകടനം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ മുസ്ലീം ലീഗുകാർ ആക്രമിച്ചതിന്റെ ഫലമായിട്ടാണ് എന്റെ വീടിനടുത്തുള്ള മനോജ് എന്ന ചെറുപ്പക്കാരൻ കൊലചെയ്യപ്പെട്ടത്. അതിൽ കേസുപോലും എടുത്തില്ല.

എഫ്.ഐ.ആർ. എഴുതിയിട്ടില്ല. അതിൽ പ്രതിഷേധിച്ച് ഞാനും കാസർഗോഡ് എം. പി. ശ്രീ. പി. കരുണാകരനും പോലീസ് സ്റ്റേഷനിൽ കുത്തിയിരുന്നിട്ടുപോലും കേസെടുക്കാൻ തയ്യാറായില്ല. അങ്ങനെയുള്ള മാന്യന്മാരാണ് പോലീസിനെക്കുറിച്ച് ഇപ്പോൾ ഘോരഘോരം പ്രസംഗം നടത്തുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഈ നാട്ടിൽ നടത്തിയ പേക്കൂത്തുകൾ നമ്മളെല്ലാം കണ്ടതാണ്. എന്താണ് പോലീസ് ഭരണമെന്ന് കണ്ടതാണ്. അവർക്ക് ഇന്നത്തെ പോലീസിനെ അതേപോലെ ഉപയോഗിക്കാൻ കിട്ടുന്നില്ലെന്ന് വന്നപ്പോഴാണ് ഈ ഗവൺമെന്റിനെതിരെ വലിയ ആക്ഷേപവുമായി മുന്നോട്ടുവരുന്നത്. അവരുടെ ആക്ഷേപവും സമരവുമല്ല പ്രധാനപ്പെട്ട കാര്യം. പോലീസിനെ നല്ല രീതിയിൽ കൊണ്ടുപോകാൻ നല്ല നടപടികൾ സ്വീകരിക്കപ്പെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സ്വാശ്രയ സംവിധാനത്തിനെതിരെയാണ് അവർ സമരം നടത്തുന്നത്. ഇത് കൊണ്ടുവന്നത് ആരാണ്? ശ്രീ. എ. കെ. ആന്റണി കേരള മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് സ്വാശ്രയ സംവിധാനം കൊണ്ടുവന്നത്. യു.ഡി.എഫ്. കേരളം ഭരിച്ചപ്പോഴായിരുന്നു അത്. അന്ന് ഈ സ്വാശ്രയ സംവിധാനം വേണ്ടെന്ന് പറഞ്ഞത് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളായിരുന്നു. ഡി. വൈ. എഫ്. ഐ. അടക്കമുള്ള ഇടതുപക്ഷ യുവജന-വിദ്യാർത്ഥി സംഘടനകൾ നടത്തിയ സമരത്തെ അടിച്ചൊതുക്കിയതെങ്ങനെയെന്ന് കണ്ടവരാണ് നമ്മളെല്ലാവരും. അവരാണ് ഇപ്പോൾ സ്വാശ്രയത്തിനെതിരെ വലിയ പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ സ്വാശ്രയ സംവിധാനവും വിദ്യാഭ്യാസക്കച്ചവടവും നമ്മുടെ നാട്ടിൽ കൊണ്ടുവന്ന് ഏറ്റവും കുറച്ച് ആളുകളെ ഏറ്റവും വലിയ പണക്കാരാക്കി മാറ്റിയതിന് ഉത്തരവാദി യു. ഡി. എഫ്. ആണെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അത് മറച്ചുവയ്ക്കുന്നതിനുവേണ്ടി ഒരു പിടിവള്ളിയും ഇല്ലാത്ത അവസരത്തിൽ കുറച്ച് എം. എൽ. എ. മാരെ ഇതിന് മുന്നിൽ സമരം കിടത്തി ജനങ്ങളുടെ പിന്തുണ കിട്ടുമോ, മറ്റുള്ളവരുടെ പിന്തുണ കിട്ടുമോ എന്നുപറഞ്ഞ് കാപട്യപരമായ നടപടിയാണ് ഇവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനൊന്നിനും വില കിട്ടാൻ പോകുന്നില്ലെന്ന് മനസ്സിലാക്കി ഈ ഗവൺമെന്റ് ശരിയായ നടപടിയുമായി മുന്നോട്ടുപോകുന്നതിന് എല്ലാ പിന്തുണയും ഉണ്ടാകുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, ആഭ്യന്തര വകുപ്പിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ സാധാരണക്കാരുടെ ആശയും ആവേശവുമായി മാറാൻ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ എൽ. ഡി. എഫ്. ഗവൺമെന്റിനായിട്ടുണ്ട്. സമസ്ത മേഖലയിലും ജനങ്ങൾക്ക് അനുകൂലമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അഴിമതിയെയും കുറ്റവാളികളെയും സംരക്ഷിക്കുന്ന നിലപാടാണ് മാറിയിരിക്കുന്നത്.

പോലീസ് സേനയ്ക്ക് മാറ്റമൊന്നും വന്നിട്ടില്ല. പഴയ ആളുകൾ തന്നെയാണ് പോലീസ് സേനയിലുള്ളത്. പോലീസ് സേനയുടെ സമീപനം നിശ്ചയിക്കുന്നത് ഒരു ഗവൺമെന്റിന്റെ നയമാണ്. അതിലാണ് കാതലായ മാറ്റം കേരളത്തിൽ സംഭവിച്ചിരിക്കുന്നത്. ഈ മാറ്റം നമുക്ക് അനുഭവവേദ്യമാകണമെങ്കിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ പോലീസിന്റെ നടപടികൾ താരതമ്യം ചെയ്തുനോക്കണം. കുറ്റവാളികളെയും കൊലയാളികളെയും സംരക്ഷിക്കുന്ന നിലപാടായിരുന്നു അന്നുണ്ടായിരുന്നത്. അന്ന് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന ആളാണ് ഇന്നത്തെ പ്രതിപക്ഷ നേതാവ്. അദ്ദേഹം തന്നെ അഴിമതി ആരോപണങ്ങളിൽപ്പെട്ടു നിൽക്കുന്ന അവസ്ഥയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. ഇപ്പോൾ കൊട്ടിഘോഷിച്ച് സ്വാശ്രയ കോളേജിന്റെ കാര്യം പറയുന്നുണ്ടല്ലോ! ഹരിപ്പാട് ഒരു മെഡിക്കൽ കോളേജിനുവേണ്ടി അന്ന് വലിയ പരിശ്രമമാണ് നടത്തിയത്. അതിന്റെ പേരിൽ നഗ്നമായ അഴിമതിയല്ലേ പുറത്തുവന്നിരിക്കുന്നത്. നിലവിലുള്ള നിയമങ്ങൾ ലംഘിച്ചുകൊണ്ട് വയൽ നികത്തിയ ഭൂമി ഏറ്റെടുക്കലാണ് ഉണ്ടായത്. അതിന്റെ പിന്നിൽ കൊടിയ അഴിമതിയാണ് നടന്നിട്ടുള്ളതെന്ന് മനസ്സിലായിരിക്കുകയാണ്. അത് കണ്ടുപിടിക്കണം. കഴിഞ്ഞ കാലങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കുമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ട് തരത്തിലുള്ള അന്വേഷണമാണ്. ഒന്ന്, ഡിപ്പാർട്ടുമെന്റുതലത്തിലും മറ്റൊന്ന് വിജിലൻസ് എൻക്വയറിയും. മുഖ്യമന്ത്രിയുടെ പോലീസ് നയത്തെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയാണ്. പ്രതികാര നടപടികൾ ഒഴിവാക്കും, പോലീസിന്റെ മുഖം മാറ്റും, ജനസൗഹൃദ പോലീസാക്കി മാറ്റും. പക്ഷെ ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കഴിഞ്ഞ കാലത്തെ ഒരു അഴിമതിയും ഒരു കൊള്ളരുതായ്മയും കണ്ടുപിടിക്കപ്പെടാതെ പോകരുതെന്നുകൂടി ആഭ്യന്തര വകുപ്പിനെ ഓർമ്മിപ്പിക്കുന്നു. കാട്ടുകള്ളന്മാരെയും നാട് കട്ടുമുടിച്ചവരെയും പൊതുജന മധ്യത്തിൽ കൊണ്ടുവരിക തന്നെ വേണം. എത്ര പഠിച്ചാലും ഈ പ്രതിപക്ഷം കാര്യങ്ങൾ മനസ്സിലാക്കുന്നില്ല എന്നതാണ് എന്റെ സങ്കടവും ആശങ്കയും. പ്രതിപക്ഷ നേതാവിനുതന്നെ സ്ഥലജല വിഭ്രാന്തി പിടിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രദ്ധിച്ചാൽ നമുക്ക് അറിയാമല്ലോ; ഇന്നലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന് നോട്ടീസ് സമർപ്പിച്ചു. അദ്ദേഹത്തെ പ്രസംഗിക്കാൻ അനുവദിക്കാതെ പ്രതിപക്ഷ നേതാവ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ചാടിക്കയറി പ്രസംഗിക്കുകയായിരുന്നു. കോൺഗ്രസ്സിന്റെ ഗ്രൂപ്പു വഴക്ക് നിയമസഭയിൽപോലും പ്രതിഫലിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. അതുമാത്രമല്ല, ഇന്നത്തെ പ്രസംഗം തന്നെ നോക്കൂ, ആരെയൊക്കെയാണ് സത്യാഗ്രഹം ഇരുത്തിയിരിക്കുന്നതെന്ന കാര്യം പോലും പ്രതിപക്ഷ നേതാവ് മറന്നുപോകുകയാണ്. അവരുടെ എണ്ണം പോലും മറന്നുപോകുന്നു. ഒരു പ്രാവശ്യമല്ല, പല പ്രാവശ്യം.

ശ്രീ. കെ. എം. മാണി വിട്ടുപോയതിന്റെ ആശങ്കയും അതിന്റെ പരാജയ ബോധവും കേരളത്തിൽ അവർ അപ്രസക്തമായിക്കൊണ്ടിരിക്കുന്നുവെന്ന തോന്നലും കേരളത്തിലെ ഭരണം ഇങ്ങനെ മുന്നോട്ടുപോകുകയാണെങ്കിൽ വരാവുന്ന ഒറ്റപ്പെടലിൽ നിന്നുമൊക്കെ രക്ഷപ്പെടാൻ കണ്ടെത്തിയ ഒരു കുറുക്കുവഴിയാണ് ഈ സമരം.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട മൂന്ന് പ്രതിപക്ഷാംഗങ്ങൾ നിരാഹാര സത്യാഗ്രഹം നടത്തുമ്പോൾ രണ്ട് അംഗങ്ങൾ അനുഭാവപൂർവ്വം സമരത്തിൽ പങ്കെടുക്കുന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ;

ശ്രീ. ഡി. കെ. മുരളി: സർ, പ്രതിപക്ഷ നേതാവിന്റെ വാക്കുകൾ അനുസരിച്ചാണെങ്കിൽ നാല് ആകുന്നു, അഞ്ച് ആകുന്നു, രണ്ടുപേർ അർദ്ധ നിരാഹാരത്തിലാണുപോലും. പ്രതിപക്ഷം ഒട്ടേറെ സമരമുഖങ്ങൾ തുറക്കുകയാണ്. മഷിക്കുപ്പി സമരത്തിലേയ്ക്ക് മാറുകയാണ്. കേരളത്തിന്റെ സമര ചരിത്രത്തിൽ പുതിയ അദ്ധ്യായങ്ങൾ എഴുതിച്ചേർക്കാൻ പ്രതിപക്ഷം തുനിയുകയാണ്. പക്ഷേ അവർ അപഹാസ്യരായിപ്പോകുന്നു. നാണംകെട്ട ഏർപ്പാടായിപ്പോവുകയാണ്. ഇതെന്ത് സമരമാണെന്ന് മനസ്സിലാകുന്നില്ല. തുടക്കത്തിൽത്തന്നെ നിരാഹാര സത്യാഗ്രഹം, ഒരു മുദ്രാവാക്യംവിളി ഉയർത്തുന്നതിന് മുമ്പുതന്നെ പോയി നിരാഹാര സത്യാഗ്രഹമിരിക്കുകയാണ്. എന്ത് കാര്യത്തിനാണ് സമരത്തിനിറങ്ങേണ്ടതെന്നും ആ സമരം എങ്ങനെയാണ് നടത്തേണ്ടതെന്നും ഇവർക്കറിയില്ല. അതുകൊണ്ടാണ് ഇപ്പോഴൊരു അനാവശ്യ സമരത്തിലേയ്ക്ക് വന്നത്. എങ്ങനെയെങ്കിലും ഈ സമര മുഖത്തുനിന്ന് രക്ഷപ്പെടാനുള്ള കാര്യങ്ങളാണ് ഇപ്പോൾ നടത്തുന്നത്. ഇക്കാര്യത്തിലുള്ള ഇവരുടെ വിരട്ടും അനാവശ്യ സമരത്തിന്റെ പൊള്ള മുഖവും കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. അതുകൊണ്ടാണ് തിരുവനന്തപുരം ജില്ലയിൽ ഇന്നലെ നടത്തിയ ഹർത്താൽ പൊളിഞ്ഞുപോയത്. ഇന്നലത്തെ ഹർത്താലിന്റെ ചിത്രം എല്ലാവരും കണ്ടതാണ്. രാവിലെ എല്ലാ ബസുകളും ഓടി. കടകളെല്ലാം തുറന്നുവച്ചു. അങ്ങനെ ആയപ്പോഴാണ് കുറേ ഗുണ്ടകളെ സമാഹരിച്ച് ചില സ്ഥലങ്ങളിൽ അക്രമത്തിലേയ്ക്ക് പോകാൻ യു.ഡി.എഫ്. തയ്യാറായത്. കഴിഞ്ഞകാല അനുഭവത്തിൽനിന്ന് പഠിക്കാൻ ഇക്കൂട്ടർ തയ്യാറാകണം. ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടുപോവുകയാണ്. ബഹുമാനപ്പെട്ട പൂഞ്ഞാർ എം.എൽ.എ. സൂചിപ്പിച്ചതുപോലെ ആര് കാലു തിരുമ്മാൻ വന്നാലും ഒരു അഴിമതിയേയും ഈ ഗവൺമെന്റ് സംരക്ഷിക്കില്ലെന്ന ഉറച്ച വിശ്വാസം എൽ. ഡി. എഫ്. നുണ്ട്. അങ്ങനെ മാറ്റിപ്പറയുന്നതുകൊണ്ടോ കാലുപിടിക്കുന്നതുകൊണ്ടോ എൽ. ഡി. എഫ്. -ഉം മുഖ്യമന്ത്രിയും മാറി ചിന്തിക്കില്ലെന്നതിന്റെ തെളിവുകൂടിയാണ് പൂഞ്ഞാർ. ആരൊക്കെ കാലുപിടിച്ചാലും ഏത് അഴിമതിക്കാരൻ വന്ന് മുട്ടിനിന്നാലും അവർക്കൊന്നും ഒരു തരത്തിലും വഴങ്ങിക്കൊടുക്കുന്നതല്ല ഈ ഗവൺമെന്റെന്ന്

ചുരുങ്ങിയകാല അനുഭവങ്ങളിലൂടെ തന്നെ ബോധ്യമായതാണ്. കഴിഞ്ഞ കാലത്തെ അഴിമതികളിലെ ഓരോ കാര്യങ്ങളെടുത്ത് പരിശോധിക്കുമ്പോഴും നമുക്കത് മനസ്സിലാകും. പൊതുയോഗത്തിൽ പ്രസംഗിച്ചതിന്റെ പേരിൽ ഒരു നേതാവിനെ വേട്ടയാടുന്നത് കേരള ചരിത്രത്തിൽ ഇതുവരെ കേട്ടിട്ടുണ്ടോ! എത്രയോ ആളുകൾ പൊതുയോഗത്തിൽ പ്രസംഗിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ എല്ലാ പ്രസംഗങ്ങളും ഒരുപോലെ എടുക്കണ്ടേ; കണ്ണൂരിലെ കോൺഗ്രസ് നേതാവ് ശ്രീ. കെ. സുധാകരൻ, ജഡ്ജിമാരെപോലും ആക്ഷേപിച്ചുകൊണ്ട് പൊതുയോഗങ്ങളിൽ പ്രസംഗിച്ചില്ലേ; എന്തേ അദ്ദേഹത്തിനെതിരെ കേസില്ലാത്തത്; ശ്രീ. എം.എം. മണിയെന്ന കേരളം അറിയപ്പെടുന്ന നേതാവ് ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചതിന്റെ പേരിൽ കൊലക്കുറ്റത്തിന് കേസെടുക്കാനും അദ്ദേഹത്തെ ആ ജില്ലയിൽ പ്രവേശിപ്പിക്കാതിരിക്കാനുമുള്ള എന്തെല്ലാം ഗൂഢാലോചനയാണ് നടത്തിയത്. എന്നിട്ടെന്തായി; അദ്ദേഹം ജനവിധി നേടി നിയമസഭയിലെത്തി. കണ്ണൂരിൽ എത്രപേരെയാണ് അത്തരത്തിൽ വേട്ടയാടിയിട്ടുള്ളത്. തെരഞ്ഞെടുപ്പിന്റെ ചിത്രമെന്താണ്; ഇങ്ങനെ വേട്ടയാടി പീഡിപ്പിക്കപ്പെട്ട എൽ .ഡി. എഫ്. ന്റെയും സി. പി. ഐ. (എം.)ന്റേയും നേതാക്കൻമാരെ ഞെട്ടിപ്പിക്കുന്ന ഭൂരിപക്ഷത്തോടെയാണ് ജനങ്ങൾ തെരഞ്ഞെടുത്ത് നിയമസഭയിലേയ്ക്ക് അയച്ചത്. ഇതൊക്കെ കണ്ടിട്ടും എന്തുകൊണ്ടാണ് യു. ഡി. എഫ്. പാഠം പഠിക്കാത്തത്;

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

യു. ഡി. എഫ്. തകരാൻ പാടില്ല എന്നതാണ് എന്റെ അഭിപ്രായം. 27 ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതാക്കൻമാരെയും പ്രവർത്തകരെയുമാണ് കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ കൊന്നുതള്ളിയത്. കൊലക്കത്തിയുമായി നടന്ന സംഘ പരിവാർ പ്രവർത്തകരെ വഴിവിട്ട് സഹായിച്ചത് യു. ഡി. എഫ്. ഭരണവും നേതാക്കൻമാരുമാണ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു. ഡി. എഫ്.-ഉം ആയി ഉണ്ടാക്കിയിട്ടുള്ള രഹസ്യ ബാന്ധവം എല്ലാവർക്കും അറിയാവുന്നതാണല്ലോ. നേമത്ത് ഒരു ബി. ജെ. പി. നേതാവിനെ തെരഞ്ഞെടുത്തുവിടാനായി വോട്ട് കച്ചവടം നടത്തി. ജില്ലയിൽ രണ്ടു മൂന്ന് സീറ്റുകൾ കോൺഗ്രസിന് സ്വായത്തമാക്കാൻ സാധിച്ചത് ആ ബാന്ധവത്തിലൂടെയാണെന്ന് ഇന്ന് ആർക്കാണ് അറിയാത്തത്. അതിനുവേണ്ടി അവർ ചെയ്തത്, ആർ. എസ്. എസ്. കാണിച്ച എല്ലാ പേക്കൂത്തിനേയും സഹായിക്കലായിരുന്നു. തിരുവനന്തപുരം ജില്ലയിൽ വെള്ളറടയിൽ നാരായണൻ നായർ എന്നൊരു പാവം കോർപ്പറേഷൻ ജീവനക്കാരനെ കൊന്നു. അദ്ദേഹത്തിന്റെ മകനായ എസ്. എഫ്. ഐ.യുടെ ഏരിയാ സെക്രട്ടറി ശ്രീ. ശിവപ്രസാദിനെ കൊലപ്പെടുത്തുന്നതിനായിരുന്നു മാരകായുധങ്ങളുമായി

ചിലർ വന്നത്. എന്നാൽ വീടിന്റെ വാതിൽ തുറന്നുവന്ന നാരായണൻ നായരെ അവർ വെട്ടി നുറുക്കി. മകനെയാണ് കൊല്ലാൻ വന്നതെങ്കിലും അച്ഛനെ കിട്ടിയാലും കൊന്നു കളയാം എന്നായിരുന്നു തീരുമാനം. എന്നിട്ട് ആ മകനെ വേട്ടയാടി. വെട്ടുകളുടെ എണ്ണം പറഞ്ഞ് കണ്ണീരൊഴുക്കിയ ഒരാളും നാരായണൻ നായരുടെ കൊലപാതകം വലിയ വാർത്തയാക്കിയില്ല. അദ്ദേഹത്തിന്റെ കുടുംബത്തെപ്പറ്റി ചിന്തിച്ചില്ല. കൊലപാതകം ചെയ്ത് ഓടിപ്പോയപ്പോൾ ബൈക്കിൽനിന്ന് മറിഞ്ഞുവീണ പ്രതികളെ നാട്ടുകാർ ഓടിച്ചിട്ട് പിടിച്ചുകൊടുത്തതാണ്. പക്ഷേ കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഇതുസംബന്ധിച്ച കുറ്റപത്രം തയ്യാറാക്കാൻപോലും യു.ഡി.എഫ്. തയ്യാറായില്ല. ഇതാണ് കഴിഞ്ഞ കാലത്ത് നടന്നത്. എത്രയോ പോലീസ് സ്റ്റേഷൻ ആക്രമണങ്ങൾ നടന്നു. കൊട്ടാരക്കര, നെടുമങ്ങാട് എന്നിവിടങ്ങളിൽ കോൺഗ്രസുകാരും ആർ.എസ്.എസ്.-ഉം അഴിഞ്ഞാടുകയായിരുന്നു. പോലീസ് നോക്കുകുത്തിയായി നിന്നു. ആ ഭീകരാന്തരീക്ഷത്തിനാണ് മാറ്റം വന്നിരിക്കുന്നത്. ഈ പോലീസ് സംവിധാനത്തേയും നയത്തേയും ജനങ്ങൾ ആവേശത്തോടെ വരവേൽക്കുകയാണ്. അതിന്റെ പ്രതിഫലനം തീർച്ചയായും ഈ നാടിനുണ്ടെന്നത് വ്യക്തമാണ്. പോലീസിന്റെ സ്ട്രെങ്ത് തീർച്ചയായും കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. പോലീസുകാർക്ക് ഇപ്പോൾ നൽകുന്ന other duty സംവിധാനം പരിശോധിക്കപ്പെടേണ്ടതാണ്. ചില പോലീസ് സ്റ്റേഷനുകളിൽനിന്ന് കോടതി ഡ്യൂട്ടിക്കും മറ്റും ധാരാളം പോലീസുകാരെ വിനിയോഗിക്കേണ്ടി വരുന്നതിന്റെ ഭാഗമായി ക്രമസമാധാന രംഗത്ത് ശ്രദ്ധിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ പോലീസ് സേനയുടെ strength വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

എന്റെ നിയോജക മണ്ഡലത്തിലെ ഒരു കാര്യം കൂടി പറയാൻ ഞാൻ മുതിരുകയാണ്. വെഞ്ഞാറമൂട് കേന്ദ്രീകരിച്ച് ഒരു സബ് ഡിവിഷണൽ ആഫീസ്, ഡി. വൈ. എസ്. പി. ആഫീസ് എന്നിവ തുടങ്ങാനുള്ള എല്ലാ സാധ്യതകളുമുണ്ട്. അതിനുള്ള ഒരു പരിഗണന തരണം. പനവൂർ കേന്ദ്രീകരിച്ച് ആനാട്, പനവൂർ പഞ്ചായത്തുകളുടെ law and order മെയിന്റെയിൻ ചെയ്യാൻ ഒരു പോലീസ് സ്റ്റേഷൻ ആവശ്യമുണ്ട്. മന്ത്രിമാരും എം. എൽ. എ. മാരുമൊക്കെ സഞ്ചരിക്കുന്ന സ്ഥലമാണ് വെഞ്ഞാറമൂട്. അവിടെ ഒരു ട്രാഫിക് യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ജെയിംസ് മാത്യു:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ രണ്ടു മൂന്നു ദിവസമായി നിയമസഭയ്ക്കകത്ത് നടക്കുന്ന

പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങൾ, കേരളത്തിലെ നാലു കോടിയിലധികം വരുന്ന ജനങ്ങളുടെ പ്രശ്നങ്ങളല്ല അവർക്കു ബാധകമാകുന്നത്. പകരം ഇല്ലാത്ത ചില പ്രശ്നങ്ങളെ പെരുപ്പിച്ചു കാണിച്ചുകൊണ്ട് അതാണ് ജനകീയ പ്രശ്നമെന്ന് വരുത്തിത്തീർത്ത് സംഘർഷ ഭരിതമായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള നിരന്തര ശ്രമമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ പക്ഷത്ത് നിന്നുകൊണ്ട് ഒരു ഗവൺമെന്റിനെതിരായി നിയമസഭയിൽ ഏതൊക്കെ കാര്യങ്ങളാണ് പറയേണ്ടതെന്ന് നിശ്ചയിച്ച് അതുപറയാനുള്ള സന്നദ്ധതയും തന്റേടവും കാണിക്കുന്നതിനു പകരം ഒളിച്ചോടുന്ന സമീപനമാണ് ഈ സമ്മേളന കാലയളവിൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ആദ്യ സമ്മേളന കാലയളവിലും ഇതുതന്നെയാണ് കണ്ടത്. ഈ ഗവൺമെന്റിന്റെ കാലയളവ് പൂർത്തിയാകുന്നതുവരെയും ഇതുതന്നെയായിരിക്കാം സംഭവിക്കുന്നത് എന്നുള്ള കാര്യത്തിൽ സംശയമില്ല. എന്തുകൊണ്ടാണ് ഇത്തരമൊരു സമീപനം പ്രതിപക്ഷത്തിന് സ്വീകരിക്കേണ്ടി വരുന്നത്? കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ 96 കേസുകളാണ് ലോകായുക്തയ്ക്ക് മുമ്പാകെ അന്നത്തെ മന്ത്രിമാർക്കെതിരെ വന്നിരുന്നത്. ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കൽപോലും ഇത്രയേറെ അഴിമതിക്കാരായ മന്ത്രിമാർ ഉണ്ടായ കാലം, ഈ കേരള നിയമസഭയുടെ അല്ല ഇൻഡ്യയിലെ തന്നെ ഒരു സംസ്ഥാന നിയമസഭയുടേയും ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടാവില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന സംഭവങ്ങളൊന്നും തന്നെ വിശദീകരിക്കേണ്ട കാര്യമില്ല. അന്ന് ഈ സഭയ്ക്കകത്തും പുറത്തും ജനങ്ങളും സാമാജികരുമെല്ലാം ചേർന്ന് നടത്തിയിട്ടുള്ള എണ്ണമറ്റ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും കേരളം സാക്ഷ്യം വഹിച്ചതാണ്. ആ സമരങ്ങളെ നേരിടുന്നതിന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ അവസാന കൈപ്രയോഗമായിരുന്നു ഹർത്താൽ നിയന്ത്രിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ബിൽ. പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ഇവിടെയില്ലെങ്കിലും ഈ കാര്യം പറയാതെ പോകാൻ സാധിക്കുകയില്ല. അദ്ദേഹം ഇന്ന് പഴയ സഭാരേഖകൾ ഉദ്ധരിച്ചുകൊണ്ടാണ് സംസാരിച്ചത്. ഭാവിയിൽ ഇക്കാര്യവും ഉദ്ധരിക്കപ്പെട്ടേയ്ക്കാം എന്നുള്ളതുകൊണ്ടാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. അഞ്ചു വർഷത്തെ ഭരണത്തിനൊടുവിൽ അഴിമതി നിറഞ്ഞ ആ ഭരണത്തിനെതിരായി ജനങ്ങൾ നടത്തിയിട്ടുള്ള പ്രക്ഷോഭത്തെ നേരിടുന്നതിന് ഹർത്താൽ നിയന്ത്രിക്കുന്നതിന് വേണ്ടി കൊണ്ടുവന്ന ഒരു ബിൽ, ആ ബില്ലിനെ സംബന്ധിച്ച് അന്നത്തെ ഒരു പത്രവാർത്ത വന്നു. സംസ്ഥാനത്ത് ഹർത്താൽ നിയന്ത്രണ ബിൽ കൊണ്ടുവരുന്നു എന്ന് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഇട്ട ഫെയ്സ്ബുക്ക് പോസ്റ്റിന് മൂന്ന് ദിവസത്തിനുള്ളിൽ 11000-ത്തിലേറെ കമന്റുകളും 30000-ത്തിലേറെ ലൈക്കും ലഭിച്ചു. സോഷ്യൽ മീഡിയയിലൂടെ ഇതു സംബന്ധിച്ച അഭിപ്രായം പറയണമെന്നു പറഞ്ഞിരുന്നു.

ഇതിന് 6300-ലേറെ ഷെയറുകളും പോസ്റ്റും ലഭിച്ചു. ഹർത്താൽമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതിനെക്കുറിച്ച് നിരവധി പരാതികളും നിവേദനങ്ങളും സർക്കാരിന് ലഭിച്ചിരുന്നുവെന്നും ഹർത്താൽ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഹൈക്കോടതി അഭിപ്രായപ്പെട്ടിരുന്നുവെന്നും ആ പശ്ചാത്തലത്തിലാണ് ഹർത്താൽ നിയന്ത്രണ ആക്ട് എന്ന പേരിലുള്ള ബിൽ തയ്യാറാക്കിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി. ഹർത്താൽ നിയന്ത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക എന്നതാണ് ബിൽ കൊണ്ടുദ്ദേശിക്കുന്നത്. പുതിയ ബിൽ നിയമമാകുന്നതോടുകൂടി ഹർത്താൽ പ്രഖ്യാപിക്കുന്നതിന് മൂന്ന് ദിവസങ്ങൾക്കു മുമ്പ് മാധ്യമങ്ങൾ വഴി അറിയിച്ചിരിക്കണം, എന്നാൽ അക്രമസാധ്യതയുണ്ടാകുമെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ ഹർത്താൽ തടയാനുള്ള വ്യവസ്ഥയും ഇതിലുണ്ട്. ബലം പ്രയോഗിച്ച് സ്ഥാപനങ്ങൾ അടപ്പിക്കുന്നതോ, പൗരന്മാരെ ഭീഷണിപ്പെടുത്തുന്നതോ, ഈ ആക്ട് പ്രകാരം കുറ്റകരമായിരിക്കും. ഇതിന് ആറു മാസം വരെ തടവോ, 10000 രൂപ വരെ പിഴയോ, രണ്ടും കൂടിയോ കുറ്റം തെളിയിക്കപ്പെട്ടാൽ പ്രതികളായവർ അനുഭവിക്കേണ്ടി വരും. അതോടൊപ്പം ഹർത്താലുമായി ബന്ധപ്പെട്ട് പൗരന്മാർക്ക് സഞ്ചാര സ്വാതന്ത്ര്യം ഉൾപ്പെടെ ലഭിക്കുന്നതിനുള്ള ഉത്തരവാദിത്വവും പോലീസിൽ നിക്ഷിപ്തമായിരിക്കും. ഇതിൽ വീഴ്ച വരുത്തിയാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ഇതുൾപ്പെടെ സുപ്രധാന നിർദ്ദേശങ്ങൾ അടങ്ങിയതാണ് കരട് ബില്ലെന്നും ശ്രീ. രമേശ് ചെന്നിത്തല വ്യക്തമാക്കിയിരുന്നു. ഫെയ്സ്ബുക്ക് പോസ്റ്റിന്റെ പൂർണ്ണ രൂപം എന്റെ കയ്യിലുണ്ട്. ഞാൻ അതു വായിക്കുന്നില്ല. ഈ ഉള്ളടക്കം തന്നെയാണ് ആ ഫെയ്സ്ബുക്ക് പോസ്റ്റിലും ഉള്ളത്. എന്തായിരുന്നു ശ്രീ. രമേശ് ചെന്നിത്തലയ്ക്കും അന്നത്തെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനും ഉണ്ടായിരുന്ന ധാരണ. 2016 ജനുവരി മാസമാണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. 2016 മേയ് മാസത്തോടുകൂടി അവസാനിക്കുന്ന ഗവൺമെന്റിന്റെ കാലാവധിക്ക് തൊട്ടു മുമ്പായി ഹർത്താൽ നിയന്ത്രിക്കുന്നതിന് ഒരു ബിൽ കൊണ്ടുവന്ന് പാസ്സാക്കിയാൽ വീണ്ടും തങ്ങൾ അധികാരത്തിൽ വന്നാൽ കാണിക്കാൻ പോകുന്ന ധാർഷ്ട്യത്തെ നേരിടാനുള്ള ഒരു മുൻ ഉപാധിയായി കണ്ടാണ് കൊണ്ടുവന്നത്. ഞങ്ങൾ അതിനെ അന്നും ഇന്നും എതിർക്കുന്നു. അത് സെലക്ട് കമ്മിറ്റിക്ക് പോയി തിരിച്ചുവരാത്തത് അവരുടെ ഭാഗ്യം. അത് തിരിച്ചുവന്നാലും ബില്ലാകുമായിരുന്നില്ല, ഞങ്ങൾ അതിനോട് യോജിക്കുന്നില്ല. പക്ഷേ സ്ഥലജല വിഭ്രാന്തി പിടിപെട്ട ആളുകൾ ഇതൊക്കെ ഒന്നു മനസ്സിലാക്കണം. ഇന്ന് ഫെയ്സ്ബുക്ക് പോസ്റ്റ് ഇട്ടിട്ടുണ്ട്, അതെടുത്ത് പത്രത്തിലും കൊടുത്തിട്ടുണ്ട്. ഞാൻ ഇതിനോടൊന്നും യോജിക്കുന്നില്ല, എനിക്ക് യോജിപ്പില്ല, നാണം ഉണ്ടോ ഇങ്ങനെയെല്ലാം പറയാൻ. കുറച്ച് ഹരിത

എം.എൽ.എ.മാർ കഴിഞ്ഞ പ്രാവശ്യം ഉണ്ടായിരുന്നു. കോൺഗ്രസ്സും ഐക്യജനാധിപത്യ മുന്നണിയും കാണിക്കുന്ന എല്ലാ വൃത്തികേടിനും കൂടെ നിൽക്കും, എന്നിട്ടോ ഞങ്ങൾ ഇതിന്റെ ആളല്ല, ഞങ്ങൾക്ക് വേറെ അഭിപ്രായമുണ്ട്, വലിയ വാർത്തയാണല്ലോ വരുന്നത്. നാണവും മാനവുമില്ലാതെ സ്ഥലജല വിഭ്രാന്തി പിടിപെട്ട് എന്തു ചെയ്യണമെന്നറിയാത്ത ഒരു പ്രതിപക്ഷത്തിന്റെ ഗതികേട് കേരളം കാണുകയാണ്. ഇന്ന് ആഭ്യന്തര വകുപ്പിന്റെ ധനാഭ്യർത്ഥനയാണ്. അതുകൊണ്ട് ഞാൻ അതിനെ മാത്രം അടിസ്ഥാനപ്പെടുത്തി പറയുകയാണ്, കഴിഞ്ഞ അഞ്ചു വർഷക്കാലം നമ്മുടെ നാട്ടിൽ ഒരു സ്വൈര ജീവിതം ഉണ്ടായിരുന്നില്ല. നമ്മൾ ഏറ്റവും കൂടുതൽ പരിഗണിക്കുന്നത് സ്ത്രീകളുടേയും കുട്ടികളുടേയും കാര്യമാണ്. അവർക്കെതിരെ നടന്നിട്ടുള്ള അതിക്രമങ്ങളുടെ കണക്ക് ഈ സഭയ്ക്കകത്ത് പല പ്രാവശ്യം വന്നിട്ടുള്ളതാണ്, ഞാൻ ആവർത്തിക്കുന്നില്ല. സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി രണ്ടു നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചു. അതിലൊന്നാണ് സ്ത്രീ അഭിമാൻ പദ്ധതി. വലിയ തോതിൽ കൊട്ടിഘോഷിച്ച്, വലിയ ഉദ്ഘാടനമൊക്കെ നടത്തി, ഇന്ന് ഐക്യജനാധിപത്യ മുന്നണിയുടെ പല ആളുകൾക്കും ഓർമ്മപോലും ഉണ്ടാകുകയില്ല, സ്ത്രീ അഭിമാൻ പദ്ധതി. പോലീസ് ഡിപ്പാർട്ടുമെന്റിന് അറിയാം. അതു പരാജയപ്പെട്ടു. അതു കഴിഞ്ഞ് അടുത്ത പദ്ധതി വന്നു. നിർഭയ. ആ പദ്ധതിയും ഇന്ന് എവിടെപ്പോയി അവസാനിച്ചുവെന്ന് കേരളം കണ്ടു. ജിഷയുടേതുപോലുള്ള അനുഭവം ഉണ്ടാകാതിരിക്കുന്നതിനുള്ള കരുതലോടുകൂടിയാണ് എന്നാണ് അവർ വ്യാഖ്യാനിച്ചത്. പക്ഷേ ഒന്നും ഉണ്ടായില്ല, ഒരു പദ്ധതിപോലും സ്ത്രീകളുടേയും കുട്ടികളുടേയും ജനങ്ങളുടേയും സംരക്ഷണത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന് നടപ്പിലാക്കാൻ സാധിച്ചില്ല. പകരം എന്താണുണ്ടായത്? സാധാരണക്കാരായ വിദ്യാർത്ഥികളും യുവജനങ്ങളുമടക്കം, ആയിരക്കണക്കിന്, പതിനായിരക്കണക്കിന് ആളുകളെയാണ് തെരുവിൽ തല്ലിച്ചതച്ചത്. ഈ ഗവൺമെന്റ് വന്നിട്ട് ഇപ്പോൾ 4 മാസമായി, കഴിഞ്ഞ ഗവൺമെന്റ് വന്ന് ഒരു മാസം തികയുന്നതിന് മുമ്പാണ് കോഴിക്കോട് രാധാകൃഷ്ണനെന്നു പറയുന്ന ഒരു പോലീസുകാരൻ വിദ്യാർത്ഥികൾക്കു നേരെ വെടിയുണ്ട ഉതിർത്തത്. അതൊന്നും ആരും മറന്നുപോയിട്ടില്ല. പക്ഷേ അങ്ങനെയൊരു നടപടി സ്വീകരിക്കാൻ ഏതെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥൻ ഈ ഗവൺമെന്റ് വന്നതിനുശേഷം തയ്യാറായിട്ടില്ല. എന്നാൽ നിർത്താതെപോയ സ്കൂട്ടർ യാത്രക്കാരന്റെ നേർക്ക് മൊബൈൽ എറിഞ്ഞ പോലീസുകാരനെതിരെ നടപടി സ്വീകരിച്ചിരുന്നു. ആലപ്പുഴയിൽ കടപ്പുറത്തുകൂടി പോയ ദമ്പതിമാരെ കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽകൊണ്ടുപോയി ക്രൂരമായി ഭേദ്യം ചെയ്ത അനുഭവം ആ ഗവൺമെന്റിന്റെ കാലത്തുണ്ടായി. പക്ഷേ അത് ചെയ്ത പോലീസുകാരന് വല്ല ബുദ്ധിമുട്ടും ഉണ്ടായോ? ഈ സഭയിൽ ഇപ്പോഴുമുള്ള ശ്രീ. ടി. വി. രാജേഷ്, അദ്ദേഹം യാത്രചെയ്ത

സമയത്ത് തടഞ്ഞുനിർത്തി ഐഡന്റിറ്റി കാർഡ് കാണിച്ചിട്ടുപോലും യാതൊരു മര്യാദയുമില്ലാതെ റോഡിൽ ഭേദ്യം ചെയ്തു. ഇതൊക്കെ ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഏതെങ്കിലും തരത്തിൽ നടപടി സ്വീകരിക്കാൻ, അന്വേഷണം നടത്താൻ കഴിഞ്ഞ ഗവൺമെന്റ് തയ്യാറായോ? എന്തായിരുന്നു അവരുടെ ന്യായം? അവരെ കുറ്റം പറയാൻ പറ്റുകയില്ല. കാരണം മന്ത്രിമാർ നടത്തുന്ന കൊള്ളരുതായ്മകളുണ്ട്, മുഖ്യമന്ത്രി ഉൾപ്പെടെ നടത്തിയിട്ടുള്ള അഴിമതിയുണ്ട്. അതിനെക്കുറിച്ചെല്ലാം നിശബ്ദത പാലിക്കാൻ, അതിനായിരുന്നു അവർക്ക് പോലീസ് ഉദ്യോഗസ്ഥർ. ഇവിടെ ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ച ചില കാര്യങ്ങളുണ്ട്. സേനയിലെ മുഴുവൻ ആളുകളേയും മാറ്റാൻ സാധിക്കുകയില്ലല്ലോ. പക്ഷേ ചില ആളുകളെങ്കിലും മാറുന്നതോടുകൂടി, മാറ്റമുണ്ടാകുമെന്ന് ഈ ചെറിയ നാളുകൾക്കിടയിൽ കേരളത്തിന് ബോധ്യമായി. നാലു മാസം കൊണ്ട് മാറ്റമുണ്ടായി, എന്നാൽ മുഴുവൻ ആളുകൾക്കും മാറ്റമുണ്ടായിട്ടുണ്ടോ, ഉണ്ടായില്ല. ഒരു പാത്രം പാലിനകത്ത് ഒരു തുള്ളി വിഷം കലർന്നാൽ ആ പാൽ മുഴുവൻ ചീത്തയായിപ്പോകും. അത്തരക്കാരായ ചില ഉദ്യോഗസ്ഥൻമാർ ഇപ്പോഴും ഡിപ്പാർട്ടുമെന്റിലുണ്ടാകും. യാതൊരു സംശയവുമില്ല. ആ ഉദ്യോഗസ്ഥൻമാരോട് ഈ ഗവൺമെന്റിന്റെ സമീപനമെന്താണ്? അതാണ് പരിശോധിക്കപ്പെടേണ്ടത്. അതല്ലാതെ മുഴുവൻ ഉദ്യാഗസ്ഥൻമാരേയും മാറ്റി മറിച്ച് നന്നാക്കിക്കളയാം എന്നുള്ള സമീപനമോ, വിശ്വാസമോ ഈ ഗവൺമെന്റിന് ഉണ്ടാകുകയില്ല, പക്ഷേ അത്തരക്കാർ ഈ ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിൽ സുഗമമായി സഞ്ചരിച്ചുകളയാം, സൗകര്യമായി കൃത്യനിർവ്വഹണം നടത്തിക്കളയാം എന്നു ധരിക്കുന്നുണ്ടെങ്കിൽ അത് അസ്ഥാനത്താണെന്ന് ഈ ഗവൺമെന്റ് ഓരോ നടപടിയിലൂടെയും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, പോലീസ് ഡിപ്പാർട്ടുമെന്റുമായി, ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള നിരവധി കാര്യങ്ങളുണ്ട്. ഞാൻ അക്കാര്യങ്ങളെക്കുറിച്ചൊന്നും സൂചിപ്പിക്കുന്നില്ല. ജനങ്ങൾ പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി ഈ ഗവൺമെന്റ് നടപ്പിലാക്കാൻ തീരുമാനിച്ച പിങ്ക് ബീറ്റ് പദ്ധതിയും, പിങ്ക് പെട്രോൾ പദ്ധതിയും തീർച്ചയായിട്ടും നമ്മുടെ അമ്മമാർക്കും, സഹോദരിമാർക്കും നിർഭയമായി പൊതു നിരത്തുകളിലും പൊതുയിടങ്ങളിലും സഞ്ചരിക്കാൻ സാധിക്കുമെന്ന ഒരു പ്രതീക്ഷ ഉറപ്പാക്കുകയാണ്. പോലീസ് സ്റ്റേഷനിൽ പോയാൽ മാന്യമായ സമീപനം ജനങ്ങൾക്ക് ഉണ്ടാകുമെന്ന് ഉറപ്പുവരുത്താൻ ശ്രമിക്കുകയാണ്. തീർച്ചയായിട്ടും ജനങ്ങൾ അത് നല്ലനിലയിൽ പ്രതീക്ഷിക്കുകയാണ്. സേനയിലുള്ള ഒഴിവുകൾ നികത്തിക്കൊണ്ട് കാര്യക്ഷമതയുണ്ടാക്കുമെന്ന് ഉറപ്പാക്കുകയാണ്. തീർച്ചയായിട്ടും ഒന്നിനു പിറകേ ഒന്നൊന്നായിട്ട് ആഭ്യന്തര വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന

നടപടികളെക്കുറിച്ച് വിമർശനപരമായ കാര്യങ്ങളുണ്ടെങ്കിൽ അത് ചർച്ച ചെയ്യാനും ഉന്നയിക്കാനുമുള്ള സന്ദർഭമുള്ളപ്പോൾ അതിൽ നിന്ന് ഒഴിവായിക്കൊണ്ട്, ഇവർ എന്തിനു വേണ്ടിയാണ് നിലകൊള്ളുന്നത്? അവർ ആലോചിക്കേണ്ടത് 965000 പരാതികളാണ് കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ കേരളത്തിലെ 506 പോലീസ് സ്റ്റേഷനുകളിൽ വന്നത്. ഒരു പരാതിയുമായി പോലീസ് സ്റ്റേഷനിൽ ഒരാൾ പോയാൽ മറുപക്ഷക്കാരൻ ഭരണകക്ഷിയെ സമീപിക്കും, വിളിച്ച് പറയും, അതിന് എഫ്.ഐ.ആർ ഉണ്ടാകുകയില്ല. ഇനി കേസ്സെടുത്താൽ എന്താണ്, അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ നിങ്ങൾ കണ്ടല്ലോ. ശ്രീ. കെ.എം. മാണി ഉൾപ്പെടെയുള്ള ആളുകൾ, ശ്രീ. കെ. ബാബുവിനെപ്പോലെയുള്ള ആളുകൾ ഇപ്പോഴാണ് നിയമത്തിന്റെ മുമ്പിൽ വരുന്നത്. 965000 പരാതികളിൽ 565000 മാത്രമാണ് എഫ്. ഐ. ആർ. ഇടുക പോലും ചെയ്തത്. ഇതാണ് കേരളത്തിലെ ക്രമസമാധാനപാലനത്തിലെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ അനുഭവം. ഞാൻ പറഞ്ഞത് ഒരു വർഷത്തെ കണക്ക് മാത്രമാണ്. അഞ്ചു വർഷത്തെ അനുഭവം എന്താണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഈ ഗവൺമെന്റ് സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും മുൻതൂക്കം കൊടുത്തുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. 100 ദിവസം കൊണ്ട് എന്തൊക്കെ ചെയ്തു എന്ന് ഞാൻ വിശദീകരിക്കുന്നില്ല, എല്ലാം ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഇവിടെ സ്വാശ്രയ കോളേജിന്റെ അഡ്മിഷനെക്കുറിച്ചാണ് ഇവർക്ക് തർക്കമെങ്കിൽ പറയട്ടെ. കേരളത്തിലെ സ്വാശ്രയ കോളേജുകളുടെമേൽ നിയന്ത്രണം വരുത്തുന്നതിന് ഇതിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും അല്ലാതെ എപ്പോഴാണ് ഒരു ചെറു ശ്രമമെങ്കിലും നടന്നിട്ടുള്ളത്? എല്ലാ കാലത്തും കേരളത്തിലെ സ്വാശ്രയ കോളേജുകളെ അനിയന്ത്രിതമായി കെട്ടഴിച്ച് വിടുകയായിരുന്നു ചെയ്തത്. കഴിഞ്ഞ ഗവൺമെന്റ് വന്ന് ആദ്യം തന്നെ നമ്മൾ കണ്ടല്ലോ, അതിനുമുമ്പ് ഉണ്ടായിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുമായിട്ട് ചർച്ച ചെയ്യാത്ത, കരാറിൽ ഒപ്പിടാത്ത ആളുകൾ ചെയ്തതാണ് ശരിയെന്ന് അന്നുതന്നെ അന്നത്തെ മുഖ്യമന്ത്രിയും അതുപോലെ മൂന്നംഗ മന്ത്രിസഭാ ഉപസമിതിയും പറഞ്ഞു. അതിനെച്ചൊല്ലിയായിരുന്നു അഞ്ചു വർഷക്കാലം അവരുടെ അഹങ്കാരം മുഴുവൻ കേരളത്തിൽ നടമാടിയത്. ഫീസ് വർദ്ധിപ്പിച്ചു എന്നുപറഞ്ഞ് ഏറെ കോലാഹലം നടത്തുന്ന ആളുകൾ പറയട്ടെ, ഇതുപോലെ ഒരു മേശയ്ക്കു ചുറ്റുമിരുത്തി സ്വശ്രയകോളേജ് മാനേജ്മെന്റുകളെക്കുറിച്ച് അഭിപ്രായം പറയാനും ഗവൺമെന്റിന്റെ നിലപാട് അവരെ ബോദ്ധ്യപ്പെടുത്താനും അവരെക്കൊണ്ട് അത് അംഗീകരിപ്പിക്കാനും സാധിക്കുന്ന ഒരു സാഹചര്യമുണ്ടായോ? ഉണ്ടായില്ല. ഇല്ലാത്ത പ്രശ്നങ്ങളെ ഊതിപ്പെരുപ്പിച്ചുകൊണ്ട് നടത്തുന്ന ഈ പേക്കൂത്തുകൾക്കു

മുമ്പിൽ ഈ ഗവൺമെന്റ് വഴങ്ങരുത്. കേരളത്തിലെ ജനങ്ങൾ അത് തിരിച്ചറിയണം, തിരിച്ചറിയുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ അലങ്കോലപ്പെടുത്തി ഇറങ്ങിപ്പോയതുകൊണ്ട് ഇതെല്ലാം ഇല്ലാതാകുമെന്ന ധാരണയുണ്ടെങ്കിൽ ആ ധാരണ അസ്ഥാനത്താണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് എതിരായി നടത്തിയ ഓരോ സമരവും ജനങ്ങളുടെ പ്രശ്നമായിരുന്നു. നാലുകോടിയോളം വരുന്ന ജനങ്ങളെ കശാപ്പു ചെയ്യുന്നതിനെതിരെയും നാടിനെ വിറ്റു തുലയ്ക്കുന്നതിനെതിരെയുമുള്ള സമരമായിരുന്നു. ഇതു രണ്ടിനേയും താരതമ്യപ്പെടുത്തരുത് എന്ന് ഒരിക്കൽ കൂടി ഇവിടെയില്ലാത്തവരെ ഓർമ്മപ്പെടുത്താൻ ശ്രമിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾക്ക് മുഴുവൻ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇന്നത്തെ ചർച്ചയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ഭരണപക്ഷത്തല്ലാത്ത ഒരാൾ മാത്രം സംസാരിച്ച ഒരു ദിവസമാണ് ഇന്ന്. അദ്ദേഹമാണെങ്കിൽ ദീർഘകാലമായി എന്റെ നന്മ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. അങ്ങനെയുള്ള അദ്ദേഹം ഈ സഭാ വേദിയിൽവച്ചുതന്നെ എനിക്ക് നന്മ വരണമെന്ന് പരസ്യമായി പ്രഖ്യാപിച്ചതിനുള്ള നന്ദി ആദ്യമേ തന്നെ രേഖപ്പെടുത്തുന്നു. അദ്ദേഹം ഇവിടെ ഒരു സ്കൂളിന്റെ കാര്യം ഉന്നയിക്കുകയുണ്ടായി. പ്രസ്തുത വിഷയം സംബന്ധിച്ച് രണ്ട് ദിവസത്തിനുമുമ്പ് അദ്ദേഹം ചോദിച്ച ഒരു ചോദ്യം ഉണ്ടായിരുന്നു. ഞാൻ അതിന് മറുപടിയും നൽകിയിട്ടുണ്ട്. അദ്ദേഹം അത് ശ്രദ്ധിച്ചില്ല എന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് ഇന്നിവിടെ ഈ ചോദ്യം ഉന്നയിച്ചത്. " കോട്ടയം ജില്ലയിലെ എരുമേലി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ മാനേജ്മെന്റ് പ്ലസ് വൺ പ്രവേശനത്തിന് വാങ്ങിയ തലവരിപ്പണം തിരികെ ലഭിക്കുന്നതിനായി കുമാരി ഷിഫാനാ ഫാത്തിമ എന്ന കുട്ടിയുടെ പിതാവ് ശ്രീ. സെലിൻ, കണ്ണങ്കര വീട്, എരുമേലി, കോട്ടയം എന്നയാൾ 5-8-2016-ന് ഒരു എം.എൽ.എ.യുടെ ശിപാർശ കത്തോടുകൂടി (Letter No. MLA PNJR/GP/33/2016-17) വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ പരാതി 2016 ആഗസ്റ്റ് മാസം അവസാനം മുഖ്യമന്ത്രിക്ക് അടിയന്തര നടപടിക്കായി നൽകിയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ;" എന്ന ചോദ്യത്തിന് നൽകിയ ഉത്തരം ഇപ്രകാരമായിരുന്നു. "ഹയർ സെക്കന്ററി പ്രവേശനത്തിന് എരുമേലി സെന്റ് തോമസ് ഹൈസ്കൂൾ മാനേജ്മെന്റ് അൻപതിനായിരം രൂപ കോഴ വാങ്ങിയതായി ആരോപിച്ച് ശ്രീ. സെലിൻ, കണ്ണങ്കര, ശ്രീ. പി. സി. ജോർജ് എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച പരാതിയിന്മേൽ

പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്." ഇത് നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 96-ന് 26-ാം തീയതി നൽകിയ മറുപടിയാണ്. ഇതുതന്നെയാണ് ഇക്കാര്യങ്ങളിലുള്ള സമീപനം.

ശ്രീ. പി. സി. ജോർജ്: സർ, ഇത് 5-8-2016-ൽ നൽകിയ പരാതിയാണ്. ഇന്ന് 29-ാം തീയതിയായി. ഇതിന്മേൽ നിയമപരമായ നടപടി സ്വീകരിക്കണ്ടേ? ഇപ്പോഴും ഇത് പെന്റിംഗിലാണ്. നാല് ദിവസത്തിന് മുമ്പാണ് ഇതുസംബന്ധിച്ച എൻക്വയറിക്ക് വന്നത്. ഡെപ്യൂട്ടി ഡയറക്ടർ അന്വേഷിച്ച് സംഭവം സത്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടും ഇതിന്മേൽ യതൊരു നടപടിയുമില്ല. അതാണ് ഇവിടത്തെ പ്രശ്നം. ഇക്കാര്യം അങ്ങ് ശ്രദ്ധിക്കണം. വേറെ യാതൊന്നും പറയാനില്ല.

ശ്രീ. പിണറായി വിജയൻ: സർ, വിജിലൻസിന്റെ ഭാഗമായി അന്വേഷിക്കുന്നത് ഡെപ്യൂട്ടി ഡയറക്ടറല്ല. അങ്ങയുടെ പരാതി എപ്പോഴാണോ ആഭ്യന്തര വകുപ്പിന് ലഭിക്കുന്നത് അപ്പോൾ തന്നെ അതിനുള്ള ഉത്തരവ് നൽകിക്കഴിഞ്ഞു. അതാണ് ഇവിടെയുണ്ടായത്. ഇതിനെക്കുറിച്ച് പറയാനല്ല ഞാൻ ഉദ്ദേശിച്ചത്. ഇതാണ് ഗവൺമെന്റിന്റെ സമീപനം. ഏതെങ്കിലും വിദ്യാലയത്തിൽ നിയമവിരുദ്ധമായ കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ കർക്കശമായ നടപടിയെടുക്കുമെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കാര്യമായാലും കൃത്യമായ വ്യവസ്ഥകളുണ്ട്. വ്യവസ്ഥകളിൽനിന്ന് വ്യത്യസ്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിജിലൻസ് അന്വേഷണമടക്കമുള്ള കർക്കശമായ നടപടികൾ ആ മാനേജ്മെന്റുകൾക്കെതിരെ സർക്കാർ സ്വീകരിക്കും. സമാധാന പൂർണ്ണമായ ഒരു സാമൂഹ്യ വ്യവസ്ഥയിൽ സംസ്ഥാനത്തിനും ജനങ്ങൾക്കും പുരോഗമനപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നതിനാണ് ഈ സർക്കാർ ഊന്നൽ നൽകുന്നത്. ജനങ്ങളുടെ സ്വൈര ജീവിതമാണ് പ്രധാനം. അതിന്റെ അടിത്തറയിൽക്കൂടി മാത്രമേ ഏത് വികസനവും സാധ്യമാകൂ. ആയതിനാൽ ഇക്കാര്യത്തിൽ യാതൊരുവിധ അനാസ്ഥയും ഒരു തലത്തിലും ഉണ്ടാകാൻ അനുവദിക്കുന്ന പ്രശ്നമില്ല. കുറ്റവാളികളെ പിടിക്കുക എന്നതും കുറ്റകൃത്യങ്ങൾ തെളിയിക്കുക എന്നതും വളരെ പ്രധാനമാണ്. എന്നാൽ കുറ്റവാളികളാകാൻ ഇടയുള്ളവരെ മുൻകൂട്ടി കണ്ടെത്താൻ കഴിയുക, കുറ്റകൃത്യങ്ങൾ ഒഴിവാക്കുക എന്നിവ അതിനെക്കാൾ പ്രധാനമാണ്. കുറ്റകൃത്യങ്ങൾ ഒഴിവാക്കുക എന്നത് പോലീസിന്റെ അജണ്ടയിലുള്ള വിഷയമല്ലായെന്ന നിലപാട് വർഷങ്ങളായി നിലനിൽക്കുകയാണ്. ഈ നിലപാടിൽ മാറ്റം വരണം. കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നതിനുമുമ്പുതന്നെ അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുക, അതിനുതകുംവിധം ഇന്റലിജൻസ് സംവിധാനം ശക്തമാക്കുക

എന്നീ കാര്യങ്ങൾക്ക് സർക്കാർ വലിയ പ്രാധാന്യമാണ് കൽപ്പിക്കുന്നത്. പോലീസ് ഒരു സേന എന്ന നിലയിൽ ആപത്തിൽ ജനങ്ങൾക്കൊപ്പം നിൽക്കണം. ജനങ്ങൾക്ക് വിശ്വസിക്കാവുന്ന ആശ്വാസ സ്ഥാനമാകണം പോലീസ്. അതില്ലായെന്ന് വന്നാൽ ജനങ്ങളിൽ അസംതൃപ്തി പടരും. ആ അസംതൃപ്തി അസ്വസ്ഥതയുണ്ടാക്കും. പോലീസിനെ ജനങ്ങളും ജനങ്ങളെ പോലീസും വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോകുന്ന ഒരു അവസ്ഥ രൂപപ്പെടുത്തിയെടുക്കണം. അത്തരം അവസ്ഥ ഉണ്ടായാൽ ഒട്ടേറെ കുറ്റകൃത്യങ്ങൾ ഒഴിവാക്കാനാകും. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമുള്ള പ്രകടമായ മാറ്റത്തെക്കുറിച്ച് ഇവിടെ സംസാരിച്ച ബഹുമാന്യരായ അംഗങ്ങളെല്ലാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പോലീസ് സേനയ്ക്ക് സർവ്വവിധ പ്രൊഫഷണൽ സ്വാതന്ത്ര്യവും നൽകി എന്നതാണ് പ്രകടമായ മാറ്റം. ഈ നയ മാറ്റം പ്രയോജനം ചെയ്തിട്ടുണ്ട്. ഇത്തരം നിലപാട് സ്വീകരിച്ചതിലൂടെ കുറ്റവാളികളെ കണ്ടെത്തുന്നതിനും കുറ്റകൃത്യങ്ങൾ ശാസ്ത്രീയ തെളിവുകളുടെ പിൻബലത്തോടെ തെളിയിക്കുന്നതിനും സാധിച്ചു. പെരുമ്പാവൂരിലെ ജിഷ കൊലക്കേസ്, തിരുവനന്തപുരത്തെ എ.ടി.എം. കേസ്, ഏറ്റുമാനൂരിലെ കൊലപാതക കേസ് എന്നിവയെല്ലാം ഇതിന് പ്രത്യക്ഷ ഉദാഹരണങ്ങളാണ്. പോലീസിന്റെ കുറ്റകൃത്യ അന്വേഷണങ്ങളിൽ തടസ്സമുണ്ടാക്കുന്നവിധത്തിലുള്ള ഒരുവിധ ഇടപെടലും ഉണ്ടാവില്ല എന്നുള്ളതാണ് ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യം. ഭരണപരമായോ രാഷ്ട്രീയമായോ തടസ്സപ്പെടുത്തൽ ഉണ്ടാവില്ല. ഒരു ബാഹ്യശക്തിയേയും അതിൽ ഇടപെടാൻ അനുവദിക്കുകയുമില്ല. ആ നിലയ്ക്കുള്ള പൂർണ്ണ സ്വാതന്ത്ര്യമാണ് പോലീസിന് നൽകുന്നത്. ഇത് ലഭിച്ചപ്പോൾ പോലീസിനെ സംബന്ധിച്ചിടത്തോളം കെട്ടിവച്ച ചിറക് സ്വതന്ത്രമാക്കി കൊടുത്തതുപോലെയായിരുന്നു. അവർ ബുദ്ധിയും ശക്തിയുമുപയോഗിച്ച് കേസ്സുകൾ തെളിയിച്ചു തുടങ്ങി. അതാണ് ഇന്ന് സംസ്ഥാനത്ത് കാണാൻ കഴിയുന്നത്. ഇതിനർത്ഥം പോലീസിനെ കയറൂരിവിടുന്നു എന്നല്ല. നിയന്ത്രിക്കേണ്ടത് കർശനമായിത്തന്നെ നിയന്ത്രിക്കുന്നുണ്ട്. നടപടിയെടുക്കേണ്ടിടത്ത് നടപടി എടുത്തിട്ടുണ്ട്. പോലീസ് സേനയിൽ വ്യക്തികളുടേയോ സംഘങ്ങളുടേയോ വഴിവിട്ട ഒരു നീക്കവും അനുവദിക്കില്ല എന്ന് വ്യക്തമാക്കി കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യം പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത് അനുവദിച്ചുകൊടുക്കുന്ന പ്രശ്നമില്ല എന്നുള്ളത് അനുഭവങ്ങളിലൂടെത്തന്നെ തെളിയിച്ചുകൊടുത്തിരിക്കുകയാണ്. മരങ്ങാട്ടുപള്ളി കേസ്സിൽ ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ട നടപടി, ഇവിടെ പ്രസ്താവിച്ച പോലീസ് കൊള്ളുൺ പരിപാടിയിൽ അവതാരികയോട് അപമര്യാദയായി പെരുമാറിയ ആരോപിതനായ പോലീസ് ഓഫീസർക്കെതിരായ നടപടി, സ്കൂട്ടർ യാത്രക്കാരന്റെ കാതടിച്ച് പൊട്ടിച്ച പോലീസ് ഉദ്യോഗസ്ഥനെതിരായ

നടപടി എന്നിവയെല്ലാം പോലീസിന്റെ ഭാഗത്തുനിന്ന് അതിക്രമമുണ്ടായാൽ അത് അനുവദിച്ച് കൊടുക്കുന്ന പ്രശ്നമില്ല എന്നതിന്റെ ശക്തമായ താക്കീതായിരുന്നു. ഇതേസമയം പോലീസ് ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കുന്നതിനിടെ വിഷമാവസ്ഥയിൽപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥനോട് എല്ലാവിധ അനുകമ്പയും സർക്കാർ കാണിക്കും. കൊല്ലം, വിഴിഞ്ഞം സംഭവങ്ങളിൽ ആക്രമിക്കപ്പെട്ട പോലീസ് ഉദ്യോസ്ഥരോട് കാട്ടിയ കരുണാപൂർവ്വമായ മനോഭാവം, പോലീസ് ഉദ്യോഗസ്ഥർക്കായി ആവിഷ്കരിച്ച് വരുന്ന ക്ഷേമ നടപടികൾ ഇതെല്ലാം വ്യക്തമാക്കുന്നത് ഈ സമീപനമാണ്. ഈ സർക്കാർ വന്ന ശേഷമുള്ള പ്രകടമായ മറ്റൊരു മാറ്റം പോലീസിന്റെ കാര്യക്ഷമതയ്ക്ക് ടെക്നോളജി കൂടുതൽ ഉപയോഗപ്പെടുത്തി എന്നുള്ളതാണ്. പോലീസ് ഓഫീസർമാർക്ക് ഇക്കാര്യത്തിൽ വിദഗ്ദ്ധ പരിശീലനം നൽകി, ശില്പശാലകൾ നടത്തി. അങ്ങനെ പോലീസുകാരെ ടെക്നോളജിയുമായി കൂട്ടിയിണക്കി. സൈബർ ക്രൈം കേസ്സുകൾ വർദ്ധിച്ച സമീപകാല രീതികളുടെ പശ്ചാത്തലത്തിലാണ് ഇതെല്ലാം ചെയ്തത്. 2013-ൽ 363 സൈബർ കേസ്സുകളാണ് ഉണ്ടായിരുന്നത്. എന്നാൽ 2014 ആയപ്പോൾ 489 സൈബർ ക്രൈം കേസ്സുകളാണ് ഉണ്ടായത്. 2016-ൽ ഇതുവരെ 135 സൈബർ ക്രൈം കേസ്സുകളുണ്ടായിട്ടുണ്ട്. വളരെ പ്രധാനപ്പെട്ടവയൊക്കെ മൂന്ന്, നാല് മാസങ്ങൾകൊണ്ട് തെളിയിച്ചിട്ടുണ്ട്. ഏതായാലും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്ന നിലപാടാണുള്ളത്. ഇത് മുൻനിർത്തി 'സൈബർ ക്രൈം ബ്രാഞ്ച്' എന്ന പുതിയൊരു വിഭാഗത്തിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കുറ്റകൃത്യങ്ങൾ ഐ.ടി. സംവിധാനമുപയോഗിച്ച് വളരെപെട്ടെന്ന് തെളിയിക്കുന്നതിന് നാം വളരെ വേഗം വൈദഗ്ദ്ധ്യത്തിലേയ്ക്ക് ഉയരുകയാണ്. സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗം വരുന്നതോടെ ഇത് പുതിയ തലത്തിലേയ്ക്ക് ഉയരും. സി.ബി.സി.ഐ.ഡി., എസ്.ബി.സി.ഐ.ഡി. എന്നിവ പോലുള്ള സംവിധാനമായിരിക്കും ഇത്. തലസ്ഥാനത്ത് മാത്രമല്ല ജില്ലകളിലും ഇതിന്റെ സുശക്തമായ സാന്നിദ്ധ്യമുണ്ടാകും. പുതിയ കാലത്തിനനുസരിച്ച് അതിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് നമ്മുടെ പോലീസിംഗ് സംവിധാനം ഉയരുകയാണ്. ആഭ്യന്തര സുരക്ഷ, സേവന കർമ്മരംഗം എന്നീ മേഖലകളിൽ ടെക്നോളജി അധിഷ്ഠിത മുന്നേറ്റം സാധ്യമാക്കുകയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ കാര്യങ്ങൾ ഉറപ്പാക്കാൻ പുതിയ ടെക്നോളജിയുടെ സഹായത്തോടെയുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയാണ്. ജാഗ്രതയോടെ നിൽക്കുന്ന പോലീസ് സേനയാണ് കുറ്റകൃത്യങ്ങൾ ഒഴിവാക്കാനുപകരിക്കുന്ന ഘടകങ്ങളിലൊന്ന്. പോലീസ് സ്റ്റേഷനുകളുടെ സൗകര്യത്തെക്കുറിച്ച് ഇവിടെ പലരും പരാമർശിച്ചു. പോലീസ് സ്റ്റേഷനുകൾക്ക് അടിസ്ഥാനഘടനാ സംവിധാനങ്ങൾ വേണ്ടത്ര ഇല്ലായെന്നുള്ള നിലയുണ്ട്. ചില

പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സമയബന്ധിതമായിത്തന്നെ പുതിയതും സ്വന്തവുമായ കെട്ടിടത്തിലേയ്ക്ക് മാറാനുള്ള സംവിധാനമുണ്ടാക്കുമെന്ന് അറിയിക്കുകയാണ്. തീവ്രവാദ ബാധിത മേഖലകളിൽ സ്റ്റേഷനുകൾക്ക് ചുറ്റും പ്രതിരോധ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പ്രാമുഖ്യവും മുൻഗണനയും നൽകും. പൗരജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ റസിഡന്റ്സ് അസോസിയേഷനുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുണ്ടാകും. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പ്രവർത്തന രീതി കുറ്റവാളികളെ മുൻകൂട്ടി കണ്ടെത്താനും കുറ്റകൃത്യങ്ങൾ ഒഴിവാക്കാനും വലിയൊരളവിൽ സഹായിക്കും.

ജനമൈത്രി പോലീസ് സ്റ്റേഷനുകളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനെന്ന നിലയിലേയ്ക്കുള്ള മാറ്റമാണ് കൊണ്ടുവരാനുദ്ദേശിക്കുന്നത്. പോലീസ് വകുപ്പിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കാര്യക്ഷമതയെ ബാധിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. മുഴുവൻ പോലീസ് സേനയിലും 6 ശതമാനം മാത്രമേ സ്ത്രീകളുള്ളൂ. ഇത് വളരെ അപര്യാപ്തമാണ്. ഇത് പടിപടിയായി ഉയർത്തിക്കൊണ്ടുവരും. അതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ 6 ശതമാനമെന്നത് 10 ശതമാനമാക്കി ഉയർത്താനുള്ള നടപടി സ്വീകരിക്കും. പോലീസിൽ അർഹതയുണ്ടായിട്ടും വേണ്ടത്ര പരിഗണന ലഭിക്കാതെ പോയ ഒരു വിഭാഗമാണ് ക്യാമ്പ് ഫോളോവേഴ്സ്, ബ്യൂഗ്ലേഴ്സ്, ഡ്രമ്മേഴ്സ് തുടങ്ങിയവർ. അവർക്കുവേണ്ടി ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുകയും സ്പെഷ്യൽ റൂളുകൾ നിർമ്മിക്കുകയും ചെയ്യും. കുട്ടികളെ കാണാതാകുന്ന കേസ്സുകൾ കഴിഞ്ഞ വർഷങ്ങളിലൊക്കെ നമ്മെ ഉത്ക്കണ്ഠപ്പെടുത്തുന്ന രീതിയിലായിരുന്നു. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാകും. ഓരോ പോലീസ് സ്റ്റേഷനുകളിലും ജനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ ഒരു പബ്ലിക്ക് റിലേഷൻസ് വ്യക്തിയുണ്ടാകും. ജനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ പറ്റിയ മാനസികാവസ്ഥയുള്ള ആളുകളെയായിരിക്കും അങ്ങനെ നിയമിക്കുന്നത്. അതോടെ അപരിചിതരായവർ നാട്ടിൽ വന്ന് നടത്തുന്ന നീക്കങ്ങൾ കുറെയൊക്കെ ജനങ്ങളിൽനിന്ന് മനസ്സിലാക്കാനും നടപടികളെടുക്കാനും കഴിയും. കുട്ടികളെ കടത്തിക്കൊണ്ടുപോകൽ, മയക്കുമരുന്ന് കടത്തലിനായി കുട്ടികളെ അവരറിയാതെ തന്നെ ഉപയോഗിക്കൽ തുടങ്ങിയവയൊക്കെ നാട്ടിൽ നടക്കുന്നുണ്ട്. ഇത് ശക്തമായി നേരിടുന്നതിനുള്ള സംവിധാനങ്ങളുണ്ടാകും. നമ്മുടെ നാട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്നവർ ധാരാളമുണ്ട്. അതിൽ പ്രത്യേകിച്ച് ഒറ്റയ്ക്ക് താമസിക്കേണ്ടിവരുന്ന സ്ത്രീകൾ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. അവരെ കണ്ടെത്തി അവരുടെ സുരക്ഷാ കാര്യങ്ങൾ

ഉറപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടികളേയും യുവാക്കളേയും പ്രലോഭിപ്പിച്ച് തീവ്രവാദത്തിലേയ്ക്കും ഭീകരപ്രവർത്തനത്തിലേയ്ക്കും റിക്രൂട്ട് ചെയ്യുന്നുവെന്ന പരാതി പല ഭാഗങ്ങളിൽനിന്നും ഉയരുന്നുണ്ട്. ഇത് ശക്തമായി നേരിടാനുള്ള ആസൂത്രിതമായ പദ്ധതികളുണ്ടാകും.

ട്രാഫിക് അപകടങ്ങൾ ആശങ്കാജനകമായി ഉയരുന്നതായി കഴിഞ്ഞ ചില വർഷങ്ങളിലെ സ്ഥിതിവിവര കണക്കുകളിൽനിന്ന് വ്യക്തമാകുന്നുണ്ട്. എല്ലാ ഡിവൈഡറുകളിലും മീഡിയനുകളിലും റിഫ്ലക്ടർ പതിപ്പിക്കേണ്ടതുണ്ട്. രാത്രി കാലങ്ങളിൽ ലൈറ്റ് ഡിം ചെയ്യാതെ എതിരെ വാഹനമോടിച്ച് കണ്ണഞ്ചിപ്പിച്ച് അപകടമുണ്ടാക്കുന്നവരെ തടയേണ്ടതുണ്ട്. പോലീസ് രാത്രികാലങ്ങളിൽ ഈ കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഒട്ടേറെ അപകടങ്ങൾ ഒഴിവാകും. ഇതിനായി പോലീസിന് നിർദ്ദേശം നൽകുന്നതാണ്. ട്രാഫിക് അപകടങ്ങൾ കുറയ്ക്കാനുള്ള ഇടപെടലിന്റെ ഭാഗമായി പുതിയ 10 ഹൈവേ പട്രോൾ വാഹനങ്ങൾ നിരത്തിൽ ഇറക്കും. എല്ലാ ഹൈവെ പട്രോൾ വാഹനത്തിലും ജി. പി. എസ്. സംവിധാനമുണ്ടാകും. ട്രാഫിക് കുറ്റകൃത്യങ്ങൾ ടെക്നോളജി അധിഷ്ഠിതമായ രീതിയിൽ പരിശോധിക്കുന്ന സംവിധാനത്തിലേയ്ക്ക് ആ വിഭാഗത്തെ മാറ്റാൻ ഉദ്ദേശമുണ്ട്. സ്കൂളുകളിലേയ്ക്ക് പോകുന്ന കുഞ്ഞുങ്ങളുടെ സുരക്ഷയാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഓട്ടോറിക്ഷകളിലും മറ്റും കുഞ്ഞുങ്ങളെ കുത്തിനിറച്ചുകൊണ്ട് പോകുന്ന രീതി കർശനമായി തടയും. സ്കൂൾ ബസ്സുകളെ ജിപി.എസ്. ട്രാക്കിംഗ് സംവിധാനത്തിൻ കീഴിൽ കൊണ്ടുവരും.

സർക്കാർ മേഖലയിലുള്ള അച്ചടി സൗകര്യങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അച്ചടി സൗകര്യങ്ങൾ ഏകോപിപ്പിക്കാനും അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് പരിഹരിക്കാനും മണ്ണന്തലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പ്രിന്റിംഗ് പാർക്ക് സ്ഥാപിക്കാനും സർക്കാർ-സ്വകാര്യ മേഖലകളിലെ പ്രിന്റിംഗ് സൗകര്യങ്ങൾ ഏകോപിപ്പിച്ച് കേരളത്തെ ഒരു പ്രിന്റിംഗ് ഡെസ്റ്റിനേഷൻ ആക്കുന്ന രീതിയിൽ അച്ചടി വകുപ്പിനെ ക്രമീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിക്കേണ്ട ഒരു കാര്യം ശ്രീ. കെ. കുഞ്ഞിരാമൻ പറഞ്ഞു. ഇവിടെ കിട്ടുന്ന കടലാസ്സുകൾ എങ്ങനെ ഒഴിവാക്കാമെന്നുള്ളതാണ്. നിയമസഭയിൽ കടലാസ്സുകൾ ധാരാളമായി പോകുന്നു എന്ന പരാതിയാണ് അദ്ദേഹം ഉന്നയിച്ചത്. ഇത് അച്ചടി വകുപ്പിന്റെ കാര്യമല്ല. അത് അങ്ങ് ശ്രദ്ധിക്കേണ്ടതായതുകൊണ്ട് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മി. സ്പീക്കർ: അത് പരിഗണനയിലാണ്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട കെ. കുഞ്ഞിരാമന് ആശങ്ക

വേണ്ട. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബഹുമാന്യനായ സ്പീക്കർ തന്നെ നടപടികൾ സ്വീകരിച്ചുവരികയാണ്.

മി. സ്പീക്കർ: പേപ്പർ ഫ്രീ അസംബ്ലി പരിഗണനയിലാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തെ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കെട്ടിടങ്ങളും മറ്റും നിർമ്മിക്കുമ്പോൾ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകും. ഏതിനങ്ങളിലുണ്ടാകുന്ന അടിയന്തര സാഹചര്യത്തെയും പ്രതികൂലാവസ്ഥയെയും നേരിടാനും രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ കഴിയുന്ന വിധത്തിലും ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തെ നവീകരിക്കും. അഗ്നിശമന രക്ഷാ സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി 39 കോടി രൂപ 2016-2017 വർഷത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. അത് ഉപയോഗിച്ച് അടിയന്തരമായി ആവശ്യമുള്ള വാഹനങ്ങളും ഉപകരണങ്ങളും സേനയ്ക്ക് ലഭ്യമാക്കുന്നതാണ്. അപകടത്തിന്റെ ബുദ്ധിമുട്ടേറിയ മേഖലകൾ കണ്ടെത്തി അവിടെ കാര്യക്ഷമമായി പ്രവർത്തിക്കാൻ ആവശ്യമായ യന്ത്രസാമഗ്രികൾ, വൈദഗ്ദ്ധ്യം എന്നിവ ഉറപ്പാക്കുന്നതാണ്. ഉയരമുള്ള കെട്ടിടങ്ങളിൽ തീപിടിത്തമുണ്ടായാൽ തീ കെടുത്താനുള്ള പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തും. കൂടാതെ പുഴകളിലും കായലിലും കടലിലുമൊക്കെ ഇടയ്ക്കിടെ മുങ്ങിമരണങ്ങൾ ഉണ്ടാകുന്നത് അതീവ ഗൗരവമായ പ്രശ്നമാണ്. അവിടെയൊക്കെ ഇടപെട്ട് ജീവൻരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾക്കും വൈദഗ്ദ്ധ്യത്തിനും പരിശീലനത്തിനും ഊന്നൽ നൽകും. വിയ്യൂരിൽ പ്രവർത്തിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ അക്കാദമി ആധുനികവത്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. ദേശീയതലത്തിൽ പ്രവർത്തിക്കുന്ന പ്രധാന പരിശീലന കേന്ദ്രങ്ങളിൽ അഗ്നിശമന സേനാംഗങ്ങളെ പരിശീലനത്തിന് അയയ്ക്കും. ജയിലുകളുടെ നവീകരണത്തെക്കുറിച്ച് ഇവിടെ ബഹുമാന്യനായ കെ. കുഞ്ഞിരാമൻ പറയുകയുണ്ടായി. മെഡിക്കൽ സഹായ സംവിധാനം ശക്തമാക്കാനാണ് അക്കാര്യത്തിൽ ആദ്യമായി ഉദ്ദേശിക്കുന്നത്. താലൂക്ക്, ജില്ലാ ആശുപത്രികളിലെ ഡോക്ടർമാരുടെ സേവനം ആഴ്ചയിലൊരിക്കൽ ജയിലിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ജയിൽ ആശുപത്രിയുള്ള ജയിലുകളുണ്ട്. അതില്ലാത്ത ജയിലുകളിൽ ഡോക്ടർമാർ പുറമെനിന്നും പോകേണ്ടതായി വരുന്നു. അതീവ സുരക്ഷാ ജയിൽ നിർമ്മാണം ഉടൻ പൂർത്തിയാകും. ജയിലിനുള്ളിൽ മാനസിക-ശാരീരിക ആരോഗ്യം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കും. അതോടൊപ്പം യോഗ പരിശീലനം ആരംഭിക്കാനുള്ള നടപടികളുമെടുക്കും. മാനസികാരോഗ്യ പ്രവർത്തകരുടെ സേവനം ജയിലിൽ ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ചിലർ മാനസികനില തെറ്റിയ

അവസ്ഥയിൽ ജയിലിൽ കഴിയുന്നുണ്ട്. അവിടത്തെ സാഹചര്യം കൂടുതൽ അപകടത്തിലേയ്ക്ക് അവരെ നയിക്കുന്നു. അവരെ പരിശോധിക്കുന്നതിനും സഹായിക്കുന്നതിനുമൊക്കെ മാനസികാരോഗ്യ പ്രവർത്തകർ അവിടെ സന്ദർശിക്കേണ്ടതായിട്ടുണ്ട്. ജയിലുകളിൽ പരിഷ്കാരങ്ങൾ വേണമെന്നത് ശരിയാണ്. അതുകൊണ്ട് പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് ക്രോഡീകരിച്ച് നിർദ്ദേശം നൽകുന്നതിനായി ഒരു പുതിയ സമിതിയെ നിയോഗിക്കാൻ നടപടിയെടുക്കും. പോലീസ് സേനയിൽ സ്ത്രീകളുടെ എണ്ണം ഉയർത്തുന്ന കാര്യം നേരത്തെ ഞാൻ പറഞ്ഞു. പോലീസ് സേനയിൽ ഗോത്ര മേഖലകളിലും തീരദേശ മേഖലകളിലുമുള്ളവരെ എടുക്കേണ്ടതായിട്ടുണ്ട്. അത് ആ മേഖലയിൽ പ്രത്യേകം ചുമതലകൾ നിർവ്വഹിക്കുന്നതിന് പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇടയാകും. ഇതു മുൻനിർത്തിക്കൊണ്ട് ഇവർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള നടപടി സ്വീകരിക്കും. ഇത്തരത്തിൽ ആദ്യമായി ഗോത്ര മേഖലയിൽ നിന്നുമാണ് നേരിട്ട് പോലീസുകാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഇപ്പോൾ 6 പോലീസ് സ്റ്റേഷനുകളിലും രണ്ട് സർക്കിൾ ഓഫീസുകളിലും യഥാക്രമം എസ്. എച്ച്. ഒ., സി.ഐ. തസ്തികകളിൽ സ്ത്രീകളാണ് പദവിയിൽ ഇരിക്കുന്നത്. ഇത് സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായിട്ടാണ്. ഇതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുക്കും. പോലീസിന്റെ പരിശീലനവുമായി ബന്ധപ്പെട്ട് വേറൊരു പ്രശ്നവും നിലനിൽക്കുന്നുണ്ട്. പരിശീലനം ആധുനിക രീതിയിൽ സംഘടിപ്പിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. അത്തരത്തിൽ പോലീസ് അക്കാദമികളെ നവീകരിക്കും. അതിനുതകുന്ന പരിശീലന സമ്പ്രദായങ്ങൾ കൊണ്ടുവരുന്ന തരത്തിൽ ഈ രംഗം ആധുനികവത്കരിക്കുക തന്നെ ചെയ്യും. സംസ്ഥാനത്തെ മറ്റൊരു പ്രധാനപ്പെട്ട ഇനമാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്. പ്രസ്തുത പ്രോഗ്രാമിന്റെ പരിധിയിൽ കൂടുതൽ സ്കൂളുകളെ കൊണ്ടുവരും. കേസ് എടുക്കേണ്ട കുറ്റകൃത്യങ്ങൾ 2013-ൽ 1,76,334 ആയിരുന്നത് 2015-ൽ 2,57,057 ആയി ഉയർന്നു എന്നാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. ഇതൊരു അസാധാരണമായ വളർച്ചാ നിരക്കാണ്. ഇത് കുറച്ചു കൊണ്ടുവരാൻ എല്ലാ ശ്രമങ്ങളും നടത്തും. 2013-ൽ 1221 ബലാത്സംഗങ്ങളുണ്ടായി. 2015-ൽ ഇത് 1263 ആയി ഉയർന്നു. ഈ നിരക്കും കേരളത്തിന്റെ സാംസ്കാരിക നിലവച്ച് ആശങ്കാജനകമായ ഒന്നാണ്. ഈ അവസ്ഥ മാറ്റുന്നതിനുള്ള കൃത്യമായ നടപടികളുണ്ടാകും. കുഞ്ഞുങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ 2013-ൽ 1877 ആയിരുന്നു. 2015-ൽ അത് 2373 ആയി വർദ്ധിച്ചു. ഇതൊന്നും നമുക്ക് അഭിമാനിക്കാൻ വക നൽകുന്ന സൂചനകളല്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് എതിരായ കുറ്റകൃത്യങ്ങൾ 2013-ൽ 837 ആയിരുന്നത് 2015-ൽ 928 ആയി ഉയർന്നു. അതുകൊണ്ട് 'വിശ്രമമില്ലാതെ പ്രവർത്തിക്കുക' എന്ന സന്ദേശമാണ് പോലീസിന്

നൽകിയിരിക്കുന്നത്. കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് കാര്യക്ഷമതയോടെയുള്ള ഇടപെടൽ ഉണ്ടായേ പറ്റൂ. ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ തെളിയിക്കപ്പെടാനും കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കാനും നിയമവിധേയമായ എല്ലാ വഴികളും തേടേണ്ടതായിട്ടുണ്ട്. അക്കാര്യത്തിലും വീഴ്ച വന്നുകൂടാ. ഒരാളും കസ്റ്റഡിയിൽ മരിക്കുന്ന അവസ്ഥ ഉണ്ടാകരുത്. അങ്ങനെയുണ്ടായാൽ കർശനമായ നടപടിയുണ്ടാകും. ലോക്കപ്പ് മർദ്ദനമുൾപ്പെടെയുള്ള മൂന്നാംമുറ സമ്പ്രദായങ്ങൾ ഇല്ലാതാക്കുന്നതിന് തികഞ്ഞ ജാഗ്രത കാണിക്കുന്നതാണ്. ഇത്തരം കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകുകയില്ല. ഇക്കാര്യം നടപടികളിലൂടെ തെളിയിച്ചിട്ടുമുണ്ട്. ജനങ്ങളുടെ സമാധാനപൂർവ്വമായ ജീവിതത്തിന്റെ അടിത്തറ മതനിരപേക്ഷമായ സാമൂഹ്യ ഘടനയാണ്. ഇൻഡ്യൻ ഭരണഘടനയുടെ preamble-ൽ തന്നെ ഇൻഡ്യൻ റിപ്പബ്ലിക്കിനെ മതനിരപേക്ഷ റിപ്പബ്ലിക്കെന്ന് വിശേഷിപ്പിക്കുന്നുണ്ട്. അതുകൊണ്ട് മതനിരപേക്ഷത പരിരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഭരണഘടനാപരമായ നിർവ്വഹണമാണ്.

[2.00 PM]

ഇക്കാര്യത്തിൽ ഒരു സംശയവും ആർക്കും ഉണ്ടാകേണ്ടതില്ല. ഇതോടൊപ്പം പ്രാധാന്യമുള്ള കാര്യമാണ് ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പാക്കുക എന്നുള്ളത്. പോലീസ് സേനയുടെ അടിസ്ഥാനംതന്നെ അതാണ്. എന്നാൽ ഇക്കാര്യത്തിലുണ്ടാകുന്ന അനാസ്ഥ, അലംഭാവം എന്നിവയുടെ നിരവധി ദൃഷ്ടാന്തങ്ങൾ നമുക്ക് മുന്നിലുണ്ട്. ഉദാഹരണങ്ങളിലേയ്ക്ക് പോയാൽ ജിഷ കൊലക്കേസ്സ് തന്നെയാണ് നമ്മുടെ മനസ്സിൽ പെട്ടെന്ന് കടന്നുവരിക. പ്രാഥമിക തെളിവുകൾ വരെ നശിപ്പിക്കപ്പെടുന്ന അവസ്ഥ അവിടെ ഉണ്ടായിരുന്നു. എല്ലാം കഴിഞ്ഞശേഷം കാര്യങ്ങൾ മറ്റൊരു തരത്തിലായിരുന്നു വേണ്ടിയിരുന്നത് എന്നുപറഞ്ഞിട്ട് കാര്യമില്ല. വേണ്ട വഴിക്ക് കാര്യങ്ങൾ പോകുന്നുവെന്ന് എല്ലാ ഘട്ടത്തിലും ഉറപ്പാക്കാൻ ഉന്നത പോലീസ് ഓഫീസർമാർ ഇടപെടുകയാണ് വേണ്ടത്. ജിഷയുടെ മൃതശരീരം തെളിവുകൾ അവശേഷിപ്പിക്കാത്തവിധം ചാമ്പലാക്കുകയും മറ്റും ചെയ്ത കാര്യം നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്. അപ്പോൾ കൃത്യമായി ഉന്നത പോലീസ് ഓഫീസർമാർ ഇത്തരം കാര്യങ്ങളിൽ ഇടപെടണം. അത് സംഭവിക്കാതിരിക്കുന്നെങ്കിൽ ഒന്നുകിൽ വീഴ്ചയാണ് അല്ലെങ്കിൽ ബോധപൂർവ്വമുള്ള ഒഴിഞ്ഞുമാറലാണ്. രണ്ടായാലും അത് രണ്ടും അനുവദിക്കാവുന്ന കാര്യമല്ല. ഇക്കാര്യം സംശയാതീതമായി വ്യക്തമാക്കിയിട്ടുണ്ട്. ദുഃസ്വാധീനങ്ങൾ ഉണ്ടാകാതിരുന്നാൽ മാത്രം പോര, ഉണ്ടാകുന്നില്ലെന്ന് ജനങ്ങൾക്ക് ബോധ്യമാകുന്ന നില ഉണ്ടാകുകകൂടി വേണം.

തൃശ്ശൂരിലെ നിസാം കൊലക്കേസ്സ് ഉൾപ്പെടെ ചിലതിൽ പ്രകടമാംവിധം ദുഃസ്വാധീനങ്ങൾക്ക് ചിലർ വഴിപ്പെടുന്നതായി ജനങ്ങൾ കരുതുന്ന നിലയുണ്ടായി. ജനങ്ങളുടെ മനസ്സിൽ വിശ്വാസ്യതയില്ലാത്ത സേനയായി മാറിയാൽ കരുത്തുണ്ടെങ്കിലും ഒന്നും ചെയ്യാൻ കഴിയാത്ത നിസ്സഹായാവസ്ഥയിലാകും പോലീസ് സേന എന്ന് പോലീസിനെ ഓർമ്മിപ്പിച്ചിട്ടുണ്ട്. അന്വേഷണം സത്യസന്ധമാണോ എന്ന് തെളിയേണ്ടത് പരാതിക്കാരന് നീതി കിട്ടുന്നോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. പരാതിക്കാരുടെ സങ്കടം തീർക്കാനാവാതെ വരുന്നത് ദുഃസ്വാധീനങ്ങൾക്ക് വഴങ്ങുമ്പോഴാണ്. അത് ഉണ്ടാകാതിരിക്കാനുള്ള ശക്തമായ ജാഗ്രത സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

അടിസ്ഥാനപരമായ പോലീസിംഗ് പോലീസ് സ്റ്റേഷനുകളിൽ തന്നെ നടക്കണം. കഴിഞ്ഞ വർഷം കേരളത്തിലെ 506 പോലീസ് സ്റ്റേഷനുകളിലായി 5,65,000 എഫ്.ഐ.ആർ.-ഉം 9,60,000 പരാതികളും ഉണ്ടായി. ഇങ്ങനെ ഒന്നിലും നീക്കമില്ലാതെ എല്ലാം കുന്നുകൂടുന്ന നില അനുവദിക്കാനാവില്ല. സ്ത്രീകൾ, കുഞ്ഞുങ്ങൾ, വൃദ്ധർ എന്നിവരോട് കരുതലോടെ, സഹതാപത്തോടെ, വിനയത്തോടെ പെരുമാറണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനർത്ഥം ഇതിൽപ്പെടാത്തവരോട് ഇതൊന്നും വേണ്ട എന്നല്ല.

പെൺവാണിഭ സംഘങ്ങളെ ഉന്മൂലനം ചെയ്യുക എന്നത് സർക്കാർ നയത്തിന്റെ മുഖമുദ്രയായിരിക്കും. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ജാഗ്രത പുലർത്തും. ഗുണ്ടകളെ, മാഫിയകളെ നിശ്ശേഷം നീക്കം ചെയ്യാൻ കഴിയണം. അവരെ നിരായുധരാക്കണം. നിയമത്തിനുമുമ്പിൽ കൊണ്ടുവരാനുള്ള ജാഗ്രതയോടെയുള്ള ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയും വേണം. സേവനോന്മുഖവും ജനസൗഹൃദപരവുമായ ഒരു സംസ്കാരം പോലീസ് മുമ്പോട്ടുവയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ........ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 സെപ്റ്റംബർ മാസം 30-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.06-ന് പിരിഞ്ഞു.)